# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

**ഒന്നാം സമ്മേളനം**

**2016 ജൂലൈ 19, ചൊവ്വ**

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 162 - നമ്പർ 15

**വില : ₹ 50**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

2016 ജൂലൈ 19, ചൊവ്വ


സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി-ഇൻ-ചാർജ്
**ശ്രീമതി പി. ജയലക്ഷ്മി**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**



എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1006/2017

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 30
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 68

**II ചരമോപചാരം**

ജേക്കബ് സ്കറിയ, കാവാലം നാരായണപ്പണിക്കർ
എന്നിവരുടെ നിര്യാണം .. 242

**III അടിയന്തരപ്രമേയം**

മന്ത്രിസഭാ തീരുമാനങ്ങൾ വിവരാവകാശ നിയമപ്രകാരം .. 243
നൽകുന്നത് സംബന്ധിച്ച്—

ശ്രീ. വി. ഡി. സതീശൻ
(അവതരണാനുമതി നിഷേധിച്ചു)

**IV ശ്രദ്ധ ക്ഷണിക്കൽ**

1. നാളികേര സംഭരണം—

ശ്രീ. എം. എം. മണി .. 260

2. റാഗിംഗ്—

ശ്രീ. പി. ഉബൈദുള്ള .. 263

**V സബ്മിഷൻ**

1. താനൂർ തീരപ്രദേശത്തെ അക്രമങ്ങൾ
(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. എം. ഉമ്മറും നോട്ടീസ്
നൽകിയിട്ടുണ്ട്)—

ശ്രീ. വി. അബ്ദുറഹിമാൻ .. 268

2. ശിശുക്ഷേമ സമിതി തെരഞ്ഞെടുപ്പ്—

ശ്രീ. എം. വിൻസെന്റ് .. 270

| | | | പേജ് |
|---|---|---|---|
| 3. | നിർമ്മാണരംഗത്തെ പ്രതിസന്ധി— | | |
| | ശ്രീ. രാജു എബ്രഹാം | .. | 276 |
| 4. | പരമ്പരാഗത വ്യവസായത്തകർച്ച— | | |
| | ശ്രീ. കെ. ആൻസലൻ | .. | 278 |
| 5. | പുറമ്പോക്ക് ഭൂമിക്ക് പട്ടയം— | | |
| | ശ്രീ. ബി. ഡി. ദേവസ്സി | .. | 280 |
| 6. | റീ-സർവ്വേ— | | |
| | ശ്രീ. വി. ജോയി | .. | 282 |
| 7. | പുനരധിവാസ കോളനികളിലെ ശോച്യാവസ്ഥ— | | |
| | ശ്രീ. ആർ. രാമചന്ദ്രൻ | .. | 283 |
| 8. | ആറന്മുള സുരക്ഷാക്രമീകരണം— | | |
| | ശ്രീമതി വീണാ ജോർജ്ജ്<br>ശ്രീ. കെ. കെ. രാമചന്ദ്രൻ | .. | 285 |
| 9. | താൽക്കാലിക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ— | | |
| | ശ്രീ. മോൻസ് ജോസഫ് | .. | 287 |
| 10. | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ്— | | |
| | ശ്രീ. പി. സി. ജോർജ് | .. | 290 |
| 11. | ജാതി സർട്ടിഫിക്കറ്റ്— | | |
| | ശ്രീ. സി. കെ. ശശീന്ദ്രൻ | .. | 294 |
| 12. | അഭിഭാഷക ക്ഷേമനിധി— | | |
| | ശ്രീമതി പി. അയിഷാ പോറ്റി | .. | 295 |

പേജ്

13. കുഴിമണ്ണ സി.എച്ച്.സി.-യിലെ അടിസ്ഥാന സൗകര്യങ്ങൾ—

ശ്രീ. പി. കെ. ബഷീർ .. 297

14. നെടുങ്ങോലം താലൂക്കാശുപത്രി—

ശ്രീ. ജി. എസ്. ജയലാൽ .. 298

15. അസംസ്കൃത കന്നുകാലി മാംസ വിൽപ്പന—

ശ്രീ. റ്റി. എ. അഹമ്മദ് കബീർ .. 300

16. വടകര ജില്ലാ ആശുപത്രിക്ക് കെട്ടിടം—

ശ്രീ. സി. കെ. നാണു .. 302

17. വൈദ്യുതി വിതരണ സ്തംഭനം—

ശ്രീ. സി. എഫ്. തോമസ് .. 303

18. മാലിന്യ നിർമ്മാർജ്ജനം—

ശ്രീ. ഒ. രാജഗോപാൽ .. 305

19. ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലെ തസ്തികകൾ—

ശ്രീ. ടി. വി. ഇബ്രാഹിം .. 307

20. അനൗദ്യോഗികാംഗങ്ങളുടെ പിരിച്ചുവിടൽ—

ശ്രീ. എ. പി. അനിൽ കുമാർ .. 309

**VI മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവര പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ .. 310

**VII ക്രമപ്രശ്നം**

1. വാർഷിക പ്രവർത്തന റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്നതിലെ കാലതാമസം .. 312

പേജ്

2. 12-7-2016, 13-7-2016 എന്നീ തീയതികളിലെ ക്രമപ്രശ്നങ്ങളിന്മേലുള്ള റൂളിംഗ് .. 315

**റൂളിംഗ്** .. 314

**VIII ചട്ടങ്ങൾക്കുള്ള ഭേദഗതികളുടെ പരിഗണന**

2016 ഫെബ്രുവരി 8-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 3/2016/മ.തു.വ. നമ്പരായി വിജ്ഞാപനം ചെയ്ത (എസ്.ആർ.ഒ. നമ്പർ 121/2016) "2016-ലെ കേരള മത്സ്യവിത്ത് ചട്ടങ്ങൾ" ക്കുള്ള ഭേദഗതികളുടെ പരിഗണന .. 316

**IX നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ നിയമസഭയിൽ അയോഗ്യതകൾ നീക്കം ചെയ്യൽ ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും .. 326

**X അവകാശലംഘന പ്രശ്നം** .. 371

**XI പ്രമേയം**

സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നതു സംബന്ധിച്ച് .. 371

**XII അവലോകനം** .. 371

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

*2016 ജൂലൈ 19 ചൊവ്വ*

വാല്യം 162] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 15

നിയമസഭ 2016 ജൂലൈ മാസം 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

<u>മി. സ്പീക്കർ</u>: ഓർഡർ.........ഓർഡർ......ചോദ്യം നമ്പർ *271.

### അഗ്രോ ബസാറുകൾ

1(*271) <u>ശ്രീ. കെ. രാജൻ</u>:
<u>ശ്രീ. സി. ദിവാകരൻ</u>:
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>:
<u>ശ്രീമതി ഗീതാ ഗോപി</u>: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഗ്രോ ബസാറുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്താമോ;

(ബി) അഗ്രോ ബസാറുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഈ ബസാറുകളിലൂടെ ഏതെല്ലാം ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം വനോല്പന്നങ്ങൾ അഗ്രോ ബസാറിലൂടെ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

(എ) ഉണ്ട്. ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലാണ് അഗ്രോ ബസാറുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുള്ളത്. ഘട്ടംഘട്ടമായി എല്ലാ ജില്ലകളിലേക്ക് അഗ്രോ ബസാറുകൾ വ്യാപിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(ബി) സർക്കാർ ഫാമുകൾ, കാർഷിക സർവ്വകലാശാല, വെറ്ററിനറി സർവ്വകലാശാല, കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉല്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ, കാർഷികോപകരണങ്ങൾ, ജൈവ കീടനാശിനികൾ, ജൈവവളങ്ങൾ തുടങ്ങിയവ ന്യായമായ വിലയ്ക്ക് കർഷകർക്ക് ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്നതാണ് അഗ്രോ ബസാറുകൾ കൊണ്ടുദ്ദേശിക്കുന്നത്.

(സി) ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, വിത്തുകൾ, നാളികേര ഉല്പന്നങ്ങളായ വെളിച്ചെണ്ണ, തേങ്ങാപ്പൊടി തുടങ്ങിയവ കുട്ടനാട് അരി, പൊക്കാളി അരി, അരിയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളും ഗുണമേന്മയുള്ള പഴം, പച്ചക്കറിയും അവയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളും ജൈവപച്ചക്കറികൾ, സർട്ടിഫൈഡ് പച്ചക്കറികൾ, തേൻ, കാർഷികോപകരണങ്ങൾ, ജൈവവളങ്ങൾ, ജൈവകീടനാശിനികൾ തുടങ്ങിയ ഉല്പന്നങ്ങളാണ് ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് അഗ്രോ ബസാറുകൾവഴി വിറ്റഴിക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) വനം വകുപ്പിന്റെ കീഴിൽ ലഭ്യമായ നടീൽ വസ്തുക്കൾ, കാട്ടുതേൻ, മുളയരി, കൂവപ്പൊടി, കാട്ടുനാരങ്ങപ്പട്ട, മറയൂർ ശർക്കര തുടങ്ങിയ ഭക്ഷ്യോല്പന്നങ്ങൾ, കുന്തിരിക്കം, മുളയുല്പന്നങ്ങൾ തുടങ്ങിയ മറ്റ് ഉല്പന്നങ്ങൾ എന്നിവ അഗ്രോ ബസാറിലൂടെ ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു.

ശ്രീ. കെ. രാജൻ: സർ, കേരളത്തിലെ കൃഷിവകുപ്പ് അഗ്രോ ബസാറുകൾ ആരംഭിക്കുവാനെടുത്ത തീരുമാനം ഏറെ അഭിനന്ദനാർഹമാണ്. കർഷകർ പരമ്പരാഗതമായി സംരക്ഷിച്ചുവരുന്നതും അന്യംനിന്നുപോയതുമായ അമൂല്യങ്ങളായ നാടൻ വിത്തുകളും ആദിവാസി കോളനികളിൽ സംരക്ഷിച്ചുവരുന്നതും പൊതു വിപണിയിൽനിന്നും ലഭ്യമാകാത്തതുമായ അപൂർവ്വയിനം നാടൻവിത്തുകളും ജൈവസർട്ടിഫിക്കേഷൻ നേടിയ പച്ചക്കറി ഉല്പന്നങ്ങളും അഗ്രോ ബസാറുകളിലൂടെ വിതരണം ചെയ്ത് പൊതു മൂല്യസാധ്യത ഉണ്ടാക്കാൻ കഴിയുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നമ്മുടെ പരമ്പരാഗത കൃഷിക്കാരും ആദിവാസികളുൾപ്പെടുന്ന ജനവിഭാഗങ്ങളും കൃഷിചെയ്തുപോന്നിരുന്നതും അന്യം നിന്നുപോയതുമായ നിരവധി കാർഷിക ഉല്പന്നങ്ങളുണ്ട്. വളരെ ന്യൂട്രീഷ്യസ് വാല്യു ഉള്ള കിഴങ്ങുവർഗ്ഗങ്ങളും പച്ചക്കറി ഉല്പന്നങ്ങളുമൊക്കെ അതിൽപ്പെടും. പ്രത്യേക പരിചരണമൊന്നും ഇല്ലാതെ ഉല്പാദിപ്പിക്കാൻ കഴിയുന്നതാണ്. പരമ്പരാഗതമായ ഇത്തരം കാർഷികോല്പന്നങ്ങളെ പ്രോത്സാഹിപ്പിക്കാൻ കൃഷിവകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. കേരളത്തിന്റേതായി ഇരുന്നൂറിലധികം നെൽവിത്തുകൾ ഉണ്ടായിരുന്നതാണ്. ആ നെൽവിത്തുകളും നമ്മുടെ പരമ്പരാഗത വിത്തുകളും കാർഷികോല്പന്നങ്ങളും സംരക്ഷിക്കുന്നതിനു വേണ്ടി അന്താരാഷ്ട്ര നിലവാരമുള്ള ഒരു വിത്തുബാങ്ക് കേരളത്തിൽ സ്ഥാപിക്കാൻ കൃഷിവകുപ്പ് ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. കെ. രാജൻ: സർ, അടുത്ത ചോദ്യം ഇതിന്റെ സംഘാടനവുമായി ബന്ധപ്പെട്ടുള്ളതാണ്. ഇത്തരം സാധനങ്ങൾ അഗ്രോ ബസാറുകളിലേക്ക് കൊണ്ടു വരുന്നതിനുള്ള വിവിധ ഏജൻസികളെക്കുറിച്ച് (ബി) ചോദ്യത്തിൽ മന്ത്രി മറുപടി നൽകിയിട്ടുണ്ട്. കേരളത്തിൽ അമൂൽ മോഡൽ ഫാർമേഴ്സിന്റെ രീതിയിൽ സൊസൈറ്റികൾ രൂപീകരിച്ചുകൊണ്ട് അഗ്രോഫാമിലേയ്ക്കുള്ള സാധനങ്ങൾ സംഭരിക്കാൻവേണ്ടി കർഷകരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് അവരുടെകൂടി അറിവും സമ്പത്തും ഉപയോഗപ്പെടുത്താൻ കഴിയുന്ന തരത്തിൽ ഒരു സംഘാടനത്തിലേക്ക് കൊണ്ടുവരാൻ കഴിയുമോ എന്നാണ്. എന്റെ മണ്ഡലത്തിൽ കൃഷിവകുപ്പിന്റെ പക്കൽ സി.പി.സി.ആർ.ഐ.-യുടെ 36 ഏക്കർ കേന്ദ്രഗവൺമെന്റ് ഫാം ഉണ്ട്. അതെല്ലാം ഉപയോഗപ്പെടുത്തി അവിടെ അത്തരമൊരു കേന്ദ്രം ആരംഭിക്കാൻ കഴിയുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ തൃശ്ശൂരിലെ ഈ സ്ഥാപനം വാനിലയും തേനും ഉൾപ്പെടെയുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കാൻവേണ്ടി ഒരു പാർക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ലോക്കൽ ലെവൽ ക്ലസ്റ്ററുകൾ കൃഷിവകുപ്പിന്റെ നേതൃത്വത്തിലും കൃഷിക്കാരുടെ നേതൃത്വത്തിലും നിരവധി ഗ്രൂപ്പുകൾവഴി ഉല്പന്നങ്ങൾ വാങ്ങുന്നതിനും സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. പക്ഷെ അത് കുറച്ചു കൂടി ശക്തിപ്പെടുത്തിക്കൊണ്ട് വിത്ത് മുതൽ മാർക്കറ്റിംഗ് വരെയുള്ള കാര്യങ്ങളിൽ കൃഷിക്കാരെ സഹായിക്കാൻ കഴിയുന്ന ഒരു കേന്ദ്രീകൃത സംഘടനാ സംവിധാനമുണ്ടാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. അതിനുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട മന്ത്രി എല്ലാ ജില്ലകളിലും അഗ്രോ ബസാറുകൾ സ്ഥാപിക്കുമെന്നാണ് പറഞ്ഞത്. വളരെ ഭാവനാപൂർണ്ണമായ ഒരു കാർഷിക പരിഷ്കാരമാണ് അഗ്രോ ബസാറുകൾ. ജൈവകൃഷി നടത്തുന്നവർക്ക് വ്യാപകമായ തോതിൽ നഷ്ടം വരികയാണ്. കമ്പോളത്തിൽ അവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില കിട്ടുന്നില്ല. കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ വളരെ കൂടുതലാണ്. അതുകൊണ്ടാണ് മായം ചേർത്തതാണെങ്കിലും വില കുറച്ചു കിട്ടുമ്പോൾ ജനങ്ങൾ അത് വാങ്ങുന്നത്. ജൈവ ഉല്പാദന മേഖലയിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും വില നിയന്ത്രിക്കാൻ ഒരു പ്രൈസ് മാനേജ്മെന്റ് നടത്താൻ സാധിക്കുമോയെന്ന് ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ജൈവ ഉല്പന്നങ്ങൾക്ക് സ്വാഭാവികമായും ഉല്പാദനച്ചെലവ് കൂടുതലാണ്. ഉല്പാദനച്ചെലവ് കുറച്ചുകൊണ്ടുവരുന്നതിന് മെക്കനൈസേഷൻ വേണ്ടിവരും. ഇതിന് വേണ്ടിവരുന്ന നടീൽ വസ്തുക്കൾ ഉൾപ്പെടെ എല്ലാ കാര്യങ്ങളിലും ചെലവ് വർദ്ധിക്കും. പോളി ഹൗസുകളിൽ നടത്തിക്കൊണ്ടിരിക്കുന്ന കൃഷിയുമായി ബന്ധപ്പെട്ട ഒരു പ്രശ്നം വിത്തിന്റെ വിലയാണ്. മൾട്ടി നാഷണൽ കമ്പനികൾ ഉല്പാദിപ്പിക്കുന്ന വിത്താണ് ഉപയോഗിക്കുന്നത്. ഒരു കുക്കുമ്പറിന്റെ വിത്തിന് 4 രൂപയാണ് വില. അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി പോളിഹൗസുകൾക്കകത്തുള്ള കൃഷിക്കുവേണ്ട വിത്തുകൾ ഉല്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള ഗവേഷണങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ്. അത് വിജയിച്ചാൽ വളരെ കുറഞ്ഞ വിലയ്ക്ക് വിത്തുകൾ കൊടുക്കാൻ കഴിയും. അതുപോലെ ജൈവ കൃഷിക്ക് ആവശ്യമായ നടീൽ വസ്തുക്കൾ മുതൽ അഗ്രോ ജൈവവളങ്ങളും ജൈവ കീടനാശിനികളും വരെ ഏറ്റവും ചുരുങ്ങിയ വിലയ്ക്ക് കൊടുക്കാനും മെക്കനൈസേഷൻ കൊണ്ടുവരാനും ഗവൺമെന്റ് സപ്പോർട്ടോടു കൂടി മാർക്കറ്റിൽ ഇടപെടാനും കഴിഞ്ഞാൽ ഈ ഉല്പന്നങ്ങൾ വില കുറച്ചു കൊടുക്കാൻ കഴിയും. പക്ഷെ തമിഴ്നാട്ടിൽനിന്നുവരുന്ന പച്ചക്കറിയുടെയത്രയും വില കുറച്ച് കൊടുക്കാൻ ബുദ്ധിമുട്ടായിരിക്കും. എങ്കിലും പൊതുവെ ജൈവ ഉല്പന്നങ്ങൾക്ക് ഡിമാന്റുള്ള സമയമാണ്. മാർക്കറ്റിംഗ് സംവിധാനത്തിൽ ഗവൺമെന്റ് സ്ട്രോങ്ങായി ഇടപെട്ടാൽ കൃഷി ലാഭകരമായി നടത്താൻ കഴിയുമെന്നാണ് വിചാരിക്കുന്നത്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ലഭിക്കുക എന്നുപറയുന്നത് കർഷകരുടെ ഭാഗ്യമാണ്. ഇത്തരം ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുവാൻ എന്തെല്ലാം മുൻകരുതലുകളാണ് സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; അതോടൊപ്പം നാളികേര കർഷകരെ രക്ഷിക്കാൻവേണ്ടി നീര കൂടി അഗ്രോ ബസാറുകൾവഴി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുമോ ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, നീര അതിൽ ഉൾപ്പെടുന്നതാണ്. നീര പൊതുസ്ഥാപനങ്ങളിൽ ഉല്പാദിപ്പിക്കുന്നതാണ്. നമ്മുടെ യൂണിവേഴ്സിറ്റിയും വി.എഫ്.പി.സി.കെ. ഉൾപ്പെടെയുള്ള സ്ഥാപനങ്ങളും കൃഷി വകുപ്പും നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നുണ്ട്. ഇത് വികേന്ദ്രീകരിച്ചുകൊണ്ട് ഗുണമേന്മയുള്ള നടീൽവസ്തുക്കൾ ഉല്പാദിപ്പിക്കാനുള്ള പരിശീലനം കൃഷിക്കാർക്കു കൊടുത്തുകൊണ്ട് ബ്ലോക്ക് തലത്തിലുള്ള അഗ്രോ സർവ്വീസ് സെന്ററുകൾവഴി കൃഷിക്കാർക്ക് ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ശാസ്ത്രീയമായി ഉല്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങൾ ഒരുക്കുന്നുണ്ട്. അതോടൊപ്പം നമ്മുടെ സർവ്വകലാശാലയുടെ തന്നെ കേന്ദ്രങ്ങൾവഴി നടീൽ ഉല്പന്നങ്ങൾ ഉണ്ടാക്കാൻ സാധിക്കും. അതിന് ഇന്റന്റ് കൊടുത്തു കഴിഞ്ഞാൽ എത്രവേണമെങ്കിലും ഉല്പാദിപ്പിക്കാൻ തയ്യാറാണെന്ന് സർവ്വകലാശാല പറഞ്ഞിട്ടുണ്ട്. അതിനനുസൃതമായിട്ടുള്ള സംവിധാനം ഉണ്ടാക്കുന്നതാണ്.

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, ജില്ലകൾതോറും അഗ്രോ ബസാറുകൾ സ്ഥാപിക്കുക എന്നത് കർഷകന് നൽകുന്ന ഏറ്റവും വലിയ അംഗീകാരം തന്നെയാണ്. പഞ്ചായത്ത് തലത്തിൽ കൃഷി ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിലുള്ള പഴയ കെട്ടിടങ്ങളിലാണ് കൃഷി ഉപകരണങ്ങളും നെല്ലുമൊക്കെ സൂക്ഷിക്കുന്നത്. അതൊക്കെ വളരെ പഴകിയതും ഉപയോഗശൂന്യവുമായിട്ടുള്ളവയാണ്. അതിന് പകരം സംവിധാനമുണ്ടാക്കുമോ; ഭക്ഷ്യസുരക്ഷ ഒരു പരിധിവരെയെങ്കിലും ഉറപ്പാക്കാൻ കഴിയുമോ; അതിന് ഏതൊക്കെ തരത്തിൽ അഗ്രോ ബസാറുകൾക്ക് സഹായിക്കാനാകുമെന്ന് വിശദീകരിക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, കൃഷിവകുപ്പിന്റെ കീഴിലുള്ള കൃഷിഭവനുകൾ സഖാവ് വി. വി. രാഘവൻ കൃഷിമന്ത്രിയായിരിക്കുന്ന കാലത്ത് ആരംഭിച്ചതാണ്. അതൊരു വലിയ വിപ്ലവമായിരുന്നു. അതിനുശേഷം നമ്മുടെ കൃഷിഭവനുകളെ അഗ്രോക്ലിനിക്കുകളാക്കാൻവേണ്ടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചില തീരുമാനങ്ങളുണ്ടായി. 118 സ്ഥലത്ത് അഗ്രോക്ലിനിക്കുകൾ ആരംഭിച്ചു. പക്ഷെ അതിൽ 34 ക്ലിനിക്കുകൾ വളരെ സജീവമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇത്തവണ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ എന്ന നിലയിൽ 200 ക്ലിനിക്കുകൾ അഗ്രോ ക്ലിനിക്കുകളായി ഉയർത്താനും അവിടെ മണ്ണ് പരിശോധനയുൾപ്പെടെയുള്ള എല്ലാവിധത്തിലുള്ള സൗകര്യങ്ങളും കൃഷിക്കാർക്ക് ലഭ്യമാകുന്ന ക്ലിനിക്ക് രൂപത്തിലേയ്ക്ക് നമ്മുടെ കൃഷിഭവനുകളെ വളർത്തിയെടുക്കാനും ഉദ്ദേശിക്കുന്നു. വരുംവർഷങ്ങളിൽ ഇത് 500 ക്ലിനിക്കുകളിലേക്ക് വർദ്ധിപ്പിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അങ്ങനെ കൃഷിക്കാർക്കും സാധാരണക്കാരായ ആളുകൾക്കും അടുക്കുവായ സ്ഥാപനമായി കൃഷിഭവനുകളെ മാറ്റാനും അതിനെ ആധുനികവത്ക്കരിക്കാനും വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ഗവൺമെന്റ് നടത്താൻ ഉദ്ദേശിക്കുന്നത്.

ശ്രീ. സി. എഫ്. തോമസ്: സർ, അഗ്രോ ബസാറുകൾവഴി കാർഷിക ഉല്പന്നങ്ങളും വില്പനയ്ക്കായി ഒരുക്കുമെന്ന് പറഞ്ഞു. നമ്മുടെ സംസ്ഥാനത്ത് ഇപ്പോഴത്തെ പ്രശ്നം ചില പ്രത്യേക കേന്ദ്രങ്ങളിൽ വളരെ കൂടുതൽ പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നു എന്നതാണ്. അവ സംസ്ഥാനത്തുടനീളം വിതരണം ചെയ്യാനും ശീതീകരിച്ച് വയ്ക്കാനുമുള്ള സംവിധാനം വേണ്ടത്രയില്ല. അതുകൊണ്ട് കേടുകൂടാതെ ഇത് സൂക്ഷിക്കുവാനുള്ള സംവിധാനങ്ങൾ അടിയന്തരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ബഹുമാന്യനായ അംഗം പറഞ്ഞ കാര്യം വളരെ ശരിയാണ്. ഇപ്പോഴത്തെ ഏറ്റവും പ്രധാന പ്രശ്നം ചില ഉല്പന്നങ്ങൾ ചില സ്ഥലങ്ങളിൽ കൂടുതലായി ഉണ്ടാകുന്നുവെന്നതാണ്. പാലക്കാട് പോലുള്ള ജില്ലകളിൽ പാവയ്ക്ക വൻതോതിൽ ഉല്പാദിപ്പിക്കുന്നു. എന്നാൽ അത് മറ്റ് സ്ഥലങ്ങളിൽ എത്തിക്കാൻ കഴിയുന്നില്ല. വട്ടവട, കാന്തല്ലൂർ പോലെയുള്ള സ്ഥലങ്ങളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ചീഞ്ഞുപോകും എന്നുള്ളതുകൊണ്ട് സംഭരിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഫ്രീസിംഗ് യൂണിറ്റുകൾ പ്രധാനപ്പെട്ട 5 ഹോട്ട് സ്പോട്ടുകൾ കേന്ദ്രീകരിച്ച് ആരംഭിക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. കൃഷിക്കാർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ സംഭരിക്കാനും അവർക്ക് ന്യായമായ വില കിട്ടാനും ഉദ്ദേശിച്ചു കൊണ്ടാണ് ഇവ നടപ്പിലാക്കാൻ പോകുന്നത്. മൂന്നാറിൽ ആരംഭിച്ച യൂണിറ്റ് വേണ്ടത്ര പ്രവർത്തിക്കാത്തതുകൊണ്ട് അത് ശക്തിപ്പെടുത്താനുള്ള തീരുമാനവുമെടുത്തിട്ടുണ്ട്. വീണ്ടും അതിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതായിരിക്കും.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, കോഴിക്കോട് വേങ്ങേരിയിൽ നെൽകൃഷി ചെയ്തിരുന്ന 40 ഏക്കർ വയലിൽ യൂറോപ്യൻ യൂണിയന്റെ സഹായത്തോടു കൂടി കാർഷിക വിപണന കേന്ദ്രം സ്ഥാപിച്ചു. ആ കേന്ദ്രത്തിൽ നാമമാത്രമായ, ഒരു പ്രയോജനവുമില്ലാത്ത പ്രവർത്തനമാണ് നടക്കുന്നത്. അവിടെ നല്ല ഒരു മാതൃകാ കൃഷിത്തോട്ടവും വിപണനകേന്ദ്രവും സ്ഥാപിച്ച് അത് പ്രയോജനപ്പെടുത്തുമോ; ഇന്ന് ഈ സ്ഥലം കല്യാണങ്ങൾക്കും നഴ്സറിക്കാർക്കും മറ്റും വാടകയ്ക്ക് കൊടുക്കുകയാണ് ചെയ്യുന്നത്. കൃഷിക്ക് എന്നുപറഞ്ഞ് വാങ്ങിയിട്ട് അതിനനുസരിച്ചുള്ള ഒരു പ്രവർത്തനവും നടക്കുന്നില്ല. അത് പ്രയോജനപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കൃഷി വകുപ്പിന്റെ കീഴിൽ 64 ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. അതിൽത്തന്നെ ഒരുപാട് ഏരിയകൾ തരിശായി വേണ്ടത്ര ഉപയോഗപ്പെടുത്താതെ കിടക്കുന്നുണ്ട്. ഇതുസംബന്ധിച്ച് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നുണ്ട്. കൃഷിമന്ത്രി എന്ന നിലയിൽ 25-ാം തീയതി വേങ്ങേരി ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പോകുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതു

പോലെ അവിടെ യൂറോപ്യൻ യൂണിയന്റെ സഹായത്തോടെ ആരംഭിച്ച മാർക്കറ്റ് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിക്ക് കോഴിക്കോട് മാത്രമാണ് കേന്ദ്രം ഇല്ലാത്തത്. അതുകൊണ്ട് വേങ്ങേരി കേന്ദ്രീകരിച്ച് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ ഒരു പ്രധാനപ്പെട്ട സെന്റർ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വലിയ സബ്സിഡി നൽകിക്കൊണ്ടാണ് പോളിഹൗസുകൾ സ്ഥാപിക്കുന്നത്. എന്നാൽ ഈ പോളിഹൗസുകളിൽ നിന്നുത്പാദിപ്പിക്കപ്പെടുന്ന വിത്തുകളുടെ ആദായം കൊണ്ടുമാത്രം ഇതിനെ സാമ്പത്തികമായി നിലനിർത്തിക്കൊണ്ടുപോകാൻ കർഷകന് സാധിക്കാത്ത അവസ്ഥ ഇപ്പോഴുണ്ട്. അതിന് പ്രധാന കാരണം ഗുണമേന്മയുള്ളതും അത്യുൽപാദന ശേഷിയുള്ളതുമായ വിത്തുകളില്ലാത്തതാണ്. ഇപ്പോൾ വിദേശ രാജ്യങ്ങളിൽ നിന്നാണ് ഇവിടെ വിത്തുകൾ കൊണ്ടുവരുന്നത്. ഗുണമേന്മയുള്ള വിത്തുകൾ വിദേശ രാജ്യങ്ങളിൽ നിന്നും കൊണ്ടുവരുന്നതിനുള്ള അവസരം ഉണ്ടാക്കുമോ; ഗവൺമെന്റ് തന്നെ അത് വിതരണം ചെയ്യുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പോളിഹൗസുകളുടെ കാര്യത്തിൽ അദ്ദേഹം പറഞ്ഞത് വളരെ ശരിയാണ്. പോളിഹൗസുകളിൽ ലിക്വിഡ് ഫെർട്ടിലൈസറാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. അതിന് വലിയ വിലയാണ്. അതിനാൽ ഉത്പാദനച്ചെലവ് കൂടുതലാണ്. പരാഗണം തടഞ്ഞ് പ്രത്യേകമായി ഉണ്ടാക്കുന്ന വിത്തുകളാണ് അവർ ഉപയോഗിക്കുന്നത്. ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്നത് വളരെ കുറവാണ്. ഇപ്പോൾ കർണ്ണാടകയിലെ യൂണിവേഴ്സിറ്റി ഉത്പാദിപ്പിക്കുന്ന വിത്തുകളുണ്ട്. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി വെള്ളരിയുടെ വിത്ത് അടുത്തവർഷം മുതൽ വ്യാപിപ്പിക്കുവാൻ പോകുകയാണ്. ഇവിടെത്തന്നെ ഗവേഷണം നടത്തി നമ്മുടെ പോളിഹൗസുകൾക്ക് അനുയോജ്യമായിട്ടുള്ള വിത്തുകൾ ഉല്പാദിപ്പിക്കാൻ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഗവേഷണത്തിനാവശ്യമായ ഫണ്ട് സംസ്ഥാന കൃഷിവകുപ്പ് നൽകാമെന്നും പറയുകയുണ്ടായിട്ടുണ്ട്. കൃഷിവകുപ്പും അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയും ഇതുസംബന്ധിച്ച് ധാരണയിൽ എത്തിയിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ നമുക്ക് ആവശ്യമായ വിത്തുകൾ ഏറ്റവും കുറഞ്ഞ വിലയ്ക്ക് കിട്ടാൻവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. സബ്സിഡി കൊടുത്തതു കൊണ്ടുമാത്രം കാര്യമില്ല. കൃഷിക്കാർക്ക് ആവശ്യമായ പരിശീലനം കൊടുക്കാതെ പോയതുകൊണ്ടാണ് നമ്മൾ ഏൽപ്പിച്ച 1138 പോളിഹൗസുകളിൽ പലതും പ്രവർത്തിക്കാതെ പോയിരിക്കുന്നത്. അതുകൊണ്ട് കൃഷിക്കാർക്ക് മതിയായ ശാസ്ത്രീയ പരിശീലനം കൊടുത്തുകൊണ്ട് അത് റീവാമ്പ് ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. ബി. ഡി. ദേവസ്സി: സർ, ലക്ഷക്കണക്കിന് ടൂറിസ്റ്റുകൾ കടന്നുപോകുന്ന ചാലക്കുടി, അതിരപ്പിള്ളി റോഡിനോട് ചേർന്നുകിടക്കുന്ന അഗ്രോ റിസർച്ച് സ്റ്റേഷൻ വക സ്ഥലത്തും കാറ്റിൽ ബ്രീഡ് ഫാം വക സ്ഥലത്തും ഫാം ടൂറിസവും വിപണനകേന്ദ്രങ്ങളും ആരംഭിക്കാൻ ഏറെ സാധ്യതയുള്ളകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ പ്ലാന്റേഷൻ കോർപ്പറേഷൻ വക സ്ഥലത്തെ എണ്ണപ്പനത്തോട്ടത്തിൽ ഉത്പാദിപ്പിക്കുന്ന എണ്ണക്കുരു സംസ്കരിക്കാനുള്ള സംവിധാനങ്ങൾ അവിടെയില്ല. അത് സംസ്കരിക്കുന്നത് കൊല്ലം ജില്ലയിലെ അഞ്ചലിൽ കൊണ്ടുപോയിട്ടാണ്. ഇതുമൂലം വളരെയേറെ സാമ്പത്തിക നഷ്ടം ഉണ്ടാകുകയാണ്. അതിരപ്പിള്ളി പഞ്ചായത്തിലെ എണ്ണപ്പനത്തോട്ടത്തിൽ ഉത്പാദിപ്പിക്കുന്ന എണ്ണക്കുരു സംസ്കരിക്കുന്നതിന് അവിടെത്തന്നെ ഒരു ഫാക്ടറി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ തുമ്പൂർമൂഴിയിലാണ് പ്ലാന്റേഷൻ കോർപ്പറേഷന്റെ എണ്ണപ്പനത്തോട്ടമുള്ളത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അവിടെ എണ്ണപ്പനക്കുരു സംസ്കരണ യൂണിറ്റ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടായിരുന്നു. ഇപ്പോൾ സംസ്കരിക്കുന്നതിനായി പുനലൂരിൽ കൊണ്ടുപോകണം. അതുപോലെ ഇതിന്റെ ഫ്രൂട്ട് 24 മണിക്കൂറിനകത്ത് സ്ഥലത്ത് എത്തിച്ചില്ലെങ്കിൽ അതിന്റെ ക്വാളിറ്റി നഷ്ടപ്പെടുമെന്നുള്ളതുകൊണ്ട് ഇവിടെ ഉത്പാദിപ്പിക്കുന്ന പലതും ഡാമേജായിപോകുന്നുവെന്ന പരാതിയുമുണ്ട്. ഇവിടെത്തന്നെ ഒരു യൂണിറ്റ് ഉണ്ടാക്കിക്കഴിഞ്ഞാൽ അത് ലാഭകരമായി നടത്താം എന്ന് നിർദ്ദേശമുള്ള സാഹചര്യത്തിൽ അവിടെ ഒരു യൂണിറ്റ് ആരംഭിക്കുന്നതിനെ കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതായിരിക്കും. അതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. അനിൽ അക്കര: സർ, ഇന്ന് ജൈവകർഷകർ നേരിടുന്ന പ്രധാന പ്രശ്നം കൃഷിചെയ്യുന്നതിനു വിഷമില്ലാത്ത വിത്ത് കിട്ടാനില്ല എന്നതാണ്. വ്യാപകമായ രീതിയിൽ പെസ്റ്റിസൈഡ് ഉപയോഗിച്ച് ട്രീറ്റ് ചെയ്ത വിത്തുകളാണ് കാർഷിക സർവ്വകലാശാലയിൽനിന്നും ഇന്റർനാഷണൽ കമ്പനികളിൽനിന്നും ലഭിക്കുന്നത്. ആ വിത്ത് കഴുകിയാണ് ജൈവകർഷകർ ഉപയോഗിക്കുന്നത്. അതുകൊണ്ട് അതിന്റെ ഉത്പന്നത്തിനെ ഓർഗാനിക് പ്രോഡക്ട് എന്നുപറയാൻ കഴിയില്ല. ശാസ്ത്രീയമായ രീതിയിൽ പരിശോധിച്ചാൽ അതിനുള്ളിൽ വിഷം കാണാൻ കഴിയും. ജൈവകൃഷിക്കാരെ സംബന്ധിച്ചിടത്തോളം വിഷമില്ലാത്ത വിത്ത് കിട്ടുക എന്നതാണ് പ്രധാനം. വിഷമില്ലാത്ത പച്ചക്കറി കിട്ടാൻ ബുദ്ധിമുട്ടില്ല. പക്ഷേ, വിഷമില്ലാത്ത വിത്ത് കിട്ടാൻ പ്രയാസമാണ്. അത് അഗ്രോ ബസാർവഴി കിട്ടാനുള്ള സാഹചര്യം ഉണ്ടാക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പോളിഹൗസിനകത്ത് നടക്കുന്നത് ഓർഗാനിക് ആണെന്ന് പറയാൻ കഴിയില്ല. വണ്ടുകളോ പൂമ്പാറ്റകളോ ചിത്രശലഭങ്ങളോ ഒന്നും കടക്കാത്ത രീതിയിലാണ് പോളിഹൗസുകൾ പ്രവർത്തിക്കുന്നത്. അതിനകത്ത് പോളിനേഷൻ തടഞ്ഞ വിത്തുകളാണ് ഉപയോഗിക്കുന്നത്. വെള്ളരിയുടെ പെൺപൂ മാത്രമേ ഉണ്ടാകുന്നുള്ളൂ, ആൺപൂവ് ഉണ്ടാകുന്നില്ല. ആ രീതിയിൽ മാറ്റം വരുത്തിയിട്ടുള്ള വിത്താണ് അതിനകത്ത് ഉപയോഗിക്കുന്നത്. അതുകൊണ്ട് ഓർഗാനിക് എന്ന കൺസെപ്റ്റിനോട് അതെത്രമാത്രം യോജിക്കുന്നുവെന്ന് അറിയില്ല. ശ്രീ. അനിൽ അക്കര ജൈവകൃഷി ചെയ്തുകൊണ്ടിരിക്കുന്ന ഒരാളായതു കൊണ്ട് അദ്ദേഹത്തിന് അറിയാവുന്ന കാര്യമാണ്. കാർഷിക സർവ്വകലാശാലയെ കൊണ്ട് നമുക്കാവശ്യമായ നമ്മുടെ തന്നെ വിത്തുകൾ ഉത്പാദിപ്പിക്കുക എന്നുള്ളതാണ് ഒരു മാർഗ്ഗം. കേരളത്തിന്റെ ആവശ്യകതയെ മുൻനിർത്തിക്കൊണ്ടുള്ള ഗവേഷണ പ്രവർത്തനങ്ങളിൽ ഇടപെടണമെന്ന നിർദ്ദേശം കാർഷിക സർവ്വകലാശാലയ്ക്ക് കൊടുത്തിട്ടുണ്ട്. ഇപ്പോൾ കാർഷിക സർവ്വകലാശാല ചെയ്യുന്ന പല ഗവേഷണ പ്രവർത്തനങ്ങളും കേരളത്തിന്റെ ആവശ്യകതയെ മാത്രം നോക്കിക്കൊണ്ടുള്ളതല്ല. മറ്റ് പല താൽപര്യങ്ങളും വച്ചുകൊണ്ടുള്ള ഗവേഷണങ്ങൾ അവിടെ നടക്കുന്നുണ്ട്. കേരളത്തിന്റെ ആവശ്യകതയെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഗവേഷണങ്ങൾ നടത്താൻ കാർഷിക സർവകലാശാല മുതിർന്നാൽ അതിന്റെ ഫലമായി പല നേട്ടങ്ങളും കൃഷിക്കാർക്കുണ്ടാകും.

ശ്രീ. ഡി. കെ. മുരളി: സർ, കൃഷിക്കാർക്കാവശ്യമായ പമ്പ്സെറ്റ്, കൊയ്ത്ത് യന്ത്രം മുതലായ കാർഷിക ഉപകരണങ്ങൾ അഗ്രോ ബസാർ മുഖാന്തിരം സബ്സിഡിയോടുകൂടി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പൊതുമേഖലാ സ്ഥാപനങ്ങൾ ഉത്പാദിപ്പിക്കുന്ന കാർഷികോപകരണങ്ങൾ ഉൾപ്പെടെയുള്ളവ അഗ്രോ ബസാറിലൂടെ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. മാത്രമല്ല അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ഏറ്റവും പുതിയ ഉത്പന്നങ്ങളും അവിടെ വിൽപ്പനയ്ക്ക് വയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പദ്ധതിയുടെ അടിസ്ഥാനത്തിലാണ് കൃഷിക്കാർക്ക് സബ്സിഡി കൊടുക്കുന്നത്. അഗ്രോ ബസാറിൽനിന്ന് സബ്സിഡി റേറ്റിൽ കൊടുക്കാൻ കഴിയില്ല. പക്ഷേ സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനത്തിനു കൊടുക്കാൻ കഴിയാവുന്നത്രയും വിലക്കുറച്ച് അഗ്രോ ബസാറിലൂടെ കൊടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ഡോ. എൻ. ജയരാജ്: സർ, ഇടനിലക്കാരുടെ ചൂഷണത്തിൽനിന്ന് കൃഷിക്കാരെ രക്ഷിക്കാൻവേണ്ടിയിട്ടുള്ള പ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകേണ്ടത്. എന്റെ നിയോജകമണ്ഡലത്തിലും പൂഞ്ഞാർ ഉൾപ്പെടെയുള്ള മേഖലയിലും 'ഹരിത മൈത്രി' എന്ന പേരിൽ കർഷക വിപണികൾ വളരെ സജീവമായി പ്രവർത്തിക്കുന്നുണ്ട്. ആദരണീയനായ ധനകാര്യ വകുപ്പുമന്ത്രിയുടെ മണ്ഡലത്തിൽ പച്ചക്കറി കൂടുതലായി കൃഷിചെയ്ത സമയത്ത് എടുക്കാനാളില്ലെന്നുപറഞ്ഞ് അദ്ദേഹം ഫെയ്സ് ബുക്കിൽ പോസ്റ്റ് ചെയ്തപ്പോൾ ഞാനദ്ദേഹവുമായി ബന്ധപ്പെടുകയും അതിന്റെ ഫലമായി ഇപ്പോൾ അവിടെനിന്ന് കൃത്യമായി കാഞ്ഞിരപ്പള്ളിയിൽ സാധനങ്ങൾ എത്തുകയും ചെയ്യുന്നുണ്ട്. കൃഷിക്കാരുടെ ഒരു കൂട്ടായ്മയായിട്ടാണ് ഇത് നടത്തുന്നത്. 22-ാം തീയതി ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി അവിടെ ഒരു ചടങ്ങിൽ പങ്കെടുക്കുന്നുണ്ട്. കൃഷിക്കാരുടെ ഈ കൂട്ടായ്മയെ സപ്പോർട്ട് ചെയ്യാൻ ആരും ഇല്ല എന്നതാണ് വിഷയം. സംസ്ഥാന ഗവൺമെന്റിൽനിന്ന് ഇത്തരം കാർഷിക വിപണികൾക്ക് കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കൃഷിക്കാർ മുൻകയ്യെടുത്ത് വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഇതുപോലുള്ള സംഘങ്ങളുണ്ട്. ഗവൺമെന്റിന്റെ പൂർണ്ണമായ സപ്പോർട്ട് ഇല്ലെങ്കിൽത്തന്നെ നന്നായി പ്രവർത്തിക്കുന്ന ഒരുപാട് സംഘങ്ങളുണ്ട്. ഇതിന് കൃഷി വകുപ്പിന്റെ ലോക്കൽ സപ്പോർട്ടുണ്ട്. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നൽകാനും സർക്കാർ സംവിധാനം ശക്തിപ്പെടുത്താനുമാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇതുപോലെ കൃഷിക്കാർ മുൻകയ്യെടുത്ത് ആരംഭിച്ച എല്ലാ പ്രസ്ഥാനങ്ങൾക്കും അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും സാമ്പത്തിക സഹായം നൽകുന്നതിനും സർക്കാർ സന്നദ്ധമാണ്. അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. ആർ. രാജേഷ്: സർ, ആലപ്പുഴ ജില്ലയിലെ ജില്ലാ കൃഷിത്തോട്ടവും ജില്ലാ സീഡ് ഫാമും എന്റെ മണ്ഡലത്തിലാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനിടയിൽ ഈ ജില്ലാ കൃഷിത്തോട്ടത്തെ തകർക്കാൻ മൂന്നുതവണ ശ്രമമുണ്ടായി. ജില്ലയിലെ മുഴുവൻ മാലിന്യങ്ങളും കൊണ്ടുവന്ന് നിക്ഷേപിക്കുന്ന ഒരു മാലിന്യ നിക്ഷേപ കേന്ദ്രമാക്കി അതിനെ മാറ്റാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ കാലഘട്ടത്തിൽ അങ്ങനെ ഉണ്ടാകാൻ പാടുണ്ടോയെന്ന് കൃഷി വകുപ്പുമന്ത്രി തീരുമാനിക്കണം. ഈ ജില്ലാ കൃഷിത്തോട്ടത്തിലാണ് അഗ്രോ റൈസ് പാർക്ക് പ്രഖ്യാപിച്ചിട്ടുള്ളത്. അത്

അവിടെത്തന്നെ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഏകദേശം അൻപതോളം സ്വതന്ത്ര കാർഷിക ക്ലബുകൾ അവിടെ പ്രവർത്തിക്കുന്നുണ്ട്. ഈ കൃഷിത്തോട്ടം കേന്ദ്രീകരിച്ചുകൊണ്ട് അഗ്രോ ബസാർ ആരംഭിച്ച് കാർഷിക ക്ലബുകൾക്കാവശ്യമായ സഹായം ചെയ്യുന്നതിനുള്ള നടപടികൂടി സ്വീകരിക്കണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അവിടെയുള്ള കൃഷിത്തോട്ടത്തെ സംബന്ധിച്ച് നേരത്തെ ചില വിവാദങ്ങളുണ്ടായിരുന്നു. ഒരു കാരണവശാലും കൃഷി വകുപ്പിന്റെ കീഴിലുള്ള കൃഷിത്തോട്ടത്തെ മറ്റാവശ്യങ്ങൾക്കുവേണ്ടി വിട്ടുകൊടുക്കുന്ന പ്രശ്നമില്ല. അത് സജീവ കേന്ദ്രമാക്കി മാറ്റാനാവശ്യമായ നടപടികൾ സ്വീകരിക്കും. ഇതുസംബന്ധിച്ച് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ആ കൃഷിത്തോട്ടത്തെ മാതൃകാ കൃഷിത്തോട്ടമാക്കി മാറ്റുന്നതിനാവശ്യമായ പ്രവർത്തനം നടത്തും. അഗ്രോ പാർക്കുകൾ ആരംഭിക്കാൻ ഏറ്റവും ഉചിതമായ സ്ഥലം ആലപ്പുഴ ജില്ലയാണെന്ന് ബഹുമാനപ്പെട്ട അംഗം എഴുതിത്തന്നിട്ടുണ്ട്. അത് പരിഗണിച്ചുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. പി. സി. ജോർജ്: സർ, അഗ്രോ ബസാറുമായി ബന്ധപ്പെട്ട ഗവൺമെന്റ് പോളിസി കർഷകരെ സംബന്ധിച്ച് വളരെ ഗുണകരമാണ്. അവർ ഈ പോളിസിയെ സ്വാഗതം ചെയ്യുകയാണ്. ഇവിടെ ഡോ. എൻ. ജയരാജിന്റെ ചോദ്യത്തിന് അങ്ങ് ഉത്തരം നൽകിയപ്പോൾ അത് പൂർണ്ണമായിരുന്നില്ല. അതുകൊണ്ടാണ് ഞാൻ ഇതിൽ ഇടപെട്ടത്. ഇപ്പോൾ കിഴക്കൻ മേഖലയിൽ കർഷകർ തന്നെ ഇതുപോലെയുള്ള മാർക്കറ്റ് തുടങ്ങുകയും സാധനങ്ങൾ അവിടെ ലേലം ചെയ്ത് കൊടുക്കുകയുമാണ്. ആ ലേലത്തിൽ മിനിമം വില നിശ്ചയിച്ചിട്ടുണ്ട്. സാധനങ്ങൾ മിച്ചം വരുന്നതിലൂടെ കർഷകർക്ക് നഷ്ടം സംഭവിക്കാറുണ്ട്. ഇത്തരത്തിൽ മിച്ചംവരുന്ന സാധനങ്ങൾ ചെലവഴിക്കാൻ കഴിയാതെ കർഷകർ ബുദ്ധിമുട്ടുകയാണ്. നഷ്ടം അവർതന്നെ വീതിച്ച് കൊടുക്കുന്നുണ്ടെങ്കിലും അത് എത്രനാൾ കൊടുക്കാൻ സാധിക്കും; ആയതിനാൽ ഇത്തരം മാർക്കറ്റുകൾക്ക് പ്രത്യേകമായ സഹായം ചെയ്ത് കർഷകരെ പ്രോത്സാഹിപ്പിക്കാനും അത് വ്യാപകമാക്കാനുമുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കൃഷി വ്യാപിപ്പിക്കണമെന്ന് പറയുമ്പോഴുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം അതിന്റെ മാർക്കറ്റിംഗ് ആണ്. ഇവിടെ കൃഷി വകുപ്പിന് മാർക്കറ്റിംഗ് സംവിധാനമുണ്ട്. കൂടാതെ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിക്ക് ഒരു മാർക്കറ്റിംഗ് സെക്ഷനുമുണ്ട്. പക്ഷേ ഇതൊന്നും ആക്ടീവല്ല. അതുകൊണ്ട്

ആദ്യം ഗവൺമെന്റ് ചെയ്യാൻ ഉദ്ദേശിക്കുന്നത് മാർക്കറ്റിംഗ് സംവിധാനത്തെ ശക്തിപ്പെടുത്തുക എന്നതാണ്. അതിന്റെ ഭാഗമായി എവിടെയെല്ലാം ഏതെല്ലാം ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് മുൻകൂട്ടി മനസ്സിലാക്കാൻ സാധിക്കുന്ന രീതിയിലുള്ള ഒരു സിസ്റ്റം വികസിപ്പിച്ചെടുക്കുകയാണ്. എവിടെയെല്ലാം ഏതെല്ലാം ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കപ്പെട്ടിട്ടുണ്ട്, ഓരോ മാർക്കറ്റിലുമുള്ള റേറ്റ് തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് അറിയാൻ സാധിക്കുന്ന കേന്ദ്രീകൃതമായ ഒരു സിസ്റ്റം ഇവിടെ വികസിപ്പിച്ചെടുത്താൽ മാത്രമേ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യത്തിന് പരിഹാരം ഉണ്ടാക്കിയെടുക്കാൻ സാധിക്കുകയുള്ളൂ. തമിഴ്നാട്ടിൽ ഇത് വളരെ നല്ല രീതിയിൽ നടക്കുന്നുണ്ട്. കേരളം ഇത് മാതൃകയായി സ്വീകരിച്ചുകൊണ്ട് ആ രീതിയിലുള്ള ഒരു മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തിക്കൊണ്ട് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

**പഞ്ചായത്തുകൾക്ക് തനത് വരുമാനം കണ്ടെത്താൻ പദ്ധതി**

2(*272) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>:
<u>ശ്രീ. കെ. ദാസൻ</u>:
<u>ശ്രീ. എം. നൗഷാദ്</u>:
<u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിൽ സംസ്ഥാനത്തെ 60 ശതമാനം പഞ്ചായത്തുകളും പരാജയപ്പെട്ടുവെന്ന സെന്റർ ഫോർ പബ്ലിക് പോളിസി റിസർച്ചിന്റെ പഠനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നികുതി നികുതിയേതര മാർഗ്ഗങ്ങളിലൂടെ തനത് തുക കണ്ടെത്താൻ പഞ്ചായത്തുകൾക്ക് കഴിയുന്ന വിധത്തിലുള്ള പദ്ധതികൾ തയ്യാറാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>): സർ,

(എ) ഡോ. മാർട്ടിൻ പാടിക് നേതൃത്വം നൽകുന്ന സെന്റർ ഫോർ പബ്ലിക് പോളിസി റിസർച്ച് എറണാകുളം ജില്ലയിലെ അഞ്ച് പഞ്ചായത്തുകളെ അടിസ്ഥാനമാക്കി നടത്തിയ പഠനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നമ്മുടെ ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനവും അതുപോലെതന്നെ നികുതിയേതര വരുമാനവും കുറഞ്ഞുവരുന്നു എന്നതാണ് ആ പഠനത്തിൽ പറഞ്ഞിരിക്കുന്നത്.

(ബി) നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തമാക്കുവാൻ നിരവധി പദ്ധതികൾ സർക്കാരിന്റെ മുന്നിലുണ്ട്. വസ്തു നികുതി കാലോചിതമായി പരിഷ്കരിക്കുക, പരസ്യ നികുതി പിരിച്ചെടുക്കുക, നികുതി കുടിശ്ശിക ഇല്ലാതാക്കുക, ലൈസൻസ് ഫീസുകൾ കാലാനുസൃതം ഉയർത്തുക എന്നിങ്ങനെയുള്ള വിവിധ പ്രൊപ്പോസലുകൾ സർക്കാരിന്റെ മുന്നിൽ വന്നിട്ടുണ്ട്. അവയേയും അവയുടെ സാധ്യതകളേയും സംബന്ധിച്ച് ഗവൺമെന്റ് പഠിച്ച് വരികയാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഗ്രാമപഞ്ചായത്തുകളിൽ ലൈസൻസ് ഫീ ഏർപ്പെടുത്താവുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് രണ്ട് പതിറ്റാണ്ടുകൾക്കുമുമ്പ് തയ്യാറാക്കപ്പെട്ടതാണ്. 1994-ൽ തയ്യാറാക്കിയ ഈ ലിസ്റ്റിൽ 185 സ്ഥാപനങ്ങളുണ്ട്. എന്നാൽ പുതിയ കാലഘട്ടത്തിൽ രൂപപ്പെട്ട വേബ്രിഡ്ജ്, ഇന്റർനെറ്റ് കഫേ തുടങ്ങിയ സ്ഥാപനങ്ങളൊന്നും ഇതിൽ ഇല്ല. ഇതിനെല്ലാം പുതിയ സ്ലാബ് തയ്യാറാക്കി ലൈസൻസ് ഫീ ഏർപ്പെടുത്തണം. അതോടൊപ്പംതന്നെ ക്വാറി, ക്രഷർ തുടങ്ങിയവയ്ക്ക് പ്രതിവർഷം പത്ത് രൂപ മുതൽ നാലായിരം രൂപവരെ മാത്രമാണ് ലൈസൻസ് ഫീ. ഇത് കാലാനുസൃതമായി വർദ്ധിപ്പിക്കണം. അതോടൊപ്പം അവിടെനിന്ന് ഖനനം ചെയ്തെടുക്കുന്ന വസ്തുക്കൾക്ക് റവന്യൂ വകുപ്പ് ഏർപ്പെടുത്തുന്ന റോയൽറ്റി ഫീസിന്റെ ഒരു പങ്ക് ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിക്കാൻ കഴിയില്ലേ എന്നതാണ് എന്റെ സംശയം.

ഡോ. കെ. ടി. ജലീൽ: സർ, പഞ്ചായത്തുകളുടെ തനത് വരുമാനം വർദ്ധിപ്പിക്കാൻ കാലാനുസൃതമായ നടപടികളുണ്ടായില്ലെങ്കിൽ നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വല്ലാത്തൊരു സ്തംഭനാവസ്ഥയിലേക്ക് പോകും. നിലവിൽ അറുപത് ശതമാനം പഞ്ചായത്തുകൾക്കും ഓൺ ഫണ്ട് ഉപയോഗിച്ച് ദൈനംദിന ചെലവുകൾ പോലും നടത്താൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. അതുപോലെത്തന്നെ ഇരുപത്തിയഞ്ച് ശതമാനം മുനിസിപ്പാലിറ്റികളും ഈ ഗണത്തിൽ വരുന്നവയാണ്. ഓൺ ഫണ്ടുകൾ വർദ്ധിപ്പിച്ചുകൊണ്ടുമാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തമാക്കുവാൻ സാധിക്കൂ. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഗ്രാമപഞ്ചായത്തുകളിൽ ലൈസൻസ് ഫീ ഏർപ്പെടുത്താവുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് 1994-ൽ നിശ്ചയിച്ചിട്ടുള്ളതാണ്. പുതിയ കാലഘട്ടത്തിൽ രൂപംകൊണ്ട സ്ഥാപനങ്ങളെക്കൂടി നികുതി നൽകാനുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ ഗൗരവപൂർവ്വം ആലോചിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓൺ ഫണ്ട് വർദ്ധിപ്പിക്കുന്നതിനും ജനങ്ങൾക്ക് ഭാരമാകാത്തവിധം ഇത് പ്രയോഗവൽക്കരിക്കുന്നതിനും സർക്കാർ മുന്തിയ പരിഗണന നൽകും.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, മാക്സിമം 2,500 രൂപയാണ് ഇപ്പോൾ പ്രൊഫഷണൽ ടാക്സായി വാങ്ങിക്കൊണ്ടിരിക്കുന്നത്. യു.ഡി.ക്ലർക്ക് അടയ്ക്കുന്ന തുക തന്നെയാണ് ലക്ഷക്കണക്കിന് രൂപ ശമ്പളം വാങ്ങുന്ന മറ്റ് ഉന്നത ഉദ്യോഗസ്ഥരും ഇപ്പോൾ അടയ്ക്കുന്നത്. ഭരണഘടനയുടെ പിൻബലത്തിൽ തുടരുന്ന ഈ അശാസ്ത്രീയത പരിഹരിക്കാൻ ഈ ഗവൺമെന്റ് പരിശ്രമം നടത്തുമോ?

ഡോ. കെ. ടി. ജലീൽ: സർ, നിലവിൽ പ്രൊഫഷണൽ ടാക്സ് പിരിക്കുന്നത് കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. പ്രൊഫഷണൽ ടാക്സ് മാക്സിമം 2,500 രൂപയേ പാടുള്ളൂവെന്ന് കേന്ദ്രനിയമത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. ശ്രീ. കെ.ഡി. പ്രസേനൻ സൂചിപ്പിച്ചത് വളരെ ശരിയായിട്ടുള്ള കാര്യമാണ്. ചെറിയ ശമ്പളം വാങ്ങുന്ന ഒരാളും ഉയർന്ന ശമ്പളം വാങ്ങുന്ന ഒരാളും ഒരേ തുകയാണ് പ്രൊഫഷണൽ ടാക്സായി നൽകേണ്ടി വരുന്നത്. കേരളത്തിന് മാത്രമായി ഇത് പരിഹരിക്കാനാവില്ല. ഇതിൽ കേന്ദ്രസർക്കാരിന്റെ ശക്തമായ ഇടപെടൽ ആവശ്യമാണ്. കൂടാതെ ഇത് നടപ്പിലാക്കണമെങ്കിൽ ഭരണഘടനാ ഭേദഗതി, നിയമത്തിൽത്തന്നെ ഭേദഗതി അനിവാര്യമായിവരും. തീർച്ചയായും ഈ ആവശ്യം കേന്ദ്രസർക്കാരിന്റെ മുന്നിൽ സംസ്ഥാന സർക്കാർ ഉന്നയിക്കും.

ശ്രീ. കെ. ദാസൻ: സർ, പഞ്ചായത്തുകളുടെ വരുമാനം വളരെ പരിമിതമായിട്ടാണ് ഓരോ പഞ്ചായത്തിനും ലഭ്യമാകുന്നത്. അതിൽ ഏറ്റവും പ്രധാന കാരണം അവർക്ക് ഭൂമി ഇല്ലായെന്നുള്ളതാണ്. ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ വളരെയധികം സാങ്കേതിക പ്രശ്നങ്ങളുടെ നൂലാമാലയിൽ കുടുങ്ങിക്കിടക്കുകയാണ്. മാത്രമല്ല ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുവാദത്തിനായി ഗവൺമെന്റിനെ സമീപിക്കുമ്പോൾ പലപ്പോഴും പല ഇടപെടലുകളുടെയും ഭാഗമായി അത് അംഗീകരിച്ച് കിട്ടുന്നില്ല. ഇത്തരത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് ബാങ്ക് ലോണും അതുപോലുള്ള വായ്പാ സൗകര്യങ്ങളും വളരെ പരിമിതമാണ്. ഇക്കാര്യത്തിൽ അടിയന്തരമായ എന്തെങ്കിലും നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ഡോ. കെ. ടി. ജലീൽ: സർ, ഏതൊരു സ്ഥാപനവുമായി ബന്ധപ്പെട്ട വികാസത്തിലും ഭൂമിയുടെ ലഭ്യത വലിയ പങ്ക് വഹിക്കുന്നുണ്ട്. നിലവിൽ ത്രിതല പഞ്ചായത്തുകൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് ധാരാളം കുരുക്കുകൾ നിലനിൽക്കുന്നു എന്ന് ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽപ്പെടുത്തിയത് ശരിയാണ്. ഇത്തരം കാര്യങ്ങൾ ഭാവിയിൽ സർക്കാരിന്റെ മുന്നിൽ വരുമ്പോൾ ത്രിതല പഞ്ചായത്തുകൾക്ക് സുഗമമാംവിധം പ്രയാസരഹിതമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് കൈക്കൊള്ളും.

<u>ശ്രീ. എം. നൗഷാദ്</u>: സർ, പഞ്ചായത്തുകളുടെ വരുമാനക്കുറവിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ പഞ്ചായത്തുകളുടെ ചെലവ് ധാരാളം വർദ്ധിച്ചിട്ടുണ്ട്. ശമ്പളം, പെൻഷൻ, കറണ്ട് ചാർജ്, വാട്ടർ ചാർജ്, പൊതുമരാമത്ത് പണികളുടെ എക്സ്പെൻഡീച്ചർ തുടങ്ങിയവ ക്രമാതീതമായി വർദ്ധിക്കുമ്പോൾ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ നിർദ്ദേശമൊന്നും തന്നെ നിലവിൽ ഉണ്ടായിട്ടില്ല. ഏറ്റവും പ്രധാനപ്പെട്ട വരുമാന മാർഗ്ഗമായ വസ്തു നികുതി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പരിഷ്കരിച്ചു. പക്ഷേ ഇരുപത്തിയഞ്ച് വർഷത്തിനുമുമ്പ് നിശ്ചയിച്ച നൂറ് രൂപ എന്നത് പരിഷ്കരിച്ചപ്പോൾ അറുപത് രൂപ കൂടി ഉൾപ്പെടുത്തി ആകെ നൂറ്റിഅറുപത് രൂപയായി മാത്രമേ ആ ഇനത്തിൽ വരുന്നുള്ളൂ. നികുതി നിരക്കുകൾ ഒന്നിച്ച് വർദ്ധിപ്പിക്കുമ്പോൾ ജനങ്ങളുടെ ഭാഗത്തു നിന്ന് സ്വാഭാവികമായും എതിർപ്പുണ്ടാകും. അതുകൊണ്ട് ഓരോ വർഷവും നിശ്ചയിച്ചിട്ടുള്ള നികുതി കാലാനുസൃതമായി പരിഷ്കരിച്ചതിനുശേഷം ഓരോ വർഷവും ഇത്ര ശതമാനം തുക നിശ്ചയിച്ച് പോയാൽ അത് പരിഹരിക്കാൻ സാധിക്കും. ആയതിനാൽ ആ തരത്തിലുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ത്രിതല പഞ്ചായത്തുകളുടെ വരുമാനം സ്ഥായിയായി നിൽക്കുകയാണ്. അതിൽ വർദ്ധനവൊന്നും ഉണ്ടാകുന്നില്ല. എന്നാൽ അവരുടെ ചെലവുകൾ ഓരോ വർഷവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഓരോ ശമ്പളപരിഷ്കരണമുണ്ടാകുമ്പോഴും അതിന്റെ പാപഭാരം മുഴുവൻ ഏറ്റുവാങ്ങേണ്ടി വരുന്നത് ത്രിതല പഞ്ചായത്തുകളാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ജീവനക്കാർക്ക് ശമ്പളവർദ്ധനവ് കൊടുക്കുന്നത് പാപഭാരമാണോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ഞാൻ അങ്ങനെയല്ല ഉദ്ദേശിച്ചത്. അതിനെ അങ്ങനെ ദുർവ്യാഖ്യാനം ചെയ്യേണ്ട കാര്യമുണ്ടോ? അതിന്റെ മുഴുവൻ ഭാണ്ഡവും, ഭാരം എന്നുവേണമെങ്കിൽ പറയാം.

<u>മി. സ്പീക്കർ</u>: ബാദ്ധ്യത എന്നാണ് അദ്ദേഹം ഉദ്ദേശിച്ചത്

<u>ഡോ. കെ. ടി. ജലീൽ</u>: ഭാരമെന്നല്ലാതെ മറ്റെന്താണ് അതിനെക്കുറിച്ച് പറയുക. ത്രിതല പഞ്ചായത്തുകൾക്ക് വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ സർക്കാരിന് ആലോചിക്കേണ്ടതായിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളേയും മുനിസിപ്പൽ കോർപ്പറേഷനുകളേയും സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട വരുമാന മാർഗ്ഗമെന്നു പറയുന്നത് പ്രോപ്പർട്ടി ടാക്സ് മാത്രമാണ്. മൊത്തം വരുമാനത്തിന്റെ 70 ശതമാനവും

പ്രോപ്പർട്ടി ടാക്സിൽ നിന്നാണ് ലഭിക്കുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോല 20 വർഷം മുൻപാണ് നമ്മുടെ സംസ്ഥാനത്ത് പ്രോപ്പർട്ടി ടാക്സ് റിവിഷൻ നിശ്ചയിച്ചത്. അതിനുശേഷം 2013-ൽ പ്രോപ്പർട്ടി ടാക്സ് പുനർനിർണ്ണയിക്കുവാനുള്ള ഒരു ശ്രമം നടന്നു. ഏതാണ്ട് 90 ശതമാനം പഞ്ചായത്തുകളും പ്രോപ്പർട്ടി ടാക്സ് പിരിച്ചെടുക്കുന്നതിൽ വിജയിച്ചു. ദൗർഭാഗ്യവശാൽ അതുമായി മുന്നോട്ടുപോകാൻ സാധിച്ചില്ല. പ്രോപ്പർട്ടി ടാക്സും ലൈസൻസ് ടാക്സും - നികുതി-നികുതിയേതര വരുമാനങ്ങൾ വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തണമെന്ന് സർക്കാർ ആഗ്രഹിക്കുന്നുണ്ട്, ജനങ്ങൾക്ക് പ്രയാസമില്ലാത്തവിധം അത് എങ്ങനെ നടപ്പിലാക്കാൻ കഴിയും എന്നുള്ളതിനെക്കുറിച്ചാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

ശ്രീ. എ. എൻ. ഷംസീർ: സർ, പഞ്ചായത്തുകളുടെ സാമ്പത്തിക പരാധീനതകളെക്കുറിച്ചെല്ലാം ഇവിടെ പല മെമ്പർമാരും സൂചിപ്പിച്ചു. പഞ്ചായത്തുകൾക്ക് നികുതിയേതര സ്രോതസ്സുകളിൽനിന്നും ആകെ കിട്ടുന്ന വരുമാനം 4 ശതമാനം മാത്രമാണ്. ഇത് വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കുന്നത്; അത് എങ്ങനെയാണെന്ന് വിശദീകരിക്കാൻ സാധിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, നികുതിയേതര വരുമാനം വളരെ കുറച്ച് മാത്രമെ പഞ്ചായത്തുകൾക്ക് ലഭിക്കുന്നുള്ളു. അത് ഫലവത്തായി വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ ലൈസൻസ് ഫീസ്, എന്റർടെയിൻമെന്റ് ഫീസ് തുടങ്ങിയ ഫീസുകളാണ് നികുതിയേതര വരുമാനമായി ലഭിക്കുന്നത്. ഇതൊക്കെ നിശ്ചയിച്ചിട്ടുതന്നെ പത്തിരുപത് വർഷങ്ങൾ കഴിഞ്ഞു. കാലാനുസൃതമായിട്ടുള്ള ഉയർച്ച ഈ രംഗത്തൊക്കെ ഉണ്ടാവേണ്ടതുണ്ട്. എങ്കിൽ മാത്രമെ നമുക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ സാധിക്കുകയുള്ളൂ.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് സംസ്ഥാന ധനകാര്യ കമ്മീഷൻ അദ്ധ്യക്ഷനായി ഡോ. ബി. എ. പ്രകാശിനെ നിയോഗിച്ചത്. ആ ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ വരുമാനം ഗവൺമെന്റിൽനിന്ന് ലഭ്യമാക്കുക എന്നുള്ളതാണ് അതിന്റെ ലക്ഷ്യം. അത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ധനകാര്യ വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പുരോഗതി വെളിപ്പെടുത്താമോ?

ഡോ. കെ. ടി. ജലീൽ: സർ, 941 പഞ്ചായത്തുകളിൽ 21 പഞ്ചായത്തുകൾക്ക് ഓൺ ഫണ്ടും ജനറൽ പർപ്പസ്സ് ഫണ്ടും ഉപയോഗിച്ചാൽതന്നെയും അവരുടെ ദൈനംദിന ചെലവുകൾ നടത്തിക്കൊണ്ടുപോകാൻ സാധിക്കില്ല. നാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ അനുസരിച്ചാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് ഗ്യാപ്പ് ഫണ്ടുകൾ നൽകിയത്. അഞ്ചാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. തീർച്ചയായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുവാൻ ഉതകുന്ന നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ തന്നെയാകും ഗവൺമെന്റ് മുന്തിയ പരിഗണന നൽകുക.

ശ്രീ. കെ. വി. വിജയദാസ്: സർ, സംസ്ഥാനത്തിന്റെ സാമ്പത്തിക അഭിവൃദ്ധിക്ക് ഉത്പാദന മേഖലയിലെ പദ്ധതികളുടെ നടപ്പാക്കൽ വളരെ അത്യന്താപേക്ഷിതമാണ്. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2014-15 വർഷത്തിൽ സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉത്പാദന മേഖലയിൽ വകയിരുത്തിയ തുകയുടെ 41.66 ശതമാനം മാത്രമാണ് യഥാർത്ഥത്തിൽ വിനിയോഗിച്ചത്. അനുവദിച്ച തുകയിൽ 15.4 ശതമാനം സറണ്ടർ ചെയ്യുകയും ചെയ്തു. ഇപ്രകാരം ഫണ്ടിന്റെ കുറഞ്ഞ ഉപഭോഗത്തിന് കാരണമായത് എന്തെല്ലാമാണെന്ന് പരിശോധിക്കുമോ; കൂടുതൽ ഫണ്ട് ചെലവഴിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, നേരത്തെ 40 ശതമാനം ഉത്പാദന മേഖലയ്ക്കായി നീക്കിവയ്ക്കണമെന്ന നിബന്ധനയുണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ക്ലിപ്തമായ ശതമാനം എന്നുള്ളത് എടുത്തുകളയുന്ന സാഹചര്യമുണ്ടായി. അതോടുകൂടി ഉത്പാദനമേഖലയ്ക്ക് കുറച്ചുമാത്രം പണം നീക്കിവയ്ക്കുന്ന സ്ഥിതിയാണുണ്ടായത്. ഈ നീക്കിവയ്ക്കുന്ന തുകതന്നെ ചെലവഴിക്കപ്പെടാത്ത സാഹചര്യവുമുണ്ടായി. അവസാനം ഇതിനൊക്കെ നീക്കിവച്ച പണം മറ്റ് മേഖലകളിലേയ്ക്ക് ഡൈവർട്ട് ചെയ്തുപോകുന്ന സാഹചര്യം ഉടലെടുത്തു. 41 ശതമാനം ചെലവഴിക്കപ്പെടാത്തതായിട്ടുണ്ട് എന്നുപറയുന്നത് ശരിയാണ്, അത് പരിശോധിച്ചപ്പോൾ ഒന്നുരണ്ട് കാരണങ്ങളാണ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടത്. ഒന്ന്, പഞ്ചായത്തുകൾക്ക് ആവശ്യാനുസൃതമുള്ള സാങ്കേതിക സഹായം നൽകാൻ സാധിക്കുന്നില്ല. രണ്ടാമത്തേത്, നിരന്തരമായിട്ടുള്ള മോണിറ്ററിംഗുകളായിരുന്നു ഉത്പാദനമേഖലയിൽ പണം ചെലവഴിക്കുന്നതിന് വലിയ സഹായകമായിരുന്നത്. ഇത് രണ്ടും പഞ്ചായത്തുകളിൽ നടക്കാതെ പോയതുകൊണ്ടാണ് ഉത്പാദനമേഖലയിൽ പണം കുറച്ച് ചെലവഴിക്കുന്ന സ്ഥിതി ഉണ്ടായതെന്നാണ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

ശ്രീ. അൻവർ സാദത്ത്: സർ, പഞ്ചായത്തുകളെപ്പോലെതന്നെ ബ്ലോക്ക് പഞ്ചായത്തുകൾക്കും തനത് ഫണ്ടില്ല. അവിടെ പ്ലാൻ ഫണ്ടാണ് കിട്ടുന്നത്. കഴിഞ്ഞ ദിവസം ഞാൻ ബ്ലോക്ക് പഞ്ചായത്തിന്റെ വികസന സെമിനാറിൽ പങ്കെടുക്കാൻ പോയപ്പോൾ അറിയാൻ സാധിച്ചത് അവർക്ക് ആകെ പ്ലാൻ ഫണ്ടായി ലഭിക്കുന്നത് 3 കോടിയിൽ ചില്വാനം രൂപയാണ് എന്നാണ്. ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർക്ക് വികസന പ്രവർത്തനങ്ങൾക്കുവേണ്ടി നൽകുന്ന ഈ തുക വളരെ പരിമിതമാണ്. സത്യം പറഞ്ഞാൽ ബ്ലോക്ക് പഞ്ചായത്തുകൾ പലപ്പോഴും നോക്കുകുത്തികളാവുകയാണ്. വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനെയും ബ്ലോക്ക് മെമ്പറെയും സമീപിക്കുമ്പോൾ അവർക്ക് മറുപടി പറയാൻ പോലും സാധിക്കുന്നില്ല. പ്ലാൻ ഫണ്ട് കൂട്ടിക്കൊടുത്തുകൊണ്ട്, ജില്ലാ പഞ്ചായത്തുകളെപ്പോലെ പ്രവർത്തിക്കാൻ ബ്ലോക്ക് പഞ്ചായത്തുകൾക്കും സാഹചര്യമുണ്ടാക്കിക്കൊടുക്കാൻ സാധിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രവർത്തന രംഗത്തുണ്ടാകുന്ന പ്രയാസങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ ശരിയാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയാണ് ഇപ്രാവശ്യത്തെ ബഡ്ജറ്റിൽ 500 കോടി രൂപ ഉപാധിരഹിത ഫണ്ടായി വകയിരുത്തിയിട്ടുള്ളത്. ഇത് ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിലൂടെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് അവരുടെ സാമ്പത്തിക പ്രയാസത്തെ മറികടക്കാനാകുമെന്ന് ഗവൺമെന്റ് പ്രതീക്ഷിക്കുന്നു.

ശ്രീ. ബി. സത്യൻ: സർ, 1996 മുതലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കാൻ ജനകീയാസൂത്രണ പദ്ധതികൾ ആവിഷ്കരിക്കുകയും 40 ശതമാനത്തിനകത്തുവരുന്ന തുക ലോക്കൽ ബോഡീസിന് നൽകിത്തുടങ്ങിയതും. അതിനുമുൻപും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇവിടെയുണ്ട്. അവർ അവരുടെ പഞ്ചായത്തുകളിലുള്ള വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി ടാക്സ് പിരിവും മറ്റുമായി ജനകീയമായി ആ പദ്ധതികൾ നടപ്പിലാക്കിയിരുന്നു. 1996-നുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ ആവിഷ്കരിച്ച് നൽകുന്ന പദ്ധതിപ്പണവും ഫണ്ടും വന്നതോടുകൂടിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആഗ്രഹിക്കുന്ന നിലയിലേയ്ക്ക് അവർക്ക് വേണ്ടുന്ന തനത് ഫണ്ടുകൾ കണ്ടെത്താൻ പരിശ്രമം നടത്തിക്കാണാത്തത് എന്ന വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, തനത് ഫണ്ട് വർദ്ധിക്കാത്തത് പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം വികസന പ്രവർത്തനങ്ങളിൽ വലിയ ബുദ്ധിമുട്ടുതന്നെയാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. നിലവിലുള്ള നികുതി പിരിച്ചെടുക്കുന്നതിൽപ്പോലും പൂർണ്ണമായി വിജയിക്കാൻ കഴിഞ്ഞിട്ടില്ല. മുൻപൊക്കെ 100 ശതമാനം നികുതി പിരിച്ചെടുത്ത നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുണ്ടായിരുന്നു. ഇന്ന്

നമ്മുടെ സംസ്ഥാനത്ത് 222 കോടിയിലധികം രൂപ നികുതിയിനത്തിൽ വിവിധ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും പിരിഞ്ഞു കിട്ടുവാനുണ്ട്. ഏതാണ്ട് 31.5 ശതമാനം ഈ ഇനത്തിൽ കുടിശ്ശികയായി നിൽക്കുന്നുണ്ട്. ഈ കുടിശ്ശിക പിരിച്ചെടുക്കാൻ പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾ താല്പര്യം കാണിച്ചാൽ തീർച്ചയായും ഒരു പരിധിവരെ ത്രിതല പഞ്ചായത്തുകൾക്ക് ഒരു സമാശ്വാസമാകും. അതിനുവേണ്ടിയുള്ള കർമ്മ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചുവരുന്നുണ്ട്.

ശ്രീ. കെ. ബാബു: സർ, പഞ്ചായത്തുകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വീട്ടുകരം ഈടാക്കുമ്പോൾ 600 സ്ക്വയർ ഫീറ്റിന് താഴെയുള്ള വീടുകൾക്ക് ടാക്സ് വേണ്ടായെന്നാണ് തീരുമാനിച്ചിരിക്കുന്നത്. അതിന്റെയടിസ്ഥാനത്തിൽ 25 ലക്ഷം മുതൽ 50 ലക്ഷം രൂപ വരെയുള്ള ഫ്ലാറ്റുകൾക്ക്, അവ 600 സ്ക്വയർ ഫീറ്റിന് താഴെയാണെങ്കിൽ നികുതി വേണ്ട എന്ന ഗണത്തിലാണ് പെടുന്നത്. അത്തരം ഫ്ലാറ്റുകളിൽനിന്ന് നികുതിയീടാക്കാൻ കഴിയുമോ?

ഡോ. കെ. ടി. ജലീൽ: സർ, 2013-ൽ പ്രോപ്പർട്ടി ടാക്സ് നിശ്ചയിച്ച സന്ദർഭത്തിൽ ഏതാണ്ട് എല്ലാവരും അത് അംഗീകരിച്ചതായിരുന്നു. എന്നാൽ കൊമേഴ്സ്യൽ ബിൽഡിംഗുകളുമായി ബന്ധപ്പെട്ട് ചില പരാതികൾ ഉയർന്നു വന്നതിന്റെ പശ്ചാത്തലത്തിലാണ് അതിൽ മാറ്റം വരുത്താൻ അന്നത്തെ ഗവൺമെന്റ് തീരുമാനിച്ചത്. അതിന് മാറ്റം വരുത്തിയപ്പോൾ 2000 സ്ക്വയർ ഫീറ്റ് വരെയുള്ള വീടുകൾക്ക് പഴയ നികുതി മതി എന്ന് തീരുമാനിച്ചു. അതോടൊപ്പം തന്നെ എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ 660 സ്ക്വയർ ഫീറ്റ് വരെയുള്ള വീടുകളെ മുഴുവൻ ടാക്സിന്റെ പരിധിയിൽനിന്ന് ഒഴിവാക്കി. പാവപ്പെട്ടവരുടെ വീടുകൾ മാത്രമല്ല ഇതിലൂടെ ഒഴിവാക്കപ്പെട്ടത്. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ 25-ഉം 50-ഉം ലക്ഷം രൂപ വിലമതിക്കുന്ന പട്ടണപ്രദേശങ്ങളിലെ ഫ്ലാറ്റുകളും 660 സ്ക്വയർ ഫീറ്റിൽ നികുതി ഒഴിവാക്കപ്പെട്ട കൂട്ടത്തിൽ ഉൾപ്പെടുന്നു. സത്യത്തിൽ ഇത് വലിയൊരു അന്യായമാണ്. ഇത്തരത്തിലുള്ള ഫ്ലാറ്റുകൾക്ക് നികുതി ചുമത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ട്.

ശ്രീ. പി. ടി. തോമസ്: സർ, യശശരീരനായ രാജീവ് ഗാന്ധി കൊണ്ടുവന്ന പഞ്ചായത്തീരാജ് നിയമത്തിന്റെ ചുവടുപിടിച്ചുകൊണ്ട് 1991-96-ലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. എ. കെ. ആന്റണി കേരള മുഖ്യമന്ത്രി ആയിരിക്കുമ്പോൾ പാസ്സാക്കിയ പഞ്ചായത്തീരാജ് നിയമത്തിന്റെ പ്രവർത്തനങ്ങൾക്കൊണ്ട് പഞ്ചായത്തുകൾക്ക്

ഇന്ന് കൃത്യമായ ദിശാബോധവും ജനപങ്കാളിത്തവുമൊക്കെ വന്നിരിക്കുകയാണ്. ആ പശ്ചാത്തലത്തിൽ ഇവിടെ ചർച്ചചെയ്യപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം തനത് ഫണ്ടിന്റെ കുറവാണ്. അതുസംബന്ധിച്ച് പഞ്ചായത്തുകൾക്ക് വ്യക്തമായ ചില അഭിപ്രായങ്ങളുണ്ട്. അസോസിയേഷനുകളുമായി സംസാരിച്ചാൽ കാര്യങ്ങൾ മനസ്സിലാകും. ഉദാഹരണമായി, കേബിൾ ടി.വി. പോലുള്ള സംവിധാനങ്ങളുടെയും മറ്റും നികുതി കുറച്ചെങ്കിലും പഞ്ചായത്തിന് അവ ലഭ്യമാക്കാൻ കഴിയുമോ തുടങ്ങിയ കാര്യങ്ങളടക്കം പുതിയ നികുതി മാർഗ്ഗങ്ങളെപ്പറ്റി പരിശോധിക്കാൻ കഴിയുമോ എന്ന് ആലോചിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, ബഹുമാന്യനായ രാജീവ് ഗാന്ധി കൊണ്ടുവന്ന പഞ്ചായത്തീരാജ് നിയമം ഇന്ത്യയൊട്ടുക്കും ബാധകമായിട്ടുള്ളതായിരുന്നു. എന്നാൽ പഞ്ചായത്തീരാജ് നിയമം ലക്ഷ്യമിട്ടിരുന്ന കാര്യങ്ങൾ കേരളത്തിലാണ് യാഥാർത്ഥ്യമാക്കാൻ സാധിച്ചത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിക്കുന്ന സമയത്ത് ആരംഭിച്ച ജനകീയാസൂത്രണ പദ്ധതിയാണ് അധികാര വികേന്ദ്രീകരണത്തിന്റെ മധു സാധാരണക്കാർക്ക് നുകരാനുള്ള സാഹചര്യമൊരുക്കിക്കൊടുത്തത്. ഓൺ ഫണ്ടിനെ സംബന്ധിച്ച് ബഹുമാന്യനായ അംഗം സൂചിപ്പിച്ചത് വളരെ ക്രിയാത്മകമായൊരു നിർദ്ദേശമാണ്. ഓൺ ഫണ്ട് വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് പഞ്ചായത്ത് പ്രസിഡന്റുമാരുമായി ആലോചന നടത്തണം. ഇതിനകംതന്നെ പഞ്ചായത്ത് അസോസിയേഷന്റെ ഭാരവാഹികൾ, ചേമ്പർ ഓഫ് ചെയർമാൻ, മേയർമാർ എന്നിവരുമായി ആലോചനകൾ നടത്തിക്കഴിഞ്ഞു. എങ്ങനെയൊക്കെയാണ് ഓൺ ഫണ്ട് വർദ്ധിപ്പിക്കുക; ഓൺ ഫണ്ടിന്റെ ഇനങ്ങൾ ഇപ്പോൾ പരിമിതമാണ്. നാല് ഇനങ്ങളിലൂടെയാണ് നികുതി-നികുതിയേതര വരുമാനങ്ങൾ ലഭിക്കുന്നത്. പുതിയ സോഴ്സുകൾ രൂപപ്പെട്ടിട്ടുണ്ട്. ആ സോഴ്സുകളെക്കൂടി പഞ്ചായത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് തീർച്ചയായും ശ്രമിക്കും. ടൂറിസം ഡെസ്റ്റിനേഷനുകളിൽനിന്ന് ഒരു പൈസപോലും ത്രിതലപഞ്ചായത്തുകൾക്ക്, ഗ്രാമപഞ്ചായത്തുകൾക്ക് നികുതിയായി ലഭിക്കുന്നില്ല. ക്വാറി, ക്രഷർ തുടങ്ങിയ മേഖലകളിൽനിന്നും ലൈസൻസ് ഫീസ് അല്ലാതെ മറ്റൊന്നുംതന്നെ ത്രിതലപഞ്ചായത്തുകൾക്ക് ലഭിക്കുന്നില്ല. ഇത്തരമൊരു സാഹചര്യം നിലനിൽക്കുന്നുണ്ട്. ഇതേക്കുറിച്ച് പഞ്ചായത്ത് പ്രസിഡന്റുമാർ, മുനിസിപ്പൽ ചെയർമാൻമാർ, കോർപ്പറേഷൻ മേയർമാർ എന്നിവരുമായി സംസാരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനനുസൃതമായ നടപടികൾ സർക്കാർ കൈക്കൊള്ളും.

## സംയോജിത നീർത്തട പരിപാലന പദ്ധതി

3 (*273) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. എൽദോസ് കുന്നപ്പിള്ളി:
ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗ്രാമീണ ജനതയുടെ വരുമാന സ്രോതസ്സ് മെച്ചപ്പെടുത്തി ജീവിത നിലവാരം ഉയർത്തുന്നതിന് സംയോജിത നീർത്തട പരിപാലന പദ്ധതി എങ്ങനെയാണ് പ്രയോജനപ്പെടുത്തിയത്; വിശദമാക്കാമോ:

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നത്; വിശദീകരിക്കാമോ?

(സി) പദ്ധതി നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്തുകളെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദമാക്കാമോ;

(ഡി) പദ്ധതി പ്രവർത്തനത്തിന് ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളെ എങ്ങനെയാണ് ശാക്തീകരിച്ചത്; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ,

(എ) നേരത്തെയുള്ള സംയോജിത നീർത്തട പരിപാലന പദ്ധതി IWMP, സ്വതന്ത്രമായൊരു പദ്ധതിയായിരുന്നു. ഇപ്പോൾ PMKSY-യുടെ നാല് ഘടകങ്ങളിലൊന്നായി അത് മാറിയിട്ടുണ്ട്. നീർത്തട പരിപാലന പദ്ധതിയനുസരിച്ച് ഇതിനകം സംസ്ഥാനത്തെ 2760 Joint Livelihood Group (JLG) -കൾക്കായി 7 കോടി 41 ലക്ഷം രൂപ പ്രാരംഭമൂലധനമായി നൽകിയിട്ടുണ്ട്. ആട് വളർത്തൽ, കോഴി വളർത്തൽ, ജൈവപച്ചക്കറികൃഷി, ചെറുകിട സംരംഭങ്ങളായ തയ്യൽ യൂണിറ്റ്, അച്ചാർ, കറിപൗഡർ, പപ്പടം നിർമ്മാണ യൂണിറ്റുകൾ, ഈറ്റ, മുള മുതലായവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നിവയാണ് ഈ പദ്ധതിക്കുകീഴിൽ നടന്നുവരുന്നത്.

(ബി) മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ അടിസ്ഥാന പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കലും കാർഷിക മേഖലയിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കലും ഗ്രാമീണ ജനതയുടെ ജീവിതനിലവാരം അഭിവൃദ്ധിപ്പെടുത്തലുമാണ് സംയോജിത നീർത്തട പരിപാലന പദ്ധതിയുടെ ലക്ഷ്യം.

(സി) പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുന്ന ബ്ലോക്ക് പഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകുന്നതിനായി സാങ്കേതിക വിദഗ്ദ്ധരടങ്ങിയ Watershed Development Team (WDT) രൂപീകരിച്ച് പദ്ധതിയുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധിക്കുന്നുണ്ട്. ബ്ലോക്ക് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള ബ്ലോക്കുതല കോ-ഓർഡിനേഷൻ കമ്മിറ്റിയും രൂപീകരിച്ച് പദ്ധതി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചുവരുന്നു.

(ഡി) ജില്ലാതലങ്ങളിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള Watershed Cell cum Data Centre (WCDC) രൂപീകരിച്ചിട്ടുണ്ട്. നീർത്തടപദ്ധതിയുടെ ആസൂത്രണവും നിർവ്വഹണവും ജില്ലാ ആസൂത്രണ സമിതിക്കാണ്. ഡി.പി.സി.-യെ ഇക്കാര്യത്തിൽ സഹായിക്കുന്നതിനായി ഒരു കോ-ഓർഡിനേഷൻ കമ്മിറ്റിയും ജില്ലാതലത്തിൽ പ്രവർത്തിച്ചുവരുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ച സംയോജിത നീർത്തട പരിപാലന പദ്ധതിയുടെ ലക്ഷ്യങ്ങൾ വളരെ വലുതാണ്. മുൻകാലങ്ങളിലും അങ്ങനെയാണ്. കാർഷിക മേഖലയുടെ മുന്നേറ്റം, വരുമാന സ്രോതസ്സ് ഉണ്ടാക്കൽ, ജലസംരക്ഷണം തുടങ്ങിയവയൊക്ക ഇതിന്റെ ഘടകങ്ങളാണ്. രണ്ടായിരത്തിലധികം കേന്ദ്രങ്ങളിൽ ഇത് നടപ്പാക്കുമ്പോൾ കൊടുത്തതുക വളരെ പരിമിതമാണെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി.

എന്റെ ചോദ്യം, കാലവർഷമായിട്ടുപോലും നമ്മുടെ ജലസ്രോതസ്സുകളിൽ, ജൂൺ-ജൂലായ് മാസങ്ങളിൽ ആവശ്യമായ ജലവിതാനം ഉയർന്നിട്ടില്ല. ഭൂജലനിരപ്പ് കുറഞ്ഞുവരുന്നുവെന്നുള്ളത് എല്ലാവർക്കും അറിവുള്ള കാര്യമാണ്. അതുകൊണ്ട് ഇതിനൊരു ഫോക്കസ് കൊടുക്കേണ്ടതാണ്. നീർത്തട പദ്ധതിക്ക് ഇത്രയധികം ലക്ഷ്യങ്ങൾ ഉണ്ട്. നമ്മുടെ ജലസ്രോതസ്സുകൾ നിലനിർത്തുന്നതിനുവേണ്ടി കൂടുതൽ ഫണ്ട് അതിനായി നീക്കിവയ്ക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകണം. ഫണ്ട് അനുവദിക്കുമ്പോൾതന്നെ കോഴി, ആട്, പച്ചക്കറിക്കൃഷി ഉണ്ടാക്കൽ തുടങ്ങിയ ഓരോ കാര്യത്തിനും പ്രത്യേകമായി ഫണ്ട് കൊടുക്കുന്നു എന്നുപറയുകയാണ്. അതുപോലെ ലിമിറ്റ് ചെയ്തുകൊണ്ടാണ് ഇന്ന് നീർത്തടങ്ങളിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കാനുള്ള ഫണ്ടും നീക്കിവയ്ക്കുന്നത്. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ, ആകെവരുന്ന തുകയിൽ, ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് ആവശ്യമായ കൂടുതൽ ഫണ്ട്, ഇതിനകത്തുനിന്നുകൊണ്ട് നീക്കിവയ്ക്കാനുള്ള നിർദ്ദേശം ഗവൺമെന്റിന് കൊടുക്കാൻ കഴിയുമോ ?

ഡോ. കെ. ടി. ജലീൽ: സർ, എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും സംസ്ഥാനങ്ങളിൽ അവരവരുടേതായ നിയമങ്ങളും ചട്ടങ്ങളും നിലനിൽക്കുന്നുണ്ട്. ഏതെങ്കിലും ഒരു കോമ്പോണന്റിനുമാത്രമായി ആ സംഖ്യ പ്രയോജനപ്പെടുത്താൻ കഴിയില്ല. വിവിധ കോമ്പോണന്റുകൾക്കായി ആ സംഖ്യ വകയിരുത്തേണ്ടതായി വരും. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. ഏറ്റവും കൂടുതൽ പ്രാമുഖ്യം നൽകേണ്ടത് ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനാണ്. 2016-ൽ ഏത് പദ്ധതികളൊക്കെയാണ് ഏറ്റെടുക്കേണ്ടത്, ഏതിനൊക്കെയാണ് മുൻഗണന നൽകേണ്ടത് എന്നുള്ളതിനെ സംബന്ധിച്ച് ചർച്ചചെയ്തപ്പോൾ ഭാരതപ്പുഴയുടെ പുനരുജ്ജീവനത്തിനായി ഒരു ബൃഹത്പദ്ധതി ആവിഷ്കരിക്കാൻ തീരുമാനിച്ചതും നിലവിലുള്ള ജലസംഭരണികൾ സംരക്ഷിക്കുന്ന കാര്യത്തിന് പ്രാധാന്യം നൽകണം എന്നുള്ള നിഗമനത്തിൽ എത്തിയതും ഇതുകൊണ്ടാണ്. ഇവയെ അടിസ്ഥാനമാക്കിയായിരിക്കും 2016-ൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട പദ്ധതികൾക്കും പരിപാടികൾക്കും രൂപം നൽകുക എന്ന് അറിയിക്കുകയാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതു പോലെ എല്ലാ പഞ്ചായത്തുകളിലേയും നീർത്തടങ്ങൾ ഐഡന്റിഫൈ ചെയ്ത് ഏതൊക്കെ പഞ്ചായത്തുകളുടെ കൈവശം ഉള്ളത്, എവിടെയൊക്കെയാണ് ഈ പദ്ധതി നടപ്പാക്കേണ്ടതെന്ന് തീരുമാനിച്ചിട്ടുണ്ട്. വരുംവർഷങ്ങളിൽ അത് നടപ്പാക്കുമെന്ന് പറയുന്നു. ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ മാനദണ്ഡങ്ങളിൽ മാറ്റംവന്ന സാഹചര്യത്തിൽ അതിന്റെ ഫണ്ട് കൂടി ഇത്തരം കാര്യങ്ങൾക്ക് വിനിയോഗിച്ചു കൊണ്ട് നീർത്തടപദ്ധതികൾ നല്ല രീതിയിൽ നടപ്പാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, തീർച്ചയായും. ദേശീയ തൊഴിലുറപ്പ് പദ്ധതി അനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് ഇക്കാലമത്രയും നടന്ന പ്രവർത്തനങ്ങൾ എന്ത് എന്നുചോദിച്ചാൽ നമുക്ക് ചൂണ്ടിക്കാണിക്കാൻ സാധിക്കാത്ത സ്ഥിതി ഇന്ന് നിലനിൽക്കുന്നുണ്ട്. രണ്ടോ മൂന്നോ മാസം മാത്രം ആയുസ്സുള്ള പ്രവൃത്തികളാണ് ദേശീയ തൊഴിലുറപ്പ് പദ്ധതി അനുസരിച്ച് നമ്മുടെ സംസ്ഥനത്ത് മഹാഭൂരിഭാഗവും നടന്നിട്ടുള്ളത്. വളരെ കുറച്ചുമാത്രം സ്ഥായിയായിട്ടുള്ള ആസ്തി ചൂണ്ടിക്കാണിച്ചു കൊടുക്കാൻ തക്കരൂപത്തിലുള്ളത് നടന്നിട്ടുണ്ട് എന്നുള്ളത് ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ മറ്റുപല സംസ്ഥാനങ്ങളിലും പ്രത്യേകിച്ച് ആന്ധ്രാപ്രദേശ് പോലുള്ള സംസ്ഥാനങ്ങളിൽ വളരെ ഫലപ്രദമായി അഞ്ചോ പത്തോ വർഷങ്ങൾ കഴിഞ്ഞാലും ചൂണ്ടിക്കാണിച്ചുകൊടുക്കാൻ കഴിയുമാറുള്ള പദ്ധതികളാണ് ദേശീയ തൊഴിലുറപ്പ്

പദ്ധതി അനുസരിച്ച് നിർവ്വഹിച്ചിട്ടുള്ളത്. അങ്ങനെയുള്ള പദ്ധതികൾ നിർവ്വഹിക്കുന്നതിനെ കുറിച്ച് സർക്കാർ ഇപ്പോൾ ഗൗരവപൂർവ്വം ആലോചിക്കുന്നുണ്ട്. ഈ വർഷം ഞങ്ങൾ 25 ബ്ലോക്കുകളെ പൈലറ്റ് ബ്ലോക്കുകളാക്കി എടുത്തുകൊണ്ട് ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ, ജലസംഭരണികൾ സംരക്ഷിക്കുക, ചെക്ക് ഡാമുകൾ നിർമ്മിക്കുക, വെള്ളത്തിന്റെ ലഭ്യത ഉറപ്പുവരുത്തുക, കാവുകൾ സംരക്ഷിക്കുക മുതലായ പദ്ധതികൾക്ക് പ്രാമുഖ്യം നൽകിയാണ് സർക്കാർ ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കണമെന്ന് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, അങ്ങ് ചോദ്യത്തിന് ഉത്തരം പറഞ്ഞപ്പോൾ എനിക്ക് രേഖാമൂലം തന്നിരിക്കുന്ന ഉത്തരത്തിൽ ഇല്ലാത്ത കാര്യങ്ങളാണ് പറഞ്ഞത്. ചോദ്യം നമ്പർ 'എ' ക്ക് നൽകിയ മറുപടിയിൽ അങ്ങിവിടെ വായിച്ച ഉത്തരവും എനിക്ക് രേഖാമൂലം തന്നിരിക്കുന്ന ഉത്തരവും തമ്മിൽ കാര്യമായ ബന്ധമില്ല. അത് ഞാൻ ചൂണ്ടിക്കാണിക്കുന്നുവെന്നേയുള്ളൂ. എന്റെ ചോദ്യം, ഇന്റഗ്രേറ്റഡ് വാട്ടർഷെഡ് മാനേജ്മെന്റ് പ്രോഗ്രാം പുനഃസ്ഥാപിച്ചുകൊണ്ട് പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന എന്ന പദ്ധതി വന്നപ്പോൾ ആ പദ്ധതിക്കായി പഞ്ചായത്തുകളുമായി ആലോചിച്ച് ബ്ലോക്ക് പഞ്ചായത്തുകളോട് പദ്ധതി നിർദ്ദേശം സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ എല്ലാ ബ്ലോക്കുകളും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; അനുവദിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിഹിതം എത്രയാണ് എന്ന് വിശദമാക്കുമോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ഇതിനായുള്ള പ്രൊപ്പോസലുകൾ ചില ബ്ലോക്ക് പഞ്ചായത്തുകളിൽനിന്നും ലഭിച്ചിട്ടുണ്ട്. ഇതിന് പ്രത്യേകമായി എത്ര ഫണ്ടാണ് അനുവദിച്ചുവന്നിട്ടുള്ളത് എന്നത് സംബന്ധിച്ച വ്യക്തമായ കണക്ക് ലഭ്യമല്ല. അത് അന്വേഷിച്ചതിനുശേഷം ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നതാണ്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> സർ, സംയോജിത നീർത്തട പരിപാലന പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിൽ ഒന്നാണ് കാർഷിക അനുബന്ധ മേഖലകളിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക എന്നത്. ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻവേണ്ടി എന്തെല്ലാം നൂതന പദ്ധതികളാണ് ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ളത്? കാർഷിക മേഖലയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കണമെങ്കിൽ കൃഷി വകുപ്പിന്റെ സഹകരണം അത്യാവശ്യമാണ്. എന്നാൽ ഈ പദ്ധതി കൃഷി വകുപ്പുമായി ബന്ധപ്പെട്ടു പോകുന്നില്ല എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഈ പദ്ധതിയെ കൃഷി വകുപ്പുമായി ബന്ധപ്പെട്ടുപോകുന്ന രീതിയിലേക്ക് മാറ്റിയെടുക്കാൻ സാധിക്കുമോ ?

ഡോ. കെ. ടി. ജലീൽ: സർ, ഈ പദ്ധതി ഫലപ്രദമായി നടപ്പിലാക്കണമെങ്കിൽ കൃഷി വകുപ്പിന്റെ സഹകരണം ആവശ്യമാണ്. ഇതുവരെ നടന്ന പദ്ധതികളിൽ വന്നിട്ടുള്ള പോരായ്മകൾ, അത് ഏതെങ്കിലും സർക്കാരിന്റെ ഉത്തരവാദിത്വമില്ലായ്മയാണെന്ന് ഞാൻ പറയുന്നില്ല, കാലാകാലങ്ങളായി തുടർന്നു വരുന്ന രീതികളിലും ശീലങ്ങളിലും മാറ്റം വരുത്തി ജനങ്ങൾക്ക് ഫലപ്രദമായി പ്രയോജനപ്പെടുംവിധം ഇതെങ്ങനെയാണ് ഉപയോഗപ്പെടുത്തുക, പ്രത്യേകിച്ച് ഉല്പാദനമേഖലയ്ക്ക് മുതൽക്കൂട്ടാകുംവിധം ഈ പദ്ധതികളെ പ്രയോജനപ്പെടുത്തുവാൻ എന്തൊക്കെയാണ് മാർഗ്ഗങ്ങൾ എന്നത് സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചു വരുന്നുണ്ട്. കൃഷി വകുപ്പുമായി ബന്ധപ്പെട്ട് സംയുക്തമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾ ആ നിലയ്ക്കുതന്നെ ഗവൺമെന്റ് നടപ്പിലാക്കും.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഇത്തരം വിഷയങ്ങളിൽ തദ്ദേശസ്വയംഭരണം, കൃഷി, ഇറിഗേഷൻ എന്നീ വകുപ്പുകളെ ഏകോപിപ്പിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇന്ന് ഒരു മീറ്റിംഗ് വിളിച്ചുകൂട്ടിയിട്ടുണ്ട്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, വളരെ നല്ല ഉദ്ദേശ്യലക്ഷ്യത്തോടു കൂടിയാണ് സംയോജിത നീർത്തട പരിപാലന പദ്ധതി നടന്നുവരുന്നത്. അതിന്റെ പ്രധാനപ്പെട്ട ലക്ഷ്യം അങ്ങ് എഴുതിത്തന്നതുപോലെ തന്നെ അടിസ്ഥാന പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുക, മണ്ണിന്റെ ഫലപുഷ്ടീശോഷണം തടയുക, ഭൂജലവിതാനം ക്രമാനുഗതമായി ഉയർത്തുക മുതലായവയാണ്. എന്നാൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഒന്നു മാത്രമാണ്, ആകെ പദ്ധതിത്തുകയുടെ 9 ശതമാനം എടുത്തുകൊണ്ട് ദരിദ്രകുടുംബങ്ങൾക്കുള്ള ജീവനോപാധികൾ മെച്ചപ്പെടുത്തുക എന്നുള്ളത്. എന്റെ നിയോജകമണ്ഡലത്തിൽ പലസ്ഥലങ്ങളിലും പ്രത്യേകിച്ച് നെയ്യാർഡാമും കള്ളിക്കാടും ചേർന്നുള്ള പ്രദേശങ്ങളിലൊക്കെ ഇത് നടക്കുന്നുണ്ട്. ഞാൻ ഇതിൽ കണ്ടുവന്ന ഒരു ബുദ്ധിമുട്ട്, ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും എനർജിയും സമയവും ഏറ്റവും കൂടുതൽ ചെലവഴിക്കുന്നത് ഈ 9 ശതമാനം ഫണ്ട് ഏതൊക്കെ ബെനഫിഷ്യറീസിന് കൊടുക്കുമെന്നുള്ള കാര്യത്തിലാണ്. ഇതിനേക്കാൾ വലിയ ഒരു ഉദ്ദേശ്യലക്ഷ്യം ഈ പദ്ധതിക്കുണ്ട് എന്നുള്ള കാര്യം ജനങ്ങൾ അറിയുന്നില്ല. അതിനെക്കുറിച്ച് എന്തെങ്കിലും ചെയ്യുവാനുള്ള തീരുമാനങ്ങൾ സർക്കാർ എടുത്തിട്ടുണ്ടോ ?

ഡോ. കെ. ടി. ജലീൽ: സർ, പലപ്പോഴും ഫണ്ടുകൾ വിനിയോഗിക്കുന്ന കാര്യത്തിൽ മുൻഗണനാക്രമം നിശ്ചയിക്കുമ്പോൾ അപ്രധാനമായിട്ടുള്ള കാര്യങ്ങൾക്കാണ് മുൻഗണന നൽകുകയും മുൻഗണന നൽകേണ്ടവ അവഗണിക്കപ്പെടുകയും ചെയ്യുന്ന സ്ഥിതിയുണ്ട്. ജനപ്രതിനിധികളുടെ സജീവമായ ഇടപെടൽ ഇക്കാര്യത്തിൽ അനിവാര്യമാണ്. ഇതുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളുടെ അഭിപ്രായവുംകൂടി ആരാഞ്ഞ് പദ്ധതികൾ ആവിഷ്കരിക്കണമെന്നും (രൂപം നൽകണമെന്നും) നടപ്പിലാക്കണമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. വി. ജോയി: സർ, ഐ.ഡബ്ല്യു.എം.പി.-യുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തുകളെ സഹായിക്കുന്നതിന് വാട്ടർ ഷെഡ്സ് ഡെവലപ്മെന്റ് ടീമുണ്ട്. ആ ടീമിന്റെ കാര്യക്ഷമതയെ സംബന്ധിച്ച് പരിശോധിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, സാങ്കേതികമായി ബ്ലോക്ക് പഞ്ചായത്തുകളെ ശക്തമാക്കുവാൻവേണ്ടി രൂപം നൽകിയിട്ടുള്ളതാണ് വാട്ടർ ഷെഡ്സ് ഡെവലപ്മെന്റ് ടീം. സാമൂഹ്യ ചാലകൻ (സോഷ്യൽ മൊബിലൈസർ), കൃഷി വിദഗ്ദ്ധൻ (അഗ്രി എക്സ്പെർട്ട്), സിവിൽ എഞ്ചിനീയർ, ഡേറ്റാ ഓപ്പറേറ്റർ ഇവരാണ് ഇതിൽ ഉൾപ്പെടുന്നത്. ബ്ലോക്ക് പഞ്ചായത്തുകളിൽ ഈ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനും ഫലപ്രദമായി നടപ്പിലാക്കുന്നതിനും സർക്കാർ ആവശ്യമായിട്ടുള്ള നടപടികൾ കൈക്കൊള്ളും.

## അടിയന്തര ചോദ്യം

## കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറത്തും പരിസര പ്രദേശങ്ങളിലും പടരുന്ന കോളറ രോഗം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറത്തും പരിസരപ്രദേശങ്ങളിലും കോളറ രോഗം വ്യാപകമായി പടർന്നുപിടിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

(ബി) ആയത് അടിയന്തരമായി തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 14-7-2016 മുതൽ 17-7-2016 വരെ മലപ്പുറം ജില്ലയിൽ കുറ്റിപ്പുറം ഭാഗത്തുനിന്ന് ഛർദ്ദിയും അതിസാരവും ബാധിച്ച 84 പേർ മലപ്പുറം, തൃശ്ശൂർ കോഴിക്കോട് ജില്ലകളിലെ ആശുപത്രികളിൽ ചികിത്സ തേടിയിട്ടുണ്ട്. ഇതിൽ 6 പേർ തൃശ്ശൂർ അമല ആശുപത്രിയിലും 2 പേർ കോഴിക്കോട് മിംസ് ആശുപത്രിയിലും ഓരോ ആൾ വീതം തിരൂർ ജില്ലാ ആശുപത്രിയിലും കോഴിക്കോട് മെഡിക്കൽ കോളേജിലും ചികിത്സയിലാണ്. കുറ്റിപ്പുറം സി.എച്ച്.സി.-യിൽ 17-7-2016-ന് ചികിത്സ തേടിയവരിൽ 2 പേരെ കിടത്തി ചികിത്സിക്കുകയും 4 പേരെ നിരീക്ഷണ വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടുചെയ്ത വയറിളക്ക രോഗങ്ങളിൽ 2 പേർക്ക് കോളറ രോഗം ലബോറട്ടറി പരിശോധനവഴി സ്ഥിരീകരിച്ചിട്ടുണ്ട്. 4 രോഗികൾ മലപ്പുറം ജില്ലയിൽ വീടുകളിൽ ചികിത്സയിൽ തുടർന്നുവരുന്നു. ജില്ലാമെഡിക്കൽ ആഫീസറുടെ നേതൃത്വത്തിലുള്ള ജില്ലാതല അന്വേഷണ സംഘത്തിന്റെ വിശദമായ അന്വേഷണത്തിൽ (Out break investigation) റെയിൽവേ സ്റ്റേഷൻ പരിസരത്തുള്ള 2 ഹോട്ടലുകളിൽനിന്ന് ഭക്ഷണം കഴിച്ചവർക്കാണ് ഈ രോഗം ബാധിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ ഹോട്ടലുകൾ അടച്ചിടാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ഹോട്ടലിന്റെ മുൻവശത്തും പിൻവശത്തുമുള്ള അഴുക്കുചാലുകൾ പൊട്ടിപ്പൊളിഞ്ഞ് ദുർഗന്ധം വമിക്കുന്ന മലിനജലം പരിസരത്തൊക്കെ വ്യാപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. കുറ്റിപ്പുറം ഠൗണിനകത്തുള്ള ഓടകൾ പ്ലാസ്റ്റിക് അടക്കമുള്ള ഖരമാലിന്യങ്ങൾ നിറഞ്ഞ് അടഞ്ഞുകിടക്കുകയാണ്. മഴ ശക്തിപ്രാപിക്കുമ്പോൾ ഈ ഓടകളിലുള്ള മലിനവസ്തുക്കൾ സമീപ പ്രദേശങ്ങളിൽ വ്യാപിക്കാനും കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടാനും സാധ്യതയുണ്ട്. അടിയന്തരമായി ഓടകൾ വൃത്തിയാക്കുന്നതിനും ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനും പഞ്ചായത്തിനും പി.ഡബ്ല്യു.ഡി.-ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സംശയം തോന്നി പൊതുജലവിതരണ പദ്ധതി നിർത്തി വയ്പിക്കുകയും സംശയാസ്പദമായ ഭക്ഷ്യവസ്തുക്കൾ, കുടിവെള്ളം എന്നിവയുടെ സാമ്പിളുകൾ പരിശോധനയ്ക്കയയ്ക്കുകയും ചെയ്തിട്ടുണ്ട്. രോഗ നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു:

- വീടുവിടാന്തരം കയറിയിറങ്ങിയുള്ള നിയന്ത്രണ പ്രവർത്തനങ്ങൾ, ആരോഗ്യ ബോധവത്കരണ പരിപാടിയുടെ ഭാഗമായി മൈക്ക് അനൗൺസ്മെന്റ് പ്രചരണം എന്നിവ നടത്തിവരുന്നു.
- ഡോക്സി സൈക്ലിൻ പ്രതിരോധമരുന്ന് നൽകിക്കൊണ്ടുള്ള പ്രതിരോധ പ്രവർത്തനവും ഒ.ആർ.എസ്.-ന്റെ ലഭ്യതയും ഉറപ്പുവരുത്തിയിട്ടുണ്ട്.

- തിളപ്പിച്ചാറ്റിയ വെള്ളം മാത്രമേ കുടിക്കാവൂ എന്ന സന്ദേശം നൽകിയിട്ടുണ്ട്.
- ആഹാരത്തിനുമുമ്പ് കൈകൾ സോപ്പുപയോഗിച്ച് കഴുകി വൃത്തിയാക്കാനുള്ള ബോധവൽക്കരണം നൽകിയിട്ടുണ്ട്.
- കുടിവെള്ള ശുചിത്വം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കുടിവെള്ള സ്രോതസ്സുകളിൽ ക്ലോറിനേഷൻ/സൂപ്പർ ക്ലോറിനേഷൻ എന്നിവ നടത്തിയിട്ടുണ്ട്.
- രോഗബാധിത പ്രദേശങ്ങളിലെ ഹോട്ടലുകൾ ആരോഗ്യപ്രവർത്തകർ സന്ദർശിച്ച് പൊതുജനാരോഗ്യ നിയമപ്രകാരം നടപടി എടുത്തു വരുന്നു.
- ആരോഗ്യപ്രവർത്തകർ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും പ്രവർത്തനങ്ങൾ നിത്യേന മോണിറ്റർ ചെയ്യുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.
- ഭക്ഷ്യസുരക്ഷാവകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കളക്ടറുടെ നേതൃത്വത്തിലുള്ള ജില്ലാ ഭരണകൂടവും ആരോഗ്യ വകുപ്പുമായി ചേർന്നാണ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി വരുന്നത്.
- 17-7-2016-ന് സംസ്ഥാന എപ്പിഡമിയോളജിസ്റ്റ് രോഗബാധിത പ്രദേശം സന്ദർശിച്ച് സ്ഥിതി വിലയിരുത്തി.
- ഏതാനും പുതിയ രോഗബാധിതർ സമീപ പഞ്ചായത്തായ തിരുനാവായിൽനിന്നും ചികിത്സക്കെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
- പ്രതിരോധ പ്രവർത്തനങ്ങൾ പ്രസ്തുത പഞ്ചായത്തിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്.

എല്ലാവിധത്തിലുള്ള പ്രതിരോധ നടപടികളും ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, കഴിഞ്ഞ ആഴ്ചയിലാണ് ഈ സഭയിൽ ഡിഫ്ത്തീരിയ സംബന്ധിച്ച് അടിയന്തരപ്രമേയാവതരണം ആവശ്യപ്പെട്ട് ചർച്ച നടത്തുകയും അതിന് മറുപടി പറയുകയും ചെയ്തത്. അതിനാവശ്യമായ

വാക്സിനുകൾ മലപ്പുറത്ത് കിട്ടുന്നില്ല എന്ന് പത്രങ്ങളിലൂടെയും മറ്റും വാർത്തകൾ വന്നിരുന്നു. കോളറ ആണോയെന്ന് പരിശോധിക്കുന്നതിന് ആവശ്യമായ ആദ്യത്തെ ടെസ്റ്റായ ഹാംഗിംഗ് ഡ്രോപ്, അതിനുശേഷം അത് പൂർണ്ണമായി സ്ഥിരീകരിക്കാൻ കൾച്ചർ എന്നിവയാണ് നടത്തുന്നത്. ഇവ രണ്ടിന്റെയും പരിശോധനാ സൗകര്യങ്ങൾ കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ തീരെയില്ല. അതിന്റെ തൊട്ടടുത്തുള്ള മഞ്ചേരി മെഡിക്കൽ കോളേജിലാണുള്ളത്. അത് ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, നമുക്ക് നിലവിലുള്ള മൂന്ന് ലബോറട്ടറികളെ ഉപയോഗപ്പെടുത്തിക്കൊണ്ടുതന്നെ ഈ പരിശോധന നടത്താൻ സാധിക്കുന്നുണ്ട്. ലബോറട്ടറികളിൽ സൗകര്യമില്ലാത്തതിന്റെ ഭാഗമായി പരിശോധനയൊന്നും മുടങ്ങിയിട്ടില്ല. കോളറ എന്ന് സംശയം തോന്നിയ സ്ഥലത്ത് അത് ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. രണ്ടുപേർക്ക് അതാണെന്നാണ് അറിഞ്ഞത്. മറ്റുള്ളത് സാധാരണ വയറിളക്കമാണ്. അതിനെല്ലാം ചികിത്സ നൽകിയിട്ടുണ്ട്; ചികിത്സ ഫലപ്രദമായിട്ടുമുണ്ട്.

<u>ശ്രീ. കെ. കൃഷ്ണൻ കുട്ടി</u>: സർ, എന്റെ നിയോജകമണ്ഡലത്തിൽ മൂന്നുപേർ മരിച്ചു. 127 പേർ രോഗബാധിതരാണ്. ഇന്നലെ ഇതുസംബന്ധിച്ച് സബ്മിഷൻ തന്നിരുന്നു. അങ്ങ് അനുവദിക്കാമെന്നും പറഞ്ഞു. അത് അനുവദിക്കാത്തതിൽ വലിയ വിഷമമുണ്ട്. നിയോജകമണ്ഡലത്തിലെ ഇത്രയും വലിയ പ്രശ്നം ഇവിടെ ഉന്നയിക്കാൻ പറ്റുന്നില്ലെങ്കിൽ പിന്നെങ്ങനെയാണ്? അവിടെ ആശുപത്രിയിൽ ഡോക്ടർമാരില്ല തുടങ്ങി ഒരുപാട് കാര്യങ്ങളുണ്ട്. ഒരു ചോദ്യത്തിൽ ഒതുക്കാവുന്ന ഒരു കാര്യമല്ല. അതാണ് സബ്മിഷനായി കൊണ്ടുവന്നത്. ഇന്നലെ അങ്ങ് അനുവദിച്ചതാണ്. അതിനുശേഷം പറ്റില്ലെന്നു പറഞ്ഞാൽ എങ്ങനെയാണ്. മൂന്ന് ആശുപത്രികളുള്ളതിൽ മൂന്നിടത്തും ഡോക്ടർമാരില്ലാത്ത അവസ്ഥയാണ്. മെഡിക്കൽ ടീമൊക്കെ അവിടെ വന്നെങ്കിലും ആശുപത്രികളിൽ ഡോക്ടർമാരും സ്റ്റാഫുമില്ലാത്തത് വലിയ പ്രശ്നം തന്നെയാണ്. അതുപോലെ മരിച്ച ആളുകളുടെ ആശ്രിതർക്ക് നഷ്ടപരിഹാരം കൊടുക്കാനുള്ള സംവിധാനമുണ്ടാക്കാൻ സാധിക്കുമോ എന്ന കാര്യംകൂടി ആലോചിക്കണം.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി പഞ്ചായത്തിൽ നന്ദിയോട് ബ്ലോക്കിൽ 127 പേർക്ക് വയറിളക്കം ബാധിച്ചതായി റിപ്പോർട്ടുണ്ട്. ജലനിധിയുടെ കുടിവെള്ള വിതരണ പദ്ധതിയിൽനിന്നാണ് ആളുകൾ വെള്ളമെടുക്കുന്നത്. അവിടത്തെ കിണറുകളിൽ രോഗാണുക്കളുടെ കണ്ടാമിനേഷൻ

അളവിലും കൂടുതൽ ഉള്ളതുകൊണ്ടാണ് ആ വെള്ളമെടുത്ത് കുടിക്കുന്ന ആളുകൾക്ക് അസുഖമുണ്ടാകുന്നത്. അവർ പൈപ്പ് ലൈനിൽനിന്നും നേരിട്ട് വെള്ളമെടുക്കുകയല്ല ചെയ്യുന്നത്, വെള്ളം കിട്ടാതെ വരുമ്പോൾ പൈപ്പ് ലൈനിന്റെ ചുവട് കുഴിച്ച് അവിടെനിന്നും വെള്ളമെടുക്കാറുണ്ട്. അതുപോലെതന്നെ ആ പരിസരപ്രദേശത്തുള്ള ടോയ്‌ലെറ്റുകളുടെ ടാങ്ക് ശരിയാംവണ്ണം നിർമ്മിക്കാത്തതുകൊണ്ടും ചില ബുദ്ധിമുട്ടുകൾ അവിടെ വന്നിട്ടുണ്ട്. കുട്ടികൾ തുറസ്സായ പ്രദേശത്ത് മലവിസർജ്ജനം ചെയ്യുന്നതായി വ്യക്തമായിട്ടുണ്ട്. രോഗ നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി അതെല്ലാം പരിഹരിക്കാനുള്ള ശ്രമം ഈ ഗവൺമെന്റ് നടത്തുന്നുണ്ട്. അതിന് മാറ്റം ഉണ്ടാക്കാൻ സാധിക്കും. അവിടെ വയറിളക്കം ബാധിച്ച് മരണപ്പെട്ടത് 80-88 വയസ്സ് പ്രായം വരുന്ന രണ്ട് സ്ത്രീകളും 60 വയസ്സുള്ള ഒരാളുമാണ്. വയറിളക്കം ബാധിച്ചാണ് അവർക്ക് മരണം സംഭവിച്ചിട്ടുള്ളത്. നഷ്ടപരിഹാരം കൊടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി കൂടിയാലോചിച്ച് പറയാം.

ആശുപത്രികളിൽ ഡോക്ടർമാരില്ലാത്തത് ഇവിടെ എല്ലാവരും ഉന്നയിക്കുന്ന ഒരു പ്രശ്നമാണ്. ഇത് അടിയന്തരമായി പരിഹരിക്കാനുള്ള നടപടി ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ സ്പെഷ്യലൈസ്ഡ് ഡോക്ടർമാരുടെ കൗൺസിലിംഗും നടക്കുകയാണ്. ഡോക്ടർമാരെ നൽകാനുള്ള ശ്രമങ്ങൾ നടന്നുവരുന്നുണ്ട്. അത് വിജയിക്കുമെന്നു തന്നെയാണ് പറയാനുള്ളത്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കാർഷിക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം

4 (*274) ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെ കീഴിൽ ആരംഭിച്ച കാർഷിക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഇവയുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിപുലീകരണ പദ്ധതിയുടെ വിശദവിവരം നൽകാമോ;

(സി) പുതുതലമുറയ്ക്ക് കൃഷിയോടുള്ള താല്പര്യം വർദ്ധിപ്പിക്കാനുതകുന്ന എന്തൊക്കെ പരിപാടികളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ) ഉണ്ട്. കേരളത്തിലെ കാർഷിക മേഖല അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രതിസന്ധികളാണ് കർഷകത്തൊഴിലാളികളുടെ കുറവും വർദ്ധിച്ചുവരുന്ന കൃഷിച്ചെലവും. ഇവയ്ക്ക് ഒരു പരിഹാരമെന്ന നിലയിൽ ആരംഭിച്ച കർഷക സേവന കേന്ദ്രങ്ങൾ അഥവാ അഗ്രോസർവ്വീസ് സെന്ററുകൾ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിച്ചുവരുന്നു. ബന്ധപ്പെട്ട കൃഷി ഓഫീസർമാർ അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തുകയും മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കാത്ത സെന്ററുകൾക്ക് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

(ബി) ഉണ്ട്. കാർഷിക സേവന കേന്ദ്രങ്ങളുടെ നിലവിലെ പ്രവർത്തനം വിലയിരുത്തി മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നവയ്ക്ക് മണ്ണ് പരിശോധനാ ലാബ്, ബയോഫാർമസി, നഴ്സറി എന്നിവ ആരംഭിക്കുന്നതിനും മൂന്ന് അല്ലെങ്കിൽ നാല് ചക്ര വാഹനങ്ങൾ വാങ്ങുന്നതിനും ധനസഹായം നൽകിവരുന്നു.

(സി) പുതുതലമുറയെ കാർഷിക രംഗത്തേക്ക് ആകർഷിക്കുന്നതിന്റെ ഭാഗമായി 25 രൂപ ചെലവ് വരുന്ന വിവിധയിനം പച്ചക്കറി വിത്തുകൾ 10 ലക്ഷം സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി നൽകിവരുന്നു. ആയത് വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിന് ഉതകുന്ന രീതിയിൽ പ്രതിപാദിച്ചുകൊണ്ടുള്ള ലഘുലേഖകൾ നൽകുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ വിദ്യാലയ വളപ്പുകളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് പ്രവർത്തന ചെലവ് ഉൾപ്പെടെ 5000 രൂപ ധനസഹായമായി നൽകിവരുന്നുണ്ട്. സ്കൂൾ തലത്തിൽ കർഷകതിലകം, കർഷക പ്രതിഭ അവാർഡുകൾ ലഭിക്കുന്ന വിദ്യാർത്ഥി/വിദ്യാർത്ഥിനിക്ക് കാർഷിക സർവ്വകലാശാല നടത്തുന്ന ബി.എസ്.സി. അഗ്രിക്കൾച്ചർ കോഴ്സ് പ്രവേശനത്തിനായി 1 (ഒന്ന്) സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. കൃഷി സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യവും ആലോചിക്കുന്നുണ്ട്. കൂടാതെ അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേന എന്നിവവഴി യന്ത്രവത്ക്കരണം വ്യാപകമാക്കുന്നതിനും ആയതിൽ യുവജനങ്ങളെ ആകർഷിക്കുന്നതിനും ഉദ്ദേശിക്കുന്നു.

**കുടുംബശ്രീയെ ശാക്തീകരിക്കുന്നതിന് പദ്ധതികൾ**

5(*275) ശ്രീ. സി. കൃഷ്ണൻ :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബശ്രീയെ ശാക്തീകരിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കുടുംബശ്രീക്ക് കീഴിൽ വനിതകൾക്കായി കൂടുതൽ തൊഴിൽ സംരംഭങ്ങൾ ഏർപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) വയോജനങ്ങളുടെയും ഭിന്നശേഷി ഉള്ളവരുടെയും അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് ഇത്തരത്തിലുള്ള മുഴുവൻ നിരാശ്രയരുടെയും അത്താണിയായി കുടുംബശ്രീയെ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) കുടുംബശ്രീ സംഘടനാ സംവിധാനത്തെ ശാക്തീകരിക്കുന്നതിനും അതിലെ അംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും പ്രാപ്തി വർദ്ധനവിനുമുള്ള വിവിധ പ്രവർത്തന പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കുടുംബശ്രീക്ക് കീഴിൽ വനിതകളെ/കുടുംബശ്രീ കുടുംബാംഗങ്ങളെ കൂടുതൽ തൊഴിൽ സംരംഭങ്ങളിലേക്ക് കൊണ്ടുവരുന്നതിന് കുടുംബശ്രീ ലക്ഷ്യമിടുന്നു. സർക്കാർ, സർക്കാരേതര സ്ഥാപനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് നൂതനമായ തൊഴിൽ മേഖലയിലേക്ക് ഇവരെ കൊണ്ടുവരുന്നതിനാണ് ലക്ഷ്യമിടുന്നത്.

(സി) നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ കുടുംബശ്രീ പ്രവർത്തനങ്ങളുടെ ഭാഗമായി കുടുംബശ്രീ സാമൂഹിക സംഘടനാ സംവിധാനത്തിൽനിന്നും ഇതിനുള്ള ആവശ്യം ഉയർന്നുവരികയും ചില പ്രദേശങ്ങളിൽ ഭിന്നശേഷിയുള്ളവർക്കും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വയോജനങ്ങൾക്കുമായുള്ള പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യനീതി, ആരോഗ്യം, പൊതുവിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുമായി സഹകരിച്ച് ഭിന്നശേഷിയുള്ളവർക്കും വയോജനങ്ങൾക്കുമായുള്ള അയൽക്കൂട്ടങ്ങൾ രൂപീകരിക്കാൻ കുടുംബശ്രീ ഉദ്ദേശിക്കുന്നു. എന്നാൽ ഇതിനായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രത്യേക തുകയൊന്നും നീക്കി വച്ചിട്ടില്ല.

**മോട്ടോർ വാഹന ചട്ടങ്ങളുടെ ലംഘനം**

6 (*276) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന ചട്ടങ്ങൾ ലംഘിച്ച് പല ഉദ്യോഗസ്ഥരുടെയും സ്ഥാപനങ്ങളുടെയും വാഹനങ്ങളിൽ അനധികൃത ബീക്കൺ ലൈറ്റുകളും ബോർഡുകളും ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ഉണ്ടാകുന്ന സുരക്ഷാ പ്രശ്നങ്ങളും നിയമലംഘനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ. ശശീന്ദ്രൻ)</u> :

(എ) ഉണ്ട്.

(ബി) ഇതുമൂലം സുരക്ഷാ പ്രശ്നങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് മോട്ടോർവാഹന വകുപ്പിലും സർക്കാരിലും ലഭിച്ച പരാതികളിലെല്ലാം തന്നെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതിന് ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അനധികൃത ബോർഡ് പ്രദർശനവുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ബോർഡുകൾ പ്രദർശിപ്പിച്ചിട്ടുള്ള വാഹനങ്ങൾക്കെതിരെ നിയമപ്രകാരം നടപടികൾ സ്വീകരിക്കുവാൻ ഗതാഗത കമ്മീഷണർ 18-5-2015 തീയതിയിലെ സി1/7266/റ്റിസി/2015 കത്ത് വഴി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അനധികൃത ബീക്കൺ ലൈറ്റ് ഉപയോഗം തടയുന്നതിനായി കേരളത്തിലങ്ങോളമിങ്ങോളം ഒരു ചെക്കിംഗ് ഡ്രൈവ് നടന്നുവരുന്നുണ്ട്.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

7 (*277) ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. വി. എസ്. അച്യുതാനന്ദൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാന വിഹിതമായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും കേന്ദ്ര വിഹിതമായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം കൂടുതൽ ഫലപ്രദവും അഴിമതി രഹിതവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി പ്രകാരം എത്ര രൂപയാണ് കൂലി ഇനത്തിൽ കുടിശ്ശികയായി നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ഏതെല്ലാം മേഖലയിലേയ്ക്ക് വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) നടപ്പ് (2016-17) സാമ്പത്തിക വർഷം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാന വിഹിതമായി 50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ, സംസ്ഥാനത്ത് സൃഷ്ടിക്കുന്ന തൊഴിൽ ദിനങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യാധിഷ്ഠിതമായാണ് കേന്ദ്രസർക്കാർ ഫണ്ട് അനുവദിക്കുന്നത്. (സംസ്ഥാനം തിരിച്ചുള്ള ഫണ്ട് വകയിരുത്തൽ രീതി കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ അനുവർത്തിക്കുന്നില്ല.)

(ബി) വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ ആസൂത്രണ-നിർവ്വഹണ-മോണിറ്ററിംഗ് പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും ശക്തവുമാക്കുന്നതിന് കർമ്മ പരിപാടി ആവിഷ്കരിച്ചുവരുന്നു. കൂടാതെ സമയബന്ധിതമായ വേതനവിതരണത്തിനും സോഷ്യൽ ഓഡിറ്റിംഗ് ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 13-5-2016 വരെയുള്ള കണക്ക് പ്രകാരം 14.18 കോടി രൂപ വേതന കുടിശ്ശികയുണ്ടായിരുന്നു. ഈ കൂലി കുടിശ്ശിക നാഷണൽ ഇ-എഫ്.എം.എസ്. സംവിധാനം മുഖേന കൊടുത്തുതീർത്തിട്ടുണ്ട്.

(ഡി) കാർഷിക മേഖലയിൽ ഉത്പാദനവും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്ന പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികൾ സൃഷ്ടിക്കൽ, ദുർബല വിഭാഗങ്ങൾക്കുള്ള ഉപജീവനാസ്തികൾ സൃഷ്ടിക്കൽ, സ്വയംസഹായ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം, ഗ്രാമീണ പശ്ചാത്തല സൗകര്യ വികസനം എന്നീ മേഖലകൾക്ക് ഉപയുക്തമായ രീതിയിൽ പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## നിറവ് പദ്ധതി

8 (*278) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ നിറവ് പദ്ധതിയെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) കൃഷിയുടെ സമഗ്രവികസനം ലക്ഷ്യമാക്കി നടപ്പാക്കാനുദ്ദേശിച്ച പ്രസ്തുത പദ്ധതി ഫലപ്രാപ്തിയിൽ എത്തിയിട്ടുണ്ടോ എന്നത് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി എത്ര തുക 2013-14 ബഡ്ജറ്റിൽ നീക്കി വച്ചിരുന്നുവെന്നും അതിൽ എത്ര തുക ചെലവഴിച്ചിരുന്നുവെന്നും വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ) ഉണ്ട്.

(ബി) വിത്തുമുതൽ വിപണിവരെ കാർഷിക അനുബന്ധ മേഖലകളുടെ സമഗ്ര വികസനത്തിനായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുന്ന ഒരു പദ്ധതിയാണ് "നിറവ്" പദ്ധതി. 86 നിയോജക മണ്ഡലങ്ങൾ നിറവ് പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്തിരുന്നുവെങ്കിലും ബഡ്ജറ്റിൽ ഈ പദ്ധതിക്ക് തുകയൊന്നും വകയിരുത്തിയിരുന്നില്ല. ചില നിയോജക മണ്ഡലങ്ങളിൽ

നിറവ് പദ്ധതിക്കായി യോഗങ്ങൾ നടത്തിയിരുന്നെങ്കിലും വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങളുടെ അഭാവവും പദ്ധതി നടത്തിപ്പിനായി തുക വകയിരുത്താത്തതുംമൂലം നിറവ് പദ്ധതി ഫലപ്രാപ്തിയിൽ എത്തിയില്ല.

(സി) 2013-14-ൽ നിറവ് പദ്ധതിക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിരുന്നില്ല.

**ബാങ്ക് അക്കൗണ്ട്വഴി കൃഷി വകുപ്പ് പദ്ധതികളുടെ ആനുകൂല്യങ്ങൾ**

9 (*279 ) ശ്രീ. കെ. സി. ജോസഫ് :

ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട്വഴി ലഭിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയത്; വിശദമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ആനുകൂല്യങ്ങൾ ബാങ്ക്വഴി ലഭിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയത്; വിശദീകരിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ) കർഷക രജിസ്ട്രേഷനും ഇ-പേമെന്റും എന്ന പദ്ധതി പ്രകാരം കർഷകർക്കുള്ള ആനുകൂല്യങ്ങൾ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് നൽകുന്നു. നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ തയ്യാറാക്കിയ, ഇലക്ട്രോണിക്സ് ബെനിഫിറ്റ് ട്രാൻസ്ഫർ ഫോർ ഗവൺമെന്റ് ഓഫ് കേരള എന്ന സോഫ്റ്റ്വെയർ സംവിധാനം ഉപയോഗപ്പെടുത്തി സുതാര്യതയോടെ മാതൃകാപരമായി ഇ-പേമെന്റ് പ്രക്രിയ നടത്തിവരുന്നു.

(ബി) സംസ്ഥാനത്തെ എല്ലാ കർഷകരുടേയും അവരുടെ കൃഷിയെക്കുറിച്ചുള്ള സമഗ്രമായ ഒരു ഓൺലൈൻ ഡേറ്റാബേസ് ഉണ്ടാക്കുകയും ഇതുപയോഗിച്ച് വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും പദ്ധതി ആനുകൂല്യങ്ങൾ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് നൽകുകയും ചെയ്യുന്നു. കർഷകർക്ക്

ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കാലതാമസം വരാതിരിക്കാനും, കൃഷി ഉദ്യോഗസ്ഥർക്ക് കൂടുതൽ സമയം കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ ഏർപ്പെടാനും സാധിക്കുന്നു. മൊബൈൽ ഫോൺ ഉള്ള കർഷകർക്ക് സബ്സിഡി തുക അക്കൗണ്ടിലേക്ക് കൈമാറിയ അല്ലെങ്കിൽ തിരസ്കരിക്കപ്പെട്ട വിവരം എസ്.എം.എസ്. ആയി അറിയിക്കുവാനുള്ള സംവിധാനവും നിലവിലുണ്ട്. ഇത് തുക ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ സാധിക്കുന്നു. മുഴുവൻ സബ്സിഡി തുകയും കോർബാങ്കിങ് അക്കൗണ്ടിലേക്ക് നൽകിയതിന്റെ വിവരങ്ങൾ www.ebt.kerala.gov.in/ എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുകൊണ്ട് സബ്സിഡി നൽകിയതിന്റെ മുഴുവൻ വിവരങ്ങളും പൊതുജനങ്ങൾക്കായി പരസ്യപ്പെടുത്തുന്നു.

(സി) കർഷകർക്ക് സാമ്പത്തിക ആനുകൂല്യം അവരവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് നൽകുന്നതിനായി ബ്ലോക്ക്തല അസിസ്റ്റന്റ് ഡയറക്ടർമാർക്ക് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൃഷി ഓഫീസർമാർ നൽകുന്ന വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് ഡയറക്ടർമാർ, ഇലക്ട്രോണിക്സ് ബെനിഫിറ്റ് ട്രാൻസ്ഫർ ഫോർ ഗവൺമെന്റ് ഓഫ് കേരള എന്ന സോഫ്റ്റ്വെയർ സംവിധാനം ഉപയോഗിച്ച് നേരിട്ട് ഇ-പേമെന്റ് ആയി കർഷകന്റെ അക്കൗണ്ടിലേക്ക് സബ്സിഡി തുക നൽകുന്നു. സംസ്ഥാനത്തൊട്ടാകെ ഇത് നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ തലത്തിൽ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ കേരള, കേരളത്തിലെ വിവിധ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവയുടെ പ്രതിനിധികളുടെ യോഗം വിളിക്കുകയും പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുകയും ചെയ്യുന്നു. കൃഷി വകുപ്പിന്റെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ഇ-പേമെന്റ് സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിൽ പരിശീലനം നൽകിയിട്ടുണ്ട്. കർഷകർക്ക് മികച്ച സേവനം ഉറപ്പാക്കുവാനായി റിസർവ് ബാങ്കിന്റെ നിയമങ്ങൾ അനുസരിച്ചുള്ള സർവ്വീസ് ലെവൽ എഗ്രിമെന്റ് ബാങ്കുകളുമായി ഒപ്പുവച്ചിട്ടുണ്ട്.

**റോഡ് സേഫ്റ്റി കോർ രൂപീകരണം**

10 (*280) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷാ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു റോഡ് സേഫ്റ്റി കോർ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മികച്ച റോഡ് സുരക്ഷയ്ക്കായി പൊതുഗതാഗത സേവനങ്ങളിൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ ) :

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബഹു. ഗവർണ്ണർ നിയമസഭയിൽ ചെയ്ത നയപ്രഖ്യാപന പ്രസംഗത്തിൽ റോഡ് സേഫ്റ്റി കോർപ്സ് രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. തദനുസൃതമായി റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ സ്കൂൾ കുട്ടികളെ പരിശീലിപ്പിക്കുന്നതിനുവേണ്ടിയാണ് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിന്റെ മാതൃകയിൽ റോഡ് സേഫ്റ്റി കോർപ്സ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. സ്കൂൾ കുട്ടികളിൽ റോഡ് സുരക്ഷാ അവബോധം വളർത്തുന്നതിനും റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ അവരെ പങ്കാളിയാക്കാനുമാണ് ഇതിന്റെ രൂപീകരണംകൊണ്ട് ലക്ഷ്യമിടുന്നത്.

(സി) സംസ്ഥാനത്തെ മുഴുവൻ പൊതു ഗതാഗത വാഹനങ്ങളിലും ജി.പി.എസ്. അധിഷ്ഠിത നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ആദ്യഘട്ടമായി എല്ലാ സ്വകാര്യ ബസ്സുകളിലും ജി.പി.എസ്. അധിഷ്ഠിത നിരീക്ഷണ സംവിധാനം സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് മോട്ടോർ വാഹന വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിന് C-DAC-നെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ 2014-15-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുകയും പദ്ധതിയുടെ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലുമാണ്. ഈ സംവിധാനംവഴി വാഹനത്തിന്റെ നിലവിലെ സ്ഥാനം, വേഗത നിയന്ത്രണ ലംഘനം, നിർദ്ദിഷ്ട പാതയിൽനിന്നുള്ള വ്യതിചലനം എന്നിവ കൺട്രോൾ റൂമിലിരുന്ന് നിരീക്ഷിക്കാൻ കഴിയും. കൂടാതെ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിലേക്കായി എമർജൻസി (panic) ബട്ടൺ സംവിധാനം ഇതിന്റെ അനുബന്ധമായി നടപ്പിലാക്കുന്നതാണ്.

**നെൽ വയലുകളുടെ സംരക്ഷണവും നെൽ വയൽ ഡാറ്റാ ബാങ്കും**

11 (*281) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> :
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> :
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> :
<u>ശ്രീ. പാറക്കൽ അബ്ദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽ വയലുകളുടെ സംരക്ഷണത്തിനും നെൽ കൃഷി പ്രോത്സാഹനത്തിനും നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

(ബി) നെൽ വയൽ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന കാര്യത്തിൽ കൃഷി വകുപ്പിനുള്ള പങ്കാളിത്തം എത്രത്തോളമാണെന്നു വ്യക്തമാക്കുമോ;

(സി) ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന നടപടികൾ എത്രയും വേഗം പൂർത്തിയാക്കി ഉപഗ്രഹ സഹായത്തോടെ അതു കുറ്റമറ്റതാക്കി പ്രസിദ്ധപ്പെടുത്താൻ കൃഷി വകുപ്പ് അടിയന്തരമായി നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. വി. എസ്. സുനിൽ കുമാർ)</u> :

(എ) നെൽവയലുകളുടെ സംരക്ഷണത്തിന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിലുണ്ട്. നിലവിലുള്ള നിയമത്തിന് വിരുദ്ധമായി നെൽവയൽ നികത്തുന്നതിനെതിരെ കർശന നടപടി സ്വീകരിക്കും. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ വിവിധയിനം നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. നെൽകൃഷിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കൂടാതെ കരനെൽകൃഷി വ്യാപിപ്പിക്കുന്നതിനും തരിശ് കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കരനെൽകൃഷി ഈ വർഷം ആദ്യഘട്ടം എന്ന നിലയിൽ 2600 ഹെക്ടറായും 5 വർഷംകൊണ്ട് ഒരു ലക്ഷം ഹെക്ടറായും വ്യാപിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. ഇതിന് പുറമെ കൃഷിയോഗ്യമായ തരിശുഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കഴിഞ്ഞ 25 വർഷത്തിന് ശേഷം ഈ വർഷം ആലപ്പുഴയിലെ റാണി കായലിൽ 200 ഹെക്ടർ സ്ഥലത്ത് പുഞ്ച കൃഷി 2016 സെപ്റ്റംബർ മാസം തുടങ്ങുന്നതാണ്. കൂടാതെ മെത്രാൻ കായലിൽ കൃഷിയിറക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

2016-17 വർഷം നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു:

1. സുസ്ഥിര നെൽകൃഷി വികസന പദ്ധതി
2. വികസന ഏജൻസികൾക്കുള്ള ധനസഹായം
3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം
4. പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി
5. കരനെൽകൃഷി വികസനം
6. നെൽകൃഷി ഉത്പാദന ബോണസ് (നോൺ പ്ലാൻ)
7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)
8. ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി (എൻ.എഫ്.എസ്.എം.)

(ബി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 12-8-2008-ൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. പ്രസ്തുത നിയമമനുസരിച്ച് സംസ്ഥാനത്ത് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവയുടെ അതിർത്തിക്കുള്ളിൽ നിലവിലുള്ള കൃഷിയോഗ്യമായ നെൽവയലുകളുടേയും തണ്ണീർത്തടങ്ങളുടേയും സർവ്വേ നമ്പരും വിസ്തൃതിയും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അടങ്ങിയ ഡാറ്റാബാങ്ക് തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരുന്നു. മേൽ നിയമപ്രകാരം രൂപീകൃതമായിട്ടുള്ള പ്രാദേശിക നിരീക്ഷണ സമിതിയാണ് ഡാറ്റാബാങ്ക് തയ്യാറാക്കുന്നത്. അതിന്റെ കൺവീനർ കൃഷി ഓഫീസറാണ്. സമിതിക്ക് ആധികാരികതയുള്ള പ്രദേശത്തെ നിലവിലുള്ള റിക്കാർഡ് പ്രകാരം നെൽവയലുകളായി രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ വിശദാംശങ്ങൾ അനുസരിച്ച് കൃഷി, റവന്യൂ പഞ്ചായത്ത് എന്നീ വകുപ്പുകളുടെ സംയുക്ത സഹകരണത്തോടെയാണ് ഡാറ്റാബാങ്ക് തയ്യാറാക്കുന്നത്.

(സി) നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും കരട് ഡാറ്റാബാങ്ക് തയ്യാറാക്കിയിട്ടുണ്ട്. ഇതുവരെയും ഡാറ്റാബാങ്ക് പൂർത്തീകരിക്കാത്ത പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും തനത് ഫണ്ട് ഉപയോഗിച്ച് ഫീൽഡ് പരിശോധന നടത്തി 2016 ഓഗസ്റ്റ് 31-നകം കുറ്റമറ്റ ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്തെ 2 പഞ്ചായത്തുകളിലെ ഡാറ്റാബാങ്ക് കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി.) വഴി തയ്യാറാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി

5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടം വില്ലേജും എറണാകുളം ജില്ലയിലെ മരട് പഞ്ചായത്തും തെരഞ്ഞെടുക്കുവാൻ തീരുമാനിച്ചെങ്കിലും, എറണാകുളം ജില്ലയിലെ മരട് പഞ്ചായത്തിൽ ഡാറ്റാബാങ്ക് പൂർത്തിയാക്കാത്തതിനാലും സബ്ഡിവിഷൻ തലത്തിലുള്ള വിവരങ്ങൾ കഴക്കൂട്ടം പഞ്ചായത്തിനോട് ചേർന്നുള്ള ആറ്റിപ്ര പഞ്ചായത്തിൽ ലഭ്യമാണ് എന്ന് കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് എൻവയോൺമെന്റ് സെന്റർ അറിയിച്ചതിനാലും കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് എൻവയോൺമെന്റ് സെന്ററുമായി ചർച്ച ചെയ്ത് തിരുവനന്തപുരം ജില്ലയിലെ ആറ്റിപ്ര പഞ്ചായത്തിലും എറണാകുളം ജില്ലയിലെ വേങ്ങൂർ പഞ്ചായത്തിലും ഉപഗ്രഹ ചിത്രങ്ങളെ അടിസ്ഥാനമാക്കിയുള്ള ഡാറ്റാബാങ്കിന്റെ വാലിഡേഷൻ ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് എൻവയോൺമെന്റ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിനനുസൃതമായി കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് എൻവയോൺമെന്റ് സെന്റർ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

**ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ പദ്ധതികൾ**

12 (*282) ശ്രീ. എം. മുകേഷ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ ഭൂമിയിലാണ് ജൈവ കൃഷി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ജൈവ വളം, ജൈവ കീടനാശിനി, രോഗപ്രതിരോധ ശേഷിയുള്ള വിത്തിനങ്ങൾ, ഗുണമേന്മയുള്ള ടിഷ്യൂകൾച്ചർ തൈകൾ എന്നിവയുടെ ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ വീട്ടിലും മിനി പോളി ഹൗസുകൾ സജ്ജീകരിക്കുവാൻ സഹായം നൽകുന്നതിന് പദ്ധതി ഉണ്ടോയെന്ന് വിശദമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ) സംസ്ഥാനത്ത് നല്ല കൃഷി മുറകൾ (ജി.എ.പി.) പാലിച്ചുള്ള കൃഷി രീതി 50000 ഹെക്ടർ സ്ഥലത്തേക്ക് കൂടി വ്യാപിപ്പിക്കാനാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. കൂടാതെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തിരം ദേശീയ സുസ്ഥിര കാർഷിക മിഷന്റെ (എൻ.എം.എസ്.എ.) ഒരു ഘടകമായ പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ.)-യുടെ ഭാഗമായി 10000 ഹെക്ടർ സ്ഥലത്തും, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ-കേരളയുടെ നേതൃത്വത്തിൽ 1000 ഹെക്ടർ ഭൂമിയിലും ജൈവ കൃഷി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാരിന്റെ ജൈവകൃഷി പദ്ധതിയിൻകീഴിൽ കർഷകരുടെ കൃഷിയിടത്തിൽത്തന്നെ ജൈവവളങ്ങൾ ഉത്പാദിപ്പിക്കുന്നതിനായി 2920 ജൈവവള നിർമ്മാണ യൂണിറ്റുകൾ നിർമ്മിച്ചു വരുന്നു. കേന്ദ്ര സർക്കാരിന്റെ പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതി പ്രകാരവും ജൈവവളങ്ങളും ജൈവ കീടനാശിനിയും ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. വിവിധ പദ്ധതികൾ മുഖേന ജൈവീകരോഗ നിയന്ത്രണോപാധിയായ ട്രൈക്കോഡെർമ കൃഷിക്കാരുടെ കൃഷിയിടങ്ങളിൽ നിർമ്മിക്കുന്നതിനും ജൈവ കീടനാശിനികളുടെ നിർമ്മാണത്തിനായുള്ള ബോധവത്ക്കരണവും സ്റ്റേറ്റ് ബയോ കൺട്രോൾ ലാബിൽനിന്നും കർഷകർക്കാവശ്യമായ ജൈവീക രോഗ നിയന്ത്രണോപാധികളായ സ്യൂഡോമോണസ്, ട്രൈക്കോഡെർമ, ട്രൈക്കോകാർഡുകൾ ബ്യൂവേറിയ മുതലായവ ലഭ്യമാക്കുന്നതിനും അവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കാർഷിക സർവ്വകലാശാലയുമായി ചേർന്നുകൊണ്ട് ജൈവവളം, ജൈവ കീടനാശിനി എന്നിവയുടെ ഉത്പാദനവും ഇവയുടെ ഗുണനിലവാര പരിശോധനയും ഉറപ്പുവരുത്തും. രോഗപ്രതിരോധശേഷിയുള്ള നെൽ വിത്തിനങ്ങൾക്കായി രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം (ആർ.എസ്.ജി.പി.) പദ്ധതി പ്രകാരം രണ്ടായിരം ഹെക്ടർ പ്രദേശത്ത് നെൽകൃഷി നടപ്പിലാക്കിവരുന്നു. ഗുണമേന്മയുള്ള ടിഷ്യു കൾച്ചർ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായി കൃഷി വകുപ്പിന്റെ കീഴിൽ കഴക്കൂട്ടത്ത് ബയോടെക്നോളജി ആന്റ് മോഡൽ ഫ്ലോറികൾച്ചറൽ സെന്റർ (BMFC) പ്രവർത്തിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ വിവിധ ഫാമുകൾ വഴിയും രോഗപ്രതിരോധ ശേഷിയുള്ള വിത്തിനങ്ങൾ ഗുണമേന്മയുള്ള ടിഷ്യൂകൾച്ചർ തൈകൾ എന്നിവയുടെ ഉത്പാദനം പ്രോത്സാഹിപ്പിച്ചുവരുന്നു.

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്.) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 2016-17 വർഷത്തിൽ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനായി ചെറുകിട നഴ്സറികൾ, പുതിയ ടിഷ്യൂക്കൾച്ചർ ലാബുകൾ എന്നിവ സ്ഥാപിക്കുന്നതിനും പച്ചക്കറികളുടെ വിത്തുത്പാദനത്തിനും ജൈവകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി മണ്ണിരകമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കുന്നതിനും ധനസഹായം നൽകുന്നു. ജൈവവളങ്ങൾ, ജൈവകീടനാശിനികൾ, രോഗപ്രതിരോധശേഷിയുള്ള വിത്തിനങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിനായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ എറണാകുളത്ത്, കാക്കനാടും, തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിലും കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) 10 ച. മീറ്റർ മുതൽ 40 ച. മീറ്റർ വരെ വിസ്തീർണ്ണമുള്ള മിനി പോളീഹൗസുകളുടെ നിർമ്മാണം 2016-17 സാമ്പത്തിക വർഷത്തിൽ കാർഷിക സർവ്വകലാശാല "study on structural design and management for Hi tech horticulture in Kerala" എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഗ്രാമീണ മേഖലയിലെ കർഷക കൂട്ടായ്മകൾ ശക്തിപ്പെടുത്തുന്നതിന് നടപടി

13 (*283) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിലെ അസംഘടിതരായ പച്ചക്കറി കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ എന്തുസംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംവിധാനങ്ങൾ കാർഷികോല്പന്നങ്ങളുടെ ഫലപ്രദമായ വിപണനത്തിന് പര്യാപ്തമാണോയെന്ന് വ്യക്തമാക്കുമോ;

(സി) ഇടനിലക്കാരുടെ ചൂഷണത്തിൽനിന്ന് കർഷകരെ സംരക്ഷിക്കുന്നതിന് ഉതകുന്നതരത്തിൽ കേന്ദ്രീകൃതമായി കാർഷികോല്പന്നങ്ങൾ സമാഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇപ്രകാരം കേരളത്തിലെ കർഷകരെ പച്ചക്കറി ഉല്പാദനത്തിൽ സജീവമാക്കുന്നതിന് ഗ്രാമീണ മേഖലയിൽ കർഷക കൂട്ടായ്മകൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ നടപ്പു സാമ്പത്തിക വർഷം സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ) ഗ്രാമീണ മേഖലയിലെ അസംഘടിതരായ പച്ചക്കറി കർഷകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾ വിറ്റഴിക്കാൻ ബ്ലോക്ക് തലത്തിൽ ഫെഡറേറ്റഡ് ക്ലസ്റ്റർ മാർക്കറ്റുകളും പഞ്ചായത്ത് തലത്തിൽ 'എ' ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകളും നിലവിലുണ്ട്. ഗ്രാമീണ മേഖലയിൽ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതും അടുത്തടുത്ത് താമസിക്കുന്നവരുമായ കർഷകരെ സംഘടിപ്പിച്ച് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ സ്വാശ്രയ കർഷക സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള സ്വാശ്രയ സംഘങ്ങൾ ചേർന്ന് സ്വാശ്രയ കർഷക വിപണി രൂപീകരിച്ചിട്ടുണ്ട്. കർഷകരുടെ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം ഇത്തരത്തിലുള്ള 274 സ്വാശ്രയ കർഷക വിപണികൾ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിൽ പ്രവർത്തിച്ചുവരുന്നു. കർഷകർക്ക് ഉത്പന്നങ്ങൾ വിറ്റഴിക്കാൻ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി റൂറൽ മാർക്കറ്റ്, റീട്ടയിൽ ഔട്ട്‌ലെറ്റ് എന്നിവ സ്ഥാപിക്കുന്നതിന് ധനസഹായവും നൽകിവരുന്നു. കർഷകർ എത്തിക്കുന്ന പച്ചക്കറികൾ കാർഷിക മൊത്തവ്യാപാര വിപണികളിൽ നിന്നും ഹോർട്ടികോർപ്പ് ലേല നടപടികളിലൂടെ ന്യായമായ വിലയ്ക്ക് സംഭരിച്ചു വരുന്നു.

(ബി) ഹോർട്ടികോർപ്പിന്റെ നിലവിലുള്ള സംവിധാനം ഉപയോഗിച്ച് ഇപ്പോൾ സംഭരിച്ചുവരുന്ന പച്ചക്കറികൾ വിപണനം ചെയ്തുവരുന്നു. ഹോർട്ടികോർപ്പിന്റെ വിപണന ശൃംഖല വിപുലീകരിക്കുന്നതിന് അനുസരിച്ച് കൂടുതൽ കാർഷികോത്പന്നങ്ങൾ കർഷകരിൽനിന്ന് സംഭരിക്കുന്നതിന് സാധിക്കുന്നതാണ്. ഹോർട്ടികോർപ്പിന്റെ വിപണന ശൃംഖല വിപുലീകരിക്കുന്നതിനും കൂടുതൽ കാർഷികോത്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(സി) ഹോർട്ടികോർപ്പിന്റെ നിലവിലുള്ള സംഭരണ വിതരണ കേന്ദ്രങ്ങൾ വഴി കർഷകർ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ ഇടനിലക്കാരെ ഒഴിവാക്കി ഹോർട്ടികോർപ്പ് നേരിട്ട് സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കർഷകരിൽ നിന്ന് ഉത്പന്നങ്ങൾ കേന്ദ്രീകൃതമായി സംഭരിച്ച് വിപണനം നടത്തുന്നതിന് ആവശ്യമായ നടപടികൾ ഈ വർഷം മുതൽ സ്വീകരിക്കുന്നതാണ്.

(ഡി) നിലവിൽ കർഷകരുടെ കൂട്ടായ്മകളായ ക്ലസ്റ്ററുകൾ മുഖേന പച്ചക്കറി കൃഷി നടപ്പിലാക്കുന്നുണ്ട്. നിലവിലുള്ള സ്വാശ്രയ സംഘങ്ങളേയും സ്വാശ്രയ കർഷക വിപണികളേയും ശാക്തീകരിക്കുന്നതിനും നടപ്പ് സാമ്പത്തിക വർഷം പുതിയ സ്വാശ്രയ കർഷക സംഘങ്ങളും വിപണികളും ആരംഭിക്കുന്നതിനും വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

**പഴം-പച്ചക്കറികളുടെ ഗുണനിലവാര പരിശോധന**

14 (*284) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എസ്. ശർമ്മ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിപണിയിൽ ലഭ്യമാകുന്ന പഴം, പച്ചക്കറി എന്നിവയുടെ ഗുണനിലവാരം, കീടനാശിനിയുടെ അളവ് എന്നിവ പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും കൃഷി വകുപ്പിലുൾപ്പെടെ നിലവിലുള്ള സംവിധാനം എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) നിലവിലുള്ള പരിശോധനാസംവിധാനത്തിന്റെ കാര്യക്ഷമതയും ഫലപ്രാപ്തിയും എത്രത്തോളമുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കൂടുതൽ മെച്ചപ്പെട്ട പരിശോധനാസംവിധാനം പ്രാബല്യത്തിലാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ) സംസ്ഥാനത്തെ വിപണിയിൽ ലഭ്യമാകുന്ന പഴം, പച്ചക്കറി എന്നിവയിലെ കീടനാശിനിയുടെ അളവ് കണ്ടെത്തുന്നതിന് വെള്ളായണി കാർഷിക സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ അവശിഷ്ട വിഷാംശ പരിശോധന നടത്തി വിവരം പരസ്യപ്പെടുത്താറുണ്ട്. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലുള്ള അനലറ്റിക്കൽ ലബോറട്ടറികളിലും കീടനാശിനിയുടെ അളവ് കണ്ടെത്താൻ പരിശോധന നടത്തിവരുന്നു. പഴം, പച്ചക്കറി എന്നിവയിലെ കീടനാശിനിയുടെയും വിഷാംശത്തിന്റെയും തോത് പരിശോധിക്കുന്നതിനായി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും ഓരോ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബ് തുടങ്ങുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(ബി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലറ്റിക്കൽ ലബോറട്ടറികൾ ഭക്ഷ്യ വസ്തുക്കളിൽ അടങ്ങിയിരിക്കുന്ന മായം കണ്ടെത്തുന്നതിനും മൈക്രോബയോളജി അനാലിസിസ് നടത്തുന്നതിനും പൂർണ്ണമായും സജ്ജമാണ്. ഭക്ഷ്യവസ്തുക്കളിലെ കീടനാശിനികളുടെ അളവ് പരിശോധിക്കുന്നതിനുള്ള

അത്യാധുനിക ഉപകരണമായ ഗ്യാസ് ക്രോമോറ്റോഗ്രാഫ് മാസ് സ്പെക്ട്രാ മീറ്റർ (GCMSMS) എന്ന ഉപകരണം തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നു. ഈ ഉപകരണം ഉപയോഗിച്ച് കീടനാശിനികളുടെ സാന്നിദ്ധ്യവും ഇവയുടെ അമിത അളവിലുള്ള ഉപയോഗവും കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വെള്ളായണിയിലുള്ള പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിലെ അവശിഷ്ട വിഷാംശ പരിശോധനാ ഫലം സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലിലും കാർഷിക സർവ്വകലാശാലയുടേയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റിലും പരസ്യപ്പെടുത്തിവരുന്നു. ഈ പ്രവർത്തനങ്ങളുടെയൊക്കെ ഫലമായി 2016 ജനുവരി മുതൽ മാർച്ച് വരെ കേരളത്തിലെ കൃഷിക്കാരുടെ പച്ചക്കറി ഉൽപ്പന്നങ്ങൾ പരിശോധിച്ചതിൽ 98.6% ഉത്പന്നങ്ങളും സേഫ്റ്റ് ടു ഈറ്റ് ആണെന്ന് കണ്ടെത്തുകയുണ്ടായി.

(സി) തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിലെ അനലറ്റിക്കൽ ലാബുകളിൽ സ്ഥാപിച്ച പ്രവർത്തിപ്പിച്ചുവരുന്ന ഗ്യാസ് ക്രോമോറ്റോഗ്രാഫ് മാസ് സ്പെക്ട്രാ മീറ്റർ (GCMSMS) എന്ന ഉപകരണം കോഴിക്കോട് റീജിയണൽ ലാബിലും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ലിക്വിഡ് ക്രോമോറ്റോഗ്രാഫ് മാസ് സ്പെക്ട്രോ ഫോട്ടോമീറ്റർ (LCMSMS) എന്ന ഉപകരണം എല്ലാ ലാബുകളിലും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ടി അനലറ്റിക്കൽ ലാബുകൾ അന്തർദ്ദേശീയ നിലവാരത്തോടുകൂടിയുള്ള അക്രഡിറ്റേഷൻ നടപടികൾ കരസ്ഥമാക്കുന്നതിനുള്ള നടപടികളുടെ അവസാന ഘട്ടത്തിലാണ്.

**നെൽവയൽ സംരക്ഷണം**

15 (*285) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. മുഹമ്മദ് മുഹസിൻ. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയലുകളെ സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങളായി പ്രഖ്യാപിക്കുവാൻ പദ്ധതിയുണ്ടോ;

(ബി) കാർഷിക മേഖലയിൽ നിക്ഷേപ വർദ്ധനവിന് എന്തൊക്കെ പദ്ധതികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ) റംസാർ ഉടമ്പടി പ്രകാരമുള്ള പ്രദേശങ്ങളിൽ വരുന്ന നെൽവയലുകളെല്ലാം സംരക്ഷിത പ്രദേശങ്ങളാണ്. സംസ്ഥാനത്ത് നെൽവയലുകളുടെ സംരക്ഷണത്തിന് 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം നിലവിലുണ്ട്. ടി നിയമത്തിലെ സെക്ഷൻ (3) പ്രകാരം സംസ്ഥാനത്തെ നെൽവയൽ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) നെൽകൃഷി പ്രോൽസാഹനത്തിനുള്ള അടങ്കൽ 50 കോടി രൂപയായി ഉയർത്തുന്നതിനും നെൽകൃഷിക്കുള്ള സബ്സിഡി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. മൂല്യവർദ്ധിത കാർഷികോത്പന്നങ്ങൾക്ക് വേണ്ടിയുള്ള അഗ്രോപാർക്കുകളുടെ ശൃംഖല സ്ഥാപിക്കുവാൻ പുതുക്കിയ ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. വിവിധ അഗ്രോപാർക്കുകൾക്കായി 500 കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. കേരളത്തിൽ പാലക്കാട്, ആലപ്പുഴ, എറണാകുളം ജില്ലകളിൽ നെല്ലിനെ അടിസ്ഥാനമാക്കിയുള്ള അഗ്രോ പാർക്കുകൾ തുടങ്ങുന്നതാണ്. അരിയിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ തയ്യാറാക്കാൻ താത്പര്യമുള്ള സംരംഭകർക്ക് സാങ്കേതിക സഹായവും സ്ഥലസൗകര്യവും നെല്ലിനെ അടിസ്ഥാനമാക്കി അഗ്രോപാർക്ക് മുഖേന നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. അരി അധിഷ്ഠിതമായ കേരള ബ്രാൻഡ് ഉത്പന്നങ്ങൾക്ക് ആഭ്യന്തര വിപണിയിലുള്ള സ്വീകാര്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിനും നെൽ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ തരിശ് കിടക്കുന്ന കൃഷിയോഗ്യമായ തരിശുനിലങ്ങളും കായൽ പ്രദേശങ്ങളും നെൽകൃഷിക്ക് ഉപയുക്തമാക്കി 5 വർഷംകൊണ്ട് സംസ്ഥാനത്തിലെ നെൽകൃഷി വിസ്തീർണ്ണം നിലവിലുള്ള 1.94 ലക്ഷം ഹെക്ടറിൽനിന്നും 3 ലക്ഷം ഹെക്ടറാക്കുവാൻ ഉദ്ദേശിക്കുന്നു. നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു:

1. സുസ്ഥിര നെൽകൃഷി വികസന പദ്ധതി
2. വികസന ഏജൻസികൾക്കുള്ള ധനസഹായം
3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം
4. പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി
5. കരനെൽകൃഷി വികസനം
6. നെൽകൃഷി ഉത്പാദന ബോണസ് (നോൺ പ്ലാൻ)
7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)
8. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷിയാക്കി മാറ്റുന്നതിനുള്ള നടപടികൾ

## സമ്പൂർണ്ണ ഓൺലൈൻ സേവനം ലഭ്യമാക്കുന്നതിന് നടപടി

16 (*286) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.കെ.എം. സോഫ്ട്‌വെയറിലൂടെ പഞ്ചായത്തുകളിൽ നിന്നും സമ്പൂർണ്ണ ഓൺലൈൻ സേവനം ലഭ്യമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതു നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖവ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) കേരള മുനിസിപ്പൽ ആക്ടും പഞ്ചായത്ത് രാജ് ആക്ടും പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിനു വേണ്ടി 16 സോഫ്റ്റ്‌വെയറുകൾ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിക്കുകയും വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് സമ്പൂർണ്ണ ഓൺലൈൻ സേവനം നൽകുന്നതിനുവേണ്ടി സുരേഖ എന്ന വെബ് അധിഷ്ഠിത ആപ്ലിക്കേഷനും സമഗ്ര എന്ന മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിച്ച് ഉപയോഗിച്ചുവരുന്നുണ്ട്.

(ബി) ഗ്രാമപഞ്ചായത്തുകളെ കമ്പ്യൂട്ടർവത്ക്കരിച്ച് അവിടെനിന്ന് ലഭ്യമാകുന്ന എല്ലാ സേവനങ്ങളും പൗരന്മാർക്ക് ഓൺലൈനായി ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം. ഇതിന്റെ ഭാഗമായി ജനന-മരണ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ 1970 -ന് ശേഷമുള്ളവ ഓൺലൈനായി ലഭിക്കുന്നുണ്ട്. ഓൺലൈനായി രജിസ്റ്റർ ചെയ്ത വിവാഹങ്ങളുടെ ഓൺലൈൻ സർട്ടിഫിക്കറ്റുകൾ ഡേറ്റാ എൻട്രി നടത്തിയ ഗ്രാമപഞ്ചായത്തുകളിൽനിന്നും ലഭിക്കുന്നു. വസ്തു നികുതി ഓൺലൈൻ ആയി അടയ്ക്കാനും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്യാനും ഉള്ള സൗകര്യം

കുറെയേറെ ഗ്രാമപഞ്ചായത്തുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ ഓൺലൈനായി നൽകാനുള്ള നടപടികൾ തുടങ്ങി കഴിഞ്ഞു. സാമൂഹ്യക്ഷേമ പെൻഷനുകളുടെ ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ സോഫ്റ്റ്‌വെയറുകൾ ഗ്രാമപഞ്ചായത്തുകളിൽ പൂർണ്ണ തോതിൽ ഉപയോഗപ്പെടുത്തുന്നതിന് സ്ഥിരമായ മേൽനോട്ടവും അവലോകനവും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും നടക്കുന്നുണ്ട്. ഇൻഫർമേഷൻ കേരള മിഷനിലുള്ള ഹെൽപ്പ് ഡെസ്ക്‌വഴി ഇതുസംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ഗ്രാമപഞ്ചായത്ത് ജീവനക്കാരും ഇൻഫർമേഷൻ കേരള മിഷൻ പ്രതിനിധികളും ചേർന്ന് ശില്പശാലകൾ നടന്നുവരികയാണ്. ഇതിൽനിന്നുള്ള നിർദ്ദേശങ്ങൾ സംസ്ഥാന തലത്തിൽ ക്രോഡീകരിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**പഞ്ചായത്തുകളിൽ ഫണ്ട് ലാപ്സാകുന്നത് തടയാൻ നടപടി**

17 (*287) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :

ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ഫണ്ട് ലാപ്സാകുന്നതും പദ്ധതി അപൂർണമാകുന്നതും ഒഴിവാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതു നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) ഒരു സാമ്പത്തിക വർഷം ചെലവാകാതെ വരുന്ന തുക അടുത്ത സാമ്പത്തിക വർഷം SDG/അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ച നൽകുന്ന രീതി 2015-16 വർഷം മുതൽ നിലവിലുണ്ട്. ഒരു വർഷം പൂർത്തിയാക്കാൻ കഴിയാത്ത പദ്ധതികൾ സ്പിൽ ഓവർ പ്രോജക്ടായി അടുത്ത സാമ്പത്തിക വർഷം ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്.

(ബി) പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രവൃത്തികൾ പൂർണ്ണമായും നടപ്പാക്കാൻ സഹായിക്കുകയാണ് ഇതുകൊണ്ട് ലക്ഷ്യമാക്കുന്നത്.

(സി) ചെലവ് ചെയ്ത് ബാക്കിവരുന്ന തുകയുടെ കണക്ക് ട്രഷറികളിൽനിന്നും ധനകാര്യ വകുപ്പ് ശേഖരിക്കുകയും അടുത്ത ധനകാര്യ വർഷം പഞ്ചായത്തുകൾക്ക് അനുവദിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

**കർഷക ആത്മഹത്യകൾ**

18 (*288) ശ്രീ. എം. എം. മണി :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് കർഷക ആത്മഹത്യകൾ വർദ്ധിച്ചിരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ചയും കാർഷിക രംഗത്തെ പ്രതിസന്ധികളുംമൂലം കർഷകർ വളരെ ദുരിതത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാർഷിക ലോണുകൾ എടുത്ത കർഷകർക്കെതിരെ ബാങ്കുകൾ സ്വീകരിക്കുന്ന ജപ്തി, ലേല നടപടികൾ നിർത്തിവച്ച് കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) ഇപ്രകാരം ദുരിതത്തിലായ കർഷകരുടെ കാർഷിക ലോണുകൾ എഴുതിത്തള്ളുന്നകാര്യം പരിഗണിക്കുന്നുണ്ടോ;

(ഇ) കർഷകർക്ക് ആശ്വാസം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ) 2011-ൽ വയനാട് ജില്ലയിൽ കർഷക ആത്മഹത്യ റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ ജില്ലയിലെ കാർഷിക പ്രതിസന്ധിയെക്കുറിച്ച് പഠനം നടത്തിയിരുന്നു. പ്രകൃതിക്ഷോഭംമൂലമുള്ള വിളനാശം, കാർഷികോത്പന്നങ്ങളുടെ വിലയിടിവ്, കീടരോഗബാധയാലുള്ള വിളനാശം, കാർഷിക വില തകർച്ചയാൽ ലോണുകൾ തിരിച്ചടയ്ക്കാൻ സാധിക്കാതിരിക്കുക, സ്വകാര്യ പണമിടപാടുകാരിൽ നിന്നും അമിത പലിശയ്ക്ക് പണം കടമെടുക്കുകയും ഇവ തിരിച്ചടയ്ക്കാൻ സാധിക്കാതെ വരുന്നതും പ്രധാന കാരണങ്ങളായി പൊതുവിൽ വിലയിരുത്തപ്പെടുന്നു. ഇതിന് പുറമെ നിയമസഭ അഷ്വറൻസ് കമ്മിറ്റി നടത്തിയ പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി&ഡി) കാർഷിക ലോണുകൾ എടുത്ത കർഷകർക്കെതിരെ ബാങ്കുകൾ സ്വീകരിക്കുന്ന ജപ്തി ലേല നടപടികൾ നിർത്തിവച്ച് കാർഷിക കടങ്ങൾക്ക് പ്രഖ്യാപിച്ച മൊറട്ടോറിയം 30-6-2016-ൽ അവസാനിച്ചു. മൊറട്ടോറിയം പ്രഖ്യാപിക്കുന്നത് സംബന്ധിച്ച വിഷയവും കർഷകരുടെ കാർഷിക ലോണുകൾ എഴുതിത്തള്ളുന്ന വിഷയവും പരിശോധിക്കുന്നതാണ്.

(ഇ) റബ്ബർ ഉൾപ്പെടെയുള്ള നാണ്യ വിളകളുടെ വിലത്തകർച്ച നേരിടാൻ സ്പെഷ്യൽ പാക്കേജ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പിലാക്കും. നെല്ലിന്റെയും റബ്ബറിന്റെയും നാളികേരത്തിന്റെയും താങ്ങുവില യഥാസമയം വിതരണം ചെയ്യുന്നതിനും കാലോചിതമായി പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കും. ചെറുകിട നാമമാത്ര കർഷകർക്ക് പലിശ രഹിത വായ്പകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കും. കാർഷിക ലോണുകൾ സമയബന്ധിതമായി കൊടുത്തുതീർക്കും. നെൽകൃഷിക്കുള്ള സംസ്ഥാന വിള ഇൻഷ്വറൻസ് നഷ്ടപരിഹാര തുക വർദ്ധിപ്പിക്കും. കൂടാതെ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് എല്ലാ വിളകൾക്കും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

**കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം**

19 (*289) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി സി. കെ. ആശ :
ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷൻ നിലവിൽ വന്നതിന് ശേഷം എത്ര കർഷകർക്ക് ആനുകൂല്യം നൽകിയെന്നും കമ്മീഷൻ ഉത്തരവുകൾ നൽകിയിട്ടും സർക്കാരിന്റെ വിഹിതം നൽകാൻ ബാക്കിയുണ്ടോയെന്നും എത്ര കർഷകർക്കുള്ള വിഹിതമാണ് നൽകാനുള്ളതെന്നും വിശദമാക്കാമോ ;

(ബി) സർക്കാരിന്റെ വിഹിതം ബാങ്കുകൾക്ക് നൽകാത്തതിനാൽ കർഷകർ പണയപ്പെടുത്തിയ ആധാരം കർഷകർക്ക് തിരിച്ചു കിട്ടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇനി എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കർഷക കടാശ്വാസ കമ്മിഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ) കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ ലഭ്യമായ അപേക്ഷയിൽ, 403564 അപേക്ഷകൾ കക്ഷി വിചാരണയിലൂടെ തീർപ്പാക്കുകയും 123273 കർഷകർക്ക് കടാശ്വാസ ആനുകൂല്യം നൽകുകയുമുണ്ടായി. കമ്മീഷൻ തീർപ്പാക്കിയ ഉത്തരവുകളിൻമേൽ 9739 കർഷകർക്ക് സർക്കാരിന്റെ വിഹിതം നൽകുവാൻ ബാക്കിയുണ്ട്.

(ബി) കർഷക വിഹിതം ബാങ്കിൽ ഒടുക്കിയാൽ സർക്കാർ വിഹിതം കാത്തിരിക്കാതെതന്നെ പണയാധാരങ്ങൾ തിരികെ നൽകണമെന്ന് കമ്മീഷൻ നിലവിലുള്ള ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. അത്തരത്തിൽ പണയപ്പെടുത്തിയ ആധാരം തിരികെ നൽകാത്തത് ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ സർക്കാർ ഉത്തരവിന്റെയും സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലറിന്റെയും അടിസ്ഥാനത്തിൽ കർശന നിർദ്ദേശം ബാങ്കുകൾക്ക് നൽകാറുണ്ട്.

(സി) പ്രകൃതിക്ഷോഭങ്ങളാലും വരൾച്ചയാലും ദുരന്തം സംഭവിച്ച പ്രദേശങ്ങൾ ദുരന്തബാധിതമായി പ്രഖ്യാപിക്കുന്ന വിഷയത്തിൽ കമ്മീഷൻ സ്വമേധയാ നടപടികൾ സ്വീകരിച്ചുവരുന്നു. ജപ്തിനടപടികളാൽ കിടപ്പാടം നഷ്ടപ്പെടുന്നതും കോടതി നടപടികളാൽ ക്ലേശിക്കുന്നതുമായ കർഷകരുടെ കാര്യത്തിൽ കടാശ്വാസ നിയമം അനുശാസിക്കുന്ന പരിധിയിൽ സാധ്യമായ ഇടപെടൽ കമ്മീഷൻ നടത്തുകയും ചെയ്യുന്നുണ്ട്. കാർഷിക പ്രതിസന്ധിയെ തുടർന്ന് കടബാധ്യതയിലായ കർഷകരെ സഹായിക്കാനുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതാണ്.

**ഇന്ദിര ആവാസ് യോജന**

20 (*290) ശ്രീ. പി. വി. അൻവർ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ഇന്ദിര ആവാസ് യോജന പ്രകാരം എത്ര വീടുകൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കഴിഞ്ഞ വർഷം അനുവദിച്ച വീടുകൾക്ക് സംസ്ഥാന സർക്കാർ നൽകേണ്ട പദ്ധതി വിഹിതം കൃത്യമായി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഐ.എ.വൈ. പദ്ധതിക്ക് പകരം ആവിഷ്കരിച്ച പി.എം.എ.വൈ. പദ്ധതിയിൽ സംസ്ഥാനത്തിന് അർഹമായ പരിഗണന ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇന്ദിര ആവാസ് യോജന പ്രകാരം അനുവദിച്ചതിൽ നിർമ്മാണം പൂർത്തിയാകാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം (2015-16) പട്ടികജാതി വിഭാഗത്തിൽ 18287, പട്ടികവർഗ്ഗ വിഭാഗത്തിൽ 9337, ന്യൂനപക്ഷ വിഭാഗത്തിൽ 17875, പൊതു വിഭാഗത്തിൽ 13561 എന്നിങ്ങനെ ആകെ 59060 വീടുകളാണ് ലക്ഷ്യമിട്ടിരുന്നത്.

(ബി) 2015-16 വർഷത്തെ ഇന്ദിര ആവാസ് യോജന സംസ്ഥാന വിഹിതം രണ്ടാം ഗഡുവായി എസ്.സി.പി. ഇനത്തിൽ 12,77,29,034 രൂപയും റ്റി.എസ്.പി. ഇനത്തിൽ 6,03,80,700 രൂപയും സംസ്ഥാന സർക്കാർ അനുവദിക്കാനുണ്ട്. ഐ.എ.വൈ. പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച വീടുകൾക്ക് സംസ്ഥാന സർക്കാർ അധിക ധനസഹായമായി 50,000 രൂപ വീതം വീടൊന്നിന് നൽകേണ്ടതുണ്ടായിരുന്നു. 2012-13-ൽ 2015-16 വരെയുള്ള ബാധ്യത പരിഹരിക്കുന്നതിനായി സർക്കാർ 500 കോടി രൂപ അനുവദിക്കുകയും ഇതിൽ 400 കോടി രൂപ മൂന്ന് ഗഡുക്കളായി റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ തുക ഗ്രാമവികസന കമ്മീഷണറേറ്റിൽനിന്നും ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാർവഴി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക് അനുവദിച്ച് നൽകിയിട്ടുള്ളതാണ്. ഈ ഇനത്തിൽ ഇനി ബാധ്യതയായി നിൽക്കുന്ന തുക 161.88 കോടി രൂപയാണ്.

(സി) ഇന്ദിര ആവാസ് യോജന പദ്ധതിക്ക് പകരം ആവിഷ്കരിച്ച പി.എം.എ.വൈ. (ജി) പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ കേരളത്തിന് അനുവദിച്ച വീടുകളുടെ ഭൗതിക ലക്ഷ്യം മുൻ വർഷങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. കൂടാതെ പൊതു വിഭാഗത്തിന് വീടുകളൊന്നും അനുവദിച്ചിട്ടുമില്ല.

(ഡി) ഭവനനിർമ്മാണം പൂർത്തീകരിക്കാനായി ബ്ലോക്ക്/ജില്ലാതല ഉദ്യോഗസ്ഥർക്ക് അടിയന്തര തുടർ നടപടികൾ സ്വീകരിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ദീർഘകാലമായി മുടങ്ങിക്കിടന്ന വീടുകൾ സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗപ്പെടുത്തി ഭവന നിർമ്മാണ പൂർത്തീകരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സോഷ്യൽ ഓഡിറ്റിംഗ്

21 (*291) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. ബി. സത്യൻ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ സോഷ്യൽ ഓഡിറ്റിംഗ് നടക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ സോഷ്യൽ ഓഡിറ്റിംഗ് നിർബന്ധവും കർശനവുമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ സോഷ്യൽ ഓഡിറ്റിംഗ് നടക്കുന്നില്ല. തദ്ദേശ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്ന എല്ലാ പദ്ധതികളും, സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കുന്നതിനുള്ള വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുന്ന ഒരു സോഷ്യൽ ഓഡിറ്റ് മാന്വൽ 25-6-2016-ലെ സ.ഉ.(സാധാ) 1992/16/തസ്വഭവ നമ്പർ പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിന് 2011-ലെ സോഷ്യൽ ഓഡിറ്റ് ചട്ടങ്ങൾക്കനുസൃതമായി ഒരു സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) 2011-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പരിഷ്കരിച്ച സോഷ്യൽ ഓഡിറ്റ് സ്കീം ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്ത് നിലവിൽ വരേണ്ട സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നമുറയ്ക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് പുനഃസ്ഥാപിക്കുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ പദ്ധതികളും സോഷ്യൽ ഓഡിറ്റിനു വിധേയമാക്കുന്നതിനുള്ള വിപുലമായ സംവിധാനം ഏർപ്പെടുത്തുക എന്നത് സർക്കാരിന്റെ ലക്ഷ്യമാണ്. ആദ്യപടി എന്ന നിലയിൽ സമഗ്രമായ ഒരു സോഷ്യൽ ഓഡിറ്റ് മാന്വൽ 25-6-2016-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ

22 (*292) ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിലെ കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികൾ പ്രകാരം നാളിതുവരെ നടന്ന നവീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദവിവരം നൽകാമോ;

(സി) കുളങ്ങളും തോടുകളും തണ്ണീർത്തടങ്ങളും മാലിന്യനിക്ഷേപ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനെതിരെ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, വാർഷിക പദ്ധതി, വരൾച്ച ദുരിതാശ്വാസ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്ന പദ്ധതികളാണ് നിലവിലുള്ളത്.

(ബി) കുളങ്ങളുടെ ആഴം കൂട്ടൽ, കുളങ്ങളുടെ ചെളിനീക്കം ചെയ്യൽ, ശുചീകരണം, കുളങ്ങളിലെ മാലിന്യം നീക്കൽ, കുളങ്ങളുടെ വശങ്ങൾ കെട്ടി കമ്പി വലയിട്ട് സംരക്ഷിക്കൽ, തകർന്ന കുളങ്ങളുടെ പുനരുദ്ധാരണം എന്നീ നവീകരണ പ്രവർത്തനങ്ങളാണ് ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കിയിട്ടുള്ളത്. വിവിധ ജില്ലകളിലായി മഴക്കാല പൂർവ്വശുചീകരണത്തിന്റെ ഭാഗമായി 351 പൊതുകുളങ്ങൾ മാലിന്യം നീക്കി വൃത്തിയാക്കിയിട്ടുണ്ട്.

(സി) കുളങ്ങൾ മാലിന്യം വീഴാതെ കമ്പിവേലി കെട്ടി സംരക്ഷിക്കുന്നു. മാലിന്യം നിക്ഷേപിക്കരുതെന്ന് സൂചന ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. വാർഡ് സ്റ്റാഫിനെ നിയോഗിച്ച് നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തുന്നുണ്ട്. ഗ്രാമസഭകളിൽ പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ച് ബോധവത്ക്കരണം നൽകുന്നുണ്ട്. കൂടാതെ ശുചിത്വ പദ്ധതികളുടെ ഭാഗമായി കുളങ്ങൾ വൃത്തിയാക്കി സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ നഗരസഭാ പരിധിയിലുള്ള നദികൾ, കായലുകൾ, കുളങ്ങൾ, പൊതു കിണറുകൾ അടക്കമുള്ള എല്ലാ ജലസ്രോതസ്സുകളും സംരക്ഷിക്കുന്നതിനും അവയുടെ കയ്യേറ്റങ്ങൾ തടയുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. നദികളും കുളങ്ങളും തോടുകളും മറ്റ് ജലാശയങ്ങളും നശിപ്പിക്കുന്നതിനും കയ്യേറ്റങ്ങൾ നടത്തുന്നതിനും മലിനീകരണം നടത്തുന്നതിനും എതിരെ ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും നഗരസഭാ തലത്തിൽ വിവിധ രീതിയിലുള്ള ബോധവത്കരണ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ജലസ്രോതസ്സുകൾ, തോടുകൾ, കുളങ്ങൾ, ജലനിർഗ്ഗമന ചാലുകൾ എന്നിവ മലിനപ്പെടുത്തുന്നത് തടയുന്നതിന് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 340(2) വകുപ്പ് പ്രകാരം നഗരസഭാ തലത്തിൽ നടപടിയെടുത്തുവരുന്നു.

**തൊഴിലുറപ്പ് പദ്ധതി**

23 (*293) ഡോ. എം. കെ. മുനീർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. ടി. വി. ഇബ്രാഹിം :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്ന കാര്യത്തിൽ നയം വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണെന്നുള്ളത് വിശദമാക്കുമോ;

(സി) പദ്ധതി നിലനിർത്തുന്നതിനും, അത് വികസനോന്മുഖമായി നടപ്പാക്കുന്നതിനും, അഭിപ്രായ രൂപീകരണം നടത്തി കേന്ദ്രസഹായം പൂർണ്ണതോതിൽ നേടിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണം നിലവിൽ പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിനും കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിധേയമായി കൂടുതൽ കാര്യക്ഷമവും വികസനോന്മുഖവുമായി പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

## പ്രവാസി ക്ഷേമ പദ്ധതി

24 (*294) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പ്രവാസി ക്ഷേമപദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് തൃപ്തികരമാണോ;

(സി) പ്രവാസി ക്ഷേമപദ്ധതി നടത്തിപ്പിൽ ഭൗതിക ലക്ഷ്യം, സാമ്പത്തിക ലക്ഷ്യം എന്നിവ എത്രത്തോളം കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പ്രവാസി ക്ഷേമ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാർ പ്രവാസികൾക്കുവേണ്ടി നടത്തുന്ന ക്ഷേമ പദ്ധതികളുടെ നടത്തിപ്പ് തൃപ്തികരമാണ്.

(സി) പ്രവാസി ക്ഷേമപദ്ധതി നടത്തിപ്പിൽ 2015-16 വർഷം കൈവരിച്ച ഭൗതിക ലക്ഷ്യങ്ങളുടെയും സാമ്പത്തിക ലക്ഷ്യങ്ങളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പദ്ധതി | ഭൗതിക ലക്ഷ്യം | സാമ്പത്തിക നേട്ടം 2015-16 (രൂപയിൽ) |
|---|---|---|
| (1) | (2) | (3) |
| നോർക്ക വകുപ്പിന് കീഴിലുള്ള സാന്ത്വന പദ്ധതി H/A " 2230-01-103-39" | 1663 ഗുണഭോക്താക്കൾ | 11,32,02,000 |
| തിരികെയെത്തിയപ്രവാസി കേരളീയർക്കായുള്ള പുനരധിവാസ പദ്ധതി H/A " 2230-01-103-11" | 1116 (നാളിതുവരെയുള്ള ഗുണഭോക്താക്കൾ) | 4,29,81,027 |
| കോൾ സെന്റർ H/A " 2230-01-103-14" | 36385 (ഫോൺ കോളുകൾ) | 27,14,879 |
| സ്കിൽ അപ്ഗ്രഡേഷൻ & റി-ഇന്റഗ്രേഷൻ പ്രോഗ്രാം | 1920 (ഉദ്യോഗാർത്ഥികൾ) | 2,46,54,880 |
| പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം H/A " 2230-01-103-24" | 6530 (ഉദ്യോഗാർത്ഥികൾ) | 41,15,600 |
| ജോബ് പോർട്ടൽ H/A" 2230-01-103-13" | 43543 (ഉദ്യോഗാർത്ഥികൾ) | 19,26,684 |
| നോർക്ക-റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകളുടെ സ്ഥാപനം H/A " 2230-01-103-12" | നോർക്ക-റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകളുടെയും ജില്ലാ നോർക്ക സെല്ലുകളുടെയും സ്ഥാപനം. | 50,70,581 |

| (1) | (2) | (3) |
|---|---|---|
| പ്രവാസി നിയമ സഹായ സെൽ H/A " 2230-01-103-23" | അർഹരായവർക്ക് നിയമ സഹായം ലഭ്യമാക്കുന്നതിന് വേണ്ട പ്രചാരണം നൽകുന്നതിനും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിന് ബന്ധപ്പെട്ട ഇന്ത്യൻ മിഷനുകളുടെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. | ( ഈ പദ്ധതി സാമ്പത്തിക ലക്ഷ്യം മുൻനിർത്തിയുള്ള തല്ല) |
| എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട് H/A " 2230-01-103-74" | 2444 (ഗുണഭോക്താക്കൾ) | 1,07,83,422 |
| സ്വപ്ന സാഫല്യം H/A " 2230-01-800-93" | | 10,795 |
| നോർക്ക ബിസിനസ്സ് സഹായക കേന്ദ്രം (NBFC) H/A " 2230-01-800-94" | സിഡ്കോയുമായി ചേർന്ന് സോഫ്റ്റ്വെയർ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പുനരധിവാസവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തു. | 39,38,713 |
| വിസാ തട്ടിപ്പിനെതിരെയുള്ള ബോധവത്ക്കരണം H/A " 2230-01-103-47" | അച്ചടി/ദൃശ്യ/ശ്രവ്യ മാധ്യമങ്ങളിലൂടെയുള്ള ബോധവത്ക്കരണം. | 50,36,199 |

| (1) | (2) | (3) |
|---|---|---|
| കാരുണ്യം | 11 ഗുണഭോക്താക്കൾ | 2,36,000 |
| പ്രാഗത്ഭ്യം തെളിയിച്ച വിദേശ കേരളീയരുടെ ഡാറ്റാ ബേസ് രൂപീകരിക്കൽ H/A " 2230-01-103-80" | വിവരശേഖരണത്തിന്റെ ആദ്യ ഘട്ടം പൂർത്തീകരിച്ചു. | 25,00,000 |

കൂടാതെ, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖാന്തിരമുള്ള പെൻഷൻ, കുടുംബ പെൻഷൻ, ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ഗ്രാന്റ് തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളും അപേക്ഷ സമർപ്പിക്കുന്ന അർഹരായ എല്ലാവർക്കും നൽകി വരുന്നുണ്ട്.

**മോട്ടോർ വാഹന വകുപ്പിന്റെ ശാക്തീകരണം**

25 (*295) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ മോട്ടോർ വാഹന വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിയ ആധുനികവത്കരണ, ശാക്തീകരണ കർമ്മ പദ്ധതികൾ എന്തെല്ലാം;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇവ നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദീകരിക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) :

(എ) കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളുവാനായി മോട്ടോർ വാഹന വകുപ്പ് പൂർണ്ണമായി കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുണ്ട്. ഇ-പേമെന്റ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കമ്പ്യൂട്ടർവത്ക്യത വാഹന പരിശോധനാ കേന്ദ്രങ്ങളും ഡ്രൈവർ ടെസ്റ്റിംഗ്

ട്രാക്കുകളും സ്ഥാപിച്ചുവരികയും ആധുനിക ഉപകരണങ്ങളായ ഇന്റർസെപ്റ്റർ, ആൽക്കോമീറ്റർ, സ്പീഡ് റഡാർ മുതലായവ എൻഫോഴ്സ്മെന്റ് നടപടികൾക്കായി വാങ്ങുകയും ചെയ്യുന്നുണ്ട്. ആധുനികവത്ക്കരണ പരിപാടികളുടെ ഭാഗമായി സ്പീഡ് ക്യാമറകളും സ്ഥാപിച്ചിട്ടുണ്ട്. എല്ലാ ഓഫീസുകളിലും പൊതുജനങ്ങളെ സഹായിക്കാനായി ഇ-സേവാ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) അപകട മരണങ്ങൾ ഇല്ലാതാക്കുക, റോഡപകടങ്ങൾ കുറയ്ക്കുക, അഴിമതി തടയുക, പൊതുജനങ്ങൾക്ക് സുതാര്യമായ സേവനം ഉറപ്പാക്കുക, ജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ മോട്ടോർ വാഹന വകുപ്പിന്റെ സേവനങ്ങൾ നൽകുക, ഇടനിലക്കാരെ ഒഴിവാക്കുക തുടങ്ങിയ ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) ഇ-പേമെന്റ് നടപ്പാക്കാനായി 2014-ലെ കേരള ഫിനാൻസ് ആക്ട് പ്രകാരം 1976-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ടും 13-3-2015-ലെ ജി.ഒ.(പി) നമ്പർ 15/2015/ഗതാ. നമ്പർ ഉത്തരവ് പ്രകാരം 1975-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ റൂൾസും ഭേദഗതി ചെയ്തിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ വിവിധ പദ്ധതികൾക്ക് പ്ലാൻഫണ്ട് അനുവദിച്ചിട്ടുണ്ട്. സർക്കാർ തലത്തിൽ ഭരണാനുമതി ആവശ്യമുള്ള കാര്യങ്ങളിൽ അത് യഥാസമയം നൽകി അവ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

**അടിസ്ഥാന സൗകര്യ വികസനം**

26 (*296) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ശാക്തീകരണത്തിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തു നടപ്പാക്കിയത്; വിശദമാക്കുമോ;

(ബി) ഇതിനുവേണ്ടി പ്രയോജനപ്പെടുത്തിയ കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ലോകബാങ്ക് ധനസഹായത്തോടുകൂടി കെ.എൽ.ജി.എസ്.ഡി.പി. പദ്ധതി നടപ്പിലാക്കിവരുന്നു. ലോകബാങ്ക് ധനസഹായമായി ലഭിക്കുന്ന പെർഫോമൻസ് ഗ്രാന്റ് ആസ്തി നിർമ്മാണത്തിനായും പുനരുദ്ധാരണത്തിനുമായി ഉപയോഗിച്ചു വരുന്നു. സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി 2014-15, 2015-16 എന്നീ വർഷങ്ങളിൽ ശ്മശാന നിർമ്മാണത്തിനും നവീകരണത്തിനുമായി തുക അനുവദിച്ചു നൽകുകയും പഞ്ചായത്തുകൾ തുക വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് കെട്ടിടം, കുടിവെള്ളം, വൈദ്യുതി, ടോയ്‌ലറ്റ് എന്നീ പ്രോജക്ടുകൾ വാർഷിക പദ്ധതികളിലുൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ശാക്തീകരണത്തിനും കെ.എസ്.യു. ഡി.പി. ശുദ്ധജല വിതരണം, സ്വീവറേജ് ആന്റ് സാനിട്ടേഷൻ, സ്റ്റോം വാട്ടർ ഡ്രെയിനേജ്, ഖരമാലിന്യ നിർമ്മാർജ്ജനം, റോഡുകൾ എന്നീ കർമ്മപദ്ധതികൾ നടപ്പാക്കിവരുന്നു.

(ബി&സി) ലോകബാങ്ക് ധനസഹായം പ്രധാനമായും ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഉപയോഗിച്ചിട്ടുള്ളത്. കൂടാതെ പഞ്ചായത്തുകളുടെ ശാക്തീകരണത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.ജി.പി.എസ്.ജെ-യിൽ ഉൾപ്പെടുത്തി കെട്ടിടം ഇല്ലാത്ത 11 പഞ്ചായത്തുകൾക്ക് കെട്ടിട നിർമ്മാണത്തിനായി 15 ലക്ഷം രൂപ വീതവും 34 പഞ്ചായത്തുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 3 ലക്ഷം രൂപ വീതവും അനുവദിച്ചു നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട്, എം.പി. ഫണ്ട് എന്നിവയും കേന്ദ്ര സർക്കാരിന്റെ MGNREGS, PMGSY, PMAY, NRUM, RIDF എന്നീ പദ്ധതികളുമാണ് ഇതിനായി പ്രയോജനപ്പെടുത്തിയിട്ടുള്ളത്. ശ്മശാനം ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ ശ്മശാനം നിർമ്മിക്കുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി തുക അനുവദിച്ചുനൽകിയിട്ടുണ്ട്.

## ജില്ലാ പൈതൃക മ്യൂസിയങ്ങൾ

27 (*297) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വിശദമാക്കാമോ;

(സി) ഇതിന്റെ പ്രവർത്തനങ്ങൾക്ക് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) :

(എ) ഉണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള പദ്ധതി പുരാവസ്തു വകുപ്പ് നടപ്പാക്കിവരുന്നു. ആദ്യ ഘട്ടത്തിൽ എട്ട് ജില്ലകളിൽ സ്ഥലം കണ്ടെത്തി സജ്ജീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ ജില്ലകളിൽ മ്യൂസിയം സജ്ജീകരണ പ്രവർത്തനങ്ങൾ പൂർത്തീകരണ ഘട്ടത്തിലാണ്. തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിൽ സജ്ജീകരണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നുണ്ട്. മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി മലപ്പുറം ജില്ലാ പൈതൃക മ്യൂസിയമായി സജ്ജീകരിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) നമ്മുടെ പൈതൃകത്തിന്റെയും ചരിത്രത്തിന്റെയും ശേഷിപ്പുകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും ഭാവി തലമുറയ്ക്ക് മനസിലാകുന്ന രീതിയിൽ ആധുനിക സംവിധാനങ്ങളോടുകൂടി നൂറ്റാണ്ടുകൾ പഴക്കമുള്ള നാണയങ്ങൾ, പുരാവസ്തുക്കൾ എന്നിവ പരിരക്ഷിച്ച് ശാസ്ത്രീയമായ രീതിയിൽ വെളിച്ച സജ്ജീകരണങ്ങളോടുകൂടി മതിയായ സുരക്ഷ ഉറപ്പുവരുത്തി മ്യൂസിയം സജ്ജീകരിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

ജില്ലാ പുരാവസ്തു പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നത് മുഖേന അവയുടെ ഒരു ഭാഗം കേരള ചരിത്രവുമായി ബന്ധപ്പെടുത്തുന്നതും ജില്ലയ്ക്ക് പ്രത്യേക പരിഗണന നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതുമാണ്. പ്രസ്തുത പ്രദേശത്തിന്റെ പൈതൃകവുമായി ബന്ധപ്പെട്ടിട്ടുള്ള ഒരു വിഭാഗവും മ്യൂസിയത്തിലുണ്ടായിരിക്കുന്നതാണ്. സംസ്ഥാനത്തെ പൈതൃക സവിശേഷതകൾ വരുംതലമുറയ്ക്ക് ദൃശ്യമാക്കുക എന്ന ലക്ഷ്യത്തോടൊപ്പം കുട്ടികളിലും പൊതുജനങ്ങളിലും പൈതൃക സമ്പത്ത് കാത്തുസൂക്ഷിക്കുന്നതിലെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിനും ഈ സംരംഭം സഹായിക്കുമെന്ന് കരുതുന്നു.

(സി) എല്ലാ ജില്ലകളിലും ജില്ലാതല പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ എട്ട് ജില്ലകളിൽ മ്യൂസിയം പ്രവർത്തനങ്ങൾക്ക് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. എട്ട് ജില്ലാ പൈതൃക മ്യൂസിയങ്ങളുടെ പദ്ധതി രേഖ അംഗീകരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. രണ്ട് മ്യൂസിയങ്ങൾ ഉദ്ഘാടനം ചെയ്യുകയും അഞ്ച് മ്യൂസിയങ്ങളുടെ സജ്ജീകരണ പ്രവർത്തനങ്ങൾ പുരോഗതിയിലുമാണ്. മ്യൂസിയങ്ങളുടെ സജ്ജീകരണ പ്രവർത്തനങ്ങൾ നോഡൽ ഏജൻസിയായ 'കേരളം മ്യൂസിയം' മുഖേനയാണ് നടപ്പിലാക്കുന്നത്. സർക്കാരിന്റെ വിവിധ വകുപ്പുകളുടെയും ഉദ്യോഗസ്ഥരുടെയും സന്നദ്ധ സംഘടനകളുടെയും വ്യക്തികളുടെയും കൂട്ടായ സഹകരണം ഉറപ്പാക്കി പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിന് ആവശ്യമായ സ്ഥലം കണ്ടെത്തേണ്ടതുണ്ട്. ആയതിന് ശേഷം ഇക്കാര്യത്തിൽ ആവശ്യമായ ഭരണാനുമതിയും നൽകുന്ന മുറയ്ക്ക് മാത്രമേ മറ്റ് ജില്ലകളിൽ ജില്ലാതല മ്യൂസിയങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

## ഗ്രാമീണ മേഖലയിലെ മത്സ്യമാർക്കറ്റുകൾ, അറവുശാലകൾ എന്നിവമൂലമുള്ള പ്രശ്നങ്ങൾ

28 (*298) ശ്രീ. എസ്. ശർമ്മ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിലെ മത്സ്യ മാർക്കറ്റുകൾ, അറവുശാലകൾ എന്നിവയിൽ നിന്നുമുള്ള മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലേക്ക് തള്ളുന്ന അനാരോഗ്യകരമായ പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടിയെന്താണെന്ന വ്യക്തമാക്കാമോ;

(സി) ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്കും പരിസ്ഥിതി മലിനീകരണത്തിനും ഇടയാക്കുന്ന ഇത്തരം കുറ്റകൃത്യങ്ങൾ, പരാതിപ്പെടുമ്പോൾ മാത്രമാണ് ഗ്രാമ പഞ്ചായത്തുകൾക്ക് നടപടി സ്വീകരിക്കാനാകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ഇത്തരം സംഭവങ്ങൾ യഥാസമയം നിരീക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ പ്രത്യേക ആരോഗ്യ വിഭാഗം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ;

(ഡി) ഗ്രാമ പഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിനും മാർക്കറ്റുകളിലെ മാലിന്യ സംസ്കരണം ശാസ്ത്രീയമാക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) ഉണ്ട്.

(ബി) ശുചിത്വ മിഷന്റെ നേതൃത്വത്തിൽ പ്രായോഗികവും സാങ്കേതിക മികവുള്ളതും ഉയർന്ന ശേഷിയുള്ളതും പരമാവധി പരിസ്ഥിതി പ്രശ്നങ്ങൾ ഒഴിവാക്കിയുള്ളതുമായ മാലിന്യങ്ങളിൽനിന്നും ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന ആധുനിക അറവുശാല സംവിധാനം അതാത് തലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ നിയന്ത്രണ, ശിക്ഷാ നടപടികളും ഊർജ്ജിതപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നത് തടയുന്നതിന് ഗ്രാമ പഞ്ചായത്തുകളിൽ ആരോഗ്യവകുപ്പിൽനിന്നും കൈമാറ്റം ചെയ്യപ്പെട്ട ഒരു ഹെൽത്ത് ഇൻസ്പെക്ടർ നിലവിലുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകളിൽ പ്രത്യേക ആരോഗ്യ വിഭാഗം രൂപീകരിക്കുന്നത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(ഡി) ഗ്രാമ പഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിനും മാർക്കറ്റുകളിലെ മാലിന്യ സംസ്കരണം ശാസ്ത്രീയമാക്കുന്നതിനും ശുചിത്വ മിഷൻ മുഖേന നടപടി സ്വീകരിച്ചുവരുന്നു. മാർക്കറ്റുകളിലെ മാലിന്യ സംസ്കരണം ഉറപ്പാക്കാനായി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻവേണ്ടി ശുചിത്വ മിഷനിൽനിന്നും സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും നൽകുന്നുണ്ട്.

## വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണ പുരോഗതി

29 (*T299) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പദ്ധതിക്കായി വീടും സ്ഥലവും വിട്ടുകൊടുത്ത കുടുംബങ്ങൾക്കുള്ള സൗജന്യ ഭൂമിയുടെ വിതരണം പൂർത്തിയായോ; ഇവർക്ക് എന്നാണ് ഭൂമി നല്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പുനരധിവാസ പാക്കേജിൽ വ്യവസ്ഥ ചെയ്തിരുന്ന എന്തെല്ലാം കാര്യങ്ങൾ ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) :

(എ) ഇല്ല. വിഴിഞ്ഞം പദ്ധതിക്കായി ഏറ്റെടുത്തിട്ടുള്ള 79 വീടുകൾക്ക് പകരമായി 78 ഭൂഉടമകൾക്ക് ഭൂമി സൗജന്യമായി നൽകിയിട്ടുണ്ട്. ഒരു വീട്ടുടമസ്ഥന് പകരം ഭൂമി നൽകുന്നത് സംബന്ധിച്ച് നിയമ നടപടികൾ നടന്നുവരുന്നു. 78 പേരിൽ, 6 പേർക്ക് 2011-ലും 36 പേർക്ക് 2012-ലും 3 പേർക്ക് 2015-ലും 24 പേർക്ക് 2013-14-ലും 9 പേർക്ക് 2016-ലുമാണ് ടി സൗജന്യ ഭൂമി വിതരണം ചെയ്തത്.

(ബി) വിഴിഞ്ഞം തുറമുഖ പദ്ധതിമൂലം വീട്/സ്ഥലം എന്നിവ നഷ്ടപ്പെടുന്നവരുടെ പുനരധിവാസ പാക്കേജിൽ വ്യവസ്ഥ ചെയ്തിരുന്ന എല്ലാ കാര്യങ്ങളും പൂർത്തിയാക്കിയിട്ടുണ്ട്. തുറമുഖ പദ്ധതിമൂലം തൊഴിൽ നഷ്ടപ്പെടുന്ന ചിപ്പി/ലോബ്സ്റ്റർ മത്സ്യബന്ധനം, കരമടി മത്സ്യബന്ധനം എന്നിവയിൽ ഏർപ്പെട്ടിരുന്ന 185 പേർക്ക് 11.7 കോടി രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. ടി വിഭാഗത്തിൽപ്പെടുന്നവരും ഭാഗികമായി തൊഴിൽ നഷ്ടപ്പെടുന്നവരുമായ ശേഷിക്കുന്ന 512 പേരുടെ നിജസ്ഥിതി സംബന്ധിച്ച അന്വേഷണം പൂർത്തീകരിച്ചു. 2016 ജൂലൈ മാസത്തോടെ നഷ്ടപരിഹാരം വിതരണം ചെയ്യാനാണ് ലക്ഷ്യമിടുന്നത്. ഇതിന് പുറമെ തൊഴിൽ ബാധിക്കപ്പെടുന്ന റിസോർട്ട് തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ എന്നിവരുടെ പുനരധിവാസം സംബന്ധിച്ച് തിരുവനന്തപുരം ജില്ലാ ലേബർ ഓഫീസർ തയ്യാറാക്കിയ റിപ്പോർട്ടിന്മേൽ ആക്ഷേപങ്ങൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ആക്ഷേപങ്ങൾ കൂടി പരിഗണിച്ച ശേഷമേ ഇവർക്കുള്ള നഷ്ടപരിഹാരം വിതരണം ചെയ്യുവാനാകൂ.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## പരിസ്ഥിതി സൗഹൃദ ഗതാഗത മാർഗ്ഗങ്ങൾ

30 (*300) ശ്രീ. ഐ.ബി. സതീഷ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ ഗതാഗത മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി പ്രധാന നഗരങ്ങളിൽ കംപ്രസ്സ്ഡ് നാച്വറൽ ഗ്യാസ് (CNG) ബസ്സുകളും ബാറ്ററി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബസ്സുകളും നിരത്തിലിറക്കാൻ പദ്ധതിയുണ്ടോ;

(സി) പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിന് ഇത് എങ്ങനെയെല്ലാം സഹായിക്കുമെന്നാണ് കരുതുന്നതെന്ന് വിശദമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) :

(എ) ഉണ്ട്.

(ബി) ഉണ്ട്. അന്തരീക്ഷ മലിനീകരണം കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി പ്രധാന നഗരപരിധികളിൽ വാഹനങ്ങളിൽ കംപ്രസ്സ്ഡ് നാച്വറൽ ഗ്യാസ് (CNG) ഇന്ധനമായി ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ സി.എൻ.ജി. ഉപയോഗിച്ചുള്ള വാഹനങ്ങൾ ഓടിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി. ഘട്ടംഘട്ടമായി സ്വീകരിക്കുന്നതാണ്. ആദ്യ ഘട്ടമെന്ന നിലയിൽ എറണാകുളം നഗരത്തിൽ സി.എൻ.ജി. ഉപയോഗിച്ചുള്ള വാഹനം ഓടിക്കുന്നതിലേക്കായി 1000 പുതിയ സി.എൻ.ജി. ബസ്സുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്ന് കെ.എസ്.ആർ.ടി.സി.-ക്ക് വായ്പയായി ലഭ്യമാക്കുമെന്ന് ധനകാര്യമന്ത്രി അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗത്തിൽ കൊണ്ടുവരുന്ന കാര്യവും പരിശോധിക്കുന്നതാണ്.

(സി) സി.എൻ.ജി.-യിലെ കാർബണിന്റെ അളവ് കുറവായതിനാൽ അന്തരീക്ഷ മലിനീകരണവും കുറവായിരിക്കും. കൂടാതെ സി.എൻ.ജി. ഉപയോഗിക്കുമ്പോൾ മറ്റ് ഇന്ധനങ്ങളെക്കാൾ എമിഷൻ ലെവൽ വളരെ കുറവായിരിക്കും. സി.എൻ.ജി.-യുടെ ഗ്രീൻഹൗസ് എമിഷൻ പെട്രോളിയം, ഡീസൽ തുടങ്ങിയ ഇന്ധനങ്ങളുടെ ഗ്യാസ് എമിഷനേക്കാൾ കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### അശാസ്ത്രീയമായ കീടനാശിനി പ്രയോഗം

1 (2286) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിയിടങ്ങളിൽ നടക്കുന്ന അശാസ്ത്രീയമായ കീടനാശിനി പ്രയോഗം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്നകാര്യം സർക്കാർ ഗൗരവമായി കണക്കാക്കിയിട്ടുണ്ടോ;

(ബി) മാരകമായ കീടനാശിനികൾ കൃഷിയിടങ്ങളിൽ പ്രയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനും ജൈവകീടനാശിനികൾ പ്രോത്സാഹിപ്പിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ആരോഗ്യത്തിന് ഹാനികരമായ കീടനാശിനികളുടെ പ്രയോഗം കണ്ടെത്തുന്നതിനും, കൃഷിയിടങ്ങളിൽ ഇത്തരം കീടനാശിനികൾ പ്രയോഗിക്കുന്ന കർഷകരെ പിൻതിരിപ്പിക്കുന്നതിനുമായി ഏതെങ്കിലും തരത്തിലുള്ള പരിശോധനകൾ നടത്തുന്നുണ്ടോ; എങ്കിൽ പ്രസ്തുത കർഷകർക്കെതിരെ സ്വീകരിക്കുന്ന നടപടികൾ എന്തെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കീടനാശിനികളുടെ അമിത ഉപയോഗം നിയന്ത്രിക്കുന്നതിനും ജൈവകീടനാശിനികൾ പ്രോത്സാഹിപ്പിക്കുന്നതിനും താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അമിത കീടനാശിനി പ്രയോഗത്തിന്റെ ദൂഷ്യഫലങ്ങൾ സംബന്ധിച്ചും വിഷരഹിതമായ ഭക്ഷ്യ ഉത്പന്നങ്ങളുടെ ഉത്പാദനം സംബന്ധിച്ചും ബോധവത്കരണ ക്ലാസ്സുകൾ, പരിശീലനങ്ങൾ, ശിൽപ്പശാലകൾ എന്നിവയിലൂടെ കർഷകരെ ബോധവത്ക്കരിക്കുന്നുണ്ട്.

സംസ്ഥാനത്ത് ജൈവകാർഷിക നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 16 ഇനം കീട/കുമിൾ/കളനാശിനികളുടെ സംഭരണം, വിതരണം, ഉപയോഗം എന്നിവ സംസ്ഥാനത്ത് നിരോധിക്കുകയും 7 ഇനങ്ങളുടെ ഉപയോഗം അത്യാവശ്യ ഘട്ടങ്ങളിൽ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമായി പരിമിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ നിയന്ത്രണം കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് ഡിപ്പോ പരിശോധനകൾ കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശം ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർക്ക് നൽകിയിട്ടുണ്ട്. വിള ആരോഗ്യ പരിപാലന പദ്ധതിയിൻകീഴിൽ ആരംഭിച്ചിട്ടുള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന രാസ കീടനാശിനികളുടെ ഉപയോഗം കഴിയുന്നത്ര കുറച്ച് ജൈവിക നിയന്ത്രണ മാർഗ്ഗങ്ങളും സംയോജിത കീടനിയന്ത്രണവും അവലംബിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ ജൈവ കീടരോഗ നിയന്ത്രണോപാധികൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നു. കൃഷി വകുപ്പിന്റെ കീഴിലുള്ള മണ്ണുത്തിയിലെ സംസ്ഥാന ബയോ കൺട്രോൾ ലാബിൽനിന്നും സ്യൂഡോമോണാസ്, ട്രൈക്കോഡർമ, ട്രൈക്കോകാർഡ്സ്, ബ്യൂവേറിയ മുതലായ കീടരോഗ നിയന്ത്രണോപാധികൾ ആവശ്യമനുസരിച്ച് ഉത്പാദിപ്പിച്ച് കർഷകർക്ക് നേരിട്ടും, കൃഷിഭവനുകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവ മുഖേനയും ലഭ്യമാക്കുന്നു. കർഷകർക്ക് ആവശ്യമായ ട്രൈക്കോഡർമ (രോഗനിയന്ത്രണത്തിനുള്ള ജൈവിക മാർഗ്ഗം) അവരുടെ കൃഷിയിടങ്ങളിൽതന്നെ ഉണ്ടാക്കുന്നതിനുള്ള ചെറിയ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സാമ്പത്തിക, സാങ്കേതിക സഹായം വിവിധ പദ്ധതികളിലൂടെ ലഭ്യമാക്കുന്നു. പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ ശാക്തീകരിച്ച് പരാദ പ്രാണികളുടെ ഉത്പാദനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മങ്കൊമ്പ് ആസ്ഥാനമായുള്ള കീട നിരീക്ഷണ കേന്ദ്രത്തോടനുബന്ധിച്ച് ഒരു ഫിറമോൺലൂർ ഉത്പാദന കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. കൃഷിയിടങ്ങളിൽ കീടനാശിനികളുടെ അനിയന്ത്രിതവും വിവേചന രഹിതവുമായ ഉപയോഗം തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കീടനാശിനി കമ്പനികൾ കൃഷിയിടങ്ങളിൽ പോയി കൃഷിക്കാർക്ക് നേരിട്ട് കീടനാശിനികളെ പ്രചരിപ്പിക്കുന്ന ഡെമോൺസ്ട്രേഷനുകളും പരസ്യ പരിപാടികളും നിരോധിച്ചുകൊണ്ട് സർക്കുലർ ഇറക്കിയിട്ടുണ്ട്. പെസ്റ്റിസൈഡ് ഇൻസ്പെക്ടർമാരായ കൃഷി ഓഫീസർമാർ കീടനാശിനി ഷോറൂമുകളിൽ മാസത്തിൽ രണ്ടുതവണ പരിശോധന നടത്തുകയും ഷോറൂമുകളിലെ സ്റ്റോക്കും വിൽപ്പനയും പരിശോധിക്കേണ്ടതാണെന്ന് ഉത്തരവ് നൽകിയിട്ടുള്ളതുമാണ്. സംസ്ഥാനത്ത് നിരോധിക്കപ്പെട്ടിട്ടുള്ള കീടനാശിനികളുടെ വിതരണവും വിൽപ്പനയും തടയുന്നതിനായി ജില്ലാ തലത്തിൽ വിജിലൻസ് കമ്മിറ്റികൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

## അഗ്രോസർവ്വീസ് സെന്ററുകളുടെ പ്രവർത്തനം

2 (2287) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്; വിശദീകരിക്കുമോ;

(ബി) ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള ഉദ്ദേശ്യലക്ഷ്യങ്ങളുടെ വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇവ നടപ്പിൽ വരുത്തുന്നതിന് ഭരണതലത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

### ഉത്തരം

(എ-സി) 49 അഗ്രോ സർവ്വീസ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2016-17-ൽ 20 അഗ്രോ സർവ്വീസ് കേന്ദ്രങ്ങൾകൂടി തുടങ്ങുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അഗ്രോ സർവ്വീസ് സെന്ററുകളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. കർഷകർക്ക് ആവശ്യമായ വിവിധ സേവനങ്ങൾ ലഭ്യമാക്കുക.
2. സംസ്ഥാനത്തെ കർഷകത്തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി കാർഷിക രംഗത്ത് യന്ത്രവത്ക്കരണം നടപ്പിലാക്കുക.
3. കൃഷി ലാഭകരമാക്കുന്നതിന് ആവശ്യം വേണ്ട നടീൽ വസ്തുക്കൾ, വളങ്ങൾ, ജൈവകീടനാശിനികൾ എന്നിവ ലഭ്യമാക്കുക.
4. ട്രാക്ടർ, തെങ്ങുകയറ്റ യന്ത്രം, വീഡ് കട്ടർ, പവർ സ്പ്രേയർ തുടങ്ങിയ യന്ത്രോപകരണങ്ങൾ ന്യായമായ വാടകയ്ക്ക് ലഭ്യമാക്കുക, അവയുടെ റിപ്പയർ ജോലികൾ ചെയ്തുകൊടുക്കുക.
5. കൃഷി വകുപ്പിന്റെ വിവിധ പദ്ധതികൾ മുഖേനയുള്ള സഹായങ്ങൾ കൃഷിക്കാരിലേയ്ക്ക് ലഭ്യമാക്കുന്നതിന് സഹായിക്കുക.
6. കൃഷി അനുബന്ധ മേഖലകളിൽ യുവാക്കൾക്കുള്ള താത്പര്യവും പ്രാഗൽഭ്യവും ഉറപ്പുവരുത്തി കൃഷി ഭവനുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ കർഷകരിലേക്ക് എത്തിക്കുക.

ഓരോ അഗ്രോ സർവ്വീസ് സെന്ററുകളുടെയും സുഗമമായ നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായിട്ടുള്ള കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി തീരുമാനിക്കുന്ന യന്ത്രോപകരണങ്ങളാണ് വാങ്ങുന്നത്. ഇടുക്കി പോലുള്ള ഹൈറേഞ്ച് മേഖലയിൽ പ്രവർത്തിക്കുന്ന അഗ്രോ സർവ്വീസ് സെന്ററുകൾക്ക് അവിടുത്തെ ഭൂപ്രകൃതിക്കും കാർഷിക രീതിക്കും അനുയോജ്യമായ യന്ത്രസാമഗ്രികൾ കമ്മിറ്റിയുടെ തീരുമാന പ്രകാരം വാങ്ങാവുന്നതാണ്.

അഗ്രോ സർവ്വീസ് കേന്ദ്രങ്ങൾവഴി വിവിധ കൃഷിപ്പണികളിൽ യന്ത്രങ്ങളുടേയും പരിശീലനം ലഭിച്ച തൊഴിലാളികളുടേയും സേവനം ലഭ്യമാണ്. യന്ത്രങ്ങൾ ന്യായമായ വാടകയ്ക്ക് നൽകുന്നു. അവയുടെ അറ്റകുറ്റപ്പണികൾ ചെയ്തുകൊടുക്കുന്നു. പരിശീലനം ലഭിച്ച തൊഴിലാളികളുടെ സേവനവും വിവിധ കാർഷിക വൃത്തികൾക്ക് ന്യായമായ കൂലിയിൽ ലഭ്യമാക്കുന്നു. കൂടാതെ കാർഷിക വൃത്തിക്ക് ആവശ്യമായ നടീൽ വസ്തുക്കൾ, ജൈവ വളങ്ങൾ, ജീവാണു കീടനാശിനികൾ എന്നിവയും അഗ്രോ സർവ്വീസ് സെന്ററുകൾവഴി കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. സൗകര്യങ്ങൾ ലഭ്യമായ കേന്ദ്രങ്ങളിൽ സോയിൽ ടെസ്റ്റിംഗ് ലാബുകൾ ആരംഭിച്ചിട്ടുണ്ട്. കുത്തുപറമ്പ്, കോതമംഗലം, പഴയന്നൂർ എന്നിവിടങ്ങളിൽ സോയിൽ ടെസ്റ്റിംഗ് ലാബ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവച്ച കേന്ദ്രങ്ങൾക്ക് ബയോഫാർമസി, മുച്ചക്ര വാഹനങ്ങൾ, നഴ്സറി എന്നിവ സ്ഥാപിക്കുന്നതിനും സഹായം നൽകിവരുന്നു. പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തി ഗ്രേഡ് ചെയ്തതിനുശേഷമാണ് അധിക സഹായം നൽകിയിട്ടുള്ളത്. കൂടാതെ സൗകര്യങ്ങൾ ലഭ്യമായ ഇടങ്ങളിൽ സോയിൽ ടെസ്റ്റിംഗ് ലാബുകൾ ആരംഭിക്കുന്നതിന് 9.5 ലക്ഷം രൂപ ഒരു ലാബിന് എന്ന കണക്കിൽ വരുന്നു.

## നെൽകൃഷി വ്യാപന പദ്ധതികൾ

3 (2288) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി വ്യാപന പദ്ധതികൾക്ക് കോടികൾ ചെലവഴിച്ചിട്ടും വയലുകളുടെ വിസ്തീർണ്ണവും ഉല്പാദനവും കുറയുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) കൃഷിഭവനുകളിൽ തയ്യാറാക്കിയ ഡാറ്റാ ബാങ്ക് അനുസരിച്ച് സംസ്ഥാനത്ത് എത്ര ഹെക്ടർ തരിശ് നിലമാണുണ്ടായിരുന്നത്; നിലവിൽ എത്ര ഹെക്ടർ തരിശ് നിലമുണ്ടെന്നും ആയത് കൃഷിയോഗ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഡാറ്റാ ബാങ്കിൽ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും വിവരമാണ് രേഖപ്പെടുത്തുന്നത്. സംസ്ഥാന ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്കുപ്രകാരം (2014-15) സംസ്ഥാനത്ത് തരിശുഭൂമിയുടെ വിസ്തൃതി 1,00,676 ഹെക്ടറാണ്. തരിശ് കിടക്കുന്ന എല്ലാ നിലങ്ങളും കൃഷിയോഗ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. സ്വയം കൃഷി ചെയ്യുന്നതിന് എന്തെങ്കിലും കാരണവശാൽ കഴിയുന്നില്ലെങ്കിൽ പ്രസ്തുത കൃഷിഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപം നൽകുന്ന സംഘകൃഷിക്കാർ മുഖേന കൃഷിക്ക് ഉപയുക്തമാക്കുന്നതാണ്. ഇതിനായി കരാർ അടിസ്ഥാനത്തിലുള്ള തരിശുനില കൃഷി പുനരാരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ തരിശ് കിടക്കുന്ന കൃഷിയോഗ്യമായ തരിശ് നിലങ്ങളും കായൽ പ്രദേശങ്ങളും നെൽകൃഷിക്ക് ഉപയുക്തമാക്കി 5 വർഷംകൊണ്ട് സംസ്ഥാനത്തിലെ നെൽകൃഷി വിസ്തീർണ്ണം നിലവിലുള്ള 1.94 ലക്ഷം ഹെക്ടറിൽനിന്നും 3 ലക്ഷം ഹെക്ടറാക്കുവാൻ ഉദ്ദേശിക്കുന്നു. നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു.

1. സുസ്ഥിര നെൽകൃഷി വികസന പദ്ധതി.
2. വികസന ഏജൻസികൾക്കുള്ള ധനസഹായം
3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം

4. പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി
5. കരനെൽകൃഷി വികസനം
6. നെൽകൃഷി ഉത്പാദന ബോണസ് (നോൺ പ്ലാൻ)
7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)
8. ഒരുപൂകൃഷി ഇരുപൂകൃഷിയാക്കി മാറ്റുന്നതിനുള്ള നടപടികൾ

## പാലക്കാട് ജില്ലയിലെ നെൽകൃഷി വ്യാപനം

4 (2289) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ നെൽ വയലുകൾ തരിശായിടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് തടയുന്നതിനും അത്തരം ഭൂമിയിൽ കൃഷി വ്യാപകമാക്കുന്നതിനുമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) ജില്ലയിൽ എത്ര ഹെക്ടർ ഭൂമിയിൽ നെൽകൃഷി ചെയ്യുന്നുണ്ട്; 1-7-2006, 1-7-2016 വർഷങ്ങളിലെ വിവരം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തരിശുകിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ജനകീയാസൂത്രണ പദ്ധതി പ്രകാരവും തരിശുനില നെൽകൃഷി വികസനം നടത്തുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തുവരുന്നു. കൃഷിയോഗ്യമായ തരിശുഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ജില്ലയിൽ 1-7-2006-ൽ 109208 ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്നു. നിലവിലുള്ള സ്ഥിതിവിവരം ശേഖരിച്ചുവരുന്നു.

## സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള കൃഷി

5 (2290) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകൾ കേന്ദ്രീകരിച്ച്, കാർഷിക വിഭവങ്ങളുടെ ഉത്പാദനത്തിലും ജൈവ പച്ചക്കറി ഉത്പാദനത്തിലും വിദ്യാർത്ഥികൾക്ക് പരിചയം സിദ്ധിക്കുംവിധം ഒരു പദ്ധതി തയ്യാറാക്കി നടപ്പാക്കാൻ മുൻകയ്യെടുക്കുമോ;

(ബി) മുൻപ് സ്കൂളുകളിൽ ഉണ്ടായിരുന്ന യംഗ് ഫാർമേഴ്സ് ക്ലബ്ബുകളുടെ മാതൃകയിൽ ഇതിനായി പ്രത്യേക സ്കീം തയ്യാറാക്കുകയും സ്കൂളുകളുടെ പരിസരങ്ങളിൽ പി.ടി.എ. യുടെ കൂടി സഹകരണത്തോടെ ഈ പദ്ധതി നടപ്പാക്കുകയും ചെയ്യാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സ്കൂളുകളിൽ കുട്ടികളെ പങ്കാളികളാക്കിക്കൊണ്ട് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ജൈവപച്ചക്കറി ഉത്പാദനത്തിൽ വിദ്യാർത്ഥികൾക്ക് പരിചയം സിദ്ധിക്കുന്നതിനുമായി സംസ്ഥാനത്തെ കൃഷിഭവനുകൾ മുഖേന കുറഞ്ഞത് 10 സെന്റ് എങ്കിലും കൃഷിയോഗ്യമായ ഭൂമിയുള്ള സ്കൂളുകളുടെ വളപ്പുകളിൽ ഒരു അദ്ധ്യാപകന്റെ നേതൃത്വത്തിൽ 20-25 വിദ്യാർത്ഥികൾ അടങ്ങുന്ന കാർഷിക ക്ലബ്ബ് രൂപീകരിച്ച് വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ വിദ്യാലയങ്ങളിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി ഒരു പാഠ്യ വിഷയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ തലത്തിലും സംസ്ഥാന തലത്തിലുമായി പച്ചക്കറി കൃഷിയിൽ മികച്ച വിദ്യാർത്ഥി, അദ്ധ്യാപകൻ, പ്രധാന അദ്ധ്യാപകൻ, സ്കൂൾ എന്നിങ്ങനെ നാലു വിഭാഗങ്ങളിലായി ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് എല്ലാ വർഷവും അവാർഡുകളും നൽകിവരുന്നു. ഇതുവഴി വിദ്യാർത്ഥികളിൽ കൃഷിയെക്കുറിച്ച് അവബോധവും കൃഷിയിൽ പ്രായോഗിക പരിചയവും ഉണ്ടാകുന്നതാണ്.

(ബി) ഈ വർഷം മുതൽ കാർഷിക ക്ലബ്ബ്, പി.ടി.എ., സ്കൂൾ മാനേജ്മെന്റ് എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ഈ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## പച്ചക്കറികളുടെ വില നിയന്ത്രിക്കുന്നതിന് കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ

6 (2291) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറികളുടെ വില നിയന്ത്രിക്കുന്നതിന് കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ. ഹോർട്ടി കോർപ്പ് പൊതു വിപണിയേക്കാൾ അമിത വില വാങ്ങുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് എന്നറിയിക്കാമോ ;

(ബി) ഓരോയിനം പച്ചക്കറികളുടെയും പൊതു വിപണിയിലെ വിലയും, ഹോർട്ടികോർപ്പിലെ വിലയും തമ്മിലുള്ള താരതമ്യം വ്യക്തമാക്കാമോ; ഹോർട്ടി കോർപ്പ് കർഷകരിൽനിന്ന് നേരിട്ട് പച്ചക്കറി ശേഖരിക്കുന്നുണ്ടോ; പുറമേനിന്നും വരുന്ന പച്ചക്കറി ഇടനിലക്കാരെ ഒഴിവാക്കി കർഷകരിൽനിന്നും നേരിട്ട് സംഭരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പച്ചക്കറികളുടെ വില ക്രമാതീതമായി ഉയർന്ന സാഹചര്യത്തിൽ കൃഷിവകുപ്പിന്റെ മാർക്കറ്റ് ഇന്റർവെൻഷൻ ഫോർ പ്രൈസ് സ്റ്റെബിലൈസേഷൻ പദ്ധതി പ്രകാരം ഹോർട്ടികോർപ്പ് വിപണി ഇടപെടൽ നടത്തിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിലവർദ്ധനവ് അനുഭവപ്പെട്ട പച്ചക്കറി ഇനങ്ങളായ വെണ്ട, പയർ, പാവക്ക, പടവലം, ചെറിയ മുളക്, ക്യാരറ്റ്, വെള്ളരി, തക്കാളി, ക്യാബേജ്, ചേന, മരച്ചീനി, സവാള, ഉള്ളി, ഉരുളക്കിഴങ്ങ്, ഏത്തൻ എന്നീ 15 ഇനം പച്ചക്കറികൾ കമ്പോള വിലയേക്കാൾ 30 ശതമാനംവരെ വിലകുറച്ച് ഹോർട്ടികോർപ്പിലൂടെ വിപണനം നടത്തി വില നിയന്ത്രിക്കുന്നതിന് സാധിച്ചിട്ടുണ്ട്. പൊതു മാർക്കറ്റിനേക്കാൾ അമിത വില, ഹോർട്ടികോർപ്പ് പച്ചക്കറികൾക്ക് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടിയുണ്ടാകും.

(ബി) ഓരോയിനം പച്ചക്കറികളുടെയും പൊതുവിപണിയിലെ വിലയും ഹോർട്ടികോർപ്പിലെ വിലയും തമ്മിലുള്ള താരതമ്യ റിപ്പോർട്ട് (13-7-2016, 14-7-2016) അനുബന്ധത്തിൽ കാണാവുന്നതാണ്. കേരളത്തിലെ കർഷകർ, കർഷക ക്ലസ്റ്ററുകൾ, കാർഷികമൊത്ത വ്യാപാര വിപണികൾ, സംഘമൈത്രി എന്നിവിടങ്ങളിൽനിന്നും സംസ്ഥാനത്തെ കർഷകരിൽനിന്നും കാർഷികോത്പാദന കേന്ദ്രങ്ങളിൽനിന്നും പരമാവധി പച്ചക്കറികൾ നേരിട്ട് സംഭരിക്കുന്നതിന് ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## നീര ഉത്പാദന പൈലറ്റ് കേന്ദ്രങ്ങൾ

7 (2292) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നീര ഉല്പാദന പൈലറ്റ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള നേട്ടങ്ങളുടെ വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇവ നടപ്പിൽ വരുത്തുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 540 ലക്ഷം രൂപ ചെലവിൽ (180x3) മൂന്ന് പൈലറ്റ് യൂണിറ്റുകൾ കാർഷിക സർവ്വകലാശാലയുടെ നീലേശ്വരം, വെള്ളാനിക്കര (തൃശ്ശൂർ), വെള്ളായണി (തിരുവനന്തപുരം) എന്നീ കേന്ദ്രങ്ങളിൽ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. ഇതിൽ ഒരു പൈലറ്റ് യൂണിറ്റിന് 100 ലക്ഷം രൂപയും റിവോൾവിങ് ഫണ്ടായി 30 ലക്ഷം രൂപ അനുവദിക്കുകയും നീലേശ്വരം കാർഷിക കോളേജിൽ ആദ്യത്തെ പൈലറ്റ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഓരോ പൈലറ്റ് യൂണിറ്റിലും 1000 ലിറ്റർ നീര ഉത്പാദിപ്പിച്ച് വിതരണം ചെയ്യാനും നീര ടെക്നീഷ്യൻമാർക്ക് പരിശീലനം നൽകാനുമാണ് കാർഷിക സർവ്വകലാശാല ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന്റെ വിപണന ചുമതല കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. തെങ്ങിൽനിന്നും നീരയും നീരയിൽനിന്നുള്ള മറ്റ് മൂല്യവർദ്ധിത ഉത്പന്നങ്ങളും വിപണിയിലെത്തിക്കുന്നതിലൂടെ കേര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കുന്നു. ഇതിലൂടെ പ്രകൃതിദത്തവും ലഹരി വിമുക്തവും ആരോഗ്യദായകവുമായ പാനീയം ഉപഭോക്താക്കൾക്ക് ലഭിക്കുന്നു.

(സി) ഇവ നടപ്പിലാക്കാൻ കേരള കാർഷിക സർവ്വകലാശാലയ്ക്ക് മൊത്തം 130 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത നീര ഉത്പാദന സാങ്കേതികവിദ്യ, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന് കൈമാറിക്കൊണ്ടുള്ള ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് നാളികേര വികസന കോർപ്പറേഷൻ നീര ഉത്പാദിപ്പിച്ച് വിതരണം നടത്താനും തീരുമാനിച്ചിരുന്നു. നിലവിൽ പടന്നക്കാട് കാർഷിക കോളേജിലെ നീര പൈലറ്റ് പ്ലാന്റിൽനിന്നും നീരയും അനുബന്ധ ഉത്പന്നങ്ങളും ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്.

## സേഫ് റ്റു ഈറ്റ് പദ്ധതി

8 (2293) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് റ്റു ഈറ്റ് എന്ന പദ്ധതി എന്താണെന്ന് വിശദമാക്കാമോ;

(ബി) വിഷരഹിതമായ പച്ചക്കറി ഉപഭോക്താവിന്റെ കൈകളിൽ എത്തുന്നതിനുവേണ്ടി സ്വീകരിച്ചുവരുന്ന പദ്ധതികളെന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ചെറുകിട കർഷകരിൽനിന്നും ഉല്പന്നങ്ങൾ ശേഖരിക്കുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കുമോ;

(ഡി) വിഷരഹിത പച്ചക്കറി ശേഖരിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമായി മൊബൈൽ യൂണിറ്റുകൾ ആരംഭിക്കുമോ?

ഉത്തരം

(എ) രാസവളങ്ങളുടേയും രാസകീടനാശിനികളുടേയും ഉപയോഗം ഒഴിവാക്കി പരമാവധി ജൈവ കൃഷി മുറകൾ അനുവർത്തിച്ച് കൃഷി ചെയ്ത് ഗുണമേന്മയുള്ള ഭക്ഷ്യവസ്തുക്കൾ ഉത്പാദിപ്പിക്കുന്ന കൃഷി രീതിയാണ് സേഫ് റ്റു ഈറ്റ് എന്ന പദ്ധതി മുഖേന നടപ്പിലാക്കുന്നത്. സംസ്ഥാന സർക്കാരിന്റെ ജൈവകൃഷി വ്യാപനം സേഫ് റ്റു ഈറ്റ് എന്ന പദ്ധതി പ്രകാരം "ഓണ സമൃദ്ധി പദ്ധതി" വഴി എല്ലാ ജില്ലകളിലും നല്ല കൃഷി മുറകൾ പാലിച്ചുകൊണ്ട് സുരക്ഷിതമായ ഭക്ഷ്യവസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനായി 292 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. കേരള സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാമ്പസിൽ പഴം പച്ചക്കറികളുടെ പരിശോധനയ്ക്ക് അത്യാധുനിക സൗകര്യങ്ങളും അന്താരാഷ്ട്ര തലത്തിലുള്ള അക്രഡിറ്റേഷനുമുള്ള സർക്കാർ നിയന്ത്രണത്തിലുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലബോറട്ടറി പ്രവർത്തിച്ചുവരുന്നു. ടി ലബോറട്ടറിയിലെ ഉദ്യോഗസ്ഥർ കർഷകരുടെ കൃഷിയിടങ്ങളിൽനിന്നും വിവിധ മാർക്കറ്റുകളിൽനിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തി കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പരിശോധനാ ഫലം പരസ്യപ്പെടുത്തിവരുന്നു.

(ബി) 2016-17 സാമ്പത്തിക വർഷം പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 100 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ക്ലസ്റ്റർ രൂപീകരിച്ച് ജൈവകൃഷി വ്യാപനം, കർഷകരുടെ കൃഷിയിടങ്ങളിൽ ജൈവവളം ഉത്പാദനം, നല്ല കൃഷിമുറകൾ പാലിച്ച് (ജി.എ.പി.) കൃഷി ചെയ്യുന്ന ക്ലസ്റ്ററുകളിൽനിന്നും ജി.എ.പി. സാക്ഷ്യ പത്രത്തോടുകൂടി സംഭരണവും, വിപണനവും എന്നീ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. സുരക്ഷിത ഭക്ഷ്യ ഉത്പാദന പദ്ധതിയുടെ ഭാഗമായി വെള്ളായണി കാർഷിക കോളേജ് മുഖേന പഴം, പച്ചക്കറികളുടെ സാമ്പിളുകൾ വിവിധ മാർക്കറ്റുകളിൽനിന്നും ശേഖരിച്ച് കീടനാശിനികളുടെ വിഷാംശത്തിന്റെ തോത് വെള്ളായണി കാർഷിക കോളേജ് ലാബിൽ പരിശോധിക്കുകയും റിപ്പോർട്ട് പരസ്യപ്പെടുത്തുകയും ചെയ്തുവരുന്നു. നഗര പ്രദേശങ്ങളിലെ വീട്ടുവളപ്പുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിഷവിമുക്തമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനുമായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ 'ഹരിതനഗരി'എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

(സി) ചെറുകിട കർഷകർ ഉൾപ്പെടുന്ന ക്ലസ്റ്ററുകളിൽനിന്നും ഉത്പന്നങ്ങൾ ശേഖരിച്ച് വിവിധ പദ്ധതികൾ മുഖാന്തിരം സ്ഥാപിച്ചിട്ടുള്ള നിലവിലുള്ള ഇക്കോഷോപ്പുകൾ മുഖേന വിപണനം നടത്തുന്നതാണ്. കൂടാതെ ചെറുകിട കർഷകരുടെ ഉത്പന്നങ്ങളുടെ വിപണനത്തിനായി വെജിറ്റബിൾ & ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ സ്വാശ്രയ കർഷക വിപണികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും അഗ്രോ ബസാറുകൾ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നു. ആദ്യപടിയായി തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ മൂന്ന് അഗ്രോ ബസാറുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) വിഷവിമുക്തമായ പച്ചക്കറികൾ പ്രോത്സാഹിപ്പിക്കുന്നതിനും ലഭ്യമാക്കുന്നതിനും വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ 'ഹരിത നഗരി' എന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ട്. മൊബൈൽ യൂണിറ്റുകൾ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. ഈ രംഗത്ത് ഹോർട്ടികോർപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## നിറവ് പദ്ധതി

9 (2294) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്ന കാർഷിക വികസന പദ്ധതിയായ 'നിറവ്' വിജയകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ആയതിന്റെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ആറ്റിങ്ങൽ മണ്ഡലത്തിൽ നിറവ് പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(സി) നിറവ് പദ്ധതി മികവുറ്റതാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരവും ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ചില നിയോജകമണ്ഡലങ്ങളിൽ നിറവ് പദ്ധതിക്കായി യോഗങ്ങൾ നടത്തിയിരുന്നെങ്കിലും പദ്ധതിക്കായി ബഡ്ജറ്റിൽ തുക വകയിരുത്താത്തതും വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങളുടെ അഭാവവും കാരണം നിറവ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം പൂർണ്ണമായും സാക്ഷാത്ക്കരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും കൃഷി വകുപ്പിന്റെ സംസ്ഥാനാവിഷ്കൃതവും കേന്ദ്രാവിഷ്കൃതവുമായ പദ്ധതികൾ ഉൾപ്പെടുത്തി ചില പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കൃഷി വകുപ്പുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പദ്ധതി നിർദ്ദേശങ്ങളിൽ തരിശ് ഭൂമിയിൽ നെൽകൃഷി, വാഴകൃഷി, ചെറുകിട യന്ത്രവത്കരണം തുടങ്ങിയ പദ്ധതികൾ 2015-16-ലെ കൃഷി വകുപ്പിന്റെ സംസ്ഥാനാവിഷ്കൃത പദ്ധതിയിലൂടെ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

(സി) 2016-17-ലെ വാർഷിക പദ്ധതി രേഖയിൽ നിറവ് പദ്ധതി ഉൾപ്പെട്ടിട്ടില്ല.

**നെൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ**

10 (2295) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ നെൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) വായ്പയെടുത്ത് കൃഷി ചെയ്ത് ഉദ്പാദിപ്പിക്കുന്ന നെല്ല് സർക്കാർ ഏജൻസികൾ യഥാസമയം ശേഖരിക്കാത്തതിനാലും തുക നൽകാത്തതിനാലും നെൽ കർഷകർക്കുണ്ടാകുന്ന ഗുരുതര സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കാൻ കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഉദ്യോഗസ്ഥ തലത്തിൽ നെൽ കർഷകരോട് കാട്ടുന്ന അവഗണന അവസാനിപ്പിക്കാൻ കർശന നടപടി സ്വീകരിക്കുമോ;

(ഡി) കൃഷിനാശം നേരിട്ടവർക്ക് അർഹമായ നഷ്ടപരിഹാരം അടുത്ത കൃഷി ആരംഭിക്കും മുമ്പ് നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് സിവിൽസപ്ലൈസ് കോർപ്പറേഷൻ മുഖേനയാണ് നെല്ല് സംഭരണം നടപ്പിലാക്കിവരുന്നത്. നെല്ല് സംഭരണത്തിനായി 385 കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. നെല്ല് സംഭരണ വില ലഭിക്കാൻ മാസങ്ങൾ കാത്തിരിക്കേണ്ടിവരുന്ന അവസ്ഥ നെൽകൃഷിയെ അനാകർഷകമാക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നുണ്ട്. ആയതിനാൽ കാർഷിക സഹകരണ ബാങ്കുമായി ബന്ധപ്പെടുത്തി ഒരാഴ്ചയ്ക്കകം കൃഷിക്കാർക്ക് പണം ലഭ്യമാക്കുന്നത് ഉറപ്പുവരുത്തുന്നതിനും ഈ തുക പലിശ സഹിതം സർക്കാർ ബാങ്കുകൾക്ക് നൽകുന്നതിനും പുതിയ ബഡ്ജറ്റിൽ വിഭാവനം ചെയ്യുന്നുണ്ട്.

(സി) ഉദ്യോഗസ്ഥ തലത്തിൽ നെൽകർഷകരോട് അവഗണന കാട്ടുന്നില്ല. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

(ഡി) കൃഷിനാശം സംഭവിച്ച കർഷകർ അപേക്ഷ സമർപ്പിക്കുന്നതനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നെൽ കർഷകർക്ക് ഉത്പാദന ബോണസ് അനുവദിക്കുന്നതിന് നടപടി**

11 (2296) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 3 വർഷമായി തൃശ്ശൂർ ജില്ലയിലെ നെൽ കർഷകർക്ക്, കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്ന ഉല്പാദന ബോണസ് നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെൽ കർഷകർക്ക് അടിയന്തരമായി ഉല്പാദന ബോണസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2016-17 വർഷം 1243.44 ലക്ഷം രൂപയാണ് ബജറ്റ് വിഹിതമായി നോൺ പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത്. ഉത്പാദന ബോണസ് അടിയന്തരമായി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മുൻ സർക്കാരുകളുടെ കാർഷിക കടാശ്വാസ പദ്ധതികൾ**

12 (2297) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2006-2011-ലെ എൽ.ഡി.എഫ്. സർക്കാർ അധികാരം ഒഴിയുമ്പോൾ ഉണ്ടായിരുന്ന കർഷക കുടുംബങ്ങൾ എത്ര എന്നും, കഴിഞ്ഞ യു.ഡി. എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ കർഷക കുടുംബങ്ങൾ എത്ര എന്നും, എത്ര കുടുംബങ്ങളുടെ കുറവ് കാർഷിക മേഖലയിൽ ഉണ്ടായി എന്നും ഇതിനു കാരണം എന്ത് എന്നും വ്യക്തമാക്കുമോ;

(ബി) 2006-11-ലെ മുൻ എൽ.ഡി.എഫ്. സർക്കാരുണ്ടാക്കിയ കാർഷിക കടാശ്വാസ നിയമത്തിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം എന്നും, ഇതുമൂലം കാർഷിക കടാശ്വാസം ലഭിക്കുന്നതിൽ കർഷകർക്കുണ്ടായ പ്രശ്നങ്ങൾ എന്തെല്ലാം എന്നും, കാർഷിക കടാശ്വാസ ഇനത്തിൽ എത്ര തുക കർഷകർക്ക് കുടിശ്ശികയിനത്തിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ വരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കുട്ടനാട്, ഇടുക്കി, വയനാട് പാക്കേജുകൾ ഫലപ്രദമായി നടപ്പാക്കാത്തതുമൂലമുണ്ടായ പ്രശ്നങ്ങൾ എന്തെല്ലാം എന്നും ഇതു പരിഹരിക്കാൻ സർക്കാർ എന്ത് നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ കർഷക കുടുംബങ്ങളുടെ പ്രസിദ്ധപ്പെടുത്തിയ കണക്ക് 2011-16 കാലയളവിൽ 2012-13 വർഷത്തെ മാത്രമേ ലഭ്യമായിട്ടുള്ളു. ഇതനുസരിച്ച് 2012-13 വർഷം സംസ്ഥാനത്ത് ആകെ 14.043 ലക്ഷം കർഷക കുടുംബങ്ങൾ ഉണ്ട് എന്ന് നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷന്റെ കണക്കുകൾ സൂചിപ്പിക്കുന്നു.

(ബി) 2012 ആഗസ്റ്റ് 13-ാം തീയതിയിലെ 3968/ലെഗ്. ബി.2/2012/നിയമം നമ്പരായ വിജ്ഞാപന പ്രകാരം പ്രധാന ആക്ടിന്റെ 2-ാം വകുപ്പ് (vii)-ാം ഖണ്ഡത്തിൽ " ഈ ആക്ടിന്റെ പ്രാരംഭ തീയതിയിലോ അതിന് മുമ്പോ" എന്ന വാക്കുകൾക്ക് പകരം "ഈ ആക്ടിന്റെ പ്രാരംഭ തീയതിയിലോ അതിനു മുമ്പോ അല്ലെങ്കിൽ സംസ്ഥാനത്തെ ഏതെങ്കിലും പ്രത്യേക ദുരന്തബാധിത പ്രദേശത്തെ

സംബന്ധിച്ച്, സർക്കാർ ഗസറ്റ് വിജ്ഞാപനംമൂലം നിശ്ചയിച്ചേക്കാവുന്ന അങ്ങനെയുള്ള ഏതെങ്കിലും തീയതിക്കോ അതിന് മുൻപോ" എന്ന വാക്കുകൾ ചേർക്കപ്പെടുകയുണ്ടായി. ഈ ഭേദഗതി പ്രകാരം കടാശ്വാസം ലഭിക്കുന്നതിൽ കർഷകർക്ക് എന്തെങ്കിലും പ്രശ്നങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കർഷക കടാശ്വാസ കമ്മീഷൻ രൂപീകൃതമായ വർഷം മുതൽ ബഡ്ജറ്റിൽ അനുവദിക്കുന്ന തുക കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്യുന്ന തുക നൽകുന്നതിന് പര്യാപ്തമല്ല. 2011-12 വർഷം മുതൽ 2015-16 വർഷം വരെയായി കമ്മീഷൻ ശിപാർശ ചെയ്ത 90558739 രൂപ കുടിശ്ശിക നിൽക്കുന്നു.

(സി) കുട്ടനാട്, ഇടുക്കി പാക്കേജുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികൾ ഫലപ്രദമായി പൂർത്തിയായിട്ടില്ല. വയനാട് പാക്കേജ് പദ്ധതി കൃഷി വകുപ്പ് വയനാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതിയാണ്. പദ്ധതി നിർവ്വഹണത്തെ കുറിച്ചും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനെക്കുറിച്ചും പരിശോധിക്കുന്നതാണ്.

## ഇന്ത്യ ട്രേഡ് സെന്റർ

13 (2298) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രവാണിജ്യ വ്യവസായ മന്ത്രാലയത്തിനു കീഴിൽ പൊതുസ്വകാര്യ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന ഇന്ത്യ ട്രേഡ് സെന്ററിന്റെ അയ്യായിരം കോടിയിൽപ്പരം രൂപ ഓഡിറ്റ് നടത്താതെ കേന്ദ്രസർക്കാർ തടഞ്ഞുവച്ചിരിക്കുകയാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ആരോപണത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) ഒൻപത് വർഷത്തിനിടെ, വിവിധ സംസ്ഥാനങ്ങളിലെ കർഷകരിൽ നിന്ന് ഉൽപ്പന്നങ്ങൾ വാങ്ങി വിൽപ്പനനടത്തി സമാഹരിച്ച തുകയാണു സാങ്കേതിക കാരണങ്ങളും നിയമപ്രശ്നങ്ങളും ചൂണ്ടിക്കാട്ടി കേന്ദ്രസർക്കാർ തടഞ്ഞുവച്ചിരിക്കുന്നതെന്ന് പറയപ്പെടുന്നു. ഇതിൽ കേരളത്തിന്റെ വിഹിതം എത്ര തുക വരുമെന്ന് വ്യക്തമാക്കാമോ;

(സി) ഇന്ത്യ ട്രേഡ് സെന്റർ എന്ന പേരിൽ 2007-ൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ കമ്പനി രൂപവൽക്കരിച്ചത് രാജ്യത്തെ കർഷകരെയും, പരമ്പരാഗത തൊഴിലാളികളെയും വ്യാപാര ഇടനിലക്കാരുടെ ചൂഷണത്തിൽനിന്ന് മോചിപ്പിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിനു വേണ്ടി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) ഇന്ത്യ ട്രേഡ് സെന്ററിന്റെ അയ്യായിരം കോടിയിൽപ്പരം രൂപ ഓഡിറ്റ് നടത്താതെ കേന്ദ്ര സർക്കാർ തടഞ്ഞുവച്ചിരിക്കുകയാണെന്ന ആരോപണം ഇതുവരെ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) യൂറോപ്യൻ യൂണിയൻ വിപണിയിൽ തങ്ങളുടെ ഉത്പന്നങ്ങൾ വിപണനം ചെയ്യുവാനായി, ഇടത്തര ചെറുകിട നാമമാത്ര ഉത്പാദകരായ കയറ്റുമതിക്കാരെ സഹായിക്കുവാൻ കേന്ദ്ര സർക്കാരിന്റെ വ്യാപാര മന്ത്രാലയത്തിന്റെ കീഴിലുള്ള ഫെഡറേഷൻ ഓഫ് ഇൻഡ്യൻ എക്സ്പോർട്ടേഴ്സ് ഓർഗനൈസേഷൻ റൊമാനിയായിൽ തുടങ്ങിയ സ്ഥാപനമാണ് ഇന്ത്യ ട്രേഡ് സെന്റർ. ഉത്പന്നങ്ങൾ വാങ്ങുകയോ വിൽക്കുകയോ ചെയ്യുന്ന ഒരു സ്ഥാപനമല്ല ഇത്. ചെറുകിട കയറ്റുമതിക്കാർക്ക് വിദേശ വിപണിയിൽ വളരുവാനായിട്ടുള്ള ഒരു സേവന ദാതാവായിട്ടാണ് പ്രസ്തുത സ്ഥാപനം നിലകൊണ്ടത്. ഇന്ത്യ ട്രേഡ് സെന്റർ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

**കർഷക ആത്മഹത്യ**

14 (2299) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആത്മഹത്യ ചെയ്ത കർഷകരുടെ പേരുവിവരവും ആത്മഹത്യയിലേക്ക് നയിച്ച കാരണങ്ങളും വിശദമാക്കുമോ?

ഉത്തരം

ആത്മഹത്യ ചെയ്ത കർഷകരുടെ വിശദവിവരം ശേഖരിച്ചുവരുന്നു. പ്രകൃതി ക്ഷോഭം മൂലമുള്ള വിളനാശം, കാർഷികോത്പന്നങ്ങളുടെ വിലയിടിവ്, കീടരോഗ ബാധയാലുള്ള വിളനാശം, കാർഷിക വില തകർച്ചയാൽ ലോണുകൾ തിരിച്ചടക്കാൻ സാധിക്കാതിരിക്കുക, സ്വകാര്യ പണമിടപാടുകാരിൽനിന്നും അമിത പലിശക്കു പണം കടമെടുക്കുകയും ഇവ തിരിച്ചടക്കാൻ സാധിക്കാതെ വരുന്നതും പ്രധാന കാരണങ്ങളായി പൊതുവിൽ വിലയിരുത്തപ്പെടുന്നു. ഇതിനു പുറമെ നിയമസഭ അഷ്വറൻസ് കമ്മിറ്റി നടത്തിയ പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്.

**ഭക്ഷ്യ സ്വയംപര്യാപ്തതയ്ക്കും കാർഷികരംഗത്തിന്റെ ഉണർവ്വിനും നടപടി**

15 (2300) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കാലയളവിൽ ഭക്ഷ്യ സ്വയംപര്യാപ്തതയ്ക്കും കാർഷികരംഗം തളരുന്നതു പരിഹരിക്കുന്നതിനുമായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത കാലയളവിൽ ഓരാ വർഷവും കാർഷിക വിളകളുടേയും പച്ചക്കറികളുടേയും ഉല്പാദനം എത്ര ശതമാനമായിരുന്നു എന്നും സംസ്ഥാനത്തിനു വേണ്ടത് എത്ര എന്നും ഇവയ്ക്ക് മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വന്നത് എത്ര ശതമാനം എന്നും വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സർക്കാർ കാലയളവിൽ സംസ്ഥാനത്തെ നെൽപാടങ്ങളിൽ കൃഷിയിറക്കാതെ തരിശുകിടന്ന ഭൂമി എത്രയെന്നും റബ്ബർ തോട്ടമായി മാറിയ ഭൂമി എത്രയെന്നും നെൽവയൽ നികത്തി കെട്ടിട സമുച്ചയങ്ങളും ഫ്ലാറ്റുകളുമായി മാറിയ ഭൂമി എത്രയെന്നും വിശദമാക്കുമോ;

(ഡി) നെൽകൃഷിയും മറ്റു കാർഷിക വിളകളും പച്ചക്കറികളും സംസ്ഥാനത്തിന് ആവശ്യത്തിന് ലഭ്യമാക്കാനായി ഇവയുടെ ഉല്പാദനം കൂട്ടാൻ ഈ സർക്കാർ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) കൃഷിഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതു തടയുവാനും ഉപയോഗിച്ചവ തിരിച്ചു പിടിക്കാനും എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2006-2011 കാലഘട്ടത്തിൽ ആരംഭിച്ചതും തുടർന്ന് വന്നിരുന്നതുമായ നെൽകൃഷി വികസന പദ്ധതി, നാളികേര വികസന പദ്ധതി, ഹൈടെക് കൃഷി, കുട്ടനാട്, ഇടുക്കി പാക്കേജുകൾ, വിള ഇൻഷ്വറൻസ് പദ്ധതി, കാർഷിക ആവശ്യത്തിന് സൗജന്യ വൈദ്യുതി പദ്ധതി, കർഷക പെൻഷൻ പദ്ധതി മുതലായ പദ്ധതികൾക്ക് പുറമെ നിറവ്, വയനാട് പാക്കേജ്, വിള ആരോഗ്യ പരിപാലന പദ്ധതി, കൂടുതൽ പേരെ കർഷക പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തൽ എന്നിവയും നടപ്പിലാക്കി.

(ബി) 2011-12 മുതൽ 2015-16 വരെയുള്ള കാലഘട്ടത്തിൽ സംസ്ഥാനത്തിന് ആവശ്യമായ പച്ചക്കറികളുടെ 29% ആഭ്യന്തരമായി ഉൽപ്പാദിപ്പിച്ചു. ശേഷിക്കുന്ന 71% മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള ഇറക്കുമതിവഴി കണ്ടെത്തി. വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

പച്ചക്കറികൾ

| വർഷം | ആവശ്യകത (ലക്ഷം ടൺ) | ആഭ്യന്തര ഉൽപ്പാദനം (ലക്ഷം ടൺ) | ശതമാനം |
|---|---|---|---|
| (1) | (2) | (3) | (4) |
| 2011-12 | 19.05 | 5.55 | 29 |
| 2012-13 | 19.17 | 5.51 | 28.7 |

| (1) | (2) | (3) | (4) |
|---|---|---|---|
| 2013-14 | 20.03 | 5.57 | 27.8 |
| 2014-15 | 20.28 | 5.98 | 29.5 |
| 2015-16 | 20.52 | 6.28 | 30.6 |
| ആകെ | 99.05 | 28.89 | 29.10 |

2011-12 മുതൽ 2015-16 വരെയുള്ള കാലഘട്ടത്തിൽ സംസ്ഥാനത്തിന് ആവശ്യമായ അരിയുടെ 27.6% ആഭ്യന്തരമായി ഉൽപ്പാദിപ്പിച്ചു. ശേഷിക്കുന്ന ആവശ്യകത (72.4%) അന്യസംസ്ഥാനങ്ങളായ ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നുള്ള ഇറക്കുമതിയിലൂടെ കണ്ടെത്തി. വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

അരി

| വർഷം | ആവശ്യകത (ലക്ഷം ടൺ) | ആഭ്യന്തര ഉൽപ്പാദനം (ലക്ഷം ടൺ) | ശതമാനം |
|---|---|---|---|
| 2011-12 | 36 | 5.69 | 15.8 |
| 2012-13 | 36 | 5.08 | 14.10 |
| 2013-14 | 36 | 5.64 | 15.6 |
| 2014-15 | 36 | 5.62 | 15.6 |
| 2015-16 | 36 | 5.58 | 15.5 |
| ആകെ | 180 | 27.61 | 15.3 |

(സി) തരംതിരിച്ചുള്ള വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ഡി) കാർഷികവിളകളുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് സംസ്ഥാനാവശ്യത്തിന് ലഭ്യമാക്കുന്നതിന് പിരിവ് (എ)യിൽ സൂചിപ്പിച്ചിരിക്കുന്ന പദ്ധതികൾ ബജറ്റ് വിഹിതം വർദ്ധിപ്പിച്ചുകൊണ്ടും പുതിയ ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും ആനുകൂല്യ നിരക്ക് വർദ്ധിപ്പിച്ചുകൊണ്ടും കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇവ കൂടാതെ താഴെ ചേർത്തിരിക്കുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്:

<u>നെൽകൃഷി വികസനം</u>:- പദ്ധതിക്കുള്ള ബഡ്ജറ്റ് വിഹിതം നിലവിലെ 35 കോടിയിൽനിന്നും 50 കോടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

1. കര നെൽകൃഷിക്ക് സൗജന്യമായി വിത്തും ഹെക്ടറിന് 10,000 രൂപ നിരക്കിൽ ധനസഹായവും നൽകുന്ന പദ്ധതി ആരംഭിച്ചു കഴിഞ്ഞു. നടപ്പ് സാമ്പത്തിക വർഷം 2560 ഹെക്ടർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്.

2. ഒരുപ്പൂ നിലങ്ങൾ ഇരുപ്പൂ നിലങ്ങൾ/മൂപ്പൂ നിലങ്ങൾ ആക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

3. സാധ്യമായ സ്ഥലങ്ങളിൽ തരിശുനിലങ്ങളിൽ കൃഷിയിറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഇപ്രകാരം വിവിധ നടപടികളിലൂടെ അടുത്ത അഞ്ച് വർഷം കൊണ്ട് നെൽകൃഷിയുടെ വിസ്തീർണ്ണം നിലവിലുള്ള 1.98 ലക്ഷം ഹെക്ടറിൽ നിന്നും 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.

<u>പച്ചക്കറി കൃഷി</u>:- വിഷരഹിതമായ പച്ചക്കറി കൃഷി ജനങ്ങളിൽ എത്തിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കാർഷിക സർവ്വകലാശാല, ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹകരണത്തോടെ 50,000 ഹെക്ടർ സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും പച്ചക്കറി കൃഷിയുടെ സമഗ്ര ഡാറ്റാ തയ്യാറാക്കൽ, വിപണനം എന്നിവയ്ക്കായി ഒരു 'സമഗ്ര പച്ചക്കറി മിഷൻ' രൂപീകരിച്ചിട്ടുണ്ട്. ടി പദ്ധതി സംബന്ധിച്ച് വിശദമായ ഒരു രൂപരേഖ തയ്യാറാക്കുന്നതിനായി കൃഷി വകുപ്പ് സെക്രട്ടറി ചെയർമാനും കൃഷി ഡയറക്ടർ കൺവീനറുമായി 7 അംഗങ്ങളടങ്ങുന്ന ഒരു ഉന്നതതല കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

നിലവിലുള്ള പച്ചക്കറി കൃഷി വികസന പദ്ധതി തുടരുന്നതാണ്. ഇതിനുള്ള ബഡ്ജറ്റ് വിഹിതം നിലവിലുള്ള 68.30 കോടിയിൽനിന്നും 100 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഇ) നിലമായി കിടക്കുന്ന കൃഷിഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് തടയുവാൻ 2008-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം നിലവിലുണ്ട്. ടി നിയമ പ്രകാരം നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നതും രൂപഭേദപ്പെടുത്തുന്നതും തടയപ്പെട്ടിട്ടുണ്ട്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം കർശനമായി നടപ്പിലാക്കും.

**ഉത്പാദന ബോണസ്**

16 (2301) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ കോൾ നിലങ്ങളിലെ നെൽകർഷകർക്ക് നൽകിവരുന്ന ഉത്പാദന ബോണസ് എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ഉത്പാദന ചെലവ് വർദ്ധിച്ച സാഹചര്യത്തിൽ ബോണസ് തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കോൾനിലങ്ങളിലെ നെൽകർഷകർക്ക് ഒരു സീസണിൽ ഒരു ഹെക്ടറിന് ആയിരം രൂപയാണ് ഉല്പാദന ബോണസായി നിലവിൽ നൽകി വരുന്നത്. ഉൽപാദന ബോണസ് കാലോചിതമായി പരിഷ്കരിക്കുന്നതാണ്.

**കേരഫെഡ് നടപ്പിലാക്കുന്ന പച്ചത്തേങ്ങ സംഭരണം**

17 (2302) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പ് മുഖേന തെരഞ്ഞെടുത്ത കൃഷി ഭവനിലൂടെ കേരഫെഡ് നടപ്പിലാക്കുന്ന പച്ചത്തേങ്ങ സംഭരണം നടത്തിയ വകയിൽ എത്ര രൂപ കർഷകർക്ക് കുടിശ്ശികയായി നൽകുവാനുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) കർഷകർക്ക് ഏത് തീയതി വരെയുള്ള തുകയാണ് ഓരോ ജില്ലയിലും വിതരണം ചെയ്തതെന്ന് വിശദമാക്കാമോ;

(സി) സംഭരിച്ച തേങ്ങ യഥാസമയം കൃഷിഭവനിൽനിന്നും കേരഫെഡ് എടുക്കാത്തതിനാൽ കർഷകരിൽനിന്നും തേങ്ങ സംഭരിക്കുവാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കൃഷി ഭവനിലൂടെ കേരഫെഡ് നടപ്പിലാക്കുന്ന പച്ചത്തേങ്ങ സംഭരണ പദ്ധതിയിൽ കർഷകർക്ക് നൽകാനുള്ള കുടിശ്ശികയുടെ 8-7-2016 വരെയുള്ള വിവരം താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | കർഷകർക്ക് നൽകാനുള്ള കുടിശ്ശിക (ലക്ഷം രൂപ) | ഏത് തീയതി വരെയാണ് തുക വിതരണം നടത്തിയത് |
|---|---|---|---|
| 1 | കാസർഗോഡ് | 383.5 | 21-4-2016 |
| 2 | കണ്ണൂർ | 915.5 | 21-4-2016 |
| 3 | കോഴിക്കോട് | 1046.8 | 21-4-2016 |
| 4 | മലപ്പുറം | 1183.2 | 21-4-2016 |
| 5 | തൃശ്ശൂർ | 1400.7 | 21-4-2016 |
| 6 | പാലക്കാട് | 605.5 | 21-4-2016 |
| 7 | എറണാകുളം | ... | ... |
| 8 | പത്തനംതിട്ട | ... | ... |
| 9 | കോട്ടയം | ... | ... |
| 10 | ആലപ്പുഴ | 65 | 23-6-2016 |
| 11 | കൊല്ലം | 18 | 26-6-2016 |
| 12 | തിരുവനന്തപുരം | 2 | 2-7-2016 |
| | ആകെ | 5620.2 | |

(സി) ഉണ്ട്. മാർക്കറ്റ് വിലയുടെ ഇരട്ടിയോളം സംഭരണവില ഉള്ളതിനാൽ ധാരാളം കർഷകർ കൃഷി ഭവനുകളിൽ തേങ്ങ എത്തിക്കുവാൻ തയ്യാറായിവരുന്നു. കൂടുതൽ കൃഷി ഭവനുകളിലേയ്ക്ക് തേങ്ങ സംഭരണം വ്യാപിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സംഭരിച്ച പച്ചത്തേങ്ങ സംസ്കരിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം ഉണ്ടാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

## മൊബൈൽ കൃഷി ക്ലിനിക്കുകൾ

18 (2303) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊബൈൽ കൃഷി ക്ലിനിക്കുകൾ നിലവിലുണ്ടോ എന്ന കാര്യം വ്യക്തമാക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ ഇത്തരത്തിലുള്ള എത്ര ക്ലിനിക്കുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഇത്തരം ക്ലിനിക്കുകൾ ആരംഭിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 2 ബ്ലോക്കുകൾക്ക് ഒരു മൊബൈൽ അഗ്രോ ക്ലിനിക്ക് എന്ന കണക്കിൽ എല്ലാ ജില്ലകളിലും മൊബൈൽ അഗ്രോ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) 6 (ആറ്)

(സി) ബാധകമല്ല.

## കൃഷി ഭവനുകളുടെ കാര്യക്ഷമമായ പ്രവർത്തനം

19 (2304) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിഭവനുകളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയത്; വിശദീകരിക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇവ നടപ്പിൽ വരുത്തുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദീകരിക്കുമോ?

## ഉത്തരം

(എ) കൃഷി വകുപ്പിന്റെ എല്ലാ പദ്ധതികളും കൃഷിഭവനകൾവഴിയാണ് നടപ്പിലാക്കുന്നത്. കൃഷിഭവനകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. കൃഷിഭവൻ മുഖേന കർഷകർക്കുള്ള സാമ്പത്തിക സഹായം കർഷകരുടെ ബാങ്ക് അക്കൗണ്ട് മുഖേന വിതരണം നടത്തി വരുന്നു.

2. ഇന്റർനെറ്റ് കണക്ടിവിറ്റി എല്ലാ കൃഷിഭവനകളിലും നൽകിക്കൊണ്ട് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്.

3. ഒഴിവുള്ള തസ്തികയിലേയ്ക്ക് നിയമനം നടത്തിവരുന്നു.

4. കൃഷിയിടങ്ങൾ സന്ദർശിക്കുന്നതിന് ഇരുചക്ര വാഹന സൗകര്യങ്ങൾ നൽകിയിട്ടുണ്ട്.

5. കൃഷി അസിസ്റ്റന്റുമാരുടെ ചുമതലകൾ വ്യക്തമായി നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

6. കാർഷിക വികസന സമിതികൾ പുനഃസംഘടിപ്പിച്ചുവരുന്നു. കാർഷിക വികസന സമിതികൾ കൃത്യമായി കൂടുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

7. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിനായി ലീഡ്സ് എന്ന പദ്ധതി കൊല്ലം, പാലക്കാട്, വയനാട്, കണ്ണൂർ ജില്ലകളിൽ നടപ്പിലാക്കിവരുന്നു.

8. ആത്മ പദ്ധതി കൂടുതൽ കാര്യക്ഷമതയോടെ വിജ്ഞാന വ്യാപനത്തിലായി പ്രവർത്തിച്ചുവരുന്നു.

9. സംസ്ഥാനത്തെ എല്ലാ കർഷകരുടെയും അവരുടെ കൃഷിയെ കുറിച്ചുമുള്ള ഡേറ്റാ ബേസ് തയ്യാറാക്കിവരുന്നു.

(ബി) 1. വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് സുഗമമാക്കുക, ആനുകൂല്യങ്ങൾ അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുക.

2. കർഷകർക്ക് ഉപയുക്തമായ പദ്ധതികൾക്ക് രൂപം കൊടുക്കുക.

3. കൃഷി ഉദ്യോഗസ്ഥർക്ക് കൂടുതൽ സമയം കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ ഏർപ്പെടുക തുടങ്ങിയ ലക്ഷ്യങ്ങൾ ഇതുമൂലം കൈവരിക്കാൻ കഴിയും.

(സി) ഡേറ്റാ ബേസ് സംബന്ധിച്ച നടപടി പുരോഗമിച്ചു വരുന്നു. ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട്വഴി നൽകുന്ന പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. ലീഡ്സ്, ആത്മ പദ്ധതികളിലൂടെ വിജ്ഞാന വ്യാപന പരിപാടിയും മികച്ച രീതിയിൽ നടന്നുവരുന്നുണ്ട്. കർഷകർക്ക് മികച്ച സേവനം ഉറപ്പാക്കുവാനായി റിസർവ് ബാങ്കിന്റെ നിയമങ്ങൾ അനുസരിച്ചുള്ള സർവീസ് ലെവൽ എഗ്രിമെന്റ് ബാങ്കുകളുമായി ഒപ്പിട്ടിട്ടുമുണ്ട്.

## പോളിഹൗസ് ഫാമിംഗ് സമ്പ്രദായം

20 (2305) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോളിഹൗസ് ഫാമിംഗ് സമ്പ്രദായം മെച്ചപ്പെടുത്തുവാനും വ്യാപിപ്പിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ; ആയതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പോളിഹൗസ് ഫാമിംഗ്വഴി ഉത്പ്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വിറ്റഴിക്കാൻ സ്വീകരിച്ചു വരുന്ന മാർക്കറ്റിംഗ് രീതികൾ എന്തെല്ലാമെന്നും പുതിയ രീതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പോളിഹൗസ് ഫാമിംഗ് ആരംഭിച്ചെങ്കിലും പല പോളിഹൗസുകളും ശരിയായി പ്രവർത്തിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോളീഹൗസ് ഫാമിംഗിനായി മുന്നോട്ട് വന്ന കർഷകർക്ക് പരിശീലനത്തിന്റെയും പരിചയത്തിന്റെയും അഭാവം പോളിംഹൗസ് പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. നിലവിലുള്ള കർഷകർക്ക് പരിശീലനം നൽകുന്നതിന് പുറമെ പോളിഹൗസ് കൃഷി സമ്പ്രദായത്തിൽ പരിശീലനം പൂർത്തിയായവർക്ക് മാത്രമേ മേലിൽ പോളിഹൗസുകളുടെ നിർമ്മാണത്തിന് ആനുകൂല്യം ലഭ്യമാക്കൂ എന്ന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പോളിഹൗസ് കൃഷിക്ക് അനുയോജ്യമായ മെച്ചപ്പെട്ട ഇനങ്ങൾ കണ്ടെത്തുന്നതിന്

കാർഷിക സർവ്വകലാശാലക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതോടൊപ്പം വിസ്തീർണ്ണം കുറഞ്ഞ പോളിഹൗസുകളുടെ സാധ്യതയും ആരാഞ്ഞ് വരുന്നു. അതോടൊപ്പം നിലവിലുള്ള പോളിഹൗസുകളിൽ സജീവമായ ഉല്പാദനം പുനരാരംഭിക്കുവാനും വേണ്ട നടപടിയുണ്ടാകും.

(ബി) പോളിഹൗസ് ഫാമിംഗ്‌വഴി ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ അധികവും കർഷകർ വിവിധ മാർഗ്ഗങ്ങളിലൂടെ നേരിട്ട് വിറ്റഴിക്കുകയാണ് ചെയ്യുന്നത്. താരതമ്യേന കീടനാശിനി പ്രയോഗം കുറഞ്ഞ ഉത്പന്നമായതിനാൽ പോളിഹൗസ് ഉത്പന്നങ്ങൾക്ക് ഏറെ ആവശ്യക്കാർ ഉണ്ട്. ഉത്പന്നങ്ങൾക്ക് മികച്ച വിലയും ലഭിക്കുന്നുണ്ട്. എല്ലാ ജില്ലകളിലും പോളിഹൗസ് കർഷകരുടെ കൂട്ടായ്മകൾ രൂപീകരിച്ച് അതിലൂടെ സംഘടിതമായി വിപണന സംവിധാനം ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഈ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. അധിക ഉല്പാദനം ഉണ്ടാകുന്നപക്ഷം കൃഷി വകുപ്പിന്റെ കാർഷിക മൊത്ത വ്യാപാര വിപണികൾ മുഖേനയും ഹോർട്ടികോർപ്പിന്റെ സംഭരണശാലകൾ മുഖേനയും വില്പനയ്ക്ക് അവസരമുണ്ട്.

**കാർഷിക മേഖലയിലെ ആധുനിക ലബോറട്ടറികൾ**

21 (2306) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ആധുനിക ലബോറട്ടറികൾ സ്ഥാപിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ;

(ബി) കാർഷിക മേഖലയിൽ ആധുനിക ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) കാർഷിക മേഖലയിൽ ആധുനിക ലബോറട്ടറി സൗകര്യം ഏർപ്പെടുത്തുന്ന കാര്യത്തിൽ പരിഗണനയിലുള്ള പരിപാടികളുടെ വിശദാംശം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) കൃഷി വകുപ്പിന്റെ കീഴിൽ താഴെപ്പറയുന്ന ആധുനിക ലാബുകൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു:

1. ജില്ലാ മണ്ണ് പരിശോധന ലാബുകൾ - 14 എണ്ണം
2. സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ലാബുകൾ - 9 എണ്ണം

3. കേന്ദ്ര മണ്ണ് സസ്യ ആരോഗ്യ കേന്ദ്രം - 1 എണ്ണം
4. രാസവള ഗുണനിലവാര പരിശോധനാ ലാബുകൾ - 2 എണ്ണം (തിരുവനന്തപുരം, പട്ടാമ്പി)
5. കീടനാശിനി പരിശോധനാ ലാബ് - 1 (തിരുവനന്തപുരം)
6. വിത്ത് പരിശോധനാ ലാബുകൾ - 2 (തിരുവനന്തപുരം, ആലപ്പുഴ)
7. ജീവാണുവള ഉല്പാദന ലാബ് - 2 (തിരുവനന്തപുരം, പട്ടാമ്പി)
8. സംസ്ഥാന ബയോ കൺട്രോൾ ലാബ് - 1 (മണ്ണുത്തി)
9. അഗ്മാർക്ക് ലാബുകൾ - 11 എണ്ണം
10. പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷൻ - 9 എണ്ണം
11. ബയോ ടെക്നോളജി & മോഡൽ ഫ്ലോറി കൾച്ചർ സെന്റർ (കഴക്കൂട്ടം) - 1 എണ്ണം

ഇവയ്ക്ക് പുറമെ പാലക്കാട് ജില്ലയിൽ പട്ടാമ്പിയിൽ ജൈവ ജീവാണുവള ഗുണനിലവാര പരിശോധന ലാബ് സ്ഥാപിക്കുന്നതിനുള്ള പണി പൂർത്തിയായി വരുന്നു. മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, തൃശ്ശൂർ, വയനാട് ജില്ലകളിൽ പ്രവർത്തിക്കുന്ന സോയിൽ അനലറ്റിക്കൽ ലബോറട്ടറികളിൽ കീടനാശിനികളുടെ അവശിഷ്ട നിർണ്ണയത്തിനുള്ള പ്രാഥമിക പരിശോധനകൾ നടത്തുന്നതിന് ആവശ്യമായ ഗ്യാസ് ക്രോമറ്റോഗ്രാഫ് ഉൾപ്പെടെയുള്ള ആധുനിക ഉപകരണങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. തിരുവനന്തപുരത്തെ കേന്ദ്ര മണ്ണ് പരിശോധനാശാലയിൽ മണ്ണിന്റെ ആരോഗ്യ നിർണ്ണയത്തിന് ഉതകുന്ന സൂക്ഷ്മാണുക്കളുടെ സാന്നിധ്യവും അളവും നിർണ്ണയിക്കുന്നതിനാവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

(ബി) കേന്ദ്ര ഗവൺമെന്റിന്റെ നാഷണൽ മിഷൻ ഫോർ സസ്റ്റെനബിൾ അഗ്രികൾച്ചർ(NMSA) എന്ന ബൃഹത്തായ പദ്ധതിയുടെ കീഴിലുള്ള സോയിൽ ഹെൽത്ത് മാനേജ്മെന്റ് (SHM) എന്ന സ്കീമിലുൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷം കാസർഗോഡ്, പത്തനംതിട്ട ജില്ലകൾക്ക് ആധുനീകരിച്ച രണ്ട് സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ലാബുകൾ വാങ്ങുന്നതിന് 100.8 ലക്ഷം രൂപ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്.

(സി) പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും മറ്റുമുള്ള അവശിഷ്ട കീടനാശിനികളുടെ അളവ് പരിശോധിക്കുന്നതിനുള്ള കീടനാശിനി അവശിഷ്ട പരിശോധനാ ലാബുകൾ ആദ്യഘട്ടത്തിൽ മൂന്ന് ജില്ലകളിൽ സ്ഥാപിക്കുവാനും തുടർന്ന് എല്ലാ ജില്ലകളിലും തുടങ്ങുവാനും ഉദ്ദേശിക്കുന്നു. മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പിന്റെ കീഴിൽ സഞ്ചരിക്കുന്ന മണ്ണ് പരിശോധനാശാല സ്ഥാപിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**കേരഫെഡിലെ അഴിമതി**

22 (2307) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡിലെ അഴിമതി സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പച്ചത്തേങ്ങ സംഭരണവുമായി ബന്ധപ്പെട്ട് വലിയ തോതിൽ അഴിമതി നടന്നിട്ടുള്ളതായ മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഇതു സംബന്ധിച്ച് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ വിജിലൻസ് വിഭാഗത്തിൽനിന്നും ലഭിച്ച അന്വേഷണ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു.

**കേരഗ്രാമം പദ്ധതി**

23 (2308) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കേരകർഷകർ നേരിടുന്ന നാളീകേരവിലയിടിവും തെങ്ങുകൾക്കുണ്ടാകുന്ന കീടബാധയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നാളികേരത്തിന് മികച്ച താങ്ങുവില നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രതിരോധശേഷി കൂടുതലുള്ള തെങ്ങിൻതൈകൾ കർഷകർക്ക് നൽകുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദീകരിക്കുമോ;

(സി) കേരകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നാളീകേര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി നടപ്പിലാക്കിയ കേരഗ്രാമം പദ്ധതിയുടെ വിശദാംശങ്ങൾ പരിശോധിച്ചിട്ടുണ്ടോ; ഈ പദ്ധതിയിലൂടെ ഏതെല്ലാം ആനുകൂല്യങ്ങളാണ് കർഷകർക്ക് നൽകിയിട്ടുള്ളത്; ഈ പദ്ധതി തുടർന്നും നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## ഉത്തരം

(എ) ഉണ്ട്. നാളികേര വിലയിടിവിൽനിന്നും കേര കർഷകരെ രക്ഷിക്കുന്നതിനും തേങ്ങയ്ക്ക് താങ്ങുവില ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ 1-1-2013 മുതൽ പച്ചത്തേങ്ങ സംഭരണ പദ്ധതി നടപ്പിലാക്കിവരുന്നു. വിപണി വിലയേക്കാൾ ഉയർന്ന നിരക്കിൽ ആണ് നിലവിൽ കേരഫെഡ് നാളികേരം സംഭരിക്കുന്നത്. നാളികേര സംഭരണത്തിനായി ഈ വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ 100 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്.

(ബി) പ്രതിരോധശേഷി കൂടുതലുള്ള തെങ്ങിൻ തൈകൾ കർഷകർക്ക് നൽകുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. കേരസമൃദ്ധി പദ്ധതി പ്രകാരം രോഗ പ്രതിരോധശേഷിയുള്ള കുറിയ ഇനം, സങ്കരയിനം, മറ്റ് കുറിയ ഇനം തെങ്ങിൻ തൈകൾ എന്നിവ കൃഷി വകുപ്പിന്റെ നഴ്സറികളിൽ ഉത്പാദിപ്പിച്ച് കർഷകർക്ക് നൽകുന്നു.

2. എസ്റ്റാബ്ലിഷ്മെന്റ് ഓഫ് റീജിണിയൽ കോക്കനട്ട് നഴ്സറീസ് എന്ന പദ്ധതി പ്രകാരം രോഗപ്രതിരോധശേഷിയുള്ള കുറ്റ്യാടി ഉൾപ്പെടെ നെടിയ ഇനം വിത്ത് തേങ്ങകൾ തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലുള്ള പ്രോക്യൂർമെന്റ് സെന്ററുകളിൽ സംഭരിച്ച് കൃഷി വകുപ്പിന്റെ തെങ്ങിൻതൈ നഴ്സറികളിൽ ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നു.

3. സങ്കരയിനം തെങ്ങിൻ തൈ ഉല്പാദന പദ്ധതി പ്രകാരം തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലുള്ള ഹൈബ്രിഡൈസേഷൻ കേന്ദ്രങ്ങളിൽ ഹൈബ്രിഡൈസേഷൻ നടത്തി സങ്കരയിനം ടി x ഡി, ഡി x ടി വിത്ത് തേങ്ങകൾ ശേഖരിച്ച് കൃഷി വകുപ്പിന്റെ തെങ്ങിൻ തൈ നഴ്സറികളിൽ നൽകുന്നു. ഈ നഴ്സറികളിൽ സങ്കരയിനം തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നു. ഇതുകൂടാതെ കാർഷിക സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം എന്നീ സ്ഥാപനങ്ങൾ മുഖേനയും പ്രതിരോധശേഷിയുള്ള തെങ്ങിൻ തൈകൾ വിതരണം ചെയ്തുവരുന്നു.

(സി) നാളികേര വികസന പദ്ധതിയായ കേരഗ്രാമം പദ്ധതി 2014-15 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. 2014-15, 2015-16 എന്നീ വർഷങ്ങളിൽ കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ പദ്ധതി നടപ്പിലാക്കി. 2016-17 വർഷം കാസർഗോഡ് ഉൾപ്പെടെയുള്ള 14 ജില്ലകളിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ടി പദ്ധതിക്കായി 500 ഹെക്ടർ കേര വിസ്തൃതിയുള്ള പഞ്ചായത്തുകളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതെങ്കിലും ആവശ്യമായ കേര വിസ്തൃതി ഒരു പഞ്ചായത്തിൽ ലഭ്യമല്ലാതെ വന്ന സാഹചര്യത്തിൽ അടുത്തുള്ള പഞ്ചായത്തുകളെക്കൂടി ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. 2016-17 വർഷം കേരഗ്രാമം പദ്ധതി 14 ജില്ലകളിലായുള്ള 30 കേര ഗ്രാമങ്ങളിൽ നടപ്പിലാക്കിവരുന്നു. പദ്ധതി പ്രകാരം സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്നു. തടം തുറക്കൽ, തൊണ്ട് എടുക്കൽ, കുമ്മായം, മഗ്നീഷ്യം സൾഫേറ്റ് ജൈവ രാസവളങ്ങൾ, ജീവാണു വളങ്ങൾ, സസ്യ സംരക്ഷണ വസ്തുക്കൾ ഇവ നൽകുക, ഇടവിള കൃഷി, രോഗബാധിതമായി ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക എന്നിവയ്ക്കായി ഹെക്ടറിന് 25000 രൂപ ക്രമത്തിൽ ഒരു കേരഗ്രാമത്തിന് 125 ലക്ഷം രൂപയും തെങ്ങുകയറ്റ യന്ത്രങ്ങൾ വാങ്ങുന്നതിന് 2000 രൂപയും ജലസേചന കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹെക്ടറിന് 25000 രൂപയും കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണത്തിന് 10000 രൂപയും നാളികേരം നഴ്സറി നിർമ്മാണത്തിന് യൂണിറ്റൊന്നിന് 50000 രൂപയും കൃഷി ഭവനുകൾക്ക് പ്രവർത്തനഫണ്ടായി 10000 രൂപയും കേര അപെക്സ് സൊസൈറ്റി രൂപീകരണത്തിന് 10 ലക്ഷം രൂപയും ഉൾപ്പെടെ ഒരു കേരഗ്രാമത്തിന് 149.2 ലക്ഷം രൂപയും വകയിരുത്തി നടപ്പിലാക്കിവരുന്നു.

**പാട്ടകൃഷി പദ്ധതി**

24 (2309) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാട്ടകൃഷി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് പാട്ടകൃഷി നടത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പാട്ടകൃഷി വിപുലപ്പെടുത്താനും വിഷരഹിത പച്ചക്കറി ഉൽപ്പാദിപ്പിച്ച് വിതരണം നടത്താനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ&ബി) പച്ചക്കറി വികസന പദ്ധതിയുടെ കീഴിൽ കൃഷിയോഗ്യമായ തരിശുനിലങ്ങൾ പാട്ടത്തിനെടുത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 30000 രൂപ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. ഇതിൽ 25000 രൂപ കർഷകർക്കും 5000 രൂപ സ്ഥലമുടമയ്ക്കും നൽകുന്നു. 2016-17-ൽ 400 ഹെക്ടർ തരിശുനിലം പച്ചക്കറി കൃഷിയിൻകീഴിൽ കൊണ്ടുവരാൻ ലക്ഷ്യമിടുന്നു.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗ്രൂപ്പടിസ്ഥാനത്തിൽ പാട്ടകൃഷി ചെയ്യുന്ന സ്വയംസഹായ സംഘങ്ങൾക്കും കുടുംബശ്രീ അംഗങ്ങൾക്കും വിഷരഹിത പച്ചക്കറി ഉല്പാദിപ്പിച്ച് വിതരണം നടത്താൻ പഞ്ചായത്തുതലത്തിൽ സംയുക്തമായ പ്രൊജക്ടുകൾ തയ്യാറാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

**പച്ചത്തേങ്ങ സംഭരണം നടത്തിയതിൽ കുടിശ്ശിക**

25 (2310) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം തൃശ്ശൂർ ജില്ലയിൽ കൃഷിഭവനുകൾ മുഖേന പച്ചതേങ്ങ സംഭരണം നടത്തിയതിൽ കുടിശ്ശികയായി എത്ര രൂപ കേരകർഷകർക്ക് നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആയത് അടിയന്തരമായി കേരകർഷകർക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) ഒല്ലൂർ നിയോജക മണ്ഡലത്തിൽ ഏതെല്ലാം കൃഷി ഭവനുകളിലാണ് പച്ച തേങ്ങ സംഭരിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ ജില്ലയിൽ കൃഷിഭവനുകൾ മുഖേന പച്ചത്തേങ്ങ സംഭരണം നടത്തിയ വകയിൽ കേരകർഷകർക്ക് നൽകുവാൻ കുടിശ്ശിക ഇല്ല. 2016-17 സാമ്പത്തിക വർഷത്തിൽ 1400.70 ലക്ഷം രൂപ കുടിശ്ശിക നൽകാനുണ്ട്.

(ബി) 21-6-2016-ന് ബഹു. കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കർഷകർക്ക് കുടിശ്ശികയില്ലാതെ തുക വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ 100 കോടി രൂപ പച്ചത്തേങ്ങ സംഭരണത്തിനായി വകയിരുത്തിയിട്ടുണ്ട്.

(സി) ഒല്ലൂർ നിയോജകമണ്ഡലത്തിൽ ഒല്ലൂർ, മാടക്കത്തറ, പാണഞ്ചേരി, കുർക്കഞ്ചേരി എന്നീ കൃഷി ഭവനുകളിലാണ് പച്ചത്തേങ്ങ സംഭരിക്കുന്നത്.

**മെത്രാൻ കായലിലെ സർക്കാർ ഭൂമി**

26 (2311) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ മെത്രാൻ കായൽ എന്നറിയപ്പെടുന്ന പ്രദേശത്ത് ആകെ എത്ര ഹെക്ടർ ഭൂമിയാണുള്ളത് എന്നും ഇതിൽ സർക്കാർ ഉടമസ്ഥതയിൽ എത്ര ഹെക്ടർ ഭൂമിയുണ്ട്എന്നും അറിയാമോ ; വ്യക്തമാക്കുമോ;

(ബി) മെത്രാൻ കായലിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി സ്വകാര്യ വ്യക്തികൾക്ക് പതിച്ചുനല്കിയതായി അറിവുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് പതിച്ച് നൽകിയത്;

(സി) മെത്രാൻ കായലിൽ അവസാനമായി കൃഷി ചെയ്തത് ഏത് വർഷമാണ്; ഏതുതരം കൃഷിയാണ് ഇറക്കിയത്;

(ഡി) പ്രസ്തുത പ്രദേശത്ത് കൃഷി പുനരാരംഭിക്കാൻ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിലേക്ക് എത്ര തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) കോട്ടയം ജില്ലയിലെ കുമരകം പഞ്ചായത്തിൽ 8-ാം വാർഡിൽ ഉൾപ്പെടുന്ന മെത്രാൻ കായൽ (സെമിനാരി കായൽ) പാടശേഖരത്തിന്റെ വിസ്തൃതി 404 ഏക്കറാണ്(161.6 ഹെ.). ഇപ്പോൾ പാടശേഖരത്തിൽ 17 ഏക്കർ 5 കർഷകരുടെയും ഏകദേശം 378.5 ഏക്കർ 'റാക്കിൻഡോ കുമരകം റിസോർട്ട് പ്രൈവറ്റ് ലിമിറ്റഡ്' എന്ന കമ്പനിയുടെയും (34 കമ്പനികളായി രജിസ്റ്റർ ചെയ്തിട്ടുള്ളത്) കൈവശത്തിലാണ്. സർക്കാർ ഉടമസ്ഥതയിൽ എത്ര ഹെക്ടർ ഭൂമി ഉണ്ട് എന്നുള്ള വിവരം പരിശോധിച്ചുവരുന്നു.

(ബി) പരിശോധിച്ചുവരുന്നു.

(സി) മെത്രാൻ കായലിൽ 2007-08 വർഷമാണ് അവസാനമായി പുഞ്ച കൃഷി നടത്തിയത്.

(ഡി) മെത്രാൻ കായലിൽ കൃഷി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതിനെപ്പറ്റി ചർച്ച ചെയ്യുന്നതിന് 17-6-2016-ൽ കുമരകം കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് കർഷകരുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടെയും യോഗം ചേരുകയും മെത്രാൻ കായൽ സന്ദർശനം നടത്തി ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. അടിസ്ഥാന സൗകര്യങ്ങൾക്കായി 80 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി വരുകയാണ്. കൂടാതെ പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതിന് ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങൾ ഉൽപാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ വിപണനം**

27 (2312) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(ബി) ഇത്തരം ഉല്പന്നങ്ങൾക്ക് ആവശ്യമായ പ്രചരണം നൽകി വിപണി വിപുലപ്പെടുത്തുന്നകാര്യം ആലോചിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം പദ്ധതികളാണ് ഇതിനായി ആസൂത്രണം ചെയ്യുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമല്ല. കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ പ്ലാന്റേഷൻ കോർപ്പറേഷൻ, കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ, ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ്, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട്സ് പ്രോസസ്സിംഗ് കമ്പനി ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചർ

പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരഫെഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിലുള്ള സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി അവരുടെ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നുണ്ട്. ഡീലർമാർ, ഏജൻസികൾ എന്നിവ മുഖേനയും എക്സിബിഷനുകളിലൂടെയും ടി സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾക്ക് പ്രചരണം നൽകിവരുന്നു. കൂടാതെ കാർഷിക ഉത്പന്നങ്ങൾ ഒരു കുടക്കീഴിൽ എന്ന ലക്ഷ്യത്തോടെയുള്ള സർക്കാർ സംരംഭമായ 'അഗ്രോ ബസാറുകൾ'വഴി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. തൃശ്ശൂർ, കോഴിക്കോട്, തിരുവനന്തപുരം എന്നീ 3 അഗ്രോബസാറുകളാണ് ആദ്യഘട്ടമെന്ന നിലയിൽ തുടങ്ങുവാൻ തീരുമാനിച്ചിട്ടുള്ളത്. ഘട്ടംഘട്ടമായി എല്ലാ ജില്ലകളിലും അഗ്രോബസാറുകൾ തുടങ്ങുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**കുട്ടനാട് റാണിക്കായലിലെ കൃഷിയിറക്കൽ**

28 (2313) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട് റാണിക്കായലിൽ കൃഷിയിറക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പുമന്ത്രി സന്ദർശനം നടത്തിയിരുന്നോ ; എങ്കിൽ ഏതെല്ലാം സ്ഥലങ്ങൾ സന്ദർശിച്ചെന്നും എന്തെല്ലാം കാര്യങ്ങളിൽ തീരുമാനമായെന്നും വെളിപ്പെടുത്താമോ?

ഉത്തരം

കുട്ടനാട് റാണിക്കായലിലെ കൃഷിയിറക്കുന്നതുമായി ബന്ധപ്പെട്ട് കൃഷി വകുപ്പുമന്ത്രി 14-6-2016-ൽ സന്ദർശനം നടത്തിയിരുന്നു. റാണി കായൽ ആർ. ബ്ലോക്ക്, കൈനകരി പഞ്ചായത്തിലെ കുപ്പപ്പുറം പാടശേഖരത്തിന്റെ മടവീഴ്ച എന്നിവ സന്ദർശിച്ചു. സന്ദർശനത്തെ തുടർന്ന് 15-6-2016-ൽ കൃഷി മന്ത്രിയുടെ ചേംബറിൽ വിളിച്ചു ചേർത്ത യോഗത്തിൽ റാണി കായലിൽ കൃഷി ഇറക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു:

1. 13-ാം ധനകാര്യ കമ്മീഷനിൽ അനുവദിച്ച ഫണ്ടുപയോഗിച്ച് റാണി കായലിലെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആക്ടിവിറ്റി ചാർട്ട് 29/6/2016-ലെ സ.ഉ.(ആർറ്റി.) നമ്പർ 542/2016/ അഗ്രി. പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

2. ആലപ്പുഴ പുഞ്ച സ്പെഷ്യൽ ആഫീസർ 21-6-2016 പമ്പിംഗ് ലേല പരസ്യം നൽകുകയും 27-6-2016-ൽ റാണി കായലിൽ പമ്പിംഗ് ലേലം നടക്കുകയും ചെയ്തു.

3. 6-7-2016-ൽ കോട്ടയം കെ.എസ്.ഇ.ബി. പള്ളം ഡിവിഷന്റെ ചുമതലയിൽ ഡീ വാട്ടറിംഗിന് പമ്പിംഗ് കണക്ഷൻ നൽകി. പമ്പിംഗ് ഉടനെ ആരംഭിക്കുന്നതാണ്.

4. കൃഷി വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം വെള്ളം വറ്റിക്കഴിഞ്ഞാൽ ഉടൻ ളമ്പ് സ്ഥാപിക്കൽ, വാച്ചാൽ ആഴം കൂട്ടൽ, ലെവലിംഗ്, റാമ്പ നിർമ്മാണം, കറ്റക്കളം മോട്ടോർഷെഡ്, പറക്കുഴി തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും. ടി പ്രവർത്തനങ്ങളുടെ ഇ-ടെൻഡർ നടപടി സ്റ്റേറ്റ് അഗ്രികൾച്ചർ എഞ്ചിനീയർ സ്വീകരിച്ചുകഴിഞ്ഞു.

(V) റാണിക്കായലിലെ കൃഷിയിറക്കുന്നതുമായി ബന്ധപ്പെട്ട് ഡീവാട്ടറിംഗിന് 14,21,475 രൂപ നൽകുന്നതിന് നിലവിലുള്ള പുഞ്ച പമ്പിംഗ് നിയമത്തിൽ ഇളവ് നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

(VI) സെപ്തംബർ 15-നകം റാണിക്കായലിൽ കൃഷി ഇറക്കാൻ കൃഷി വകുപ്പ് കാർഷിക കലണ്ടർ തയ്യാറാക്കി.

(VII) റാണിക്കായലിലെ കൃഷിയെ ജനറൽ ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. പാടശേഖര സമിതിയുടെ അഭ്യർത്ഥന പ്രകാരം ജനറൽ ഇൻഷ്വറൻസ് കമ്പനിയുമായി ചർച്ച നടത്തി Tailor Made ആയ Insurance policy എടുക്കുന്നതിന് അനുവാദം നൽകി.

**തൃശ്ശൂർ-പൊന്നാനി കോൾ വികസന ഏജൻസി**

29 (2314) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-പൊന്നാനി കോൾ വികസന ഏജൻസി രൂപീകരിച്ചശേഷം എത്ര തവണ യോഗം ചേർന്നിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ദീർഘകാലമായി യോഗം ചേരാതിരുന്നതിന്റെ കാരണം എന്തായിരുന്നുവെന്ന് വിശദമാക്കുമോ;

(സി) ഏജൻസിയുടെ പ്രവർത്തനങ്ങളും ചുമതലകളും എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ഡി) സ്പെഷൽ പർപ്പസ് വെഹിക്കിൾ എന്ന രീതിയിലാണോ അതോ ഉപദേശകസമിതി എന്ന രീതിയിലാണോ ഏജൻസിയുടെ പ്രവർത്തനം ലക്ഷ്യമിട്ടിരിക്കുന്നത്?

ഉത്തരം

(എ) തൃശ്ശൂർ-പൊന്നാനി കോൾ വികസന ഏജൻസി രൂപീകരിച്ചശേഷം 8 പ്രാവശ്യം എക്സിക്യൂട്ടീവ് കമ്മിറ്റി യോഗവും 4 ഉപസമിതി യോഗവും ചേർന്നിരുന്നു.

(ബി) ചെയർമാൻ സ്ഥാനം സംബന്ധിച്ച വിഷയത്തിൽ തീർപ്പു കല്പിക്കപ്പെടാത്തതിനാലാണ് ദീർഘകാലം യോഗം ചേരാതിരുന്നത്.

(സി&ഡി) തൃശ്ശൂർ-പൊന്നാനി കോൾ വികസന ഏജൻസി പ്രധാനമായും സമഗ്ര കോൾ വികസന പാക്കേജ് വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ ആസൂത്രണവും നിയന്ത്രണവുമാണ് നിർവ്വഹിക്കുന്നത്. സ.ഉ.(എംഎസ്.) നമ്പർ 115/2013/എഡി. യിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഉപദേശക സമിതി എന്ന രീതിയിലാണ് ഏജൻസിയുടെ പ്രവർത്തനം ലക്ഷ്യമിട്ടിരിക്കുന്നത്. (ഉത്തരവിന്റെ കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്.)*

## തൃശ്ശൂർ-പൊന്നാനി കോൾ വികസന പദ്ധതി

30 (2315) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-പൊന്നാനി കോൾ വികസന പദ്ധതിയുടെ ഭാഗമായി നടന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ആദ്യ പദ്ധതിയിൽനിന്ന് കഴിഞ്ഞ യു.ഡി.എഫ് സർക്കാർ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയത് എന്ന് വ്യക്തമാക്കാമോ;

(സി) കർഷകരുടെ പങ്കാളിത്തത്തോടെ മുൻ എൽ.ഡി.എഫ്. സർക്കാർ ആവിഷ്കരിച്ച പ്രസ്തുത പദ്ധതി പൂർണ്ണ തോതിൽ നടപ്പിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 171/2012/കൃഷി തീയതി 11-7-2012 പ്രകാരം കോൾ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നബാർഡ് സഹായത്തോടെ ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി 300 കോടി രൂപയുള്ള പദ്ധതികളും ആർ.കെ.വി.വൈ.-ൽ ഉൾപ്പെടുത്തി 114.20 കോടി രൂപയുടെ പദ്ധതികളും നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കനാലുകൾ, ബണ്ടുകൾ, എഞ്ചിൻതറ, സ്ലൂയിസുകൾ, കനാൽ പാലങ്ങൾ എന്നീ അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് നബാർഡ് സഹായത്തോടെ ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നത്. പ്രസ്തുത പദ്ധതികളുടെ തൃശ്ശൂർ, പൊന്നാനി വേർതിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

| | തൃശ്ശൂർ | പൊന്നാനി | ആകെ |
|---|---|---|---|
| കനാലുകളും ബണ്ടുകളും | 30 | 32 | 62 |
| എഞ്ചിൻതറ | 37 | ... | 37 |
| സ്ലൂയിസുകൾ | ... | 30 | 30 |
| കനാൽ പാലങ്ങൾ | 3 | ... | 3 |
| ആകെ | 70 | 62 | 132 |

സംസ്ഥാനത്തെ കോൾ മേഖലയുടെ സമഗ്ര വികസനത്തിനായി സംസ്ഥാന സർക്കാർ കേന്ദ്ര കൃഷി മന്ത്രാലയം മുമ്പാകെ 799.77 കോടി രൂപയുടെ പാക്കേജ് സമർപ്പിച്ചിരുന്നു. കേന്ദ്ര സർക്കാർ ടി പാക്കേജ് പുനഃക്രമീകരിച്ച് 425.20 കോടി രൂപയ്ക്ക് അംഗീകാരം നൽകുകയുണ്ടായി. ഇതിൽ ആർ.കെ.വി.വൈ.-ൽ ഉൾപ്പെടുത്തി 114.20 കോടി രൂപയുടെ 11 പദ്ധതികൾക്കും നബാർഡ് സഹായത്തോടെ ആർ.ഐ.ഡി.എഫ്. വഴി അടിസ്ഥാന സൗകര്യ വികസനത്തിന് 300 കോടി രൂപയുടെ പദ്ധതികൾക്കും അംഗീകാരം നൽകുകയുണ്ടായി. ടി പദ്ധതികൾ നടപ്പിലാക്കിവരുന്നു. താഴെപ്പറയും പ്രകാരമുള്ള പദ്ധതികളാണ് ആർ.കെ.വി.വൈ.-ൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നത്:

1. കാർഷിക യന്ത്രവൽക്കരണം
2. പെട്ടി-പറയ്ക്ക് ബദലായുള്ള ആധുനിക പമ്പിംഗ് സിസ്റ്റം
3. ജൈവകൃഷി വ്യാപനം

4. പശുകിടാരികളുടെ വിതരണം

5. താറാവ് കൃഷിക്ക്

6. മത്സ്യകൃഷി

7. പച്ചക്കറി കൃഷി വ്യാപനം

8. കോഴിവളർത്തൽ

9. വിത്ത് വിതരണ സംഭരണ കേന്ദ്രം

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**വഴിയോരകൃഷി**

31 (2316) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആരംഭിച്ച്, നല്ല നിലയിൽ നടന്നുവരുന്ന വഴിയോരകൃഷി കൂടുതൽ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുമോ; ഇതിനാവശ്യമായ സഹായങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആരംഭിച്ച് നല്ല നിലയിൽ നടന്നുവന്നിരുന്ന വഴിയോരകൃഷികൾ കൂടുതൽ ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വില്ലുകുളം ജലസേചന പദ്ധതി**

32 (2317) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരിമ്പൂർ ഗ്രാമപഞ്ചായത്തിലെ വില്ലുകുളം (വെളുത്തൂർ, കൈപ്പിള്ളി) ജലസേചന പദ്ധതി ആർ.കെ.വി.വൈ.-യിൽ ഉൾപ്പെടുത്തി പ്രൊജക്ട് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) പദ്ധതി അടിയന്തരമായി പ്രവർത്തനം ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2014-15 വർഷത്തിൽ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്താൻ കെ.എൽ.ഡി.സി. പദ്ധതി സമർപ്പിച്ചിരുന്നു. പ്രോജക്ട് സ്ക്രീനിംഗ് കമ്മിറ്റി ആയത് അംഗീകരിച്ചിട്ടില്ല.

(ബി) സമർപ്പിച്ച പദ്ധതി തുക - 335 ലക്ഷം.

<u>പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പ്രവൃത്തികൾ</u> :

1. കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ
2. കോൺക്രീറ്റ് ഡ്രെയിൻ
3. കിണർ നിർമ്മാണം
4. മോട്ടോർ ഷെഡ്
5. ട്രാക്ടർ ബ്രിഡ്ജ്

(സി) ബാധകമല്ല.

**ഇലവത്തൂർ കർഷക സംഘത്തിന്റെ കൃഷിനാശത്തിന് നഷ്ടപരിഹാരം**

33 (2318) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജക മണ്ഡലത്തിലെ ഇലവത്തൂർ കോൾ കർഷക സംഘം ഇത്തവണ ഇറക്കിയ കൃഷി കീടബാധയേറ്റ് നശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃഷിനാശം എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനു നഷ്ടപരിഹാരം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉല്പാദനത്തിൽ 58% നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും ഏകദേശം 27,58,608 രൂപയുടെ (ഇരുപത്തിയേഴ ലക്ഷത്തി അൻപത്തി എട്ടായിരത്തി അറുന്നൂറ്റി എട്ട് രൂപ മാത്രം) നഷ്ടം ഉണ്ടായതായി കൃഷി വകുപ്പ് വിലയിരുത്തിയിട്ടുണ്ട്.

(സി) കീടരോഗബാധയ്ക്ക് നഷ്ടപരിഹാരം നൽകാൻ നിലവിൽ വ്യവസ്ഥയില്ല. എന്നാൽ കീടരോഗബാധ നിയന്ത്രണത്തിനായി 39,284 രൂപ (മുപ്പത്തിയൊമ്പതി നായിരത്തി ഇരുന്നൂറ്റി എൺപത്തിനാല്) പാടശേഖര സമിതികൾ മുഖേന കൃഷി വകുപ്പിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

**കുറ്റ്യാടി മേഖലയിലെ തെങ്ങുകർഷകർക്കുണ്ടായ നഷ്ടം**

34 (2319) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും കൂടുതൽ നാളികേര കൃഷിയുള്ള കോഴിക്കോട് ജില്ലയിൽ വലുതും ഗുണമേന്മയുള്ളതുമായ നാളികേരം ലഭിക്കുന്നത് കുറ്റ്യാടിമേഖലയിൽ നിന്നാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) ഇക്കഴിഞ്ഞ മാർച്ച്-ഏപ്രിൽ മാസങ്ങളിലെ കടുത്ത ചൂടിൽ ഈ പ്രദേശങ്ങളിലെ നിരവധി തെങ്ങുകൾ കരിഞ്ഞ് ഉണങ്ങിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധമായി എന്തെങ്കിലും ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇതുമൂലം കർഷകർക്കുണ്ടായ ഭീമമായ നഷ്ടം നികത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്. കേരളത്തിലെ തെങ്ങിൻ തൈ ഉല്പാദിപ്പിക്കുന്നതിനുള്ള വിത്ത് തേങ്ങ സംഭരിക്കുന്നത് പ്രധാനമായും കുറ്റ്യാടി മേഖലയിൽ നിന്നാണ്.

(ബി) ഉണ്ട്. ജല ദൗർലഭ്യവും ഗാനോഡർമ എന്ന കുമിളിന്റെ ആക്രമണവും മൂലമാണ് ഈ ഒരു അവസ്ഥ ഈ മേഖലയിൽ നിലവിൽ വന്നത്.

(സി) ഉണ്ട്. സി.പി.സി.ആർ.ഐ.-യിലെ സയന്റിസ്റ്റുമാരായ ഡോ. തമ്പാൻ, ഡോ. ഹെഗ്ഡേ എന്നിവരുടെ നേതൃത്വത്തിൽ M.D.D.T. (മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീം) ടി സ്ഥലം സന്ദർശിക്കുകയും പരിഹാരമാർഗ്ഗം നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പരിഹാര മാർഗ്ഗത്തിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് ആനുകൂല്യം നൽകുന്നതിനായി പ്രോജക്ടുകൾ സമർപ്പിക്കുവാൻ ഈ മേഖലയിലെ കൃഷി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടുതലായി വരൾച്ച ബാധിച്ച വടകര താലൂക്കിലെ 23 പഞ്ചായത്തുകളിലെ ഉണങ്ങി നശിച്ച തെങ്ങുകൾക്കുള്ള നഷ്ടപരിഹാരം 700 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ നടീൽ വസ്തുക്കൾ, വളങ്ങൾ, വിത്തുകൾ എന്നിവ സബ്സിഡി നിരക്കിൽ നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിലെ ക്രോസ് ബാർ-കം-ബ്രിഡ്ജിന്റെ നടപടി**

35 (2320) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ മയ്യിച്ച-പെങ്ങാട്ട് പുഴയിൽ കാർഷിക പാക്കേജിൽ ഉൾപ്പെടുത്തി നടപടികൾ ആരംഭിച്ച ക്രോസ് ബാർ-കം-ബ്രിഡ്ജിന്റെ നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് വികസന പാക്കേജ് പദ്ധതിയിൽ മയ്യിച്ച-പെങ്ങാട്ട് പുഴയ്ക്ക് കുറുകെ ക്രോസ് ബാർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്ന പദ്ധതി ഘടകം ഉൾപ്പെടുത്തിയിട്ടില്ല.

**കോഴിക്കോട് ജില്ലയിലെ തെങ്ങുകൃഷി സംരക്ഷണത്തിന് നടപടി**

36 (2321) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏറ്റവും കൂടുതൽ കേരകർഷകരുള്ള ജില്ലയാണ് കോഴിക്കോടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാളികേര വികസന ബോർഡിന്റെ കണക്ക് പ്രകാരം ജില്ലയിൽ എത്ര ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിയുണ്ടെന്നും ഇതിൽ നിന്ന് പ്രതിവർഷം എത്ര തേങ്ങ ഉൽപാദിപ്പിക്കുന്നുണ്ടെന്നും വിശദമാക്കാമോ;

(സി) നാളികേര മേഖലയെ ആശ്രയിക്കുന്ന ഏഴ ലക്ഷത്തോളം കർഷകരും തൊഴിലാളികളും ജില്ലയിലുണ്ടെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) ജില്ലയിൽ നാളികേരക്യഷി സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നാളികേര വികസന ബോർഡിന്റെ കണക്ക് പ്രകാരം ജില്ലയിൽ 123066 ഹെക്ടർ സ്ഥലത്ത് തെങ്ങു കൃഷിയുണ്ട്. 2014-15-ലെ നാളികേര വികസന ബോർഡിന്റെ കണക്ക് പ്രകാരം ടി സ്ഥലത്തുനിന്ന് 10,010 ലക്ഷം തേങ്ങ

ഉല്പാദിപ്പിച്ചിട്ടുണ്ട്. നാളികേര വികസന ബോർഡിന്റെ കണക്ക് പ്രകാരം 2010-1 മുതൽ 2014-15 വരെ കോഴിക്കോട് ജില്ലയിലെ നാളികേര കൃഷിയുടെ വിസ്തൃതിയും ഉല്പാദനവും താഴെപ്പറയും പ്രകാരമാണ് :

| ക്രമ നമ്പർ | വർഷം | വിസ്തീർണ്ണം (ഹെക്ടർ) | ഉല്പാദനം (ലക്ഷം തേങ്ങ) |
|---|---|---|---|
| 1 | 2010-11 | 121688 | 7700 |
| 2 | 2011-12 | 127699 | 8520 |
| 3 | 2012-13 | 124819 | 8820 |
| 4 | 2013-14 | 123115 | 9480 |
| 5 | 2014-15 | 123066 | 10010 |

(സി) നാളികേര മേഖലയെ ആശ്രയിക്കുന്ന വലിയ ഒരു വിഭാഗം കർഷകരും തൊഴിലാളികളും കോഴിക്കോട് ജില്ലയിലുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്.

(ഡി) കൃഷി വകുപ്പ് കാലാകാലങ്ങളിൽ കോഴിക്കോട് ജില്ലയിൽ വിവിധ നാളികേര വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. 2014-15 വർഷത്തിൽ ആരംഭിച്ച് 2016-17-ലും തുടരുന്ന കേരഗ്രാമം പദ്ധതി കോഴിക്കോട് ജില്ലയിലും നടപ്പിലാക്കിവരുന്നു. കൂടാതെ 2016-17 വർഷം കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് 3 കേരഗ്രാമങ്ങൾ തിരഞ്ഞെടുക്കുകയും പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുകയും ആണ്. പദ്ധതി പ്രകാരം സംയോജിത കേര കൃഷി അവലംബിക്കുന്നതിനും ജലസേചന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ഹെക്ടറിന് 25000 രൂപ വീതവും തെങ്ങുകയറ്റ യന്ത്രങ്ങൾ വാങ്ങുന്നതിന് യൂണിറ്റൊന്നിന് 2000 രൂപ വീതവും കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണത്തിന് യൂണിറ്റൊന്നിന് 10000 രൂപ വീതവും തെങ്ങിൻ തൈ നഴ്സറി നിർമ്മാണത്തിന് 50000 രൂപയും കേര അപെക്സ് സൊസൈറ്റിക്ക് 10 ലക്ഷം രൂപയും കൃഷി ഭവന്റെ പ്രവർത്തനഫണ്ടായി 10000 രൂപയും ഉൾപ്പെടെ ഒരു കേരഗ്രാമത്തിന് 149.2 ലക്ഷം രൂപ എന്ന നിരക്കിൽ 447.60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ കോഴിക്കോട് ജില്ലയിൽ നാളികേര കൃഷി സംരക്ഷിക്കുന്നതിന്റെ ഭാഗമായി എല്ലാ വർഷവും വടകര കേന്ദ്രമാക്കി ഗുണമേന്മയുള്ള വിത്ത് തേങ്ങ സംഭരണം നടത്തി വിവിധ ജില്ലകളിലേക്ക് വിതരണം ചെയ്യാനും തിക്കോടിയിലുള്ള കോക്കനട്ട് നഴ്സറിവഴി വിവിധ ഇനം (നെടിയ ഇനം, സങ്കര ഇനം, കുറിയ ഇനം) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നു.

## കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിന്റെ അനധികൃത നിയമനം

37 (2322) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങളിൽ എത്ര പേരെ കഴിഞ്ഞ സർക്കാർ അനധികൃതമായി നിയമിച്ചിട്ടുണ്ടെന്നും യാതൊരു മാനദണ്ഡവുമില്ലാതെ നിയമിച്ച ജീവനക്കാരെ പിരിച്ചുവിടാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിന്റെ കീഴിൽ വിവിധ പദ്ധതികളിലായി കരാർ അടിസ്ഥാനത്തിൽ 63 ജീവനക്കാരെ കഴിഞ്ഞ സർക്കാർ നിയമിച്ചിട്ടുണ്ട്. നിയമനങ്ങൾ അനധികൃതമാണോ എന്ന് പരിശോധിക്കുന്നതാണ്.

## ഹോർട്ടികോർപ്പ് മുഖേന വില്പന നടത്തുന്ന പച്ചക്കറികൾ

38 (2323) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടി കോർപ്പ് മുഖേന വിൽപ്പന നടത്തുന്ന പച്ചക്കറികൾ നിലവാരം കുറഞ്ഞതും പബ്ലിക് മാർക്കറ്റിലെ വിഷാംശമുള്ളതുമാണെന്നുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഒഴിവാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ;

(ബി) ഇത്തരത്തിൽ കുറ്റകരമായ പ്രവൃത്തികൾ ചെയ്യുവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കേരളത്തിലെ കർഷകരിൽനിന്നും സംഭരിക്കുന്ന പച്ചക്കറികളുടെയും കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളിൽനിന്നും സംഭരിക്കുന്നതിന്റെയും സാമ്പിളുകൾ കേരള കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ പരിശോധനയ്ക്ക് അയയ്ക്കുകയും പരിശോധനയിൽ ഗുണനിലവാരം കുറഞ്ടവയായി തെളിയുന്നപക്ഷം ടി കർഷകർ/കർഷക സംഘങ്ങൾ/മൊത്ത വ്യാപാര വിപണികൾ എന്നിവയ്ക്ക് മുന്നറിയിപ്പ് നൽകുകയും അവിടെ നിന്നുള്ള സംഭരണം നിർത്തിവയ്ക്കുകയും ചെയ്യുന്നതാണ്.

(ബി) ഇതു സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

## കൊയിലാണ്ടി മണ്ഡലത്തിലെ നിറവ് പദ്ധതികൾ

39 (2324) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) "നിറവ്" പദ്ധതിയിലുൾപ്പെടുത്തി കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി കൃഷി വകുപ്പ് സർക്കാരിൽ സമർപ്പിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാം; വിശദമാക്കുമോ?

ഉത്തരം

(എ) കാർഷിക മേഖലയുടെ വളർച്ചയ്ക്ക് പ്രധാന വിളകളുടെ ഉത്പാദനം, ഉത്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കൽ, കൃഷി വ്യാപിപ്പിക്കൽ, ജൈവ കൃഷി, ഉല്പന്നങ്ങളുടെ സംഭരണം, വിപണനം, മൂല്യവർദ്ധനവ് എന്നിവ ലക്ഷ്യംവച്ച് 2016-17 സാമ്പത്തിക വർഷം വിവിധ സംസ്ഥാന/കേന്ദ്രാവിഷ്കൃത പദ്ധതികൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്നു. നെൽകൃഷി വിസ്തൃതി 3 ലക്ഷം ഹെക്ടർ ആയി വർദ്ധിപ്പിച്ചും കരനെൽകൃഷി വ്യാപിപ്പിച്ചും തരിശ് കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുകയും ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷിയാക്കിയും പച്ചക്കറി കൃഷി പുതിയതായി 50,000 ഹെക്ടറിലേയ്ക്ക് വ്യാപിപ്പിച്ചു കൊണ്ടുമുള്ള ലക്ഷ്യമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നെൽകൃഷി വികസന പദ്ധതി, പച്ചക്കറി കൃഷി വികസന പദ്ധതി, നാളികേര വികസന പദ്ധതി, വിള ആരോഗ്യ പരിപാലന പദ്ധതി, മണ്ണിന്റെ ആരോഗ്യ പരിപാലന പദ്ധതി, ഹൈടെക് കൃഷി പദ്ധതി, ജൈവ കൃഷി വികസന പദ്ധതി, കുട്ടനാട്, ഇടുക്കി, വയനാട് തുടങ്ങിയ പ്രത്യേക പ്രദേശങ്ങൾക്ക് പാക്കേജ് പദ്ധതി, തൃശ്ശൂർ, പൊന്നാനി കോൾ വികസന പദ്ധതി, അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മ സേനകൾ എന്നിവയുടെ സഹായത്തോടെ കർഷക തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ, കാർഷിക വിജ്ഞാന വ്യാപന പദ്ധതി, കാർഷിക വിപണികളുടെ

വികസനം, വിപണിയിടപെടൽ, വിലസ്ഥിരത ഉറപ്പുവരുത്തൽ, മൂല്യവർദ്ധന പദ്ധതി, കേന്ദ്ര/സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതി, കാർഷികാവശ്യത്തിന് സൗജന്യ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള പദ്ധതി, 60 വയസ്സ് പൂർത്തിയാക്കിയ എല്ലാ കർഷകർക്കും വേണ്ടിയുള്ള കർഷക പെൻഷൻ പദ്ധതി.

(ബി) "നിറവ്" പദ്ധതിക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ സർക്കാരിലേയ്ക്ക് പദ്ധതികളൊന്നും സമർപ്പിച്ചിട്ടില്ല.

**കർഷകരുടെ രജിസ്ട്രേഷൻ**

40 (2325) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകരുടെ രജിസ്ട്രേഷനും അവർക്കുള്ള ആനുകൂല്യങ്ങളും ഇ-പേയ്മെന്റ് വഴി നൽകാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇവ നടപ്പിൽ വരുത്തുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കർഷക രജിസ്ട്രേഷനും ഇ-പേയ്മെന്റും എന്ന പദ്ധതി പ്രകാരം കർഷകർക്കുള്ള ആനുകൂല്യങ്ങൾ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ രൂപപ്പെടുത്തിയ സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് ഇ-പേയ്മെന്റ് പ്രക്രിയ ആവിഷ്കരിച്ചിട്ടുള്ളത്.

(ബി) • സംസ്ഥാനത്തെ എല്ലാ കർഷകരുടേയും അവരുടെ കൃഷിയെ കുറിച്ചുള്ള സമഗ്രമായ ഒരു ഓൺലൈൻ ഡേറ്റാബേസ് ഉണ്ടാക്കുകയും ഇതുപയോഗിച്ച് വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും പദ്ധതി ആനുകൂല്യങ്ങൾ കർഷകരുടെ അക്കൗണ്ടുകളിൽ നേരിട്ട് നൽകുകയും ചെയ്യുന്നു. ഇത് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ സാധിക്കുന്നു.

• കൃഷി ഉദ്യോഗസ്ഥർക്ക് കൂടുതൽ സമയം കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ ഏർപ്പെടാനും ഇതുമൂലം സാധിക്കുന്നു.

• മുഴുവൻ സബ്സിഡി തുകയും കോർ ബാങ്കിംഗ് അക്കൗണ്ടിലേയ്ക്ക് നൽകിയതിന്റെ വിവരങ്ങൾ www.ebt.kerala.gov.in/ എന്ന വെബ്സൈറ്റിൽ പൊതുജനങ്ങൾക്കായി പരസ്യപ്പെടുത്തുന്നു.

(സി) കർഷകർക്ക് സാമ്പത്തിക ആനുകൂല്യം അവരവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് നൽകുന്നതിനായി ബ്ലോക്ക്തല അസിസ്റ്റന്റ് ഡയറക്ടർമാർക്ക് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൃഷി ഓഫീസർമാർ നൽകുന്ന വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് ഡയറക്ടർമാർ നേരിട്ട് കർഷകന്റെ അക്കൗണ്ടിലേക്ക് സബ്സിഡി തുക ഇ-പേയ്മെന്റ് മുഖാന്തരം നൽകുകയും ചെയ്യുന്നു. കൃഷി വകുപ്പിന്റെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ഇ-പേയ്മെന്റ് സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിൽ പരിശീലനം നൽകിയിട്ടുണ്ട്. കർഷകർക്ക് മികച്ച സേവനം ഉറപ്പാക്കുവാനായി റിസർവ് ബാങ്കിന്റെ നിയമങ്ങൾ അനുസരിച്ചുള്ള സർവ്വീസ് ലെവൽ എഗ്രിമെന്റ് ബാങ്കുമായി ഒപ്പിട്ടിട്ടുണ്ട്. കൃഷി വകുപ്പിലെ കൃഷിഭവൻ വരെയുള്ള ഉദ്യോഗസ്ഥർക്ക് ഇ-പേയ്മെന്റ് സോഫ്റ്റ്‌വെയർ, ഇ-ഗവേണൻസ് എന്നിവയിൽ പരിശീലനം നൽകുന്നതിനായി നാഷണൽ ഇ-ഗവേണൻസ് പ്ലാൻ, അഗ്രികൾച്ചർ എന്ന പദ്ധതിയുടെ സഹായം ഉപയോഗിച്ച് ആനയറ, സമേതി തിരുവനന്തപുരം, RATTC കോഴ (കോട്ടയം), വൈറ്റില (എറണാകുളം), മലമ്പുഴ (പാലക്കാട്), ഫാർമേഴ്സ് ട്രെയിനിംഗ് സെന്റർ, കോഴിക്കോട് എന്നിവിടങ്ങളിൽ കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്റർ & ലാബ് ആരംഭിക്കുകയുണ്ടായി. വിവിധ തലത്തിലുള്ള ഓഫീസർമാർക്ക് പരിശീലനം നൽകുന്നതിനായി കൃഷി വകുപ്പിൽ ഐ.റ്റി. രംഗത്ത് പരിചയവും പ്രാവീണ്യവുമുള്ള 45 ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകുകയും അവർക്ക് ഐ.റ്റി. മാസ്റ്റർ ട്രെയിനർമാരായി ചുമതല നൽകുകയും ചെയ്തിട്ടുണ്ട്. ഇവർ കൃഷിഭവൻ വരെയുള്ള ഉദ്യോഗസ്ഥർക്ക് കൃഷി വകുപ്പിൽ ഉപയോഗിക്കുന്ന വിവിധ സോഫ്റ്റ്‌വെയറുകളെക്കുറിച്ച് പരിശീലനം നൽകിവരുന്നു. ഇതുകൂടാതെ കർഷകരുടെയും കൃഷി ഉദ്യോഗസ്ഥരുടെയും സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി കൃഷി ഡയറക്ടറേറ്റിൽ ഐ.റ്റി. സെല്ലിൽ ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നു.

## മൂവാറ്റുപുഴ ഇ.ഇ.സി. മാർക്കറ്റ്

41 (2326) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ഇ.ഇ.സി. മാർക്കറ്റിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നിലവിൽ നടന്നുവരുന്നതെന്ന് അറിയിക്കാമോ;

(ബി) എറണാകുളത്തിന്റെ കിഴക്കൻ മേഖലയിലെ കർഷകർക്ക് ഗുണകരമാകുന്ന വിധത്തിൽ മൂവാറ്റുപുഴ ഇ.ഇ.സി. മാർക്കറ്റിൽ ഒരു അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) എങ്കിൽ എന്തൊക്കെ സേവനങ്ങളാണ് കർഷകർക്ക് ലഭ്യമാകുന്നതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) മൂവാറ്റുപുഴ ഇ.ഇ.സി. മാർക്കറ്റിൽ 3 പവലിയനുകളിലായി 62 മുറികളിൽ കാർഷിക ഉല്പന്നങ്ങളുടെയും കാർഷിക അനുബന്ധ ഉല്പന്നങ്ങളുടെയും വ്യാപാരം നടന്നുവരുന്നു. കൂടാതെ കാർഷിക ഉല്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള കോൾഡ് സ്റ്റോറേജ് സംവിധാനം, 24 മണിക്കൂറും പ്രവർത്തിക്കുന്ന വേയ്ബ്രിഡ്ജ് എന്നിവയുടെ സേവനം ഇവിടെ ലഭ്യമാണ്. മാർക്കറ്റിലെ തുറസ്സായ സ്ഥലവും മാർക്കറ്റിൽ സ്ഥാപിച്ചിട്ടുള്ള പോളിഹൗസും കൃഷി ചെയ്യുന്നതിനായി കർഷകർക്ക് പാട്ടത്തിനു നൽകിയിട്ടുണ്ട്. മാർക്കറ്റിന്റെ പരിധിയിലുള്ള കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനുവേണ്ടി ആഴ്ചയിൽ ഒരു ദിവസം (ചൊവ്വാഴ്ച) ടി വിപണിയിൽ ലേല നടപടികൾ നടന്നുവരുന്നു. കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും ഒഴിവാക്കുന്നതിനായി കർഷകർ നേരിട്ട് വിപണിയിൽ കൊണ്ടുവന്ന് ലേലം ചെയ്ത് ന്യായവില നേടി എടുക്കുന്നു. കർഷകരെ വിപണിയിൽ നടക്കുന്ന ലേല നടപടികളിൽ പങ്കെടുക്കുവാൻ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി ദൂരത്തിന്റെ അടിസ്ഥാനത്തിൽ കിലോയ്ക്ക് 1.50-2.50 രൂപ നിരക്കിൽ ട്രാൻസ്പോർട്ട് സബ്സിഡി നൽകിവരുന്നു.

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും അഗ്രോ ബസാറുകൾ തുടങ്ങുന്നതിന് സർക്കാർ ലക്ഷ്യമിടുന്നുണ്ട്. മൂവാറ്റുപുഴ ഇ.ഇ.സി. മാർക്കറ്റിൽ അഗ്രോ ബസാർ തുടങ്ങുന്ന വിവരം പരിശോധിക്കുന്നതാണ്.

(സി) സർക്കാർ ഫാമുകൾ, കാർഷിക സർവ്വകലാശാല, വെറ്ററിനറി സർവ്വകലാശാല, കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ, കാർഷികോപകരണങ്ങൾ, ജൈവ കീടനാശിനികൾ, ജൈവവളങ്ങൾ തുടങ്ങിയവ ന്യായമായ വിലയ്ക്ക് കർഷകർക്ക് ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്നതാണ് അഗ്രോ ബസാറുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്.

**നെടുമങ്ങാട് വേൾഡ് മാർക്കറ്റിലെ കാർഷിക ഉല്പന്നങ്ങൾ**

42 (2327) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് വേൾഡ് മാർക്കറ്റിൽ കൃഷിക്കാരുടെ ഉല്പന്നങ്ങൾ വിപണനം നടത്താനുള്ള സജ്ജീകരണങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത മാർക്കറ്റിൽ അടുത്ത ഓണക്കാലത്ത് പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും ദേശീയ പ്രദർശനവും വിപണനവും നടത്താൻ ആവശ്യമായ സഹായ സഹകരണങ്ങൾ നൽകാൻ സന്നദ്ധമാകുമോ?

<u>ഉത്തരം</u>

(എ) നെടുമങ്ങാട് ഗ്രാമീണ കാർഷിക മൊത്ത വ്യാപാര വിപണിയിൽ കർഷകരുടെ ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനുവേണ്ടി അതാത് കൃഷി ഭവനുകളിലെ കൃഷി ഓഫീസറുടെ അംഗീകാരത്തോടുകൂടി ഓരോ കർഷകരും ടി വിപണിയിൽ രജിസ്റ്റർ ചെയ്യുന്നു. ഇങ്ങനെ രജിസ്റ്റർ ചെയ്ത കർഷകരുടെ ഉല്പന്നങ്ങൾ ലേലം ചെയ്തു വിപണനം നടത്തുന്നതിനുവേണ്ടി ആഴ്ചയിൽ മൂന്നു ദിവസം (തിങ്കൾ, ബുധൻ, വെള്ളി) ഈ വിപണിയിൽ കാർഷിക ഉല്പന്നങ്ങൾ കർഷകർ നേരിട്ടു കൊണ്ടുവന്ന് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിനാൽ മെച്ചപ്പെട്ട വില നേടിയെടുക്കുവാൻ സാധിക്കുന്നു. സർക്കാർ സ്ഥാപനമായ ഹോർട്ടികോർപ്പ്, രജിസ്റ്റർ ചെയ്ത കർഷകർ, കച്ചവടക്കാർ എന്നിവർ ലേലത്തിൽ പങ്കെടുക്കുന്നു. സമീപമുള്ള വിപണികളുടെയും VFPCK വിപണിയിലേയും ഹോർട്ടികോർപ്പ്

വിപണിയുടെയും വില കണക്കാക്കിയാണ് ലേലനടപടികൾക്കായി അതാത് ദിവസത്തെ അടിസ്ഥാന വില നിശ്ചയിക്കുന്നത്. കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, കർഷക പ്രതിനിധി, കച്ചവടക്കാരുടെ പ്രതിനിധി, ഹോർട്ടികോർപ്പ് എന്നിവർ അടങ്ങുന്ന കമ്മിറ്റിയാണ് തറവില നിശ്ചയിക്കുന്നത്. വിപണിയിലെ ലേലനടപടികളിൽ കൂടുതൽ കർഷകരെ ആകർഷിക്കുന്നതിനുവേണ്ടി കാർഷിക ഉല്പന്നങ്ങളുടെ വിലയ്ക്കു പുറമേ, കർഷകർ നേരിട്ട് കൊണ്ടുവരുന്നതിനുവേണ്ടി കൃഷി സ്ഥലത്തിന്റെ ദൂരത്തിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്പോർട്ട് സബ്സിഡി നൽകിവരുന്നു. 25 കിലോമീറ്റർ ദൂരത്തിന് കിലോയ്ക്ക് 1.50 രൂപയും 25 കിലോമീറ്ററിനു മുകളിൽ 50 കിലോമീറ്റർ വരെ കിലോയ്ക്ക് 2 രൂപയും അതിൽ കൂടിയ ദൂരത്തിന് കിലോയ്ക്ക് 2.50 രൂപയും ട്രാൻസ്പോർട്ട് സബ്സിഡി നൽകിവരുന്നു. കർഷകരുടെ ഉല്പന്നങ്ങൾ സംഭരിക്കുന്നതിനുവേണ്ടി ഒരു സംഭരണശാല നിർമ്മാണവും അതിനോടനുബന്ധിച്ച് നിലവിലുള്ള മാർക്കറ്റ് റോഡ് നവീകരണ പ്രവർത്തനങ്ങൾ ടി വിപണിയിൽ നടന്നുവരുന്നു.

(ബി) പ്രസ്തുത ആവശ്യം പരിശോധിക്കുന്നതാണ്.

**കരനെൽകൃഷി പദ്ധതി**

43 (2328) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരനെൽകൃഷി പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ഈ പദ്ധതി വീണ്ടും നടപ്പാക്കാൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി നടപ്പാക്കുകയാണെങ്കിൽ കർഷകർക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആനുകൂല്യങ്ങൾ നൽകുമ്പോൾ കണക്കാക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ പദ്ധതി ആസൂത്രണം ചെയ്ത് 2560 ഹെക്ടറിൽ നടപ്പിലാക്കിവരുന്നു. ആയതിനായി ഹെക്ടറിന് 10,000 രൂപ സബ്സിഡിയും വിത്ത് സൗജന്യമായും (ഒരു ഹെക്ടറിന് 87.5 കിലോഗ്രാമെന്ന നിരക്കിൽ 3,500 രൂപയ്ക്കുള്ള വിത്ത്) നൽകി പദ്ധതി നടപ്പിലാക്കുന്നു.

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി കർഷകർക്ക് ഹെക്ടറിന് 10000 രൂപ സബ്സിഡിയും ഒരു ഹെക്ടറിന് 87.5 കിലോഗ്രാമെന്ന നിരക്കിൽ 3500 രൂപയുള്ള വിത്തും സൗജന്യമായി നൽകുന്നു.

(സി) ഈ പദ്ധതി കർഷകരുടെ ഭൂമിയിലും സർക്കാർ സർക്കാരിതര സ്ഥാപനങ്ങളിലും സ്കൂൾ പരിസരങ്ങൾ, ദേവാലയങ്ങൾ, ജയിൽ പരിസരങ്ങൾ, പോലീസ് സ്റ്റേഷൻ ഉൾപ്പെടെയുള്ള പൊതുസ്ഥാപനങ്ങളുടെ സ്ഥലങ്ങൾ തുടങ്ങിയ എല്ലാ പ്രദേശങ്ങളിലും ഒരു സെന്റ് മുതൽ സ്ഥലത്തിന്റെ ലഭ്യത അനുസരിച്ച് പരമാവധി 5 ഏക്കർ വരെ കൃഷി ചെയ്യുന്ന ഒരാൾക്ക് കരനെൽകൃഷിക്കായി സബ്സിഡി ലഭ്യമാണ്.

**തെങ്ങുകളിലെ രോഗബാധ**

44 (2329) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷമായി രോഗബാധമൂലവും മറ്റു കാരണങ്ങളാലും മുറിച്ച് മാറ്റപ്പെട്ട തെങ്ങുകളുടെ ഏകദേശ കണക്ക് ലഭ്യമാക്കുമോ;

(ബി) തെങ്ങുകളിലെ രോഗലക്ഷണങ്ങൾ കണ്ടെത്തി രോഗ നിവാരണം വരുത്തുന്നതിൽ കാർഷിക സർവകലാശാലയ്ക്കും കൃഷി വകുപ്പിനും കഴിയാത്തതുമൂലം തെങ്ങുകൾ മുറിച്ചുമാറ്റുന്നത് പരിശോധിക്കുവാൻ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) തെങ്ങിന്റെ രോഗ നിവാരണത്തിനു നവീന മരുന്ന് കണ്ടെത്തി സംസ്ഥാനത്താകമാനം ലഭ്യമാക്കുവാനും, വിളവു വർദ്ധിപ്പിക്കുവാനായി നവീന സാങ്കേതിക വിദ്യയുടെ സഹായം ലഭ്യമാക്കുവാനും എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) തേങ്ങയ്ക്ക് താങ്ങുവില ഉറപ്പാക്കുവാനും ഇടനിലക്കാരെ ഒഴിവാക്കുവാനും എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷമായി രോഗബാധമൂലവും മറ്റു കാരണങ്ങളാലും മുറിച്ച് മാറ്റപ്പെട്ട തെങ്ങുകളുടെ കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | എണ്ണം |
|---|---|
| 2011-12 | 609986 |
| 2012-13 | 918972 |
| 2013-14 | 337000 |
| 2014-15 | 117448 |

(ബി) തെങ്ങുകളിലെ രോഗലക്ഷണങ്ങൾ കണ്ടെത്തി രോഗനിവാരണം വരുത്തുന്നതിൽ കൃഷി വകുപ്പ് കർഷകർക്ക് മാർഗ്ഗനിർദ്ദേശവും സഹായവും നൽകി വരുന്നുണ്ട്. കാറ്റുവീഴ്ച രോഗം നിയന്ത്രിക്കുന്നതിന് രോഗബാധിതവും ഉത്പാദനക്ഷമത തീരെ കുറഞ്ഞതുമായ തെങ്ങുകൾ കണ്ടെത്തി അവ മുറിച്ച് മാറ്റി പകരം രോഗപ്രതിരോധശേഷിയുള്ള എലൈറ്റ് തെങ്ങിൻതൈകൾ നടുന്നതിന് കൃഷി വകുപ്പ് സഹായം നൽകിവരുന്നുണ്ട്. ഇതിനായുള്ള പദ്ധതികൾ കാലാകാലങ്ങളിലായി നടപ്പിലാക്കി വരുന്നുണ്ട്. 2016-17 വർഷം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്ന കേരഗ്രാമം പദ്ധതി പ്രകാരവും ഇതിനുള്ള നടപടികൾ കൃഷി വകുപ്പ് കൈകൊണ്ടുവരികയാണ്.

(സി) തെങ്ങിന്റെ രോഗനിവാരണത്തിനും വിളവ് വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പ്രതിവിധികൾ നിർദ്ദേശിക്കുന്നതിനുള്ള നടപടികൾ കാർഷിക സർവ്വകലാശാലയുടേയും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെയും നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നു.

(ഡി) നാളികേര വിപണിയിൽ ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് തേങ്ങയ്ക്ക് താങ്ങുവില ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ പച്ചനാളികേര സംഭരണ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. കൃഷി വകുപ്പും കേരഫെഡും സംയുക്തമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത കൃഷി ഭവനുകളിലൂടെ കർഷകരിൽനിന്നും നേരിട്ട് പച്ച നാളികേരം സംഭരിക്കുന്നു. വിപണി വിലയേക്കാൾ ഉയർന്ന നിരക്കിൽ നാളികേരം സംഭരിക്കുന്നതിന് ഈ വർഷം സർക്കാർ 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**മുതലമടയിൽ മാമ്പഴ സംസ്കരണ വിതരണ കേന്ദ്രം**

45 (*T 2330) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാംഗോ സിറ്റി എന്നറിയപ്പെടുന്ന മുതലമട പഞ്ചായത്തിലെ കർഷകരുടെ മാങ്ങ ഉത്പാദനവും വിപണനവും സംബന്ധിച്ച പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* T മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) രാജ്യത്തിനകത്തും പുറത്തുമായി കോടിക്കണക്കിന് രൂപയുടെ കയറ്റുമതി നടത്തുന്ന പ്രസ്തുത കാർഷിക വ്യവസായത്തെ സംരക്ഷിക്കുന്നതിനായി മുതലമട പഞ്ചായത്തിൽ വിപുലമായ രീതിയിൽ മാമ്പഴ സംസ്കരണ വിതരണ കേന്ദ്രം ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാമ്പഴ സംസ്കരണ വിപണന കേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ ആലോചിക്കുന്നതാണ്.

## പടന്നക്കാട് കാർഷിക കോളേജിലെ അദ്ധ്യാപക ക്ഷാമം പരിഹരിക്കാൻ നടപടി

46 (2331) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിലെ അദ്ധ്യാപക ക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ കോളേജിൽ എം.എസ്.സി. അഗ്രികൾച്ചർ കോഴ്സ് അനുവദിക്കാൻ നടപടി ഉണ്ടാകുമോ?

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയുടെ 3-3-2016 തീയതിയിലെ ജിഎ/കെ1/34376/2012-ാം നമ്പർ വിജ്ഞാപനപ്രകാരം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് ശ്രീ. പ്രസാദ് വി. ആർ. നൽകിയ WP(C) നമ്പർ 10890/2016 കേസിൽ ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം സ്റ്റേ ഉള്ളതിനാൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് നിയമന നടപടികൾ സ്വീകരിക്കുന്നതിന് നിലവിൽ തടസ്സമുണ്ട്. ഈ കേസിൽ നിലവിലുള്ള സ്റ്റേ പിൻവലിക്കുന്ന നടപടികൾ സ്വീകരിച്ച് പടന്നക്കാട് കാർഷിക കോളേജിലേതടക്കമുള്ള അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പടന്നക്കാട് കാർഷിക കോളേജിൽ ഇപ്പോൾ എം.എസ്.സി. അഗ്രികൾച്ചർ കോഴ്സ് നിലവിലുണ്ട്.

### ഓണക്കാലത്തെ പച്ചക്കറി ലഭ്യത വർദ്ധിപ്പിക്കുന്നത്

47 (2332) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലം ലക്ഷ്യമാക്കി പച്ചക്കറി ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഉല്പാദന വർദ്ധനവിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) പച്ചക്കറി ഉല്പാദന കേന്ദ്രങ്ങളിൽനിന്നും കൃഷിവകുപ്പും അനുബന്ധ ഏജൻസികളും ചേർന്ന് പച്ചക്കറി സംഭരിച്ച് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ വരുന്ന ഓണക്കാലത്ത് സുരക്ഷിത പച്ചക്കറികൾ നല്ല പരിപാലന മുറകൾ അവലംബിച്ച് ഉല്പാദിപ്പിച്ച് പൊതുജനങ്ങളിലെത്തിക്കുവാൻ ലക്ഷ്യമിട്ടു കൊണ്ട് "ഓണ സമൃദ്ധി പദ്ധതി" നടപ്പിലാക്കുന്നുണ്ട്. 15000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്ത് 85000 ടൺ വിഷരഹിത പച്ചക്കറി ഓണക്കാലത്ത് വിപണിയിലെത്തിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

(ബി) പച്ചക്കറി ഉല്പാദന കേന്ദ്രങ്ങളിൽനിന്നും നേരിട്ട് കൃഷി വകുപ്പും അനുബന്ധ ഏജൻസികളും ചേർന്ന് പച്ചക്കറി സംഭരിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്.

### സംസ്ഥാനത്ത് നിലവിലുള്ള നെൽവയലുകൾ

48 (2333) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഏക്കർ നെൽവയലുണ്ട്; ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് വിശദമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാർ എത്ര ഏക്കർ നെൽവയൽ നികത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 491269.6634 ഏക്കർ നെൽവയലുകളുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നെൽവയൽ നികത്തുന്നതിന് നിയമാനുസൃതം നൽകിയ അനുമതിയുടെ ജില്ലതിരിച്ചുള്ള കണക്ക് താഴെ ചേർത്തിരിക്കുന്നു:

| | | |
|---|---|---|
| 1. | തിരുവനന്തപുരം | 488.072 |
| 2. | കൊല്ലം | 73.518 |
| 3. | പത്തനംതിട്ട | 92.94925 |
| 4. | ആലപ്പുഴ | 20.43 |
| 5. | കോട്ടയം | 54.202 |
| 6. | ഇടുക്കി | 39.609 |
| 7. | എറണാകുളം | 190.2308 |
| 8. | തൃശ്ശൂർ | 62.0 |
| 9. | പാലക്കാട് | 142.28 |
| 10. | മലപ്പുറം | 142.7 |
| 11. | കോഴിക്കോട് | 5.064 |
| 12. | വയനാട് | 17.0156 |
| 13. | കണ്ണൂർ | 46.796 |
| 14. | കാസർഗോഡ് | 5.02 |
| | ആകെ | 1379.887 ഹെക്ടർ |

**ഓണാട്ടുകരയുടെ കാർഷിക വികസനം**

49 (2334) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011-2016 കാലഘട്ടത്തിൽ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ഓണാട്ടുകരയുടെ കാർഷിക വികസനം ലക്ഷ്യംകണ്ട് എന്തെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചതെന്നും എത്ര രൂപയാണ് ഇതിനുവേണ്ടി വകയിരുത്തിയിരുന്നതെന്നും നിലവിൽ ഈ പദ്ധതികളുടെ പുരോഗതി എന്തൊക്കെയെന്നും വിശദമാക്കാമോ ?

<u>ഉത്തരം</u>

അടിസ്ഥാന സൗകര്യ വികസനം, നെൽകൃഷി വ്യാപിപ്പിക്കൽ, എള്ള്, വെറ്റില, പച്ചക്കറി എന്നിവ കൃഷി ചെയ്യുന്നതിനുമാണ് ഭരണാനുമതി നൽകിയത്. ഇതിനായി വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.* 2012-13-ൽ ചെലവഴിക്കാൻ സാധിക്കാതെ വന്ന 13,17,872 രൂപ കായംകുളം സബ്ട്രഷറിയിൽ തിരിച്ചടച്ചിട്ടുണ്ട്. 2015-16-ൽ അനുവദിച്ചതിൽ ബാക്കിയുള്ള 2,00,000 രൂപ ചെലവഴിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**കൃഷി ഭവനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള നടപടി**

50 (2335) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ കൃഷിഭവനുകൾ അഗ്രിക്ലിനിക്കുകൾ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആദ്യഘട്ടത്തിൽ 200 കൃഷി ഭവനുകൾ അഗ്രി ക്ലിനിക്കുകളാക്കുന്നതാണ്.

**കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടിക്രമം**

51 (2336) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭംമൂലം കർഷകർക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് എന്തെല്ലാം നഷ്ടപരിഹാരങ്ങളാണ് കൃഷി വകുപ്പ് നൽകി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടി ക്രമം വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

(എ) ഇൻഷ്വർ ചെയ്ത വിളകൾക്ക് കൃഷിനാശം സംഭവിക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ വിള ഇൻഷ്വറൻസ് പദ്ധതി, കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി, കേര വൃക്ഷ ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേന നഷ്ടപരിഹാര തുക നൽകിവരുന്നു. കൂടാതെ പ്രകൃതിക്ഷോഭംമൂലം കൃഷിനാശമുണ്ടാകുമ്പോൾ വീണ്ടും വിളയിറക്കുന്നതിന് വിത്ത് സൗജന്യമായി കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

(ബി) പ്രകൃതിക്ഷോഭംമൂലം കൃഷിനാശമുണ്ടായാൽ കർഷകർ നിശ്ചിത സമയത്തിനുള്ളിൽ (10 ദിവസത്തിനകം) കൃഷി ഭവനിൽ അപേക്ഷ നൽകേണ്ടതാണ്. കർഷകർ നൽകുന്ന അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ച് റവന്യൂ ഉദ്യോഗസ്ഥരോടൊപ്പം കൃഷി വകുപ്പ് ഉദ്യോഗസ്ഥരും കൃഷി സ്ഥലം സന്ദർശിച്ച് ആവശ്യമായ പരിശോധനകൾ നടത്തി നഷ്ടപരിഹാര തുക നിശ്ചയിച്ച് തുക അനുവദിക്കുന്നതിനായി കൃഷി അസിസ്റ്റന്റ് ഡയറക്ടർ മുഖേന പ്രിൻസിപ്പൽ കൃഷി ഓഫീസിൽ സമർപ്പിക്കുന്നു. റവന്യൂ വകുപ്പിൽനിന്നും നഷ്ടപരിഹാര തുക അനുവദിച്ചു നൽകുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകി വരുന്നു.

## വിഷവിമുക്തമായ പച്ചക്കറികളും പഴവർഗ്ഗങ്ങളും ലഭ്യമാക്കാൻ നടപടി

52 (2337) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിഷവിമുക്തമായ പച്ചക്കറികളും പഴവർഗ്ഗങ്ങളും ലഭ്യമാക്കാൻ ഉതകുന്ന പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) കേരളത്തിൽ വില്പന നടത്തുന്നതിനായി അയൽ സംസ്ഥാനങ്ങളിലെ കൃഷിക്കാർ അമിത തോതിൽ നിരോധിത കീടനാശിനികൾ ഉപയോഗിച്ച് കൃഷി നടത്തിവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരളത്തിൽ ലഭ്യമായ തരിശുഭൂമിയും പുറമ്പോക്കുകളും ഉപയോഗപ്പെടുത്തി കുടുംബശ്രീ, സ്വയംസഹായക സംഘങ്ങൾ, മറ്റു സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെ സംസ്ഥാനത്തിന് ആവശ്യമായ പഴങ്ങളും പച്ചക്കറികളും ഉല്പാദിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതികൾക്ക് രൂപം നൽകുമോയെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വിഷവിമുക്തമായ പച്ചക്കറികളും പഴവർഗ്ഗങ്ങളും ലഭ്യമാക്കാൻ ജൈവവളങ്ങളും ജൈവകീടനാശിനികളും ഉപയോഗിച്ച് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നല്ല കൃഷി രീതികൾ അവലംബിച്ച് കൃഷി ചെയ്യുന്ന, കുറഞ്ഞത് 15 മുതൽ 25 ഹെക്ടർ വരെ വിസ്തൃതിയുള്ള ക്ലസ്റ്ററുകൾക്ക് വിവിധ കാർഷിക പ്രവർത്തനങ്ങൾ, ജൈവവളങ്ങളുടെ ഉല്പാദനം തുടങ്ങി കൂട്ടായ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 75,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 146 ബ്ലോക്കുകൾ ഉൾപ്പെടുത്തി, ഓരോ ബ്ലോക്കിലും 2 ക്ലസ്റ്ററുകൾ വീതം രൂപീകരിച്ചുവരുന്നു. ചുരുങ്ങിയ ചെലവിൽ കർഷകർക്ക് തങ്ങളുടെ കൃഷിയിടത്തിൽ തന്നെ ജൈവവളങ്ങൾ ഉല്പാദിപ്പിക്കാമെന്ന സാദ്ധ്യത കണക്കിലെടുത്ത് മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളും റൂറൽ കമ്പോസ്റ്റ് യൂണിറ്റുകളും ആരംഭിച്ചു. ഒരു ബ്ലോക്കിന് 20 യൂണിറ്റുകൾ വീതം (10 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ+10 റൂറൽ കമ്പോസ്റ്റ് യൂണിറ്റുകൾ) ആരംഭിച്ചുവരുന്നു. റൂറൽ കമ്പോസ്റ്റ് യൂണിറ്റിന് 5000 രൂപയും മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന് 7500 രൂപയും ധനസഹായം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ കൃഷി വികാസ് യോജന പദ്ധതിയിൻ കീഴിൽ കുറഞ്ഞത് 50 ഏക്കർ വിസ്തൃതിയുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവവളങ്ങളുടെയും ജൈവ കീടനാശിനികളുടെയും ഉല്പാദനത്തിന് ധനസഹായം നൽകി ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) സമഗ്ര പച്ചക്കറി മിഷന്റെ ഭാഗമായി കേരളത്തിലെ 50000 ഹെക്ടർ പ്രദേശത്ത് കൂടി ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വിശദമായ ഒരു രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ 250 ഹെക്ടർ പ്രദേശത്ത് കർശനമായും നല്ല കൃഷി രീതികൾ അവലംബിക്കുക. ഫാമിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർ ഇത് ഉറപ്പുവരുത്തേണ്ടതുണ്ട്. കൃഷി ഓഫീസർ തന്റെ പരിധിയിൽ വരുന്ന, കാർഷിക പ്രവർത്തനങ്ങൾക്ക് അനുയോജ്യമായതും തരിശായി കിടക്കുന്നതുമായ പ്രദേശങ്ങൾ കണ്ടെത്തി നല്ല കൃഷി രീതികൾ അവലംബിച്ചു കൊണ്ടുള്ള ജൈവപച്ചക്കറി ഉല്പാദനത്തിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## വന്യമൃഗങ്ങളുടെ ആക്രമണത്താൽ കാർഷിക വിളകൾക്ക് ഉണ്ടായ നഷ്ടങ്ങൾ

53 (2338) ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി സി. കെ. ആശ :
ശ്രീ. കെ. രാജൻ :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണത്തെത്തുടർന്ന് 2014-15, 2015-16 വർഷങ്ങളിൽ കാർഷിക വിളകൾക്ക് ഉണ്ടായ നഷ്ടങ്ങൾ എത്രയാണെന്നും എത്ര രൂപ ഇതിനകം നഷ്ടപരിഹാരമായി നൽകിയെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) വന്യമൃഗങ്ങൾ നാശനഷ്ടമുണ്ടാക്കിയാൽ നൽകുന്ന നഷ്ടപരിഹാരം ഓരോയിനത്തിലും എത്ര രൂപ വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) വന്യമൃഗങ്ങളുടെ ആക്രമണത്തെത്തുടർന്ന് എത്ര കർഷകരാണ് 2014-15, 2015-16 വർഷങ്ങളിൽ കൊല്ലപ്പെട്ടത് ; ജില്ലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കുമോ; ഇവരുടെ കുടുംബങ്ങൾക്ക് നൽകിയ ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) കൃഷി വകുപ്പിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത വിളകൾ വന്യമൃഗങ്ങളുടെ ആക്രമണംമൂലം നശിപ്പിച്ചാൽ ഓരോ വിളകൾക്കും നൽകുന്ന നഷ്ടപരിഹാര തുകയുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) വിവരം ശേഖരിച്ചുവരുന്നു.

## കൃഷിയിടങ്ങളിലെ രാസപദാർത്ഥങ്ങളുടെ നിയന്ത്രണം

54 (*T 2339) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാരകമായ രാസപദാർത്ഥങ്ങൾ കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്നത് നിയന്ത്രിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

അമിത കീടനാശിനി പ്രയോഗത്തിന്റെ ദൂഷ്യഫലങ്ങൾ സംബന്ധിച്ചും വിഷരഹിതമായ ഭക്ഷ്യ ഉല്പന്നങ്ങളുടെ ഉല്പാദനം സംബന്ധിച്ചും കർഷകരെ ബോധവൽക്കരിക്കുന്നുണ്ട്. സംസ്ഥാനത്ത് ജൈവകാർഷിക നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 16 ഇനം കീട/കുമിൾ/കളനാശിനികളുടെ സംഭരണം, വിതരണം, ഉപയോഗം എന്നിവ സംസ്ഥാനത്ത് നിരോധിക്കുകയും 7 ഇനങ്ങളുടെ ഉപയോഗം അത്യാവശ്യ ഘട്ടങ്ങളിൽ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമായി പരിമിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ നിയന്ത്രണം കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിന് ഡിപ്പോ പരിശോധനകൾ കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശം ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർക്ക് നൽകിയിട്ടുണ്ട്. വിള ആരോഗ്യ പരിപാലന പദ്ധതിയിൻ കീഴിൽ ആരംഭിച്ചിട്ടുള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന സംയോജിത വള പ്രയോഗം സംബന്ധിച്ചും രാസ കീടനാശിനികൾ കഴിയുന്നത്ര ഒഴിവാക്കി ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ കർഷകർക്ക് നൽകി വരുന്നു. കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ സംയോജിത കീട നിയന്ത്രണത്തിനും ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾക്കുമാണ് മുൻതൂക്കം നൽകുന്നത്.

സുരക്ഷിതമായ ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ജൈവ കൃഷിക്ക് കൂടുതൽ പ്രാധാന്യം നൽകി നടപ്പിലാക്കുന്നതിനും നല്ല കൃഷി മുറകൾ പ്രാവർത്തികമാക്കുന്നതിനും പരമ്പരാഗതമായി ഉപയോഗിച്ചു വരുന്ന ജൈവ വളങ്ങളുടെ ഉല്പാദനം വർദ്ധിപ്പിച്ച് അവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ വരുന്ന ഓണക്കാലത്ത് സംസ്ഥാനത്തൊട്ടാകെ വിഷമുക്ത പച്ചക്കറികളുടെ ലഭ്യത പരമാവധി ഉറപ്പുവരുത്തുവാൻ ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിന്റെ സഹായത്തോടെ വിപുലമായ പരിശോധനകളും അതിർത്തികളിൽ പ്രത്യേക പരിശോധനാ സംവിധാനവും ഉറപ്പാക്കുന്നുണ്ട്. കീടനാശിനി പ്രയോഗം പരമാവധി കുറച്ച് സുരക്ഷിത കൃഷി മുറകൾ അനുവർത്തിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കർഷകർക്ക് നൽകുന്നതിന് അയൽ സംസ്ഥാനങ്ങളിലെ കൃഷി വകുപ്പ് അധികാരികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് സംബന്ധിച്ച് കർഷകരേയും വ്യാപാരികളേയും ബോധവത്കരിക്കുന്നതിന് അയൽ സംസ്ഥാനങ്ങളിലെ പത്രമാധ്യമങ്ങളിൽ പ്രാദേശിക ഭാഷയിൽ പരസ്യം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**തരിശുഭൂമികളിൽ നെൽകൃഷി**

55 (2340) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) തരിശുഭൂമികൾ കണ്ടെത്തി നെൽകൃഷിക്ക് ഉപയോഗിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) നെൽവയൽ നികത്തുന്നത് തടയുന്നതിനും വയലുകൾ തരിശിടുന്നത് തടയുന്നതിനും മറ്റ് വകുപ്പുകളുമായി ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഇ) കരഭൂമി നിലമായി പരിവർത്തനം നടത്തി നെൽകൃഷി നടത്തുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്ന പ്രത്യേക പദ്ധതികൾ എന്തെങ്കിലും ആസൂത്രണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ വിവിധയിനം നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. നെൽ കൃഷിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കൂടാതെ കരനെൽകൃഷി വ്യാപിപ്പിക്കുന്നതിനും തരിശ് കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. കരനെൽകൃഷി ഈ വർഷം ആദ്യഘട്ടം എന്ന നിലയിൽ 2600 ഹെക്ടറായും 5 വർഷം കൊണ്ട് ഒരു ലക്ഷം ഹെക്ടറായും വ്യാപിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. ഇതിനു പുറമെ കൃഷിയോഗ്യമായ തരിശു ഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കഴിഞ്ഞ 25 വർഷത്തിന് ശേഷം ഈ വർഷം ആലപ്പുഴയിലെ റാണി കായലിൽ 200 ഹെക്ടർ സ്ഥലത്ത് പുഞ്ചകൃഷി 2016 സെപ്റ്റംബർ മാസം തുടങ്ങുന്നതാണ്. ഇതിനു മുന്നോടിയായി വെള്ളം വറ്റിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ മെത്രാൻ കായലിൽ 160 ഹെക്ടറിൽ കൃഷിയിറക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. 2016-17 വർഷം നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

1. സുസ്ഥിര നെൽകൃഷി വികസന പദ്ധതി

2. വികസന ഏജൻസികൾക്കുള്ള ഫണ്ട്
3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം
4. പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി
5. കരനെൽകൃഷി വികസനം
6. നെൽകൃഷി ഉൽപ്പാദന ബോണസ്
7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി
8. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷിയാക്കി മാറ്റുന്നതിനുള്ളനടപടികൾ

(ബി) തരിശുകിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ജനകീയാസൂത്രണ പദ്ധതി പ്രകാരവും തരിശുനില നെൽകൃഷി വികസനം നടത്തുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തുവരുന്നു. കൃഷിയോഗ്യമായ തരിശുഭൂമികൾ മാപ്പിംഗ് നടത്തി കൃഷിചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കഴിഞ്ഞ 25 വർഷത്തിനുശേഷം റാണികായലിൽ (ആലപ്പുഴ) 200 ഹെക്ടർ സ്ഥലത്ത് പുഞ്ചകൃഷി 2016 സെപ്റ്റംബർ മാസം തുടങ്ങുന്നതാണ്. മെത്രാൻ കായലിൽ 160 ഹെക്ടർ കൃഷി ഇറക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു.

(സി) കരനെൽകൃഷി ആദ്യഘട്ടം എന്ന നിലയിൽ 2600 ഹെക്ടറായും 5 വർഷം കൊണ്ട് ഒരു ലക്ഷം ഹെക്ടറായും വർദ്ധിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കരനെൽകൃഷി വികസനത്തിനായി 2560 ഹെക്ടർ സ്ഥലത്ത് ഹെക്ടറിന് 10,000 രൂപ സബ്സിഡിയും വിത്ത് സൗജന്യമായും (ഒരു ഹെക്ടറിന് 87.5 കിലോഗ്രാം എന്ന നിരക്കിൽ 3,500 രൂപയുടെ വിത്ത്) നല്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഉയർന്ന സാങ്കേതിക വിദ്യകളുപയോഗിച്ച് കൃഷി നടപ്പിലാക്കുന്നതിനാവശ്യമായ പരിശീലനം കർഷകർക്ക് നൽകുകയും അത്തരത്തിൽ നെല്ലിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(ഡി) നെൽവയലുകളുടെ സംരക്ഷണത്തിന് 2008-ലെ നെൽവയൽ സംരക്ഷണ നിയമം നിലവിലുണ്ട്. ടി നിയമ പ്രകാരം നെൽവയലുകളുടേയും തണ്ണീർത്തടങ്ങളുടേയും രൂപാന്തരപ്പെടുത്തൽ കർശനമായി തടഞ്ഞിട്ടുണ്ട്. റവന്യൂ റിക്കാർഡിന്റെ അടിസ്ഥാനത്തിൽ ഓരോ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടേയും

പരിധിയിൽ വരുന്ന നെൽവയലുകളുടേയും തണ്ണീർത്തടങ്ങളുടേയും കരട് ഡാറ്റാബാങ്ക് കൃഷി, റവന്യൂ, പഞ്ചായത്ത് വകുപ്പുകളുടെ സംയുക്ത സഹകരണത്തോടെ തയ്യാറാക്കിയിട്ടുണ്ട്. തയ്യാറാക്കിയിട്ടുള്ള കരട് ഡാറ്റാബാങ്ക് 2016 ആഗസ്റ്റ് 31-നകം പ്രസിദ്ധീകരിക്കണമെന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിയമത്തിൻ കീഴിൽ അനധികൃതമായി നെൽവയലുകൾ രൂപാന്തരപ്പെടുത്തുന്നതിന്റെ വിവരം ഓരോ പ്രദേശത്തേയും കൃഷി ഓഫീസർമാർ ആർ.ഡി.ഒ. മാരെ അറിയിക്കുന്ന റിപ്പോർട്ടിംഗ് ഓഫീസർമാർ കൂടിയാണ്. അനധികൃത നികത്തലിന് എതിരെയുള്ള നടപടികൾ സ്വീകരിക്കുന്നത് റവന്യൂ വകുപ്പാണ്. നെൽവയൽ-തണ്ണീർത്തടങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും തരിശായി കിടക്കുന്ന നിലങ്ങൾ വ്യവസ്ഥകൾക്ക് വിധേയമായി ഭൂഉടമസ്ഥരുടെ സമ്മതത്തോടെ കൃഷി ചെയ്യിക്കുന്നതിനും 2008-ലെ നെൽവയൽ-തണ്ണീർത്തട നിയമത്തിൽ വ്യവസ്ഥയുണ്ട്. അതിനനുസൃതമായി ഓരോ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിക്കുള്ളിൽ വരുന്ന തരിശായി കിടക്കുന്ന നെൽ വയലുകളുടെ വിസ്തൃതി കണക്കാക്കാനും അവിടങ്ങളിൽ കൃഷി ചെയ്യിക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് എടുത്തിട്ടുണ്ട്.

(ഇ) കരഭൂമി നിലമായി പരിവർത്തനം നടത്തി നെൽകൃഷി നടത്തുന്ന കർഷകർക്ക് നിലവിൽ നടപ്പിലാക്കുന്ന നെൽകൃഷി വികസന പദ്ധതികളുടെ ആനുകൂല്യം നൽകുന്നതാണ്. കരനെൽ കൃഷി വികസനത്തിന് ഹെക്ടറിന് 10,000 രൂപ സബ്സിഡിയും കൂടാതെ വിത്ത് സൗജന്യമായും നല്കുന്ന പദ്ധതിയും നിലവിലുണ്ട്.

**കാലവർഷക്കെടുതിമൂലമുള്ള കൃഷി നാശത്തിന് നഷ്ടപരിഹാരം**

56 (2341) ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. ആർ. രാമചന്ദ്രൻ :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയിൽ കൃഷിനാശം ഉണ്ടായാൽ നൽകുന്ന നഷ്ട പരിഹാരം ഓരോ വിളകൾക്കും ഇനംതിരിച്ച് എത്ര വീതമാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതു സംബന്ധിച്ച് ഏറ്റവും ഒടുവിൽ പുറപ്പെടുവിച്ച സംസ്ഥാന

ഗവൺമെന്റിന്റെ ഉത്തരവും കേന്ദ്ര ഗവൺമെന്റിന്റെ ഉത്തരവും ലഭ്യമാക്കാമോ?

ഉത്തരം

(എ) പ്രകൃതിക്ഷോഭംമൂലം കൃഷിനാശം ഉണ്ടായാൽ കർഷകർക്ക് ഓരോ വിളകൾക്കും നൽകുന്ന നഷ്ടപരിഹാരതുകയുടെ കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) സംസ്ഥാന ഗവൺമെന്റിന്റെ ഉത്തരവിന്റെ പകർപ്പും കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡപ്രകാരം റവന്യൂ വകുപ്പിൽനിന്നും പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

## നഗരപ്രദേശങ്ങളിൽ ജൈവപച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി

57 (2342) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വീടുകളുടെ മട്ടുപ്പാവിലും മറ്റും കൃഷി ചെയ്യുന്നതിനാവശ്യമായ സഹായ നടപടികൾ വകുപ്പ് സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ;

(സി) സബ്സിഡി നൽകുന്നതോടൊപ്പം കൃഷിക്കാവശ്യമായ സാങ്കേതിക ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിനായി കൃഷിസ്ഥലം നേരിൽ സന്ദർശിക്കുന്നതിന് വകുപ്പുദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) പച്ചക്കറി വികസന പദ്ധതി പ്രകാരം അർബൻ ക്ലസ്റ്റർ എന്ന ഘടകത്തിൽ ഉൾപ്പെടുത്തി വീടുകളിലെ മട്ടുപ്പാവുകളിലും മറ്റും കൃഷി ചെയ്യുന്നതിനായി ഗ്രോബാഗുകൾ നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. നഗര പ്രദേശങ്ങളിൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജൈവ കൃഷി നടത്തിപ്പിൽ മികച്ച കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും അവാർഡുകൾ നല്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ തിരഞ്ഞെടുക്കപ്പെട്ട 18 മുനിസിപ്പാലിറ്റികളിലും/ കോർപ്പറേഷനുകളിലുമുള്ള ഉപഭോക്താക്കൾക്ക് നല്ല കൃഷിമുറ രീതി (ജി.എ.പി.)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്വീകരിച്ച് പഴം, പച്ചക്കറി കൃഷി നടപ്പിലാക്കിയ വിവിധ ക്ലസ്റ്ററുകൾ മുഖേന ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറി ഉല്പന്നങ്ങൾ 100 രൂപയുടെയും, 50 രൂപയുടെയും കിറ്റുകളായി വിറ്റഴിക്കപ്പെടുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു. ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനായി ഇക്കോ ഷോപ്പുകൾ സ്ഥാപിച്ചു വരുന്നു. കൂടുതൽ ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതാണ്.

(ബി) വീടുകളിലെ മട്ടുപ്പാവുകളിലും മറ്റും കൃഷി ചെയ്യുന്നതിനായി "അർബൻ ക്ലസ്റ്റർ" എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ഗ്രോബാഗുകൾ നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം 2,000/- രൂപ വില വരുന്ന പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 25 ഗ്രോബാഗുകൾ അടങ്ങുന്ന ഒരു യൂണിറ്റ് 1,500 രൂപ സബ്സിഡിയോടെ കർഷകർക്ക് നൽകി വരുന്നു. 500 രൂപ കർഷകർ ഗുണഭോക്തൃ വിഹിതമായി അടയ്ക്കേണ്ട ഈ പദ്ധതിയിൽ ജൈവ രീതിയിലുള്ള കൃഷിയ്ക്കാണ് മുൻതൂക്കം നൽകുന്നത്. മുൻ കാലങ്ങളിൽ നല്കിയ ഗ്രോബാഗുകളിൽ കൃഷി ആവർത്തിക്കാൻ വേണ്ട തൈകൾ, വളങ്ങൾ, സസ്യ സംരക്ഷണ ഉപാധികൾ എന്നിവയും നല്കുന്നുണ്ട്.

(സി) ജൈവ കൃഷി പ്രോത്സാഹന പദ്ധതിയുടെ ഭാഗമായി കൃഷിക്കാവശ്യമായ സാങ്കേതിക ഉപദേശങ്ങളും നിർദ്ദേശങ്ങളും നല്കുന്നതിനായി 3 തലത്തിലുള്ള (കൃഷി ഭവൻ, ബ്ലോക്ക്, ജില്ലാതലം) കൃഷി സ്ഥല സന്ദർശനവും അതോടൊപ്പമുള്ള വിലയിരുത്തലും ജി.എ.പി സർട്ടിഫിക്കേഷൻ പദ്ധതി പ്രകാരം നടത്തുന്നുണ്ട്. ഇതോടൊപ്പം കൃഷി സംബന്ധമായ ലഘുലേഖകളും മറ്റു സാങ്കേതിക ഉപദേശങ്ങളും കൃഷി ഭവനിൽ നിന്ന് നല്കുന്നുണ്ട്.

**കർഷകരിൽനിന്ന് ഉൽപ്പന്നങ്ങൾ**

58 (2343) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇടനിലക്കാരുടെ ചൂഷണമില്ലാതെ, കർഷകരിൽനിന്ന് നേരിട്ട് ഉൽപ്പന്നങ്ങൾ വാങ്ങി, വിറ്റഴിക്കാനുള്ള സംവിധാനങ്ങൾക്ക് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള നേട്ടങ്ങളുടെ

വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി ഭരണതലത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ആനയറ, മരട്, വേങ്ങേരി, നെടുമങ്ങാട്, മൂവാറ്റുപുഴ, സുൽത്താൻ ബത്തേരി എന്നീ ആറ് മൊത്ത വ്യാപാര വിപണികളിലും കാളിയൻ ചന്ത-കൊല്ലം, കോടൻതുരുത്ത്-ആലപ്പുഴ, കുറുപ്പൻതറ-കോട്ടയം, തൊടുപുഴ-ഇടുക്കി, പാവറട്ടി-തൃശ്ശൂർ എന്നീ അഞ്ച് ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളിലും ഇടനിലക്കാരുടെ ചൂഷണമില്ലാതെ കർഷകർക്ക് നേരിട്ട് ഉത്പന്നങ്ങൾ കൊണ്ടു വന്ന് വിറ്റഴിക്കാനുള്ള സംവിധാനങ്ങളുണ്ട്. കർഷകർക്ക് നേരിട്ട് തങ്ങളുടെ ഉത്പന്നങ്ങൾ കൊണ്ടുവരുന്നതിന് ട്രാൻസ്പോർട്ട് സബ്സിഡി നൽകുകയും നേരിട്ട് ലേലം ചെയ്ത് മികച്ച വില നേടിയെടുക്കാൻ സാധിക്കുകയും ചെയ്യുന്നു. കൂടാതെ പച്ചക്കറി വികസന പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 10 പച്ചക്കറി ക്ലസ്റ്ററുകൾ ചേർന്ന് ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് സമിതികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ക്ലസ്റ്ററുകൾ മുഖേന കർഷകരിൽനിന്നും പച്ചക്കറികൾ സംഭരിച്ച് വിപണിയിൽ എത്തിക്കുകയും കർഷകർക്ക് അപ്പോൾ തന്നെ വില നൽകുകയും ചെയ്യുന്നു. ഉത്പന്നങ്ങൾ ലേല സ്ഥലത്തേക്ക് കൊണ്ടുപോകുന്നതിന് ട്രാൻസ്പോർട്ട് സബ്സിഡിയും സമിതികൾക്ക് റിവോൾവിംഗ് ഫണ്ടും നൽകുന്നു.

(ബി) കർഷകരുടെ ഉത്പന്നങ്ങൾക്ക് വിപണന സാധ്യതകൾ വർദ്ധിപ്പിക്കുവാനും ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും കർഷകരെ ഒഴിവാക്കി മെച്ചപ്പെട്ട വില നേടിയെടുക്കാനും പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന പച്ചക്കറികളും മറ്റ് കാർഷികോത്പന്നങ്ങളും അതാത് സമയങ്ങളിൽ തന്നെ വിപണനം ചെയ്യുവാനും മികച്ച വില നേടിയെടുക്കാനും സാധിക്കുന്നു. കർഷകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾക്ക് ന്യായ വില ഉറപ്പാക്കുന്നതോടൊപ്പം കൂടുതൽ കൃഷി ചെയ്യാൻ പ്രോത്സാഹനം നൽകുന്നതിനും അതുവഴി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും വിപണന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും സാധിക്കുന്നു.

(സി) കാർഷിക മൊത്ത വ്യാപാര വിപണികളുടെ ശാക്തീകരണത്തിനായി മാർക്കറ്റ് വികസന പദ്ധതി പ്രകാരം ട്രാൻസ്പോർട്ട് സബ്സിഡി, ലേലം നടത്തുന്നതിനുള്ള സഹായം, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സാമ്പത്തിക സഹായം എന്നിവ അനുവദിച്ച് നടപ്പിലാക്കി വരുന്നു. ജില്ലാ സംഭരണ

വിപണന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിനും കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡിയും പ്രവർത്തനച്ചെലവും അനുവദിക്കുന്നുണ്ട്. പച്ചക്കറി വികസന പദ്ധതി പ്രകാരം ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് സമിതികൾ രൂപീകരിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി റിവോൾവിംഗ് ഫണ്ടും കർഷകരുടെ ഉത്പന്നങ്ങൾ ലേല കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് ട്രാൻസ്പോർട്ട് സബ്സിഡിയും നൽകി വരുന്നു. കാര്യക്ഷമമായി പ്രവർത്തിക്കുന്ന സമിതികൾക്ക് പ്രവർത്തന സഹായവും നൽകിവരുന്നു.

## ഹോർട്ടികോർപ്പ്

59 (2344) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി വിലവർദ്ധന തടയുന്നതിന്റെ ഭാഗമായി കർഷകരിൽ നിന്നും കാർഷികോത്പ്പാദന കേന്ദ്രങ്ങളിൽനിന്നും പരമാവധി പച്ചക്കറികൾ ഹോർട്ടികോർപ്പ് നേരിട്ട് സംഭരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഫലമായി പച്ചക്കറി വിലവർദ്ധന എത്രമാത്രം പിടിച്ചു നിർത്തുവാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഹോർട്ടികോർപ്പ് ഔട്ട് ലെറ്റുകളിൽ എത്ര ഇനങ്ങൾക്കാണ് സർക്കാർ സബ്സിഡി പ്രഖ്യാപിച്ചതെന്നും പൊതു വിപണിയേക്കാൾ എത്ര ശതമാനം വിലക്കുറവിലാണ് പ്രസ്തുത ഔട്ട് ലെറ്റുകൾവഴി പച്ചക്കറി ഉത്പന്നങ്ങൾ വിറ്റതെന്നും സബ്സിഡി കാലാവധി എന്നു വരെയായിരുന്നുവെന്നും ഇത് ദീർഘിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഴം പച്ചക്കറികളുടെ വില ക്രമാതീതമായി ഉയർന്ന അവസരത്തിൽ ഈ സർക്കാർ പൊതു വിപണിയുടെ വിലയെക്കാൾ 30% വിലക്കുറവിൽ പഴം പച്ചക്കറികൾ വിപണനം നടത്തി വരുന്നു. ഇതിന്റെ ഫലമായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പച്ചക്കറി വില കുറഞ്ഞിട്ടുണ്ട്.

(സി) വർദ്ധിച്ചുവരുന്ന പഴം പച്ചക്കറികളുടെ വില നിയന്ത്രിക്കുന്നതിന്റെ

ഭാഗമായി 6-6-2016 മുതൽ 5-7-2016 വരെ വെണ്ട, പയർ, പാവയ്ക്ക, പടവലം, ചെറിയ മുളക്, കാരറ്റ്, വെള്ളരി, തക്കാളി, കാബേജ്, ചേന, മരിച്ചീനി, സവാള, ഉള്ളി, ഉരുളക്കിഴങ്ങ്, ഏത്തൻ എന്നീ 16 ഇനം പച്ചക്കറികൾക്ക് കമ്പോള വിലയേക്കാൾ 30% വില കുറച്ച് ഹോർട്ടികോർപ്പ് സ്റ്റാളുകളിലൂടെയും ലൈസൻസി സ്റ്റാളുകളിലൂടെയും മൊബൈൽ വിപണന യൂണിറ്റുകളിലൂടെയും വിപണനം നടത്തിയിട്ടുണ്ട്. പച്ചക്കറി വില ക്രമാതീതമായി ഉയരുന്ന സാഹചര്യങ്ങളിൽ സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## നെൽകർഷകർക്ക് വിത്തുവാങ്ങാനുള്ള സബ്സിഡി

60 (2345) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷകർ വാങ്ങുന്ന വിത്തുകൾക്ക് സബ്സിഡി നൽകുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം സബ്സിഡി ലഭിക്കുന്നതിന് പ്രത്യേകം നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇതര സംസ്ഥാനങ്ങളിൽനിന്നും നാഷണൽ സീഡ് കോർപ്പറേഷനിൽ നിന്നും ലഭ്യമാകുന്ന വിത്തുകൾക്ക് സബ്സിഡി നൽകാറുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സബ്സിഡി നൽകുന്നതിലെ നിയന്ത്രണങ്ങൾമൂലം കുട്ടനാട്ടിലെയും മറ്റും കർഷകർ മെച്ചപ്പെട്ടതും ഗുണനിലവാരമുള്ളതുമായ വിത്തുകൾ വാങ്ങാൻ കഴിയാതെ പ്രയാസമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) നെൽകർഷകർ വാങ്ങുന്ന വിത്തുകൾക്ക് സുസ്ഥിര നെൽകൃഷി വികസന പദ്ധതി, രാഷ്ട്രീയ വികാസ് യോജന പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ ഇവയിലൂടെ സബ്സിഡി ലഭ്യമാകുന്നതാണ്. അർഹത അനുസരിച്ച് പരമാവധി 100 ശതമാനംവരെ സബ്സിഡി നൽകി വരുന്നുണ്ട്.

(ബി) അംഗീകൃത ഏജൻസികളിൽനിന്നും വിത്ത് വാങ്ങുന്ന കർഷകർക്ക്

സബ്സിഡി അനുവദിക്കുന്നുണ്ട്.

(സി) ഇതര സംസ്ഥാനങ്ങളിൽനിന്നും നാഷണൽ സീഡ് കോർപ്പറേഷൻ ഉൾപ്പെടെ അംഗീകൃത ഏജൻസികളിൽനിന്നും ലഭ്യമാകുന്ന വിത്തുകൾക്ക് സബ്സിഡി അനുവദിക്കുന്നുണ്ട്.

(ഡി) ഉണ്ട്. കർഷകർക്ക് ഏത് അംഗീകൃത ഏജൻസിയിൽനിന്ന് വിത്തു വാങ്ങിയാലും അതിനുള്ള സബ്സിഡി അനുവദിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പ്രകൃതിക്ഷോഭത്താൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകിവരുന്ന നഷ്ടപരിഹാരത്തുക**

61 (2346) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്താൽ കൃഷിനാശം സംഭവിച്ചാൽ കർഷകർക്ക് നൽകി വരുന്ന നഷ്ടപരിഹാരത്തുകയ്ക്കുള്ള മാനദണ്ഡമെന്താണ്;

(ബി) പ്രകൃതിക്ഷോഭത്താൽ നെല്ല്, പച്ചക്കറി കൃഷികൾക്കു നേരിയ നാശ നഷ്ടമുണ്ടായാൽ പോലും കർഷകർക്കു ആശ്വാസമായിരുന്ന നഷ്ടപരിഹാരത്തുക ഇനി ലഭിക്കില്ലെന്ന ആശങ്ക ശരിയാണോ;

(സി) പ്രസ്തുത വിളകൾക്ക് കുറഞ്ഞത് 33 ശതമാനം നാശനഷ്ടമുണ്ടായാൽ മാത്രം നഷ്ടപരിഹാരം നൽകിയാൽ മതിയെന്ന് കേന്ദ്രസർക്കാർ തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത തീരുമാനത്തോടെ വേനൽമഴയിലുണ്ടായ വ്യാപകനാശ നഷ്ടത്തിനുപോലും മുൻപ് നൽകിയിരുന്ന നഷ്ടപരിഹാരത്തുക ലഭിക്കാത്ത സ്ഥിതിയാണ് സംജാതമായിട്ടുള്ളതെന്ന കാര്യം ഗൗരവമായി എടുത്തിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നിലവിൽ 29-9-2015-ലെ സർക്കാർ ഉത്തരവ് 182/15/എ.ഡി. പ്രകാരമുള്ള നിരക്കിലാണ് ധനസഹായം നൽകി വരുന്നത്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.)*

(ബി) സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നുള്ള ധനസഹായത്തിന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മാത്രമേ നേരിയ തോതിൽ നാശനഷ്ടമുണ്ടായാൽ നഷ്ടപരിഹാരം ലഭിക്കുന്നതിന് തടസ്സമുള്ളൂ. എന്നാൽ കൃഷി വകുപ്പിൽ നിന്നുള്ള ധനസഹായത്തിന് ഈ നിബന്ധന തടസ്സമല്ല. കർഷകരുടെ ആശങ്ക അസ്ഥാനത്താണ്.

(സി&ഡി) ഉണ്ട്. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്നും ധനസഹായം നൽകുന്നതിന്റെ മാനദണ്ഡം കേന്ദ്ര സർക്കാർ 8-4-2015-ൽ പരിഷ്കരിച്ചിരുന്നു. പരിഷ്കരിച്ച മാനദണ്ഡപ്രകാരം 33% കൃഷിനാശം സംഭവിച്ചാൽ മാത്രമേ ദുരിതാശ്വാസത്തിന് അർഹതയുണ്ടാകുകയുള്ളൂ. കേന്ദ്രസർക്കാർ നിശ്ചയിച്ച നഷ്ടപരിഹാര നിരക്കുകൾ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് സംസ്ഥാന സർക്കാർ, സർക്കാർ ഉത്തരവ് നമ്പർ 194/15/ഡി.എം.ഡി. തീയതി 20-5-2015 പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള നഷ്ടപരിഹാര തുക നിലവിലുണ്ടായിരുന്ന നഷ്ടപരിഹാര നിരക്കുകളെക്കാൾ കുറവായതിനാൽ 29-9-2015-ലെ സർക്കാർ ഉത്തരവ് നമ്പർ 182/15/കൃഷി പ്രകാരം നഷ്ടപരിഹാര നിരക്കുകൾ മുൻപ് നിലവിലുണ്ടായിരുന്ന അതേ നിരക്കിൽ പുനഃസ്ഥാപിച്ച് ഉത്തരവായി. ഇതിന് അധികമായി വേണ്ടി വരുന്ന തുക കൃഷിവകുപ്പിന്റെ 2401-00-800-91 പ്ലാൻ ശീർഷകത്തിൽനിന്നും ചെലവഴിക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്.

**ഭക്ഷ്യോല്പാദനത്തിലെ കുറവ്**

62 (2347) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് സർവ്വേ പ്രകാരം 1995-96-ൽനിന്നും 2014-15 ആയപ്പോഴേക്കും നെല്ലുൽപ്പാദനം വലിയ തോതിൽ കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആകെയുള്ള ഭക്ഷ്യോല്പാദനം 1994-95-ൽ 988000 ടണ്ണിൽനിന്നും 2014-15 ലായപ്പോൾ 560000 ടണ്ണായി കുറഞ്ഞിരിക്കുന്നത് പരിശോധിച്ചുണ്ടോ; എങ്കിൽ ഭക്ഷ്യധാന്യങ്ങളുടെ ഉത്പാദനത്തെ സംബന്ധിച്ച് ഗൗരമായ ഇടപെടൽ നടത്തുകയും ശക്തമായ തീരുമാനമുണ്ടാകുകയും ചെയ്യുമോ എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. നെൽവയലിന്റെ വിസ്തീർണ്ണം, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ വിവിധയിനം നെൽകൃഷി വികസന പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. നെൽകൃഷിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കൂടാതെ കരനെൽകൃഷി വ്യാപിപ്പിക്കുന്നതിനും തരിശ് കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. കരനെൽകൃഷി ഈ വർഷം ആദ്യഘട്ടം എന്ന നിലയിൽ 2600 ഹെക്ടറായും 5 വർഷം കൊണ്ട് ഒരു ലക്ഷം ഹെക്ടറായും വ്യാപിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. ഇതിനു പുറമെ കൃഷിയോഗ്യമായ തരിശു ഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കഴിഞ്ഞ 25 വർഷത്തിന് ശേഷം ഈ വർഷം ആലപ്പുഴയിലെ റാന്നി കായലിൽ 200 ഹെക്ടർ സ്ഥലത്ത് പുഞ്ച കൃഷി 2016 സെപ്റ്റംബർ മാസം തുടങ്ങുന്നതാണ്. ഇതിന് മുന്നോടിയായി വെള്ളം വറ്റിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ മെത്രാൻ കായലിൽ 160 ഹെക്ടറിൽ കൃഷിയിറക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു:

1. സുസ്ഥിര നെൽകൃഷി വികസന പദ്ധതി
2. വികസന ഏജൻസികൾക്കുള്ള ഫണ്ട്
3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം
4. പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി.
5. കരനെൽകൃഷി വികസനം.
6. നെൽകൃഷി ഉൽപ്പാദന ബോണസ്
7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി
8. ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി.

## കാലവർഷക്കെടുതിയിൽ കർഷകർക്കുണ്ടായ നഷ്ടങ്ങൾക്കുള്ള പരിഹാരം

63 (2348) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തെ കാലവർഷക്കെടുതിയിൽ സംസ്ഥാനത്തെ കർഷകർക്കുണ്ടായ നഷ്ടം എത്രയാണെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ; ആ ഇനത്തിൽ ഇതിനകം നൽകിയ നഷ്ടപരിഹാരതുക എത്ര രൂപ വീതമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) 2015 വർഷത്തിൽ എത്ര നഷ്ടമുണ്ടായി, ഇതിനകം നൽകിയ തുകയെത്ര; വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും കർഷക സംഘടനകൾ കർഷകരുടെ ആവശ്യങ്ങൾ സംബന്ധിച്ച് നിവേദനം സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സംഘടനകൾ എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിവേദനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

### ഉത്തരം

(എ) 2014-15 വർഷത്തിൽ സംസ്ഥാനത്ത് കാലവർഷക്കെടുതിമൂലം കർഷകർക്ക് 136,37,92,572 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. 6,55,55,071 രൂപ കർഷകർക്ക് നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധാരാളം കർഷകരും കർഷക സംഘടനകളും നിരവധി ആവശ്യങ്ങൾ ഉന്നയിച്ച് നിവേദനം നൽകിയിട്ടുണ്ട്.

(ഡി) നിവേദനങ്ങൾ പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാർഷികോത്പന്നങ്ങളുടെ വിലത്തകർച്ച

64 (2349) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോത്പന്നങ്ങളുടെ വിലത്തകർച്ചയും കാർഷിക രംഗത്തെ പ്രതിസന്ധിയും കാരണം കർഷകർ വളരെ ദുരിതത്തിലാണെന്നകാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) കാർഷിക ലോണുകൾ എടുത്ത കർഷകരുടെ പേരിൽ ജപ്തി നടപടിയും ലേലനടപടി നടത്തുന്ന ബാങ്കുകളുടെ നടപടിയും നിർത്തിവച്ച് കാർഷിക കടങ്ങൾക്കുള്ള മൊറട്ടോറിയം തീയതി ദീർഘിപ്പിക്കാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ;

(സി) കാർഷിക ലോണുകൾ എഴുതിത്തള്ളാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പരിശോധിച്ചുവരുന്നു.

## 1-7-2011 മുതൽ 31-3-2016 വരെയുള്ള കാലയളവിലെ കർഷക ആത്മഹത്യ

65 (2350) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1-7-2011 മുതൽ 31-3-2016 വരെയുള്ള കാലയളവിൽ എത്ര കർഷകർ ആത്മഹത്യ ചെയ്തു; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) കേരളത്തെ കർഷക ആത്മഹത്യരഹിത സംസ്ഥാനമാക്കുന്നതിനായി എന്തെല്ലാം ആനുകൂല്യങ്ങളാണ് കർഷകർക്ക് നല്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കർഷകർക്ക് പലിശരഹിത വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി&സി) റബ്ബർ ഉൾപ്പെടെയുള്ള നാണ്യ വിളകളുടെ വിലതകർച്ച നേരിടാൻ സ്പെഷ്യൽ പാക്കേജ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പിലാക്കും. നെല്ലിന്റെയും റബ്ബറിന്റേയും നാളികേരത്തിന്റേയും താങ്ങുവില യഥാസമയം വിതരണം ചെയ്യുന്നതിനും കാലോചിതമായി പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കും. ചെറുകിട നാമമാത്ര കാർഷകർക്ക് പലിശരഹിത വായ്പകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കും. കാർഷിക ലോണുകൾ സമയബന്ധിതമായി കൊടുത്തുതീർക്കും. നെൽകൃഷിക്കുള്ള സംസ്ഥാന വിള ഇൻഷ്വറൻസ് നഷ്ടപരിഹാര തുക വർദ്ധിപ്പിക്കും. കൂടാതെ കാലവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് എല്ലാ വിളകൾക്കും ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കും.

**കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ**

66 (2351) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ പുരോഗമിക്കുന്ന മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ വിവരം പഞ്ചായത്തുകൾ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചത് എന്നാണെന്നും അവയുടെ നിലവിലെ സ്ഥിതിയുടെ വിശദാംശങ്ങൾ എന്താണെന്നും വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. നബാർഡ് ധനസഹായത്തോടുകൂടിയുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികളുടെ XIX-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി വെളിയം പഞ്ചായത്തിൽ മാലയിൽ പരുത്തിയറ വാട്ടർഷെഡ് പദ്ധതിയും ഉമ്മന്നൂർ പഞ്ചായത്തിൽ മാവറത്തോട് വാട്ടർഷെഡ് പദ്ധതിയും നടപ്പിലാക്കി വരുന്നു.

2. കൊല്ലം ജില്ലാ പഞ്ചായത്ത് പദ്ധതികളായ കുളക്കട പഞ്ചായത്തിൽ ഉൾപ്പെട്ട മാവടി അംബേദ്കർ കോളനി പദ്ധതി, കരീപ്ര പഞ്ചായത്തിൽ ഉൾപ്പെട്ട ഇലയം ശംഖുമുഖം കോളനി പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. കോളനി നിവാസികളുടെ ഭൂമിയുടെ സംരക്ഷണമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(ബി) 1. <u>മാലയിൽ പരുത്തിയറ വാട്ടർഷെഡ് പദ്ധതി</u> :

350 ഹെക്ടർ പ്രദേശത്ത് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാനായി 108.12 ലക്ഷം രൂപ അടങ്കൽ തുകയുള്ള മാലയിൽ പരുത്തിയറ വാട്ടർഷെഡ് പദ്ധതിക്ക് 26-4-2014-ൽ ഭരണാനുമതി നൽകി. 2014 ഡിസംബറിൽ ആരംഭിച്ച ഈ പദ്ധതിയിൽ നാളിതുവരെ 39.4 ലക്ഷം രൂപ ചെലവഴിച്ച് 118 ഹെക്ടർ പ്രദേശത്ത് കല്ലു കയ്യാല, ട്രെഞ്ചുകൾ, ടെറസുകൾ, റിംഗ് പോണ്ടുകൾ എന്നീ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

2. <u>മാവറത്തോട് വാട്ടർഷെഡ് പദ്ധതി</u> :

26-4-2014-നാണ് പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയത്. 49.08 ലക്ഷം രൂപ അടങ്കൽ തുകയുള്ള പ്രസ്തുത പദ്ധതി 226 ഹെക്ടർ പ്രദേശത്തിന്റെ സംരക്ഷണമാണ് ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതി 2014 സെപ്റ്റംബറിൽ ആരംഭിക്കുകയും 173 ഹെക്ടർ പ്രദേശത്തിന്റെ സംരക്ഷണത്തിനായി 38.82 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കാട്ടുകല്ല്, പാറ എന്നിവ ഉപയോഗിച്ചുള്ള കയ്യാലകൾ, മഴക്കുഴികൾ, ടെറസുകൾ, ചെക്ക് ഡാമുകൾ, തോടുകളുടെ പാർശ്വഭിത്തി സംരക്ഷണം, ക്രോസ് ബാർ, ഫൂട്സ്ലാബ്, റിംഗ് പോണ്ടുകൾ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 2017 മാർച്ചിൽ പദ്ധതി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

3. <u>മാവടി അംബേദ്കർ കോളനി പദ്ധതി</u> :

26-6-2015-ന് കൊല്ലം ജില്ലാ പഞ്ചായത്തിൽനിന്നും ഭരണാനുമതി ലഭിച്ച പ്രസ്തുത പദ്ധതി 2016 മാർച്ചിൽ ആരംഭിച്ചു. 10 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിക്കായി നാളിതുവരെ 1.79 ലക്ഷം രൂപ ചെലവഴിച്ച് 52 മീറ്റർ പാർശ്വഭിത്തി നിർമ്മിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

4. ഇലയം ശംഖുമുഖം കോളനി :

26-6-2015-ൽ ഭരണാനുമതി ലഭിച്ച പ്രസ്തുത പദ്ധതി 2016 മാർച്ചിൽ ആരംഭിച്ചു. 10 ലക്ഷം രൂപ അടങ്കൽ തുകയുള്ള പ്രസ്തുത പദ്ധതിക്കായി 2.04 ലക്ഷം രൂപ ചെലവഴിച്ച് 88.6 മീറ്റർ പാർശ്വഭിത്തി, 32.4 മീറ്റർ ടെറസ് വാൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**സോയിൽ കൺസർവേഷൻ വകുപ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ**

67 (2352) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ഒല്ലൂർ നിയോജക മണ്ഡലത്തിൽ സോയിൽ കൺസർവേഷൻ വകുപ്പുവഴി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ഏതെല്ലാമെന്നും ഇവയ്ക്ക് ചെലവഴിച്ച തുക എത്രയാണെന്നും ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) പൂർത്തിയാക്കാത്തതും ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നതുമായ പ്രവർത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ഒല്ലൂർ നിയോജക മണ്ഡലത്തിൽ മണ്ണു പര്യവേക്ഷണ സംരക്ഷണ വകുപ്പുവഴി ആകെ 29.82882 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളാണ് നടപ്പാക്കിയത്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. നബാർഡ് സഹായത്തോടുകൂടിയുള്ള ആർ.ഐ.ഡി.എഫ്.-ന്റെ XVII-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച പുത്തൻകാട് നീർത്തട പദ്ധതിയിൽ ആകെ 4,79,156 രൂപ 2015-16 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചു.

| പ്രവൃത്തികൾ | നീളം | ചെലവഴിച്ച തുക |
|---|---|---|
| (1) | (2) | (3) |
| സംരക്ഷണ ഭിത്തി നിർമ്മാണം 1 മീ. ഉയരം | 165.65 മീ. | 258513.00 |
| സംരക്ഷണ ഭിത്തി നിർമ്മാണം 1.50 മീ. ഉയരം | 79.75 മീ. | 184893.00 |
| ആകെ | | 443406.00 |

| (1) | (2) | (3) |
|---|---|---|
| ട്രെയിനിംങ്ങ് & ഡോക്യുമെന്റേഷൻ | | 35750.00 |
| | ആകെ | 479156.00 |

2. കേന്ദ്രാവിഷ്കൃത പദ്ധതിയായ NWDPRA-യിൽ ഉൾപ്പെട്ട വണ്ടിച്ചാൽതോട് മൈക്രോ വാട്ടർഷെഡ്, പട്ടിക്കാട് മൈക്രോ വാട്ടർഷെഡ് എന്നിവയിൽ വിവിധ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ 9,93,212 രൂപ ചെലവഴിച്ചു.

| നീർത്തടത്തിന്റെ പേര് | നടപ്പിലാക്കിയ/പൂർത്തിയാക്കിയ പ്രവർത്തികൾ | അളവ് | ചെലവഴിച്ച തുക |
|---|---|---|---|
| വണ്ടിച്ചാൽതോട് മൈക്രോ വാട്ടർഷെഡ് | പുത്തൻകുളം പുനരുദ്ധാരണം | 1 എണ്ണം | 136889.00 |
| പട്ടിക്കാട് മൈക്രോ വാട്ടർഷെഡ് | പാർശ്വഭിത്തി 1 മീ. ഉയരം | 58.60 മീ | 209291.00 |
| | പാർശ്വഭിത്തി 2 മീ. ഉയരം | 238.88 മീ | 647032.00 |
| | | ആകെ | 993212.00 |

3. കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ സുസ്ഥിര കാർഷിക മിഷൻ (NMSA) പദ്ധതിയിൽ ഉൾപ്പെട്ട ചെമ്പൂത്ര, ചേരുംകുഴി എന്നീ രണ്ട് ക്ലസ്റ്ററുകളിൽ കഴിഞ്ഞ സാമ്പത്തിക വർഷം 1819624.80 രൂപ ചെലവഴിച്ചു.

| ക്ലസ്റ്ററിന്റെ പേര് | നടപ്പിലാക്കിയ/പൂർത്തിയാക്കിയ പ്രവൃത്തികൾ | അളവ് | ചെലവഴിച്ച തുക |
|---|---|---|---|
| (1) | (2) | (3) | (4) |
| ചേരുംകുഴി | ചെക്ക്ഡാം | 3 എണ്ണം | 309111.00 |
| ചെമ്പൂത്ര | പാർശ്വഭിത്തി നിർമ്മാണം 1 മീ. ഉയരം | 185.50 മീ. | 447750.12 |

| (1) | (2) | (3) | (4) |
|---|---|---|---|
| | പാർശ്വഭിത്തി നിർമ്മാണം 1.25 മീ. ഉയരം | 98 മീ. | 300507.26 |
| | പാർശ്വഭിത്തി നിർമ്മാണം 1.5 മീ. ഉയരം | 80 മീ. | 300422.63 |
| | പാർശ്വഭിത്തി നിർമ്മാണം 2 മീ. ഉയരം | 55 മീ. | 298866.49 |
| | ചെക്ക് ഡാം | 2 എണ്ണം | 162967.50 |
| | | ആകെ | 1819624.80 |

(ബി) മേൽ സൂചിപ്പിച്ചവയിൽ ഒന്നും രണ്ടും പദ്ധതികൾ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ അവസാനിച്ചു. മൂന്നാമതായി പരാമർശിച്ച NMSA പദ്ധതിയിലെ ചെമ്പൂത്ര, ചേരുംകുഴി എന്നീ ക്ലസ്റ്ററുകളിലെ പ്രവൃത്തികൾ നടപ്പു സാമ്പത്തിക വർഷത്തിലും തുടരുന്നു.

**പഞ്ചായത്തുകളിൽ ഹെൽത്ത് വിംഗ് രൂപീകരിക്കുന്നതിനുള്ള നടപടി**

68 (2353) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമീണ മേഖലയിലെ പൊതുജനാരോഗ്യ മേഖലയിൽ പ്രവർത്തിച്ച് വരുന്ന ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം അതത് പഞ്ചായത്തുകൾക്കു കീഴിൽ കൊണ്ടുവരുന്നതിനും മുനിസിപ്പൽ കോമൺ സർവ്വീസിൽ ഇപ്പോൾ നിലവിലുള്ളതു പോലെ പഞ്ചായത്തുകളിൽ ഹെൽത്ത് വിംഗ് രൂപീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം അതാതു പഞ്ചായത്തുകൾക്ക് കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ ഹെൽത്ത് വിംഗ് രൂപീകരിക്കുന്ന പദ്ധതി ഇപ്പോൾ പരിഗണനയിലില്ല.

## മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിപ്രകാരം തൊഴിലാളികളുടെ വേതനം

69 (2354) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിപ്രകാരം തൊഴിലാളികൾക്ക് വേതനമായി എത്ര രൂപയാണ് നൽകിവരുന്നത്; പ്രസ്തുത തുക എപ്പോൾ മുതലാണ് പ്രാബല്യത്തിൽ വന്നത്;

(ബി) നിലവിലുള്ള വേതനം ഉയർത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം നിലവിൽ തൊഴിലാളികളുടെ പ്രതിദിന കൂലി നിരക്ക് 240 രൂപയാണ്. 1-4-2016 മുതലാണ് ഈ തുക പ്രാബല്യത്തിൽ വന്നത്.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം തൊഴിലുറപ്പ് പദ്ധതിയിലെ അവിദഗ്ദ്ധ തൊഴിലാളികളുടെ കൂലി നിരക്ക് നിശ്ചയിക്കുന്നതിനുള്ള അധികാരം കേന്ദ്ര സരക്കാരിൽ നിക്ഷിപ്തമാണ്. കൂലി നിരക്ക് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിവേദനം, ഇതിനോടകം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

## ജൈവ വൈവിദ്ധ്യ രജിസ്റ്റർ

70 (2356) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജൈവ വൈവിദ്ധ്യ രജിസ്റ്റർ സൂക്ഷിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജൈവ വൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ച് അതാതു പഞ്ചായത്തുകളിലെ ജൈവ വൈവിദ്ധ്യ പരിപാലന സമിതികളുടെ (ബി.എം.സി.-കൾ-ജൈവ വൈവിദ്ധ്യ പരിപാലന സമിതികൾ) നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നു. കേന്ദ്ര ജൈവ വൈവിദ്ധ്യ ചട്ടങ്ങൾ 2004, ചട്ടം 22(10) സംസ്ഥാന ജൈവ വൈവിദ്ധ്യ ചട്ടങ്ങൾ 2008, ചട്ടം 20 (11) എന്നിവ പ്രകാരം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തയ്യാറാക്കുന്ന ജൈവ വൈവിദ്ധ്യ രജിസ്റ്ററുകളുടെ സൂക്ഷിപ്പുകാർ അതാതു പഞ്ചായത്തുകളിലെ ബി.എം.സി.-കളാണ്.

(ബി) പ്രാദേശിക തലത്തിൽ തയ്യാറാക്കപ്പെടുന്ന ജൈവ വൈവിദ്ധ്യ രജിസ്റ്ററുകൾ ക്രോഡീകരിച്ച് ജില്ലാതല ജൈവ വൈവിദ്ധ്യ ഡേറ്റാ ബേസ് തയ്യാറാക്കുക, ബി.എം.സി.-കൾ മുഖാന്തരം ജൈവ വൈവിദ്ധ്യ രജിസ്റ്ററുകൾ അടിസ്ഥാനമാക്കി പ്രാദേശിക തലത്തിൽ ജൈവ വൈവിദ്ധ്യ സംരക്ഷണ കർമ്മ പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുക, തദ്ദേശീയമായ ജൈവ വിഭവങ്ങൾ, തത്സംബന്ധമായ പരമ്പരാഗത അറിവുകൾ തുടങ്ങിയവ പുറമേയുള്ള വ്യക്തികൾക്കോ, ഏജൻസികൾക്കോ പ്രാപ്യമാകാതെ സംരക്ഷിക്കുക എന്നിവയാണ് ജൈവ വൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജൈവ വൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കൽ ഒരു നിർബന്ധിത പദ്ധതിയാക്കിയിട്ടുണ്ട്. ജൈവ വൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ തനതു ഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ തുക വിനിയോഗം ചെയ്യുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ജൈവ വൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 1,25,000 രൂപയും (ഒരു ലക്ഷത്തി ഇരുപത്തയ്യായിരം രൂപ മാത്രം) കോർപ്പറേഷനുകൾക്ക് 5,00,000 രൂപയും (അഞ്ച് ലക്ഷം രൂപ മാത്രം) ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

## വീട് നിർമ്മാണത്തിനുള്ള പെർമിറ്റ് സംബന്ധിച്ച അപേക്ഷകൾ

71 (*T2357) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ കൊയിലാണ്ടി നഗരസഭ, പയ്യോളി നഗരസഭ, ചേമഞ്ചേരി പഞ്ചായത്ത്, മൂടാടി പഞ്ചായത്ത്, തിക്കോടി പഞ്ചായത്ത് എന്നിവിടങ്ങളിൽ വീട് നിർമ്മാണത്തിനുള്ള പെർമിറ്റ് സംബന്ധിച്ച എത്ര അപേക്ഷകൾ തീരദേശ പരിപാലന അതോറിറ്റിയിൽ തീർപ്പാവാതെ പരിഗണനയിലിരിക്കുന്നു എന്ന് പട്ടിക സഹിതം വിശദമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി എന്ന് തീർപ്പാക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വീട് നിർമ്മാണത്തിനുള്ള പെർമിറ്റ് സംബന്ധിച്ച് 31-3-2016 വരെ ലഭിച്ച അപേക്ഷകളിൽ കൊയിലാണ്ടി നഗരസഭയിൽ 58-ഉം, പയ്യോളി നഗരസഭയിൽ 11-ഉം, ചേമഞ്ചേരി പഞ്ചായത്തിൽ 24-ഉം, മൂടാടി പഞ്ചായത്തിൽ 21-ഉം, തിക്കോടി പഞ്ചായത്തിൽ 12-ഉം അപേക്ഷകൾ തീർപ്പാക്കാനുണ്ട്. 1-4-2016-ന് ശേഷം കൊയിലാണ്ടി നഗരസഭയിൽ 27-ഉം, പയ്യോളി നഗരസഭയിൽ 16-ഉം, ചേമഞ്ചേരി പഞ്ചായത്തിൽ 13-ഉം, മൂടാടി പഞ്ചായത്തിൽ 28-ഉം തിക്കോടി പഞ്ചായത്തിൽ 19-ഉം അപേക്ഷകൾ പരിഗണിക്കേണ്ടതുണ്ട്.

(ബി) കേരള തീരദേശ പരിപാലന അതോറിറ്റിയുടെ കാലാവധി 30-3-2016-ൽ അവസാനിക്കുകയും തുടർന്ന് പുതിയ അതോറിറ്റി രൂപീകരിച്ചു കൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനം 10-6-2016-ലാണ് നിലവിൽ വരുകയും ചെയ്തത്. ആയതിനാൽ അതോറിറ്റി പൂർണ്ണമായും പ്രവർത്തനസജ്ജമായിട്ടില്ല. പ്രവർത്തനസജ്ജമാകുന്ന മുറയ്ക്ക് അപേക്ഷകൾ സമയബന്ധിതമായി പരിശോധിക്കുന്നതാണ്.

* 'T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**പുതിയ വീട് പണിയുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി**

72 (2358) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളായി വീട് വച്ച് കുടുംബസമേതം താമസിച്ച് വരുന്നവർക്ക് ഭൂരേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ താമസിക്കുന്ന വീട് പുതുക്കിപ്പണിയുന്നതിനോ, അത് പൊളിച്ച് കളഞ്ഞ് വാസയോഗ്യമായ പുതിയ വീട് പണിയുന്നതിനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനുമതി നിഷേധിക്കുന്ന കാര്യം ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിലുള്ള നയം വ്യക്തമാക്കാമോ;

(ബി) ഇത്തരം അപേക്ഷകൾ പരിശോധിക്കുന്നതിനും തീരുമാനിക്കുന്നതിനുമായി എന്തെല്ലാം സംവിധാനങ്ങൾ ആണ് പഞ്ചായത്ത് തലങ്ങളിൽ നിലവിലുള്ളതെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഈ വിഷയം സംബന്ധിച്ച് 19-4-2016-ൽ 130/ആർ.എ 1/ തസ്വഭവ പരിപത്രം പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ആഡംബര നികുതി പരിഷ്കരണം**

73 (2359) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടങ്ങൾക്കുള്ള ആഡംബര നികുതി ശാസ്ത്രീയമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കാമോ;

(ബി) നിലവിൽ ആഡംബര നികുതി ചുമത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(സി) പ്രസ്തുത നികുതി ഈടാക്കുന്നതിന് വരുമാന പരിധികൂടി ബാധകമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും എങ്കിൽ അതിനായി പ്രത്യേക സാമ്പത്തിക സർവ്വേ നടത്തുന്ന കാര്യം പരിഗണിക്കുമോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ഇതുസംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) 1975-ലെ കേരള കെട്ടിട നികുതി നിയമം വകുപ്പ് 5 (എ) പ്രകാരം 1-4-1999-ന് ശേഷം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും 278.7 ച.മീറ്ററും അതിൽ കൂടുതൽ പ്ലിന്ത് ഏരിയ ഉള്ളതുമായ എല്ലാ റസിഡൻഷ്യൽ കെട്ടിടങ്ങൾക്കും 2014-ലെ ധനകാര്യ ആക്ട് പ്രകാരം 1-4-2014 മുതൽ പ്രതിവർഷം 4000 രൂപ ആഡംബര നികുതി ഇനത്തിൽ ഈടാക്കി വരുന്നു. ടി നികുതി എല്ലാ വർഷവും മാർച്ച് 31-ന് മുൻപായി മുൻകൂർ അടക്കേണ്ടതാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**ഗ്രാമ പഞ്ചായത്തുകളിൽ ക്ലാർക്കുമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി**

74 (2361) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പഞ്ചായത്തുകളിൽ ക്ലാർക്കുമാരുടെ തസ്തികകളുടെ എണ്ണം കൂട്ടേണ്ടത് ആവശ്യമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കുമോ;

(സി) തൃശ്ശൂർ ജില്ലയിലെ പഞ്ചായത്തുകളിൽ എത്ര ക്ലാർക്കുമാരുടെ ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഇതുസംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമാകുന്നപക്ഷം ആയത് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(സി) ക്ലർക്ക് -22 (13 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു)

സീനിയർ ക്ലർക്ക് - 11

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സോഷ്യൽ ഓഡിറ്റിംഗ്**

75 (2362) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സോഷ്യൽ ഓഡിറ്റിംഗ് നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സോഷ്യൽ ഓഡിറ്റിംഗ് നിർബന്ധവും കർശനവുമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ സോഷ്യൽ ഓഡിറ്റിംഗ് നടക്കുന്നില്ല. കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ കീഴിൽ നടപ്പാക്കുന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികൾക്കു മാത്രമായി ഒരു സോഷ്യൽ ഓഡിറ്റ് എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കിയിരുന്നുവെങ്കിലും 2011-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പരിഷ്കരിച്ച സോഷ്യൽ ഓഡിറ്റ് സ്കീം ചട്ടങ്ങൾ പ്രകാരം സംസ്ഥാന സർക്കാരുകൾ സോഷ്യൽ ഓഡിറ്റിനായി ഒരു സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് യൂണിറ്റ് സ്ഥാപിക്കണമെന്ന വ്യവസ്ഥയുടെ ഭാഗമായുള്ള നടപടികൾ പൂർത്തീകരിക്കാത്തതിനാൽ നിലവിൽ സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതികളുടെ സോഷ്യൽ ഓഡിറ്റിംഗ് നടക്കുന്നില്ല. തദ്ദേശ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്ന എല്ലാ പദ്ധതികളും, സോഷ്യൽ ഓഡിറ്റിനു വിധേയമാക്കുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുന്ന ഒരു സോഷ്യൽ ഓഡിറ്റ് മാന്വൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) 2011-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പരിഷ്കരിച്ച സോഷ്യൽ ഓഡിറ്റ് സ്കീം ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്ത് നിലവിൽ വരേണ്ട സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് യൂണിറ്റ് സ്ഥാപിക്കുന്ന മുറയ്ക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് പുനഃസ്ഥാപിക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ പദ്ധതികളും, സോഷ്യൽ ഓഡിറ്റിനു വിധേയമാക്കുന്നതിനുള്ള വിപുലമായ സംവിധാനം ഏർപ്പെടുത്തുക എന്നത് സർക്കാരിന്റെ ലക്ഷ്യമാണ്. ആദ്യപടി എന്ന നിലയിൽ സമഗ്രമായ ഒരു സോഷ്യൽ ഓഡിറ്റ് മാന്വൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**പശുസഖി പദ്ധതി**

76 (2363) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയും മൃഗസംരക്ഷണ വകുപ്പും ചേർന്ന് നടപ്പാക്കാനുദ്ദേശിക്കുന്ന പശുസഖി പദ്ധതിയുടെ വിശദാംശങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) വനിതകളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതി ഉപകരിക്കുമോഎന്നു വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കുടുംബശ്രീ റൂറൽ മൈക്രോ സംരംഭങ്ങളിൽ പകുതിയോളം മൃഗസംരക്ഷണ മേഖലയിൽ ഉള്ളവയായതിനാൽ ഈ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുവാനും ഗുണഭോക്താക്കളും വിവിധ വകുപ്പുകളും ഏജൻസികളുമായുള്ള സംയോജന പ്രവർത്തനങ്ങൾക്കും വഴികാട്ടി ആകുന്നതിന് പശുസഖി എന്ന് അറിയപ്പെടുന്ന കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരെ/കമ്മ്യൂണിറ്റി കേഡർമാരെ നിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തെരഞ്ഞെടുത്ത കുടുംബശ്രീ അംഗങ്ങൾക്ക് മൃഗസംരക്ഷണ മേഖലയിൽ വിദഗ്ധ പരിശീലനങ്ങൾ നൽകുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയിലൂടെ വനിതകൾക്ക് തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിന് സാധിക്കുന്നതാണ്.

**ജില്ലാ ആസൂത്രണ കമ്മിറ്റികളുടെ ഘടന**

77 (2364) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ആസൂത്രണ കമ്മിറ്റികളുടെ ഘടന എന്താണെന്ന് വ്യക്തമാക്കുമോ; ഇതിന്റെ പ്രവർത്തനം ഏതു തരത്തിലായിരിക്കുമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കമ്മിറ്റികളിലെ അംഗങ്ങളായി വരുന്ന ഉദ്യോഗസ്ഥർ ആരെല്ലാമായിരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ ജില്ലയിലെയും പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഈ സമിതിക്കുള്ള പങ്ക് എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ സാങ്കേതിക സെക്രട്ടേറിയറ്റുകൾ എന്നുമുതൽ പ്രവർത്തിച്ച് തുടങ്ങുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള മുനിസിപ്പാലിറ്റി ആക്റ്റ് 1994, സെക്ഷൻ 53 പ്രകാരം ജില്ലാ ആസൂത്രണ കമ്മിറ്റിയിൽ 15 അംഗങ്ങൾ ഉണ്ടായിരിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ മെമ്പർ സെക്രട്ടറിയും, ഭരണകാര്യത്തിലും ആസൂത്രണത്തിലും ഗണ്യമായ പ്രവൃത്തി പരിചയമുള്ള സർക്കാർ നോമിനേറ്റ് ചെയ്യുന്ന ഒരംഗവും, ജില്ലാ പഞ്ചായത്തിലെയും ജില്ലയിലെ മുനിസിപ്പാലിറ്റികളിലെയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽനിന്ന് ജില്ലയിലെ ഗ്രാമപ്രദേശങ്ങളിലെയും നഗരപ്രദേശങ്ങളിലെയും ജനസംഖ്യകൾ തമ്മിലുള്ള അനുപാതത്തിനനുസൃതമായി നിർണ്ണയിക്കുന്ന പ്രകാരമുള്ള രീതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന 12 അംഗങ്ങൾ കൂടിച്ചേർന്നതായിരിക്കും.

പ്രവർത്തനം

ജില്ലാ ആസൂത്രണ സമിതി ജില്ലയിലെ പഞ്ചായത്തുകളും മുനിസ്സിപ്പാലിറ്റികളും തയ്യാറാക്കിയ പദ്ധതികൾ സംയോജിപ്പിക്കേണ്ടതും ജില്ലക്ക് മുഴുവനുമായി ഒരു കരട് വികസന പദ്ധതി തയ്യാറാക്കേണ്ടതുമാണ്. കമ്മറ്റി ശിപാർശ ചെയ്ത പ്രകാരമുള്ള വികസന പദ്ധതി അംഗീകാരത്തിനായി ചെയർമാൻ സർക്കാരിന് നൽകേണ്ടതാണ്. ജില്ലാ ആസൂത്രണം സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനംവഴി അതതു സമയം സർക്കാർ അതിനു നൽകിയേക്കാവുന്ന മറ്റു ചുമതലകൾകൂടി നിറവേറ്റേണ്ടതുണ്ട്. കൂടാതെ, അംഗീകൃത ജില്ലാ ആസൂത്രണ പദ്ധതികളുടെയും ജില്ലയെ സംബന്ധിക്കുന്ന സംസ്ഥാന പദ്ധതികളുടെയും നടത്തിപ്പിന്റെ അളവിലും ഗുണനിലവാരത്തിലുമുള്ള പുരോഗതിയെയും പ്രത്യേകിച്ച്, അതിന്റെ ഭൗതികവും സാമ്പത്തികവുമായ ലക്ഷ്യം നിറവേറ്റിയതിനെയും സംബന്ധിച്ച് ജില്ലാ ആസൂത്രണ കമ്മിറ്റി മോണിറ്റർ ചെയ്യേണ്ടതും പൂർത്തീകരിച്ച കർമ്മപരിപാടികൾ വിലയിരുത്തേണ്ടതുമാണ്.

(ബി) ജില്ലയിലെ സർക്കാർ വകുപ്പുകളിലെ ജില്ലാ തല ഉദ്യോഗസ്ഥന്മാർ കമ്മിറ്റിയുടെ ജോയിന്റ് സെക്രട്ടറിമാരാണ്. ജില്ലാ പ്ലാനിംഗ് ഓഫീസർ കമ്മിറ്റിയുടെ ജോയിന്റ് സെക്രട്ടറി (കോ-ഓർഡിനേഷൻ) ആയി പ്രവർത്തിച്ചു വരുന്നു.

(സി) പഞ്ചവത്സര/വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുമുമ്പായി ജില്ലയുടെ ഒരു വികസന കാഴ്ചപ്പാട് രൂപരേഖ തയ്യാറാക്കുക. ജില്ലയിലെ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ആസൂത്രണപ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുക, മേൽനോട്ടവും നിരീക്ഷണവും നടത്തുക, പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ വിലയിരുത്തുക. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വേണ്ട സഹായങ്ങൾ നൽകുക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളും പ്രോജക്ടുകളും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണ് എന്നുറപ്പു വരുത്തി അംഗീകാരം നൽകുക, നിർവ്വഹണം മോണിറ്റർ ചെയ്യുക, പദ്ധതി നിർവ്വഹണത്തിലെ തടസ്സങ്ങൾ ഇടപെട്ട് പരിഹരിക്കുക തുടങ്ങിയവയാണ്.

(ഡി) സംസ്ഥാനത്ത് ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 6 ജില്ലകളിൽ ജില്ലാ ആസൂത്രണ സമിതിയുടെ സാങ്കേതിക സെക്രട്ടേറിയറ്റുകൾ ഇതിനകം പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. തിരുവനന്തപുരം ഒഴികെയുള്ള മറ്റു ജില്ലകളിൽ സെക്രട്ടേറിയറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. തിരുവനന്തപുരം ജില്ലയിൽ കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട തർക്കം നിലനിൽക്കുന്നതിൽ നയപരമായ തീരുമാനം ആവശ്യമായതിനാൽ ഇതുവരെയായി സെക്രട്ടേറിയറ്റിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

**ആധുനിക അറവുശാലകൾ**

78 (2366) ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ആധുനിക അറവുശാലകൾ നിർമ്മിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാം ; വിശദീകരിക്കുമോ?

ഉത്തരം

(എ) ആധുനിക അറവുശാല നിർമ്മാണ പദ്ധതികൾക്ക് സാങ്കേതിക അനുമതി നൽകുന്നതിന് ശുചിത്വ മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആധുനിക അറവുശാലകൾക്ക് പ്രധാനമായും രണ്ട് തരം ഡിസൈനാണ് ശുചിത്വ മിഷൻ രൂപകൽപ്പന ചെയ്തിട്ടുള്ളത്. 5-10 വലിയ മൃഗങ്ങളെയും 20 ചെറിയ മൃഗങ്ങളെയും

കശാപ്പുചെയ്യുന്നതിനുള്ള ടൈനി ടൈപ്പ് 20 വലിയ മൃഗങ്ങളെയും 40 ചെറിയ മൃഗങ്ങളെയും കശാപ്പുചെയ്യുന്നതിനുള്ള മിനി ടൈപ്പ് എന്നിവയാണ് അവ. ടൈനി ടൈപ്പിന് ചുരുങ്ങിയത് 50 സെന്റ് സ്ഥലവും മിനി ടൈപ്പിന് കുറഞ്ഞത് ഒരേക്കർ സ്ഥലവും ഉണ്ടായിരിക്കണം. റോഡ്, ജലം, വൈദ്യുതി, ദ്രവ മാലിന്യ സൗകര്യവും ഉണ്ടായിരിക്കണം.

(ബി) ആധുനിക അറവുശാലകൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ചുവടെ പറയുന്ന കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്:

1. അനധികൃത അറവു ഒഴിവാക്കുക.
2. ആധുനിക അറവുശാലയിൽ ശാസ്ത്രീയമായി കശാപ്പ് നടത്തി ഉയർന്ന ഗുണനിലവാരത്തിൽ മാംസം ലഭ്യമാക്കുക.
3. അറവുമാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുക.
4. അറവുമാലിന്യം പൊതുസ്ഥലങ്ങളിൽ വലിച്ചെറിയുന്നത് ഒഴിവാക്കി പൊതുജനാരോഗ്യവും പരിസ്ഥിതി സംരക്ഷണവും ഉറപ്പുവരുത്തുക.

(സി) ആധുനിക അറവുശാല ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ പ്രോജക്ട് തയ്യാറാക്കി നൽകുന്ന മുറയ്ക്ക് ശുചിത്വ മിഷനിൽനിന്ന് സാങ്കേതികാനുമതിയും പഞ്ചായത്ത് വകുപ്പിൽനിന്നും സാമ്പത്തിക സഹായവും നൽകിവരുന്നു. അറവുശാല നിർമ്മിക്കുന്നതിനുള്ള ധനസഹായമായി 40 ലക്ഷം രൂപ വീതം തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതിനായി 500 ലക്ഷം രൂപ 2016-17 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

## ശുചിത്വ മിഷൻ മുഖേനയുള്ള മാലിന്യ സംസ്കരണ പദ്ധതികളും ആധുനിക ശ്മശാനങ്ങളും

79 (2367) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വ മിഷൻ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിൽ എത്ര തുകയാണ് അനുവദിച്ചിരുന്നത്; എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്; ഇവയുടെ ജില്ല തിരിച്ചുള്ള കണക്കും തുകയും ലഭ്യമാക്കാമോ;

(ബി) മാലിന്യ സംസ്കരണത്തിൽ പദ്ധതികൾ നടപ്പാക്കാത്ത തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കാൻ തീരുമാനമെടുത്തിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതനുസരിച്ച് എതൊക്കെ സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പഞ്ചായത്തുകളിൽ ആധുനിക ശ്മശാനങ്ങൾ നിർമ്മിക്കുന്നതിൽ എത്ര തുകയാണ് ശുചിത്വ മിഷൻ മുഖേന അനുവദിക്കുന്നത്; എത്ര പഞ്ചായത്തുകൾക്ക് തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ആവശ്യമായ സ്ഥലങ്ങളിൽ ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ചേർന്ന് ഇത്തരം ആധുനിക ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിന് പ്രത്യേക അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശുചിത്വ മിഷൻ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് 2011-12 മുതൽ 2015-16 വരെ 9262.65 ലക്ഷം രൂപ അനുവദിക്കുകയും അതിൽ നിന്ന് 8834.24 ലക്ഷം രൂപ പദ്ധതികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2011-12 മുതൽ 2015-16 വരെ 580 ഗ്രാമപഞ്ചായത്തുകൾക്കും 64 മുനിസിപ്പാലിറ്റികൾക്കും ശുചിത്വ മിഷൻ മാലിന്യ സംസ്കരണത്തിനായി തുക ലഭ്യമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച ജില്ലതിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) മാലിന്യ സംസ്കരണം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. പദ്ധതികൾ നടപ്പാക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പഞ്ചായത്തുകളിൽ ആധുനിക ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നത് പഞ്ചായത്ത് ഡയറക്ടറേറ്റ് വഴിയാണ്. ആധുനിക ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് സംസ്ഥാനാവിഷ്കൃത ഫണ്ടിൽ ഉൾപ്പെടുത്തി ധനസഹായം നൽകി വരുന്നുണ്ട്. പൊതുശ്മശാന നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ടും പൊതുജനങ്ങളുടെ എതിർപ്പും ഗ്രാമപഞ്ചായത്തുകൾക്ക് ഒരു പ്രധാന വെല്ലുവിളിയായതിനാൽ ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ചേർന്ന് സംയുക്തമായി പൊതുശ്മശാന നിർമ്മാണ പദ്ധതികൾക്ക് മുൻഗണന നൽകി വരുന്നു.

(ഡി) ഒന്നിലധികം പഞ്ചായത്തുകൾ ചേർന്ന് ജോയിന്റ് പ്രോജക്ടായി ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് നിലവിലെ പഞ്ചായത്ത് രാജ് നിയമ പ്രകാരം അനുവദനീയമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മാലിന്യസംസ്കരണം

80 (2368) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യ സംസ്കരണത്തിലെ വീഴ്ചകൾമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നഗരസഭാ പ്രദേശങ്ങളിൽ ഉൾപ്പെടെ മാലിന്യ സംസ്കരണത്തിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) ബയോഗ്യാസ് യൂണിറ്റുകൾ ഉൾപ്പെടെ ജൈവ മാലിന്യ സംസ്കരണത്തിനായി പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സ്ഥലലഭ്യത കുറവും പൊതുജനങ്ങളുടെ എതിർപ്പുമുണ്ടാകുന്നതിനാൽ ഗ്രാമപഞ്ചായത്തുകൾക്കും/നഗരസഭകൾക്കും ആധുനിക മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പരിമിതികളുണ്ട്. മേൽ സാഹചര്യങ്ങളിൽ മാലിന്യം പൊതു സ്ഥലങ്ങളിൽ കുന്നുകൂടുന്നതായും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായും പരാതി ലഭിക്കുന്നുണ്ട്.

(ബി) മാലിന്യ നിർമ്മാർജ്ജന സംസ്കരണത്തിനായി സംസ്ഥാനത്തെ എല്ലാ നഗരപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്ക് മുൻഗണന നൽകി ജൈവമാലിന്യം ഉണ്ടാകുന്ന സ്ഥലത്തുതന്നെ (വീടുകൾ, സ്ഥാപനങ്ങൾ, ഫ്ലാറ്റുകൾ, മാർക്കറ്റുകൾ തുടങ്ങി) ഉൽപ്പാദകന്റെ ഉത്തരവാദിത്വത്തിൽ കമ്പോസ്റ്റിംഗ്/ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ പൊതു മാലിന്യസംസ്കരണ പ്ലാന്റുകൾ ഉള്ള നഗരസഭകളിൽ ആയത് കുറ്റമറ്റതാക്കി ആധുനികവൽക്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. വീടുകളിലും സ്ഥാപനങ്ങളിലുമുണ്ടാകുന്ന അജൈവ മാലിന്യം പ്രാഥമിക തരംതിരിവ് നടത്തി ശേഖരിക്കുകയും അവ പുനഃചംക്രമണത്തിനായി കൈമാറുന്നതിന് മുന്നേ രണ്ടാംഘട്ട തരംതിരിവിനും വൃത്തിയാക്കുന്നതിനുമായും അതുപോലെ ആവശ്യമായ അളവിൽ ലഭ്യമാകുന്നതുവരെ സൂക്ഷിക്കുന്നതിനുമുള്ള മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (MRF) സ്ഥാപിക്കുന്നതിന് ശുചിത്വമിഷൻ മുഖേന സാങ്കേതിക സാമ്പത്തിക സഹായം നൽകി വരുന്നു. ഓരോ പ്രവർത്തനത്തിനുമായി ഗ്രാമ പഞ്ചായത്ത്, നഗരസഭകൾ തയ്യാറാക്കി നൽകുന്ന പ്രോജക്ടിന് സാങ്കേതികാനുമതിയും അംഗീകൃത സർക്കാർ സബ്സിഡിയും നൽകി വരുന്നു.

(സി) നിലവിൽ ജൈവമാലിന്യ സംസ്കരണത്തിന് ഗാർഹിക കമ്മ്യൂണിറ്റി തലങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് വരുന്നുണ്ട്. ഗാർഹിക തലത്തിൽ യൂണിറ്റ് കോസ്റ്റിന്റെ 80% സർക്കാർ സബ്സിഡി (പരമാവധി 500 രൂപ)യും ആയതിന്റെ പകുതി തദ്ദേശസ്വയംഭരണ സ്ഥാപന സബ്സിഡിയായും നൽകി വരുന്നുണ്ട്. കമ്മ്യൂണിറ്റി തലങ്ങളിലെ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും നിലവിൽ പ്രോത്സാഹനം നൽകി വരുന്നുണ്ട്. കമ്മ്യൂണിറ്റിതല ബയോഗ്യാസ് പ്ലാന്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനം സ്ഥാപിക്കുന്നതിന് മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളിൽ യൂണിറ്റ് കോസ്റ്റ് പൂർണ്ണമായും, ഗ്രാമപഞ്ചായത്ത് തലങ്ങളിൽ യൂണിറ്റ് കോസ്റ്റിന്റെ 75% (പരമാവധി 35 ലക്ഷം രൂപ) വരെയും സർക്കാർ സഹായമായി നൽകി വരുന്നുണ്ട്. അതുപോലെ റസിഡന്റ്സ് അസോസിയേഷനുകൾ, കോളനികൾ, സർക്കാർ ക്വാർട്ടേഴ്സുകൾ, സർക്കാർ ഓഫീസുകൾ, സ്കൂളുകൾ, ആശുപത്രികൾ, കല്ല്യാണമണ്ഡപങ്ങൾ, ഇറച്ചികടകൾ എന്നിവിടങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകളടക്കമുള്ള ഖരമാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് യൂണിറ്റ് നിരക്കിന്റെ 50% (പരമാവധി 1 ലക്ഷം രൂപ) സർക്കാർ സഹായമായി തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന നൽകി വരുന്നുണ്ട്. ഗാർഹികതല കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് പ്രോജക്ടിന്റെ ഭാഗമായി 75% സർക്കാർ സബ്സിഡിയും, 25% തദ്ദേശസ്വയംഭരണ സബ്സിഡിയും നൽകുന്നുണ്ട്. പൊതു പ്ലാന്റ് നവീകരിക്കുന്നതിന് പ്രോജക്ടിന്റെ 100% വരെയും സർക്കാർ സഹായം ലഭ്യമാക്കുന്നു.

**വനിതകളെ മാധ്യമരംഗത്തേക്ക് കൊണ്ടുവരാനും ചാനൽ ആരംഭിക്കാനും നടത്തിയ ട്രെയിനിംഗ്**

81 (2369) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന തദ്ദേശസ്വയംഭരണവകുപ്പിന്റെ സഹകരണത്തിൽ കോഴിക്കോട് തൊട്ടിൽപാലം സൗത്ത് ഏഷ്യൻ കോളേജ് ഓഫ് ഫിലിംസിന്റെ സാങ്കേതിക സഹായത്തോടെ കുടുംബശ്രീ സ്റ്റേറ്റ് മിഷൻ, വനിതകളെ മാധ്യമ രംഗത്തേക്ക് കൊണ്ടുവരാനും ചാനൽ ആരംഭിക്കാനും ഉദ്ദേശിച്ചുകൊണ്ട് കുടുംബശ്രീ പ്രവർത്തകരിൽനിന്നും എഴുത്ത് പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ ജില്ലകളിൽനിന്ന് 10 പേർ വീതം തെരഞ്ഞെടുക്കപ്പെട്ട 140 പേർക്കുള്ള ട്രെയിനിംഗ് ആരംഭിച്ചിരുന്നുവോ; വിശദമാക്കാമോ ;

(ബി) ട്രെയിനിംഗ് ഇപ്പോൾ നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി മുമ്പോട്ട് കൊണ്ടുപോവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പരിശീലനം ആരംഭിച്ച് ഒന്നാംഘട്ടം പൂർത്തിയാക്കിയിട്ടുണ്ട്. കുടുംബശ്രീ അംഗങ്ങൾക്ക് മാധ്യമരംഗത്ത് സ്ക്രിപ്റ്റിംഗ്, ഗവേഷണം, പ്രി-പ്രൊഡക്ഷൻ, പോസ്റ്റ്-പ്രൊഡക്ഷൻ എന്നീ മേഖലകളിലും ക്യാമറ, എഡിറ്റിംഗ്, സൗണ്ട് റിക്കോർഡിംഗ് മുതലായ രംഗങ്ങളിലും പരിശീലനം നൽകുവാൻ ആരംഭിച്ചിട്ടുള്ള ഒരു സൂക്ഷ്മ സംരംഭക പദ്ധതിയാണിത്.

(ബി) പരിശീലനത്തിന്റെ ഒന്നാംഘട്ടം പൂർത്തിയാക്കിയിട്ടുണ്ട്. ആയതിന്റെ അവലോകനത്തിന്റെ അടിസ്ഥാനത്തിൽ രണ്ടാംഘട്ടം നടപ്പാക്കുന്നകാര്യം തീരുമാനിക്കുന്നതാണ്.

(സി) മാധ്യമമേഖലയുമായി ബന്ധപ്പെട്ട് കുടുംബശ്രീ അംഗങ്ങൾക്കായുള്ള സ്വയം തൊഴിൽ പദ്ധതിയാണ് ഫ്രെയിംശ്രീ. ഈ പദ്ധതി മുഖേന മാധ്യമരംഗത്തും ഡോക്യുമെന്ററി നിർമ്മാണത്തിലും കുടുംബശ്രീ അംഗങ്ങൾക്ക് പ്രവേശിക്കുവാനും അതുവഴി പ്രൊഫഷണൽ പരിശീലനം നേടുവാനും തൊഴിൽ കണ്ടെത്തുവാനും കഴിയും. പരിശീലനം സിദ്ധിച്ചവരെ ഭാവിയിൽ സുസ്ഥിരവരുമാനം ലഭിക്കുന്ന തൊഴിൽ യൂണിറ്റുകളായി നിലനിർത്തിക്കൊണ്ട് സർക്കാർ തലത്തിലും അല്ലാതെയുമുള്ള ഡോക്യുമെന്റേഷൻ ഏറ്റെടുത്ത് നടത്തുവാൻ കഴിയും.

**വൈപ്പിൻ നിയോജക മണ്ഡലത്തിലെ കരാർ പ്രവർത്തനങ്ങൾ**

82 (2370) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന സ്കീമിലെ തുക വിനിയോഗിച്ച് എൽ.എസ്.ജി.ഡി. മുഖാന്തരം നടപ്പാക്കുന്ന വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് നിശ്ചിത കരാർ കാലാവധി കഴിഞ്ഞിട്ടും പൂർത്തീകരി ക്കാത്തതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെങ്കിലും കരാറുകാർക്ക് കാലാവധി ദീർഘിപ്പിച്ച നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കൊക്കെയെന്നും എന്തൊക്കെ കാരണത്താലാണെന്നും അനുമതി നൽകിയത് ആരെന്നും വിശദമാക്കാമോ;

(സി) കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരുണ്ടെങ്കിൽ, അവർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) മേൽ സൂചിപ്പിച്ച പ്രവൃത്തികളുമായി ബന്ധപ്പെട്ട എല്ലാ കരാറുകാർക്കും കാലാവധി ദീർഘിപ്പിച്ച നൽകിയിട്ടുണ്ട്. വീഴ്ചമൂലമല്ല, പ്രവൃത്തി യഥാസമയം പൂർത്തിയാക്കാൻ കഴിയാത്തതുകൊണ്ടാണ് കാലാവധി ദീർഘിപ്പിച്ച് നൽകിയത്. എറണാകുളം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയത്.

(സി) കരാറുകാരുടെ ഭാഗത്തുനിന്നുള്ള വീഴ്ചമൂലമല്ല പ്രവൃത്തി യഥാസമയം പൂർത്തിയാക്കാൻ കഴിയാതിരുന്നത്. ആയതിനാൽ കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല.

**ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച അനക്സ് കെട്ടിടത്തിലെ മുറികൾ ലേലം ചെയ്യുന്നത്**

83 (2371) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച അനക്സ്കെട്ടിടത്തിലെ മുറികൾ ലേലം ചെയ്ത് നൽകുന്നതിനായി അനുമതി നൽകിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ഇതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൻമേൽ അടിയന്തരമായി അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച അനക്സ് കെട്ടിടത്തിലെ മുറികൾ ലേലം ചെയ്ത് നൽകുന്നതിനായി ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ ബൈലായ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ആധുനിക രീതിയിലുള്ള ശ്മശാനം നിർമ്മിക്കുന്നതിന് നടപടി

84 (2373) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് ആധുനിക രീതിയിലുള്ള ശ്മശാനങ്ങളുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ആധുനിക രീതിയിലുള്ള ശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിലുള്ള ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ ആധുനിക രീതിയിലുള്ള ശ്മശാനങ്ങളില്ല:

(ബി) 1. ലക്കിടി, പേരൂർ, അമ്പലപ്പാറ, പൂക്കോട്ടുകാവ് എന്നീ ഗ്രാമ പഞ്ചായത്തുകൾ ചേർന്ന് ഗ്യാസ് ശ്മശാനം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിൽ ഗ്യാസ് ശ്മശാനത്തിന്റെ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരുന്നുണ്ട്.

3. ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് ശ്മശാനം നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(സി) 1. ലെക്കിടി പേരൂർ, അമ്പലപ്പാറ, പൂക്കോട്ടുകാവ് എന്നീ ഗ്രാമപഞ്ചായത്തുകൾ ചേർന്ന് 62,00,000 രൂപ (അറുപത്തി രണ്ട് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്.

2. കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് 1,00,80,000 (ഒരു കോടി എൺപതിനായിരം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്.

3. തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തിൽ ശ്മശാന നിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിന് 2 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## കൊയിലാണ്ടി മണ്ഡലത്തിൽ തദ്ദേശഭരണ വകുപ്പുമായി ബന്ധപ്പെട്ട ആസ്തി വികസന പദ്ധതികൾ

85 (2375) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി കൊയിലാണ്ടി മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് കോഴിക്കോട് എൽ.എസ്.ജി.ഡി. ഇ.ഇ.-യുടെ ഓഫീസ് മുഖേന നടപടി പുരോഗമിച്ചുവരുന്നത്; ഓരോ പദ്ധതിയുടെയും വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ഏതെല്ലാമാണ് അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ സൊസൈറ്റിയെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായത്; ഓരോ പ്രവൃത്തിയുടെയും വിശദാംശം വ്യക്തമാക്കി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് സഹിതം വ്യക്തമാക്കാമോ;

(സി) ഊരാളുങ്കൽ സൊസൈറ്റിയെ ചുമതലപ്പെടുത്തിക്കൊണ്ട് എ.എസ്. ആയ ചേമഞ്ചേരി പഞ്ചായത്തിലെ കാണിലശ്ശേരി-പുതുശ്ശേരിതാഴ റോഡ് കോഴിക്കോട് ഇ.ഇ.-യുടെ ഓഫീസിൽ ടെണ്ടർ നോട്ടിഫിക്കേഷൻ നടത്തിയത് എന്ത് മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിലാണ് എന്ന് വിശദമാക്കാമോ;

(ഡി) ബന്ധപ്പെട്ട ഫയലിലെ നോട്ട് ഫയൽ, കറന്റ് ഫയൽ എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) ഇതുവരെയും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയും എന്നത് വിശദമാക്കാമോ?

ഉത്തരം

(എ) അനുബന്ധം (എ) ആയി ചേർക്കുന്നു.*

(ബി) 1. ഭജനമഠം അവിക്കൽ തടിയൻ പറമ്പിൽ അക്ഷര മഹാവിഷ്ണു ക്ഷേത്രം റോഡ്-പയ്യോളി പഞ്ചായത്ത്

2. ഇരിങ്ങൽ മൂരാട് പടിഞ്ഞാറെതുരുത്തി റോഡ്-പയ്യോളി പഞ്ചായത്ത്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3. കാഞ്ഞിലശ്ശേരി പുതുശ്ശേരിത്താഴെ റോഡ് -ചേമഞ്ചേരി

4. ചീനംപ്പള്ളി റോഡ്-കൊയിലാണ്ടി മുനിസിപ്പാലിറ്റി

5. മാനിയാടത്ത് പറമ്പ ചീരംപ്പള്ളി ചെറിയ മണങ്ങോട് റോഡ്-കൊയിലാണ്ടി മുനിസിപ്പാലിറ്റി

6. വിയ്യൂർ ലൈബ്രറി ഇ.എം.എസ്. മെമ്മോറിയൽ ഹാൾ ആന്റ് ഓഡിറ്റോറിയം-കൊയിലാണ്ടി മുനിസിപ്പാലിറ്റി

7. പെരുമാൾ പുരം റെയിൽവേ ലൈൻ റോഡ്, ഡ്രൈനേജ് -തിക്കോടി

8. പൊയിൽകാവ് ക്ഷേത്രം റെയിൽവേ സ്റ്റേഷൻ റോഡ്-ചെങ്ങോട്ടുകാവ്

9. ടെലഫോൺ എക്സ്ചേഞ്ച് മാണിക്കത്തിൽ റോഡ് -മൂടാടി

10. പരുവട്ടൂർ മുക്ക് നടേരി റോഡ്-കൊയിലാണ്ടി മുനിസിപ്പാലിറ്റി

11. കണ്ണംക്കണ്ടി താഴെ റോഡ്-കൊയിലാണ്ടി മുനിസിപ്പാലിറ്റി

12. കുമൻത്തോട് ഡ്രെയിനേജ്-കൊയിലാണ്ടി മുനിസിപ്പാലിറ്റി

13. കാപ്പാട് ആനച്ചാം കണ്ടി താഴെ വികാസ് റോഡ്-ചേമഞ്ചേരി (ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം (ബി) ആയി ചേർക്കുന്നു.*

(സി) 3-3-2016-ലെ സ.ഉ.(സാധാ) നമ്പർ 1085/2016/തസ്വഭവ പ്രകാരം ഈ പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കി ഊരാളുങ്കൽ സൊസൈറ്റിക്ക് നേരിട്ട് കൈമാറി. ആയതിൻ പ്രകാരം ടെണ്ടർ പ്രവൃത്തികൾ നിർത്തിവച്ച് ഊരാളുങ്കൽ സൊസൈറ്റിക്ക് സെലക്ഷൻ നോട്ടീസ് നൽകുകയും, കരാർ ഒപ്പിടുകയും ചെയ്തിട്ടുണ്ട്. (Agreement No.EE/LSGD/75/16-17 dated 4-7-2016)

(ഡി) അനുബന്ധം (സി) ആയി ചേർക്കുന്നു.*

(ഇ) ഒരു മാസത്തിനകം പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കുടുംബശ്രീ പ്രവർത്തനങ്ങൾ**

86 (2376) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യ നിർമ്മാർജ്ജനവും സ്ത്രീ ശാക്തീകരണവും ലക്ഷ്യമിട്ട് പ്രവർത്തനം ആരംഭിച്ച കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ കഴിഞ്ഞ 5 വർഷവും മന്ദീഭവിക്കപ്പെട്ടിരിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പ്രത്യേക പദ്ധതി നടപ്പിലാക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതിയുടെ നോഡൽ ഏജൻസിയായി കുടുംബശ്രീയെ ചുമതലപ്പെടുത്തി കുടുംബശ്രീയുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപ്പിലാക്കുന്നതാണ്.

(സി) കുടുംബശ്രീ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. 2016-17 വർഷത്തെ ബഡ്ജറ്റിൽ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾക്കായി 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ബാങ്ക് ലിങ്കേജ് മുഖേന വായ്പ എടുത്തവർക്ക് നാല് ശതമാനം നിരക്കിൽ പലിശ സബ്സിഡി നൽകുന്നതിനായി 50 കോടി രൂപയും ആശ്രയ പദ്ധതിക്കായി 50 കോടി രൂപയും പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. കുടുംബശ്രീ അംഗങ്ങളുടെ അഭിരുചിക്കും കഴിവിനും അനുസൃതമായ തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കൂടുതൽ വനിതകളെ സംരംഭമേഖലയിലേയ്ക്ക് കൊണ്ടു വരുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി 4 ശതമാനം പലിശയ്ക്ക് ബാങ്ക് വായ്പ തരപ്പെടുത്തി നൽകുന്നതാണ്. കുടുംബശ്രീ പ്രവർത്തന മികവിനായി ഈ സാമ്പത്തിക വർഷത്തെ കർമ്മ പദ്ധതിയും ആസൂത്രണം ചെയ്തിട്ടുണ്ട്. വിവിധ ക്ഷേമപെൻഷനുകൾ ലഭിക്കുന്ന ഗുണഭോക്താക്കളെ നേരിൽ കണ്ട് പെൻഷൻ വിതരണരീതി സംബന്ധിച്ച അഭിപ്രായ സർവ്വേ നടത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കാനുള്ള നികുതി പിരിക്കുന്നതിനും കുടുംബശ്രീ പ്രവർത്തകരെ ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഇനിയും നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങളുടെ നോഡൽ ഏജൻസിയായി കുടുംബശ്രീയെ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച് സാദ്ധ്യതകൾ ആരായുന്നതാണ്.

## ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ട് വിനിയോഗം എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം വീഴ്ച വരുത്തുന്നത് പരിഹരിക്കുന്നതിന് നടപടി

87 (2379) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുവാൻ ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികളുടെ പൂർത്തീകരണത്തിന് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) 2015-16, 2016-17 കാലയളവിൽ നഗരൂർ, കിളിമാനൂർ, കരവാരം, പഴയകുന്നുമ്മേൽ, പുളിമാത്ത് ഗ്രാമപഞ്ചായത്തുകളിലെ ഏതെല്ലാം പദ്ധതികളാണ് കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണാനുമതിക്കായി ഇനി കലക്ടർക്ക് അയയ്ക്കുവാനുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2015-16 കാലയളവിൽ എസ്റ്റിമേറ്റ് ലഭിക്കാത്തതിനാൽ കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണാനുമതിക്കായി താഴെപ്പറയുന്ന പ്രവൃത്തികൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കാനുണ്ട്:

1. കരിയാക്കുഴി-ഉറിത്യമൺ റോഡിൽ രജനീ മന്ദിരം വീട്ടുപടിക്കൽ മുതൽ - പുളിമാത്ത് ഗ്രാമപഞ്ചായത്ത്
2. പൊരുന്തമൺ കരിയാക്കുഴി-അമ്പലംറോഡിൽ പൗർണ്ണമി വീട്ടുപടിക്കൽ മുതൽ കോൺക്രീറ്റിംഗ് പുളിമാത്ത് ഗ്രാമപഞ്ചായത്ത്
3. ലക്ഷംവീട് - താന്നിൽവീട് റോഡ് - നഗരൂർ ഗ്രാമപഞ്ചായത്ത്
4. മൊട്ടലിൽ-വിട്ടിയോട്-ക്ഷേത്രം റോഡ്-നഗരൂർ ഗ്രാമപഞ്ചായത്ത്
5. പാപ്പാല-പറക്കോണം റോഡ്-പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്
6. പഞ്ചായത്ത് ബസ് സ്റ്റാന്റ് - മങ്കാടി റോഡ് - പഴയ കുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്
7. കരിമ്പാലോട്-എരുക്കാട് റോഡ് - കരവാരം ഗ്രാമപഞ്ചായത്ത്.

## മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പി.എഫ്. പ്രശ്നം പരിഹരിക്കൽ

88 (2380) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പി.എഫ്. ക്രെഡിറ്റ് കാർഡ് വിതരണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; പി.എഫ്. തുക യഥാസമയം വരവുവയ്ക്കാത്തതിനാൽ ജീവനക്കാരുടെ അക്കൗണ്ടിൽ എത്താതിരിക്കുന്നതായുള്ള ആക്ഷേപം പരിഹരിക്കുമോ; ആയതിനുവേണ്ടി കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഡെപ്യൂട്ടേഷനിൽ പോയ ജീവനക്കാരുടെ പി.എഫ്. ചെക്കുകൾ യഥാസമയം അക്കൗണ്ടിൽ ചേർക്കാതിരിക്കുന്നകാര്യം പരിശോധിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) തിരുവനന്തപുരം നഗരസഭയിൽ പി.എഫ്. അഡ്വാൻസിന് അപേക്ഷിച്ച ജീവനക്കാരന്റെ ഫയൽ നമ്പർ 4575/തീയതി 6-4-2016 പ്രകാരമുള്ള അപേക്ഷ പരിഗണിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത അപേക്ഷ സമപ്പിച്ചതിനു ശേഷം നൽകിയ അപേക്ഷകളിൽ പി.എഫ്. അഡ്വാൻസ് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്കൊക്കെയാണെന്ന് അറിയിക്കാമോ; അപേക്ഷകളിൽ അനാവശ്യമായ കാലതാമസം ഒഴിവാക്കുന്നതിനും തീർപ്പുകൽപ്പിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുമോ ?

<u>ഉത്തരം</u>

(എ) ഇല്ല. കേരളത്തില നഗരസഭകളിലെ റഗുലർ വിഭാഗം ജീവനക്കാർക്ക് ക്രെഡിറ്റ് കാർഡ് നൽകിയിട്ടില്ല. 28 നഗരസഭകളിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് ക്രെഡിറ്റ് കാർഡ് നൽകിയിട്ടുണ്ട്. പി.എഫ്. തുക യഥാസമയം വരവ് വയ്ക്കാത്തത് സംബന്ധിച്ച ആക്ഷേപം ലഭിച്ചിട്ടുള്ളത് പരിശോധിച്ച് പരിഹരിക്കുവാൻ നഗരകാര്യ ഡയറക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. നഗരസഭകളിൽ നിന്ന് ലഭിക്കുന്ന സ്റ്റേറ്റ്മെന്റിൽ പി.എഫ്. സെക്ഷനിൽനിന്നും നേരിട്ട് ഡാറ്റാ എൻട്രി നടത്തുന്നതിന് ആവശ്യമായ സോഫ്റ്റ്‌വെയർ നൽകുന്നതിന് ഐ.കെ.എം.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഡെപ്യൂട്ടേഷനിൽ തുടരുന്ന ജീവനക്കാരുടെ പ്രൊവിഡന്റ് വിഹിതം ഒടുക്കു വരുത്തുന്ന മുറയ്ക്ക് അതാത് ജീവനക്കാരുടെ അക്കൗണ്ടിൽ ചേർത്തുവരുന്നുണ്ട്.

(സി) പ്രസ്തുത അപേക്ഷയിന്മേൽ വായ്പ അനുവദിക്കാതിരുന്നതിനുള്ള വിശദീകരണം തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയോട് നഗരകാര്യ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത അപേക്ഷ സമർപ്പിച്ചതിനുശേഷം സമർപ്പിച്ച അപേക്ഷകളിൽ താൽക്കാലിക വായ്പ അനുവദിച്ചതിന്റെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* പ്രൊവിഡന്റ് ഫണ്ട് അപേക്ഷകളിൽ അനാവശ്യമായ കാലതാമസം ഒഴിവാക്കുന്നതിനും തീർപ്പുകൽപ്പിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**തീർപ്പാക്കാതെ കിടക്കുന്ന വീട് നിർമ്മാണ പെർമിറ്റ് അപേക്ഷകൾ**

89 (2381) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരം മാറ്റം മുതലായ കാരണങ്ങളാൽ അംഗീകാരം നൽകാതെ നിരാകരിച്ചതോ വിവിധ സൂക്ഷ്മ പരിശോധനാ നടപടികളിലായി പെൻഡിംഗ് ആയി നിൽക്കുന്നതോ ആയ എത്ര വീട് നിർമ്മാണ പെർമിറ്റ് സംബന്ധിച്ച് അപേക്ഷകളാണ് കൊയിലാണ്ടി മണ്ഡലത്തിലെ നഗരസഭകൾ ഉൾപ്പെടെയുള്ള വിവിധ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ തീർപ്പാകാതെ കിടക്കുന്നതെന്ന് വിശദമാക്കാമോ; ഓരോ സ്ഥാപനത്തിലെയും അപേക്ഷകരുടെ പേര്, വിലാസം, കൃഷിഭവൻ, വില്ലേജ് എന്നിവ തിരിച്ച പട്ടിക ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകൾ നിരാകരിക്കാനോ അംഗീകാരം നൽകാതിരിക്കാനോ ഉള്ള കാരണങ്ങൾ പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ 26 അപേക്ഷകളും മൂടാടി ഗ്രാമപഞ്ചായത്തിൽ 36 അപേക്ഷകളും ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ 16 അപേക്ഷകളും തീർപ്പാക്കാനുണ്ട്. വിശദാംശം അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.* കൊയിലാണ്ടി നഗരസഭയിലെ ഭൂമി തരംമാറ്റുന്നതുമായി ബന്ധപ്പെട്ട് വീട് നിർമ്മാണത്തിനുള്ള അപേക്ഷകൾ തീർപ്പാക്കുവാനില്ല. പയ്യോളി നഗരസഭയിലെ തീർപ്പാക്കാനുള്ള 43 അപേക്ഷകളുടെ വിശദാംശങ്ങൾ അനുബന്ധം II (a) (b) - ൽ ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന അറവുശാലകൾ

90 (*T2382) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈസൻസില്ലാതെ വിവിധ തരം അറവുശാലകൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത അറവുശാലകളിൽനിന്നും ഗുണനിലവാരമില്ലാത്തതും, ചത്തതും, രോഗബാധിതവും, വൃത്തിഹീനവുമായ ആടുമാടുകളുടെ മാംസം വില്ക്കുന്നത് കാരണം മാരകമായ രോഗങ്ങൾ പരക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) അമിത ലാഭം ലക്ഷ്യമിട്ട് ആടുമാടുകളെ കുത്തിവെയ്പ്പ് നടത്തി കൃത്രിമമായി തൂക്കം കൂട്ടി മാംസം വിറ്റ് ജനങ്ങളെ രോഗികളാക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ച് ഇതിനെതിരെ എന്തൊക്കെ നടപടി സ്വീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ;

(ഡി) ഗുണനിലവാരമുള്ള ആടുമാടുകളുടെ മാംസം ലഭ്യമാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കും എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ലൈസൻസില്ലാതെ 369 അറവുശാലകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. പരിശോധനയിൽ ഗുരുതരമായ വീഴ്ച കണ്ടെത്തിയ 32 അനധികൃത അറവുശാലകളുടെ പ്രവർത്തനം ഇതിനകം നിർത്തിവയ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ അനധികൃതമായി പ്രവർത്തിക്കുന്ന അറവുകേന്ദ്രങ്ങളെ കണ്ടെത്തി നടപടി സ്വീകരിക്കണമെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നൽകിയ നിർദ്ദേശപ്രകാരം 262 പേർക്ക് നോട്ടീസ് നൽകുകയും 21 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഗുണനിലവാരമുള്ള മാംസം ജനങ്ങളിൽ എത്തിക്കുന്നതിനായി ആധുനിക സംവിധാനമുള്ള അറവുശാലകൾ നിർമ്മിക്കുന്നതിന് ശുചിത്വമിഷൻ സാങ്കേതിക സഹായവും പഞ്ചായത്ത് നഗരകാര്യ വകുപ്പുകൾ സാമ്പത്തിക സഹായവും നൽകുന്നു. ആധുനിക അറവുശാലകളുടെ നിർമ്മാണത്തിന് നടപ്പ് സാമ്പത്തിക വർഷം നഗരകാര്യ വകുപ്പിന് 10 കോടി രൂപയും പഞ്ചായത്ത് വകുപ്പിന് 5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. മൃഗങ്ങളുടെ ഗുണനിലവാരം വെറ്ററിനറി ഡോക്ടർ ഉറപ്പുവരുത്തിയതിനുശേഷം മാത്രമാണ് അതിനെ അറവിനായി ഉപയോഗിക്കുന്നത്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ

91 (2383) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പുതിയ വാർഡുകൾ രൂപീകരിച്ചിട്ടും അതിനനുസരിച്ച് ജോലിഭാരം വർധിച്ചിട്ടും ഇപ്പോഴും പഴയ സ്റ്റാഫ് പാറ്റേൺതന്നെ നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മലപ്പുറം മണ്ഡലത്തിലെ ഒരു നഗരസഭയിലെയും 5 പഞ്ചായത്തുകളിലെയും സ്റ്റാഫ് പാറ്റേൺ എന്നാണ് അവസാനം പുതുക്കി നിശ്ചയിച്ചതെന്നും അവ കാലോചിതമായി പരിഷ്ക്കരിക്കുവാൻ നടപടികൾ സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിൽ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് പഠനം നടത്തി പുതുക്കേണ്ടതാണെന്ന് 9-ാം ശമ്പള കമ്മീഷൻ ശിപാർശ ചെയ്തിരുന്നു. ഇതിനെ തുടർന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറും അന്നത്തെ പഞ്ചായത്ത് ഡയറക്ടറും ഉൾപ്പെടുന്ന രണ്ടംഗ സമിതി പഠനം നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ഗ്രാമപഞ്ചായത്തുകളിൽ 7-2-2013-ലെ സ.ഉ.(എംഎസ്.) നമ്പർ 51/2013/തസ്വഭവ. പ്രകാരം 864 അസിസ്റ്റന്റ് സെക്രട്ടറി, 990 ക്ലർക്ക് തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ 1982-ലെ സ്റ്റാഫ് പാറ്റേൺ ആണ് നിലവിലുള്ളത്. എന്നാൽ 1982-ന് ശേഷം അക്കൗണ്ടന്റ്, അസിസ്റ്റന്റ് സെക്രട്ടറി, ക്ലർക്ക് തസ്തികകൾ വിവിധ ഘട്ടങ്ങളിൽ അനുവദിച്ചിട്ടുണ്ട്. സ്റ്റാഫ് പാറ്റേൺ സമഗ്രമായി നാളിതുവരെ പുനർനിർണ്ണയിച്ചിട്ടില്ല. മലപ്പുറം നഗരസഭയിലെ സ്റ്റാഫ് പാറ്റേൺ അവസാനമായി പുതുക്കി നിശ്ചയിച്ചിട്ടുള്ളത് 12-4-1990-ലാണ്. ഗ്രേഡ് ഉയർത്തിയ നഗരസഭകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കിനിശ്ചയിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അലവൻസുകളും ഓണറേറിയവും യാത്രാബത്തയും

92 (2384) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് നൽകി വരുന്ന അലവൻസുകളും ഓണറേറിയവും യാത്രാബത്തയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവർക്ക് പെൻഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഏതെങ്കിലും ഫയൽ സർക്കാരിന്റെ മുമ്പിലുണ്ടോ; വിശദവിവരം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാർക്ക് 6,600 രൂപയും വൈസ് പ്രസിഡന്റുമാർക്ക് 5,300 രൂപയും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്ക് 4100 രൂപയും അംഗങ്ങൾക്ക് 3,500 രൂപയുമാണ് ഓണറേറിയമായി നൽകി വരുന്നത്. യോഗങ്ങളിൽ പങ്കെടുക്കുന്നതിനുള്ള ഹാജർ ബത്തയായി പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർക്ക് 75 രൂപയും (മാസപരിധി 360 രൂപ) മറ്റ് അംഗങ്ങൾക്ക് 60 രൂപയും (മാസപരിധി 300 രൂപയും) ആണ്. ബ്ലോക്ക് പഞ്ചായത്തുകളിലെ പ്രസിഡന്റുമാർക്ക് 7,300 രൂപയും വൈസ് പ്രസിഡന്റുമാർക്ക് 6,000 രൂപയും ചെയർമാൻമാർക്ക് 4,400 രൂപയും അംഗങ്ങൾക്ക് 3,800 രൂപയുമാണ് ഓണറേറിയമായി നൽകി വരുന്നത്. യോഗങ്ങളിൽ പങ്കെടുക്കുന്നതിനുള്ള ഹാജർബത്തയായി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്,

വൈസ് പ്രസിഡന്റ്, ചെയർമാൻ എന്നിവർക്ക് 75 രൂപയും (പരമാവധി 360 രൂപ) മറ്റ് അംഗങ്ങൾക്ക് 60 രൂപയും (പരമാവധി 300 രൂപയും) ആണ്. മുനിസിപ്പാലിറ്റികളിലെ ചെയർമാൻമാർക്ക് 7,300 രൂപയും ഡെപ്യൂട്ടി ചെയർമാൻമാർക്ക് 6,000 രൂപയും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്ക് 4,400 രൂപയും അംഗങ്ങൾക്ക് 3800 രൂപയുമാണ് ഓണറേറിയമായി നൽകി വരുന്നത്. യോഗങ്ങളിൽ പങ്കെടുക്കുന്നതിനുള്ള ഹാജർബത്തയായി ചെയർമാൻ, ഡെപ്യൂട്ടി ചെയർമാൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർക്ക് 75 രൂപയും (പരമാവധി 360 രൂപ) കൗൺസിലർമാർക്ക് 60 രൂപയും (പരമാവധി 300 രൂപയും) ആണ്. കോർപ്പറേഷനുകളിലെ മേയർക്ക് 7,900 രൂപയും ഡെപ്യൂട്ടി മേയർക്ക് 6,600 രൂപയും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്ക് 4,700 രൂപയും അംഗങ്ങൾക്ക് 4,100 രൂപയുമാണ് ഓണറേറിയമായി നൽകിവരുന്നത്. യോഗങ്ങളിൽ പങ്കെടുക്കുന്നതിനുള്ള ഹാജർബത്തയായി മേയർ, ഡെപ്യൂട്ടി മേയർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർക്ക് 75 രൂപയും (പരമാവധി 360 രൂപ) കൗൺസിലർമാർക്ക് 60 രൂപയും (പരമാവധി 300 രൂപയും) ആണ്. 1995-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ചട്ടങ്ങൾ പ്രകാരവും കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥയനുസരിച്ചും അർഹതപ്പെട്ട നിരക്കിലുള്ള യാത്രാബത്തയ്ക്കും ദിനബത്തയ്ക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(ബി) ഉണ്ട്. ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

**ഗ്രാമപഞ്ചായത്ത് മുൻ അംഗങ്ങൾക്ക് പെൻഷൻ**

93 (2385) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് മുൻ അംഗങ്ങൾക്ക് പെൻഷൻ ഏർപ്പെടുത്തേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത് എന്നതറിയിക്കാമോ?

<u>ഉത്തരം</u>

(എ &ബി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**ക്ഷേമപെൻഷനുകൾ**

94 (2386) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോസ്റ്റാഫീസ് വഴി വൃദ്ധജനങ്ങൾക്ക് നൽകിയിരുന്ന ക്ഷേമപെൻഷനുകൾ ബാങ്കുകളിലെത്തി വാങ്ങണമെന്ന് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ വ്യവസ്ഥയുണ്ടാക്കിയതുമൂലം വയോധികരായ പെൻഷൻകാർ ബാങ്കുകളിലെത്തി ക്യൂ നിൽക്കുന്നതും ബാങ്കുകൾ ഇവരെ ക്യൂവിൽ നിർത്തി പീഡിപ്പിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പെൻഷനുകൾ പോസ്റ്റാഫീസ്‌വഴി നൽകാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ ;

(ബി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലയളവിൽ, വിവിധ തൊഴിലാളി പെൻഷനുകൾക്കായി നൽകിയ അപേക്ഷകളിൽ, തീരുമാനമാകാത്തവ എത്ര വീതമെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ ;

(സി) യു.ഡി.എഫ്. സർക്കാർ ഭരണമൊഴിയുമ്പോൾ വിവിധ പെൻഷനുകളിൽ നൽകാനുണ്ടായിരുന്ന കുടിശ്ശികയുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ബാങ്ക് അക്കൗണ്ട്, മണി ഓർഡർ, പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് എന്നിവയിൽ ഗുണഭോക്താവ് തെരഞ്ഞെടുക്കുന്ന മാർഗ്ഗത്തിലൂടെയാണ് ക്ഷേമ പെൻഷനുകൾ ഡി.ബി.ടി. മുഖാന്തരം അയയ്ക്കുന്നത്. ബാങ്ക് അക്കൗണ്ട് മുഖാന്തരം പെൻഷൻ സ്വീകരിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുവെന്ന തരത്തിൽ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബാങ്ക് അക്കൗണ്ട് കൈകാര്യം ചെയ്യുന്നതിന് ബുദ്ധിമുട്ടുള്ളവർക്ക് മണി ഓർഡർ സംവിധാനം ഉപയോഗപ്പെടുത്താവുന്നതാണ്. സാമൂഹ്യക്ഷേമ പെൻഷനുകൾ ഗുണഭോക്താക്കളുടെ വീടുകളിൽ എത്തിക്കുന്നത് സംബന്ധിച്ച് പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ഫീൽഡ്തല സർവ്വേ കുടുംബശ്രീ പ്രവർത്തകർ മുഖേന ആരംഭിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലയളവിൽ 2544 കർഷക തൊഴിലാളി പെൻഷൻ അപേക്ഷകളിന്മേൽ നടപടി പൂർത്തീകരിക്കാനുണ്ട്.

(സി) 1. ഇന്ദിരാഗാന്ധി ദേശീയ
വാർദ്ധക്യകാല പെൻഷൻ - 6,00,39,80,400 രൂപ

| | | | |
|---|---|---|---|
| 2. | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | - | 34,76,44,100 രൂപ |
| 3. | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | - | 2,58,11,86,400 രൂപ |
| 4. | 50 വയസ്സുകഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | - | 12,38,96,000 രൂപ |
| 5. | കർഷക തൊഴിലാളി പെൻഷൻ | - | 41,23,44,000 രൂപ |
| | ആകെ | | 9,46,90,50,900 രൂപ |

**ഗ്രാമപഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ**

95 (2387) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ സമയബന്ധിതമായി പുതുക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും പുതുക്കിയ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നിട്ടുണ്ടോ (2015-ലെ വാർഡ് അടിസ്ഥാനത്തിൽ) എന്ന് അറിയിക്കാമോ;

(സി) ഇല്ലെങ്കിൽ ഇതിനുവേണ്ടി നടപ്പാക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ 1982-ലെ സ്റ്റാഫ് പാറ്റേണാണ് നിലവിലുള്ളത്. ഗ്രാമപഞ്ചായത്തുകളിൽ സ്റ്റാഫ് പാറ്റേൺ പുതുക്കേണ്ടതാണെന്ന 9-ാം ശമ്പള കമ്മീഷൻ ശിപാർശയെത്തുടർന്ന് സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, പഞ്ചായത്ത് ഡയറക്ടർ എന്നിവർ ഉൾപ്പെടുന്ന രണ്ടംഗ സമിതി പഠനം നടത്തുകയും മേൽ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിൽ 864 അസിസ്റ്റന്റ് സെക്രട്ടറി തസ്തികകളും 990 ക്ലർക്ക് തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. സ്റ്റാഫ് പാറ്റേൺ സമഗ്രമായി നാളിതുവരെ പുനർ നിർണ്ണയിച്ചിട്ടില്ല.

**ഐ.എ.വൈ. പദ്ധതിപ്രകാരം പൂർത്തീകരിച്ച വീടുകൾ**

96 (2389) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ഐ.എ.വൈ. പദ്ധതി പ്രകാരം എത്ര വീടുകൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; എത്ര വീടുകൾ പൂർത്തീകരിച്ചു;

(ബി) ഐ.എ.വൈ. പദ്ധതി പ്രകാരം കഴിഞ്ഞ വർഷം അനുവദിക്കപ്പെട്ട വീടുകൾക്ക് സംസ്ഥാന സർക്കാരും പട്ടികജാതി പട്ടികവർഗ്ഗ വകുപ്പും നൽകേണ്ട ധനവിഹിതം കൃത്യമായി നൽകിയിരുന്നോ; വിശദാംശങ്ങൾ നൽകാമോ;

(സി) ഐ.എ.വൈ. പദ്ധതി പിൻവലിച്ച് ആവിഷ്കരിച്ച പി.എം.എ.വൈ. പദ്ധതിയിൽ കേരളത്തിന് അർഹമായ പരിഗണന ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) ഐ.എ.വൈ. പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട് നിർമ്മാണം പകുതി വഴിയിലായ ഭവനങ്ങളുടെ പൂർത്തീകരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം (2015-16) ആകെ 59,060 വീടുകളാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ ആകെ 14,586 വീടുകളാണ് പൂർത്തീകരിച്ചിട്ടുള്ളത്.

(ബി) 2015-16 വർഷത്തെ ഇന്ദിര ആവാസ് യോജന സംസ്ഥാന വിഹിതം രണ്ടാം ഗഡുവായി എസ്.സി.പി. ഇനത്തിൽ 12,77,29,034 രൂപയും റ്റി.എസ്.പി. ഇനത്തിൽ 6,03,80,700 രൂപയും സംസ്ഥാന സർക്കാർ അനുവദിക്കാനുണ്ട്. ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തികവർഷം അനുവദിച്ച വീടുകൾക്ക് സംസ്ഥാന സർക്കാർ അധിക ധനസഹായമായി 50,000 രൂപ വീതം വീടൊന്നിന് നൽകേണ്ടതുണ്ടായിരുന്നു. 2012-13 മുതൽ 2015-16 വരെയുള്ള ബാദ്ധ്യത പരിഹരിക്കുന്നതിനായി സർക്കാർ 500 കോടി രൂപ അനുവദിക്കുകയും ഇതിൽ 400 കോടി രൂപ മൂന്ന് ഗഡുക്കളായി റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ തുക ഗ്രാമ വികസന കമ്മീഷണറേറ്റിൽനിന്നും ജില്ലാ ദാരിദ്ര ലഘൂകരണ വിഭാഗം

പ്രോജക്ട് ഡയറക്ടർമാർവഴി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക് അനുവദിച്ച് നൽകിയിട്ടുള്ളതാണ്. ഈ ഇനത്തിൽ ഇനി ബാദ്ധ്യതയായി നിൽക്കുന്ന തുക 161.88 കോടി രൂപയാണ്. 2015-16 വർഷം പട്ടികജാതി വികസന വകുപ്പിൽ നിന്നും 182.85 കോടി രൂപയും പട്ടിക വികസനവകുപ്പിൽനിന്നും 93.37 കോടി രൂപയും ധനസഹായമായി ലഭിക്കുവാനുണ്ട്.

(സി) ഇല്ല. ഇന്ദിര ആവാസ് യോജന പദ്ധതിക്ക് പകരം ആവിഷ്കരിച്ച പി.എം.എ.വൈ. (ജി) പദ്ധതിപ്രകാരം 2016-17 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ കേരളത്തിന് അനുവദിച്ച വീടുകളുടെ ഭൗതികലക്ഷ്യം മുൻ വർഷങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. കൂടാതെ പൊതുവിഭാഗത്തിന് വീടുകളൊന്നും അനുവദിച്ചിട്ടുമില്ല.

(ഡി) ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതിയിൽ പകുതി വഴിയിലായ വീടുകളുടെ പൂർത്തീകരണത്തിനായി അടിയന്തര തുടർനടപടികൾ സ്വീകരിക്കാനായി ജില്ല/ബ്ലോക്ക് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന വീടുകൾ സന്നദ്ധ സംഘടനകളുടെ കൂടി സഹായത്താൽ പൂർത്തീകരിക്കാനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഗ്രാമവികസന വകുപ്പിന്റെ കീഴിലുള്ള വിവിധ തസ്തികകളിലേക്കുള്ള നിയമനം

97 (2390) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൻ കീഴിൽ ഏതെല്ലാം തസ്തികകളിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകളാണ് നിലവിലുള്ളതെന്ന് അറിയുമോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട് എന്നും എത്ര ഒഴിവുകൾ നിലവിലുണ്ട് എന്നും വെളിപ്പെടുത്താമോ ;

(സി) യഥാസമയം പ്രൊമോഷൻ നൽകി ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാരുടെ റാങ്ക് ലിസ്റ്റിൽനിന്നും കൂടുതൽ നിയമനം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) <u>ജില്ലാതലത്തിൽ നിലവിലുള്ള റാങ്ക് ലിസ്റ്റുകൾ</u> :

1. തിരുവനന്തപുരം - വി.ഇ.ഒ. ഗ്രേഡ് - II
2. കൊല്ലം - വി.ഇ.ഒ. ഗ്രേഡ് - II, ഓഫീസ് അറ്റന്റന്റ്
3. പത്തനംതിട്ട – വി.ഇ.ഒ. ഗ്രേഡ് - II
4. ആലപ്പുഴ – വി.ഇ.ഒ. ഗ്രേഡ് - II, ക്ലാർക്ക്, ഓഫീസ് അറ്റന്റന്റ്, ടൈപ്പിസ്റ്റ്
5. കോട്ടയം - ക്ലാർക്ക്, ഓഫീസ് അറ്റന്റന്റ്
6. ഇടുക്കി - ക്ലാർക്ക്, ഓഫീസ് അറ്റന്റന്റ്
7. എറണാകുളം - വി.ഇ.ഒ. ഗ്രേഡ് - II, ക്ലാർക്ക്, ഓഫീസ് അറ്റന്റന്റ്, ടൈപ്പിസ്റ്റ് , ഡ്രൈവർ
8. തൃശ്ശൂർ - വി.ഇ.ഒ. ഗ്രേഡ് - II
9. പാലക്കാട് - വി.ഇ.ഒ. ഗ്രേഡ് - II, ക്ലാർക്ക്, ഓഫീസ് അറ്റന്റന്റ്, ടൈപ്പിസ്റ്റ്
10. മലപ്പുറം - വി.ഇ.ഒ. ഗ്രേഡ് - II, ക്ലാർക്ക്, ഓഫീസ് അറ്റന്റന്റ്, ടൈപ്പിസ്റ്റ്
11. കോഴിക്കോട് - വി.ഇ.ഒ. ഗ്രേഡ് - II
12. വയനാട് - വി.ഇ.ഒ. ഗ്രേഡ് - II
13. കണ്ണൂർ - വി.ഇ.ഒ. ഗ്രേഡ് - II
14. കാസർഗോഡ് - വി.ഇ.ഒ. ഗ്രേഡ് - II

(ബി) 1. തിരുവനന്തപുരം - വി.ഇ.ഒ. ഗ്രേഡ് - II- ഒഴിവുകളുടെ എണ്ണം- 42, നിയമനം നടത്തിയിട്ടില്ല.

2. കൊല്ലം - വി.ഇ.ഒ ഗ്രേഡ് - II തസ്തികയിൽ 47 പേർക്ക് അഡ്വൈസ് ലഭ്യമാക്കിയിട്ടുണ്ട്. 49 ഒഴിവുകൾ പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ചെയ്തത് ഓഫീസ് അറ്റന്റന്റ് - 4

3. പത്തനംതിട്ട – വി.ഇ.ഒ. ഗ്രേഡ് - II – ഒഴിവുകളുടെ എണ്ണം - 55,

നിയമന ശിപാർശ ചെയ്തത് - 53

4. ആലപ്പുഴ – വി.ഇ.ഒ. ഗ്രേഡ് - II, ഒഴിവുകളുടെ എണ്ണം - 20, നിയമന ശിപാർശ ചെയ്തത് - 0

ക്ലാർക്ക്, ഒഴിവുകളുടെ എണ്ണം - 3, നിയമന ശിപാർശ ചെയ്തത് - 0

ഓഫീസ് അറ്റന്റന്റ്, ഒഴിവുകളുടെ എണ്ണം - 4, നിയമന ശിപാർശ ചെയ്തത് - 3

ടൈപ്പിസ്റ്റ് ഒഴിവുകളുടെ എണ്ണം - 0, നിയമനം നൽകിയത് - 3, ശിപാർശ ചെയ്തത് - 0

5. കോട്ടയം - നിയമനങ്ങൾ ക്ലാർക്ക്-2, ടൈപ്പിസ്റ്റ്-5, ഡ്രൈവർ-2, ഓഫീസ് അറ്റന്റന്റ്-4 നിലവിലുള്ള ഒഴിവുകൾ ക്ലർക്ക് -1, ടൈപ്പിസ്റ്റ് - 1, വി.ഇ.ഒ -33

6. ഇടുക്കി - നിയമനം ഇല്ല. ഒഴിവുകൾ ഓഫീസ് അറ്റന്റന്റ്, -1, വി.ഇ.ഒ – 56, നിയമനം ഇല്ല.

7. എറണാകുളം - നിയമനങ്ങൾ വി.ഇ.ഒ. ഗ്രേഡ് - II - 153, ക്ലർക്ക്-23,ടൈപ്പിസ്റ്റ് -3, ഓഫീസ് അറ്റന്റന്റ് - 20, വാച്ച് മാൻ - 1 നിലവിലുള്ള ഒഴിവുകൾ ക്ലർക്ക് -1, ടൈപ്പിസ്റ്റ്-1, ഡ്രൈവർ-3, അറ്റന്റന്റ്-1

8. തൃശ്ശൂർ - നിയമനം നൽകിയത് - 0, വി.ഇ.ഒ. തസ്തികയിൽ 42 ഒഴിവുകൾ

9. പാലക്കാട് - വി.ഇ.ഒ. ഗ്രേഡ് - II ഒഴിവുകളുടെ എണ്ണം -61, നിയമന ശിപാർശ ചെയ്തത് -0

ക്ലാർക്ക്- ഒഴിവുകളുടെ എണ്ണം -1, നിയമന ശിപാർശ ചെയ്തത്- 1

ഓഫീസ് അറ്റന്റന്റ് - ഒഴിവുകളുടെ എണ്ണം -16 നിയമന ശിപാർശ ചെയ്തത് - 16

ടൈപ്പിസ്റ്റ് - ഒഴിവുകളുടെ എണ്ണം - 6, നിയമനം നൽകിയത്- 6, ശിപാർശ ചെയ്തത് - 0

10. മലപ്പുറം - ക്ലാർക്ക് - ഒഴിവുകളുടെ എണ്ണം - 9,ഓഫീസ് അറ്റന്റന്റ്-7, ടൈപ്പിസ്റ്റ് -9
11. കോഴിക്കോട് - നിയമനം നൽകിയത്-0, ഒഴിവുകളുടെ എണ്ണം- 26
12. വയനാട് - ഇല്ല.
13. കണ്ണൂർ - നിയമനം നൽകിയത് -0, വി.ഇ.ഒ. ഗ്രേഡ് - II, ഒഴിവുകളുടെ എണ്ണം - 33
14. കാസർഗോഡ് - വി.ഇ.ഒ. ഗ്രേഡ് - II, ഒഴിവുകളുടെ എണ്ണം - 7, നിയമനം നടത്തിയത് - 0

(സി) ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ല.

**ഗ്രാമവികസന വകുപ്പിന്റെ അധീനതയിലുള്ള സ്ഥലവും കെട്ടിടങ്ങളും**

98 (2391) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളിയിൽ ഗ്രാമവികസന വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്തും കെട്ടിടങ്ങളിലും ഇപ്പോൾ ഏതെങ്കിലും സ്ഥാപനങ്ങളോ സർക്കാർ വകുപ്പുകളോ പ്രവർത്തിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഏതെങ്കിലും പ്രത്യേക വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും പ്രസ്തുത സ്ഥലവുമായി ബന്ധപ്പെട്ട് കേസ് നിലവിലുണ്ടോയെന്നുമുള്ള വസ്തുതകൾ വിശദമാക്കാമോ;

(സി) മൃഗസംരക്ഷണവകുപ്പിന് പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടോയെന്നും നിലവിൽ കെട്ടിടം നിർമ്മിക്കുന്നതിന് തടസ്സമുണ്ടോയെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. കേരള സ്റ്റേറ്റ് മൈനോറിറ്റി വെൽഫയർ ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള മുസ്ലീം യൂത്ത് പരിശീലന കേന്ദ്രവും മൃഗാശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. ഇടക്കുളങ്ങര ദേവസ്വവുമായി ബന്ധപ്പെട്ട് ഒരു കേസ് നിലവിലുണ്ട്.

(സി) മൃഗസംരക്ഷണ വകുപ്പിന് പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ അനുമതി ലഭിച്ചിട്ടില്ല. നിലവിൽ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാരിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്.

## പി.എം.ജി.എസ്.വൈ. - 2

99 (2392) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. - 2 പ്രകാരം മുൻസർക്കാരിന്റെ കാലത്ത് (2011-16) എത്ര കി.മീ. റോഡ് നിർമ്മിക്കുന്നതിനാണ് കേന്ദ്ര സർക്കാർ അനുവാദം നൽകിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പി.എം.ജി.എസ്.വൈ. -2 പ്രകാരം 2011-16 കാലയളവിൽ എത്ര തുകയാണ് കേന്ദ്ര സർക്കാർ ഇതുവരെ അനുവദിച്ചത് എന്നും ഫണ്ട് സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ആയതിന്റെ കാരണവും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പി.എം.ജി.എസ്.വൈ. - 2 പ്രകാരം സംസ്ഥാനത്തിന് 570 കിലോമീറ്റർ റോഡിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് മുൻ സർക്കാരിന്റെ കാലത്ത് കേന്ദ്ര സർക്കാരിൽനിന്നും അനുമതി ലഭിച്ചിട്ടുള്ളത്.

(ബി) പി.എം.ജി.എസ്.വൈ. - 2 പ്രകാരം സംസ്ഥാനത്തിന് തുകയൊന്നും അനുവദിച്ചിട്ടില്ല. കേന്ദ്ര സർക്കാരിൽ സമർപ്പിച്ച പ്രോജക്ടുകൾക്ക് അന്തിമമായ അംഗീകാരം ലഭിച്ചതിനുശേഷം മാത്രമേ തുക അനുവദിക്കുകയുള്ളൂ.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് വിഹിതവും ചെലവും

100 (2393) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011 മെയ് മുതൽ 2016 മെയ് വരെയുള്ള കാലയളവിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ളാൻ & നോൺ പ്ളാൻ എന്നിവയിലുള്ള ബഡ്ജറ്റ് വിഹിതത്തിന്റേയും ചെലവിന്റേയും വർഷം തിരിച്ചുള്ള സ്റ്റേറ്റ്മെന്റ് നൽകാമോ?

<u>ഉത്തരം</u>

2011-12 മുതൽ 2016-17 വരെയുള്ള ബഡ്ജറ്റ് വിഹിതം.

(തുക കോടിയിൽ)

| ഇനം | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 |
|---|---|---|---|---|---|---|
| പൊതു ആവശ്യഫണ്ട് | 659.51 | 735.26 | 900.15 | 1052.68 | 1119.83 | 1233.14 |
| റോഡ് സംരക്ഷണ ഫണ്ട് | 506.58 | 707.13 | 928.4 | 1032.45 | 1171.73 | 1291.86 |
| റോഡിതര സംരക്ഷണ ഫണ്ട് | 207.86 | 331.44 | 458.59 | 510 | 574.49 | 645.93 |
| വികസന ഫണ്ട് | 2554.3 | 3046.32 | 3989.05 | 4912.34 | 4798.73 | 5500 |
| അധിക ധനാനുമതി | | 6.62 | | | | |
| ആകെ തുക | 3928.25 | 4826.77 | 6276.19 | 7507.47 | 7664.78 | 8670.93 |

പ്ലാൻ & നോൺ പ്ലാൻ ചെലവ് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ശേഖരിച്ച് നൽകുന്നതാണ്.

**മലയോര വികസന പദ്ധതി**

101 (2394) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാഡ (HADA) രൂപീകരിക്കപ്പെട്ടതിനുശേഷം നാളിതുവരെ എത്ര തുകയ്ക്കുള്ള വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കിയിട്ടുള്ളത് എന്നും അവയുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ എന്നും വ്യക്തമാക്കാമോ;

(ബി) റാന്നി നിയോജകമണ്ഡലത്തിൽ നാളിതുവരെ മലയോര വികസന ഏജൻസിയുടെ യാതൊരു പദ്ധതിയും നടപ്പിലാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നത് ഏത് വകുപ്പ് മുഖേനയാണെന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) മലയോര വികസന ഏജൻസി രൂപീകരിച്ചതിനുശേഷം നാളിതുവരെ 21,705.21 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ഭരണാനുമതി നൽകി നടപ്പിലാക്കി വരുന്നത്. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലയോര വികസന ഏജൻസികളുടെ പ്രവർത്തന പരിധിയിൽ റാന്നി നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്തും നിലവിൽ ഉൾപ്പെടുന്നില്ല.

(സി) ഇതിനുള്ള നിർദ്ദേശങ്ങൾ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് മുഖേന സമർപ്പിക്കേണ്ടതാണ്.

## ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതി

102 (2395) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ന്യൂനപക്ഷ ക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികളെയും ലഭ്യമാക്കി വരുന്ന ആനുകൂല്യങ്ങളെയും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾ

103 (2396) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് എന്നാണ് ആരംഭിച്ചതെന്നും, വകുപ്പുവഴി എന്തൊക്കെ ന്യൂനപക്ഷക്ഷേമപ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്നും, ഇതിന്റെ കീഴിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ടോയെന്നും, ജില്ലകൾ തോറും ഇവയുടെ പ്രവർത്തനത്തിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും, വകുപ്പിന്റെ ഘടനയടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ന്യൂനപക്ഷ ക്ഷേമ കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ; കോർപ്പറേഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) ഇവയ്ക്ക് ജില്ലാ ഓഫീസുകളോ റീജിയണൽ ഓഫീസുകളോ ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) എന്തൊക്കെ പദ്ധതികളാണ് കോർപ്പറേഷൻവഴി നടപ്പാക്കുന്നത്; ഇവയുടെ അപേക്ഷയുടെ മാതൃക സഹിതം വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു.*

(ബി) വകുപ്പിന് കീഴിൽ ന്യൂനപക്ഷക്ഷേമ കോർപ്പറേഷൻ രൂപീകരിച്ചിട്ടില്ല. എന്നാൽ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ട്. ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹിക സാംസ്കാരിക സാമ്പത്തിക വിദ്യാഭ്യാസ ഉന്നമനത്തിനും ന്യൂനപക്ഷങ്ങളിൽ ദുർബലരായ ജനവിഭാഗത്തിന്റെ ജീവിത നിലവാരം ഉയർത്തിക്കൊണ്ട് വരുന്നതിനും ഏറ്റവും കുറഞ്ഞ പലിശ നിരക്കിൽ വായ്പയും ധനസഹായവും നൽകുക എന്നതാണ് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ലക്ഷ്യം.

(സി) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ഹെഡ് ആഫീസ് കോഴിക്കോടും റീജിയണൽ ആഫീസുകൾ എറണാകുളം, തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് എന്നിവിടങ്ങളിലുമാണ്.

(ഡി) അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.*

## ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവന പദ്ധതി

104 (2397) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി അനുസരിച്ച് ആനുകൂല്യം ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) കണ്ണൂർ ജില്ലയിൽ 2016 - 17 വർഷത്തേയ്ക്ക് എത്ര വീടുകളാണ് മേൽ പദ്ധതി അനുസരിച്ച് അനുവദിച്ചിട്ടുള്ളതെന്നറിയിക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) വിധവ/വിവാഹമോചിത/ഉപേക്ഷിക്കപ്പെട്ട എന്നീ ന്യൂനപക്ഷ മത വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് നിലവിൽ ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്നുണ്ട്. ഈ പദ്ധതി ന്യൂനപക്ഷ ക്ഷേമവകുപ്പ് മുഖേനയാണ് നടപ്പിലാക്കിവരുന്നത്. വിശദാംശം അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.*

(സി) 2016-17 വർഷത്തേക്ക് ടി പദ്ധതിയനുസരിച്ച് വീടുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**പുതിയ എംപാർക്കേഷൻ പോയിന്റുകൾ**

105 (2398) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഹജ്ജ് കമ്മിറ്റിവഴി ഹജ്ജിനുപോകുന്ന തീർത്ഥാടകരുടെ സൗകര്യാർത്ഥം കൂടുതൽ എംപാർക്കേഷൻ പോയിന്റുകൾ സംസ്ഥാനത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കോഴിക്കോട് നിലവിലുണ്ടായിരുന്ന എംപാർക്കേഷൻ പോയിന്റ് നിലനിർത്തി കൊച്ചിയിൽ ഉൾപ്പെടെ പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കോഴിക്കോട് വിമാനത്താവളമാണ് 2014 വരെ ഹജ്ജിനുള്ള എംപാർക്കേഷൻ പോയിന്റായി ഉപയോഗിച്ചിരുന്നത്. എന്നാൽ 2015-ൽ കോഴിക്കോട് വിമാനത്താവളത്തിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിന്റെ ഭാഗമായി വലിയ വിമാനങ്ങൾ നിരോധിക്കുകയും ചെറിയ വിമാനങ്ങൾക്ക് സമയക്രമമേർപ്പെടുത്തുകയും ചെയ്തു. ഇതിനാൽ 2015-ലെയും 2016-ലെയും ഹജ്ജ് എമ്പാർക്കേഷൻ പോയിന്റ് നെടുമ്പാശ്ശേരി വിമാനത്താവളമാണ്. കോഴിക്കോട് വിമാനത്താവളത്തിൽ വലിയ വിമാനങ്ങൾ ലാന്റ് ചെയ്യുന്നതിന് നിയമം നിഷ്കർഷിക്കുന്ന സൗകര്യം നിലവിലില്ലെന്നാണ് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ നിലപാട്. കേരള സംസ്ഥാനത്തിന് ഒരു എമ്പാർക്കേഷൻ പോയിന്റാണ് അനുവദിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

### ഹജ്ജ് കർമ്മത്തിന് പോകുന്നവർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ

106 (2399) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതുമുതൽ ഹജ്ജ് കർമ്മത്തിന് സംസ്ഥാന ഹജ്ജ് കമ്മറ്റി മുഖേന എത്ര അപേക്ഷകൾ നാളിതുവരെ സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ എത്രപേർ ഹജ്ജ് പുണ്യകർമ്മത്തിന് സംസ്ഥാനത്തുനിന്നും പോയിട്ടുണ്ട്; ജില്ലതിരിച്ച് എണ്ണം വ്യക്തമാക്കാമോ?

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2011-16) എത്ര പേർ ഹജ്ജ് കർമ്മത്തിന് സംസ്ഥാനത്തുനിന്ന് പോയിട്ടുണ്ട്; ജില്ലതിരിച്ച് എണ്ണം വ്യക്തമാക്കാമോ;

(ഡി) ഈ ഇനത്തിൽ കഴിഞ്ഞ സർക്കാർ ചെലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഹജ്ജ് പുണ്യകർമ്മത്തിന് പോകുന്നവർക്ക് കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജിനുള്ള അപേക്ഷ ക്ഷണിക്കുകയോ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്തുനിന്നും ആരും തന്നെ ഹജ്ജ് കർമ്മത്തിന് പോയിട്ടില്ല.

(സി) ഹജ്ജിന് തെരഞ്ഞെടുക്കപ്പെട്ടവരുടെ ജില്ലതിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | ഹജ്ജ് തീർത്ഥാടകരുടെ എണ്ണം | | | | |
|---|---|---|---|---|---|---|
| | | 2012 | 2013 | 2014 | 2015 | 2016 |
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | ആലപ്പുഴ | 143 | 164 | 113 | 102 | 128 |
| 2 | എറണാകുളം | 582 | 468 | 386 | 409 | 765 |
| 3 | ഇടുക്കി | 107 | 96 | 70 | 64 | 92 |
| 4 | കണ്ണൂർ | 1136 | 1235 | 779 | 824 | 1215 |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 5 | കാസർഗോഡ് | 674 | 632 | 484 | 459 | 882 |
| 6 | കൊല്ലം | 210 | 173 | 180 | 132 | 211 |
| 7 | കോട്ടയം | 139 | 111 | 122 | 82 | 181 |
| 8 | കോഴിക്കോട് | 2713 | 2712 | 1668 | 1864 | 3129 |
| 9 | മലപ്പുറം | 1828 | 1858 | 1425 | 1459 | 2284 |
| 10 | പാലക്കാട് | 218 | 272 | 254 | 242 | 390 |
| 11 | പത്തനംതിട്ട | 39 | 29 | 25 | 25 | 40 |
| 12 | തിരുവനന്തപുരം | 175 | 128 | 161 | 156 | 175 |
| 13 | തൃശ്ശൂർ | 128 | 129 | 112 | 108 | 138 |
| 14 | വയനാട് | 354 | 391 | 275 | 295 | 314 |
| | ആകെ | 8446 | 8398 | 60 54 | 6221 | 9944 |

(ഡി) ഹാജിമാരുടെ യാത്രാച്ചെലവിനത്തിൽ സംസ്ഥാന സർക്കാർ ഫണ്ട് അനുവദിക്കാറില്ല. ഹജ്ജ് കമ്മിറ്റി ഓഫീസ് ആവശ്യങ്ങൾക്കും എസ്റ്റാബ്ലിഷ്മെന്റ് ആവശ്യങ്ങൾക്കുമാണ് സംസ്ഥാന സർക്കാർ ഗ്രാന്റ് അനുവദിക്കാറുള്ളത്. ഈ ഇനത്തിൽ കഴിഞ്ഞ സർക്കാർ അനുവദിച്ച തുക താഴെ കാണിച്ച പ്രകാരമാണ്.

1. 2011 - 41,37,000 രൂപ
2. 2012 - 40,69,000 രൂപ
3. 2013 - 82,73,000 രൂപ
4. 2014 - 92,57,000 രൂപ
5. 2015 - 89,12,000 രൂപ

(ഇ) ഈ വർഷം ഹജ്ജിന് പോകുന്ന ഓരോ 200 ഹാജിമാരുടെയും കൂടെ ഒരു ഹജ്ജ് വോളന്റിയറെ വീതം സൗദിയിലേക്കയയ്ക്കുന്നുണ്ട്. കൂടാതെ ഈ വർഷം നെടുമ്പാശ്ശേരിയിലെ ഹജ്ജ് ക്യാമ്പ് വളരെ വിപുലമായ രീതിയിൽ നടത്തുന്നതിനുള്ള സജ്ജീകരണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. 2016 ആഗസ്റ്റ് 21-ന് സംസ്ഥാന ഹജ്ജ് ക്യാമ്പ് നെടുമ്പാശ്ശേരി വിമാനത്താവളത്തിനടുത്ത് ആരംഭിക്കുകയും 22-ന് ആദ്യ ഹജ്ജ് വിമാനം സൗദിയിലേക്ക് പുറപ്പെടുകയും ചെയ്യത്തക്ക രീതിയിലാണ് സജ്ജീകരണങ്ങൾ നടന്നുവരുന്നത്.

**മാരിടൈം ബോർഡ്**

107 (2400) ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാരിടൈം ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദീകരിക്കുമോ;

(സി) ഇതിന്റെ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. തുറമുഖവകുപ്പ്, കേരളാ മാരിടൈം സൊസൈറ്റി, കേരളാ സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാന മാരിടൈം ബോർഡ് രൂപീകരിക്കുന്നതിനുള്ള ബിൽ 17-12-2014-ന് കേരള നിയമസഭ പാസാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചിരിക്കുകയാണ്.

(ബി) ചെറുകിട തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തന പരിപാലനം, പരിരക്ഷ തുടങ്ങി സംസ്ഥാന സർക്കാരിൽ ഇന്ത്യൻ തുറമുഖചട്ടങ്ങൾമൂലം നിക്ഷിപ്തമായ കർത്തവ്യങ്ങൾ, കപ്പൽ മന്ത്രാലയത്തിന്റെയും കപ്പൽ ഗതാഗത വകുപ്പിന്റെയും മറ്റും നിയമങ്ങൾ നടപ്പിലാക്കൽ, വിവിധതരത്തിലുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ യോഗ്യത നിർണ്ണയിച്ച് പരിശീലനവും സർട്ടിഫിക്കറ്റും നൽകൽ, വാണിജ്യവും നിയമപരവുമായ ചുമതലകൾ നിർവ്വഹിക്കൽ എന്നിവ വിവിധ വകുപ്പുകളെയും വിവിധ സ്ഥാപനങ്ങളെയും ഏകോപിപ്പിച്ച് കാര്യക്ഷമമായി നടപ്പിലാക്കുക എന്നതാണ് മാരിടൈം ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. തുറമുഖങ്ങളുടെ പ്രവർത്തനങ്ങളും തീരദേശ സുരക്ഷയും ഏകോപിപ്പിച്ച് നടപ്പിലാക്കാൻ സംസ്ഥാന മാരിടൈം ബോർഡിന് സാദ്ധ്യമാകും. ഇതിനായി ഇന്ത്യൻ നേവി, തീരദേശ സംരക്ഷണസേന തുടങ്ങിയവയുടെ പ്രാതിനിധ്യം മാരിടൈം ബോർഡിൽ ഉറപ്പാക്കിയിട്ടുണ്ട്.

(സി) തുറമുഖവകുപ്പ്, കേരള മാരിടൈം സൊസൈറ്റി, കേരളാ സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാന മാരിടൈം ബോർഡ് രൂപീകരിക്കുന്നതിനുള്ള ബില്ല് 17-12-2014-ന് കേരള നിയമസഭ പാസ്സാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചിരിക്കുകയാണ്.

**വിഴിഞ്ഞം തുറമുഖ പദ്ധതി**

108 (2401) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട് സർക്കാരിന്റെ കുളച്ചൽ-ഇനയം പദ്ധതിക്ക് കേന്ദ്ര സർക്കാർ തത്വത്തിൽ അനുമതി നൽകിയകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുളച്ചൽ-ഇനയം തുറമുഖം വരുന്നതിനാൽ വിഴിഞ്ഞം പദ്ധതി സാമ്പത്തിക ലാഭമുണ്ടാക്കാൻ ഇടയില്ലെന്ന് കണ്ട് ബാങ്കുകളുടെ കൺസോർഷ്യം പിൻമാറാൻ പോകുന്നുവെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) വിഴിഞ്ഞം പദ്ധതിക്ക് കിട്ടാതെ പോയ കേന്ദ്ര ആനുകൂല്യം ഇനയം പദ്ധതിക്ക് കേന്ദ്രം പ്രഖ്യാപിച്ചകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കുളച്ചൽ-ഇനയം പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ ആദ്യഘട്ടത്തിലെ വാഗ്ദാനം 6,000 കോടി രൂപയാണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ;

(ഇ) വിഴിഞ്ഞം പദ്ധതി നടപ്പാക്കുന്ന അദാനി ഗ്രൂപ്പിന് കേന്ദ്ര സഹായം 200 കോടി (ഇരുനൂറ്) യാണെന്നതിനാൽ ഈ തുക കൂട്ടി കിട്ടാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി&ഡി) ഉണ്ട്.

(ഇ) കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് സ്കീമിൽ തത്വത്തിൽ അംഗീകാരം ലഭിച്ച വിഴിഞ്ഞം പദ്ധതിക്കായി അദാനി ഗ്രൂപ്പിന് ലഭിക്കുന്ന കേന്ദ്ര സഹായം 817.8 കോടി രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്കീമിൽ തുക കൂട്ടിക്കിട്ടുക സാധ്യമല്ല.

**വിഴിഞ്ഞം തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾ**

109 (2402) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണ പദ്ധതിക്ക് അദാനി ഗ്രൂപ്പുമായി ഉണ്ടാക്കിയ മുൻ സർക്കാരിൻെറ ഉടമ്പടി പുനഃപരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ബി) നിലവിലുള്ള കരാർ പ്രകാരം ഭൂമി വിട്ടുകൊടുക്കുന്ന കേരള സംസ്ഥാന സർക്കാരിന് അതിൻേറതായ ന്യായമായ ലാഭ വിഹിതം ലഭിയ്ക്കുകയില്ല എന്ന ആക്ഷേപം പരിശോധനാ വിധേയമാക്കാൻ തയ്യാറുണ്ടോ; വിവരിക്കുമോ?

ഉത്തരം

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി ഉണ്ടാക്കിയ ഉടമ്പടിയിന്മേൽ ചില ആശങ്കകളും പരാതികളും ഉന്നയിക്കപ്പെട്ടിട്ടുണ്ട്. പദ്ധതി പ്രവർത്തനത്തിന് തടസ്സം വരാത്തവിധം സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിച്ചുകൊണ്ട് കരാർ നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) പരിശോധിക്കാവുന്നതാണ്.

**വിഴിഞ്ഞം രാജ്യാന്തര തുറമുഖം**

110 (2403) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖവുമായി ബന്ധപ്പെട്ട റെയിൽവേ ലൈനിനു വേണ്ടി സ്ഥലം ഏറ്റെടുക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി ഏതുവരെയായി എന്ന് വ്യക്തമാക്കുമോ;

(സി) നടപടിക്രമങ്ങൾ പൂർത്തിയായെങ്കിൽ സ്ഥലം എപ്പോൾ ഏറ്റെടുക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനായി അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം ഫിനാൻഷ്യൽ ക്ലോഷർ തീയതി (മേയ് 2016) മുതൽ രണ്ടുവർഷത്തിനകം റെയിൽവെ ലൈനിനുവേണ്ടി സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്.

(ബി&സി) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് തുറമുഖ റെയിൽപ്പാതയുടെ പ്രോജക്ട് റിപ്പോർട്ടിന് കേന്ദ്ര റെയിൽ മന്ത്രാലയത്തിന്റെ അംഗീകാരം നേടേണ്ടതുണ്ട്. ഇതിനായി റെയിൽപ്പാതയുടെ കരട് പ്രോജക്ട് റിപ്പോർട്ട് 'RVNL' മുഖാന്തിരം തയ്യാറാക്കിയിട്ടുണ്ട്. വിഴിഞ്ഞം പദ്ധതി പ്രദേശത്തുനിന്നും ആരംഭിച്ച് നിലവിലുള്ള നേമം റെയിൽവേ സ്റ്റേഷനിലേയ്ക്ക് യോജിപ്പിക്കുന്ന തരത്തിലാണ് പ്രോജക്ട് റിപ്പോർട്ട് 'RVNL' തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ 'Y' കണക്ഷൻ മുഖാന്തിരം പ്രസ്തുത തുറമുഖ റെയിൽപാതയെ ബാലരാമപുരം ഭാഗത്തേക്ക് ബന്ധിപ്പിക്കണമെന്ന് സതേൺ റെയിൽവേ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനിടെ കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയവുമായി 2016 ഫെബ്രുവരി 8-ന് ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ സഹായത്തോടെ പ്രസ്തുത റെയിൽപ്പാത നടപ്പിലാക്കുന്നതിനായി സാഗർമാല പദ്ധതികൾക്കനുസൃതമായി പ്രോജക്ട് റിപ്പോർട്ട് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ 'RVNL' മുഖാന്തിരം എടുത്തുവരുന്നു. പ്രോജക്ട് റിപ്പോർട്ടിൽ കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിന്റെയും കേന്ദ്ര റെയിൽ മന്ത്രാലയത്തിന്റെയും അനുമതി ലഭ്യമായാലേ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുവാനാകൂ.

**കുളച്ചൽ തുറമുഖം, വിഴിഞ്ഞം തുറമുഖത്തെ ബാധിക്കുമെന്ന വിലയിരുത്തൽ**

111 (2404) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാനുമതി ലഭിച്ചുവെന്ന് അറിയുവാൻ കഴിഞ്ഞ തമിഴ്നാട്ടിലെ കുളച്ചൽ തുറമുഖം, വിഴിഞ്ഞം തുറമുഖത്തെ ഏതെല്ലാം തരത്തിൽ സാമ്പത്തികവും സാമൂഹികമായും ബാധിയ്ക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇക്കാര്യത്തിൽ പരിഹാരം കാണുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്രമന്ത്രി സഭ തീരുമാനം വിശദമാക്കി 2016 ജൂലൈ 5-ാം തീയതി കേന്ദ്ര സർക്കാരിന്റെ പ്രസ് ഇൻഫർമേഷൻ ബ്യൂറോ പുറത്തിറക്കിയ കുറുപ്പിൽ ഇനയം തുറമുഖ പദ്ധതിക്കായി ഒരു പ്രത്യേക ഉദ്ദേശ്യ കമ്പനി രൂപീകരിക്കുമെന്നും ആ കമ്പനിയിൽ മേജർ തുറമുഖങ്ങളായ ചെന്നൈ, പോർട്ട് ട്രസ്റ്റ്,

വി.ഒ.സി. പോർട്ട് ട്രസ്റ്റ് (തൂത്തുക്കുടി), കാമരാജർ പോർട്ട് ലിമിറ്റഡ് (എണ്ണൂർ) എന്നിവയുടെ ഓഹരി പങ്കാളിത്തമുണ്ടാകുമെന്നും സൂചിപ്പിച്ചിട്ടുണ്ട്. വിഴിഞ്ഞം തീരത്ത് നിന്ന് കേവലം 30 കിലോ മീറ്റർ ദൂരത്തുള്ള ഇനയം തുറമുഖത്തിന്റെ ആവിർഭാവം നടത്തിപ്പുഘട്ടത്തിൽ തുറമുഖങ്ങൾ തമ്മിലുള്ള ശക്തമായ മത്സരത്തിന് വഴിയൊരുക്കും. ഇത് രണ്ട് പദ്ധതികളുടെയും സാമ്പത്തികമായ സാധ്യതകളെ (Financial viability) സാരമായി ബാധിക്കാനും സാധ്യതയുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ബഹു. പ്രധാനമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഇതിനകം കത്ത് അയച്ചിട്ടുണ്ട്.

## കാസർഗോഡ്-കോട്ടിക്കുളം-ബേക്കൽ തീരദേശ മേഖലയിൽ മത്സ്യബന്ധന തുറമുഖം

112 (2405) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്-കോട്ടിക്കുളം-ബേക്കൽ തീരദേശ മേഖലയിൽ മത്സ്യ ബന്ധന തുറമുഖം നിർമ്മിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത സ്ഥലം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് സാധ്യതാ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇതിന്റെ ഗവേഷണ പ്രവർത്തനങ്ങൾക്കായി എത്ര ലക്ഷം രൂപയാണ് വേണ്ടി വരുന്നത്; ആയതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഇല്ലെങ്കിൽ ഗവേഷണത്തിനായി ഭരണാനുമതി അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ-ഡി) കാസർഗോഡ് ജില്ലയിലെ കോട്ടിക്കുളത്ത് മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ 60 ലക്ഷം രൂപ അടങ്കൽ തുക സംബന്ധിച്ച എസ്റ്റിമേറ്റ് പരിശോധിച്ച് വരുന്നു.

## തുറമുഖങ്ങൾ ബന്ധിപ്പിക്കുന്ന പ്രതിവാര ചരക്ക് കപ്പൽ സർവ്വീസ്

113 (2406) ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുറമുഖങ്ങൾ ബന്ധിപ്പിച്ച് പ്രതിവാര ചരക്ക് കപ്പൽ സർവ്വീസ് നടത്തുന്നതിന് കർമ്മ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദീകരിക്കുമോ;

(സി) ഇതിന്റെ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദീകരിക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് തുറമുഖങ്ങൾ ബന്ധിപ്പിച്ച് പ്രതിവാര ചരക്ക് കപ്പൽ സർവ്വീസ് നടത്തുന്നതിന് കർമ്മ പദ്ധതി രൂപീകരിച്ചിട്ടില്ല. എന്നാൽ നിലവിൽ റോഡ്/റെയിൽ മാർഗ്ഗങ്ങളിലൂടെ കൈകാര്യം ചെയ്യുന്ന ചരക്കുകൾ കേരളത്തിലെ ചെറുകിട തുറമുഖങ്ങളിലേക്ക് മാറ്റാനായി കേരള തീരദേശ കപ്പൽ ഗതാഗത പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി ഡിലോയിറ്റ് എന്ന കൺസൾട്ടൻസി ഒരു കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ റോഡ്‌വഴിയുള്ള ചരക്ക് ഗതാഗതംമൂലമുണ്ടാകുന്ന തിരക്ക് കുറയ്ക്കുക, റോഡ്‌വഴിയുള്ള ചരക്ക് നീക്കത്തിന്റെ ഉയർന്ന ചെലവ് കുറയ്ക്കുക, അന്തരീക്ഷ മലിനീകരണം, അപകടങ്ങൾ എന്നിവ കുറയ്ക്കുക എന്നിവയാണ് തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. 2020-ഓടെ റോഡ്/റെയിൽ മാർഗ്ഗമുള്ള ചരക്ക് നീക്കത്തിന്റെ 40 ശതമാനവും 2030-ഓടെ 50 ശതമാനവും തീരദേശ കപ്പൽ ഗതാഗതം വഴിയാക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ നടത്തിപ്പിനായി മെസേഴ്സ് ഡിലോയിറ്റ് എന്ന കൺസൾട്ടൻസി തയ്യാറാക്കിയ കർമ്മപദ്ധതി സർക്കാർ അംഗീകരിക്കുകയും പ്രസ്തുത പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 9-11-2013-ന് കൊല്ലം തുറമുഖത്തുവച്ച് നടത്തുകയും ചെയ്തു. ആദ്യ ഘട്ടത്തിൽ കൊല്ലം, അഴീക്കൽ, വിഴിഞ്ഞം, കൊടുങ്ങല്ലൂർ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ പദ്ധതി വടക്കൻ

കേരളത്തിലേക്ക് വ്യാപിക്കുന്നതിന്റെ ഭാഗമായി 30-10-2014-ന് അഴീക്കൽ തുറമുഖത്ത് കണ്ടെയ്നർ ചരക്ക് നീക്കം ആരംഭിച്ചു. പ്രസ്തുത പദ്ധതി പ്രകാരം കൈകാര്യം ചെയ്യുന്ന ചരക്കുകൾക്ക് ടണ്ണിന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും യാത്രക്കാരന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും ഇൻസെന്റീവ് അനുവദിച്ചിട്ടുണ്ട്. തീരദേശ കപ്പൽ ഗതാഗതത്തിന് സഹായകമാകുന്ന രീതിയിൽ കപ്പൽ നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ചെറുകിട തുറമുഖങ്ങളിലെ ചാനലിന്റെയും ബേസിന്റെയും ആഴം കൂട്ടുന്നതിനായി 29 കോടി രൂപ മുതൽ മുടക്കിൽ കട്ടർസക്ഷൻ ഡ്രഡ്ജർ വാങ്ങിയിട്ടുണ്ട്. കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ബേപ്പൂർ തുറമുഖത്തിൽ ക്രെയിൻ വാങ്ങിയിട്ടുണ്ട്. കണ്ടെയ്നർ നീക്കം ചെയ്യുന്നതിനും യാർഡിൽ അടുക്കിവയ്ക്കുന്നതിനുമായി ഒരു കണ്ടെയ്നർ ഫോർക്ക് ലിഫ്റ്റ്, കൊല്ലം തുറമുഖത്ത് ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം, അഴീക്കൽ, വിഴിഞ്ഞം, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിന് റീച്ച് സ്റ്റാക്കറുകൾ വാങ്ങിയിട്ടുണ്ട്. കപ്പൽ വാർഫിൽ അടുപ്പിക്കുന്നതിനും വലിച്ചുമാറ്റുന്നതിനുമായി കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ ടഗ്ഗുകൾ ലഭ്യമാക്കിയിട്ടുണ്ട്. വേയ്ബ്രിഡ്ജിന്റെ നിർമ്മാണം കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ പൂർത്തിയാക്കിയിട്ടുണ്ട്. കൊല്ലത്ത് ഇ.ഡി.ഐ. സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. സുരക്ഷാ ക്രമീകരണത്തിന്റെ ഭാഗമായി കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർ, അഴീക്കൽ തുറമുഖങ്ങളിൽ ചരക്കുകൾ സൂക്ഷിക്കുന്നതിന് നബാർഡ് സഹായത്തോടെയുള്ള ഗോഡൗണുകൾ നിർമ്മിക്കുന്നുണ്ട്.

**പൈതൃക നിർമ്മിതികളുടെ സംരക്ഷണവും നവീകരണവും**

114 (2407) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന കൊട്ടാരങ്ങളുടെ സംരക്ഷണത്തിനും പൈതൃക നിർമ്മിതികളുടെ നവീകരണത്തിനും കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചിരിക്കുന്നതെന്ന് വിശദീകരിക്കുമോ;

(സി) ഇതിന്റെ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന വിവരിക്കാമോ?

<u>ഉത്തരം</u>

(എ) ചരിത്രപരവും പൈതൃക പ്രധാന്യമുള്ളതും 100 വർഷത്തിൽ കുറയാതെ കാലപ്പഴക്കമുള്ളതുമായ കെട്ടിടങ്ങളെ 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം പുരാവസ്തുവകുപ്പ് ഏറ്റെടുത്ത് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് ഇവയ്ക്ക് ആവശ്യമായ സംരക്ഷണ ജോലികൾ ചെയ്തു പോരുന്നു. പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണത്തിന് മാത്രമായി ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടില്ല. പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള ഹിൽപാലസ് മ്യൂസിയം, കോയിക്കൽ കൊട്ടാരം, പഴശ്ശിരാജാ മ്യൂസിയം എന്നിവിടങ്ങളിൽ കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും പങ്കാളിത്തത്തോടെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ മറ്റ് വകുപ്പുകളുടെ അധീനതയിലുള്ള പൈതൃക മന്ദിരങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പുകളുടെ അഭ്യർത്ഥന പ്രകാരം ആവശ്യമായ സംരക്ഷണ പണികൾ പുരാവസ്തു വകുപ്പ് ചെയ്തുപോരുന്നു. പൈതൃക മന്ദിരങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ പ്രവർത്തിച്ചുവരുന്നു.

(ബി&സി) ഒരു ദേശത്തിന്റെ തനത് സംസ്കാരവുമായി ബന്ധപ്പെട്ട പൈതൃക ശേഷിപ്പുകൾ സംരക്ഷിക്കുകയെന്നത് ആ ദേശത്തിന്റെ തന്നെ ആവശ്യകതയാണ്. കൂടാതെ വരും തലമുറയ്ക്ക് പൂർവ്വികരെക്കുറിച്ച് അഭിമാനിക്കുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള അവസരവും പൈതൃക നിർമ്മിതികൾ സംരക്ഷിക്കുന്നത് മുഖേന ലഭിക്കും. പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള തൃപ്പൂണിത്തുറ ഹിൽ പാലസ് മ്യൂസിയം, കോയിക്കൽ കൊട്ടാരം, പഴശ്ശിരാജാ മ്യൂസിയം എന്നിവയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നത് മ്യൂസിയം സജ്ജീകരണ പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസിയായ കേരളം മ്യൂസിയംവഴിയാണ്. പുരാവസ്തു വകുപ്പിന്റെ സംരക്ഷിതസ്മാരകമല്ലാത്ത പൈതൃക കെട്ടിടങ്ങളുടെയും മേഖലകളുടെയും കണ്ടെത്തൽ മറ്റ് അനുബന്ധ നടപടികൾ എന്നിവ ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ മുഖാന്തരം നടന്നുവരുന്നു.

## ശങ്കർ ദേശീയ മ്യൂസിയം, കൃഷ്ണപുരം കൊട്ടാരം എന്നിവിടങ്ങളിലേക്കുള്ള അടയാള ബോർഡുകൾ

115 (2408) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർട്ടൂണിസ്റ്റ് ശങ്കർ ദേശീയ മ്യൂസിയം, കൃഷ്ണപുരം കൊട്ടാരം എന്നിവയുടെ ദൂരപരിധിയെക്കുറിച്ചുള്ള അടയാള ബോർഡുകൾ ദേശീയ പാതയിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

കാർട്ടൂണിസ്റ്റ് ശങ്കർ ദേശീയ മ്യൂസിയം, കൃഷ്ണപുരം കൊട്ടാരം എന്നിവയുടെ ദൂരപരിധി രേഖപ്പെടുത്തിയ അടയാള ബോർഡുകൾ ദേശീയപാതയിൽ സ്ഥാപിക്കുന്നതിനുള്ള നടപടി പൊതുമരാമത്ത് (National Highways) വകുപ്പുമായി ചേർന്ന് സ്വീകരിക്കുന്നതാണ്.

## പൈതൃക നിർമ്മിതികളുടെ നവീകരണം

116 (2409) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന പൈതൃക നിർമ്മിതികളുടെ നവീകരണത്തിന് കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദീകരിക്കുമോ;

(സി) ഈ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിവരിക്കുമോ?

ഉത്തരം

(എ) ചരിത്രപരവും പൈതൃക പ്രധാന്യമുള്ളതും 100 വർഷത്തിൽ കുറയാതെ കാലപ്പഴക്കമുള്ളതുമായ കെട്ടിടങ്ങളെ 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം പുരാവസ്തുവകുപ്പ് ഏറ്റെടുത്ത് സംരക്ഷിത

സ്മാരകമായി പ്രഖ്യാപിച്ച് ഇവയ്ക്ക് ആവശ്യമായ സംരക്ഷണ ജോലികൾ ചെയ്തു പോരുന്നു. പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണത്തിന് മാത്രമായി ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടില്ല. കൂടാതെ മറ്റ് വകുപ്പുകളുടെ അധീനതയിലുള്ള പൈതൃക മന്ദിരങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പുകളുടെ അഭ്യർത്ഥന പ്രകാരം ആവശ്യമായ സംരക്ഷണ പണികൾ പുരാവസ്തുവകുപ്പ് ചെയ്തുപോരുന്നു. പൈതൃക മന്ദിരങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ പ്രവർത്തിച്ചുവരുന്നു.

(ബി&സി) ഒരു ദേശത്തിന്റെ തനത് സംസ്കാരവുമായി ബന്ധപ്പെട്ട പൈതൃക ശേഷിപ്പുകൾ സംരക്ഷിക്കുകയെന്നത് ആ ദേശത്തിന്റെ തന്നെ ആവശ്യകതയാണ്. കൂടാതെ വരുംതലമുറയ്ക്ക് പൂർവ്വികരെക്കുറിച്ച് അഭിമാനിക്കുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള അവസരവും പൈതൃക നിർമ്മിതികൾ സംരക്ഷിക്കുന്നത് മുഖേന ലഭിക്കും. പുരാവസ്തു വകുപ്പിന്റെ സംരക്ഷിതസ്മാരകമല്ലാത്ത പൈതൃക കെട്ടിടങ്ങളുടെയും മേഖലകളുടെയും കണ്ടെത്തൽ മറ്റ് അനുബന്ധ നടപടികൾ എന്നിവ ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ മുഖാന്തിരം നടന്നുവരുന്നു.

**കോട്ടുക്കൽ ഗുഹാക്ഷേത്രം**

117 (2410) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടുക്കൽ ഗുഹാക്ഷേത്രം സംരക്ഷിക്കുന്നതോടൊപ്പം വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെടുത്തി വികസനപ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

കോട്ടുക്കൽ ഗുഹാക്ഷേത്രം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാണ്. പ്രസ്തുത ക്ഷേത്രത്തിൽ വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെടുത്തി വികസന പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള പദ്ധതികൾ ഇപ്പോൾ പരിഗണനയിലില്ല പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## മെച്ചപ്പെട്ട റോഡ് സുരക്ഷ ഉറപ്പാക്കുന്നതിന് നടപടി

118 (2411) ശ്രീ. പി. ടി. തോമസ് :

ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റോഡുകളിൽ മെച്ചപ്പെട്ട റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനും അപകടകരമായ ഡ്രൈവിംഗ് നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പൊതുഗതാഗത വാഹനങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് റോഡ് സേഫ്റ്റി കൗൺസിൽ നിലവിലുണ്ടോ; ഇല്ലെങ്കിൽ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കേരളത്തിലെ റോഡുകളിൽ മെച്ചപ്പെട്ട റോഡ് സുരക്ഷയ്ക്കായി ഐക്യരാഷ്ട്രസഭ തുടക്കമിട്ട പരിപാടിയായ "റോഡ് സുരക്ഷയ്ക്കായി ഒരു ദശകം" പദ്ധതി നടപ്പാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും മോട്ടോർ വാഹന വകുപ്പിന് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി പരിശീലന പരിപാടികൾ നടത്തി വരുന്നു. കൂടാതെ അമിതവേഗത, മദ്യപിച്ച് വാഹനം ഓടിക്കൽ, ട്രാഫിക് നിയമം ലംഘിക്കൽ എന്നിവ കുറയ്ക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നുണ്ട്. റോഡ് സുരക്ഷയ്ക്കും അപകടകരമായ ഡ്രൈവിംഗ് നിയന്ത്രിക്കുന്നതിനുമായി സംസ്ഥാന സർക്കാരും കേരള പോലീസുമായി ചേർന്ന് ശുഭയാത്ര 2015 എന്ന ഒരു പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളും എൻഫോഴ്സ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടിയുള്ള വിവിധ പ്രവർത്തനങ്ങളുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആധുനിക സാങ്കേതികവിദ്യയും ഉപകരണങ്ങളും പരമാവധി ഉപയോഗിച്ച് ട്രാഫിക് നിയമലംഘനങ്ങൾ പരമാവധി കുറയ്ക്കുക, പിഴ ഈടാക്കുന്നത് കാര്യക്ഷമമാക്കുക എന്നതും ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളാണ്.

(ബി) സ്വീകരിക്കുന്നതാണ്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ പബ്ലിക് ട്രാൻസ്പോർട്ട് വാഹനങ്ങളിലും ജി.പി.എസ്. അധിഷ്ഠിത നിരീക്ഷണ സംവിധാനം കൊണ്ടുവരണമെന്ന് ഉദ്ദേശിക്കുന്നു. കെ.എസ്.ആർ.ടി.സി.-യുടെ 700 ബസ്സുകളിൽ ഈ സംവിധാനം സ്ഥാപിച്ചുകഴിഞ്ഞു. മോട്ടോർ വാഹന വകുപ്പിന്റെ നിയന്ത്രണത്തിൽ ആദ്യഘട്ടമായി എല്ലാ സ്വകാര്യ ബസ്സുകളിലും ഇത്തരം നിരീക്ഷണ സംവിധാനം സ്ഥാപിക്കുന്നതിനായുള്ള പദ്ധതി അവസാനഘട്ടത്തിലാണ്. ഈ സംവിധാനംവഴി വാഹനത്തിന്റെ നിലവിലെ സ്ഥാനം, വേഗത നിയന്ത്രണ ലംഘനം, നിർദ്ദിഷ്ട പാതയിൽ നിന്നുള്ള വ്യതിചലനം എന്നിവ കൺട്രോൾ റൂമിലിരുന്നുതന്നെ നിരീക്ഷിക്കാൻ കഴിയുന്നു. കൂടാതെ ബസ്സുകളിൽ സി.സി.ടി.വി. സംവിധാനം, എമർജൻസി ബട്ടൺ എന്നിവ ഈ പദ്ധതിക്ക് അനുബന്ധമായി നടപ്പിലാക്കുന്നതാണ്. ഇതുവഴി ബസ്സിൽ നടക്കുന്ന എല്ലാ സംഭവങ്ങളും അപ്പപ്പോൾ റിക്കോർഡ് ചെയ്യപ്പെടുകയും ആവശ്യം വേണ്ടുന്ന അവസരങ്ങളിൽ അവ വീണ്ടും പരിശോധിക്കുന്നതിന് സാധിക്കുന്നു. കൂടാതെ എമർജൻസി ബട്ടൺ സംവിധാനം സ്ഥാപിക്കുകവഴി ഏതെങ്കിലും രീതിയിലുള്ള അടിയന്തര അവസരങ്ങളിൽ കേന്ദ്രീകൃത കൺട്രോൾ റൂമിലേയ്ക്ക് സന്ദേശം നൽകുന്നതിനും സാധിക്കുന്നു. പൊതുഗതാഗത വാഹനങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന് 27-4-2012- ലെ ഡബ്ല്യൂ.പി.(സി) 265/11 പ്രകാരം ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച സുരക്ഷാ മാനദണ്ഡം പാലിക്കുന്നതിന് എല്ലാ പോലീസ് മേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കാര്യക്ഷമമായി വാഹന പരിശോധന നടത്തി പൊതുവാഹനങ്ങളിൽ സ്ത്രീകൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള കർശന നടപടികൾ പോലീസ് വകുപ്പ് സ്വീകരിച്ചുവരുന്നു. പൊതുസ്ഥലങ്ങളിലും വാഹനങ്ങളിലും മറ്റും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യം തടയുന്നതിന് പിങ്ക് ബീറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങൾ തടയുന്നതിനായി സ്കൂൾ, കോളേജ് പരിസരങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാൻഡുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ വനിതാ പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള പോലീസ് പട്രോളിങ്ങും പോലീസ് സാന്നിദ്ധ്യവും ഉറപ്പുവരുത്തിയിട്ടുണ്ട്. സ്ത്രീകൾക്ക് സുരക്ഷിതമായി സഞ്ചരിക്കുന്നതിനായി 'ഷീ ഓട്ടോ' പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(സി) സംസ്ഥാനത്ത് 2007 മുതൽ ജില്ലാതലത്തിൽ ജില്ലാ റോഡ് സേഫ്റ്റി കൗൺസിലുകളും സംസ്ഥാന തലത്തിൽ റോഡ് സേഫ്റ്റി അതോറിറ്റിയും നിലവിലുണ്ട്.

**വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ**

119 (2412) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹന പരിശോധനയും ബോധവത്കരണവും ശക്തമായിട്ടും വാഹനാപകടങ്ങളെ തുടർന്നുള്ള മരണങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വർഷം നാളിതുവരെ വാഹനാപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടെന്നും എത്ര പേർക്ക് പരിക്കേറ്റെന്നും ഇതുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റ് ചെയ്തുവെന്നും അറിവുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ;

(സി) മദ്യപിച്ച് വാഹനമോടിക്കുന്നതും രാത്രി കാലങ്ങളിൽ ലൈറ്റ് ഡിം ചെയ്യാതെയും അശ്രദ്ധമായ ഡ്രൈവിംഗും അമിതവേഗതയും കൊണ്ടുണ്ടാകുന്ന ഇത്തരം അപകടങ്ങൾക്ക് കാരണമാകുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ഇത്തരത്തിലുള്ള വാഹനാപകടങ്ങൾ വരുത്തുന്നവരുടെ ലൈസൻസ് എന്നേക്കുമായി റദ്ദ് ചെയ്യുവാനും ജാമ്യമില്ലാ വകുപ്പ്പ്രകാരം അറസ്റ്റ് ചെയ്ത് ശിക്ഷ വാങ്ങി നൽകുന്നതിനും മോട്ടോർ വാഹന വകുപ്പ് എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

(എ) ഉണ്ട്.

(ബി) 2016 ജൂൺ 30 വരെ സംസ്ഥാനത്ത് വാഹനാപകടങ്ങളിൽ 2209 പേർ മരണപ്പെടുകയും 21,996 പേർക്ക് പരിക്കേൽക്കുകയും 18,023 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) മദ്യപിച്ചും അശ്രദ്ധമായും അമിതവേഗതയിലും രാത്രികാലങ്ങളിൽ ലൈറ്റ് ഡിം ചെയ്യാതെയും വാഹനമോടിച്ചുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി കർശനമായ വാഹന പരിശോധന നടത്തി വരുന്നുണ്ട്. ആൽക്കോമീറ്റർ, ബ്രീത്ത് അനലൈസർ എന്നിവ ഉപയോഗിച്ച് മദ്യപിച്ച് വാഹനമോടിക്കുന്നവരെ കണ്ടെത്തുകയും ഇവർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

(ഡി) കേന്ദ്രനിയമത്തിന്റെ അടിസ്ഥാനത്തിലാണ് നിയമനടപടികൾ കൈക്കൊള്ളുന്നത്. ഇതിൽ ഭേദഗതി വരുത്തുവാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല. കേന്ദ്രനിയമത്തിന്റെ ഭേദഗതി പരിഗണനയിലാണ്.

## കെ.എസ്.ആർ.ടി.സി. ഇന്റർസ്റ്റേറ്റ് ബസ്സുകളുടെ നവീകരണം

120 (2413) ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. അനിൽ അക്കര :

ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഇന്റർസ്റ്റേറ്റ് ബസ്സുകളുടെ നവീകരണത്തിനും ആധുനികവത്കരണത്തിനും എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയത്; വിശദീകരിക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ-സി) അന്തർസംസ്ഥാന സർവ്വീസുകളിൽ കൂടുതൽ യാത്രക്കാരെ ആകർഷിക്കുക എന്നത് ലക്ഷ്യമിട്ട് ഓൺലൈൻ റിസർവേഷൻ സംവിധാനം നവീകരിക്കുകയും കൂടുതൽ സർവ്വീസുകളിലേയ്ക്ക് വ്യാപിപ്പിക്കുകയുമുണ്ടായിട്ടുണ്ട്. മത്സരാധിഷ്ഠിതമായ അന്തർസംസ്ഥാന സർവ്വീസ് മേഖലയിൽ കൂടുതൽ യാത്രക്കാരെ ആകർഷിച്ച് വരുമാനം വർദ്ധിപ്പിക്കുക എന്നത് ലക്ഷ്യമിട്ട് ഫ്ലെക്സി ചാർജ് സംവിധാനം ഇതിനകം നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്. ഇതുമൂലം തിരക്കില്ലാത്ത ദിവസങ്ങളിൽ യാത്രക്കാർ നിലവിലുള്ള നിരക്കിന്റെ 15 ശതമാനം തുക കുറച്ച് നൽകിയാൽ മതിയാകുന്നതാണ്. ഈ സംവിധാനം നടപ്പിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യുടെ അന്തർസംസ്ഥാന സർവ്വീസുകളിലെ യാത്രക്കാരുടെ എണ്ണത്തിലും ഓൺലൈൻ ടിക്കറ്റ് വിൽപ്പനയിലൂടെയുള്ള വരുമാനത്തിലും ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. അന്തർസംസ്ഥാന സർവ്വീസുകളുടെ വിപുലീകരണം ലക്ഷ്യമിട്ട് എറണാകുളത്തുനിന്നും പുതുച്ചേരിയിലേയ്ക്കും തിരുപ്പതിയിലേയ്ക്കും കോഴിക്കോട് നിന്നും കാസർഗോഡ്-മംഗലാപുരം-ഉഡുപ്പി-ഗോവ-കാർവാർ-പൂനെവഴി മുംബൈയ്ക്കും, പുറമെ എറണാകുളത്തുനിന്നും ചെന്നൈയ്ക്കും മൾട്ടി ആക്സിൽ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുവാനുള്ള ശ്രമത്തിലാണ്. കെ.എസ്.ആർ.ടി.സി.-യുടെ

അന്തർസംസ്ഥാന സർവ്വീസുകൾക്ക് ഉപയോഗിച്ചിരുന്ന പഴയ ഡീലക്സ്, എക്സ്പ്രസ് ബസ്സുകൾ മാറ്റി 10 വോൾവോ, 18 സ്കാനിയ എന്നിവ ഇതിനകം നിരത്തിലിറക്കി കഴിഞ്ഞിട്ടുണ്ട്. 2014 മുതൽ 10 വോൾവോ മൾട്ടി ആക്സിൽ പ്രീമിയം എ.സി. ബസ്സുകൾ ബാംഗ്ലൂർ നഗരത്തിലേക്ക് സർവ്വീസ് നടത്തുന്നുണ്ട്. കൂടാതെ 2016-ൽ 18 സ്കാനിയ മൾട്ടി ആക്സിൽ പ്രീമിയം എ.സി. ബസ്സുകളും നിരത്തിലിറക്കി. ഇവയിൽ 16 ബസ്സുകളും ബാംഗ്ലൂർ, മൈസൂർ, മംഗലാപുരം, മണിപ്പാൽ, മൂകാംബിക, കോയമ്പത്തൂർ തുടങ്ങിയ ഇന്റർസ്റ്റേറ്റ് സർവ്വീസുകൾക്കാണ് ഉപയോഗിക്കുന്നത്. കൂടാതെ മേൽപ്പറഞ്ഞ മൾട്ടി ആക്സിൽ പ്രീമിയം എ.സി. ബസ്സുകളിൽ യാത്രക്കാർക്ക് കുടിവെള്ളം, പുതപ്പ് മുതലായവ നൽകിവരുന്നു. ഇന്റർസ്റ്റേറ്റ് സർവ്വീസ് നടത്തുന്ന 84 ഓർഡിനറി ബസ്സുകൾ 7 വർഷത്തിനുമേൽ പഴക്കം ചെന്നവയാകയാൽ ആ സ്ഥാനത്ത് പകരം പുതിയ ബസ്സുകൾ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച നടപടികളിലൂടെ അന്തർ സംസ്ഥാന സർവ്വീസുകളിൽ വരും ദിവസങ്ങളിൽ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം കാര്യമായ രീതിയിൽ മെച്ചപ്പെടുമെന്നും അതോടൊപ്പം മികച്ച സേവനം യാത്രക്കാർക്ക് നൽകുവാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

**കെ.എസ്.ആർ.ടി.സി. യാത്രക്കാർക്കുള്ള സൗകര്യങ്ങൾ**

121 (2414) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-യിൽ മെച്ചപ്പെട്ട യാത്രാ സൗകര്യങ്ങൾ ലഭ്യമാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയത്; വിശദീകരിക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് പ്രാവർത്തികമാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് മെച്ചപ്പെട്ട യാത്രാസൗകര്യങ്ങൾ ലഭ്യമാക്കുന്നതിലേക്കായി കെ.എസ്.ആർ.ടി.സി. ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം വിപുലീകരിക്കുക എന്നതുകൂടി ലക്ഷ്യമിട്ടാണ് കേരളത്തിലെ ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള 241 സർവ്വീസുകൾ നടത്തുന്നതിനുള്ള അവകാശം കെ.എസ്.ആർ.ടി.സി.-ക്ക് മാത്രമായി നിജപ്പെടുത്തി കൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളത്. അതിൻപ്രകാരം കെ.എസ്.ആർ.ടി.സി. ഇതിനകം 208 സ്വകാര്യ സൂപ്പർ ക്ലാസ് റൂട്ടുകൾ ഏറ്റെടുത്ത് കഴിഞ്ഞിട്ടുണ്ട്. ടി സർവ്വീസുകൾ കൃത്യതയോടെ നടത്തുന്നതിലൂടെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വരും ദിവസങ്ങളിൽ മെച്ചപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതോടൊപ്പം അന്തർ സംസ്ഥാന റൂട്ടുകളിലെ യാത്രാക്ലേശം ഒഴിവാക്കുന്നതിനായി കർണ്ണാടക സംസ്ഥാനവുമായി 12,294 കി.മീ. ദൂരം കർണ്ണാടകയിൽ അധികമായി സർവ്വീസ് നടത്തുന്നതിന് ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. ആയത് വിജ്ഞാപനം ആകുന്നതോടുകൂടി കൂടുതൽ സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. കർണ്ണാടകയിലേക്ക് ആരംഭിക്കുന്നതാണ്. തമിഴ്നാടുമായുള്ള പുതിയ അന്തർസംസ്ഥാന കരാറിന്റെ ചർച്ചകൾ അവസാന ഘട്ടത്തിലാണ്. വരും ദിവസങ്ങളിൽ അത് യാഥാർത്ഥ്യമാകുന്നതോടുകൂടി തമിഴ്നാട്ടിലേയ്ക്കും കൂടുതൽ സർവ്വീസുകൾ കെ.എസ്.ആർ.ടി.സി.-ക്ക് ആരംഭിക്കുവാൻ കഴിയും. കൂടുതൽ യാത്രക്കാരെ ആകർഷിക്കുക എന്നത് ലക്ഷ്യമിട്ട് ഓൺലൈൻ റിസർവ്വേഷൻ സംവിധാനം നവീകരിക്കുകയും കൂടുതൽ സർവ്വീസുകളിലേയ്ക്ക് വ്യാപിപ്പിക്കുകയുമുണ്ടായിട്ടുണ്ട്. ബസ്സുകളുടെ കുറവുമൂലം ഇടക്കാലത്ത് മുടങ്ങിക്കിടന്ന പുതിയ റൂട്ടുകളിലേയ്ക്കുള്ള ചെയിൻസർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി. ആരംഭിച്ചു കഴിഞ്ഞു. ആയതിന്റെ തുടക്കമായി കൊട്ടാരക്കര-പാരിപ്പള്ളി, ചേർത്തല-കുമ്പളങ്ങി-എറണാകുളം, കൊല്ലം-ചെങ്ങന്നൂർ, മാനന്തവാടി-സുൽത്താൻ ബത്തേരി എന്നീ റൂട്ടുകളിൽ ചെയിൻ സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ട്. യാത്രാസൗകര്യം മെച്ചമാക്കുക എന്നത് ലക്ഷ്യമിട്ട് എറണാകുളത്തുനിന്നും പുതുച്ചേരിയിലേക്കും തിരുപ്പതിയിലേക്കും കോഴിക്കോടുനിന്നും കാസർഗോഡ്-മംഗലാപുരം-ഉഡുപ്പി-ഗോവ-കാർവാർ-പൂനെവഴി മുംബൈയ്ക്കും, പുറമേ എറണാകുളത്തു നിന്നും ചെന്നൈയ്ക്കും മൾട്ടി ആക്സിൽ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകൾ നടപ്പിലാക്കുവാനുള്ള ശ്രമത്തിലുമാണ്. പുറമെ മൾട്ടി ആക്സിൽ സ്കാനിയ തുടങ്ങിയ ആഡംബര ബസ്സുകൾ ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി. കേരളത്തിലെ വിവിധ ഡിപ്പോകളിൽനിന്നും ബാംഗ്ലൂരിലേക്കും തിരിച്ചും അന്തർ

സംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നുണ്ട്. യാത്രക്കാർക്ക് തിരക്കില്ലാത്ത ദിവസങ്ങളിൽ കുറഞ്ഞ ചെലവിൽ യാത്ര ചെയ്യുന്നതിലേയ്ക്കായുള്ള ഫ്ലെക്സി ചാർജ് സംവിധാനം ഇതിനകം തന്നെ കെ.എസ്.ആർ.ടി.സി.-യുടെ അന്തർ സംസ്ഥാന സർവ്വീസുകളിൽ നടപ്പിൽ വരുത്തി കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ ബസ്സുകളുടെ ശരാശരി പ്രായം 12 വർഷമാക്കുന്നതിനായി 2014-ൽ 1500 ഷാസികൾ ടെൻഡർ ക്ഷണിച്ച് പർച്ചേയ്സ് ഓർഡർ നൽകുകയും ഇതിൽ 1000 ബസ്സുകൾ നിരത്തിലിറക്കുകയും ചെയ്തു. ശേഷിച്ച 500 ബസ്സുകളിൽ 150 എണ്ണം സുഖകരമായ യാത്ര പ്രദാനംചെയ്യുന്ന എയർ സസ്പെൻഷൻ ഷാസികളാണ്. ദീർഘദൂര യാത്രയ്ക്കായി 2014-ൽ 10 വോൾവോ മൾട്ടി ആക്സിൽ എ.സി. ബസ്സുകൾ വാങ്ങി ബാംഗ്ലൂർ നഗരത്തിലേക്ക് സർവ്വീസ് ആരംഭിച്ചു. 2016-ൽ 18 സ്കാനിയ മൾട്ടി ആക്സിൽ ബസ്സുകൾ വാങ്ങി ബാംഗ്ലൂർ, മൈസൂർ, മംഗലാപുരം, മണിപ്പാൽ, മൂകാംബിക, കോയമ്പത്തൂർ, കണ്ണൂർ എന്നിവിടങ്ങളിലേക്ക് സർവ്വീസ് നടത്തിവരുന്നു. കൂടാതെ മേൽപ്പറഞ്ഞ 28 ദീർഘദൂര പ്രീമിയം എ.സി. ബസ്സുകളിൽ യാത്രക്കാർക്ക് കുടിവെള്ളം, പുതപ്പ് മുതലായവ ലഭ്യമാക്കുന്നുണ്ട്. മേൽസൂചിപ്പിച്ച കർമ്മ പദ്ധതികളിലൂടെയും നിലവിലുള്ള മറ്റ് സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിലൂടെയും മെച്ചപ്പെട്ട യാത്രാസൗകര്യങ്ങൾ യാത്രക്കാർക്ക് ലഭ്യമാക്കുവാൻ കഴിയുമെന്ന് കരുതുന്നു.

## കെ.എസ്.ആർ.ടി.സി.-യിലെ കമ്പ്യൂട്ടർവത്ക്കരണം

122 (2415) <u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ആധുനികവത്കരണത്തിനും കമ്പ്യൂട്ടർ വത്കരണത്തിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) കമ്പ്യൂട്ടർവത്ക്കരണത്തിലൂടെ കെ.എസ്.ആർ.ടി.സി.-യുടെ വിവിധ സേവനങ്ങൾ വേഗത്തിലും സൗകര്യപ്രദമായും പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ 24 ഓൺലൈൻ റിസർവേഷൻ കൗണ്ടറുകൾവഴി മുൻകൂർ ഓൺലൈൻ റിസർവേഷൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ യാത്രക്കാർക്ക് ഓൺലൈൻ സംവിധാനംവഴി www.ksrtconline.com എന്ന വെബ്സൈറ്റ് മുഖേന ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, ഇന്റർനെറ്റ് ബാങ്കിംഗ് മുഖേന ടിക്കറ്റ് മുൻകൂർ ബുക്ക് ചെയ്യാനുള്ള സൗകര്യം ലഭ്യമാണ്. ജി.പി.എസ്. സംവിധാനം ഉപയോഗിച്ച് വാഹനങ്ങൾ നിരീക്ഷിക്കുന്നതിനായി എല്ലാ ബസ്സുകളിലും പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനുള്ള ധാരണാപത്രം കെൽട്രോണുമായി ഒപ്പിട്ടു. 31-5-2016-ലെ കണക്കുപ്രകാരം 750 ബസ്സുകളിൽ ഇതിനോടകം ജി.പി.എസ്. ഉപകരണം ഘടിപ്പിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഇതിൽനിന്നും ലഭ്യമാകുന്ന വിവരങ്ങൾ ഉപയോഗിച്ച് പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റവും ഇതോടൊപ്പം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ജീവനക്കാരുടെ ഹാജർ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിവരുന്നു. ജീവനക്കാരുടെ ശമ്പളവും പെൻഷനും മറ്റാനുകൂല്യങ്ങളും ബാങ്കുവഴി നൽകുന്നതിനുള്ള സംവിധാനം ജൂലൈ 2013 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്മാർട്ട് കാർഡുപയോഗിച്ച് യാത്ര ചെയ്യുന്നതിനായി ഇ.ടി.എമ്മുമായി ബന്ധപ്പെടുത്തി ആർ.എഫ്.ഐ.ഡി. കാർഡ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ ബസ്സുകളിലും ജി.പി.ആർ.എസ്. സംവിധാനമുള്ള ഇ.ടി.എമ്മുകൾ നടപ്പിലാക്കി. കെ.എസ്.ആർ.ടി.സി.-യിൽ ബസ്സുകളുടെ ശരാശരി പ്രായം 12 വർഷമാക്കുന്നതിനായി 2014-ൽ 1500 ഷാസികൾ ടെൻഡർ ക്ഷണിച്ച് പർച്ചേയ്സ് ഓർഡർ നൽകുകയും ഇതിൽ 1000 ബസ്സുകൾ നിരത്തിലിറക്കുകയും ചെയ്തു. ശേഷിച്ച 500 ബസ്സുകളിൽ 150 എണ്ണം സുഖകരമായ യാത്ര പ്രദാനം ചെയ്യുന്ന എയർ സസ്പെൻഷൻ ഷാസികളാണ്. ദീർഘദൂരയാത്രയ്ക്കായി 2014-ൽ 10 വോൾവോ മൾട്ടി ആക്സിൽ എ.സി. ബസ്സുകൾ വാങ്ങി ബാംഗ്ലൂർ നഗരത്തിലേക്ക് സർവ്വീസ് ആരംഭിച്ചു. 2016-ൽ 18 സ്കാനിയ മൾട്ടി ആക്സിൽ ബസ്സുകൾ വാങ്ങി ബാംഗ്ലൂർ, മൈസൂർ, മംഗലാപുരം, മണിപ്പാൽ, മൂകാംബിക, കോയമ്പത്തൂർ, കണ്ണൂർ എന്നിവിടങ്ങളിലേക്ക് സർവ്വീസ് നടത്തിവരുന്നു. കൂടാതെ മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതുവഴി കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ രണ്ട് മൾട്ടി ആക്സിൽ വോൾവോ ബസ്സുകളിൽ വൈഫൈ സംവിധാനം സജ്ജീകരിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.യിലെ കരി ഓയിൽ വിൽപ്പന

123 (2416) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരി ഓയിൽ വിൽപ്പനയിൽ കെ.എസ്.ആർ.ടി.സി. നിലവിൽ ആരുമായാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്;

(ബി) പ്രസ്തുത കരാറിന്റെ വിശദാംശം നൽകാമോ;

(സി) കഴിഞ്ഞ തവണ പ്രസ്തുത വിഷയത്തിൽ കെ.എസ്.ആർ.ടി.സി. കരാറിൽ ഏർപ്പെട്ടിരുന്നത് ആരുമായാണ് എന്നതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത വിൽപ്പനയുടെ ടെൻഡർ വ്യവസ്ഥകൾ പ്രകാരം കഴിഞ്ഞ തവണ വിറ്റതിനേക്കാൾ കുറഞ്ഞ തുകയ്ക്ക് കരാർ നൽകാൻ സാധിക്കുമോയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) M/s. APJ Refineries, Palakkadu.

(ബി) കേന്ദ്രഗവൺമെന്റ് സ്ഥാപനമായ M/s MSTC (Metal Scrap Trading Corporation Ltd., Public Sector Undertaking under the Administrative Control of Ministry of Steel, Government of India) മുഖേന e-auction-നിലൂടെയാണ് കരാർ അനുവദിച്ചുനൽകിയത്. അപ്രകാരം ബാരൽ ഉൾപ്പെടെ ലിറ്ററിന് രൂപ 13.002 + Tax എന്ന നിരക്കിൽ കെ.എസ്.ആർ.ടി.സി.-യുടെ 97 യൂണിറ്റുകളിൽനിന്ന് 3,76,650 ലിറ്റർ ഉപയോഗിച്ച ഓയിൽ M/s. APJ Refineries-ന് നൽകിയിട്ടുണ്ട്. 17-11-2015-ൽ മേൽ പറഞ്ഞ M/s MSTC -യുടെ e-auction മുഖേന നാലാംതവണ നടത്തിയ ലേലത്തിലാണ് നിരക്ക് ഉറപ്പിക്കാൻ സാധിച്ചത്. ഉപയോഗശൂന്യമായ ഈ ഓയിലിന്റെ വിപണനത്തിന് മൂന്ന് തവണ ലേലം നടത്തിയിട്ടും ഈ ലേലത്തിൽ യോഗ്യത നേടാൻ ആർക്കും സാധിച്ചില്ല. നാലാം തവണ ലേലം നടത്തിയപ്പോൾ മാത്രമാണ് ഇതു വിൽക്കാൻ കെ.എസ്. ആർ.ടി.സി.-യ്ക്ക് സാധിച്ചത്. ഇതുകൂടാതെ ഉപയോഗശൂന്യമായ ഓയിൽ Hazardous Waste Category യിൽ വരുന്ന Hazardous Waste Management and Handling Rules 1989 പ്രകാരം റീസൈക്ലിംഗ് ലൈസൻസുള്ള സ്ഥാപനങ്ങൾക്കു മാത്രമേ ഉപയോഗശൂന്യമായ ഓയിൽ വിൽക്കുവാൻ കഴിയുകയുള്ളൂ. Central and State

Pollution Control Board-ൽ നിന്ന് ഇതിലേയ്ക്കായി ലൈസൻസ് നൽകിയിട്ടുള്ള സ്ഥാപനങ്ങൾക്കുമാത്രമേ ഈ ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. 17-11-2015-ൽ M/s.MSTC-യുടെ e-auction മുഖേന നാലാം തവണ നടത്തിയ ലേലത്തിൽ പങ്കെടുത്ത ആറ് സ്ഥാപങ്ങളിൽ നിന്ന് ഏറ്റവും ഉയർന്ന വില വാഗ്ദാനം നൽകിയ M/s. APJ Refineries എന്ന സ്ഥാപനത്തിന് ലേലത്തിലെ എല്ലാ നിബന്ധനകളും പാലിച്ചാണ് വിൽപ്പന നടത്തിയത്.

(സി) മുമ്പ് ലേലം നടത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ കാണിക്കുന്നു: 2013-ലാണ് ഇതിനുമുമ്പ് ഉപയോഗശൂന്യമായ ഓയിൽ M/s MSTC ഈ ദർഘാസ് മുഖേന വിൽപ്പന നടത്തിയത്. അതിന്റെ വിവരം ചുവടെ കാണിക്കുന്നു:

| Year | Company Name | Quantity in Ltrs. | Amount Per Ltr (exclusive taxes and inclusive of barrel) |
|---|---|---|---|
| 2013 | M/s.APJ Refineries, Palakkadu | 2,96,697 | Rs.30.75/- |

(ഡി) കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ M/s MSTC (Metal Scrap Trading Corporation Ltd., Public Sector Undertaking under the Administrative Control of Ministry of Steel, Gov. of India) ഇ-ദർഘാസ് മുഖേന ഇ-ലേലം നടത്തിയാണ് 2012 മുതൽ കെ.എസ്.ആർ.ടി.സി.-യുടെ സ്ക്രാപ്പ് സാധനങ്ങളും ഉപയോഗിച്ച ഓയിലും വിൽപ്പന നടത്തി വരുന്നത്. ഉപയോഗിച്ച ഓയിൽ, മറ്റു തരത്തിലുള്ള സ്ക്രാപ്പ് സാധനങ്ങൾ എന്നിവയ്ക്ക് കാലാകാലങ്ങളിൽ വിപണിയിലെ വിലനിലവാരം അനുസരിച്ച് വിലകൂട്ടുകയോ കുറയുകയോ ചെയ്യാറുണ്ട്.

**എം.സി റോഡിലെ വാഹനാപകടങ്ങൾ ഒഴിവാക്കാൻ നടപടി**

124 (2417) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെയിൻ സെൻട്രൽ റോഡിൽ ആയൂർ മുതൽ ഏനാത്ത് വരെയുള്ള ഭാഗങ്ങളിൽ വാഹനാപകടങ്ങളുടെ നിരക്ക് ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഭാഗത്തെ അപകടങ്ങളുടെ കാരണങ്ങൾ ശാസ്ത്രീയമായി അപഗ്രഥിച്ച് പരിഹാര നിർദ്ദേശങ്ങൾ കണ്ടെത്തിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ആയതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഭാഗത്തെ അപകടങ്ങൾ ഒഴിവാക്കാൻ റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആയൂർ മുതൽ ഏനാത്ത് വരെയുള്ള ഭാഗങ്ങളിൽ മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം വാഹന പരിശോധന നടത്തി വരുന്നുണ്ട്. മെയിൻ സെന്റർ റോഡിൽ ആയൂർ മുതൽ ഏനാത്ത് വരെയുള്ള ഭാഗം ഉൾപ്പെടുന്ന കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള ഭാഗത്തെപ്പറ്റി കൂടുതൽ പഠിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ റോഡ് ഭാഗത്തെ ഒരു മാതൃകാ സുരക്ഷാപാത (Safe corridor Demonstration Project) ആയി വികസിപ്പിക്കുന്നതിന് ഇപ്പോൾ നടപ്പിലാക്കി വരുന്ന കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി എല്ലാവിധ റോഡ് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും തൈക്കോട് മുതൽ അടൂർ വരെയുള്ള ഭാഗത്തെ ഉപരിതലം പുതുക്കുന്നതിനുമായി 167 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(സി) റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്താറുണ്ട്. കൂടാതെ കെ.എസ്.ഡി.പി.-യുടെ ഫണ്ട് ഉപയോഗിച്ച് സൈൻ ബോർഡ് സ്ഥാപിക്കൽ, റോഡ് മാർക്കിംഗ്സ്, റോഡ് സ്റ്റഡ്സ് സ്ഥാപിക്കൽ തുടങ്ങിയ സേഫ്റ്റി പണികൾ ചെയ്തിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി-വോൾവോ ബസ്സുകൾ**

125 (2418) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് എത്ര വോൾവോ ബസ്സുകളാണ് നിലവിലുള്ളതെന്നും; ഇതിൽ എത്ര എണ്ണം സർവ്വീസ് നടത്തുന്നുണ്ടെന്നും എത്രയെണ്ണം ഓടാതെ കട്ടപ്പുറത്ത് ഉണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഓരോ ഡിപ്പോയിലും എത്ര വോൾവോ ബസ്സുകൾ ഉണ്ടെന്നും, ഇതിൽ എത്രയെണ്ണം സർവ്വീസ് നടത്തുന്നുവെന്നും എത്രയെണ്ണം ഓടാതെ കട്ടപ്പുറത്ത് (workshops) ഉണ്ടെന്നും പ്രത്യേകം പ്രത്യേകമായി വിശദമാക്കുമോ;

(സി) ഒരു വോൾവോ ബസ്സ് നിരത്തിലിറക്കി ഓടിക്കാൻ എത്ര ലക്ഷം രൂപാ ചെലവാകുമെന്ന് വ്യക്തമാക്കുമോ ;

(ഡി) എത്ര വോൾവോ ബസ്സുകൾ ഇന്റർ സ്റ്റേറ്റ് സർവ്വീസുകൾ നടത്തുന്നുണ്ടെന്നും അവ എവിടെയൊക്കെയാണ് സർവ്വീസ് നടത്തുന്നതെന്നും വിശദമാക്കുമോ;

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2011-2016) എത്ര വോൾവോ ബസ്സുകൾ വാങ്ങിയിട്ടുണ്ട്; ഇതിന്റെ തുക എത്ര; ഓരോവർഷവും വാങ്ങിയ ബസ്സുകളുടെ വിലയും, എണ്ണവും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) കഴിഞ്ഞ സർക്കാരിന്റെ അഞ്ച് വർഷക്കാലയളവിൽ വോൾവോ ബസ്സുകളുടെ അറ്റകുറ്റ പണികൾക്കായി എത്ര തുക ചെലവഴിച്ചുവെന്നതിന്റെ വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ജി) കെ.എസ്.ആർ.ടി.സി.- വോൾവോ ബസ്സ് തട്ടിപ്പ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ വിജിലൻസ് അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ 13 വോൾവോ എ.സി. ബസുകളാണ് ഉള്ളത് ഇതിൽ 10 മൾട്ടി ആക്സിൽ ബസുകളും 3 സിംഗിൾ ആക്സിൽ ബസുകളും ഉൾപ്പെടുന്നു. 11-7-2016-ലെ കണക്കുപ്രകാരം ഇതിൽ 10 എണ്ണം സർവ്വീസ് നടത്തുകയും 3 എണ്ണം വിവിധ അറ്റകുറ്റപ്പണികൾക്കായി നിർത്തിയിട്ടിരിക്കുകയുമാണ്. കെ.എസ്.ആർ.ടി.സി.-യുടെ അനുബന്ധ സ്ഥാപനമായ കെ.യു.ആർ.ടി.സി.-ക്ക് 190 വോൾവോ ലോ ഫ്ളോർ എ.സി. ബസ്സുകളാണ് നിലവിലുള്ളത്. 11-7-2016-ലെ കണക്കുപ്രകാരം ഇതിൽ 155 എണ്ണം സർവ്വീസ് നടത്തുകയും, 29 എണ്ണം വിവിധ അറ്റകുറ്റപ്പണികൾക്കായി നിർത്തിയിട്ടിരിക്കുകയുമാണ്. കൂടാതെ 6 എണ്ണം സ്പെയറായും ഉണ്ടായിരുന്നു.

(ബി) ഓരോ ഡിപ്പോയിലെയും വോൾവോ ബസുകളുടെ എണ്ണം, സർവ്വീസ് നടത്തിയ ബസുകളുടെ എണ്ണം, ഓടാത്ത ബസുകളുടെ എണ്ണം തുടങ്ങിയവ അനുബന്ധമായിചേർക്കുന്നു.*

(സി) ഒരു വോൾവോ ബസ്സ് നിരത്തിൽ ഇറക്കി ഓടിക്കുന്നതിന് ഉദ്ദേശം ഒരു കോടി രൂപ ചെലവ് വരുന്നതാണ്.

(ഡി) തിരുവനന്തപുരം സെൻട്രൽ, എറണാകുളം, കോട്ടയം, കോഴിക്കോട് എന്നിവിടങ്ങളിൽനിന്നും ബാംഗ്ലൂരിലേക്ക് ആകെ 10 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| | | |
|---|---|---|
| തിരുവനന്തപുരം | - | ബാംഗ്ലൂർ 2 സർവ്വീസ് (4 ബസ്സുകൾ) |
| എറണാകുളം | - | ബാംഗ്ലൂർ 1 സർവ്വീസ് (2 ബസ്സുകൾ) |
| കോട്ടയം | - | ബാംഗ്ലൂർ 1 സർവ്വീസ് (2 ബസ്സുകൾ) |
| കോഴിക്കോട് | - | ബാംഗ്ലൂർ 1 സർവ്വീസ് (1 ബസ്സ്) |
| | | സ്പെയർ ബസ്സ് 1 എണ്ണം. |

(ഇ) 1. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.യിൽ 10 മൾട്ടി ആക്സിൽ ഫുള്ളി ബിൽഡ് വോൾവോ ബസ്സുകൾ വാങ്ങിയിട്ടുണ്ട്.

| വർഷം | എണ്ണം | തുക |
|---|---|---|
| 2011-12 | വാങ്ങിയിട്ടില്ല. | |
| 2012-13 | വാങ്ങിയിട്ടില്ല. | |
| 2013-14 | 10 | 9,43,90,000.00 |
| 2014-15 | വാങ്ങിയിട്ടില്ല. | |
| 2015-16 | വാങ്ങിയിട്ടില്ല. | |

2. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജൻറം പദ്ധതിയിൽ വാങ്ങിയ ലോ ഫ്ളോർ വോൾവോ ബസ്സുകളുടെ വിവരം

| വർഷം | എണ്ണം | തുക |
|---|---|---|
| 2011-12 | വാങ്ങിയിട്ടില്ല. | |
| 2012-13 | വാങ്ങിയിട്ടില്ല. | |
| 2013-14 | വാങ്ങിയിട്ടില്ല. | |
| 2014-15 | 110 | 106,38,59,950.00 |
| 2015-16 | വാങ്ങിയിട്ടില്ല. | |

(എഫ്) 1. കഴിഞ്ഞ സർക്കാരിന്റെ അഞ്ച് വർഷക്കാലയളവിൽ കെ.എസ്.ആർ.ടി.സി. വോൾവോ എ.സി. ബസ്സുകളുടെ അറ്റകുറ്റപ്പണികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | തുക |
|---|---|
| 2011-12 | 9,91,371.00 |
| 2012-13 | 53,21,921.00 |
| 2013-14 | 52,53,995.00 |
| 2014-15 | 1,44,20,824.00 |
| 2015-16 | 1,08,65,589.00 |

2. കഴിഞ്ഞ സർക്കാരിന്റെ അഞ്ച് വർഷക്കാലയളവിൽ കെ.യു.ആർ.ടി.സി. ലോ ഫ്ലോർ എ.സി. വോൾവോ ബസ്സുകളുടെ അറ്റകുറ്റപ്പണികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | തുക |
|---|---|
| 2011-12 | 1,54,48,348.00 |
| 2012-13 | 1,75,85,245.00 |
| 2013-14 | 4,62,86,827.00 |
| 2014-15 | 4,44,80,540.00 |
| 2015-16 | 4,77,31,239.00 |

(ജി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി. വോൾവോ ബസ് തട്ടിപ്പുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നിലവിലില്ല.

**കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം**

126 (2419) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിനവരുമാനം ഇപ്പോൾ ശരാശരി എത്ര രൂപയാണ്;

(ബി) പ്രതിദിനവരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഇപ്പോൾ എന്തെങ്കിലും പുതിയ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) എങ്കിൽ ഇതുവഴി പ്രതിദിനവരുമാനം എത്ര രൂപയാക്കി വർദ്ധിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) 2016 ജൂൺ മാസത്തിലെ കണക്കുപ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം ശരാശരി 4,70,38,486 (നാലു കോടി എഴുപത് ലക്ഷത്തി മുപ്പത്തി എണ്ണായിരത്തി നാന്നൂറ്റി എൺപത്തിആറ് രൂപ മാത്രം.)

(ബി&സി) കെ.എസ്.ആർ.ടി.സി. ബസുകളിൽ ഡീസലിനു പകരം സി.എൻ.ജി. ഉപയോഗിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. മെച്ചപ്പെട്ട വരുമാനം ലഭിച്ചുകൊണ്ടിരുന്ന ചെയിൻ സർവ്വീസുകൾ കാര്യക്ഷമമായി നടത്തുവാൻ കഴിയാത്തതുമൂലം സംസ്ഥാനത്തിനകത്ത് സർവ്വീസ് നടത്തുന്നവയിൽനിന്നും ലഭിക്കുന്ന വരുമാനത്തിൽ കാര്യമായ കുറവ് അനുഭവപ്പെടുന്നുണ്ട്. വരും ദിവസങ്ങളിൽ കൂടുതൽ പുതിയ ബസ്സുകൾ ലഭ്യമാക്കി ചെയിൻ സർവ്വീസുകൾ കാര്യക്ഷമമാക്കിയും നഷ്ടത്തിൽ ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചും വരുമാനനഷ്ടം ഒരു പരിധി വരെ ഒഴിവാക്കാൻ കഴിയുമെന്ന് കരുതുന്നു. മേൽ സംവിധാനങ്ങൾ നിലവിൽ വരുന്ന മുറയ്ക്ക് മാത്രമേ ഇവയിൽ നിന്നുള്ള പ്രതിദിന വരുമാനം കൃത്യമായി കണക്കാക്കാൻ സാധിക്കുകയുള്ളൂ.

## കെ.എസ്.ആർ.ടി.സി. ഇന്റർ സ്റ്റേറ്റ് സർവ്വീസുകൾ

127 (2420) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. മലപ്പുറം ഡിപ്പോയിൽ നിന്നുള്ള ഇന്റർ സ്റ്റേറ്റ് സർവ്വീസുകൾ ഏതെല്ലാമെന്നും കൂടുതൽ സർവ്വീസുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഡിപ്പോയിൽനിന്നും പുതിയ ബാംഗ്ലൂർ റൂട്ട് അനുവദിക്കുന്നതിനും ബസ് ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കെ.എസ്.ആർ.ടി.സി.-യുടെ മലപ്പുറം യൂണിറ്റിൽനിന്നും ഒരു ഊട്ടി സർവ്വീസും, ഒരു ബാംഗ്ലൂർ സർവ്വീസും ഉള്ളതിൽ ബാംഗ്ലൂർ സർവ്വീസ് ആദായകരമായി നടത്താൻ കഴിയാത്തതിനാൽ, ടി സർവ്വീസ് താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. കേരളവും തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളുമായുള്ള അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ മലപ്പുറം ഡിപ്പോയിൽ നിന്നും നിലവിൽ കൂടുതൽ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുകയില്ല.

## കെ.എസ്.ആർ.ടി.സി.-യുടെ മിനി ബസ്സുകൾ

128 (2421) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നിലവിൽ മിനി ബസ്സുകൾ, സർവ്വീസിനുവേണ്ടി ഉപയോഗിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) എങ്കിൽ മലപ്പുറം ജില്ലയിൽ എത്ര കെ.എസ്.ആർ.ടി.സി. മിനി ബസ്സുകളാണ് സർവ്വീസ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പുതുതായി മലപ്പുറം ജില്ലയിൽ, മിനി ബസ്സുകൾനിരത്തിൽ ഇറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന കാര്യം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലപ്പുറം ജില്ലയിൽ മിനി ബസ്സ് സർവ്വീസ് നടത്തുന്നില്ല.

(സി) ഇല്ല. കെ.എസ്.ആർ.ടി.സി.-യുടെ സാധാരണ ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുവാൻ സാധിക്കാത്ത റൂട്ടുകളിൽ ഷോർട്ട് വീൽ ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തിവരുന്നുണ്ട്.

## കെ.എസ്.ആർ.ടി.സി.യിൽ അസിസ്റ്റന്റ് തസ്തികയിലെ നിയമനം

129 (2422) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ മുഴുവൻ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ എന്നു അറിയുമോ;

(ഡി) എങ്കിൽ പ്രസ്തുത ലിസ്റ്റിൽനിന്നും നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യിൽ അസിസ്റ്റന്റ് തസ്തികയിൽ 388 NJD ഒഴിവുകൾ നിലവിലുണ്ട്.

(ബി) റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) നിലവിലുണ്ട്

(ഡി) സ്വീകരിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസ്സുകളിലെ യാത്രാക്കൂലി**

130 (2423) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസ്സുകളിലെ യാത്രാകൂലി വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ എത്ര രൂപ വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇങ്ങനെ വർദ്ധിപ്പിക്കാനുള്ള സാഹചര്യം എന്താണെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ ബോർഡുകൾ**

131 (2424) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ സൂചനാ ബോർഡുകൾ വായിക്കാൻ കഴിയാത്തവിധത്തിലുള്ളതാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗ്ലാസിൽ നിന്ന് അല്പം പിന്നിൽ മുകളിലായാണ് ബസ്സുകളിൽ ബോർഡ് സ്ഥാപിച്ചിരിക്കുന്നതിനാലും ഗ്ലാസ്സുകൾക്ക് തെളിച്ചമില്ലാത്തതുകൊണ്ടും ബസ്സിനടുത്ത് ചെന്നുനോക്കിയാൽ പോലും ബോർഡ് വായന ദുസ്സഹമാണെന്ന വസ്തുത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഇതിനു എന്ത് പ്രതിവിധിയാണ് ഉദ്ദേശിക്കുന്നതെന്നും ബസ്സ് എവിടേക്കാണ് പോകുന്നതെന്ന് കണ്ടക്ടർ വിളിച്ചുപറയുന്നരീതി പുനരാരംഭിക്കുമോയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സൂചന ബോർഡുകളുടെ കാലപ്പഴക്കംമൂലം ബോർഡുകൾ വായിക്കുവാൻ ബുദ്ധിമുട്ട് ഉള്ളതായി പരാതികൾ ലഭിച്ചിട്ടുണ്ട്. കാലപ്പഴക്കംചെന്ന സൂചനാ ബോർഡുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരത്തിൽ ബോദ്ധ്യപ്പെട്ടാൽ മറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്. ബസ് എവിടേക്കാണ് പോകുന്നതെന്ന് കണ്ടക്ടർ നിർബന്ധമായും വിളിച്ച് പറയുന്ന രീതി കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ ഇല്ലാത്തതാണ്.

## കെ.എസ്.ആർ.ടി.സി. ബസ്സുകളിലും ഡിപ്പോകളിലും ജി.പി.എസ്. സംവിധാനം

132 (2425) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ലെ മുഴുവൻ ബസ്സുകൾക്കും ഡിപ്പോകളിലും ജി.പി.എസ്. സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ സംവിധാനം ഏർപ്പെടുത്തുന്നതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(സി) കെ.എസ്.ആർ.ടി.സി.-യിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ജി.പി.എസ്. സംവിധാനം ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി. ബസുകളുടെ സ്ഥാനം, വേഗത എന്നിവ കേന്ദ്രീകൃതമായും ഡിപ്പോതലത്തിലും നിരീക്ഷിക്കുവാൻ കഴിയും. തൻമൂലം യാത്രക്കാരുടെ ആവശ്യാനുസരണം കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ക്രമീകരിക്കുവാനും ബസുകളുടെ ഒരുമിച്ചുള്ള പോക്കുവരവുകൾ നിയന്ത്രിക്കുവാനും കഴിയും. ഈ സംവിധാനം ഉപയോഗിച്ച് ഓരോ ബസും നിർദ്ദിഷ്ട ബസ് സ്റ്റോപ്പുകളിൽ നിർത്തുന്നുണ്ടോ, അതാതു സർവ്വീസുകളുടെ സമയക്രമം

പാലിച്ചാണോ സർവ്വീസ് നടത്തുന്നത്, നിർദ്ദിഷ്ട റൂട്ടിൽനിന്നും മാറി ഓടുന്നുണ്ടോ തുടങ്ങിയ വിവരങ്ങളും മനസ്സിലാക്കുവാൻ സാധിക്കും. ഈ സംവിധാനം പൂർണ്ണമായി നിലവിൽ വരുന്നതോടെ ഡിപ്പോകളിലെ അന്വേഷണ കൗണ്ടറുകളുടെ സഹായത്താൽ ബസുകളുടെ വിവരങ്ങൾ കൃത്യമായ രീതിയിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്. ഇതിൽനിന്നും ലഭ്യമാകുന്ന വിവരങ്ങൾ ഉപയോഗിച്ച് പ്രധാനപ്പെട്ട ബസ് സ്റ്റേഷനിൽ സ്ഥാപിക്കുന്ന പ്രദർശന ബോർഡുവഴി പ്രസ്തുത ബസ് സ്റ്റേഷനിൽക്കൂടി കടന്നുപോകുന്ന ബസുകളുടെ തത്സമയ വരവ് പോക്കുവിവരങ്ങൾ അറിയുവാൻ കഴിയും.

(സി) ഉണ്ട്. ജി.പി.എസ്. സംവിധാനംവഴി ലഭ്യമാകുന്ന ഡാറ്റ ഉപയോഗിച്ച് പൊതു ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കുന്നതിനുദ്ദേശിക്കുന്നു. എല്ലാ പ്രധാനപ്പെട്ട ബസ് സ്റ്റേഷനിലും സ്ഥാപിക്കുന്ന പ്രദർശന ബോർഡുകൾ വഴി യാത്രക്കാർക്ക് അതാത് സബ് സ്റ്റേഷൻ വഴി കടന്നുപോകുന്ന എല്ലാ ബസുകളുടെയും വരവു പോക്കുകൾ അറിയാൻ സാധിക്കുന്നതാണ്. വെബ്സൈറ്റിലൂടെയും എസ്.എം.എസ്. മുഖേനയും യാത്രക്കാർക്ക് ബസിന്റെ പോക്കുവരവ് തൽസമയം മനസ്സിലാക്കാൻ കഴിയും.

### കെ.എസ്.ആർ.ടി.സി.-യിലെ മരാമത്ത് പണികൾ

133 (2426) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ കാലയളവിൽ കെ.എസ്.ആർ.ടി.സി. വിവിധ ഡിപ്പോകൾ കേന്ദ്രീകരിച്ചും അല്ലാതെയും നടത്തിയ മരാമത്തു പണികൾക്ക് ചെലവാക്കിയ തുക എത്രയെന്നും ഇനിയും കോൺട്രാക്ടർമാർക്ക് കുടിശ്ശികയായി നൽകാനുള്ള തുക എത്രയെന്നും വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ കീഴിൽ കഴിഞ്ഞ സർക്കാർ തുടങ്ങിയതും പൂർത്തീകരിച്ചതുമായ മരാമത്തുപണികളിൽ കെടുകാര്യസ്ഥത, നിർമ്മാണ പിശകുകൾ എന്നിവ സംബന്ധിച്ച പരാതികൾ ഈ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ സർക്കാർ കാലയളവിൽ പണി പൂർത്തീകരിച്ച കെട്ടിടസമുച്ചയങ്ങളിൽ വാടകയ്ക്ക് നൽകാനായി മാറ്റിവയ്ക്കപ്പെട്ട സ്ഥലം എത്രയെന്നും ഇതിൽ വാടകയ്ക്ക് നൽകിയ സ്ഥലം എത്രയെന്നും അഡ്വാൻസ് ഇനത്തിൽ ലഭിക്കേണ്ട തുകയും ലഭിച്ച തുകയും വാടകയിനത്തിൽ ലഭിച്ച തുകയും എത്രയെന്നുമുള്ള വിവരം ബഹുനില കെട്ടിടങ്ങൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സർക്കാർ കാലയളവിൽ കെ.എസ്.ആർ.ടി.സി. വിവിധ ഡിപ്പോകൾ കേന്ദ്രീകരിച്ചും അല്ലാതെയും നടത്തിയ മരാമത്ത് പണികൾക്ക് പ്ലാൻ ഫണ്ട്, എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, പ്രോജക്ട് ഫണ്ട്, എന്നിവ മുഖേന ചെലവായ തുക 92,23,23,073 രൂപയാണ്. മരാമത്ത് പണിയുടെ കുടിശ്ശികയായി കോൺട്രാക്ടർമാർക്ക് 8,35,42,846 രൂപ നൽകാനുണ്ട്.

(ബി) ഉണ്ട്.

1. വെഞ്ഞാറമൂട് യൂണിറ്റിൽ റാംപ് നിർമ്മിച്ചതിൽ ഉണ്ടായ ക്രമക്കേടുമായി ബന്ധപ്പെട്ട് ഉത്തരവാദിയായവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാർ (ധനകാര്യ വകുപ്പ്) റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ ആയത് വിശദമായി പരിശോധിക്കുകയും ടി ഇനത്തിൽ കോർപ്പറേഷന് ഉണ്ടായ നഷ്ടം കണക്കാക്കിയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ 1960-ലെ കേരളാ സിവിൽ സർവ്വീസ് (തരം തിരിവും ചട്ടവും അപ്പീലും) ചട്ടം 15 പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

2. കെ.എസ്.ആർ.ടി.സി. ആര്യനാട് ഡിപ്പോയിലെ വർക്ക്ഷോപ്പിൽ പുതിയതായി പണിത റാംപിന്റെ നിർമ്മാണത്തിൽ അപാകതകൾ ഉള്ളതായി പത്രവാർത്ത വന്നതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പ്രാഥമിക അന്വേഷണത്തിൽ നിലവാരം കുറഞ്ഞ നിർമ്മാണ സാമഗ്രികളാണ് ഉപയോഗിച്ചിട്ടുള്ളതെന്നും, ആവശ്യമുള്ള അളവിൽ നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചിട്ടില്ലായെന്നും റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ അന്വേഷണം നടത്തിവരുന്നു.

3. വടകര ഓപ്പറേറ്റിംഗ് സെന്ററിന്റെ നിർമ്മാണ പ്രവൃത്തികളിൽ ഉണ്ടായ അപാകതകൾ സംബന്ധിച്ച് ബഹു. വടകര എം.എൽ.എ, ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് നൽകിയ പരാതിയിന്മേൽ പ്രാഥമിക അന്വേഷണം നടത്തിയതിൽ കരാറുകാരന്റെ ഭാഗത്തു നിന്നും അനാസ്ഥയുണ്ടായതായി കണ്ടെത്തിയിട്ടുള്ളതാണ്. ആയതിനാൽ ടി പരാതിയിൽ കൂടുതൽ അന്വേഷണം നടത്തുന്നതിന് ഒരു ചീഫ് ടെക്നിക്കൽ എക്സാമിനറുടെ സേവനം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ബി.ഒ.ടി. അടിസ്ഥാനത്തിൽ കെ.റ്റി.ഡി.എഫ്.സി. പണി കഴിപ്പിച്ച കോഴിക്കോട്, അങ്കമാലി, തിരുവനന്തപുരം (തമ്പാനൂർ), തിരുവല്ല എന്നീ സ്ഥലങ്ങളിലെ വാണിജ്യ സമുച്ചയങ്ങളിലെ മുറികൾ വാടകയ്ക്ക് നൽകിയത് സംബന്ധിച്ച വിവരം അനുബന്ധമായി* ചേർക്കുന്നു. കഴിഞ്ഞ സർക്കാർ കാലയളവിൽ കെ.എസ്.ആർ. ടി.സി. നേരിട്ട് കാട്ടാക്കട, നെയ്യാറ്റിൻകര, നെടുമങ്ങാട്, പയ്യന്നൂർ എന്നീ യൂണിറ്റുകളിലാണ് വ്യാപാര സമുച്ചയ പദ്ധതികൾ പൂർത്തീകരിച്ചത്. കാട്ടാക്കട യൂണിറ്റിൽ ആകെ കടമുറികൾ 32 ഉം, ഗോഡൗൺ സ്പെയ്സ് 3 എണ്ണവും, ഓഫീസ് സ്പെയ്സ് 2 എണ്ണവും. ഇതിൽ ഓഫീസ് ബ്ലോക്ക് 1 ഒഴികെ ബാക്കി എല്ലാത്തിനും ലൈസൻസികളെ കണ്ടെത്തിയിട്ടുള്ളതാണ്. പലിശരഹിത കരുതൽ നിക്ഷേപമായി 6,24,01,000 രൂപ വാഗ്ദാനം നൽകിയിട്ടുള്ളതും ടി ഇനത്തിൽ 6,10,21,000 രൂപ പിരിഞ്ഞ് കിട്ടിയിട്ടുള്ളതുമാണ്. പ്രതിമാസ ലൈസൻസ് തുകയായി 1,86,714 രൂപ പിരിഞ്ഞ് കിട്ടുന്നു. നെയ്യാറ്റിൻകര വാണിജ്യ സമുച്ചയത്തിൽ ആകെ കടമുറികൾ 40 എണ്ണവും ഒരു ഹാളുമാണുള്ളത്. ഇതിൽ ലൈസൻസികളെ കണ്ടെത്താനായത് 30 മുറികൾക്കാണ്. പലിശ രഹിത കരുതൽ നിക്ഷേപമായി 4,45,47,000 രൂപ വാഗ്ദാനം നൽകിയതിൽ 3,44,08,950 രൂപ പലിശ രഹിത കരുതൽ നിക്ഷേപ ഇനത്തിൽ പരിഞ്ഞു കിട്ടിയിട്ടുണ്ട്. വാണിജ്യ സമുച്ചയത്തിലെ കടമുറികൾ തുറന്ന് പ്രവർത്തിച്ച് തുടങ്ങാത്തതിനാൽ ലൈസൻസ് ഫീ ഇനത്തിൽ പ്രതിമാസ തവണകൾ ലഭിച്ച് തുടങ്ങിയിട്ടില്ല. നെടുമങ്ങാട് യൂണിറ്റിൽ 53 കടമുറികളിൽ 24 കടമുറികൾക്ക് ലൈസൻസികളെ കണ്ടെത്തുകയും പലിശ രഹിത കരുതൽ നിക്ഷേപമായി 5,52,10,800 രൂപ വാഗ്ദാനമായി ലഭിച്ചതിൽ 4,97,45,930 രൂപ കരുതൽ നിക്ഷേപമായി പിരിഞ്ഞ് കിട്ടുകയും ചെയ്തു. പ്രതിമാസ ലൈസൻസ് ഫീ ആയി 69,669 രൂപ നിലവിൽ ലഭിച്ചുവരുന്നു. പയ്യന്നൂർ യൂണിറ്റിൽ ആകെ 40 കടമുറികളിൽ 10 എണ്ണത്തിന് ലൈസൻസികളെ കണ്ടെത്തുകയും പലിശ രഹിത കരുതൽ നിക്ഷേപമായി 2,04,22,800 രൂപ വാഗ്ദാനം ലഭിച്ചതിൽ 1,92,34,880 പിരിഞ്ഞ് കിട്ടുകയും ചെയ്തു. പയ്യന്നൂർ യൂണിറ്റിൽ കടകൾ തുറന്ന് പ്രവർത്തിച്ച് തുടങ്ങാത്തതിനാൽ വാടക ഇനത്തിൽ നിലവിൽ തുകകൾ ലഭിച്ച തുടങ്ങിയിട്ടില്ല.

**ലോ - ഫ്ളോർ ബസുകളുടെ ഇന്നത്തെ അവസ്ഥ**

134 (2427) <u>ശ്രീ. പാറക്കൽ അബ്ദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.യു.ആർ.ടി.സി.-ക്ക് കീഴിൽ ഇപ്പോൾ എത്ര ലോ-ഫ്ലോർ ബസുകളുണ്ട്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇതിൽ എത്ര ബസുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട്; ഇവ ഏതൊക്കെ ഡിപ്പോകളിൽ നിന്നുമാണ്; വ്യക്തമാക്കുമോ;

(സി) അറ്റകുറ്റപ്പണികൾ നടക്കാത്തത് കാരണം എത്ര ബസുകൾ ഇതിനകം സർവ്വീസ് നിർത്തിവച്ചിട്ടുണ്ട്; ഇതുകാരണം പ്രതിദിനം എത്ര രൂപയുടെ നഷ്ടം സംഭവിക്കുന്നുണ്ട്; വിശദമാക്കുമോ;

(ഡി) അത്യാധുനിക ക്രമീകരണങ്ങളുള്ള ലോ-ഫ്ലോർ ബസുകളിൽ അറ്റകുറ്റപ്പണികൾ നടത്താൻ പരിശീലനം സിദ്ധിച്ച മെക്കാനിക്കുകളുടെയും ടെക്നിഷ്യൻമാരുടെയും അഭാവം കോർപ്പറേഷനിലുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

(ഇ) അറ്റകുറ്റപ്പണികൾ തീർത്ത് ബസുകൾ എന്നത്തേക്ക് പ്രവർത്തനസജ്ജമാകും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.യു.ആർ.ടി.സി. -ക്ക് കീഴിൽ 190 എ.സി. ലോ-ഫ്ളോർ ബസുകളും 413 നോൺ എ.സി. സെമി ലോ-ഫ്ലോർ ബസുകളും നിലവിലുണ്ട്.

(ബി) 11-7-2016-ലെ കണക്കുപ്രകാരം 161 എ.സി. ലോ-ഫ്ലോർ ബസുകൾ സർവ്വീസ് യോഗ്യമായിരുന്നതിൽ ആകെയുള്ള 167 എ.സി. ഷെഡ്യൂളുകളിൽ 155 എണ്ണം ഓപ്പറേറ്റ് ചെയ്തിട്ടുണ്ട്. കൂടാതെ 309 നോൺ എ.സി. സെമി ലോ-ഫ്ലോർ ബസുകൾ സർവ്വീസ് യോഗ്യമായിരുന്നതിൽ ആകെയുള്ള 312 നോൺ എ.സി. ഷെഡ്യൂളുകളിൽ 278 എണ്ണം ഓപ്പറേറ്റ് ചെയ്തിട്ടുണ്ട്. അപ്രകാരം സർവീസ് നടത്തിയതിന്റെ ഡിപ്പോ തിരിച്ചുള്ള എണ്ണം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) വിവിധ അറ്റകുറ്റപ്പണികൾ കാരണം 29 എ.സി. ലോ-ഫ്ലോർ ബസുകളും 104 നോൺ എ.സി. ബസ്സുകളും സർവ്വീസ് നടത്തിയിട്ടില്ല. ഇതു കാരണം 12 എ.സി. ഷെഡ്യൂളുകളും 34 നോൺ എ.സി. ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. ഇതിനാൽ 4,83,572 രൂപയുടെ വരുമാനക്കുറവ് സംഭവിച്ചിട്ടുണ്ട്.

(ഡി) വിവിധ ഡിപ്പോകളിലായി 71 മെക്കാനിക്കുകൾക്ക് എ.സി.ലോ-ഫ്ലോർ ബസുകളിലും 425 ടെക്നീഷ്യൻ/മെക്കാനിക്കുകൾക്ക് നോൺ എ.സി. ബസുകളിലും പരിശീലനം നല്കി നിയോഗിച്ചിട്ടുണ്ട്. കൂടുതൽ മെക്കാനിക്കുകളെ പരിശീലിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) അറ്റകുറ്റപ്പണികൾ തീർത്ത് ബസുകൾ ഒരു മാസത്തിനുള്ളിൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

135 (T*2428) ശ്രീ. എസ്. ശർമ്മ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. പി. കെ. ശശി :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) റോഡപകടങ്ങൾ കുറയ്ക്കാനായി അതോറിറ്റി നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് റോഡപകടങ്ങൾ ഓരോ വർഷവും വർദ്ധിച്ചുവരുന്നതിന്റെ കാരണങ്ങൾ അതോറിറ്റി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) റോഡപകടങ്ങൾ ഒഴിവാക്കാനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ തടയുന്നതിനായി പോലീസ്, മോട്ടോർ വാഹനം, ആരോഗ്യം, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് 2007-ൽ കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് രൂപം നൽകുകയും, അപകടങ്ങൾ തടയുന്നതിനായി സമർപ്പിച്ചിട്ടുള്ള വിവിധ പദ്ധതികൾക്ക് ഫണ്ട് നൽകുകയും ചെയ്യുന്നു. കൂടാതെ ഒരു സമഗ്ര റോഡ് സുരക്ഷാ പോളിസിക്ക് രൂപം നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോലീസ്, മോട്ടോർ വാഹനം, ആരോഗ്യം, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ട് കേരള റോഡ് സുരക്ഷാ അതോറിറ്റി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. റോഡ് സുരക്ഷാ ബോധവൽക്കരണം
2. റോഡ് സുരക്ഷാ ക്ലബുകളുടെ രൂപീകരണം
3. റോഡ് സുരക്ഷാ പ്രോജക്ടും, ഗവേഷണവും

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

4. ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുക

5. അനധികൃത പരസ്യ ബോർഡുകൾ നീക്കം ചെയ്യുക

6. സ്റ്റുഡന്റ് കേഡറ്റ് പ്രോജക്ടിന്റെ ഭാഗമായി സ്കൂളുകളിൽ കമ്മ്യൂണിറ്റി ലെവൽ റോഡ് സുരക്ഷാ പ്രോഗ്രാം നടപ്പിലാക്കുന്നതിനായി പോലീസ് വകുപ്പിന് സാമ്പത്തിക സഹായം നൽകുക

7. ഫുട്പാത്ത് കയ്യേറ്റം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

8. വാഹന കുരുക്ക് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

9. കൂടാതെ 2020-ഓടെ വാഹനദുരന്തങ്ങൾ ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയായ ദശവത്സര റോഡ് സുരക്ഷാ പദ്ധതിക്കായി പൊതുമരാമത്ത് വകുപ്പ്, പോലീസ് ഡിപ്പാർട്ടുമെന്റ്, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ്, നാറ്റ്പാക്ക്, കെൽട്രോൺ തുടങ്ങിയ വകുപ്പുകൾക്കും ഫണ്ട് അനുവദിക്കാൻ റോഡ് സുരക്ഷാ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്.

(സി) ഉണ്ട്. സംസ്ഥാനത്ത് ഓരോ വർഷവും റോഡപകടങ്ങൾ വർദ്ധിച്ചു വരുന്നതിന്റെ കാരണങ്ങൾ വാഹനപ്പെരുപ്പവും റോഡുകളുടെ അപര്യാപ്തതയും അശ്രദ്ധമൂലമുള്ള വാഹനമോടിക്കൽ, നിയമലംഘനം, അമിതവേഗത, മദ്യപിച്ച് വാഹനമോടിക്കൽ എന്നിവയുമാണ്.

(ഡി) പോലീസ്, മോട്ടോർ വാഹനം, ആരോഗ്യം, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും, അപകടങ്ങൾ തടയുന്നതിനായി സമർപ്പിച്ചിട്ടുള്ള വിവിധ പദ്ധതികൾക്ക് ഫണ്ട് നൽകുകയും ചെയ്യുന്നു.

## ആർ.ടി.ഒ. ചെക്ക് പോസ്റ്റുകളിൽ വിജിലൻസ് റെയ്ഡ്

136 (2429) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് എത്ര ആർ.ടി.ഒ. ചെക്ക് പോസ്റ്റുകളിൽ വിജിലൻസ് റെയ്ഡ് നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ എത്ര പേർക്കെതിരെ കേസ് ചാർജ് ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ ;

(സി) പ്രസ്തുത റെയ്ഡിൽ, വിവിധ ചെക്ക് പോസ്റ്റുകളിൽനിന്ന് അനധികൃതമായി പിടിച്ചെടുത്ത തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ മുഴുവൻ ആർ.ടി.ഒ. ചെക്ക്പോസ്റ്റുകളിലും സി.സി.ടി.വി. സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പിന്റെ 18 ചെക്ക്പോസ്റ്റുകളിൽ വിജിലൻസ് റെയ്ഡ് നടത്തിയിട്ടുണ്ട്.

(ബി) 23 പേർക്കെതിരെ കേസ് ചാർജ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| എം.വി.ഐ. | - | 3 |
| എ.എം.വി.ഐ. | - | 13 |
| ഓഫീസ് അറ്റൻഡന്റ് | - | 5 |
| പാർട്ട്ടൈം സ്വീപ്പർ | - | 1 |
| ഏജന്റ് | - | 1 |

(സി) വിവിധ ചെക്ക്പോസ്റ്റുകളിൽനിന്ന് 3,79,290 രൂപ കണക്കിൽ പെടാത്ത തുകയായി പിടിച്ചെടുത്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും 19 ചെക്ക് പോസ്റ്റുകളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിന് കെൽട്രോൺ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ടി നിർദ്ദേശങ്ങൾ മോട്ടോർ വാഹന വകുപ്പിൽ രൂപീകരിച്ച സാങ്കേതിക സമിതിയുടെ പരിഗണനയിലാണ്. സാങ്കേതിക സമിതിയുടെ അനുമതി ലഭ്യമാക്കി പദ്ധതി ഉടൻ തന്നെ നടപ്പിലാക്കുന്നതാണ്.

**പുതിയ ബസ് റൂട്ട്**

137 (2430) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂരിൽനിന്ന് അമല-പറപ്പൂർ-പാവറട്ടി-ഗുരുവായൂർ-ചാവക്കാട്-ചമ്രവട്ടം-യൂണിവേഴ്സിറ്റി വഴി കോഴിക്കോട്ടേക്ക് പുതിയതായി ഒരു ബസ് റൂട്ട് അനുവദിക്കുവാൻ നടപടി എടുക്കുമോ?

<u>ഉത്തരം</u>

നിലവിലുള്ള മോട്ടോർ വാഹന നിയമം അനുസരിച്ച്, പുതിയ ബസ് റൂട്ടിന് അപേക്ഷ ക്ഷണിച്ച്, അനുമതി നൽകുവാൻ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിക്ക് അധികാരമില്ല. ഇത്തരത്തിൽ ഒരു സർവ്വീസ് ആരംഭിക്കണം എന്നാവശ്യപ്പെട്ട് നിർദ്ദേശങ്ങളോ നിവേദനങ്ങളോ ഒന്നും കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചിട്ടില്ല. ആയതിനാൽ നിർദ്ദേശമോ നിവേദനമോ ലഭ്യമാകുന്നമുറയ്ക്ക് സാദ്ധ്യതാ പഠനം നടത്തി ടി റൂട്ടിൽ സർവീസ് ആരംഭിക്കാൻ കഴിയുമോ എന്ന കാര്യം കെ.എസ്. ആർ.ടി.സി പരിശോധിക്കുന്നതാണ്.

**ഗോശ്രീ ബസ്സുകളുടെ കൊച്ചി നഗര പ്രവേശനം**

138 (2431) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരത്തിന്റെ ഏതെല്ലാം പ്രാന്തപ്രദേശങ്ങളിൽ നിന്നുള്ള സ്വകാര്യ ബസ്സുകൾക്കാണ് കൊച്ചി നഗരത്തിലേക്ക് സർവ്വീസ് നടത്തുന്നതിന് നിലവിൽ അനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഗോശ്രീബസ്സുകൾക്ക് നഗരപ്രവേശനം നിഷേധിച്ചിരിക്കുന്നതുമൂലം, പഠനത്തിനും തൊഴിലിനുമായി കൊച്ചി നഗരത്തെ പ്രധാനമായും ആശ്രയിക്കുന്ന വൈപ്പിൻ നിവാസികൾ ബുദ്ധിമുട്ടനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വർഷങ്ങളായി തുടരുന്ന ഈ വിവേചനം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(ഡി) ഗോശ്രീ ബസ്സുകൾക്ക് നഗരപ്രവേശനം അനുവദിക്കുന്നതുസംബന്ധിച്ച് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയെന്നും ഇവ പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) എറണാകുളം ജില്ലയിലെ മട്ടാഞ്ചേരി, ഫോർട്ടുകൊച്ചി, ആലുവ, തൃപ്പൂണിത്തുറ, പിറവം, പെരുമ്പാവൂർ എന്നിവിടങ്ങളിൽ നിന്നുള്ള സ്വകാര്യ ബസ്സുകൾക്ക് കൊച്ചി നഗരത്തിൽ സർവ്വീസ് നടത്തുന്നതിന് പതിറ്റാണ്ടുകൾക്ക് മുൻപുതന്നെ അനുമതി നൽകിയിട്ടുണ്ട്.

(ബി-ഡി) ഉണ്ട്. 2004-ൽ ഗോശ്രീപാലം നിലവിൽ വന്നതോടുകൂടിയാണ് പറവൂർ ഭാഗത്തുനിന്നും വരുന്ന സ്വകാര്യ ബസ് സർവ്വീസുകൾ പൊതുജന താല്പര്യാർത്ഥം ഹൈക്കോടതി ജംഗ്ഷൻവരെ ദീർഘിപ്പിച്ചത്. അതിനുമുൻപ് വൈപ്പിൻ ബസ് സ്റ്റാൻഡ്‌വരെ മാത്രമേ സർവീസ് ഉണ്ടായിരുന്നുള്ളൂ. അതിനു ശേഷം ടി ബസ്സുകളുടെ സർവ്വീസ് BTH ജംഗ്ഷൻ, വൈറ്റില മൊബിലിറ്റി ഹബ്ബ് എന്നിവിടങ്ങളിലേക്ക് ദീർഘിപ്പിക്കണമെന്നാവശ്യപ്പെട്ട് ധാരാളം അപേക്ഷകളും നിവേദനങ്ങളും ലഭിക്കുകയുണ്ടായി. ടി അപേക്ഷകളും നിവേദനങ്ങളും എറണാകുളം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി പരിഗണിച്ചുവെങ്കിലും, വിശദമായ ചർച്ചകൾക്കും ആലോചനകൾക്കും ശേഷം താഴെപ്പറയുന്ന തടസ്സങ്ങൾമൂലം ഈ അപേക്ഷകൾ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി നിരസിക്കുകയാണുണ്ടായിട്ടുള്ളത്.

1. വാഹനപ്പെരുപ്പംമൂലം വീർപ്പുമുട്ടുന്ന കൊച്ചി നഗരത്തിലേക്ക് കൂടുതൽ ബസ്സുകൾ പ്രവേശിച്ചാൽ ഗതാഗത പ്രശ്നങ്ങൾ നിയന്ത്രണാതീതമാകുമെന്ന സിറ്റി പോലീസ് കമ്മീഷണറുടെ റിപ്പോർട്ട്.

2. കൊച്ചി നഗരത്തിലെ, BTH ജംഗ്ഷൻ വരെയുള്ള റോഡുകൾ (3KM) (മേനക, ഷൺമുഖറോഡ്, ജെട്ടി, ഹോസ്പിറ്റൽ റോഡ് ജോസ് ജംഗ്ഷൻവഴി) ദേശസാൽകൃത റൂട്ടുകളുടെ ഭാഗമായതിനാൽ ടി റൂട്ടുകളിൽ കൂടി സർവ്വീസ് അനുവദിക്കുന്നത് സർക്കാർ ഉത്തരവുകളുടേയും സുപ്രീം കോടതി, ഹൈക്കോടതി ഉത്തരവുകളുടെയും ലംഘനമാകും.

3. ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകുന്നതിന് കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷനുള്ള ശക്തമായ എതിർപ്പ്.

4. BTH ജംഗ്ഷനിലെ പാർക്കിംഗ് സൗകര്യത്തിന്റെ അഭാവം

5. BTH ജംഗ്ഷനിൽ ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ പമ്പിംഗ് സ്റ്റേഷൻ, ടാങ്കറുകളുടെ ഓയിൽ ബർത്ത് തുടങ്ങിയവ സ്ഥിതി ചെയ്യുന്നതുകൊണ്ടുള്ള സുരക്ഷാ പ്രശ്നം.

തുടർന്നും നിരവധി നിവേദനങ്ങൾ ഇക്കാര്യമുന്നയിച്ചു കൊണ്ടും, വൈപ്പിൻ ഭാഗത്തു നിന്നുള്ള ബസുകൾ വൈറ്റില

മൊബിലിറ്റി ഹബ്ബുവരെ ദീർഘിപ്പിക്കണമെന്നാവശ്യപ്പെട്ടും എറണാകുളം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിക്ക് ലഭിച്ചുവെങ്കിലും നിയമ തടസ്സമുള്ളതുകൊണ്ടും മോട്ടോർ വാഹന നിയമപ്രകാരം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി എടുത്ത തീരുമാനം പുനഃപരിശോധിക്കുന്നതിന് അതേ അതോറിറ്റിക്ക് അധികാരം ഇല്ലാത്തതിനാലും ടി ആവശ്യം അനുവദിക്കുന്നത് റൂട്ട് ദേശസാൽക്കരണം സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെയും ബന്ധപ്പെട്ട സുപ്രീംകോടതി/ഹൈക്കോടതി ഉത്തരവുകളുടെയും ലംഘനമായതിനാലും നഗരത്തിലെ ഗതാഗതക്കുരുക്കും, സുരക്ഷാ പ്രശ്നവും വർദ്ധിക്കുമെന്നതിനാലും ആയവ നിരുപാധികം നിരസിക്കുകയുണ്ടായി.

എറണാകുളം നഗരത്തിലെ റോഡുകൾ ദേശസാൽകൃത റൂട്ടുകളിൽ ഉൾപ്പെടുന്നതിനാൽ സ്വകാര്യ ബസ്സുകൾക്ക് ടി റൂട്ടുകളിൽക്കൂടി സർവീസ് നടത്തുന്നതിന് നിലവിലുള്ള ദേശസാൽകൃത സ്കീമിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പെർമിറ്റ് നൽകാൻ മോട്ടോർ വാഹനനിയമം അനുവദിക്കുന്നില്ല. ആയതിന്റെ വെളിച്ചത്തിൽ പൊതുജന താൽപ്പര്യം മുൻനിർത്തി കൊച്ചി നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഗോശ്രീ പാലംവഴി വൈപ്പിനിലേക്കും, തിരിച്ച് എറണാകുളം നഗരത്തിലേക്കും സർവ്വീസ് നടത്തുന്നതിന് 20 (ഇരുപത്) കെ.എസ്.ആർ.ടി.സി. ബസുകൾക്ക് സ്ഥിര പെർമിറ്റ് അനുവദിക്കുകയുണ്ടായി. അതുമൂലം ജനങ്ങളുടെ യാത്രാക്ലേശം ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. യാത്രക്കാരുടെ ആവശ്യം കൂടുതൽ ബസ്സുകൾ ഓടിക്കുന്നതിന്റെ സാമ്പത്തികമായ വശവും കണക്കിലെടുത്തു കൊണ്ട് കൂടുതൽ ബസ്സുകൾ ഓടിക്കുന്ന കാര്യം കെ.എസ്. ആർ.ടി.സി.-ക്ക് ആലോചിക്കാവുന്നതാണ്.

## ചടയമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോ

139 (2432) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും പ്രതിദിനം എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റുചെയ്തു വരുന്നുവെന്ന് വ്യക്തമാക്കാമോ; ഇതിൽ പുതിയ സർവ്വീസുകൾ ഉണ്ടോ; 2016 ജനുവരിയിൽ എത്ര ഷെഡ്യൂളുകൾ നടത്തിയിരുന്നുവെന്ന് വ്യക്തമാക്കാമോ; നിർത്തലാക്കിയ സർവ്വീസുകൾ പുനഃസ്ഥാപിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ചടയമംഗലം യൂണിറ്റിൽനിന്നും ഇപ്പോൾ ശരാശരി കെ.എസ്.ആർ. ടി.സി.-യുടെ ജീവനക്കാരുടെയും ബസ്സിന്റേയും ലഭ്യതയ്ക്കനുസരിച്ച് 51 ഷെഡ്യൂളുകളും, കെ.യു.ആർ.ടി. സി.-യുടെ 3 ജൻറം സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ഇതിൽ പുതുതായി അനുവദിച്ച ഷെഡ്യൂളുകൾ ഒന്നും തന്നെ ഇല്ല. 2016 ജനുവരി മാസത്തിൽ ശരാശരി 45 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യാൻ സാധിച്ചിരുന്നത്. ചടയമംഗലം യൂണിറ്റിൽ സർവ്വീസുകൾ ഒന്നും തന്നെ നിർത്തലാക്കിയിട്ടില്ല. ബസ്സിന്റെ അഭാവംമൂലം വരുമാനം കുറഞ്ഞ ചില ഷെഡ്യൂളുകൾ താൽക്കാലികമായി ഓപ്പറേറ്റ് ചെയ്യുന്നില്ല. പുതിയ ബസ്സുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് എല്ലാ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നതാണ്.

## പാലക്കാട് ജില്ലയിലെ കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകൾ പുനഃസ്ഥാപിക്കാൻ നടപടി

140 (2433) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പാലക്കാട് ജില്ലയിലെ എത്ര കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകളാണ് വിവിധ റൂട്ടുകളിലായി നിർത്തലാക്കിയത് എന്ന് വിശദമാക്കുമോ;

(ബി) ഈ റൂട്ടുകളിലെ ബസ്സ് സർവ്വീസ് നിർത്തലാക്കാൻ ഇടയാക്കിയ സാഹചര്യം വിശദമാക്കുമോ;

(സി) ഈ റൂട്ടുകളിലെ നിർത്തലാക്കിയ ബസ്സ് സർവ്വീസുകൾ പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; നിലവിൽ എത്രയെണ്ണം പുനഃസ്ഥാപിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) പാലക്കാട് ജില്ലയിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകളൊന്നും തന്നെ നിർത്തലാക്കിയിട്ടില്ല. ബസ്സിന്റെ ലഭ്യതക്കുറവുമൂലം ചില സർവ്വീസുകൾ താൽക്കാലികമായി സർവ്വീസ് നിർത്തിവച്ചിട്ടുണ്ട്.

(സി) പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നമുറയ്ക്ക് മുടക്കം വന്നിട്ടുള്ള സർവീസുകൾ പുനരാംരംഭിക്കുന്നകാര്യം കെ.എസ്.ആർ.ടി.സി. പരിശോധിക്കുന്നതാണ്.

## മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി ഡിപ്പോ

141 (2434) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ;

(സി) പ്രസ്തുത ഡിപ്പോയിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം, ഓരോ തസ്തികയിലും അനുവദിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ എണ്ണം, ഒഴിവ്/അവധി, ജോലി ക്രമീകരണം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ഡിപ്പോയിൽ നിലവിലുള്ള സർവ്വീസുകൾ ഏതൊക്കെയാണെന്നും ആയതിൽ ലാഭത്തിൽ ഓടുന്ന സർവ്വീസുകൾ ഏതൊക്കെയാണെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 1. MLA-LAC ADS ഫണ്ടിൽനിന്നും 1 കോടി രൂപ ഉപയോഗിച്ച് 9 bay garage പൂർത്തീകരിച്ചുവരുന്നു.

2. പലിശ രഹിത നിക്ഷേപം സ്വീകരിച്ച് നിർമ്മാണം നടത്തുന്ന ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിലെ ഒന്നാം ഘട്ടത്തിന്റെ സിവിൽ ജോലികൾ ഭാഗികമായി പൂർത്തീകരിച്ചു വരുന്നു. ഇലക്ട്രിക്കൽ, ഫയർ ഫൈറ്റിംഗ്, പ്ലംബിംഗ് തുടങ്ങിയ

പണികളും പൂർത്തീകരിക്കാനുണ്ട്. ഈ പണികളുടെ എസ്റ്റിമേറ്റ് ആർക്കിടെക്റ്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റ് കിട്ടുന്ന മുറയ്ക്ക് എത്രയുംവേഗം ടെൻഡർ നടപടികളിലേക്ക് കടക്കുവാൻ സാധിക്കും.

(സി) അനുബന്ധമായി ചേർക്കുന്നു*

(ഡി) മൂവാറ്റുപുഴയിലെ നിലവിലുള്ള സർവ്വീസുകളും അതിൽ ലാഭത്തിൽ ഓടുന്ന സർവീസുകളും അനുബന്ധമായി ചേർക്കുന്നു.*

## നെടുമങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ജീവനക്കാരുടെ ഒഴിവുകൾ

142 (2435) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ജീവനക്കാരുടെ കുറവുമൂലം ഷെഡ്യൂളുകൾ റദ്ദാക്കപ്പെടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) നെടുമങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിലുള്ള സ്റ്റാഫ് ഫിക്സേഷൻ പ്രകാരം ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടേയും കുറവ് ഇല്ല.

(ബി) നെടുമങ്ങാട് യൂണിറ്റിൽ നിന്നും സ്ഥിരമായി ഷെഡ്യൂളുകൾ ഒന്നും തന്നെ റദ്ദ് ചെയ്യുന്നില്ല. എന്നാൽ ജീവനക്കാരുടെ അപ്രതീക്ഷിതമായ ജോലിക്ക് ഹാജരാകാതിരിക്കൽ കാരണമാണ് ചില ദിവസങ്ങളിൽ ചില ഷെഡ്യൂളുകൾ റദ്ദ് ചെയ്യേണ്ടി വരുന്നത്.

## പള്ളുരുത്തി പ്രദേശത്തെ യാത്രാക്ലേശം

143 (2436) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ പള്ളുരുത്തി പ്രദേശത്ത് നിലവിലുള്ള യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത പ്രദേശത്തെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി പള്ളുരുത്തി കെ.എം.പി. നഗർ മുതൽ അരൂക്കുറ്റി വടുതലവഴി ചേർത്തലയ്ക്ക് ഒരു കെ.എസ്.ആർ.ടി.സി. സർവ്വീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പള്ളുരുത്തി പ്രദേശത്തെ യാത്രാക്ലേശം പരിഹരിക്കുന്നതിലേക്കായി പള്ളുരുത്തി കെ.എം.പി. നഗർ മുതൽ അരൂക്കുറ്റി വടുതലവഴി ചേർത്തലക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ച് തുടർ നടപടി കൈക്കൊള്ളുന്നതാണ്.

**ആറ്റിങ്ങൽ, കിളിമാനൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽനിന്നും വെട്ടിക്കുറച്ച ഷെഡ്യൂളുകളും സർവ്വീസുകളും**

144 (2437) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15, 2015-16 വർഷങ്ങളിൽ ആറ്റിങ്ങൽ, കിളിമാനൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽനിന്നും ഏതെല്ലാം ഷെഡ്യൂളുകളും സർവ്വീസുകളും വെട്ടിക്കുറച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) നിർത്തലാക്കിയ ഷെഡ്യൂളുകളും സർവ്വീസുകളും പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) കെ.എസ്.ആർ.ടി.സി.-യെ മാത്രം ആശ്രയിച്ച് യാത്ര ചെയ്യുവാൻ കഴിയുന്ന ഈ മേഖലയിൽ കൂടുതൽ സർവ്വീസ് നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2014-15, 2015-16 കാലയളവിൽ ആറ്റിങ്ങൽ, കിളിമാനൂർ യൂണിറ്റുകളിൽ ഷെഡ്യൂളുകൾ ഒന്നുംതന്നെ വെട്ടിക്കുറച്ചിട്ടില്ല. എന്നാൽ സർവ്വീസിന് യോഗ്യമായ ബസ്സുകളുടെ ലഭ്യതക്കുറവും, ജീവനക്കാരുടെ കുറവുംമൂലം ചില സർവ്വീസുകൾ കൃത്യമായി ഓപ്പറേറ്റ് ചെയ്യാൻ കഴിയാറില്ല.

(ബി&സി) സർവ്വീസിന് യോഗ്യമായ ബസ്സുകളും ആവശ്യത്തിന് ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് താൽക്കാലികമായി നിർത്തിവച്ച സർവ്വീസുകൾ പുനരാരംഭിക്കുന്നതാണ്.

## നാറ്റ്പാക്ക് -നെക്കൊണ്ട് പഠനം നടത്താൻ നടപടി

145(2438) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെടുമങ്ങാട് മണ്ഡലത്തിലെ പോത്തൻകോട് - വെമ്പായം - നെടുമങ്ങാട് ടൗൺ എന്നീ കേന്ദ്രങ്ങളിൽ വാഹനാപകടങ്ങൾമൂലം ഉണ്ടാകുന്ന മരണങ്ങൾ ഒഴിവാക്കാനും ഗതാഗതം സുഗമമാക്കാനും നാറ്റ്പാക്ക്-നെക്കൊണ്ട് പഠനം നടത്താൻ നടപടി സ്വീകരിക്കാമോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

ഇക്കാര്യം സംബന്ധിച്ച് ശിപാർശകളൊന്നും നിലവിലില്ല.

## ദേശീയപാതയിലെ ഗ്യാസ് ടാങ്കർ അപകടങ്ങൾ

146 (2439) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിലുണ്ടാകുന്ന ഗ്യാസ് ടാങ്കർ അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2010 ജനുവരി മുതൽ 2016 മാർച്ച് 31 വരെ സംസ്ഥാനത്ത് എത്ര ഗ്യാസ് ടാങ്കറുകൾ അപകടത്തിൽപ്പെട്ടിട്ടുണ്ടെന്നും എത്ര മരണങ്ങൾ നടന്നിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ റോഡിലൂടെ ഓടുന്ന ഗ്യാസ് ടാങ്കറുകളുടെ ഫിറ്റ്നസ് മുതലായവ കേരള മോട്ടോർ വാഹന വകുപ്പ് പരിശോധിക്കാറുണ്ടോ; എത്ര വാഹനങ്ങൾ ഫിറ്റ്നസ് പരിശോധനയിൽ പരാജയപ്പെട്ടിട്ടുണ്ടെന്നും അവയുടെ കേരളത്തിലൂടെയുള്ള ഗതാഗതം നിരോധിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) ഗ്യാസ് ടാങ്കറുകളുടെയും അവ കൊണ്ടുപോകുന്ന വാഹനങ്ങളുടെയും സുരക്ഷയും ജനങ്ങളുടെ സുരക്ഷയും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 2010 ജനുവരി മുതൽ 2016 മാർച്ച് 31 വരെ സംസ്ഥാനത്ത് 140 ഗ്യാസ് ടാങ്കറുകൾ അപകടത്തിൽപ്പെടുകയും അതിൽ 81 പേർ മരണമടയുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. 10 ടാങ്കറുകൾ ഫിറ്റ്നസിൽ ആദ്യം പരാജയപ്പെട്ടെങ്കിലും 9 എണ്ണവും കുറവുകൾ പരിഹരിച്ച് ഫിറ്റ്നസ് നേടിയിട്ടുണ്ട്. എറണാകുളം ജില്ലയിലെ ഒരു വാഹനത്തിന്റെ പോരായ്മകൾ പരിഹരിച്ച് വീണ്ടും ഹാജരാക്കാൻ വാഹന ഉടമയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഫിറ്റ്നസ് ഇല്ലാത്ത വാഹനങ്ങൾ ഗതാഗതം നടത്തുവാൻ അനുവദിക്കാറില്ല.

(സി) തിരക്കേറിയ സമയങ്ങളിൽ നഗരത്തിൽ ടാങ്കർ ലോറിക്ക് പ്രത്യേക സമയപരിധി ക്രമീകരിച്ചും ടാങ്കർ ഡ്രൈവർമാർക്കും പോലീസ് ഉൾപ്പെടെയുള്ള ജീവനക്കാർക്കും, പൊതുജനങ്ങൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയും അമിതവേഗതയിലും അശ്രദ്ധമായും വാഹനം ഓടിക്കുന്ന ഡ്രൈവർമാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചും വരുന്നു. പെട്രോളിയം ഉല്പന്നങ്ങൾ കൊണ്ടുപോകുന്ന ടാങ്കർ വാഹനങ്ങളിൽ നിയമാനുസരണമുള്ള ലൈസൻസുള്ള 2 ഡ്രൈവർമാരുണ്ടോയെന്നും വാഹനത്തിന് എക്സ്പോസ്സീവ് ലൈസൻസ് ഉണ്ടോയെന്നും സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്നും പരിശോധിക്കാറുണ്ട്.

## റോഡപകടങ്ങളിൽ മരണമടഞ്ഞവർ

147 (2440) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലഘട്ടത്തിൽ റോഡപകടങ്ങളിൽ മരണമടഞ്ഞവർ എത്ര; വിശദമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ എത്രപേർ മരണപ്പെട്ടു, ഏതൊക്കെ പ്രദേശങ്ങളിൽ; വിശദാംശം നൽകാമോ?

ഉത്തരം

(എ)

| വർഷം | മരണപ്പെട്ടവർ |
|---|---|
| 2011 | 4145 |
| 2012 | 4286 |
| 2013 | 4258 |
| 2014 | 4049 |
| 2015 | 4196 |
| 2016 | 2209 |

(ബി) 2011 മുതൽ 2016 വരെയുള്ള കാലയളവിൽ റോഡപകടങ്ങളിൽ തിരുവനന്തപുരം ജില്ലയിൽ 2877 പേർ മരിച്ചിട്ടുണ്ട്. മരണം സംഭവിച്ച പ്രദേശങ്ങളുടെ സിറ്റി, റൂറൽ, തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി

148 (2441) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) അശ്രദ്ധമൂലം വാഹനം ഓടിച്ച് അപകടത്തിൽപെട്ട് മരണം സംഭവിക്കുന്ന കേസുകളിൽ നിലവിലുള്ള നിയമം മാറ്റി കർശനനിയമം നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) 2016-ൽ മാത്രം സംസ്ഥാനത്ത് എത്ര വാഹന അപകടങ്ങൾ നടന്നിട്ടുണ്ടെന്നും ഇതിൽ എത്ര പേർ മരണപ്പെട്ടുവെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. മദ്യപിച്ചും, അശ്രദ്ധമായും വാഹനം ഓടിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ നടപ്പിലാക്കി വരുന്നു. വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി പൊതുമരാമത്ത് വകുപ്പിന്റേയും മറ്റു വകുപ്പുകളുടേയും സഹായത്തോടെ തിരുത്തൽ നടപടികൾ സ്വീകരിച്ചുവരുന്നു. ട്രാഫിക്ക്/ഹൈവേ/റഡാർ യൂണിറ്റുകളുടെ സേവനം ലഭ്യമാക്കിയും, പ്രധാന റോഡുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചും, സ്പീഡ് റഡാർ, ഇന്റർസെപ്റ്റർ വാഹനങ്ങൾ, പട്രോളിംഗ് എന്നിവയുടെ സഹായത്താൽ കർശന വാഹന പരിശോധന നടത്തിവരുന്നു. ട്രാഫിക്ക് ബോധവൽക്കരണ പരിപാടിയായ റോഡ് സുരക്ഷാ സന്ദേശം "ശുഭയാത്ര 2015" എന്ന പേരിൽ നടപ്പിലാക്കിവരുന്നു. കൂടാതെ ദേശീയ സുരക്ഷാ വാരാചരണം എല്ലാ വർഷവും നടത്തിവരുന്നു.

(ബി) കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ശിക്ഷാ നടപടികൾ കൈക്കൊള്ളുന്നത്. ഇതിൽ ഭേദഗതി വരുത്തുവാൻ കേന്ദ്ര സർക്കാരിനെ അധികാരമുള്ളൂ. കേന്ദ്ര വാഹന നിയമ ഭേദഗതി പരിഗണനയിലാണ്.

(സി) 2016 ജനവരി മുതൽ ജൂൺ വരെ 19819 വാഹന അപകടങ്ങളിൽ 2209 പേർ മരണമടഞ്ഞിട്ടുണ്ട്.

## ആർ.ടി.ഒ. ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം

149 (2442) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ആർ.ടി.ഒ. ചെക്ക്പോസ്റ്റുകളാണ് പ്രവർത്തിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) അഴിമതി വിമുക്ത ചെക്ക്പോസ്റ്റുകൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ ആർ.ടി.ഒ. ചെക്ക്പോസ്റ്റുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) സംസ്ഥാനത്തെ മുഴുവൻ ആർ.ടി.ഒ. ചെക്ക്പോസ്റ്റുകളും അഴിമതി വിമുക്ത ചെക്ക് പോസ്റ്റുകളാക്കാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) 19 എണ്ണം.

(ബി) മോട്ടോർ വാഹന ചെക്ക്പോസ്റ്റുകളെ ഇത്തരത്തിൽ വേർതിരിച്ചിട്ടില്ല.

(സി) സംസ്ഥാനത്തെ ആർ.ടി.ഒ. ചെക്ക്പോസ്റ്റുകളിൽ ക്യാമറകൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ഒരു നിർദ്ദേശം കെൽട്രോൺ ഗതാഗത കമ്മീഷണർക്ക് സമർപ്പിച്ചിരുന്നു. 19-11-2013-ൽ നടന്ന മോട്ടോർ വാഹന വകുപ്പിലെ FAST (Fully Automated Services in Transport Department) പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി യോഗം ഈ നിർദ്ദേശത്തിന് അംഗീകാരം നൽകിയിരുന്നു. തുടർ നടപടികൾ ഗതാഗത കമ്മീഷണർ സ്വീകരിച്ചുവരുന്നു. അഴിമതി അവസാനിപ്പിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ വകുപ്പുതല പരിശോധനയും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധനകളും നടത്താറുണ്ട്. കൂടാതെ ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം രഹസ്യ നിരീക്ഷണത്തിലുമാണ്. ആധുനിക പരിശോധനാ സംവിധാനങ്ങൾ നടപ്പിലാക്കുവാനുള്ള നടപടികളും വകുപ്പുതലത്തിൽ കൈക്കൊണ്ടിട്ടുണ്ട്. ഇതിനായി ഇലക്ട്രോണിക് വെയിംഗ് മെഷീൻ മുതലായ ഉപകരണങ്ങൾ ഘട്ടം ഘട്ടമായി വകുപ്പ് വാങ്ങുന്നുണ്ട്.

## ഡീസൽ എഞ്ചിൻ ഘടിപ്പിച്ച വാഹനങ്ങൾക്ക് വിലക്ക്

150 (2443) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 10 വർഷത്തിൽ കൂടുതൽ കാലപ്പഴക്കവും 2000 സി.സി.-ക്ക് മേൽ പവറുള്ള ഡീസൽ എഞ്ചിൻ ഘടിപ്പിച്ച വാഹനങ്ങളും കേരളത്തിലെ കോർപ്പറേഷൻ പരിധിക്കുള്ളിൽ ഓടുന്നതിന് വിലക്ക് ഏർപ്പെടുത്തിയ ഹരിത ട്രിബ്യൂണലിന്റെ വിധിക്ക് എതിരെ എത്ര കാലത്തേക്കാണ് സ്റ്റേ ലഭിച്ചിട്ടുള്ളത്; വിശദമാക്കാമോ, ഇതുമൂലം വാഹന ഉടമകൾക്ക് നേരിടുന്ന ബുദ്ധിമുട്ട് മനസിലാക്കിയിട്ടുണ്ടോ;

(ബി) ഈ സ്റ്റേ തുടർന്ന് ലഭിച്ചില്ലെങ്കിൽ, ഇത് നിയമമായി പ്രാബല്യത്തിൽ വന്നാൽ, കേരളത്തിൽ എത്രയൊക്കെ സ്വകാര്യ, ചരക്ക്, കെ.എസ്.ആർ.ടി.സി., പ്രൈവറ്റ് യാത്രാ വാഹനങ്ങൾക്ക് ബാധകമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ വാഹനങ്ങളുടെ എഞ്ചിനുകൾ മാറ്റി പകരം സി.എൻ.ജി. ഇന്ധനം ഉപയോഗിച്ച് വണ്ടികൾ ഓടിക്കാൻ ആവശ്യമായ സി.എൻ.ജി. ഇന്ധന പമ്പുകൾ കേരളത്തിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ സ്ഥാപിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ഡി) ഡീസൽ വാഹനങ്ങളുടെ ഉപയോഗം കുറയ്ക്കാൻ ഡീസൽ വാഹനങ്ങൾക്ക് ഗ്രീൻ ടാക്സ് ഈടാക്കാനും ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ&ബി) 23-5-2016-ലെ ഹരിത ട്രിബ്യൂണൽ കൊച്ചി സർക്യൂട്ട് ബഞ്ചിന്റെ വിധി ഹൈക്കോടതി രണ്ടുമാസത്തേയ്ക്കാണ് സ്റ്റേ ചെയ്തിരിക്കുന്നത്. ഏകദേശം 61,000-ലധികം ട്രാൻസ്പോർട്ട് വാഹനങ്ങളുടേയും 40,000-ലധികം നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടേയും പ്രവർത്തനത്തെ ടി വിധി ബാധിക്കും. കെ.എസ്. ആർ.ടി.സി.-യുടെ പത്ത് വർഷത്തിനുമേൽ പഴക്കമുള്ള 1102 ബസുകളും ലോറി, വാൻ മുതലായ 117 വാഹനങ്ങളും ഈ വിധി നടപ്പിലായാൽ നിരത്തിൽ നിന്നും പിൻവലിക്കേണ്ടിവരും. തുടർന്ന് ഈ ബസ്സുകൾക്ക് പകരം സി.എൻ.ജി. ഇന്ധനം ഉപയോഗിച്ചുള്ള ബസ്സുകൾ നിരത്തിലിറക്കുന്നതിന് കോർപ്പറേഷന് ഏകദേശം 275 കോടി രൂപയുടെ അധിക ബാധ്യത ഏറ്റെടുക്കേണ്ടി വരും. ഓർഡിനറി വിഭാഗത്തിൽപ്പെടുന്ന 1102 ബസ്സുകൾ ഒറ്റയടിക്ക് നിരത്തിൽനിന്നും പിൻവലിക്കുന്നതുമൂലം

സാധാരണ ജനങ്ങളുടെ യാത്രാസൗകര്യത്തെ ബാധിക്കുകയും ചെയ്യും. കൂടാതെ ലോറി, വാൻ മുതലായ 117 വാഹനങ്ങൾ ഉപയോഗിച്ചാണ് കെ.എസ്.ആർ.ടി.സി. സ്പെയർ പാർട്സ്, മറ്റ് ആവശ്യ വസ്തുക്കൾ മുതലായവയുടെ വിതരണം നടത്തുന്നത്. ഈ വാഹനങ്ങൾ ഒറ്റയടിക്ക് പിൻവലിക്കുന്നതിലൂടെ കെ.എസ്.ആർ.ടി.സി.-യുടെ സുഗമമായ പ്രവർത്തനം പ്രതിസന്ധിയിൽ ആകും.

(സി) സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ സി.എൻ.ജി. ഉപയോഗിച്ചുള്ള വാഹനങ്ങൾ ഓടിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി. ഘട്ടം ഘട്ടമായി സ്വീകരിക്കുന്നതാണ്. ആദ്യഘട്ടമെന്ന നിലയിൽ സി.എൻ.ജി. ലഭ്യമായ എറണാകുളം നഗരത്തിൽ സി.എൻ.ജി. ഉപയോഗിച്ചുള്ള വാഹനം ഓടിക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നതാണ്. കൂടുതൽ സ്ഥലങ്ങളിൽ വിവിധ എണ്ണക്കമ്പനികളാണ് സി.എൻ.ജി. പമ്പുകൾ സ്ഥാപിക്കേണ്ടത്. ഇതിനായി സർക്കാർ തലത്തിൽ സ്വീകരിക്കേണ്ടതായ നടപടികൾ എല്ലാം സ്വീകരിക്കാവുന്നതാണ്.

(ഡി) 2016-ലെ ബഡ്ജറ്റിൽ 15 വർഷം കഴിഞ്ഞ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും 10 വർഷം കഴിഞ്ഞ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും ഗ്രീൻടാക്സ് ഏർപ്പെടുത്തുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്ത തീയതി മുതൽ 15 വർഷം കഴിഞ്ഞ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഓരോ 5 വർഷത്തേക്കും 400 രൂപ നിരക്കിലും രജിസ്റ്റർ ചെയ്ത തീയതി മുതൽ 10 വർഷം കഴിഞ്ഞ ലൈറ്റ് ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഓരോ വർഷവും 200 രൂപ നിരക്കിലും രജിസ്റ്റർ ചെയ്ത തീയതി മുതൽ 10 വർഷം കഴിഞ്ഞ മീഡിയം ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഓരോ വർഷവും 300 രൂപ നിരക്കിലും രജിസ്റ്റർ ചെയ്ത തീയതി മുതൽ 10 വർഷം കഴിഞ്ഞ ഹെവി ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഓരോ വർഷവും 400 രൂപ നിരക്കിലുമാണ് ഗ്രീൻടാക്സ് ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളത്.

## ആളൂർ വില്ലേജിനെ ചാലക്കുടി ജോയിന്റ് ആർ.ടി.ഒ.-യുടെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്താൻ നടപടി

151 (2444) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ പുതിയ താലൂക്ക് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ച് രണ്ട് വർഷം പിന്നിട്ടിട്ടും പ്രസ്തുത താലൂക്കിൽപ്പെട്ട ആളൂർ വില്ലേജിനെ ചാലക്കുടി ജോയിന്റ് ആർ.ടി.ഒ.-യുടെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അനുകൂലമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**ഇരുചക്ര വാഹനയാത്രക്കാരുടെ സുരക്ഷ**

152 (2445) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുചക്ര വാഹനങ്ങൾ കൂടുതലും ഉപയോഗിക്കുന്നത് സമൂഹത്തിലെ സാധാരണക്കാരാണെന്ന കാര്യം സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ;

(ബി) ഇരുചക്ര വാഹനയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാനായി സർക്കാർ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന പുതിയ തീരുമാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) പതിനെട്ട് വയസ്സിന് താഴെയുള്ള കുട്ടികൾ ഇരുചക്ര വാഹനങ്ങൾ ഓടിക്കുന്നത് നിയന്ത്രിക്കുന്നതിന് കർശന നിയമ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ;

(ഡി) പൊതുജനങ്ങൾക്ക് പ്രയോജനകരമാകുന്ന വിധത്തിൽ നിയമം നടപ്പാക്കാൻ തയ്യാറാകുമോ;

(ഇ) കഴിഞ്ഞ 5 വർഷക്കാലം കേരളത്തിൽ ഇരുചക്ര വാഹന അപകടത്തിൽപ്പെട്ടവർ എത്രപേരെന്ന് ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇരുചക്രവാഹന യാത്രക്കാർ അപകടത്തിൽപ്പെട്ട് മരണപ്പെടുന്നത് ഹെൽമെറ്റ് ഉപയോഗിക്കാത്ത സാഹചര്യത്തിലാണ്. ആയതിനാൽ ഹെൽമെറ്റ് നിർബന്ധമായും ഉപയോഗിക്കുന്നതിനുവേണ്ടി വ്യാപകമായ രീതിയിൽ ബോധവൽക്കരണ പരിപാടികളും ഇരുചക്രവാഹനങ്ങളുടെ ചെക്കിംഗുകളും മോട്ടോർ വാഹനവകുപ്പ് നടത്തുന്നതാണ്. സംസ്ഥാന പോലീസ് വകുപ്പും ഇത്തരം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 100% ഇരുചക്രവാഹന യാത്രക്കാരും ഹെൽമെറ്റ് ഉപയോഗിക്കുന്നത് ഉറപ്പുവരുത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇത് വാഹന ഉപഭോക്താക്കൾക്ക്

കൂടുതൽ ബുദ്ധിമുട്ടില്ലാത്ത രൂപത്തിൽ നടപ്പിൽവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നിരീക്ഷണ ക്യാമറകളും മറ്റ് ആധുനിക സാങ്കേതികവിദ്യയും ഉപയോഗിച്ചുകൊണ്ട് നിരന്തരമായി ഇരുചക്രവാഹനങ്ങളെ നിരീക്ഷിച്ചുകൊണ്ടും നിയമലംഘനങ്ങൾ കണ്ടെത്തിക്കൊണ്ടും പിഴ ചുമത്തിക്കൊണ്ടും കൂടാതെ ബോധവൽക്കരണത്തിൽ കൂടിയും പരമാവധി ഇരുചക്രവാഹന യാത്രക്കാരെ ഹെൽമെറ്റ് ധരിപ്പിക്കാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്.

(സി) അതിവേഗ ബൈക്കുകൾ സൃഷ്ടിക്കുന്ന അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മോട്ടോർ വാഹന വകുപ്പ് സത്വര നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പ്രായപൂർത്തിയാവാത്ത കുട്ടികൾ സ്കൂളിൽ പോകുന്നതിനും, മറ്റ് ആവശ്യങ്ങൾക്കും ഇരുചക്രവാഹനങ്ങൾ സംസ്ഥാന വ്യാപകമായി ഉപയോഗിക്കുന്നതായും ഇതുമൂലം ഗുരുതരമായ അപകടങ്ങൾക്ക് കാരണമാകുന്നതും ശ്രദ്ധയിൽപ്പെട്ടതിനാൽ മോട്ടോർ വാഹന വകുപ്പ് കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രായപൂർത്തിയാകാത്ത വിദ്യാർത്ഥികൾ ഇരുചക്രവാഹനങ്ങൾ ഉൾപ്പെടെയുള്ള വാഹനങ്ങൾ ഓടിക്കുന്നില്ല എന്ന് ഉറപ്പാക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ബോധവൽക്കരണമാണ് ഇത് തടയുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗം. ഇതിലേക്കായി രക്ഷകർത്താക്കൾ, സ്കൂൾ അധികൃതർ, അദ്ധ്യാപക-രക്ഷാകർതൃ സമിതി എന്നിവരെ ഉൾക്കൊള്ളിച്ചു കൊണ്ട് സ്കൂളുകളിൽ പ്രവർത്തിക്കുന്ന റോഡ് സുരക്ഷാ ക്ലബുകൾ മുഖേന ആവശ്യമായ ബോധവൽക്കരണം നടത്താൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സ്കൂൾ അധികൃതർക്കും ഇത് സംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുണ്ട്. വാഹന പരിശോധനാ സമയത്ത് ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കാറുണ്ട്. ഹെൽമെറ്റ് പരിശോധന കർശനമാക്കുന്നതിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. പതിനെട്ടു വയസ്സിനു താഴെയുള്ള കുട്ടികൾ ഇരുചക്രവാഹനങ്ങൾ ഓടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഇരുചക്രവാഹനം കസ്റ്റഡിയിലെടുത്ത് വാഹന ഉടമയെ അറിയിക്കുകയും ടിയാനെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(ഡി) പൊതുജനങ്ങൾക്ക് പ്രയോജനകരമായ വിധത്തിൽ നിലവിലുള്ള വാഹന നിയമങ്ങൾ കർശനമായി നടപ്പിലാക്കി വരുന്നു.

(ഇ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഡ്രൈവിംഗ് സ്കൂളുകൾക്ക് ലൈസൻസ് അനുവദിക്കൽ

153 (2446) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രൈവിംഗ് സ്കൂളുകൾ തുടങ്ങാൻ ലൈസൻസ് നിർബന്ധമാണോ ; എങ്കിൽ ലൈസൻസ് നൽകുന്ന അധികാരി ആരാണെന്നും അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ ;

(ബി) കാസർകോഡ് ജില്ലയിൽ ലൈസൻസോടുകൂടിയും അല്ലാതെയും പ്രവർത്തിക്കുന്ന എത്ര ഡ്രൈവിംഗ് സ്കൂളുകളുണ്ട് ; ഇത് സംബന്ധിച്ച് കാസർകോഡ്, കാഞ്ഞാട് എന്നീ ആർ.ടി.ഒ.-കളിലെ കണക്ക് വേർതിരിച്ച് ലഭ്യമാക്കുമോ ;

(സി) ലൈസൻസുണ്ടെങ്കിലും മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന ഡ്രൈവിംഗ് സ്കൂളുകൾ കാസർകോഡ് ജില്ലയിലുണ്ടോ ; എങ്കിൽ എന്ത് നിയമനടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ ;

(ഡി) ഡ്രൈവിംഗ് സ്കൂളുകൾ മാനദണ്ഡങ്ങൾ പാലിച്ചാണോ പ്രവർത്തിക്കുന്നതെന്ന് പരിശോധിക്കാൻ സംവിധാനങ്ങളുണ്ടോയെന്നും ഉണ്ടെങ്കിൽ ഈ വിധത്തിലുള്ള പരിശോധനകൾ എത്ര മാസത്തിലൊരിക്കലാണ് നടക്കാറുള്ളതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിർബന്ധമാണ്. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ആണ് ലൈസൻസ് നൽകുന്ന അധികാരി. 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 12-ാം വകുപ്പ് അനുശാസിക്കും പ്രകാരം 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ 24-ാം ചട്ടവും, ഗതാഗത കമ്മീഷണറുടെ 15-11-2013-ലെ സർക്കുലർ നമ്പർ 27/2013 എന്നിവ പ്രകാരവുമാണ് ഡ്രൈവിംഗ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നത്. ടി ചട്ടത്തിന്റെയും ഗതാഗത കമ്മീഷണറുടെ സർക്കുലറിന്റെയും പകർപ്പുകൾ യഥാക്രമം അനുബന്ധം I,II ആയി ചേർത്തിട്ടുണ്ട്*

(ബി) 72, കാസർഗോഡ് -30, കാഞ്ഞങ്ങാട് -42 കാസർഗോഡ് ജില്ലയിൽ ലൈസൻസില്ലാതെ ഡ്രൈവിംഗ് സ്കൂളുകൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ഉണ്ട്. 3 മാസത്തിലൊരിക്കൽ ഡ്രൈവിംഗ് സ്കൂളുകളിൽ പരിശോധന നടത്താറുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വാഹനങ്ങളിൽ ഉപയോഗിക്കാവുന്ന ഹോണുകൾ

154 (2447) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വിഭാഗം വാഹനങ്ങളിൽ ഉപയോഗിക്കാവുന്ന ഹോണുകൾക്ക് നിശ്ചയിച്ചിട്ടുള്ള ഡെസിബൽ എത്ര വീതമാണെന്നുള്ളതിനെ സംബന്ധിച്ച് എന്തെങ്കിലും നിയമം നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) അനുവദനീയമല്ലാത്ത ഹോണുകൾ ഉപയോഗിച്ചതിന് കഴിഞ്ഞ പത്തുവർഷക്കാലയളവിൽ എത്ര വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) കേൾവി ശക്തിയെ ബാധിക്കുന്ന തരത്തിലുള്ള ഹോണുകൾ ഉപയോഗിക്കുന്ന വാഹനങ്ങൾ കണ്ടെത്തി അവ നീക്കം ചെയ്യുന്നതിനും ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും തയ്യാറാകുമോ;

(ഡി) അനുവദനീയമല്ലാത്ത ആവൃത്തിയിൽ പ്രവർത്തിക്കുന്ന ഹോണുകൾ ഘടിപ്പിച്ചിട്ടുള്ള സർക്കാർ വാഹനങ്ങളിൽനിന്നും അടിയന്തരമായി അവ നീക്കം ചെയ്യുന്നതിന് എല്ലാ വകുപ്പുകൾക്കും സത്വര നിർദ്ദേശം നൽകുമോ?

### ഉത്തരം

(എ) നിലവിലുണ്ട്. 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 119(1) പ്രകാരം വാഹനങ്ങളിൽ ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് നിഷ്കർഷിച്ചിട്ടുള്ള IS:1884-1993 മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ഇലക്ട്രിക് ഹോൺ മാത്രമേ ഘടിപ്പിക്കാവൂ. IS:1884-1993 പ്രകാരം മൊപ്പഡുകൾ, സ്കൂട്ടറുകൾ, മാഗ്നറ്റോ സിസ്റ്റം ഉള്ള മോട്ടോർ സൈക്കിളുകൾ എന്നിവയ്ക്കായി നിഷ്കർഷിച്ചിരിക്കുന്ന ടൈപ്പ് -1 എ സി ഹോണിന് നിഷ്കർഷിച്ചിട്ടുള്ളത് 85 മുതൽ 105 വരെ ഡെസിബെൽ ആണ്. സ്റ്റോറേജ് ബാറ്ററി ഉപയോഗിക്കുന്ന ഇരുചക്രവാഹനങ്ങൾക്കും, മുച്ചക്ര വാഹനങ്ങൾക്കും നിഷ്കർഷിച്ചിട്ടുള്ള ടൈപ്പ്-2 എ ഡി സി ഹോണിന് നിഷ്കർഷിച്ചിട്ടുള്ളത് 90 മുതൽ 115 വരെ 'ഡെസിബെൽ' ആണ്. ഡിസി സിസ്റ്റമുള്ള പാസഞ്ചർ കാറുകൾക്കും കൊമേഴ്സ്യൽ വാഹനങ്ങൾക്കും നിഷ്കർഷിച്ചിട്ടുള്ള ടൈപ്പ്-2 എ ഡി സി ഹോണുകൾക്ക് നിഷ്കർഷിച്ചിട്ടുള്ളത് 100 മുതൽ 125 വരെ 'ഡെസിബെൽ' ആണ്. പാസഞ്ചർ കാറുകൾക്കും കൊമേഴ്സ്യൽ വാഹനങ്ങൾക്കും നിഷ്കർഷിച്ചിട്ടുള്ള വിൻഡ് ടോൺ ടൈപ്പിലുള്ള 3 ഡി സി ഹോണുകൾക്ക് നിഷ്കർഷിച്ചിട്ടുള്ളത് 105 മുതൽ 125 വരെ 'ഡെസിബെൽ' ആണ്.

(ബി) 72744 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) അനധികൃതമായി ഹോണുകൾ ഉപയോഗിക്കുന്ന വാഹനങ്ങൾക്കെതിരെ നിയമപ്രകാരമുള്ള ശിക്ഷാ നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) അനുവദനീയമല്ലാത്ത ആവൃത്തിയിൽ പ്രവർത്തിക്കുന്ന ഹോണുകൾ ഘടിപ്പിച്ചിട്ടുള്ള സർക്കാർ വാഹനങ്ങൾക്കെതിരെയും നിയമപരമായി നടപടി എടുക്കുകയും അവ നീക്കം ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്.

**വാഹനാപകടങ്ങൾ തടയാൻ നടപടി**

155 (2448) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വാഹനങ്ങളിൽ സ്കൂൾ കുട്ടികളെ അനുവദനീയമായ എണ്ണത്തിൽ കൂടുതൽ കയറ്റികൊണ്ട് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ വാഹനങ്ങൾ ഉൾപ്പടെയുള്ള വാഹനങ്ങളുടെ അമിതവേഗത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് മൂലം ഉണ്ടാകുന്ന അപകടങ്ങൾ തടയാൻ എന്തെങ്കിലും നടപടികൾ നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയെന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) അമിത വേഗത റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിതവേഗം നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി സ്കൂൾ വാഹനങ്ങളിൽ സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ ഉപയോഗിച്ച് മൊബൈൽ എൻഫോഴ്സ്മെന്റ് നടത്തുന്ന വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. സ്കൂൾ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി സ്റ്റേറ്റ് പോലീസ് ചീഫ് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഓട്ടോറിക്ഷയിലും കാറിലും ജീപ്പിലും മറ്റ് സ്വകാര്യ വാഹനങ്ങളിലും അനുവദനീയമായതിലും കൂടുതൽ കുട്ടികൾ യാത്ര ചെയ്യുന്നത് തടയാനുള്ള നിർദ്ദേശവും സ്കൂൾ ബസ്സിൽ

കയറ്റാവുന്ന കുട്ടികളുടെ എണ്ണം, ബസ്സിന്റെ വേഗത, ഡ്രൈവറുടെ യോഗ്യത എന്നീ കാര്യങ്ങളിലും കർശന നിയന്ത്രണം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നിർദ്ദേശവും എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നൽകിയിട്ടുണ്ട്. എല്ലാ വർഷവും ജൂൺ മാസം സ്കൂൾ തുറക്കുന്നതിന് മുൻപ് തന്നെ ഇതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിലുപരിയായി അപകടകരമായ രീതിയിൽ അശ്രദ്ധമായും അമിത വേഗത്തിലും സ്കൂൾ വാഹനം ഓടിക്കുന്നവർക്കെതിരെ കർശന നിയമനടപടികൾ പോലീസ് ഡിപ്പാർട്ടുമെന്റ് സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ എൻഫോഴ്സ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും സംസ്ഥാന സർക്കാരും കേരള പോലീസുമായി ചേർന്ന് 'ശുഭയാത്ര 2015' എന്ന ഒരു പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. അതിനു കീഴിലും സ്കൂൾ വാഹനം ഓടിക്കുന്നവർക്ക് വിവിധ ബോധവൽക്കരണ ക്ലാസ്സുകളും പ്രത്യേക പരിശീലന ക്ലാസ്സുകളും നൽകി വരുന്നുണ്ട്.

## സംസ്ഥാനങ്ങളിലെ വാഹന നികുതി സമ്പ്രദായം ഏകീകരിക്കാൻ കേന്ദ്ര സർക്കാരിനെ സമീപിക്കുന്നതിന് നടപടി

156 (2449) ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റുള്ള സംസ്ഥാനങ്ങളിൽ അവിടത്തെ നികുതി അടയ്ക്കാതെ ഇതരസംസ്ഥാന സ്വകാര്യ വാഹനങ്ങൾ ഓടിക്കാനുള്ള കാലാവധി വ്യത്യസ്തമായതുമൂലം കേരളത്തിൽ രജിസ്റ്റർ ചെയ്ത സ്വകാര്യവാഹന ഉടമകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) തമിഴ് നാട്ടിൽ പ്രത്യേക അനുമതിയോടെ രണ്ട് വർഷം വരെ കേരള രജിസ്ട്രേഷൻ വാഹനങ്ങൾ ഓടിക്കാമെന്നിരിക്കെ കർണാടകയിൽ ഒരു മാസത്തിൽ കൂടുതൽ കേരള രജിസ്ട്രേഷനുള്ള വാഹനങ്ങൾ ഓടിച്ചാൽ വാഹന ഉടമകളിൽനിന്നും 15 വർഷത്തെ വാഹനനികുതി ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

(ഡി) ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളിലെ വാഹനനികുതി ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വിവിധ സംസ്ഥാനങ്ങളിലെ ട്രാൻസ്പോർട്ട് കമ്മീഷണർമാരും മുഖ്യമന്ത്രിമാരും തമ്മിൽ ഈ വിഷയത്തിൽ മുമ്പ് പലതവണ ചർച്ചകൾ നടത്തിയെങ്കിലും ഫലപ്രദമായ പരിഹാരങ്ങൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല.

(ബി&സി) ഉണ്ട്. കർണ്ണാടകയിൽ ഒരു മാസത്തിൽ കൂടുതൽ കേരള രജിസ്ട്രേഷനുള്ള വാഹനങ്ങൾ ഓടിച്ചാൽ വാഹന ഉടമകളിൽ നിന്നും 15 വർഷത്തെ വാഹന നികുതി ഈടാക്കുന്ന രീതി കർണ്ണാടക ഹൈക്കോടതി റദ്ദ് ചെയ്തിട്ടുണ്ട്.

(ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചിട്ടില്ല. വാഹനനികുതി ഒരു സംസ്ഥാന വിഷയമാണ്. എന്നാൽ കേന്ദ്ര സർക്കാരിന്റെ റോഡ് ട്രാൻസ്പോർട്ട് ആന്റ് സേഫ്റ്റി ബിൽ 2015-ൽ വാഹന നികുതി ഏകീകരിക്കുന്നതിനുള്ള വ്യവസ്ഥകളും നികുതി കേന്ദ്ര സർക്കാർ പിരിച്ചെടുത്ത് അത് സംസ്ഥാനങ്ങൾക്ക് പങ്കുവച്ച നൽകുന്നതിനുള്ള വ്യവസ്ഥകളും നിർദ്ദേശിച്ചിട്ടുണ്ട്. വാഹന നികുതി എന്നത് സംസ്ഥാന വിഷയമായതിനാൽ അത് ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനുമുള്ള അധികാരം സംസ്ഥാന സർക്കാരിൽ തന്നെ നിലനിർത്തണം എന്നാണ് സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ എടുത്തിട്ടുള്ള നിലപാട്. ഇക്കാര്യം കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതുമാണ്.

**ജലപാതകളിലുണ്ടാകുന്ന അപകടങ്ങൾ**

157 (2450) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലപാതകളിലുണ്ടാകുന്ന അപകടങ്ങളിൽ അടിയന്തര രക്ഷാപ്രവർത്തനം നടത്തുന്നതിന് ആവശ്യമായ സജ്ജീകരണങ്ങൾ നിലവിലുണ്ടോ ;

(ബി) പ്രസ്തുത അപകടങ്ങളെ നേരിടുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ വിപുലമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം സംവിധാനങ്ങളാണ് വിപുലീകരിക്കാൻ സർക്കാർ ആലോചിക്കുന്നത്;

(സി) യാത്രക്കാരെ ഇത്തരം അപകടഘട്ടങ്ങളെ നേരിടുന്നതിന് പ്രാപ്തരാക്കുന്ന തരത്തിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ യാത്രാവേളയിൽ നൽകിവരുന്നുണ്ടോ; പ്രസ്തുത നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയ ബോർഡുകൾ എല്ലാ യാത്രാ ബോട്ടുകളിലും നിർബന്ധമാക്കുമോയെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. ജലപാതകളിലുണ്ടാകുന്ന അപകടങ്ങൾ നേരിടുന്നതിന് നിലവിലുള്ള സംവിധാനങ്ങൾക്ക പുറമേ കൂടുതൽ മെച്ചപ്പെട്ട ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി സംസ്ഥാന ജലഗതാഗത വകുപ്പിന്റെ പ്രധാനപ്പെട്ട 5 സ്റ്റേഷനുകളിലേക്കായി റസ്ക്യൂ ബോട്ടുകൾ

വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പിലെ ലാസ്കർ വിഭാഗം ജീവനക്കാർക്ക് അടിയന്തര സാഹചര്യങ്ങളെ നേരിടുന്നതിന് പ്രത്യേക പരിശീലനം കൃത്യമായി നൽകിവരുന്നു. കാര്യക്ഷമമായ നൂതന സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നത് പരിഗണനയിലാണ്.

(സി) ഉണ്ട്. യാത്രക്കാരെ അപകടഘട്ടങ്ങളെ നേരിടുന്നതിന് പ്രാപ്തരാക്കുന്ന തരത്തിൽ നിർദ്ദേശങ്ങളും സുരക്ഷാ ഉപകരണങ്ങളായ ലൈഫ് ജാക്കറ്റ്, ബോയന്റ് അപ്പാരറ്റസ് എന്നിവയുടെ ഉപയോഗക്രമം എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കൂടുതലായി യാത്രാക്കാരിലേയ്ക്ക് എത്തിക്കുന്നതിനായി ബോട്ടുകളിലും സ്റ്റേഷനുകളിലും ടെലിവിഷൻ സ്ക്രീനുകൾ സ്ഥാപിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

## ബോട്ട് ജെട്ടികളുടെ നിർമ്മാണം

158 (2451) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലഗതാഗത സംവിധാനങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിലേക്കായി കൂടുതൽ ബോട്ട് ജെട്ടികൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതിലേക്കായി ജലവിഭവ വകുപ്പുമായി ചേർന്ന് സമയബന്ധിത നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉൾനാടൻ ജലപാതകൾ പൂർണ്ണമായും സഞ്ചാരയോഗ്യമാകുന്നമുറയ്ക്ക് കൂടുതൽ ബോട്ടുജട്ടികൾ നിർമ്മിക്കുന്നതിന് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) നിലവിലുള്ള ബി വിഭാഗത്തിൽപ്പെടുന്ന ബോട്ട് ജെട്ടികൾ റീഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് (RCC) തരത്തിലുള്ള എ വിഭാഗത്തിൽപ്പെടുന്ന ജെട്ടികൾ ആക്കി മാറ്റുന്നതിനും ജെട്ടികളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമുള്ള നടപടികൾ ജലവിഭവ വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നു.

## ജലഗതാഗത സൗകര്യങ്ങൾ വിപുലീകരണം

159 (2452) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത സൗകര്യങ്ങൾ കൂടുതൽ വിപുലമാക്കുന്നത് ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ജലഗതാഗത സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനും ഇതിലൂടെ നിരത്തുകളിലെ തിരക്കുകൾ കുറയ്ക്കുന്നതിനും നടപടികൾ സ്വീകരിക്കാമോ എന്നു വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ജലഗതാഗത സൗകര്യങ്ങൾ കൂടുതൽ വിപുലമാക്കുന്നതിന്റെ ഭാഗമായി കാലപ്പഴക്കം ചെന്ന ബോട്ടുകൾ മാറ്റി പുതിയ ആധുനിക ബോട്ടുകൾ വാങ്ങുന്നതിനും, നിലവിലുള്ളവ കാര്യക്ഷമമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, ടൂറിസം മേഖലയിലെ സാദ്ധ്യതകൾകൂടി സർവ്വീസുകളിൽ പ്രയോജനപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴ-കൊല്ലം, കൊല്ലം-ആലപ്പുഴ, സീ-കുട്ടനാട് എന്നിങ്ങനെ മൂന്ന് സർവ്വീസുകൾ ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി നടത്തിവരുന്നു. ഇതിനുപുറമേ വൈക്കം-എറണാകുളം, കോട്ടയം-കുമരകം എന്നിങ്ങനെ രണ്ട് പുതിയ സർവ്വീസുകൾകൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇന്ത്യയിൽ തന്നെ ആദ്യമായി സൗരോർജ്ജം കൊണ്ടു പ്രവർത്തിക്കുന്ന ഒരു യാത്രാബോട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു.

(സി) റോഡ് ഗതാഗതംവഴിയുള്ള തിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി ജലമാർഗ്ഗംവഴി ദൂരം കുറവുള്ള റൂട്ടുകൾ കേന്ദ്രീകരിച്ച് സംസ്ഥാന ജലഗതാഗത വകുപ്പ് ഫെറി, സർക്കുലർ സർവ്വീസുകൾ ഫലപ്രദമായി നടത്തിവരുന്നു. വൈക്കം-തവണക്കടവ്, ഫോർട്ടുകൊച്ചി-മട്ടാഞ്ചേരി, വൈറ്റില-കാക്കനാട് എന്നീ സർവ്വീസുകൾ ഇത്തരത്തിലുള്ളവയാണ്. കരമാർഗ്ഗം ഏകദേശം 15 കിലോമീറ്ററോളം സഞ്ചരിക്കേണ്ട വൈക്കം-തവണക്കടവ് റൂട്ടിൽ ജലമാർഗ്ഗേണ 4 കിലോമീറ്റർ മാത്രം ദൈർഘ്യമുള്ള ഫെറി സർവ്വീസ് നടത്തിവരുന്നു. ഫോർട്ടുകൊച്ചി-വൈപ്പിൻ-മട്ടാഞ്ചേരി എന്നിവിടങ്ങളിലെ ജനങ്ങൾക്ക് റോഡ് മാർഗ്ഗമുള്ള യാത്രാക്ലേശം ഒഴിവാക്കി എറണാകുളം സിറ്റിയുമായി ബന്ധപ്പെടുന്നതിന് സർക്കുലർ സർവീസുകൾ സഹായിക്കുന്നു. വൈറ്റില-കാക്കനാട് സർവ്വീസ് മുഖേന ഏകദേശം 20 മിനിറ്റ് മാത്രം കൊണ്ട് ഇൻഫോപാർക്ക് മുതലായ ഗതാഗത തിരക്കേറിയ പ്രദേശങ്ങളിലേക്ക് കരമാർഗ്ഗമുള്ള തിരക്ക് മറികടന്ന് എത്തിച്ചേരുന്നതിന് സംസ്ഥാന ജലഗതാഗത വകുപ്പ് വക ബോട്ട് സർവ്വീസുകൾ സഹായിക്കുന്നു. നിലവിൽ ആറ് പാസഞ്ചർ-കം-വെഹിക്കിൾ കാരിയർ ബോട്ടുകൾ യാത്രക്കാർക്ക് ഗുണകരമായ വിധത്തിൽ സർവ്വീസുകൾ നടത്തിവരുന്നു. എട്ട് ബൈക്കുകൾ കയറ്റാവുന്ന ടി ബോട്ടുകൾ നിരത്തുകളിലെ തിരക്കുകൾ കുറയ്ക്കുന്നതിന് സഹായിക്കുന്നു.

**ജലഗതാഗതം**

160 (2453) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗതത്തിനായി നിലവിൽ സംസ്ഥാനത്ത് എത്ര ബോട്ടുകളും, ജംഗാറുകളും ഉപയോഗിച്ചുവരുന്നു എന്നറിയിക്കാമോ ;

(ബി) ഇവയുടെ കാലപ്പഴക്കം എത്രയെന്ന് അറിയിക്കാമോ ;

(സി) കാലഹരണപ്പെട്ടവ മാറ്റി പുതിയവ വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ ;

(ഡി) സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ ;

(ഇ) തിരക്ക് കൂടുതലുള്ള സ്ഥലങ്ങളിലേക്ക് കൂടുതൽ ബോട്ട് സർവ്വീസ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 51 ബോട്ടുകൾ സംസ്ഥാനത്ത് സർവ്വീസുകൾ നടത്തിവരുന്നു.

(ബി) 25 വർഷത്തിനുമേൽ പഴക്കമുള്ള 14 ബോട്ടുകൾ നിലവിലുണ്ട്. ബാക്കിയുള്ളവ 15 വർഷത്തിൽ താഴെ കാലപ്പഴക്കമുള്ളവയാണ്.

(സി) കാലപ്പഴക്കം കൂടിയ 25 വർഷത്തിനുമേൽ പഴക്കമുള്ള 14 തടി ബോട്ടുകൾ മാറ്റി പുതിയ ആധുനിക സാങ്കേതികവിദ്യയിലുള്ള ബോട്ടുകളാക്കി നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 9 കാറ്റമാരൻ ബോട്ടുകളും 5 പുതിയ സ്റ്റീൽ ബോട്ടുകളും വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയതായി രണ്ട് വേഗത കൂടിയ ആധുനിക ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

(ഡി) സർവീസ് നടത്തുന്ന ബോട്ടുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി കേരള ഇൻലാന്റ് വെസൽസ് റൂൾ 2010-ൽ അനുശാസിക്കുന്ന എല്ലാ സുരക്ഷാ ഉപകരണങ്ങളും സജ്ജമാക്കിയിട്ടുണ്ട്. പാസഞ്ചർ കപ്പാസിറ്റിക്ക് തുല്യമായി ലൈഫ് ജാക്കറ്റുകൾ യാത്രക്കാർക്കായി ക്രമീകരിച്ചിട്ടുണ്ട്. ലൈഫ് ബോയ്, ബോയന്റ് അപ്പാരറ്റസ് എന്നീ സുരക്ഷാ ഉപകരണങ്ങളും ആശയവിനിമയത്തിനായി സി.യു.ജി. ഫോൺ സംവിധാനവും ബോട്ടുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്കും ജീവനക്കാർക്കും ബോട്ടിനും ഇൻഷ്വറൻസ് പരിരക്ഷ സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് മുഖേന ലഭ്യമാക്കിയിട്ടുണ്ട്.

(ഇ) നിലവിലുള്ള സർവ്വീസുകൾക്ക് പുറമേ തിരക്ക് കൂടുതലുള്ള സ്ഥലങ്ങളിലേക്ക് കൂടുതൽ ബോട്ട് സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത 2355, 2360, 2365, 2372, 2374, 2377, 2378, 2388 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 AM]

## II ചരമോപചാരം

### ജേക്കബ് സ്കറിയ

മുൻ നിയമസഭാംഗം ജേക്കബ് സ്കറിയ 2016 ഫെബ്രുവരി 28-ന് അന്തരിച്ചു.

കെ. എസ്. ജേക്കബിന്റെയും ശോശാമ്മയുടെയും മകനായി 1939 സെപ്റ്റംബർ 2-ന് ജേക്കബ് സ്കറിയ ജനിച്ചു. ചങ്ങനാശേരി എസ്.ബി. കോളേജിൽനിന്ന് വിദ്യാഭ്യാസം പൂർത്തിയാക്കി.

അഭിഭാഷകനായി കർമ്മരംഗത്ത് എത്തിയ അദ്ദേഹം 1970-ൽ റാന്നി നിയോജക മണ്ഡലത്തിൽനിന്നും നാലാം കേരള നിയമസഭയിലേക്ക് സി.പി.ഐ.(എം) പിന്തുണയോടെ സ്വതന്ത്രനായി തെരഞ്ഞെടുക്കപ്പെട്ടു. പത്തനംതിട്ട ബാർ അസോസിയേഷൻ സെക്രട്ടറി, റാന്നി സെന്റ് തോമസ് കോളേജ് ഗവേണിംഗ് ബോർഡ് അംഗം, പത്തനംതിട്ട പ്രോഗ്രസ്സീവ് ലോയേഴ്സ് അസോസിയേഷൻ അംഗം, ക്നാനായ അസോസിയേഷൻ അംഗം എന്നീ വ്യത്യസ്ത മേഖലകളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

ജേക്കബ് സ്കറിയയുടെ നിര്യാണത്തോടെ മികച്ച ഒരു പാർലമെന്റേറിയനേയും ഒരു മാതൃകാ പൊതുപ്രവർത്തകനേയുമാണ് നമുക്ക് നഷ്ടമായിട്ടുള്ളത്.

### കാവാലം നാരായണപ്പണിക്കർ

കാവാലം നാരായണപ്പണിക്കർ 2016 ജൂൺ 26-ന് അന്തരിച്ചു.

ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടിൽ ചാലയിൽ കുടുംബത്തിൽ ഗോദവർമ്മയുടെയും കുഞ്ഞുലക്ഷ്മി അമ്മയുടെയും മകനായി 1928 ഏപ്രിൽ 28-ന് അദ്ദേഹം ജനിച്ചു.

അഭിഭാഷകനായി ജീവിതവൃത്തി ആരംഭിച്ച അദ്ദേഹം നാടകത്തോടുള്ള അഭിനിവേശം കാരണം മുഴുവൻ സമയ നാടക പ്രവർത്തകനാകുകയായിരുന്നു.

കേരളത്തിലെ നാടൻ കലാരൂപങ്ങളുടെയും അനുഷ്ഠാന കലകളുടെയും പാരമ്പര്യത്തിലൂന്നിനിന്നുകൊണ്ട് അദ്ദേഹം രചിച്ച നാടകങ്ങൾ ആധുനിക മലയാള നാടകവേദിക്ക് ഏറെ ഊർജ്ജം പകർന്നുനൽകി. മലയാള നാടക വേദിക്ക് പുതുവഴികൾ വെട്ടിത്തെളിയിച്ച അദ്ദേഹം, തനതു കലാരൂപങ്ങളെ നാടകവേദിയിലേക്ക്

സമർത്ഥമായി സമന്വയിപ്പിച്ചു. ഈ ധൈഷണിക മൗലികത അദ്ദേഹത്തിന്റെ പ്രതിഭയുടെ സവിശേഷതയായിരുന്നു. തനതു നാടകം എന്ന സങ്കൽപ്പത്തെ അരങ്ങിൽ സാക്ഷാത്ക്കരിച്ച 'ദൈവത്താർ, അവനവൻകടമ്പ, കരിങ്കുട്ടി' തുടങ്ങിയ നാടകങ്ങളിലൂടെയും ഭാസന്റെയും കാളിദാസന്റെയും നാടകങ്ങൾക്ക് രചിച്ച രംഗഭാഷ്യങ്ങളിലൂടെയും അദ്ദേഹം മലയാള നാടകവേദിയെ അന്താരാഷ്ട്രതലത്തിൽ തന്നെ പ്രശസ്തമാക്കി. നിരവധി പദങ്ങളുടെ രചനയിലൂടെ കേരളത്തിന്റെ തനത് ക്ലാസിക്കൽ നൃത്തരൂപമായ മോഹിനിയാട്ടത്തിന് അദ്ദേഹം നൽകിയ സംഭാവന അമൂല്യമാണ്. കാർഷിക സംസ്കൃതിയുടെ ചൂരും താളവും നിറഞ്ഞ നാടൻ പാട്ടുകളിലൂടെയും കവിതകളിലൂടെയും മലയാള സാഹിത്യത്തെ സമ്പുഷ്ടമാക്കിയ കാവാലം രചിച്ച ഒരുപിടി ചലച്ചിത്ര ഗാനങ്ങൾ വേറിട്ട ഒരു ശ്രവ്യാനുഭവമാണ് കൈരളിക്ക് സമ്മാനിച്ചത്.

കേരള സംഗീത നാടക അക്കാദമി ചെയർമാൻ, കേന്ദ്ര സംഗീത നാടക അക്കാഡമി വൈസ് ചെയർമാൻ, തിരുവരങ്ങ്, സോപാനം എന്നീ നാടകക്കൂട്ടായ്മകളുടെ ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹത്തിന് കേരള സാഹിത്യ അക്കാഡമി പുരസ്കാരം, വള്ളത്തോൾ പുരസ്കാരം, കേരള സാഹിത്യ അക്കാഡമി വിശിഷ്ടാംഗത്വം, മികച്ച ചലച്ചിത്രഗാന രചയിതാവിനുള്ള സംസ്ഥാന പുരസ്കാരം, മധ്യപ്രദേശ് ഗവൺമെന്റിന്റെ കാളിദാസ് സമ്മാനം എന്നിവ ലഭിച്ചിട്ടുണ്ട്. 2007-ൽ പദ്മ ഭൂഷൺ നൽകി രാഷ്ട്രം അദ്ദേഹത്തെ ആദരിച്ചു.

സഫലമായ ഒരു ജീവിതത്തിനുശേഷം കാവാലം നാരായണപ്പണിക്കർ അരങ്ങൊഴിയുമ്പോൾ സാംസ്കാരിക കേരളത്തിന് നഷ്ടമായിരിക്കുന്നത് പകരം വയ്ക്കാനില്ലാത്ത ഒരു പ്രതിഭയെയാണ്.

അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റു നിന്ന് മൗനമാചരിച്ചു.)

## III അടിയന്തരപ്രമേയം

### മന്ത്രിസഭാ തീരുമാനങ്ങൾ വിവരാവകാശ നിയമപ്രകാരം നൽകുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: മന്ത്രിസഭാ തീരുമാനങ്ങൾ വിവരാവകാശ നിയമപ്രകാരം നൽകണമെന്ന സംസ്ഥാന വിവരാവകാശ കമ്മീഷന്റെ ഉത്തരവ് പാലിക്കാതെ അതിനെതിരെ അപ്പീൽ പോകാനും ജനങ്ങൾക്ക് മന്ത്രിസഭാ തീരുമാനങ്ങൾ അറിയാനുള്ള അവകാശം നിഷേധിക്കാനും ഗവൺമെന്റ് തയ്യാറായതുമൂലം ഉളവായിട്ടുള്ളതായി

പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, എം. ഉമ്മർ, റോഷി അഗസ്റ്റിൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അടിയന്തരപ്രമേയം എന്ന നിലയ്ക്ക് ചർച്ച ചെയ്യേണ്ട വിഷയമല്ലെങ്കിലും ഈ വിഷയം ഉന്നയിച്ചത്, ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ഒട്ടേറെ തെറ്റിദ്ധാരണകളും ആശയക്കുഴപ്പങ്ങളും ഇല്ലാതാക്കുന്നതിന് സഹായകരമാകുമെന്നതുകൊണ്ട് സ്വാഗതാർഹം തന്നെയാണ്. ക്യാബിനറ്റ് തീരുമാനം പുറത്തുവിടാൻ പാടില്ലെന്ന നിലപാട് ഈ സർക്കാർ സ്വീകരിക്കുന്നുവെന്ന മട്ടിലുള്ള പ്രചരണങ്ങൾ ഒട്ടേറെ തെറ്റിദ്ധാരണകളിൽനിന്നും ഉണ്ടായതാണ്. 2016 ജൂൺ 15-ന് സംസ്ഥാന വിവരാവകാശ കമ്മീഷൻ ഒരു ഉത്തരവ് പുറപ്പെടുവിച്ചു. ആ ഉത്തരവിൽ മന്ത്രിസഭാ യോഗങ്ങൾക്കായി തയ്യാറാക്കുന്ന അജണ്ട, മിനിറ്റ്സ്, തീരുമാനങ്ങൾ എന്നീ രേഖകൾ നിലവിലുള്ള നടപടിക്രമങ്ങളിലെ ബുദ്ധിമുട്ടുകൾ പരിഹരിച്ച് അപേക്ഷകർക്ക് നൽകുന്നതിനാണ് നിർദ്ദേശിച്ചിരിക്കുന്നത്. ആധുനിക സൗകര്യങ്ങൾ ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തണമെന്നും സർക്കാർ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 2005-ൽ ആണ് വിവരാവകാശ നിയമം നിലവിൽ വന്നത്. ആ നിയമത്തിലെ 8(1)(i) വകുപ്പുപ്രകാരം മന്ത്രിസഭായോഗത്തിന്റെ നടപടിക്രമങ്ങളുടെയും ചർച്ചകളുടെയും വിശദാംശങ്ങൾ മന്ത്രിസഭാ യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം മാത്രമാണ് ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി രേഖകൾ നൽകാൻ വ്യവസ്ഥ ചെയ്യുന്നത്. ഇതിൽ ഏതെല്ലാം രേഖകൾ ഉൾപ്പെടുമെന്നതുസംബന്ധിച്ച് ഒന്നിലധികം കോടതിവിധികൾ ഉണ്ടായിട്ടുണ്ട്. പാർലമെന്റ് പാസ്സാക്കിയ നിയമമാണിത്. ഇതുസംബന്ധിച്ച് വിവിധ കോടതികൾ പരിശോധിച്ച എല്ലാ വിഷയങ്ങളും പരിഗണിച്ച ശേഷമാണ് സംസ്ഥാന വിവരാവകാശ കമ്മീഷൻ ഇത്തരം ഒരു ഉത്തരവ് പുറപ്പെടുവിച്ചതെന്ന് കരുതാനാകില്ല.

ഈ സാഹചര്യത്തിൽ ഇതിലൊരു വ്യക്തത ഉണ്ടാകേണ്ട ആവശ്യമുയർന്നിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിക്കുമാത്രമേ ഇതിൽ വ്യക്തത ഉണ്ടാക്കാൻ കഴിയൂ. പ്രസ്തുത ഉത്തരവിനെതിരെ റിട്ട് പെറ്റീഷൻ നൽകണമെന്ന് തീരുമാനിക്കാനിടയായത് അതൊന്നുകൊണ്ടുമാത്രമാണ് കോടതി ഇക്കാര്യത്തിൽ വ്യക്തത വരുത്തുമെന്ന തന്നെയാണ് പ്രതീക്ഷിക്കുന്നത്. ചട്ടം 8(1)(i)-ലെ വ്യാഖ്യാനം സംബന്ധിച്ച് അവ്യക്തതയുണ്ട്. ആ അവ്യക്തത നീക്കുന്നതിന് കോടതിവിധി ഉതകുകതന്നെ

ചെയ്യും. വിവരാവകാശ നിയമത്തിൽ '..........and the matter is complete, or over' എന്നുപറഞ്ഞിരിക്കുന്നതിനെ കമ്മീഷൻ വ്യാഖ്യാനിച്ചതുസംബന്ധിച്ച വ്യക്തതയാണ് കോടതിയിൽനിന്ന് ഉണ്ടാകേണ്ടത്. ഇക്കാര്യത്തിൽ വിവരാവകാശ നിയമത്തെ ഏതെങ്കിലും തരത്തിൽ ദുർബലപ്പെടുത്തുകയെന്ന സമീപനം സർക്കാരിനില്ല. എല്ലാ അർത്ഥത്തിലും ആ നിയമത്തെ ആദരിച്ചുകൊണ്ടുതന്നെ വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ സർക്കാർ അധികാരമേറ്റ ഉടൻതന്നെ മന്ത്രിസഭയുടെ പരിഗണനയ്ക്ക് കൊണ്ടു വരുന്ന വിഷയങ്ങൾ, ഔട്ട് ഓഫ് അജണ്ട ഒഴിവാക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങളും വ്യക്തമാക്കി ജൂൺ 14-ന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ വ്യക്തമാക്കിയ കാര്യം, മന്ത്രിസഭായോഗ തീരുമാനത്തിന്മേലുള്ള ഉത്തരവ്, തീരുമാനം ലഭിച്ച് 48 മണിക്കൂറിനകം പുറപ്പെടുവിക്കേണ്ടതാണ് എന്നതാണ്. അതുപോലെതന്നെ പ്രസ്തുത ഉത്തരവുകൾ പുറപ്പെടുവിക്കുന്ന അതേസമയംതന്നെ കേരള സർക്കാരിന്റെ വെബ്സൈറ്റായ " www.kerala.gov.in" -ലും വകുപ്പുകൾക്ക് പ്രത്യേകം വെബ്സൈറ്റുണ്ടെങ്കിൽ അതിലും പ്രസിദ്ധീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്. ഇത് ജൂൺ 14-നുതന്നെ വ്യക്തമാക്കി കഴിഞ്ഞതാണ്. മന്ത്രിസഭായോഗ തീരുമാനത്തിന്മേലുള്ള ഉത്തരവിന്റെ പകർപ്പ്, പ്രസ്തുത തീരുമാനത്തിന്റെ നമ്പറും തീയതിയും രേഖപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്ന ദിവസംതന്നെ പൊതുഭരണ വകുപ്പിൽ നൽകേണ്ടതാണ്. ഇത് നേരത്തെത്തന്നെ വ്യക്തമാക്കിക്കഴിഞ്ഞിട്ടുണ്ട്. മന്ത്രിസഭാ തീരുമാനത്തിന്റെ ഉത്തരവ് 48 മണിക്കൂറിനകം പുറപ്പെടുവിക്കുക, അതോടൊപ്പംതന്നെ ഗവൺമെന്റിന്റെ വെബ്സൈറ്റിലും വകുപ്പുകളുടെ പ്രത്യേക വെബ്സൈറ്റുകളിലും ഇക്കാര്യം പ്രസിദ്ധീകരിക്കുക തുടങ്ങിയവ സർക്കാർ നേരത്തെത്തന്നെ തീരുമാനിച്ചിട്ടുള്ളതാണ്. വിവരങ്ങൾ മറച്ചുവയ്ക്കുക എന്ന ഉദ്ദേശ്യം സർക്കാരിനില്ലായെന്ന് ഇതിൽനിന്നും വ്യക്തമാകും. മന്ത്രിസഭായോഗ തീരുമാനപ്രകാരമുള്ള ഉത്തരവുകൾ മന്ത്രിസഭായോഗം കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ പുറപ്പെടുവിക്കുന്നുണ്ടെന്നും മന്ത്രിസഭാ തീരുമാനം, അജണ്ടയിലുള്ള കുറിപ്പുകൾ എന്നിവ അപ്പോൾത്തന്നെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നുണ്ടെന്നും ഉറപ്പുവരുത്താൻ എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മന്ത്രിസഭാ യോഗതീരുമാനത്തിന്റെ ഇനം, നമ്പർ, തീയതി ഇവയെല്ലാം രേഖപ്പെടുത്തിക്കൊണ്ടാണ് വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നത്. ഏതെങ്കിലും തരത്തിൽ വിവരം മറച്ചുവയ്ക്കണമെന്ന ഉദ്ദേശ്യം സർക്കാരിനില്ല. അതേസമയം ഈ ഉത്തരവുമായി ബന്ധപ്പെട്ട് ചില വ്യക്തതകൾ വരുത്തേണ്ടതായിട്ടുണ്ട്.

നേരത്തെ പറഞ്ഞ കാര്യത്തിനായി സെക്രട്ടേറിയറ്റ് മാന്വൽ ഭേദഗതി ചെയ്യാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാന്യനായ വി. ഡി. സതീശൻ അടക്കമുള്ളവർക്ക് മാത്രമല്ല ഇക്കാര്യത്തിൽ ആശയക്കുഴപ്പമുണ്ടായത്. ആശയക്കുഴപ്പം പരിഹരിക്കാൻ ഈ വിശദീകരണം തൃപ്തിയാകുമെന്ന് കണക്കാക്കിക്കൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ചചെയ്യേണ്ട ഒരാവശ്യവുമില്ല എന്നാണ് പറയാനുള്ളത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇതുസംബന്ധിച്ച വിഷയത്തിൽ എല്ലാവർക്കും ആശയക്കുഴപ്പമുണ്ടായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയോടുകൂടി ആശയക്കുഴപ്പം വർദ്ധിക്കുകയും എന്താണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാകുകയും ചെയ്തിരിക്കുകയാണ്. അങ്ങിവിടെ പറഞ്ഞത് വിവരാവകാശ നിയമത്തിലെ സെക്ഷൻ 8 (1) (i) അനുസരിച്ച് 'when the matter is completed or over' എന്നാണ്. അതായത് മന്ത്രിസഭാ തീരുമാനങ്ങളുടെ നടപടിക്രമങ്ങൾ പൂർത്തിയാകുമ്പോൾ മാത്രമാണ് വിവരാവകാശ നിയമമനുസരിച്ച് വിവരങ്ങൾ കൊടുക്കേണ്ട ബാധ്യത സർക്കാരിനുള്ളതെന്നാണ്. തീർച്ചയായും മന്ത്രിസഭാ തീരുമാനങ്ങളെടുക്കുന്നതിനുള്ള ഒരു പ്രൊട്ടക്ഷൻ തന്നെയാണ് 'സെക്ഷൻ 8' എന്നുപറയുന്നത്. പക്ഷെ, എന്താണ് 15-6-2012-ൽ വിവരാവകാശ കമ്മീഷൻ നൽകിയിരിക്കുന്ന ഉത്തരവ്? ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം എതിർകക്ഷി, അപ്പീൽ ഹർജിക്കാരന് സൗജന്യമായി നൽകേണ്ടതും ആയത് കമ്മീഷൻ സെക്രട്ടറിയെ അറിയിക്കേണ്ടതുമാണ്. അടുത്ത വാചകമാണ് പ്രധാനം, ഇപ്രകാരം അപേക്ഷകന് വിവരങ്ങൾ നൽകുമ്പോൾ ടി അജണ്ടയിൽ മന്ത്രിസഭാ തീരുമാനം എടുക്കാത്ത ഏതെങ്കിലും വിഷയമുണ്ടെങ്കിൽ ആയത് വെളിപ്പെടുത്തേണ്ടതില്ലായെന്നും കമ്മീഷൻ പ്രത്യേകം പ്രസ്താവിക്കുന്നു. അപ്പോൾ കമ്മീഷൻതന്നെ സെക്ഷൻ 8 (1) (i) വളരെ വ്യക്തമായി അതിന്റെ ഉത്തരവിൽ പറഞ്ഞിരിക്കുകയാണ്. തീരുമാനമെടുക്കാത്ത, മാറ്റർ കംപ്ലീറ്റ് ചെയ്യാത്ത, മാറ്റർ തീരാത്ത ഒരു കാര്യത്തിനും വിവരാവകാശ നിയമപ്രകാരം നിങ്ങൾ മറുപടി കൊടുക്കേണ്ടതില്ല, പക്ഷെ തീരുമാനമെടുത്തതിന് കൊടുക്കണം. 15-6-2012-ൽ വന്ന ഈ ഉത്തരവിനാധാരമായ ഹർജിയിൽ പറഞ്ഞിരിക്കുന്നത് 1-1-2016 മുതൽ (യു.ഡി.എഫ്. ഭരണകാലത്താണ്) 12-3-2016 വരെയുള്ള ഏകദേശം 72 ദിവസക്കാലത്തെ മന്ത്രിസഭാ തീരുമാനങ്ങൾ കൊടുക്കണമെന്നാണ്. ഈ 72 ദിവസത്തെ യു.ഡി.എഫ്. ഭരണകാലത്തെ മന്ത്രിസഭാ തീരുമാനങ്ങൾ പൂർത്തിയായിട്ടില്ലേ; പൂർത്തിയായത് ഒന്നും തന്നെയില്ലേ? പൂർത്തിയാകാത്തത് കൊടുക്കുകയില്ല എന്നുള്ള വാദത്തെ അംഗീകരിക്കുന്നു. പക്ഷെ പൂർത്തിയായ

തീരുമാനങ്ങൾ എന്തുകൊണ്ടാണ് സർക്കാർ ഇത്ര ദിവസമായിട്ടും നൽകാത്തത്? ഉത്തരവ് ലഭ്യമായി 10 ദിവസത്തിനകം കൊടുക്കേണ്ടതാണ്. കൊടുക്കാൻ വൈകുന്ന ഓരോ ദിവസവും സർക്കാർ ഫൈൻ അടച്ചുകൊണ്ടിരിക്കണം. ഇതുസംബന്ധിച്ച ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവില്ല. സർക്കാർ ഇപ്പോൾ ഫൈൻ അടച്ചുകൊണ്ടിരിക്കേണ്ട ഒരവസ്ഥയിലാണ് എത്തി നിൽക്കുന്നത്. തീരുമാനമെടുത്ത കാര്യങ്ങൾ കൊടുക്കാനുള്ള ബാധ്യത ഗവൺമെന്റിനുണ്ട്. മനഃപൂർവ്വമായി ആ ബാധ്യതയിൽനിന്ന് ഗവൺമെന്റ് ഒഴിഞ്ഞുപോകുകയാണ് ചെയ്യുന്നത്. യാതൊരുവിധ അവ്യക്തതയും ഈ ഉത്തരവിലില്ലാതിരിക്കെ ഹൈക്കോടതിയിൽ ഇതിന്മേൽ അപ്പീൽ പോകാനുള്ള സർക്കാരിന്റെ തീരുമാനം മന്ത്രിസഭാ തീരുമാനങ്ങൾ രഹസ്യമാക്കി വയ്ക്കാനും വിവരാവകാശ നിയമത്തിന്റെ അന്തഃസത്തയ്ക്ക് വിരുദ്ധവുമാണ്. സെക്രട്ടേറിയറ്റ് മാന്വലിലും റൂൾസ് ഓഫ് ബിസിനസ്സിലുമെല്ലാം ഒരു ക്യാബിനറ്റ് തീരുമാനമെടുത്താൽ 48 മണിക്കൂറിനകം ഉത്തരവ് പുറത്തിറക്കണമെന്നുണ്ട്. ചില സമയങ്ങളിൽ ഇങ്ങനെ ഉത്തരവ് ഇറക്കാൻ സാധിക്കില്ല. കാരണം, ഔട്ട് ഓഫ് അജണ്ടയായി വരുന്ന വിഷയങ്ങൾ മന്ത്രിസഭയിൽ വയ്ക്കുമ്പോൾ ചില കാര്യങ്ങൾക്ക് ലീഗൽ സ്ക്രൂട്ടിനി വേണ്ടിവരാറുണ്ട്. ഏതെങ്കിലുമൊരു മന്ത്രിസഭാംഗം അതിന്മേൽ ധനകാര്യ സ്ക്രൂട്ടിനി വേണമെന്നോ നിയമപരമായ സ്ക്രൂട്ടിനി വേണമെന്നോ ആവശ്യപ്പെട്ടാൽ അതിൽ തീരുമാനമെടുക്കാതെ പുറത്തേക്ക് പോകും. അതിന് സമയമെടുക്കും. ഔട്ട് ഓഫ് അജണ്ടയായി വരുന്ന കാര്യങ്ങൾക്ക് മാത്രമാണ് ഇത് ബാധകം. അല്ലാതെ മന്ത്രിസഭ എടുക്കുന്ന തീരുമാനങ്ങൾ 48 മണിക്കൂറിനകം ഉത്തരവായി പുറത്തു വരാനുള്ള എന്തുതടസ്സമാണ് നിലനിൽക്കുന്നത്? സർക്കാരിന്റെ ഈ വാദം നേരത്തെ ഇവിടെ ഉന്നയിച്ചതാണ്. മന്ത്രിസഭാ തീരുമാനത്തിന്റെ അജണ്ട, മിനിറ്റ്സ് എന്നിവയിൽ തീരുമാനങ്ങളെടുത്തിട്ടില്ലാത്തവയും ഉൾപ്പെടുന്നുണ്ടെന്നും തീരുമാനങ്ങൾ എടുത്ത കാര്യങ്ങൾ ഏതാണെന്ന് ബന്ധപ്പെട്ട വകുപ്പുകൾക്കുമാത്രമേ അറിയാൻ സാധിക്കുകയുള്ളൂവെന്നും മറ്റും വാദിച്ച് ക്യാബിനറ്റ് തീരുമാനങ്ങൾ സംബന്ധിച്ച വിവരം അപേക്ഷകന് നിരസിച്ച നടപടി അംഗീകരിക്കാൻ നിർവ്വാഹമില്ല. മന്ത്രിസഭാ യോഗങ്ങളിൽ തീരുമാനമെടുക്കാത്ത ഏതെങ്കിലും ഇനമുണ്ടെങ്കിൽ ആയത് ഒഴിവാക്കി മറ്റുള്ളവ സംബന്ധിച്ച വിവരം അപേക്ഷകന് നൽകാനുള്ള നിയമപരമായ ഉത്തരവാദിത്വം എതിർകക്ഷിക്കുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഉന്നയിച്ച വാദഗതികൾ, ഹൈക്കോടതിയിൽ വ്യക്തത വരുത്താൻ പോകുന്നുവെന്നു പറഞ്ഞ കാര്യങ്ങൾ മുഴുവൻ ഈ കേസ്സിൽ ചർച്ച ചെയ്യപ്പെട്ടതാണ്. കോടതിയിൽ കേസ് തീർന്ന് വിധിയും വന്നതിനുശേഷം വീണ്ടും വാദമുഖങ്ങൾ ഉന്നയിക്കുന്നതിന്റെ പ്രസക്തി എന്താണെന്ന് ചോദിക്കാൻ ഞാനാഗ്രഹിക്കുന്നു.

അങ്ങ് മുഖ്യമന്ത്രിയായതിനുശേഷം മന്ത്രിസഭ കഴിഞ്ഞാൽ മുഖ്യമന്ത്രിയുടെ പത്രസമ്മേളനമില്ല. എന്താണ് മന്ത്രിസഭയിലെടുത്ത തീരുമാനമെന്ന് അറിയിക്കാറില്ല. അതിന് അങ്ങുപറഞ്ഞത്, ഞാൻ പി.ആർ.ഒ.-യുടെ പണി ചെയ്യില്ല എന്നാണ്. ഇതിനുമുമ്പുള്ള മുഖ്യമന്ത്രിമാരായ ശ്രീ. വി. എസ്. അച്യുതാനന്ദനും, ശ്രീ. ഉമ്മൻ ചാണ്ടിയും, ഇ. കെ. നായനാരും അടക്കമുള്ള ആളുകൾ ചെയ്തിരുന്നത് പി.ആർ.ഒ.-യുടെ പണിയാണോ? മന്ത്രിസഭ ഒരു തീരുമാനമെടുത്താൽ അത് ജനങ്ങളെയും മാധ്യമ പ്രവർത്തകരെയും അറിയിക്കാനുള്ള ബാധ്യതയുണ്ട്. ചിലപ്പോൾ അവർ അനിഷ്ടകരമായതും അപ്രിയങ്ങളുമായ ചോദ്യങ്ങൾ ചോദിക്കും. അത്തരം ചോദ്യങ്ങൾ ചോദിക്കുമ്പോഴാണ് ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കാൻ സാധിക്കുന്നത്. ഇപ്പോൾ ഇവിടത്തെ സ്ഥിതി എന്താണ്? മന്ത്രിസഭാ തീരുമാനങ്ങൾ മുഖ്യമന്ത്രി പത്രസമ്മേളനത്തിലൂടെ വ്യക്തമാക്കുന്നില്ല, വിവരാവകാശ നിയമപ്രകാരം ചോദിച്ചാൽ അത് സർക്കാർ നൽകുന്നുമില്ല. ഇത് ജനാധിപത്യ വ്യവസ്ഥിതിക്ക് ഏറ്റവും അപകടകരമായ ഒരു സാഹചര്യമുണ്ടാക്കി വച്ചിരിക്കുകയാണ്.

2014 ജനുവരി-ഫെബ്രുവരി മാസങ്ങളിലെ ക്യാബിനറ്റ് തീരുമാനം നൽകണമെന്നാവശ്യപ്പെട്ട് ഇതേ ഹർജിക്കാരൻ വിവരാവകാശ കമ്മീഷനിൽ അപ്പീൽ കൊടുത്തപ്പോൾ അത് കൊടുക്കണമെന്നാവശ്യപ്പെട്ട് ഇതുപോലെ ഒരു ഉത്തരവ് യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുമുണ്ടായി. വിവരാവകാശ കമ്മീഷൻ കൊടുത്ത ഉത്തരവനുസരിച്ച് 2014 ജനുവരി-ഫെബ്രുവരി മാസങ്ങളിലെ ക്യാബിനറ്റ് തീരുമാനങ്ങൾ ഞങ്ങൾ കൊടുക്കുകയുണ്ടായി.

യു.ഡി.എഫ്. സർക്കാർ സുതാര്യമല്ലെന്ന് ആക്ഷേപിച്ച ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയായപ്പോൾ ഇത് നിഷേധിക്കുന്നത് എവിടത്തെ ന്യായമാണ്. അതല്ലേ ഇവിടെ വ്യക്തമാക്കേണ്ടത്? വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നെല്ലാം യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും തീരുമാനിച്ചിട്ടുണ്ട്. പബ്ലിക് റിലേഷൻസ് വകുപ്പ് സെക്രട്ടറിയായിരുന്ന ശ്രീമതി റാണി ജോർജ് ഇറക്കിയ ഉത്തരവ് ആ ഗവൺമെന്റിന്റെ കാലത്തുണ്ട്. യു.ഡി.എഫ്. ഭരണകാലത്തെ ഒരു വിവാദവിഷയത്തെ കുറിച്ച് അങ്ങ് അന്നുപറഞ്ഞു. അതായത് ടി ബ്രാഞ്ചിനെ ഒഴിവാക്കിയെന്ന വിഷയം. ടി ബ്രാഞ്ചിനെ ഒഴിവാക്കാനുള്ള തീരുമാനം നോട്ടിഫിക്കേഷൻ മുഖേനയല്ല ഉണ്ടായത്. ടി ബ്രാഞ്ചിനെ ഒഴിവാക്കാൻ ആദ്യത്തെ നോട്ടിഫിക്കേഷൻ വന്നതിനു ശേഷം അന്നത്തെ വിജിലൻസ് ഡയറക്ടർ ഒരു ഓഫീസ് ഓർഡറിലൂടെ മുഖ്യമന്ത്രിയെയും മന്ത്രിമാരേയുമൊക്കെ അതിനകത്തുൾപ്പെടുത്തി. അതിന് വ്യാപകമായ പ്രതിഷേധം കേരളത്തിലുണ്ടായി. അങ്ങുൾപ്പെടെയുള്ള പ്രതിപക്ഷത്തെ ആളുകൾ

അന്നതിനെ വിമർശിച്ചു. നിയമവകുപ്പിന്റെയും സർക്കാരിന്റെയും അനുമതിയില്ലാതെ വിജിലൻസ് ഡയറക്ടർ ഇറക്കിയ ഓഫീസ് ഓർഡർ 22-3-2016-ൽ ചേർന്ന മന്ത്രിസഭാ യോഗം റദ്ദാക്കി. അന്ന് വിവരാവകാശ നിയമത്തെക്കുറിച്ച് അങ്ങ് ഫെയ്സ്ബുക്കിൽ പറഞ്ഞ അഭിപ്രായം "ഉമ്മൻ ചാണ്ടി സർക്കാരിന്റെ തനിനിറം ജനങ്ങൾ അറിഞ്ഞാൽ ആട്ടിപ്പുറത്താക്കും എന്ന ഭയംകൊണ്ടാണ് വിവരാവകാശ നിയമം അട്ടിമറിക്കുന്ന വിജ്ഞാപനം ഇറക്കിയത്. തെരഞ്ഞെടുപ്പുകാലത്ത് സ്വന്തം കുറ്റകൃത്യങ്ങൾ ഒളിപ്പിച്ചുവയ്ക്കാനാണ് ശ്രമിക്കുന്നത്. ഇരുട്ടിൽ ജീവിക്കാൻ ഇഷ്ടപ്പെടുന്ന സർക്കാരാണിത്" എന്നാണ്. ഈ സർക്കാർ ഇപ്പോൾ ഇരുട്ടിൽ ജീവിക്കാൻ ആഗ്രഹിക്കുകയാണോ? അങ്ങയുടെ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതുതായി ചുമതലയേറ്റ വിജിലൻസ് ഡയറക്ടറും നിയമ സെക്രട്ടറിയും അങ്ങയുടെ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടും എന്തുകൊണ്ടാണ് വിവാദമായ ആ നോട്ടിഫിക്കേഷൻ റദ്ദാക്കാൻ തയ്യാറാകാത്തത് എന്നുപറയേണ്ടിയിരിക്കുന്നു. സുതാര്യതയെക്കുറിച്ച് രൂക്ഷമായി പ്രതികരിച്ച അങ്ങ് മുഖ്യമന്ത്രിയായപ്പോൾ എടുത്ത നിലപാടിൽനിന്ന് പുറകോട്ടുപോയി. അങ്ങൊരു നിലപാടെടുത്താൽ അത് തെറ്റായാലും ശരിയായാലും ആ നിലപാടിൽത്തന്നെ ഉറച്ചുനിൽക്കുമെന്നൊരു പേര് അങ്ങേയ്ക്കുണ്ടായിരുന്നു. ഈ വിഷയത്തിൽ അങ്ങെടുത്ത നിലപാടിൽനിന്ന് മലക്കംമറിയുന്ന ഒരു തീരുമാനമാണ് ഉണ്ടായത്. ഭരണാധികാരിയുടെ വേഷമണിഞ്ഞപ്പോൾ രഹസ്യങ്ങളുണ്ടായി. അത് മറച്ചുവയ്ക്കാനുള്ള ജനാധിപത്യവിരുദ്ധമായ നീക്കമാണ് ഇപ്പോൾ പുറത്തുവരുന്നത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ വിഷയങ്ങൾ പുറത്തുവന്നാൽ അങ്ങേയ്ക്ക് ഒരു ക്ഷീണവുമില്ലല്ലോ. അന്നത്തെ സർക്കാർ എന്തെങ്കിലും വിവാദമായ തീരുമാനങ്ങൾ എടുത്തിട്ടുണ്ടെങ്കിൽ അത് ഈ അപ്പീലിന്റെ വിധിയുടെ ഭാഗമായി വിവരാവകാശ പ്രവർത്തകർക്ക് കൊടുക്കട്ടെ. പക്ഷെ അങ്ങ് അതിനെയല്ല ഭയപ്പെടുന്നത്. ഇപ്പോൾ മന്ത്രിസഭ എടുക്കുന്ന തീരുമാനങ്ങൾ പലതും ജനങ്ങൾ അറിയരുതെന്നാണ് അങ്ങ് ആഗ്രഹിക്കുന്നത്. പഴയ സോവിയറ്റ് യൂണിയനിൽ 'A Russian bear behind the iron curtain' എന്ന വളരെ പ്രസിദ്ധമായ ഒരു പ്രയോഗമുണ്ട്. ഇരുമ്പുമറയ്ക്കു പിന്നിലിരിക്കുന്ന സ്വേച്ഛാധിപത്യത്തിന്റെ പ്രതീകമായ ആ റഷ്യൻ കരടിക്ക് ഇന്ന് യാതൊരു പ്രസക്തിയുമില്ല. Marshall McLuhan പറഞ്ഞ ഗ്ലോബൽ വില്ലേജിലാണ് നമ്മളിന്ന് ജീവിക്കുന്നത്. ഇന്റർനാഷണൽ സൂപ്പർ ഹൈവേയിലൂടെയാണ് ജനങ്ങൾ ഇന്ന് യാത്ര ചെയ്യുന്നത്. വിവരങ്ങളറിയാനുള്ള എല്ലാ സ്വാതന്ത്ര്യവും ജനങ്ങൾക്കുണ്ട്. വിവരങ്ങൾ അറിയാനുള്ള ജനങ്ങളുടെ സ്വാതന്ത്ര്യത്തെയും അവകാശത്തെയും ആർക്കും തടയാനാവില്ല. ബാങ്ക് നാഷണലൈസേഷൻ ആക്ടിനുശേഷം സ്വതന്ത്ര ഇന്ത്യയിൽ ഉണ്ടായ വിപ്ലവകരമായ ഒരു നിയമനിർമ്മാണമാണ് വിവരാവകാശ

നിയമം. ആ വിവരാവകാശ നിയമത്തിന്റെ അന്തഃസത്തയ്ക്കെതിരായി, സെക്ഷൻ 24-ൽ ഒരു കാര്യംകൂടി പറയുന്നുണ്ട്. ഇന്റലിജൻസുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് സെക്ഷൻ 24-ൽ പ്രൊട്ടക്ഷൻ കൊടുക്കുന്നുണ്ട്. അതിൽ പറയുന്നത്, 'Provided that the information pertaining to the allegations of corruption and human rights violation shall not be excluded under this sub section' എന്നാണ്. അഴിമതി സംബന്ധിച്ച വിവരങ്ങൾ അതിൽനിന്നും ഒളിച്ചുവയ്ക്കാൻ ഒരുകാരണവശാലും കഴിയില്ല. അഴിമതി സംബന്ധിച്ച വിവരങ്ങളുണ്ടെങ്കിൽ അത് കൊടുക്കാനുള്ള ബാധ്യതയുണ്ട്. രഹസ്യത്തിന്റെ സൈബീരിയൻ മഞ്ഞുമലകൾ സൃഷ്ടിക്കാനുള്ള തീരുമാനം കേരളത്തിൽ നടപ്പാകില്ല. ഇത് ട്രോപ്പിക്കൽ ക്ലൈമറ്റുള്ള രാജ്യമാണ്. ഈ കൊടുംചൂടിൽ രഹസ്യത്തിന്റെ മഞ്ഞുമലകൾ ഉരുകിത്തീരുകതന്നെ ചെയ്യും. വളരെ പ്രധാനപ്പെട്ട ഈ വിഷയം സഭ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട വി. ഡി. സതീശൻ പുകമറ സൃഷ്ടിക്കാനാണ് ഇവിടെ ശ്രമിച്ചിരിക്കുന്നത്. ഇതിനകത്ത് അദ്ദേഹം സെക്ഷൻ 8 (1) (i)-ടെ കാര്യം പറഞ്ഞു. അതിതാണ് - Cabinet papers including records of deliberations of the Council of Ministers, Secretaries and other Officers. ഇതിൽ ഏതൊക്കെ കാര്യങ്ങൾ ഒഴിവാക്കുന്നു എന്നതിന് 'Exemption from disclosure of information' എന്ന ഭാഗത്ത് പറയുന്നതാണ്. Cabinet papers including records of deliberations of the Council of Ministers, Secretaries and other Officers;

Provided that the decisions of Council of Ministers, the reasons thereof, and the material on the basis of which the decisions were taken shall be made public after the decision has been taken, and the matter is complete, or over; അതോടൊപ്പം, Provided further that those matters which come under the exemptions specified in this section shall not be disclosed;

ഇവിടെ എന്താണ് ഉത്തരവ് ? വിവരാവകാശ കമ്മീഷൻ നൽകിയ ഉത്തരവ്, ചീഫ് സെക്രട്ടറിയുടെ ഓഫീസിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസറാണ് ഇതിനുള്ള മുഴുവൻ രേഖകളും അപേക്ഷകന് നൽകേണ്ടത് എന്നാണ്. ഇതിലാണ് അവ്യക്തതയുതുള്ളത്. അല്ലാതെ വിവരങ്ങൾ മറച്ചുവയ്ക്കുന്നതിലല്ല. അതാണ് നാം മനസ്സിലാക്കേണ്ട ഒരു കാര്യം. ഇവിടെ മന്ത്രിസഭാ തീരുമാനം സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ മാത്രമാണ് നടപടിക്രമം പൂർത്തിയാകുന്നത്. അത്

തീരുമാനിക്കുന്നത് അതാത് വിഷയം കൈകാര്യം ചെയ്യുന്ന വിവിധ വകുപ്പുകളിലെ പൊതു അധികാരികളായ വകുപ്പുസെക്രട്ടറിമാരാണ്. അവരാണ് അതുസംബന്ധിച്ചുള്ള വിവരങ്ങൾ നൽകേണ്ടത്. ഇക്കാര്യത്തിൽ ഒരു അവ്യക്തത ഉണ്ടായിരിക്കുന്നു എന്നാണ് കാണാൻ കഴിയുന്നത്. സർക്കാരിനെ സംബന്ധിച്ചിടത്തോളം വിവരങ്ങൾ മറച്ചുവയ്ക്കുകയെന്ന ഉദ്ദേശ്യമില്ല. അതുകൊണ്ടാണ് ഇതു മുഴുവൻ വെബ്സൈറ്റിൽ കൊടുക്കും എന്ന് നേരത്തെതന്നെ പ്രഖ്യാപിച്ചിട്ടുള്ളത്. ടി ബ്രാഞ്ചിനെ ഒഴിവാക്കിയതുസംബന്ധിച്ച് അക്കാലത്ത് ഉയർന്ന വിമർശനത്തെക്കുറിച്ച് അദ്ദേഹം പറയുകയുണ്ടായി. അന്ന് വിവരങ്ങൾ നൽകുന്നതിന് തടസ്സം നിൽക്കുന്ന നിർദ്ദേശമായിരുന്നു നൽകിയത്. അതിനെയാണ് വിമർശിച്ചത്. ഇപ്പോൾ വിവരാവകാശ നിയമപ്രകാരമുള്ള എല്ലാ വിവരങ്ങളും വെബ്സൈറ്റിൽത്തന്നെ നൽകണമെന്നാണ് ഗവൺമെന്റിന്റെ നിലപാട്. അന്ന് ഒരു വിവരവും നൽകാൻ പാടില്ലായെന്നുള്ളതായിരുന്നു നിലപാട്. അതിനെയാണ് വിമർശിച്ചത്. യു.ഡി.എഫ്. സർക്കാർ എടുത്ത തീരുമാനങ്ങൾ പുറത്തുവിടുന്നതിന് എന്തിനാണ് നിങ്ങൾ തടസ്സം നിൽക്കുന്നതെന്ന് അങ്ങ് ചോദിച്ചു. എല്ലാ കാര്യത്തിലും നടപടികൾ പൂർത്തിയാകണം. 1-1-2016 മുതൽ 30-4-2016 വരെ മുൻ സർക്കാർ കൈക്കൊണ്ട പല തീരുമാനങ്ങളും മന്ത്രിസഭാ ഉപസമിതി പരിശോധിച്ചുവരികയാണ്. അതിന്മേൽ അന്തിമ തീരുമാനം വരണം. അന്തിമ തീരുമാനം എടുക്കുമ്പോഴേ അതൊരു തീരുമാനമാകുകയുള്ളൂ. അപ്പോൾ മാത്രമേ ആ തീരുമാനം വെളിപ്പെടുത്താൻ കഴിയൂ. അതായത് ഒരു കാര്യത്തിൽ തീരുമാനം അവസാനമായി വരണം. എങ്ങനെയാണ് അവസാന തീരുമാനം വരുന്നതെന്ന് അങ്ങുതന്നെ ചില കാര്യങ്ങൾ സൂചിപ്പിച്ചു. ആ അവസാന തീരുമാനം വന്നാൽ മാത്രമേ അത് വെളിപ്പെടുത്താനാകൂ. ഏതെങ്കിലും കാര്യത്തിൽ തീരുമാനമാകുന്നതിനുമുമ്പ് കൊടുക്കണമെന്നുപറഞ്ഞാൽ അത് കഴിയുന്ന കാര്യമല്ല.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് രണ്ട് കാര്യങ്ങളിലാണ് സംശയം പറഞ്ഞത്. ഒന്ന്, ചീഫ് സെക്രട്ടറി ഇതുമുഴുവൻ കൊടുക്കണമെന്നാണ്. ക്യാബിനറ്റ് രേഖകളുടെ മുഴുവൻ കസ്റ്റോഡിയൻ കേരളത്തിന്റെ ചീഫ് സെക്രട്ടറിയാണ്. ചീഫ് സെക്രട്ടറിയോട് ഒരു വിവരാവകാശ പ്രവർത്തകൻ ഒരു വിവരത്തെക്കുറിച്ച് അപേക്ഷിച്ചാൽ ചീഫ് സെക്രട്ടറിക്ക് അത് കൊടുക്കാനുള്ള ബാധ്യതയുണ്ട്. രണ്ടാമത്തെ കാര്യം അങ്ങ് പറഞ്ഞത് പ്രോസസ്സ് കംപ്ലീറ്റായിട്ടില്ലായെന്നാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ 72 ദിവസത്തെ തീരുമാനങ്ങളാണ് ഇവിടെ ചോദിച്ചിരിക്കുന്നത്. അതിന്റെ പ്രോസസ്സ് കംപ്ലീറ്റായതിനുശേഷം പുതിയ ഗവൺമെന്റ് വന്ന് അത് വീണ്ടും പരിശോധിക്കാനുള്ള പ്രോസസ്സ് തുടങ്ങി. ആ

പ്രോസസ്സാണോ സെക്ഷൻ 8(1)(i)-ൽ ചോദിക്കുന്നത്. അതെന്തു പ്രോസസ്സ് ആണ്. അങ്ങനെയാണെങ്കിൽ ഏത് വിവരാവകാശ പ്രവർത്തകൻ എന്തു വിവരം ചോദിച്ചാലും ഞങ്ങളുടെ ഒരു സബ് കമ്മിറ്റി അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ് എന്നുപറഞ്ഞാൽ വിവരം കൊടുക്കാതിരിക്കാൻ കഴിയുമല്ലോ. അപ്പോൾ കൊടുക്കാതിരിക്കാനുള്ള മാർഗ്ഗങ്ങളാണ് അന്വേഷിക്കുന്നത്. അതല്ലേ യഥാർത്ഥ കാര്യം?

10.00 AM]

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഞാൻ നേരത്തെ പറഞ്ഞു, അങ്ങ് ഒന്നുകിൽ ആശയക്കുഴപ്പത്തിലാണ്, അല്ലെങ്കിൽ പൊതുവെ തെറ്റിദ്ധരിപ്പിക്കാൻ നോക്കുകയാണ്. ചീഫ് സെക്രട്ടറി ഒരു ഫയലിന്റെ താൽക്കാലിക കസ്റ്റോഡിയൻ മാത്രമാണ്. മറ്റുവകുപ്പുകളിൽ നിന്നുമെത്തുന്ന ഫയലുകൾ മന്ത്രിസഭാ തീരുമാനത്തിന്റെ ഭാഗമായി രണ്ടോ മൂന്നോ നാലോ ദിവസം അദ്ദേഹത്തിന്റെ പക്കലുണ്ടാകും. പിന്നീട് ആ ഫയലുകളെല്ലാം തിരിച്ചുപോകുകയാണ്, ചീഫ് സെക്രട്ടറിയുടെ പക്കലല്ല അവ പിന്നീട് ഇരിക്കുന്നത്. അതിനുശേഷം അതുമായി ബന്ധപ്പെട്ട തീരുമാനങ്ങളെടുക്കുന്നത് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി തലത്തിലാണ്. അദ്ദേഹമാണ് അതുസംബന്ധിച്ച് വിവരങ്ങൾ പുറത്തുവിടേണ്ടത്.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ക്യാബിനറ്റിൽ പങ്കെടുക്കുന്നത് ചീഫ് സെക്രട്ടറി മാത്രമാണല്ലോ. അപ്പോൾ ക്യാബിനറ്റ് തീരുമാനങ്ങളുടെ മിനിറ്റ്സ് ചീഫ് സെക്രട്ടറിയുടെ കൈവശമാണ്. ചീഫ് സെക്രട്ടറി വിവിധ വകുപ്പുകൾക്ക് ഇത് കൊടുക്കുമല്ലോ. 48 മണിക്കൂറിനകം അവർ തീരുമാനമെടുക്കുന്നില്ലെങ്കിൽ അത് അന്വേഷിക്കാനും മോണിറ്റർ ചെയ്യാനുമുള്ള ഉത്തരവാദിത്വം ചീഫ് സെക്രട്ടറിക്കുണ്ടല്ലോ. ക്യാബിനറ്റ് തീരുമാനം എന്നു പറഞ്ഞാലെന്താണ്? ക്യാബിനറ്റ് തീരുമാനം പ്രാബല്യത്തിൽ വരുന്നത് ഉത്തരവിറങ്ങിക്കഴിയുമ്പോഴാണ്. അതുകൊണ്ട് ക്യാബിനറ്റ് തീരുമാനമെടുപ്പിക്കാനുള്ള ഉത്തരവാദിത്വവും ആ ഉത്തരവിറങ്ങുന്നുണ്ടോ ഇല്ലയോ എന്ന് നോക്കാനുള്ള ബാദ്ധ്യതയും എക്സിക്യൂട്ടീവിന്റെ ചീഫായിട്ടുള്ള ചീഫ് സെക്രട്ടറിക്കുണ്ടല്ലോ. അതുകൊണ്ടുതന്നെ ഇതിന് ഉത്തരം പറയാനുള്ള ബാദ്ധ്യത ചീഫ് സെക്രട്ടറിക്കില്ലേ ; ഇല്ലെന്നാണോ അങ്ങ് പറയുന്നത്?

<u>ശ്രീ. പിണറായി വിജയൻ</u>: ഇക്കാര്യത്തിലാണ് വ്യക്തത വരേണ്ടത്. ഇപ്പോൾ അങ്ങ് ഉന്നയിച്ച പ്രശ്നമുണ്ടല്ലോ. ആ പ്രശ്നമാണ് ഇപ്പോൾ വിവരാവകാശ കമ്മീഷണറുടെ ഉത്തരവിന്റെ ഭാഗമായിട്ട് വന്നിട്ടുള്ളത്. യഥാർത്ഥത്തിലുള്ള നടപടിക്രമം അങ്ങേക്ക് എന്നേക്കാൾ നന്നായി അറിയാമല്ലോ, കാരണം എന്നേക്കാളും

കൂടുതൽ കാലം മന്ത്രിയായിരുന്നതുകൊണ്ട് ഇക്കാര്യങ്ങളിൽ അങ്ങേക്ക് കൂടുതൽ വ്യക്തതയുണ്ടാകും. മന്ത്രിസഭാ തീരുമാനത്തിന്റെ ഭാഗമായുള്ള ദിവസങ്ങളിൽ മാത്രമാണ് ചീഫ് സെക്രട്ടറിയുടെ കൈവശം ആ ഫയലുകളിരിക്കുന്നത്. അതിനുമുമ്പുള്ള ദിവസങ്ങളിലും മന്ത്രിസഭാ തീരുമാനം വന്നതിനുശേഷമുള്ള ദിവസങ്ങളിലുമെല്ലാം ആ ഫയലുകൾ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുടെ കൈകളിലാണ്. അതുകൊണ്ട് ചീഫ് സെക്രട്ടറിയുടെ സ്ഥാനം നഷ്ടപ്പെട്ടുവെന്നല്ല; ഓരോ സംസ്ഥാനത്തും ചീഫ് സെക്രട്ടറി തന്നെയാണ് സിവിൽ സർവ്വീസിന്റെ ഹെഡ്ഡെന്ന് നമുക്കറിയാം. എന്നാൽ ഈ പറഞ്ഞ അത്രയും ദിവസങ്ങൾ മാത്രമേ ഫയലുകൾ അദ്ദേഹത്തിന്റെ കയ്യിലുണ്ടാവുകയുള്ളൂ. അതിനുശേഷം വിവരങ്ങൾ നൽകേണ്ടത് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നാണ്. ആ വകുപ്പുകൾ വിവരങ്ങൾ നൽകുന്നതിന് ഞങ്ങൾ തടസ്സമല്ല. പക്ഷേ ആര് വിവരം നൽകണം, എങ്ങനെ നൽകണം; അക്കാര്യത്തിൽ വ്യക്തത വേണമെന്നതാണ് അഭിപ്രായം.

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ പറഞ്ഞത് നിയമവകുപ്പ് സെക്രട്ടറി ഈ ഉത്തരവ് വായിക്കാത്തതുകൊണ്ടുള്ള കുഴപ്പമാണ് അല്ലെങ്കിൽ നിയമോപദേശം തരുന്നവരുടെ കുറ്റമാണ് എന്നാണ്. ഇവിടെ വിവരാവകാശ കമ്മീഷൻ പറഞ്ഞിരിക്കുന്നത് ക്യാബിനറ്റ് എടുത്തിരിക്കുന്ന തീരുമാനങ്ങൾ അപേക്ഷകന് കൊടുക്കണമെന്നാണ്. ക്യാബിനറ്റ് എടുക്കാത്ത തീരുമാനം കൊടുക്കേണ്ട. അങ്ങയുടെ കയ്യിലിരിക്കുന്ന അല്ലെങ്കിൽ ഉപസമിതി പരിശോധിക്കുന്ന ഫയലുകളിന്മേൽ തീരുമാനമെടുത്തില്ലെങ്കിൽ തീരുമാനമെടുത്തില്ല എന്നറിയിച്ചാൽ മതി. അവിടെ കാര്യങ്ങൾ തീരും. അല്ലാതെ കോടതിയിൽ പോകേണ്ട എന്താവശ്യമാണുള്ളത്. അങ്ങ് തന്നെ ഇതൊന്ന് വായിച്ചുനോക്കണം. വിവരാവകാശ കമ്മീഷണറുടെ ഈ ഉത്തരവ് അങ്ങ് വായിച്ചാൽ മനസ്സിലാകും; ഉദ്യോഗസ്ഥന്മാർ ഉണ്ടാക്കുന്ന കുഴപ്പമല്ലാതെ ഇവിടെ വേറെയൊരു കൺഫ്യൂഷനുമില്ല.

ശ്രീ. പിണറായി വിജയൻ: കോടതിയിൽ പോയത് ഈ ഒറ്റക്കാര്യത്തിനു മാത്രമാണ്; ക്യാബിനറ്റ് തീരുമാനങ്ങൾ നൽകേണ്ട ബാദ്ധ്യത ചീഫ് സെക്രട്ടറിയുടെ ഓഫീസിനാണോ അല്ലെങ്കിൽ ബന്ധപ്പെട്ട വകുപ്പുകളുടേതാണോ എന്നത് സംബന്ധിച്ചാണ്. വിവരാവകാശ കമ്മീഷണർ നൽകിയ ഉത്തരവിൽ പറഞ്ഞിരിക്കുന്നത്, ചീഫ് സെക്രട്ടറിയുടെ ഓഫീസിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസറാണ് ഇതുസംബന്ധിച്ച മുഴുവൻ രേഖകളും അപേക്ഷകന് നൽകേണ്ടതെന്നാണ്. അപ്പോൾ ആ കാര്യത്തിലാണ് വ്യക്തത വരേണ്ടതായിട്ടുള്ളത്.

ശ്രീ. വി. ഡി. സതീശൻ: ക്ലിയർ ചെയ്ത് പോകാനാണ് ചോദിക്കുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം, അങ്ങയുടെ ഈ സർക്കാരുമായി ബന്ധപ്പെട്ട ഫയലുകൾ വിളിച്ചുവരുത്താനുള്ള സ്വാതന്ത്ര്യം മറ്റ് പലർക്കായി അങ്ങ് കൊടുത്തിരിക്കുകയാണ്. ചീഫ് സെക്രട്ടറിക്ക് ആ സെക്രട്ടേറിയറ്റിൽ തന്നെയുള്ള ഏതെങ്കിലും വകുപ്പിന്റെ സെക്രട്ടറിയിൽനിന്ന് ഈ ഫയൽ വാങ്ങി അതിലെ വിവരം കൊടുക്കുന്നതിന് എന്തുതടസ്സമാണുള്ളത്? ഇപ്പോൾ ഞാൻ ചോദിച്ച ചോദ്യത്തിന് അങ്ങ് ഇതുവരെ ഉത്തരം പറഞ്ഞില്ല. കഴിഞ്ഞ 72 ദിവസക്കാലത്തെ ഒരു ഉത്തരവിലും തീരുമാന മെടുത്തിട്ടില്ലേ? തീരുമാനമെടുത്തത് രണ്ടാമത് സ്ക്രൂട്ടിണിക്ക് വിധേയമാക്കുകയാണെന്നു പറയുന്നത് എന്തൊരു മുടന്തൻ ന്യായമാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, അങ്ങ് ഈ വിവരങ്ങൾ ഭാവിയിൽ കൊടുക്കാൻ ആഗ്രഹിക്കുന്നില്ല. അങ്ങ് ഇത് മറച്ചുവയ്ക്കാൻ ശ്രമിക്കുന്നു. ഉപസമിതിയുടെ കയ്യിലിരിക്കുന്ന കാര്യമാണ് എന്നുപറഞ്ഞുകൊണ്ട് ഒരു തീരുമാനം കൊടുക്കാതിരിക്കാൻ പറ്റുമോ; ക്യാബിനറ്റ് എടുത്ത തീരുമാനമല്ലേ?

ശ്രീ. പിണറായി വിജയൻ: ഇതുസംബന്ധിച്ച് ഞാൻ ഇപ്പോൾ പറയുന്ന കാര്യങ്ങൾ മുടന്തൻ ന്യായമാണോ അല്ലയോ എന്നുള്ളത് ഞങ്ങൾ നിശ്ചയിച്ച മന്ത്രിസഭാ ഉപസമിതിയുടെ തീരുമാനം വന്നാൽ വ്യക്തമാകും. അതിന്മേൽ പരിശോധന നടക്കുകയാണ്. അതിനുശേഷം മാത്രമേ അതിന്മേലുള്ള അവസാന തീരുമാനമാകുകയുള്ളൂ. അതുകൊണ്ടാണ് ജനുവരി 1 മുതൽ ഏപ്രിൽ 30 വരെയുള്ള പഴയ തീരുമാനങ്ങളിൽ അവസാന തീരുമാനമായില്ല എന്ന നിലപാടെടുക്കുന്നത്. അവസാന തീരുമാനമായി എന്ന് നിങ്ങൾ പറയുമ്പോഴും ഈ സർക്കാർ കാണുന്നത് അവസാന തീരുമാനമായിട്ടില്ല എന്നുതന്നെയാണ്. ആ പരിശോധന നടക്കട്ടെ; അത് കഴിഞ്ഞുവരട്ടെ. ഈ സർക്കാർ വിവരം മറച്ചുവയ്ക്കാൻ ഒരു തരത്തിലും തയ്യാറല്ല. വിവരാവകാശ നിയമത്തിന്റെ എല്ലാ കാര്യങ്ങളിലും ഉറച്ച നിലപാടാണ് സർക്കാരിനുള്ളതെന്ന കാര്യം അർത്ഥശങ്കയ്ക്കിടയില്ലാതെ വ്യക്തമാക്കുകയാണ്. ഈയൊരു അവ്യക്തത നീക്കേണ്ടതുണ്ട് എന്നുമാത്രമേയുള്ളൂ. അതുകൊണ്ടാണ് ഇക്കാര്യങ്ങളെല്ലാംതന്നെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ സർക്കാർ നേരത്തെ തീരുമാനിച്ചത്. ഇവിടെ ബഹുമാന്യനായ വി. ഡി. സതീശൻ പറയുകയുണ്ടായി, പത്രസമ്മേളനം നടത്തുന്നില്ല എന്ന്. മുമ്പൊരു ഘട്ടത്തിൽ നരേന്ദ്ര മോദിയെ ആണോ അനുകരിക്കുന്നതെന്ന് പ്രതിപക്ഷത്തുനിന്ന് ചിലർ ചോദിച്ചു. നമ്മുടെ രാജ്യത്ത് ഏത് പ്രധാനമന്ത്രിയാണ് ഇടയ്ക്കിടയ്ക്ക് പത്രസമ്മേളനം നടത്തിക്കൊണ്ടിരുന്നത്? നിങ്ങളുടെ നേതാക്കന്മാരെക്കുറിച്ച് നിങ്ങൾക്ക് നല്ല നിശ്ചയമുണ്ടാകുമല്ലോ. ഏത് പ്രധാനമന്ത്രിയാണ് പത്രസമ്മേളനം നടത്തിയത്. ഞാൻ മോദിക്ക് പഠിക്കുകയാണോ; മോദിയെ അനുകരിക്കുകയാണോ എന്ന് നിങ്ങൾ ചോദിച്ചത് എന്ത് അടിസ്ഥാന ത്തിലാണെന്നാണ് ഞാൻ ചോദിക്കുന്നത്.....(ബഹളം).....

<u>മി. സ്പീക്കർ</u>: സംസാരിക്കുമ്പോൾ ആരുടെ ഭാഗത്തുനിന്നും കമന്റുണ്ടാകരുതെന്ന് ഇന്നലെ പറഞ്ഞതാണ്.

<u>ശ്രീ. പിണറായി വിജയൻ</u>: ഇന്ത്യൻ പ്രധാനമന്ത്രിയായ ശ്രീ. നരേന്ദ്ര മോദിയെയാണോ അനുകരിക്കുന്നതെന്നാണല്ലോ ചോദിച്ചത്. ഇപ്പോൾ ചോദിച്ചെന്നല്ല പറയുന്നത്. നേരത്തെ ചോദിച്ചല്ലോ. ആ ചോദ്യവുമായി ബന്ധിപ്പിച്ചാണ് ഞാൻ പറയുന്നത്. എന്തുകൊണ്ട് നിങ്ങൾ അങ്ങനെ ചോദിക്കുമ്പോൾ അതിനുമുമ്പുള്ള പ്രധാനമന്ത്രിമാരെയൊന്നും ഓർത്തില്ല......(ബഹളം).....

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുമ്പോൾ ഇങ്ങനെ കമന്റ് പറയുന്നത് ശരിയല്ല. നിങ്ങൾ ഇന്നലെ അതിനെതിരെ വല്ലാതെ പ്രകോപിതരായ ആളുകളാണ്. നിങ്ങൾ അത് ചെയ്യരുത്. നിങ്ങൾ ഇന്നലെ പ്രകോപിതരായത് മറന്നുപോകരുത്.

<u>ശ്രീ. പിണറായി വിജയൻ</u>: ആ കാര്യം ഞാൻ വ്യക്തമാക്കിയതാണ്. മാധ്യമങ്ങൾക്ക് വിവരങ്ങൾ നൽകുന്നതിൽ ഒരു തരത്തിലുള്ള വീഴ്ചയും ഞങ്ങളുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. മാധ്യമങ്ങൾക്ക് നൽകേണ്ട വിവരങ്ങളെല്ലാം മാധ്യമങ്ങൾക്ക് നൽകുക തന്നെ ചെയ്യും. ഏതെങ്കിലും തരത്തിൽ ആളുകളെയോ നാടിനെയോ ഇരുട്ടിലാക്കാനോ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. സുതാര്യമായ നടപടിയാണ് ഞങ്ങൾ സ്വീകരിക്കുന്നത്. സുതാര്യതയ്ക്ക് തന്നെയാണ് ഞങ്ങൾ പ്രാമുഖ്യം കൊടുക്കുന്നത്. കാര്യങ്ങൾ മറച്ചുവയ്ക്കാൻ ഞങ്ങൾ ഒരു തരത്തിലും ഉദ്ദേശിക്കുന്നില്ല. ഇത്തരം ഒരു ഘട്ടത്തിൽ ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നാണ് പറയാനുള്ളത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>) : സർ, മുഖ്യമന്ത്രിക്ക് കാര്യങ്ങൾ മനസ്സിലായിട്ടില്ല അല്ലെങ്കിൽ അദ്ദേഹത്തെ ഉദ്യോഗസ്ഥർ തെറ്റിദ്ധരിപ്പിക്കുന്നു എന്നുള്ളതാണ് വസ്തുത. ഇവിടെ പുകമറ ഉണ്ടാക്കിയത് ശ്രീ. വി. ഡി. സതീശനല്ല, മുഖ്യമന്ത്രിയുടെ മറുപടി തന്നെയാണ്. നരേന്ദ്ര മോദിക്ക് പഠിക്കുകയാണെന്നുള്ളത് അദ്ദേഹത്തിന്റെ മറുപടിയിൽനിന്ന് വ്യക്തമായിട്ടുള്ള കാര്യമാണ്. കാരണം, പത്രക്കാരെ കാണാതിരിക്കുക, മന്ത്രിസഭാ യോഗങ്ങൾക്കുശേഷം പത്രസമ്മേളനം

നടത്താതിരിക്കുക തുടങ്ങിയവയൊക്കെ മുഖ്യമന്ത്രി നടപ്പാക്കിയ കാര്യങ്ങളാണ്. ശ്രീ. വി. എസ്. അച്യുതാനന്ദൻ ശ്രീ. ഇ. കെ. നായനാർ, ശ്രീ. എ. കെ. ആന്റണി, ശ്രീ. ഉമ്മൻ ചാണ്ടി തുടങ്ങിയവർ മുഖ്യമന്ത്രിയായിരുന്നപ്പോഴും തുടർന്നുവന്നിരുന്ന കീഴ്‌വഴക്കമാണിത്. അത് വേണമോ വേണ്ടയോ എന്ന് അദ്ദേഹത്തിന് തീരുമാനിക്കാം. ജനങ്ങളിൽനിന്നും വിവരങ്ങൾ മറച്ചുവയ്ക്കുന്നു എന്നതാണ് അടിസ്ഥാനപരമായ കാര്യം. സംസ്ഥാന മന്ത്രിസഭ എടുക്കുന്ന തീരുമാനങ്ങൾ അറിയാനുള്ള അവകാശം ജനങ്ങൾക്കില്ലേ? ഗവൺമെന്റ് നൽകിയ ചികിത്സാ സഹായങ്ങളെക്കുറിച്ചുമാത്രമേ വെബ്സൈറ്റിൽ പറയുന്നുള്ളൂ. കേരളത്തിലെ ജനങ്ങൾ അതുമാത്രം അറിഞ്ഞാൽ മതിയോ? പൊതുതാൽപ്പര്യം മുൻനിർത്തി മന്ത്രിസഭ എടുക്കുന്ന തീരുമാനങ്ങൾ/ വിവരങ്ങൾ ജനങ്ങൾക്ക് അറിയാനുള്ള അവകാശമുണ്ട്. അത് ഉറപ്പുവരുത്തേണ്ടത് ഈ ഗവൺമെന്റിന്റെ ഉത്തരവാദിത്വമല്ലേ? ഞങ്ങൾ എല്ലാ കാര്യങ്ങളും 48 മണിക്കൂറിനുള്ളിൽ വെബ്സൈറ്റിലിടുമെന്നാണ് അങ്ങ് ഇവിടെ പറഞ്ഞത്. തൊഴിലും നൈപുണ്യവും വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബോർഡുകൾ, കമ്പനികൾ, കോർപ്പറേഷൻ എന്നിവയിലെ അനൗദ്യോഗികാംഗങ്ങളുടെ കാലാവധി നിയമാനുസൃതം അവസാനിപ്പിക്കുന്നുവെന്നാണ് 15-7-2016-ൽ ഇറങ്ങിയ ഉത്തരവിൽ പറയുന്നത്. ഇത് നിയമവിരുദ്ധമായ കാര്യമാണ്. ഇക്കാര്യം ശ്രീ. എ. പി. അനിൽകുമാർ ഇവിടെ സബ്മിഷനായി ഉന്നയിക്കുന്നുണ്ട്. ഈ ഉത്തരവ് പുറത്തിറങ്ങിയത് 15-7-2016-ലാണ്. ഈ ഉത്തരവ് പുറത്തിറങ്ങി 48 മണിക്കൂർ കഴിഞ്ഞിട്ടും വെബ്സൈറ്റിൽ കാണുന്നില്ലല്ലോ; ഇത് വെബ്സൈറ്റിൽ വന്നിട്ടില്ലല്ലോ? ഇതുപോലുള്ള നിരവധി ഉത്തരവുകൾ ഇറങ്ങുന്നു. ഈ ഉത്തരവുകളെല്ലാം പൊതുജനങ്ങളുടെ മുമ്പിൽനിന്ന് മറച്ചുവയ്ക്കാൻ ബോധപൂർവ്വം ഈ സർക്കാർ ശ്രമിക്കുകയാണെന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണമാണിത്. ഇപ്പോൾ ഒരു കാര്യം വളരെ വ്യക്തമാണ്. ഞങ്ങൾ വിവരാവകാശ നിയമത്തെയും അതിന്റെ അന്തഃസത്തയേയും അട്ടിമറിക്കുന്നുവെന്നാണ് യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഏറ്റവും വലിയ വിമർശനമായി ഉന്നയിച്ചത്. അങ്ങയുടെ ഫെയ്സ്ബുക്ക് പോസ്റ്റ് ശ്രീ. വി. ഡി. സതീശൻ ഉദ്ധരിച്ചല്ലോ. 3-8-2013-ൽ ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയും ശ്രീമതി റാണി ജോർജ് പി.ആർ.ഡി. സെക്രട്ടറിയും ആയിരുന്ന കാലത്ത് ഇറക്കിയ ഉത്തരവുപ്രകാരവും അങ്ങ് പറഞ്ഞ എല്ലാ കാര്യങ്ങളും ചെയ്യണമെന്ന് പറയുന്നുണ്ട്. ബിസിനസ് റൂൾസും സെക്രട്ടേറിയറ്റ് മാന്വലും അനുസരിച്ച് മന്ത്രിസഭ എടുക്കുന്ന തീരുമാനങ്ങൾ 48 മണിക്കൂറിനുള്ളിൽ അതാത് വകുപ്പുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണം തുടങ്ങിയ കാര്യങ്ങൾ ഈ ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. ഇതൊന്നും നടക്കുന്നില്ലായെന്നുള്ളതാണ് യാഥാർത്ഥ്യം.

തൊഴിൽ വകുപ്പിൽ നടന്ന ഒരു ഉദാഹരണമാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. മന്ത്രിസഭയിൽ ഒരു തീരുമാനം എടുത്തുകഴിഞ്ഞാൽ 48 മണിക്കൂറിനകം ഉത്തരവിറങ്ങിയില്ലായെങ്കിൽ എന്തുകൊണ്ട് ഉത്തരവിറങ്ങിയില്ലായെന്ന് പരിശോധിക്കാനുള്ള ഉത്തരവാദിത്വം ചീഫ് സെക്രട്ടറിക്കുണ്ട്. ചീഫ് സെക്രട്ടറിയുടെ ഉത്തരവാദിത്വമാണ് ഇത് പരിശോധിക്കുക എന്നുള്ളത്. ചീഫ് സെക്രട്ടറിക്ക് ബാധ്യതയില്ലേ; ചീഫ് സെക്രട്ടറി അത് പരിശോധിക്കാനും ഉത്തരവ് ഇറക്കാത്ത ഉദ്യോഗസ്ഥരോട് അത് ഇറക്കാൻ പറയാനുമുള്ള ഉത്തരവാദിത്വം അദ്ദേഹത്തിനില്ലേ? ഇനി ഔട്ട് ഓഫ് അജണ്ടയായി ഒരു മാറ്റർ വന്നുവെന്ന് വിചാരിക്കുക. ഔട്ട് ഓഫ് അജണ്ടയായി വരുന്ന മാറ്റർ ക്യാബിനറ്റ് തീരുമാനിച്ചാലും നിയമ വകുപ്പോ ധനകാര്യ വകുപ്പോ കാണണമെന്നുള്ള അഭിപ്രായം വന്നാൽ അതാത് സെക്രട്ടറിക്ക് കൊടുത്ത്, അവർ കണ്ടതിനുശേഷം തിരിച്ച് വീണ്ടും ബന്ധപ്പെട്ട മന്ത്രിക്ക് കൊടുക്കും, അതിനുശേഷം ചീഫ് മിനിസ്റ്ററുടെ കയ്യിൽ വരും. ചീഫ് മിനിസ്റ്റർക്ക് വീണ്ടും അത് ക്യാബിനറ്റിൽ വയ്ക്കുകയോ, അതിന്മേൽ തീരുമാനമെടുക്കുകയോ ചെയ്യാം. നടപടിക്രമങ്ങൾ പാലിച്ച് പുറത്തിറങ്ങുന്ന ഉത്തരവുകൾ എന്തുകൊണ്ട് ജനങ്ങൾക്ക് കൊടുക്കുന്നില്ലായെന്നുള്ളതാണ് ചോദ്യം. മുഖ്യവിവരാവകാശ കമ്മീഷണറായ ശ്രീ. വിൻസൺ എം. പോൾ ആവശ്യപ്പെട്ടിരിക്കുന്നത് വളരെ ലളിതമായ കാര്യമാണ്. തീരുമാനം എടുത്ത കാര്യങ്ങൾ അറിയിക്കണം. തീരുമാനം എടുക്കാത്ത കാര്യങ്ങളിൽ ഞങ്ങൾ തീരുമാനിച്ചിട്ടില്ലായെന്ന് എഴുതിയാൽ മതി. അതിനുപകരം വളരെ ബോധപൂർവ്വമായി വിവരങ്ങൾ മറച്ചു പിടിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. വിവരങ്ങൾ ജനങ്ങൾക്ക് നൽകാതിരിക്കാനുള്ള ബോധപൂർവ്വമായ നീക്കമാണ്. വിവരാവകാശ നിയമം നിലനിൽക്കുന്ന ഈ കാലഘട്ടത്തിൽ ഈ വിവരങ്ങൾ മറച്ചുവച്ചുകൊണ്ട് ജനങ്ങളെ വിവരങ്ങൾ അറിയിക്കാതെ തീരുമാനങ്ങൾ എടുക്കാനുള്ള സർക്കാരിന്റെ നീക്കം തികച്ചും അപഹാസ്യവും പ്രതിഷേധാർഹവുമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇത് ഒരു ജനാധിപത്യ സംവിധാനത്തിൽ നടക്കുന്ന കാര്യമല്ല. വിവരാവകാശ പ്രവർത്തകരുടെ സജീവ സാന്നിദ്ധ്യമുള്ള ഒരു സംസ്ഥാനമാണ് കേരളം. ഈ സാഹചര്യത്തിൽ കാര്യങ്ങൾ മറച്ചുവച്ചുകൊണ്ട് ഗവൺമെന്റിന് ഇഷ്ടംപോലെ പ്രവർത്തിക്കാമെന്ന് കരുതിയാൽ അത് കേരളത്തിൽ നടക്കില്ല. ഇത് ജനാധിപത്യ വിരുദ്ധമാണ്, ഇത് ജനങ്ങളെ ഇരുട്ടിൽ നിർത്താനുള്ള ശ്രമമാണ്. ഇതിനെതിരെ ശക്തമായ നിലപാടുകളുമായി ഞങ്ങൾക്ക് മുന്നോട്ട് പോകേണ്ടിവരും. മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിക്കാതിരിക്കുക, വിവരങ്ങൾ കൈമാറാതിരിക്കുക, വിവരങ്ങൾ ചോദിക്കുന്ന ആളുകൾക്ക് ശരിയായ മറുപടി നൽകാതിരിക്കുക, എന്നിട്ട് മുഖ്യവിവരാവകാശ കമ്മീഷണറുടെ ഉത്തരവിനെതിരായി കോടതിയിൽ അപ്പീൽ

പോവുക, ഇതൊന്നും എനിക്ക് മനസ്സിലാകുന്നില്ല. ഇത്തരം നിയമോപദേശം നൽകിയത് അങ്ങയുടെ നിയമോപദേശകനായ ശ്രീ. എം. കെ. ദാമോദരനാണോ? അക്കാര്യം അറിയേണ്ടിയിരിക്കുന്നു. ഗവൺമെന്റിന്റെ ജനാധിപത്യ വിരുദ്ധമായ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തു പോയി.)

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : സർ, ഇന്ന് ഇവിടെ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന്റെ ചർച്ച നടക്കേണ്ടതായിരുന്നു. 8 (1) (i)-യ്ക്ക് അത്ര വലിയ അവ്യക്തതയൊന്നുമില്ല. ഇത്രയും കൊല്ലം നിരാക്ഷേപം നടന്നുവന്ന ഒരു സംഗതിയിൽ വളരെ പെട്ടെന്ന് അവ്യക്തത വന്നതിൽ സ്വാഭാവികമായും ജനങ്ങൾക്കും ഈ സഭയ്ക്കും വളരെയധികം ആശങ്കയുണ്ട്. ഇവിടെ ഒരു സെൽ ഭരണത്തിന്റെ ഗന്ധമാണുയരുന്നത്. സെൽ ഭരണത്തിന്റെ സ്വരമുണ്ട് ഈ മറുപടിയിൽ. ഇത് ഒരിക്കലും കേരളീയ സമൂഹം സമ്മതിക്കുകയില്ല. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ജനാധിപത്യ സംവിധാനത്തെ ശക്തിപ്പെടുത്തുന്ന രംഗത്ത് യു.പി.എ. സർക്കാർ സ്വീകരിച്ച അത്യന്തം ശ്രദ്ധേയമായ നിയമനിർമ്മാണമാണ് വിവരാവകാശ നിയമം. Right to Information, Right to Education പോലുള്ള നിയമങ്ങളിലൂടെ ഇന്ത്യയിലെ ജനാധിപത്യ സംവിധാനത്തെ ഒരു അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തിയ വളരെ ഉജ്ജ്വലമായ തീരുമാനമാണ് കോൺഗ്രസ് ഗവൺമെന്റുകൾ ഇവിടെ സ്വീകരിച്ചത്. ആ നിയമം നടപ്പിലാക്കാൻ ബാദ്ധ്യതയുള്ള സംസ്ഥാനമാണ് കേരളം. ഈ നിയമത്തിന്റെ വിപുലസാദ്ധ്യതകൾ കണ്ടെത്താൻ ശ്രമിക്കുന്നതിനു പകരം ഇങ്ങനൊരു നീക്കമുണ്ടായത് നിർഭാഗ്യകരമാണ്. ഒരു വകുപ്പിൽ അവ്യക്തതയുണ്ട് എന്നുപറയുന്നതിൽ സെൽ ഭരണം തുടങ്ങുന്നതിന്റെ സ്വരമാണ്, അതിന്റെ ഗന്ധമാണ് അതിന്റെ കാലൊച്ചയാണ് കേൾക്കുന്നത്. ഗവൺമെന്റിന്റെ ഈ നിലപാടിൽ മുസ്ലീംലീഗിന് പ്രതിഷേധമുണ്ട്. അതിനാൽ ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. റ്റി. എ. അഹമ്മദ് കബീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ് : സർ, വിവരാവകാശ നിയമം അനുസരിച്ച് മന്ത്രിസഭാ തീരുമാനങ്ങൾ 48 മണിക്കൂറിനുള്ളിൽ ഉത്തരവായി ഇറക്കണമെന്നാണ്. അതിന് മറുപടി നൽകാനുള്ള ഉത്തരവാദിത്വം ഗവൺമെന്റിനുണ്ട്. തീർച്ചയായും ചീഫ് സെക്രട്ടറി തന്നെയാണ് മറുപടി നൽകേണ്ടത്. മറ്റ് സെക്രട്ടറിമാരിൽനിന്ന് നിമിഷങ്ങൾക്കകം അദ്ദേഹത്തിന് കാര്യങ്ങൾ കിട്ടുമല്ലോ. അതുകൊണ്ട് ആ

ഉത്തരവാദിത്വത്തിൽനിന്നും മാറാൻ ഗവൺമെന്റിന് കഴിയില്ല. കാര്യങ്ങൾ സുതാര്യമായിരിക്കണമെന്ന നിലപാടാണ് സർക്കാരിനുള്ളതെങ്കിൽ മാറേണ്ട കാര്യവുമില്ല. ഹൈക്കോടതിയിൽ പോകേണ്ട യാതൊരു കാര്യവുമില്ല. ഇവിടെ തീരുമാനം എടുത്ത കാര്യങ്ങൾ ജനങ്ങളെ അറിയിക്കുവാനുള്ള ആ നിലപാടിൽ നിന്ന് മാറി ഹൈക്കോടതിയെ സമീപിച്ചതിലും ഈ വിഷയം ചർച്ച ചെയ്യാൻ അനുവദിക്കാത്തതിലും പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ് : സർ, മന്ത്രിസഭാ തീരുമാനങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതാണോ അല്ലയോ എന്നത് സംബന്ധിച്ച വിഷയങ്ങൾ ബഹുമാനപ്പെട്ട ഗവൺമെന്റ് ഹൈക്കോടതിയിൽ എത്തിച്ചിരിക്കുകയാണ്. ഇവിടെ പ്രധാനപ്പെട്ട ചോദ്യമെന്നുള്ളത് സുതാര്യത തന്നെയാണ്. മന്ത്രിസഭയിലെടുക്കുന്ന തീരുമാനങ്ങളെക്കുറിച്ച് അറിയുവാനുള്ള അവകാശം ജനങ്ങൾക്കുണ്ടെന്നത് നമുക്ക് ഒരിക്കലും വിസ്മരിക്കാൻ കഴിയുന്ന ഒന്നല്ല. ഇത് ജനാധിപത്യ ഗവൺമെന്റാണ്. ജനാധിപത്യ ഗവൺമെന്റ് ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. വിവരാവകാശ നിയമം നമ്മുടെ രാജ്യത്ത് നടപ്പിലാക്കിയതിന്റെ ഏറ്റവും വലിയ ബേസ് എന്നുപറയുന്നത് ജനങ്ങളുടെ പരമാധികാരം എത്ര വലുതാണെന്ന കാര്യത്തിൽ അവർക്കുതന്നെ ഒരു തിരിച്ചറിവ് ഉണ്ടാക്കുകയെന്നുള്ളതാണ്. സേവനാവകാശ നിയമം, ഭക്ഷ്യസുരക്ഷാ നിയമം, തുടങ്ങി കാലഘട്ടത്തിനനുസൃതമായി അനവധി നിയമനിർമ്മാണങ്ങൾ രാജ്യത്ത് നടപ്പിലാക്കിയിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നുതന്നെയാണ് വിവരാവകാശ നിയമം. ഗവൺമെന്റ് ഇത്തരത്തിലുള്ള വിഷയങ്ങളിൽ മുഖം തിരിഞ്ഞുനിൽക്കുന്നത് തീർത്തും പ്രതിഷേധാർഹമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസങ്ങളിൽ ഔട്ട്സൈഡ് അജണ്ട ആയി ഒന്നുംതന്നെ പുതിയ മന്ത്രിസഭയിലേക്ക് വരുന്നില്ലായെന്ന് പറഞ്ഞു. അത് നല്ല കാര്യം. ഔട്ട്സൈഡ് അജണ്ടയായി വരണ്ട. സഭ ഔട്ട്സൈഡ് അജണ്ട ആയി തീരുമാനങ്ങൾ എടുത്താൽപോലും, ഈ ഔട്ട്സൈഡ് അജണ്ട വീണ്ടും ധനകാര്യ വകുപ്പിലേക്കുപോയി സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ വകുപ്പിന്റെ കൺകറൻസോടെ തിരിച്ചുവരും. പലതും കൺകറൻസ് നിഷേധിച്ച് തിരിച്ചുവരുന്ന സാഹചര്യങ്ങളുണ്ട്. അത് ഗവൺമെന്റിന്റെ നയപരമായ തീരുമാനമാണ്. അതിലേക്ക് കടക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഈ വിഷയത്തിൽ ഗവൺമെന്റ് വ്യക്തമായ കാഴ്ചപ്പാടിലൂടെ മുന്നോട്ടുപോകണമെന്നാണ് എനിക്ക് പറയാനുള്ളത്. ചുരുങ്ങിയ സമയംകൊണ്ട് ഗവൺമെന്റ് ജനങ്ങളിൽനിന്ന് അകന്നുപോയിരിക്കുന്നുവെന്ന്

പറയേണ്ടി വന്നതിൽ ഏറെ ദുഃഖമുണ്ട്. ഇക്കഴിഞ്ഞ ബഡ്ജറ്റിൽ കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗാധാരം, ഒഴിമുറി അടക്കമുള്ള കാര്യങ്ങളിൽ കൊണ്ടുവന്ന രജിസ്ട്രേഷൻ ഫീസിൽ ഏർപ്പെടുത്തിയിരിക്കുന്ന വർദ്ധനവിൽ എത്രമാത്രം പ്രതിഷേധമാണ് ഈ ഗവൺമെന്റിനെതിരെയുണ്ടാക്കിയിരിക്കുന്നത് എന്ന് നിങ്ങൾ തിരിച്ചറിയണം. ഇക്കര്യം പ്രതിപക്ഷം പല സന്ദർഭങ്ങളിലും ഇവിടെ ഉന്നയിക്കുകയുണ്ടായി. ബഡ്ജറ്റ് ചർച്ചകളിലും ഈ വിഷയങ്ങൾ ഞങ്ങൾ ആവർത്തിച്ചുന്നയിച്ചു. മാധ്യമങ്ങൾ, പൊതുസംഘടനകൾ തുടങ്ങിയവരെല്ലാം ഇക്കാര്യം ഉന്നയിച്ചു. കുടുംബാംഗങ്ങൾ തമ്മിൽ പ്രത്യേകിച്ച് പണമിടപാടുകളൊന്നും തന്നെയില്ലാതെ മുമ്പോട്ടുവയ്ക്കുന്ന ഭാഗാധാരം അടക്കമുള്ള കാര്യങ്ങളിൽ ഗവൺമെന്റ് എടുക്കുന്ന സമീപനം, എത്രയോ സാധാരണ കുടുംബങ്ങളെ വലിയ സാമ്പത്തിക ബാധ്യതയിലേക്ക് തള്ളിവിടുന്നുവെന്നുള്ളത് തിരിച്ചറിയണം. വിവരാവകാശ നിയമത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോഴും ഇത്തരത്തിലുള്ള അനവധി കാര്യങ്ങൾ വരുമ്പോഴും ഗവൺമെന്റ് ജനങ്ങളിൽനിന്ന് വളരെ വേഗം അകന്നുപോകുന്നുവെന്ന വസ്തുത നിങ്ങൾ തിരിച്ചറിയണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ടിൽ പങ്കുചേരുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.

സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം വീണ്ടും ഹാജരായി.)

## IV ശ്രദ്ധ ക്ഷണിക്കൽ

### 1. നാളികേര സംഭരണം

ശ്രീ. എം. എം. മണി: സർ, കേരളത്തിന്റെ സമ്പദ്ഘടനയിൽ വലിയ സ്വാധീനം ചെലുത്തുന്ന ഒരു കൃഷിയാണ് നാളികേരകൃഷി. ഇന്ന് അത് വലിയ പ്രതിസന്ധിയെ നേരിടുകയാണ്. നാളികേരത്തിന്റെ വിലയിടിവ് കേരള സമൂഹത്തെ വലിയ തോതിൽ സ്വാധീനിക്കുന്നുണ്ട്. നാളികേരത്തെ ബാധിക്കുന്ന രോഗം ആ കൃഷി പ്രതിസന്ധിയിൽ എത്തുന്നതിന് ഇടയാക്കിയിട്ടുണ്ട്. നാളികേര സംഭരണം കാലങ്ങളായി നിർത്തിവച്ചിരിക്കുകയാണ്. അതുകൊണ്ട് കൃഷിക്കാർ സംഭരിക്കുന്ന നാളികേരം കിളിർത്തുപോകുന്ന സ്ഥിതിയാണുള്ളത്. നാളികേര കൃഷിയെ സംരക്ഷിക്കാൻ ഗവൺമെന്റിന് എന്ത് ചെയ്യാൻ കഴിയുമെന്നത് പ്രധാനമായ ഒരു വിഷയമായി ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നാളികേര കൃഷിയുടെ കാര്യത്തിൽ

കേരളത്തിന് മേൽക്കൈ ഉണ്ടായിരുന്നു. മുമ്പ് കേരളത്തിലായിരുന്നു ഏറ്റവുമധികം നാളികേരം കൃഷി ചെയ്തിരുന്നതെങ്കിൽ ഇപ്പോൾ അത് മറ്റ് സംസ്ഥാനങ്ങളിലേക്ക് മാറിപ്പോയിരിക്കുന്നതായി കാണാൻ കഴിയും. നാളികേര കൃഷി സംരക്ഷിക്കുന്നതിനും രോഗബാധയെ അകറ്റുന്നതിനും ഗവൺമെന്റ് ഫലപ്രദമായി ഇടപെടേണ്ടതുണ്ട്. ഈ കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, അങ്ങ് പറഞ്ഞത് വളരെ ശരിയായിട്ടുള്ള കാര്യങ്ങളാണ്. നാളികേര കർഷകർ ഏറ്റവും വലിയ വിലത്തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്. അതുപോലെ മറ്റ് സംസ്ഥാനങ്ങളിൽ നാളികേര ഉല്പാദനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യവും ഇവിടെയുണ്ട്. ഇതുസംബന്ധിച്ച് ഗവൺമെന്റിന് പറയാനുള്ളത്, നാളികേരത്തിന്റെ വിലയിടിവാണ് സംസ്ഥാനത്തെ കേരകർഷകർ നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നം. അയൽസംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടകം എന്നിവിടങ്ങളിലെ നാളികേര ഉല്പാദനം വർദ്ധിച്ചതുമൂലവും ഇപ്പോൾ വിളവെടുപ്പ് സമയമായതിനാലും കേരളത്തിൽ നാളികേരത്തിന്റെ വില കുത്തനെ ഇടിഞ്ഞിരിക്കുകയാണ്. കേന്ദ്രസർക്കാർ 2016-ലെ സീസണിലേക്ക് കൊപ്രയ്ക്ക് നിശ്ചയിച്ചിരിക്കുന്ന താങ്ങുവില ക്വിന്റലിന് 5950 രൂപയാണ്. എന്നാൽ പൊതുവിപണിയിൽ ക്വിന്റലിന് 5300 രൂപയാണ്. പച്ചത്തേങ്ങയുടെ വില വിപണിയിൽ കിലോയ്ക്ക് 10 രൂപ മുതൽ 14 രൂപ വരെയാണ്. നാളികേര വിലയിടിവ് തടയുന്നതിന് സംസ്ഥാന സർക്കാർ കൃഷിഭവനുകൾ മുഖേന കേരഫെഡിന്റെ സഹകരണത്തോടെ പച്ചത്തേങ്ങ സംഭരണ പദ്ധതി നടപ്പിലാക്കിവരുന്നു. നാളികേരത്തിന് ന്യായമായ വില ഉറപ്പുവരുത്തിക്കൊണ്ട് നാളികേര വിലയിടിവിൽനിന്നും കർഷകരെ സംരക്ഷിക്കുകയും സംഭരണ പരിപാടിയുടെ പ്രയോജനം യഥാർത്ഥ കർഷകർക്ക് നേരിട്ട് എത്തിക്കുകയുമാണ് പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. കൃഷി ഭവനുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര കർഷകർക്ക് ആഴ്ചയിൽ രണ്ട് ദിവസം വീതം (ചൊവ്വയും വ്യാഴവും) നാളികേരം കൃഷിഭവനുകളിൽ നൽകാവുന്നതാണ്. സംഭരിക്കുന്ന നാളികേരത്തിന്റെ വില കർഷകർക്ക് ബാങ്ക് അക്കൗണ്ട് മുഖേനയാണ് നൽകിവരുന്നത്. വിപണി വിലയിൽനിന്നും ഉയർന്ന നിരക്കിൽ, കിലോയ്ക്ക് 25 രൂപ നിരക്കിലാണ് ഇപ്പോൾ കേരഫെഡ് നാളികേരം സംഭരിച്ചുവരുന്നത്. 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ തേങ്ങയുടെ സംഭരണ വില കിലോഗ്രാമിന് 27 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പുതുക്കിയ ബഡ്ജറ്റിൽ 100 കോടി രൂപ പച്ചത്തേങ്ങ സംഭരണത്തിനായി വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് 382 കൃഷിഭവനുകളിലൂടെ

128633 (ഒരു ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി അറുന്നൂറ്റി മുപ്പത്തി മൂന്ന്) ടൺ നാളികേരം കേരഫെഡ് ഇതിനകം സംഭരിച്ചുകഴിഞ്ഞിട്ടുണ്ട്. കൃഷിഭവനുകൾ കർഷകരിൽനിന്നും നേരിട്ട് സംഭരിക്കുന്ന പച്ചനാളികേരം കേരഫെഡിന് കൈമാറുന്നു. കേരഫെഡ് സംഭരിക്കുന്ന നാളികേരം സംസ്കരിച്ച് കൊപ്രയാക്കി വെളിച്ചെണ്ണയും മറ്റ് മൂല്യവർദ്ധിത ഉല്പന്നങ്ങളും നിർമ്മിക്കാനായി ഉപയോഗിക്കുന്നു. നാളികേര കർഷകർക്ക് ആശ്വാസകരമാകുന്നതിനായി നാളികേര സംഭരണ പദ്ധതി സംസ്ഥാനത്തെ മുഴുവൻ കൃഷിഭവനിലേക്കും വ്യാപിപ്പിക്കുവാനും സംഭരിച്ച നാളികേരം കേരഫെഡ് മുഖേന മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിപണി കണ്ടെത്താനും പദ്ധതി തയ്യാറാക്കിവരുന്നുണ്ട്.

സംസ്ഥാന ഗവൺമെന്റ് നാഫെഡുമായി ചർച്ച നടത്തി നാഫെഡിന്റെ കൊപ്ര സംഭരണ പദ്ധതി ശക്തിപ്പെടുത്താനുള്ള തീരുമാനം എടുത്തുകഴിഞ്ഞിട്ടുണ്ട്. അതിനുപുറമെ നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കുന്നതിനുവേണ്ടി നാളികേരവുമായി ബന്ധപ്പെട്ട അഗ്രോ പാർക്കുകൾ കേരളത്തിലെ മൂന്ന് കേന്ദ്രങ്ങളിൽ ആരംഭിക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. സമഗ്രമായൊരു പദ്ധതി നടപ്പാക്കിയാൽ മാത്രമെ കേരളത്തിലെ നാളികേര കർഷകരുടെ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. ഇന്ത്യയിൽ മാത്രമല്ല ലോകത്തുതന്നെ ഏറ്റവും നല്ല നാളികേരം ഉല്പാദിപ്പിക്കുന്ന സ്ഥലമാണ് കേരളം. നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കുന്ന കാര്യത്തിൽ മറ്റ് പല രാജ്യങ്ങളും മുന്നോട്ടുപോയിട്ടുണ്ടെങ്കിലും കേരളം വളരെ പുറകിലാണ്. നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കാനാവശ്യമായ ടെക്നോളജി ആധുനിക സംവിധാനങ്ങളോടുകൂടി ഇവിടേയ്ക്ക് കൊണ്ടുവരാനും അതിന്റെ അടിസ്ഥാനത്തിൽ വിപുലപ്പെടുത്താനുമുള്ള പരിപാടികൾ ആവിഷ്കരിക്കുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നീര ഉല്പാദിപ്പിക്കാനുള്ള പദ്ധതി ആരംഭിച്ചെങ്കിലും അതിനാവശ്യമായ ഫണ്ട് നൽകുന്നതിനും കമ്പനികളെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടി പരിമിതമായതുകൊണ്ട്, പൂർണ്ണമായിട്ടല്ലെങ്കിലും പരാജയപ്പെടുകയുണ്ടായി. അത് വിജയിപ്പിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതായിരിക്കും.

<u>ശ്രീ. എം. എം. മണി</u>: സർ, രോഗബാധ വന്ന തെങ്ങ് വെട്ടിമാറ്റി പുനർകൃഷി നടത്തുന്നതിന് സഹായം ചെയ്യാൻ ഗവൺമെന്റിന് കഴിയുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, നിലവിൽ കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റുന്നതിനുവേണ്ടി പണം കൊടുക്കുന്നുണ്ട്. കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റുക മാത്രമല്ല നീര ഉല്പാദിപ്പിക്കാൻവേണ്ടി തെങ്ങ് കയറുന്ന ജോലി ചെയ്യാനുള്ള

ആളുകളുടെ കുറവാണ് പ്രധാനപ്പെട്ട ഒരു പ്രശ്നം. അതുകൊണ്ട് ഉയരം കുറഞ്ഞ തെങ്ങുകൾ വ്യാപകമായി വച്ചുപിടിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾകൂടി ഗവൺമെന്റ് ആവിഷ്കരിക്കുന്നുണ്ട്. അതുപോലെ കേടുവരുന്ന തെങ്ങുകൾ വെട്ടിമാറ്റുന്നതിന് പണം കൊടുക്കാനുള്ള നടപടികളും നടക്കുന്നുണ്ട്. ഇത് വിപുലപ്പെടുത്തണമെന്ന ആവശ്യമുണ്ടെങ്കിൽ ഗവൺമെന്റ് അത് പരിശോധിക്കുന്നതാണ്.

## 2. റാഗിംഗ്

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, അതീവ ഗുരുതരവും വളരെ ഗൗരവമേറിയതുമായ വിഷയമാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നത്. നമ്മുടെ സംസ്ഥാനത്തിനകത്തും പുറത്തും ക്യാമ്പസുകളിൽ റാഗിംഗിന്റെ പേരിൽ വിദ്യാർത്ഥികൾ ക്രൂരമായ പീഡനങ്ങൾക്ക് ഇരയായിക്കൊണ്ടിരിക്കുകയാണ്. പുതുതായി ക്യാമ്പസുകളിലേക്ക് വരുന്ന ഒന്നാം വർഷ വിദ്യാർത്ഥികളുടെ നാണം മാറ്റി അവരിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കാനെന്ന പേരിലാണ് നേരത്തെ റാഗിംഗ് നടത്തിയിരുന്നതെന്ന് കേട്ടിരുന്നു. എന്നാൽ ഇപ്പോൾ റാഗിംഗിന്റെ പേരിൽ ക്രൂരതകളാണ് ക്യാമ്പസുകളിൽ നടന്നുകൊണ്ടിരിക്കുന്നത്. പണത്തിനുവേണ്ടിയും പാർട്ടി നടത്താൻ വേണ്ടിയും റാഗിംഗ് നടത്തുന്നു. പുതിയ ഡ്രസ്സ് ധരിച്ചുവന്നതിന്റെ പേരിൽ തുടങ്ങി വിദ്യാർത്ഥി സംഘടനകളിൽ മെമ്പർഷിപ്പ് എടുക്കാത്തതിന്റെ പേരിൽവരെ പല ക്യാമ്പസുകളിലും റാഗിംഗ് നടന്നുകൊണ്ടിരിക്കുകയാണ്. അതിക്രൂരമായ ഈ പീഡനത്തിനിരയാകുന്ന വിദ്യാർത്ഥികളുടെ എണ്ണം ദിവസേന വർദ്ധിച്ചുവരികയാണ്. പലരും റാഗിംഗിന് ഇരയായാലും പുറത്തുപറയാൻ മടിക്കുകയാണ്. രക്ഷിതാക്കൾ പരാതിപ്പെട്ടാൽപ്പോലും വിദ്യാലയ അധികൃതർ മൂടിവയ്ക്കാൻ ശ്രമിക്കുകയാണ്. അതുകൊണ്ടാണ് പല റാഗിംഗ് വാർത്തകളും പുറത്തുവരാത്തത്. സഹിക്കവയ്യാത്ത രീതിയിലുള്ള പീഡനം നടക്കുമ്പോഴാണ് പുറത്തുവരുന്നത്. മിക്കവാറും എല്ലാ കോളേജുകളിലും ക്യാമ്പസുകളിലും റാഗിംഗ് നടക്കുന്നുണ്ട്. എന്നാൽ ചുരുക്കം ചിലത് മാത്രമെ പുറത്തുവരുന്നുള്ളൂ. അടുത്ത കാലത്ത് കർണ്ണാടകയിലെ ഗുൽബർഗ നഴ്സിംഗ് കോളേജിലുണ്ടായ അതിദാരുണമായ സംഭവമാണ് ഇപ്പോൾ ഏറെ ചർച്ച ചെയ്യപ്പെടാൻ കാരണമായത്. ഇതുവരെ കേട്ടുകേൾവിയില്ലാത്ത സംഭവമാണ് ഈ നഴ്സിംഗ് കോളേജിലുണ്ടായത്. വിവസ്ത്രയായി നൃത്തം ചെയ്യാൻ വിസമ്മതിച്ചതിന്റെ പേരിലാണ് എട്ട് സീനിയർ വിദ്യാർത്ഥിനികൾ ചേർന്ന് ഒരു പെൺകുട്ടിയെ റാഗ് ചെയ്തത്. ബാത്ത്റൂം വൃത്തിയാക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്ന മാരകമായ ലായനി എട്ട് പെൺകുട്ടികൾ ചേർന്ന് നിർബന്ധിച്ച് കുടിപ്പിക്കുകയാണ്. കേട്ടുകേൾവിയില്ലാത്ത സംഭവമല്ലേ ഇത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്...

ശ്രീ. പി. ഉബൈദുള്ള: സർ, ഈ ക്രൂരകൃത്യം മൊബൈലിൽ പകർത്താൻ പെൺകുട്ടികൾക്ക് മാനസികാവസ്ഥയുണ്ടായി എന്നതും നമ്മൾ ഓർക്കണം. സംസ്കാരസമ്പന്നരെന്ന് അവകാശപ്പെടുന്ന മലയാളിസമൂഹത്തിന് മുഴുവൻ ഈ സംഭവം അപമാനമാണ്. ഇതര സംസ്ഥാനങ്ങളിലെ കോളേജുകളിൽ നടക്കുന്ന റാഗിംഗിന്റെ വാർത്തകൾ ദിവസേന പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. അവിടെ കുറ്റകൃത്യം ചെയ്യുന്നതും കുറ്റകൃത്യത്തിന് വിധേയരാകുന്നതും മലയാളികളായ വിദ്യാർത്ഥികളാണ് എന്നതാണ് ഏറെ വേദനാജനകവും ലജ്ജാകരവുമായ കാര്യം. മറുനാട്ടിൽ കഴിയുന്ന മലയാളികൾ സഹകരിച്ചും സഹായിച്ചും കഴിഞ്ഞുകൂടുന്ന ഒരു മനഃസ്ഥിതിയായിരുന്നു നേരത്തെ ഉണ്ടായിരുന്നത്. എന്നാലിപ്പോൾ പരസ്പര സ്നേഹത്തിനും സൗഹൃദത്തിനും വിലകല്പിക്കാത്ത, പെൺകുട്ടികൾ ഉൾപ്പെടെയുള്ള തലമുറ വളർന്നുവരുന്നു എന്നുള്ളത് എല്ലാവരെയും ഇരുത്തി ചിന്തിപ്പിക്കേണ്ട പ്രധാന സംഭവമാണ്.

അടുത്തകാലത്ത് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ ഓണാഘോഷത്തിന്റെ പേരിൽ ക്യാമ്പസുകളിൽ വിദ്യാർത്ഥികൾ കൊണ്ടുവന്ന വാഹനം ഓടിച്ച് ഒരു പെൺകുട്ടിയെ കൊലപ്പെടുത്തി. ആ വിദ്യാർത്ഥികൾ മദ്യപിച്ചിരുന്നു എന്നാണ് വാർത്തകൾ പുറത്തുവന്നത്. ഇപ്പോൾ കോളേജുകളിൽനിന്ന് ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലേക്കും റാഗിംഗ് എത്തിക്കൊണ്ടിരിക്കുന്നതായാണ് വാർത്തകൾ വരുന്നത്. കൊല്ലം ജില്ലയിലെ അഞ്ചൽ വയല ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ഇന്നലെ ഒരു സംഭവമുണ്ടായി. അവിടെ പ്ലസ് വൺ വിദ്യാർത്ഥിയായ അഭിനന്ദിനെ സഹപാഠികൾ റാഗ് ചെയ്തു.

മി. സ്പീക്കർ: യെസ്.....യെസ്....പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. ഉബൈദുള്ള: സർ, ഇതൊരു ചെറിയ കാര്യമല്ല. നമ്മുടെയൊക്കെ കുട്ടികളെ ബാധിക്കുന്ന പ്രശ്നമാണ്.

മി. സ്പീക്കർ: നാല് മിനിട്ട് കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. ഉബൈദുള്ള: സർ, കോളേജുകളിലെ റാഗിംഗ് ഹയർ സെക്കണ്ടറി സ്കൂളുകളിലേക്കും എത്തി. അവിടെ മാത്രമല്ല എരുമേലി സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂളിലും ഈ അടുത്ത ദിവസം റാഗിംഗ് ഉണ്ടായി. കോളേജുകളിൽ നിന്നും ഹയർ സെക്കണ്ടറി തലത്തിലേക്കും ഇപ്പോൾ ഹൈസ്കൂളുകളിലേക്കും ഈ

റാഗിംഗ് വ്യാപിച്ചുകൊണ്ടിരിക്കുമ്പോൾ ഈ കാടത്തം സ്കൂളുകളിലേക്ക് കടന്നു വരുന്നതിനുമുമ്പ് അത് തടയുന്നതിനു നടപടി സ്വീകരിക്കണം. റാഗിംഗ് ക്രിമിനൽ കുറ്റമായി കണക്കാക്കി കടുത്ത ശിക്ഷ നൽകാൻ വ്യവസ്ഥ ചെയ്യുന്ന നിയമം വർഷങ്ങൾക്കുമുമ്പ് നമ്മുടെ സംസ്ഥാനത്താണ് പാസ്സാക്കിയത്. നിയമപ്രകാരം 5 വർഷം വരെ തടവുശിക്ഷ ലഭിക്കാവുന്ന ക്രിമിനൽ കുറ്റമാണിത്. ഒട്ടേറെ സംസ്ഥാനങ്ങളിൽ റാഗിംഗ് നിരോധിച്ചിട്ടുമുണ്ട്.

മി. സ്പീക്കർ: യെസ്.....യെസ്...... ദയവായി സഹകരിക്കണം.

ശ്രീ. പി. ഉബൈദുള്ള: സർ, ഒരു പോയിന്റും കൂടി പറയട്ടെ. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശാനുസരണം മുൻ സി.ബി.ഐ. ഡയറക്ടർ ആർ. കെ. രാഘവന്റെ നേതൃത്വത്തിൽ കേന്ദ്ര സർക്കാർ നിയോഗിച്ച ഏഴംഗ സമിതിയാണ് റാഗിംഗിനെ കർശനമായി നേരിടാൻ ശിപാർശ ചെയ്തിരിക്കുന്നത്. ചെറിയ രീതിയിലുള്ള റാഗിംഗ്പോലും അനുവദിക്കരുതെന്ന് പ്രസ്തുത കമ്മിറ്റി നിർദ്ദേശിക്കുകയുണ്ടായി. ഏത് തരത്തിലുള്ള റാഗിംഗ് നടന്നാലും അതുസംബന്ധിച്ച് സ്ഥാപന മേധാവി പോലീസിൽ റിപ്പോർട്ട് ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശങ്ങളൊന്നും ഇവിടെ പാലിക്കപ്പെടുന്നില്ല.

മി. സ്പീക്കർ: ഒന്നര മിനിട്ടുകൊണ്ടാണ് ശ്രീ. എം. എം. മണി അദ്ദേഹത്തിന് പറയാനുള്ള കാര്യങ്ങൾ അവതരിപ്പിച്ചത്. പുതിയ അംഗമാണെങ്കിലും അദ്ദേഹം ഒന്നര മിനിട്ടുകൊണ്ട് കാര്യങ്ങൾ പറഞ്ഞ് അവസാനിപ്പിച്ചു.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ ഇപ്പോൾ അവസാനിപ്പിക്കാം. കലാലയ അധികൃതരുടെയും സമൂഹത്തിന്റെയും നിതാന്ത ജാഗ്രത ഇക്കാര്യത്തിലുണ്ടാകണം. ഒരു പരിഷ്കൃത സമൂഹത്തിൽ ഒട്ടും അനുയോജ്യമല്ലാത്ത പ്രാകൃതമായ ഈ കാടത്തം അവസാനിപ്പിക്കുന്നതിനുവേണ്ടി വിദ്യാർത്ഥി സംഘടനകൾ മുൻകയ്യെടുക്കണം. വിദ്യാർത്ഥി സംഘടനകൾക്കാവശ്യമായ നിർദ്ദേശം രാഷ്ട്രീയ പാർട്ടികളും നൽകണം. നിയമം കർശനമായി നടപ്പാക്കാൻ സർക്കാർ മുന്നോട്ടുവരണം എന്നാവശ്യപ്പെടുന്ന ഈ പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നമ്മുടെ സംസ്ഥാനത്തെ മാത്രമല്ല, രാജ്യത്തെതന്നെ വിദ്യാഭ്യാസ മേഖലയിലെ ഗൗരവമായ ഒരു പ്രശ്നമാണ് ബഹുമാന്യനായ ശ്രീ. പി. ഉബൈദുള്ള ഇവിടെ ഉന്നയിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളുടെയും ആശങ്ക അകറ്റേണ്ടതുണ്ട് എന്നതാണ് ശ്രദ്ധക്ഷണിക്കലിനാധാരമായി വന്നിരിക്കുന്നത്. റാഗിംഗ് ശാരീരികവും മാനസികവുമായ

പീഡനങ്ങളാണ് ഏല്പിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ഇത് തടയുന്നതിനുവേണ്ടി 1998-ൽ 'Kerala Prohibition of Ragging Act' എന്ന പേരിൽ ഒരു നിയമം നിലവിലുണ്ട്. ആ നിയമമനുസരിച്ച് ഈ കുറ്റം ചെയ്യുന്നവരോ അതിൽ പങ്കാളികളാകുന്നവരോ അതിന് പ്രേരിപ്പിക്കുന്നവരോ അത് പ്രചരിപ്പിക്കുന്നവരോ കുറ്റക്കാരാണെന്ന് കണ്ട് കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചു വരികയാണ്. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേധാവി കുറ്റകൃത്യം റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ചവരുത്തിയാൽ, അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്താതിരുന്നാൽ, അത് മറച്ചുവച്ചാൽ, ആ മേധാവിക്കെതിരെയും ഈ കുറ്റകൃത്യത്തിന് പ്രേരിപ്പിച്ചുവെന്ന കുറ്റത്തിന് കേസ് രജിസ്റ്റർ ചെയ്യാവുന്നതാണ്. പോലീസിന് നേരിട്ട് കേസെടുക്കാൻ കഴിയാത്ത 'Non-cognizable Offences-ൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ രണ്ട് വർഷം മാത്രമേ ശിക്ഷയുള്ളൂ എന്നതിനാലും എളുപ്പത്തിൽ ജാമ്യം കിട്ടാവുന്ന കുറ്റമെന്ന നിലയിലും ഈ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് ഇന്ന് പരിമിതികളുണ്ട് എന്നതാണ് വസ്തുത. നമ്മുടെ സംസ്ഥാനത്ത് എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 'Anti Ragging Cell'-കൾ രൂപീകരിച്ച് റാഗിംഗിനെതിരെ ശക്തമായ നിലപാടുകൾ സ്വീകരിക്കുന്നതിനും പഠനത്തിനുതകുംവിധം സൗഹാർദ്ദപരവും ആരോഗ്യപരവുമായ അന്തരീക്ഷം നിലനിർത്തുന്നതിനും സാധിക്കുന്നുണ്ട്. ഇന്ത്യാ ഗവൺമെന്റ് റാഗിംഗുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് 'Anti Ragging Helpline' സജ്ജമാക്കിയിട്ടുണ്ട്. എങ്കിലും ഒറ്റപ്പെട്ട സംഭവങ്ങൾ നമ്മുടെ സംസ്ഥാനത്തും രാജ്യത്തുമുണ്ട്. രാജ്യത്തുണ്ടായ ഒറ്റപ്പെട്ട ഒരു സംഭവമാണ് ബഹുമാനപ്പെട്ട അംഗം വിശദീകരിച്ചത്. അത് എല്ലാവരുടെയും മനസ്സിനെ വല്ലാതെ വേദനിപ്പിച്ച ഒരു കാര്യമാണ്. റാഗിംഗ് ക്രൂരതയോടുകൂടി നടത്തുന്ന ഒരു പരിപാടിയായിട്ടാണ് ഇപ്പോൾ വന്നിരിക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് വിരുദ്ധ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൽ അദ്ധ്യാപകരും പോലീസ് ഉദ്യോഗസ്ഥരും സന്നദ്ധ സംഘടനാപ്രതിനിധികളും പൊതുപ്രവർത്തകരും പി.റ്റി.എ. അംഗങ്ങളും നവാഗത വിദ്യാർത്ഥികളും മുതിർന്ന വിദ്യാർത്ഥികളുമെല്ലാം അടങ്ങുന്ന ഒരു റാഗിംഗ് വിരുദ്ധ സമിതിയാണ് ഉണ്ടാകേണ്ടത്. ക്യാമ്പസിനകത്തും പുറത്തുമുള്ള ഹോസ്റ്റലുകളുടെ വിവരങ്ങൾ അതാത് പോലീസ് സ്റ്റേഷനുകളിൽ അറിയിക്കുകയും പോലീസ് സ്റ്റേഷനുകളിൽ ഇത്തരത്തിലുള്ള കോളേജുകളുടെയും ഹോസ്റ്റലുകളുടെയും വിശദവിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. ക്യാമ്പസുകളിലും ഹോസ്റ്റലുകളിലും പോലീസ് ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുകൾ പ്രദർശിപ്പിക്കുകയും ചെയ്തുവരുന്നു. ഇവിടെ ബഹുമാന്യനായ ശ്രീ. പി. ഉബൈദുള്ള വിദ്യാർത്ഥി സംഘടനകളെക്കുറിച്ച്

പരാമർശിക്കുകയുണ്ടായി. കേരളത്തിലെ എല്ലാ വിദ്യാർത്ഥി സംഘടനകളും പൊതുവെ റാഗിംഗിനെതിരായ നിലപാട് തന്നെയാണ് എടുത്തുവരുന്നത്. വിദ്യാർത്ഥി സംഘടനാപ്രവർത്തനം സജീവമായ സ്ഥലങ്ങളിൽ റാഗിംഗിനെതിരെയുള്ള പൊതുനിലപാട് വിജയപ്രദമാണ്. അക്കാര്യത്തിൽ വിദ്യാർത്ഥി സംഘടനകൾ മുൻകൈ എടുക്കുന്നുണ്ടെന്നതാണ് നമ്മുടെ നാടിന്റെ അനുഭവം. ഇക്കാര്യത്തിൽ 1998-ലെ 'Kerala Prohibition of Ragging Act'-ലെ വ്യവസ്ഥകൾ കേന്ദ്ര നിയമത്തെ അധികരിച്ച് ശക്തിപ്പെടുത്തേണ്ടതിനും കൂടുതൽ ഫലപ്രദമാക്കേണ്ടതിനുമായി അതിൽ ഭേദഗതി വരുത്തുന്നതിന് തീരുമാനിക്കുകയും അതിൻപ്രകാരം 'Kerala Prohibition of Ragging (Amendment) Bill' നിയമനിർമ്മാണസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള അന്തിമഘട്ടത്തിലുമാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, റാഗിംഗ് സഹിക്കവയ്യാതെയാണ് നമ്മുടെ കുട്ടികളിൽ പലർക്കും ഇടയ്ക്കുവച്ച് പഠനം നിർത്തേണ്ട സാഹചര്യമുണ്ടാകുന്നത്. ഏതായാലും ഈ പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊണ്ട് റാഗിംഗ് വിരുദ്ധ സമിതിയുണ്ടാക്കും എന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി വളരെ സ്വാഗതാർഹമായ കാര്യമാണ്. ഇപ്പോൾ ചുരുക്കം ചില വിദ്യാലയങ്ങളിൽ മാത്രമാണ് അത് പുറത്ത് അറിയുന്നത്. മിക്ക വിദ്യാലയങ്ങളിലും ഇത് നടക്കുകയാണ്. ഏതൊക്കെ വിദ്യാലയങ്ങളിൽ റാഗിംഗ് നടക്കുന്നുണ്ട് എന്നതുസംബന്ധിച്ച് ഒരു പഠനം നടത്തുന്നതിനുവേണ്ടി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ച് റിപ്പോർട്ട് ശേഖരിച്ച് അതുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കാൻ സർക്കാർ മുന്നോട്ടുവരുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഭീതിജനകമായ ഒരു അന്തരീക്ഷം കേരളത്തിലില്ല. ഒറ്റപ്പെട്ട രീതിയിലുള്ള സംഭവങ്ങളാണ് ചില വിദ്യാലയങ്ങളിൽ ഉണ്ടാകുന്നത്. അത് അത്തരത്തിൽതന്നെ നമുക്ക് കൈകാര്യം ചെയ്യാൻ കഴിയും. ഈ നിയമം ഭേദഗതി ചെയ്ത് ഫലപ്രദമാക്കുകയും ചെയ്യും.

## V സബ്മിഷൻ

മി. സ്പീക്കർ: അവസാനദിവസമായതിനാൽ കുറച്ചധികം സബ്മിഷനുകൾ എടുക്കേണ്ടി വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ ചുരുക്കി അവതരിപ്പിക്കണം. ശ്രീ. വി. അബ്ദുറഹിമാൻ, എം.എൽ.എ.യും ശ്രീ. എം. ഉമ്മർ എം.എൽ.എ.യും ഒരേ വിഷയവുമായി ബന്ധപ്പെട്ടാണ് നോട്ടീസ് നൽകിയിരിക്കുന്നത്. മുഖ്യമന്ത്രിക്ക് ഒന്നിച്ച് മറുപടി പറയാവുന്നതാണ്.

## 1. താനൂർ തീരപ്രദേശത്തെ അക്രമങ്ങൾ

ശ്രീ. വി. അബ്ദുറഹിമാൻ: സർ, താനൂരിന്റെ തീരദേശപ്രദേശങ്ങളിൽ കഴിഞ്ഞ കുറെ മാസങ്ങളായി തുടർച്ചയായി അക്രമപ്രവർത്തനങ്ങൾ നടക്കുകയാണ്. ചാത്തപ്പടി എന്ന പ്രദേശം കുപ്രസിദ്ധമാണ്. ഇന്ത്യൻ സ്വാതന്ത്ര്യ സമരസേനാനി മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിനെയും സഖാവ് ഇമ്പിച്ചിബാവ സാഹിബ് അടക്കമുള്ള നേതാക്കളെയും അക്രമിച്ച ഒരു പ്രദേശമാണ് ചാത്തപ്പടി. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിലും ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിലും എൽ.ഡി.എഫ്.-ന്റെ പ്രകടനം നടക്കുമ്പോൾ ഞാനടക്കമുള്ള ആളുകളെ എറിഞ്ഞ് പരിക്കേല്പിച്ച ഒരു പ്രദേശം കൂടിയാണിത്. ഇവിടെ മുസ്ലീംലീഗിന്റെ അക്രമം ഏകപക്ഷീയമായി നടന്നുകൊണ്ടിരിക്കുകയാണ്. അതോടൊപ്പംതന്നെ നിറമരുതൂർ പഞ്ചായത്തിലെ ഉണ്ണിയാലിൽ കഴിഞ്ഞ മാസം ഏകദേശം 18 തവണയെങ്കിലും മുസ്ലീം ലീഗിന്റെ പ്രവർത്തകർ എൽ.ഡി.എഫ്.-ന്റെ ആളുകളെ ആക്രമിച്ചിട്ടുണ്ട്. പത്രങ്ങളിൽ കുറെ ദിവസങ്ങളായി വരുന്ന വാർത്തകൾ ശ്രദ്ധിക്കണം. ഓട്ടോറിക്ഷകൾ, മോട്ടോർ ബൈക്കുകൾ എന്നിവ കിണറിലും കടലിലും കൊണ്ട് എറിയുകയാണ്. അവിടത്തെ പോലീസ് ഉദ്യോഗസ്ഥരെ ആക്രമിച്ചതിന്റെ ചിത്രങ്ങളാണിത്. (ചിത്രങ്ങൾ ഉയർത്തിക്കാണിക്കുന്നു.) ഇത്തരം അക്രമങ്ങൾ ഏകപക്ഷീയമായി നടത്തുന്നതാണ്. പോലീസ് ഉദ്യോഗസ്ഥർതന്നെ ചില വീടുകൾ ചവിട്ടിപ്പൊളിച്ച സംഭവങ്ങൾ വരെയുണ്ടായിട്ടുണ്ട്. ഇതിന് അറുതിവരുത്താൻ സർക്കാരിൽനിന്ന് ശക്തമായ നടപടികളുണ്ടാകണം. അതോടൊപ്പംതന്നെ മുസ്ലീം ലീഗിന്റെ നേതാക്കളോട് പറയാനുള്ളത്, നിങ്ങൾ വിചാരിച്ചാൽ നിർത്താവുന്ന അക്രമങ്ങൾ മാത്രമാണ് ഇപ്പോൾ ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഇപ്പോൾ താനൂരിൽ ഒരു പോർട്ടിനോടനുബന്ധിച്ച് പുതിയ ഒരു കലാപം പൊട്ടിപ്പുറപ്പെടുവിക്കാനുള്ള ശ്രമത്തിലാണ് ലീഗിന്റെ അവിടത്തെ പ്രവർത്തനം. അവിടെ മത്സ്യം കോരുന്നതു സംബന്ധിച്ച് വലിയ തർക്കം നടന്നുകൊണ്ടിരിക്കുകയാണ്. ഹൈക്കോടതിവരെ ആ കേസ്സുകൾ എത്തിച്ചിട്ടുണ്ട്. ഈ പ്രശ്നത്തിന് ഒരു ശാശ്വതമായ പരിഹാരം ഉണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നൂറ്റാണ്ടുകളായി പോർച്ചുഗീസ് ഭരണകാലത്ത് അവിടെ നാട്ടുകാരെ ഒതുക്കാൻവേണ്ടി ഒരു ഗുണ്ടാസംഘത്തെ അവർ വളർത്തിയിട്ടുണ്ടായിരുന്നു. അന്നത്തെ നാട്ടുപ്രമാണിമാരായ ആ പരമ്പരയിൽപ്പെട്ടവർ തന്നെ ഇന്ന് പ്രസ്തുത പാർട്ടികളിൽ അംഗങ്ങളാണ്. അവരുടെ തലമുറയിൽപ്പെട്ടവർ തന്നെയാണ് ഇതിന് നേതൃത്വം നൽകുന്നത് എന്നുള്ള വസ്തുതകൂടി അങ്ങ് മനസ്സിലാക്കണം.

ശ്രീ. എം. ഉമ്മർ: സർ, ഈ വിഷയം ഞാൻ ആദ്യ സബ്മിഷനായി അവതരിപ്പിക്കാനാണ് കൊടുത്തിരുന്നത്. അദ്ദേഹത്തിന്റെ മണ്ഡലമായതുകൊണ്ട് സ്വാഭാവികമായും ആദ്യം അവതരിപ്പിച്ചുവെന്നുള്ളത് ശരിയാണ്. ഇതിൽ അഗ്രീവ്ഡ് പാർട്ടി ഞങ്ങളാണ്. ഞങ്ങൾ എന്നുപറഞ്ഞാൽ, യു.ഡി.എഫ്.-ന്റെയും മുസ്ലീം ലീഗിന്റെയും പ്രവർത്തകരാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. വി. അബ്ദുറഹിമാൻ സൂചിപ്പിച്ചതുപോലെ അബ്ദുറഹിമാൻ സാഹിബിനെ ബ്രിട്ടീഷ് പട്ടാളം അക്രമിച്ചതും അവിടെ വച്ചാണെന്നാണ് എനിക്ക് പറയാനുള്ളത്. ശ്രീ. പിണറായി വിജയന്റെ പോലീസ് ആ നടപടിയിലേക്ക് പോകരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. തെരഞ്ഞെടുപ്പ് നടക്കുന്ന സമയത്ത് സി.പി.ഐ. (എം) പ്രവർത്തകരും മുസ്ലീം ലീഗ് പ്രവർത്തകരും ഇടതുപക്ഷപ്രവർത്തകരും തമ്മിൽ രാഷ്ട്രീയമായി പലപ്രദേശങ്ങളിലും ഉണ്ടാകുന്നതുപോലെയുള്ള സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്. അത് ഇല്ലായ്മ ചെയ്യുന്നതിന് നടപടിയെടുക്കണം. വീട്ടിൽ കയറി നിരപരാധികളായ സ്ത്രീകളെയും കുട്ടികളെയും പോലീസ് അതിക്രമിച്ചു എന്നതാണ് ഇവിടത്തെ പ്രശ്നം. മൈമൂന, ജംസീറ, ഷെബിന, പ്രസവിച്ചു രണ്ടു മാസം കഴിഞ്ഞ ഒരു സ്ത്രീ, ഗർഭിണികൾ എന്നിവരെയെല്ലാം പോലീസ് ആക്രമിച്ചു. പോലീസിന്റെ നരനായാട്ട് അവസാനിപ്പിക്കണം. "തീരദേശത്ത് പോലീസിന്റെ ഭീകര തേർവാഴ്ച, നിരവധി വാഹനങ്ങളും വീടുകളും തകർത്തു, വീടുകളിലേയ്ക്ക് പോലീസ് എത്തിയത് തീവ്രവാദികളെ പിടിക്കാൻ എന്നതുപോലെ, രാഷ്ട്രീയക്കലി-താനൂർ തീരദേശത്ത് അശാന്തി, പോലീസിന്റെ ഭീകരവാഴ്ച" - എല്ലാ പത്രങ്ങളിലും പോലീസിന്റെ ഭീകരവാഴ്ചയെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. 16-ാം തീയതി രാത്രി പത്തുമണി മുതൽ പുലർച്ചെ നാലുമണി വരെ പോലീസിന്റെ സംഹാരതാണ്ഡവമാണ് അരങ്ങേറിയത്. ഭീകരവാദികളെ പിടിക്കുന്നതുപോലെയാണ് സ്ത്രീകളെയും കുട്ടികളെയും ആക്രമിച്ചത്. പരാക്രമം സ്ത്രീകളോട് വേണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. പോലീസിന്റെ ഈ നടപടിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് പരിഹാരമുണ്ടാക്കി തീർക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താനൂർ തീരപ്രദേശത്ത് കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് തന്നെ സംഘർഷം നിലനിന്നിരുന്നു. ഇവിടെ ആദ്യം സംസാരിച്ച ബഹുമാന്യനായ അംഗം വി. അബ്ദുറഹിമാനുതന്നെ അതിന്റെ അനുഭവമുള്ളതാണ്. തെരഞ്ഞെടുപ്പിനുശേഷം 16-7-2016-ന് താനൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ ചാത്തപ്പടി എന്ന സ്ഥലത്ത് വൈകിട്ട് ആറുമണിയോടെ റാഷീദ് എന്ന സി.പി.ഐ. (എം.) പ്രവർത്തകനെ മുസ്ലീം ലീഗ് പ്രവർത്തകർ ചേർന്ന് ദേഹോപദ്രവം ഏൽപ്പിച്ചു. അതിനെത്തുടർന്ന് അവിടെ

രണ്ടുവിഭാഗത്തിൽപ്പെട്ട ആളുകൾ തടിച്ചുകൂടുകയും സംഘർഷം ഉയർന്നുവരികയും ചെയ്യുന്നുവെന്ന വിവരം കിട്ടിയതിന്റെ അടിസ്ഥാനത്തിൽ താനൂർ പോലീസ് സ്റ്റേഷനിൽനിന്നും സബ് ഇൻസ്പെക്ടറും പോലീസ് പാർട്ടിയും രണ്ടു ജീപ്പുകളിലായി സ്ഥലത്തെത്തി അവിടെ കൂടി നിൽക്കുന്നവരെ പിരിച്ചുവിട്ടു. തുടർന്ന് സി.പി.ഐ.(എം.) പ്രവർത്തകനെ ആക്രമിച്ച ഇസ്ഹാക്കിനെ കസ്റ്റഡിയിലെടുത്തു. അദ്ദേഹത്തെ കസ്റ്റഡിയിലെടുത്ത് ജീപ്പിൽ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോകുമ്പോൾ നൂറോളം മുസ്ലീം ലീഗ് പ്രവർത്തകർ വടി, കല്ല്, ഇരുമ്പുപൈപ്പ് ഇവയെല്ലാമായി സംഘം ചേർന്ന് റോഡ് തടസ്സപ്പെടുത്തി. പോലീസ് പാർട്ടിയെ ആക്രമിക്കുകയും പോലീസ് അവരോട് പിരിഞ്ഞുപോകാൻ ആവശ്യപ്പെടുകയും ചെയ്തു. അതൊന്നും വകവയ്ക്കാതെ പോലീസ് ജീപ്പിനുനേരെ കല്ലെറിഞ്ഞു, പോലീസ് ഉദ്യോഗസ്ഥരെ ഇരുമ്പുവടി ഉപയോഗിച്ച് അടിച്ചു. സബ് ഇൻസ്പെക്ടർ സുമേഷ് സുധാകരനും അഡീഷണൽ സബ് ഇൻസ്പെക്ടർ അഭിലാഷിനും സി.പി.ഒ.-മാരായ ദിനേഷിനും പരിക്കേൽക്കുകയും ചെയ്തു. ഈ സംഭവത്തിൽ ഐ.പി.സി.-യിലെ വിവിധ വകുപ്പുകൾ പ്രകാരവും പി.ഡി.പി.പി. ആക്ട് പ്രകാരവും പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ കേസ്സിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല. താനൂർ പോലീസാണ് ഇക്കാര്യത്തിൽ അന്വേഷണം നടത്തിവരുന്നത്. പ്രതികളെ തിരക്കിപ്പോയ കൂട്ടത്തിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരുണ്ടായിരുന്നു. വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിലാണ് വീടുകളിൽ അന്വേഷണം നടത്തിയത്. അന്വേഷണ സമയത്ത് നിയമാനുസൃതമായ കാര്യങ്ങൾ മാത്രമേ ഉണ്ടായിട്ടുള്ളുവെന്നാണ് പോലീസിന്റെ റിപ്പോർട്ട്. വീടുകളിലെ സ്ത്രീകൾക്കോ കുട്ടികൾക്കോ പ്രായമായവർക്കോ യാതൊരുവിധ ബുദ്ധിമുട്ടുകളും ഉണ്ടാക്കാൻ പോലീസ് തയ്യാറായിട്ടില്ലെന്നാണ് പോലീസ് റിപ്പോർട്ട്. ഈ കേസ്സിലെ തിരിച്ചറിഞ്ഞ നാല് പ്രതികളെ ഇന്ന് പുലർച്ചെ (19-7-2016) അറസ്റ്റ് ചെയ്തിട്ടുണ്ട്. ഷാജഹാൻ, സുഹൈസ്, കോയമോൻ തുടങ്ങി നാല് ആളുകളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇവിടെ പോലീസ് വിചാരിച്ചാൽ മാത്രം സമാധാനം പുനഃസ്ഥാപിക്കാൻ കഴിയില്ല. സംഭവത്തിൽ ഇടപെട്ട് നിയന്ത്രിക്കാൻ മാത്രമേ പോലീസിന് കഴിയൂ. സമാധാനം പുനഃസ്ഥാപിക്കാനുള്ള ശ്രമം ബന്ധപ്പെട്ട പാർട്ടികളുടെ ഭാഗത്തുനിന്നുണ്ടാകണം. അതിന് മുസ്ലീം ലീഗ് മുൻകയ്യെടുക്കണം.

## 2. ശിശുക്ഷേമ സമിതി തെരഞ്ഞെടുപ്പ്

ശ്രീ. എം. വിൻസെന്റ്: സർ, 16-7-2016-ന് തിരുവനന്തപുരത്ത് സംസ്ഥാന ശിശുക്ഷേമ സമിതിയിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ ഇന്നുവരെ ഉണ്ടായിട്ടില്ലാത്ത തരത്തിൽ അക്രമമുണ്ടായി. കുപ്രസിദ്ധമായ കണ്ണൂർ മോഡൽ തെരഞ്ഞെടുപ്പ്

അക്രമണത്തെ അനുസ്മരിപ്പിക്കുന്ന തരത്തിലാണ് ഇവിടെ അക്രമം നടന്നത്. 15-7-2016-ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി രജിസ്ട്രാർവഴി സംസ്ഥാന ഡി.ജി.പി.-ക്ക് ഒരു അറിയിപ്പ് കൊടുത്തിരുന്നു. അവിടെ വോട്ട് ചെയ്യാൻ വരുന്ന അംഗങ്ങൾക്ക് നിർഭയമായി വോട്ട് ചെയ്യാനുള്ള സാഹചര്യം ഒരുക്കണമെന്നുള്ളതായിരുന്നു അറിയിപ്പ്. അതേ ദിവസം ഈ ജില്ലയിലെ രണ്ട് മാർക്സിസ്റ്റ് നേതാക്കന്മാർ - മേയറും മുൻമേയറും ദേശാഭിമാനിവഴി ഒരു പത്രവാർത്ത കൊടുക്കുകയുണ്ടായി. ഒരു വിഭാഗം അംഗങ്ങൾ വോട്ട് ചെയ്യാൻ വന്നാൽ ഞങ്ങൾ തടസ്സപ്പെടുത്തും എന്ന്. ബഹുമാനപ്പെട്ട ഹൈക്കോടതി നൽകിയ നിർദ്ദേശമല്ല പോലീസ് ഇവിടെ നടപ്പിലാക്കിയത്. സി.പി.ഐ. (എം) നേതാക്കൾ ദേശാഭിമാനി പത്രംവഴി നൽകിയ നിർദ്ദേശമാണ് പോലീസ് ഇവിടെ നടപ്പിലാക്കിയത്. ബഹുമാന്യയായ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ.കെ. ശൈലജ ടീച്ചർ അവിടെയുണ്ടായിരുന്നു. അവർ ശിശുക്ഷേമ സമിതിയുടെ ഒന്നാം വൈസ് പ്രസിഡന്റാണ്. അതുകൊണ്ട് അവർക്ക് അവിടെ വന്ന് നിൽക്കാം, വോട്ട് ചെയ്യാം. ബഹുമാനപ്പെട്ട വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ വോട്ടറല്ല. അദ്ദേഹവും അവിടെയുണ്ടായിരുന്നു. നാടുഭരിക്കുന്ന മന്ത്രിയുടെ സാന്നിദ്ധ്യത്തിലാണ് ഈ അക്രമം അവിടെ അരങ്ങേറിയത്. ഞാൻ ശിശുക്ഷേമ സമിതിയിലെ വോട്ടറാണ്. ഇത് എന്റെ ഐഡന്റിറ്റി കാർഡാണ്. (ഐഡന്റിറ്റി കാർഡ് ഉയർത്തിക്കാട്ടി.) എനിക്കുപോലും വോട്ട് ചെയ്യാനുള്ള അവസരം നിഷേധിച്ചു. ഈ നിയമസഭയിൽ പല തവണ അംഗമായിരുന്ന ശ്രീ. കെ. എ. ചന്ദ്രന്റെ ഐഡന്റിറ്റി കാർഡ് പിടിച്ചുവാങ്ങി. ആയുർവ്വേദ കോളേജിന്റെ പ്രിൻസിപ്പാളായിരുന്ന ഡോ. ബാബു വിജയനാഥിനെയും വോട്ട് ചെയ്യാൻ അനുവദിക്കാതെ ഐഡന്റിറ്റി കാർഡ് പിടിച്ചുവാങ്ങി. അവിടെ ട്രഷററായി മത്സരിച്ച ശ്രീ. സുമേഷ് കുരുവിള എന്ന സ്ഥാനാർത്ഥിയുടെ അമ്മ ഏലിയാമ്മ തോമസ് വോട്ട് ചെയ്യാനെത്തിയപ്പോൾ സ്വന്തം മകന്റെ മുൻപിലിട്ട് ആ അമ്മയെ ക്രൂരമായി മർദ്ദിച്ചു. മാധ്യമങ്ങളെല്ലാം അത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മനോരമ റിപ്പോർട്ട് എന്തായിരുന്നു; വോട്ട് ചെയ്യാനെത്തിയ ചില കോൺഗ്രസ് അനുകൂലികളെ സമിതി ഓഫീസിനുമുന്നിൽ വളഞ്ഞിട്ട് മർദ്ദിക്കുകയായിരുന്നു, തിരിച്ചറിയൽ കാർഡുള്ളവരെ അടിച്ചോടിച്ചു, സ്ത്രീകളെവരെ പിൻതുടർന്ന് മർദ്ദിച്ചുവെന്നാണ്. മാതൃഭൂമിയിൽ പറഞ്ഞിരിക്കുന്നത്-'വോട്ട് ചെയ്യാനെത്തിയ പലരെയും തിരുവനന്തപുരത്ത് തൈക്കാട്ടുള്ള സമിതി ഓഫീസിനുമുന്നിൽ വളഞ്ഞിട്ട് മർദ്ദിച്ചു, അക്രമത്തിൽ പോലീസുകാരുൾപ്പെടെ 15-ഓളം പേർക്ക് പരിക്കേറ്റു, ഓഫീസിന് സമീപത്തെ റോഡിലൂടെ നടന്നുപോയവരെയും സ്ത്രീകളെയുംവരെ പിന്തുടർന്ന് മർദ്ദിച്ചു'. ഒരു മന്ത്രിയുടെയും പോലീസിന്റെയും മാധ്യമപ്രവർത്തകരുടെയും സാന്നിദ്ധ്യത്തിൽ എന്തിനാണ് ഇങ്ങനെയുള്ള അക്രമം അരങ്ങേറിയത്; എന്തിനാണ്

വോട്ടില്ലാത്ത മന്ത്രി അവിടെ എത്തിയത്? തങ്ങൾ കൊടുത്ത നിർദ്ദേശം പോലീസ് നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്താനാണ് മന്ത്രി അവിടെ എത്തിയത്. പരിക്കേറ്റവരെ ആശുപത്രിയിൽ കൊണ്ടുപോകാൻ പോലീസ് തയ്യാറായില്ല. ആംബുലൻസ് അവിടെ ഉണ്ടായിരുന്നിട്ടുപോലും ആ ആംബുലൻസിന്റെ സൗകര്യം പരിക്കേറ്റവർക്ക് ലഭിച്ചില്ല. പരിക്കേറ്റവരെ അഡ്മിറ്റ് ചെയ്യാൻ ആശുപത്രി അധികൃതർ തയ്യാറായില്ല. അക്രമം നടത്തിയ ആളുകൾക്കെതിരെ നിയമപരമായി നടപടിയെടുക്കാൻ ഇതുവരെയും തയ്യാറായിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമ്പോൾ പോലീസിന്റെയും മാധ്യമങ്ങളുടെയും ജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ നടന്ന ഈ അക്രമങ്ങളെ അങ്ങ് ന്യായീകരിക്കരുത്. അങ്ങ് ഇത് ന്യായീകരിച്ചാൽ അത് അങ്ങ് ഇരിക്കുന്ന പദവിയോടുള്ള അനാദരവ് ആയിരിക്കും.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണെന്ന് പ്രതിപക്ഷം സൂചിപ്പിച്ച സാഹചര്യത്തിൽ വിശദമായ മറുപടിതന്നെ പറയേണ്ടതുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ശിശുക്ഷേമ സമിതിയുടെ ഭരണസമിതി തെരഞ്ഞെടുപ്പ് കഴിഞ്ഞ 16-ാം തീയതി നടത്താനാണ് ഉത്തരവുണ്ടായിരുന്നത്. ശിശുക്ഷേമ സമിതിയുടെ കാര്യങ്ങൾ നമ്മൾ മറന്നുപോകാൻ പാടില്ല, എല്ലാവർക്കും ഓർമ്മയുണ്ടാകുമെന്നാണ് എനിക്ക് തോന്നുന്നത്. ശിശുക്ഷേമ സമിതിയിലെ ദത്തെടുക്കലുമായി ബന്ധപ്പെട്ട് ഒട്ടേറെ ക്രമക്കേടുകൾ നേരത്തെതന്നെ ആരോപിക്കപ്പെട്ടിരുന്നു. ശിശുദിന സ്റ്റാമ്പുകളുടെ വിൽപ്പനയിലെ കെടുകാര്യസ്ഥതയും ആ തുക വിനിയോഗിച്ചതിലെ ക്രമക്കേടുകളും ആരോപണവിധേയമാണ്. 37 അനധികൃത നിയമനങ്ങൾ നടന്നു. ഇതിന്റെ അഡ്മിനിസ്ട്രേറ്ററായി തിരുവനന്തപുരം ജില്ലാ കളക്ടറാണ് പ്രവർത്തിച്ചുവന്നത്. അത് ഏത് കാലത്താണെന്ന് ബഹുമാന്യനായ അംഗത്തിന് ഓർമ്മയുണ്ടാകുമെന്നാണ് തോന്നുന്നത്. 2012 മാർച്ച് മാസത്തിലാണ് കളക്ടർ ഇതിന്റെ അഡ്മിനിസ്ട്രേറ്ററായി ചാർജ്ജെടുക്കുന്നത്. 2013-ൽ അവിടെയുള്ള റിക്കോർഡുകൾ മോഷ്ടിച്ചുകൊണ്ടുപോയ ഒരു സാഹചര്യമുണ്ടായി. റിക്കോർഡുകൾ മോഷ്ടിച്ചുകൊണ്ടുപോയതിനെതിരെ ക്രിമിനൽ കേസ്സെടുക്കാൻ 2013-ലെ ഗവൺമെന്റ് കളക്ടർക്ക് നിർദ്ദേശം നൽകുന്ന സാഹചര്യവുമുണ്ടായി. 2015-ൽ ജില്ലാ കളക്ടർ ഡി.ജി.പി.-ക്ക് കത്ത് നൽകുന്ന നിലയുമുണ്ടായി. 2015 മാർച്ച് 9-ന് പുതിയ രജിസ്റ്ററിൽ 868 അംഗങ്ങളെ ചേർത്തുകൊണ്ട്, രജിസ്റ്റർ കൈമാറുന്ന നിലവന്നു. അതൊരു അത്ഭുതകരമായ രജിസ്റ്ററാണ്. എങ്ങനെയാണ് അങ്ങനെയൊരു രജിസ്റ്റർ വന്നതെന്ന് ബഹുമാനപ്പെട്ട അംഗത്തിന് നല്ലതുപോലെ അറിയാമെന്നാണ് തോന്നുന്നത്. രജിസ്റ്ററിൽ ഓരോ ആളിന്റെയും പേരിനുനേരെ ഫോട്ടോ ഒട്ടിക്കണം. പക്ഷേ ആ

രജിസ്റ്ററിൽ പല അംഗങ്ങളുടേയും പേരിനുനേരെ അവരുടെ ഫോട്ടോയല്ല ഉണ്ടായിരുന്നത്. കുറേപേർക്ക് ഫോട്ടോ തന്നെയുണ്ടായിരുന്നില്ല. പേരും വയസ്സും ജനനത്തീയതിയുമൊക്കെ വൈറ്റ്നർ ഉപയോഗിച്ച് തിരുത്തിയിട്ടുണ്ടായിരുന്നു. രജിസ്റ്ററിന്റെ ന്യൂനത റിട്ടേണിംഗ് ഓഫീസർതന്നെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുന്നിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പുതിയതായി അംഗത്വം നേടിയവരുടെ കൂട്ടത്തിലാണോ ബഹുമാനപ്പെട്ട മെമ്പറെന്ന് എനിക്കറിയില്ല. ബഹുമാന്യനായ എം. വിൻസെന്റ് ഈ 868 പേരിൽ ഉൾപ്പെട്ടതാണോയെന്ന് എനിക്ക് അറിയില്ല. പലരുടേയും അവസ്ഥ വളരെ വിചിത്രമാണ്. അങ്ങനെ അംഗങ്ങളായവരുടെ പേര് എന്റെ കയ്യിലുണ്ട്. അത് ഇവിടെ പറയാൻ ആഗ്രഹിക്കുന്നില്ല. ഇലക്ഷൻ നോട്ടിഫിക്കേഷന്റെ ഭാഗമായി അവർക്ക് കത്തുകളയച്ചപ്പോൾ മേൽവിലാസമില്ലെന്നുപറഞ്ഞ് തിരികെ വന്നു. ഈ കത്ത് കിട്ടിയപ്പോൾ, നിരവധി ആൾക്കാർ ' ഇവിടെ അംഗമായത് ഞാനറിഞ്ഞുകൊണ്ടല്ല, ഞാൻ അറിഞ്ഞില്ല' എന്നുപറയുന്ന നിലയുണ്ടായി. പലരുടേയും വയസ്സും ജനനത്തീയതിയുമില്ല. ഏത് സ്റ്റാന്റിംഗ് കമ്മിറ്റിയിലാണ് അംഗീകാരം ലഭിച്ചതെന്ന് ഇതിന്റെ ഭാഗമായി രേഖപ്പെടുത്തണം. ആ കോളത്തിൽ ഒരു തീയതിയും എഴുതിയിട്ടില്ല. ഈ തെരഞ്ഞെടുപ്പ് രംഗത്ത് മുന്നണിപ്പോരാളികളായി നിന്ന രണ്ടുപേരുണ്ടല്ലോ; അവരുടെ പേര് ഞാൻ പറയുന്നില്ല. ആ രണ്ടുപേർ ആരായിരുന്നുവെന്ന് എല്ലാവർക്കുമറിയാമല്ലോ, അറിയില്ലേ, സുനിൽ സി. കുര്യനും, ചെമ്പഴന്തി അനിലും. അവർ രണ്ടുപേരും ആ തെരഞ്ഞെടുപ്പുദിവസം അങ്ങോട്ട് പോയിട്ടേയില്ല. എന്തുകൊണ്ടാണ് ഇങ്ങനെയുള്ള പ്രമുഖ നേതാക്കൾപോലും എത്താതിരുന്നത്? 2004-ൽ പണാപഹരണമുൾപ്പെടെ നിരവധി വിജിലൻസ് കേസ്സുകൾ ചിലരുടെ പേരിലുണ്ടായിട്ടുണ്ട്. അങ്ങനെയുള്ള ഒരാളെ വിശ്വസിച്ച് വോട്ട് ചെയ്യാൻ പോയാലുണ്ടാകുന്ന നാണക്കേടോർത്ത് പലരും പോയില്ല എന്നതാണ് വസ്തുത. അത് മനസ്സിലാക്കിത്തന്നെയായിരിക്കണം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇതിൽനിന്നും മാറി, ഇതിൽ അംഗത്വം ഏറ്റെടുക്കാൻ തയ്യാറായ ശ്രീ. എം. വിൻസെന്റിനെ ഈ വിഷയം ഇവിടെ ഉന്നയിക്കാനുള്ള ഉത്തരവാദിത്വം ഏൽപ്പിച്ചതെന്നാണ് ഞാൻ കരുതുന്നത്. അത്രയും ഔചിത്യം പ്രതിപക്ഷ നേതാവ് കാണിച്ചത് നന്നായി എന്നുതന്നെയാണ് എന്റെ അഭിപ്രായം. ശ്രീ. എം. വിൻസന്റ് ചാവേറൊന്നുമല്ല. അദ്ദേഹം അവിടെ അംഗമാണെന്ന് ഓർക്കണം. ആ അംഗത്വം എപ്പോൾ എടുത്തതാണെന്ന് അദ്ദേഹം വെളിപ്പെടുത്തിയാൽ മാത്രമെ മനസ്സിലാകൂ.

ശ്രീ. എം. വിൻസെന്റ്: സർ, ബഹുമാനപ്പെട്ട ഹൈക്കോടതി അംഗീകരിച്ച ലിസ്റ്റാണ്.

ശ്രീ. പിണറായി വിജയൻ: സർ, സ്വകാര്യപ്രസ്സിലാണ് ശിശുദിന സ്റ്റാമ്പ് അച്ചടിച്ചത്, അതിന്റെ കണക്കില്ല. ഇതാണ് അവിടത്തെ പഴയ അവസ്ഥ. അതുപോലെ ജോർദ്ദാനിലേയ്ക്ക് കുഞ്ഞിനെ ദത്തുകൊടുത്തത്, സാധാരണഗതിയിൽ വിദേശരാജ്യങ്ങളിലേക്ക് ദത്തുകൊടുക്കുമ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരമടക്കം വേണം. അത്തരത്തിലുള്ള നടപടിക്രമങ്ങളൊന്നും ഇതിലൊന്നും പാലിച്ചിട്ടില്ലെന്നുള്ളതാണ് വസ്തുത. ഹൈക്കോടതിയുടെ വിധി മാനിച്ചുകൊണ്ടാണ് അവിടെ തെരഞ്ഞെടുപ്പ് നടന്നത്. ഹൈക്കോടതി പറഞ്ഞിരുന്നത് വെവ്വേറെ ബോക്സുകളിൽ, തിരുവനന്തപുരം പ്രിൻസിപ്പൽ ജില്ലാ ജഡ്ജിയുടെ കസ്റ്റഡിയിൽ ഈ ബോക്സുകൾ വയ്ക്കണമെന്നാണ്. ആദ്യമുള്ള യഥാർത്ഥ വോട്ടർമാരുണ്ട്, പിന്നെ ഒരു ദിവസം മായാവിദ്യയിലൂടെ വന്ന വോട്ടർമാരുമുണ്ട്. ആ രണ്ട് വിഭാഗം വോട്ടർമാരും വോട്ട് ചെയ്യുന്നത് പ്രത്യേകം പ്രത്യേകം സൂക്ഷിക്കണമെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞത്. ആകെ 590 വോട്ടർമാരാണ് വോട്ട് രേഖപ്പെടുത്തിയത്. ശ്രീ. വി. ജി. അരുണിനെയാണ് റിട്ടേണിംഗ് ഓഫീസറായി നിശ്ചയിച്ചത്. അദ്ദേഹത്തിന്റെ കൃത്യമായ നിരീക്ഷണമുണ്ടായിരുന്നു. വോട്ട് സമാധാനപരമായി നടന്നിട്ടുമുണ്ട്. ഒരു പ്രശ്നവും അവിടെ ഉണ്ടായിട്ടില്ല. അത് ജനാധിപത്യപരമായി തന്നെയാണ് നടന്നത്. ഒരു തരത്തിലുള്ള ബൂത്ത് കയ്യേറ്റമോ മറ്റ് അതിക്രമങ്ങളോ അവിടെയുണ്ടായിട്ടില്ല. രണ്ട് വിഭാഗത്തിലുള്ള പോളിംഗ് ഏജന്റുമാർ അവിടെയുണ്ടായിരുന്നു. അവർ തമ്മിൽ ചെറിയ വാക്കുതർക്കങ്ങളൊക്കെയുണ്ടായിട്ടുണ്ട്. അതൊഴികെ മറ്റൊരു തരത്തിലുള്ള അസ്വാരസ്യങ്ങളും പോളിംഗ് സ്റ്റേഷനിലുണ്ടായിട്ടില്ല. ഈ തെരഞ്ഞെടുപ്പ് സംബന്ധിച്ച് അട്ടിമറി നടന്നുവെന്ന യാതൊരുവിധ റിപ്പോർട്ടും റിട്ടേണിംഗ് ഓഫീസർക്കു മുമ്പാകെയോ ബഹുമാനപ്പെട്ട ഹൈക്കോടതിയിലോ സർക്കാരിലോ സമിതി അഡ്മിനിസ്ട്രേറ്ററായ തിരുവനന്തപുരം ജില്ലാ കളക്ടർ മുമ്പാകെയോ നേരത്തെ ഉണ്ടായിരുന്നില്ല. എന്നാൽ ഇന്നലെയോ മറ്റോ ഒരു പരാതി ഉയർന്നിട്ടുണ്ടെന്നാണ് തോന്നുന്നത്. ഹൈക്കോടതിയുടെയും റിട്ടേണിംഗ് ഓഫീസറുടെയും ഉത്തരവുകൾ പ്രകാരമാണ് പോലീസ് ഇവിടെ കൃത്യനിർവ്വഹണം നടത്തിയിട്ടുള്ളത്. കൃത്യതയോടെ ശിശുക്ഷേമ സമിതിയുടെ പ്രവർത്തനം തുടർന്നുകൊണ്ടുപോകാനുള്ള നടപടികൾ തന്നെയാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശിശുക്ഷേമ സമിതിയിലെ ഒരു അംഗവും തിരുവനന്തപുരത്തുനിന്നുമുള്ള എം.എൽ.എ.-യുമായ ശ്രീ. എം. വിൻസെന്റ് സബ്മിഷൻ അവതരിപ്പിക്കണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചതുകൊണ്ടാണ് ഞാൻ ഇതിൽനിന്നും മാറിയത്. അല്ലാതെ ഞാൻ ഈ

സബ്മിഷനിൽ നിന്നും ഒഴിഞ്ഞുമാറിയതല്ല. അവിടെ ക്രമക്കേടുണ്ടെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അന്വേഷിക്കാം. ഇവിടെ അതിനൊന്നും ആർക്കും എതിർപ്പില്ല. പക്ഷേ ഒരു തെരഞ്ഞെടുപ്പ് നടക്കുമ്പോൾ ഒരു സംസ്ഥാനത്തെ മന്ത്രിയും മേയറും അവിടെ ചെന്നുനിൽക്കുന്നതും അവിടെ വന്ന കോൺഗ്രസ് പ്രവർത്തകരെ മർദ്ദിക്കുക, അവരെ അവിടെനിന്നും അടിച്ചോടിച്ചുവിടുക ഇതൊന്നും ജനാധിപത്യ സംവിധാനത്തിന് ചേർന്ന നടപടിയല്ല. ഗവൺമെന്റ് അതിന് പ്രോത്സാഹനം കൊടുക്കുന്നത് ശരിയല്ല. അതിൽ ശക്തമായി ഞാൻ പ്രതിഷേധിക്കുകയാണ്. അങ്ങേക്ക് ഏത് വിധത്തിലുള്ള അന്വേഷണവും നടത്താം. കുറ്റക്കാരുണ്ടെങ്കിൽ കണ്ടെത്തി അവരെ മാതൃകാപരമായി ശിക്ഷിക്കാം. അതിനൊന്നും ഇവിടെ ആർക്കും എതിർപ്പില്ല. പക്ഷേ ഒരു തെരഞ്ഞെടുപ്പ് നടക്കുമ്പോൾ ഇത്തരം ജനാധിപത്യവിരുദ്ധമായ നടപടികൾ ഒരിക്കലുമുണ്ടാകാൻ പാടില്ലാത്തതാണ്. അതിൽ ശക്തമായ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതിൽ വ്യക്തിപരമായ പരാമർശമുള്ളതിനാൽ ബഹുമാനപ്പെട്ട വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രിക്ക് സംസാരിക്കാവുന്നതാണ്.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. എം. വിൻസെന്റ് എം.എൽ.എ. പറയുന്നതുപോലെ പറയരുത്. തെരഞ്ഞെടുപ്പ് നടന്നപ്പോൾ അവിടെ എന്തിനാണ് പോയതെന്ന് ഞാൻ പറയാം, എന്നാലല്ലേ അത് മനസ്സിലാകുകയുള്ളൂ. ശിശുക്ഷേമ സമിതി ഒറ്റപ്പെട്ട സ്ഥലത്തുനിൽക്കുന്ന ഒരു ഓഫീസല്ല. അതിന് നേരെ എതിരെ കെ.എസ്.റ്റി.എ.-യുടെ സംസ്ഥാന സമിതി ഓഫീസുണ്ട്. അവിടെ അന്ന് ഒരു ക്യാമ്പ് നടക്കുന്നുണ്ടായിരുന്നു. വിദ്യാഭ്യാസ വിചക്ഷണനും ഇരുപത്തിനാല് മണിക്കൂറും വിദ്യാഭ്യാസത്തെക്കുറിച്ച് മാത്രം ചിന്തിക്കുന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഞാനും ഒരുമിച്ചാണ് ആ ക്യാമ്പിൽ പങ്കെടുത്തത്. ഞങ്ങൾ രണ്ടുപേരും ഒരുമിച്ച് ആ ക്യാമ്പിൽ പങ്കെടുക്കുകയായിരുന്നു. ചിരിച്ചുകളയാനുള്ളതല്ല പ്രതിപക്ഷനേതാവേ, സംസ്ഥാനം കണ്ട വലിയ കൊള്ളയുടെ ചുരുളഴിയാൻ പോകുകയാണ്. അതിനകത്ത് നിങ്ങൾ പെടാതിരിക്കാൻ ശ്രദ്ധിക്കുക. അതാണ് നല്ലത്. ശിശുക്ഷേമ സമിതി മാത്രമല്ല. റെഡ്ക്രോസ്, ശിശുക്ഷേമ സമിതി തുടങ്ങിയ സ്ഥാപനങ്ങൾ എങ്ങനെയാണ് കൊള്ളയടിക്കുന്നത് എന്നതിനെ സംബന്ധിച്ച് നിങ്ങൾ അറിയാൻ പോകുകയാണ്. അതിൽ തലയിടാതിരിക്കുകയാണ് നിങ്ങൾക്ക് നല്ലത്................. (ബഹളം).............

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.............പ്ലീസ്................

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ പ്രതിപക്ഷനേതാവിനോടുള്ള സ്നേഹംകൊണ്ട് പറഞ്ഞതാണ്. അങ്ങനെ കണക്കാക്കിയാൽ മതി........ (ബഹളം) ..............

11.00 AM]

### 3. നിർമ്മാണരംഗത്തെ പ്രതിസന്ധി

ശ്രീ. രാജു എബ്രഹാം: സർ, ചെറുകിട സ്വകാര്യ കെട്ടിട നിർമ്മാണ കരാറുകാരുടെ ഏക സംഘടനയാണ് പ്രൈവറ്റ് ബിൽഡിംഗ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ. രണ്ടുമൂന്നുകാര്യങ്ങളാണ് പറയാനുള്ളത്. ഒന്ന്, നിർമ്മാണ വസ്തുക്കളുടെ അനിയന്ത്രിതമായ വിലക്കയറ്റം തടയുക. രണ്ട്, നിർമ്മാണ വസ്തുക്കൾ സബ്സിഡി നിരക്കിൽ ബി.പി.എൽ. കുടുംബങ്ങൾക്ക് വിതരണം ചെയ്യുക, ഇവയുടെ വിതരണം സഹകരണ സ്ഥാപനങ്ങൾവഴി നടത്തുക. മൂന്ന്, ഈ മേഖലയിലെ കരാറുകാർക്ക് ലൈസൻസ് ഏർപ്പെടുത്തുക. നാല്, ഈ മേഖലയെ വ്യവസായമായി അംഗീകരിക്കുക. അഞ്ച്, ഇവർക്ക് ക്ഷേമനിധി നൽകുക. ഇക്കാര്യങ്ങൾ അടിയന്തരമായി നടപ്പാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ബഹുമാനപ്പെട്ട രാജു എബ്രഹാം ഇവിടെ പറഞ്ഞിരിക്കുന്നത് വ്യത്യസ്തങ്ങളായ കാര്യങ്ങളാണ്. യഥാർത്ഥത്തിൽ അത് വിശദമായി ചർച്ചചെയ്യേണ്ട വിഷയങ്ങളാണ്. പക്ഷേ എഴുതിത്തന്ന ഒറ്റവാചകത്തിന്റെ അടിസ്ഥാനം കെട്ടിട നിർമ്മാണത്തിനാവശ്യമായ കരിങ്കല്ല്, വെട്ടുകല്ല്, മണൽ, ഇഷ്ടികച്ചെളി എന്നിവ ഖനനം ചെയ്യുന്നതിന് സാധിക്കുന്നില്ല, കെട്ടിടനിർമ്മാണ രംഗത്ത് പ്രതിസന്ധിയുണ്ട് എന്നാണ്. മറ്റ് കാര്യങ്ങൾ പ്രത്യേകമായി പ്രതിപാദിക്കേണ്ടതാണ്. ഇവിടെ നിർമ്മാണരംഗത്ത് പ്രത്യേകിച്ച് ഖനനരംഗത്തുള്ളത് 2015-ലെ കേരള മൈനർ മിനറൽസ് കൺസെഷൻ ചട്ടങ്ങൾ പ്രകാരമുള്ള ആക്ടാണ്. 1957-ലെ മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ) ആക്ടിലെ 15-ാം വകുപ്പുപ്രകാരം സംസ്ഥാന സർക്കാരിന് നൽകിയ അധികാരം ഉപയോഗിച്ചുകൊണ്ടാണ് കേരള മൈനർ മിനറൽസ് കൺസെഷൻ ചട്ടങ്ങൾ സംസ്ഥാന സർക്കാർ ഉണ്ടാക്കിയിട്ടുള്ളത്. എന്നാൽ ഈ ചട്ടം അനുസരിച്ച് 2006-ലെ എൺവയോൺമെന്റൽ ഇംപാക്ട് അസസ്സ്മെന്റ് നോട്ടിഫിക്കേഷനിലെ ഷെഡ്യൂൾ-1 പ്രകാരം എല്ലാ ഖനന പ്രവൃത്തികൾക്കും പാരിസ്ഥിതികാനുമതി അനിവാര്യമാണ്. എന്നാൽ 5 ഹെക്ടറിൽ താഴെയുള്ള സ്ഥലത്തുനിന്ന് ചെറുകിട ധാതുക്കളായ

കരിങ്കല്ല്, വെട്ടുകല്ല്, മണൽ എന്നിവയെ പാരിസ്ഥിതികാനുമതി തേടുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു. പിൽക്കാലത്ത് ഇത് വ്യാപകമായി ദുരുപയോഗപ്പെടുത്തുകയുണ്ടായ കാര്യം ശ്രദ്ധയിൽപ്പെട്ടു. ഹരിയാനയിൽ ഇതിന് അഞ്ചേക്കർ പരിധിയുണ്ടെങ്കിലും വളരെ ചുരുങ്ങിയ സ്ഥലത്തുനിന്നുപോലും തുണ്ടുതുണ്ടുകളായി വലിയ തോതിൽ ഖനനം ആരംഭിപ്പോൾ ഇത് കേസ്സായി സുപ്രീം കോടതിയുടെ മുമ്പാകെ വന്നു. സുപ്രീം കോടതി 27-2-2012-ന് വിധി പുറപ്പെടുവിച്ചതനുസരിച്ച് ചെറുകിട ധാതുക്കളുടെ ഖനനത്തിന് പാരിസ്ഥിതികാനുമതി അനിവാര്യമാക്കികൊണ്ടുള്ള ഉത്തരവാണ് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചത്. അതിന്റെ ഫലമായി ചെറിയ ക്വാറികളിലും ഖനനം നടത്താൻ കഴിയാത്ത അവസ്ഥ വന്നു. ഇവിടെയുള്ള ക്വാറികളും പൂട്ടേണ്ടതായിവന്നു. ഇതിനെത്തുടർന്നാണ് കേരള സർക്കാർ 2015-ൽ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള ഒരുത്തരവ് പുറപ്പെടുവിച്ചത്. ആ ഉത്തരവ് കേരള ഹൈക്കോടതിയുടെ മുമ്പാകെ വന്നു. ആ ഉത്തരവനുസരിച്ച് പുറപ്പെടുവിച്ചിരുന്ന ചെറുകിട ഖനനങ്ങൾ തുടരാനുള്ള സാഹചര്യം ഹൈക്കോടതി വിധിയോടുകൂടി റദ്ദ് ചെയ്യപ്പെട്ടു. സുപ്രീം കോടതി നിർദ്ദേശിച്ചിരിക്കുന്ന ചട്ടങ്ങൾക്കും നിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമാണ് എന്ന് ഹൈക്കോടതി ചൂണ്ടിക്കാണിച്ചു. ഇതിന്റെയടിസ്ഥാനത്തിൽ പാരിസ്ഥിതിക ക്ലിയറൻസ് ഇല്ലാതെ ഖനനം ചെയ്യാൻ സാധിക്കില്ല എന്ന സ്ഥിതി വന്നു. പാരിസ്ഥിതികാനുമതി ഉണ്ടെങ്കിൽ മാത്രമേ ഖനനം നടത്താൻ സാധിക്കുകയുള്ളൂ എന്ന സ്ഥിതിയുണ്ടായി. കേന്ദ്രഗവൺമെന്റിന്റെ ചട്ടമനുസരിച്ച് ജില്ലാതല പരിസ്ഥിതി നിർണ്ണയ അതോറിറ്റിയുണ്ട്. ഇതുസംബന്ധിച്ച് പരിശോധിച്ച് നിർണ്ണയിക്കാൻ ആ അതോറിറ്റിയെയാണ് സുപ്രീം കോടതി നിർദ്ദേശിച്ചിരുന്നത്. ഇവിടെ ആ അതോറിറ്റി രൂപീകരിക്കുകയോ പ്രവർത്തനമാരംഭിക്കുകയോ ചെയ്തിരുന്നില്ല. അതുകൊണ്ട് ഇവിടത്തെ ഖനനം പ്രത്യേകിച്ച് വെട്ടുകല്ല്, ചെങ്കല്ല് തുടങ്ങിയവയുടെ ഖനനമെല്ലാം പ്രതിസന്ധിയിലായി, കെട്ടിടനിർമ്മാണ രംഗം വലിയ പ്രയാസങ്ങളെ അഭിമുഖീകരിച്ചു. ഈ ഗവൺമെന്റ് വന്നതിനുശേഷം ഇത്തരം അതോറിറ്റി അടിയന്തരമായും വിളിച്ചുചേർക്കണമെന്ന് തീരുമാനിച്ചു. 9-6-2016-ൽ തന്നെ ജില്ലാതല അതോറിറ്റി യോഗം ചേർന്ന് പരിസ്ഥിതി ക്ലിയറൻസ് കൊടുക്കപ്പെടേണ്ട കാര്യങ്ങളെ സംബന്ധിച്ച് പരിശോധിച്ച് ആവശ്യമുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

രണ്ടാമത്തെകാര്യം, സിമെന്റിന്റെ വൻതോതിലുള്ള വിലക്കയറ്റമാണ്. സിമെന്റിന് രൂക്ഷമായ വിലക്കയറ്റമാണ്. കേരളത്തിൽ ആവശ്യമുള്ള സിമെന്റിന്റെ പത്തിൽ കുറവ് ശതമാനം മാത്രമേ ഇവിടെ ഉൽപ്പാദിപ്പിക്കുന്നുള്ളൂ. ബാക്കിയെല്ലാം

ഇവിടെ മാർക്കറ്റ് ചെയ്യപ്പെടുകയാണ്. മാർക്കറ്റ് ചെയ്യപ്പെടുന്ന സിമെന്റിന് കമ്പനികൾ നിശ്ചയിക്കുന്ന വിലയാണ്. അവർ ഇടയ്ക്കിടെ വില വർദ്ധിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഇതിനായി സിമെന്റ് കമ്പനികളുടെ കേരളത്തിലെ ഡീലേഴ്സിനെ വിളിച്ച് ചർച്ച ചെയ്യണമെന്ന് തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയാണ്. ശ്രീ. രാജു എബ്രഹാം ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യം പ്രത്യേകം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാം.

### 4. പരമ്പരാഗത വ്യവസായത്തകർച്ച

<u>ശ്രീ. കെ. ആൻസലൻ</u>: സർ, നെയ്യാറ്റികര താലൂക്കിൽ ഇഷ്ടിക നിർമ്മാണം പ്രധാനപ്പെട്ട ഒരു ചെറുകിട വ്യവസായമാണ്. പ്രത്യേകിച്ച് എന്റെ മണ്ഡലമായ നെയ്യാറ്റിൻകര, കുളത്തൂർ, ചെങ്കൽ, കാരോട്, തിരുപുറം, പെരുംപഴുതൂർ വില്ലേജുകളിൽ ഏകദേശം നൂറിലധികംവരുന്ന ഇഷ്ടികച്ചൂളകൾ നൂറ്റാണ്ടുകളായി പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. ആ മേഖലയിൽ ഏകദേശം ആയിരക്കണക്കിനു തൊഴിലാളികൾ പണിയെടുക്കുന്നതാണ്. നിരവധി കുടുംബങ്ങൾ ഇതുമായി ബന്ധപ്പെട്ട് ജീവിച്ചു വരികയാണ്. ഈ രംഗത്ത് ആവശ്യമായ മണ്ണ് ലഭ്യമല്ലാത്തതുകൊണ്ട് പോലീസിന്റെയും റവന്യൂ ഡിപ്പാർട്ടുമെന്റിന്റെയും ഇടപെടലിന്റെ ഭാഗമായി മറ്റ് പ്രദേശങ്ങളിൽനിന്നും കൊണ്ടുവരുന്ന മണ്ണ് ഉപയോഗപ്പെടുത്തി പ്രവർത്തനം നടക്കുന്നതുകൊണ്ടുതന്നെ ഈ മേഖലയിലെ തൊഴിലാളികളും ഇതിന്റെ ഉടമകളായിട്ടുള്ള ആളുകളും കഴിഞ്ഞ കുറെ കാലങ്ങളായി കടുത്ത ദാരിദ്ര്യവും ജീവിത പ്രയാസങ്ങളും നേരിടുകയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെടേണ്ടതും ആവശ്യമായ തീരുമാനങ്ങൾ എടുക്കേണ്ടതുമുണ്ട്.

മറ്റൊരു പ്രധാനപ്പെട്ട മേഖലയാണ് മൺപാത്ര വ്യവസായം. നെയ്യാറ്റികര മുനിസിപ്പൽ പ്രദേശത്തെ പെരുംപഴുതൂർ വില്ലേജിൽ ഉൾപ്പെടുന്ന തൊഴുക്കൽ പ്രദേശത്ത് ഏകദേശം അഞ്ഞൂറിൽപ്പരം വരുന്ന കുടുംബങ്ങൾ പതിറ്റാണ്ടുകളായി മൺപാത്ര വ്യവസായവുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരാണ്. ഖാദിയുടെയും സൊസൈറ്റിയുടെയും ഭാഗമായി രണ്ട് യൂണിറ്റുകൾ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്. ഒരു കുടിൽ വ്യവസായം പോലെ നൂറുകണക്കിനുവരുന്ന കുടുംബങ്ങളുടെ വരുമാന മാർഗ്ഗമായി മൺപാത്ര ഉൽപ്പാദനവും അതുമായി ബന്ധപ്പെട്ട വിപണനവും നടക്കുകയാണ്. ഈ രംഗത്ത് കളിമണ്ണ് ലഭിക്കാത്തതും പോലീസിന്റെയും റവന്യൂ അധികാരികളുടെയും ഇടപെടലിന്റെ ഭാഗമായി കൊണ്ടുവരുന്ന കളിമണ്ണുപയോഗിച്ച് പ്രവർത്തനം നടത്താൻ സാധിക്കാത്തതുമൂലവും ഈ വ്യവസായവും വലിയ

തകർച്ചയെ നേരിടുകയാണ്. ഇതും ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഉണ്ടാകണം. ഇക്കാര്യങ്ങളിൽ സത്വരമായ നടപടികൾ സ്വീകരിച്ചുകൊണ്ട് ആയിരക്കണക്കിനു വരുന്ന തൊഴിലാളികളിൽ പകുതിയിലധികം സ്ത്രീത്തൊഴിലാളികളാണ്, അവരുടെ ജീവിതം സംരക്ഷിക്കുന്നതിനാവശ്യമായ ഇടപെടലുകൾ ഉണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത്.

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ബഹുമാന്യനായ കെ. ആൻസലൻ എം.എൽ.എ. ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമേറിയതാണ്. നെയ്യാറ്റിൻകര താലൂക്കിൽ തൊഴുക്കൽ, പഴയകട, നെടുവാൻവിള എന്നീ സ്ഥലങ്ങളിൽ വളരെ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതാണ് കളിമൺപാത്ര വ്യവസായം. കളിമണ്ണിന്റെ പ്രശ്നം ഈ പ്രദേശത്തു മാത്രമല്ല കേരളത്തിലാകെയുണ്ട്. കളിമണ്ണ് സംഭരിക്കാൻ കഴിയാത്തതുകൊണ്ട് ഒട്ടനവധി ടൈൽ ഫാക്ടറികൾ തൃശ്ശൂരൊക്കെ പൂട്ടിക്കിടക്കുകയാണ്. പാലക്കാട്ടും പല ടൈൽ ഫാക്ടറികളും പ്രവർത്തിപ്പിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. പാരിസ്ഥിതിക പ്രശ്നത്തിന്റെ പേരിൽ ജനങ്ങളുടെ പ്രക്ഷോഭം കാരണം റോ മെറ്റീരിയലായ കളിമണ്ണ് ശേഖരിക്കാൻ കഴിയാതെ വരുന്നു. കളിമണ്ണ് ശേഖരിച്ച പ്രദേശങ്ങൾ വലിയ കുണ്ടുംകുഴിയുമായി കിടക്കുകയാണ്. യഥാർത്ഥത്തിൽ ആ കണ്ടുംകുഴിയുമുള്ള സ്ഥലങ്ങളെല്ലാം നികത്തി കൃഷിപ്പാടങ്ങളാക്കാനും പച്ചക്കറി കൃഷി ചെയ്യാനും മറ്റും ഉപയോഗപ്പെടുത്തേണ്ടതാണ്. നെയ്യാറ്റിൻകര താലൂക്കിലുള്ള ഇഷ്ടിക വ്യവസായം കടുത്ത പ്രതിസന്ധിയിലാണ്. ഈ രംഗത്ത് തൊഴിൽ ചെയ്യുന്നവർ ക്രമേണ പിൻമാറിയിരിക്കുകയാണ്. യഥാർത്ഥത്തിൽ തൊഴിൽതന്നെ ഇല്ലാത്ത ഒരവസ്ഥയാണുള്ളത്. 2015-ലെ കേരള മൈനർ മിനറൽസ് കൺസഷൻ ചട്ടങ്ങൾ പ്രകാരം പരമ്പരാഗതമായ കളിമൺ പാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഏകദേശം 50 ടൺ കളിമണ്ണ് ഖനനം ചെയ്യുന്നതിന് പ്രത്യേകാനുമതി ആവശ്യമില്ലായിരുന്നു. അവർക്ക് അത് ശേഖരിക്കാനുള്ള അവകാശം ഉണ്ടായിരുന്നു. ലോറിയിൽ കൊണ്ടുപോകുന്നതിനുവേണ്ടി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും ഒരു സ്പെഷ്യൽ ട്രാൻസിറ്റ് പാസ് മാത്രമേ ആവശ്യമുണ്ടായിരുന്നുള്ളൂ.

എന്നാൽ കേരള മൈനർ മിനറൽസ് കൺസെഷൻ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പരമ്പരാഗതമായി കളിമൺ പാത്രം നിർമ്മിക്കുന്നവർക്ക് പ്രത്യേകം ഇളവുണ്ട്. പക്ഷെ പല സ്ഥലത്തും കളിമണ്ണ് സംഭരിക്കാൻ കഴിയാതെ വരികയാണ്. ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാ വിദഗ്ദ്ധ സമിതിയുണ്ട്. കളക്ടറാണ് ഇതിന് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് കൊടുക്കേണ്ടത്. ഖനനം ചെയ്യാനുദ്ദേശിക്കുന്ന

ഭൂമിയുടെ കൈവശരേഖയും മാപ്പും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് സമർപ്പിക്കുമ്പോൾ അത് പരിശോധിച്ചുകൊണ്ട് അനുമതി കൊടുക്കാൻ കളക്ടർക്ക് അധികാരമുണ്ട്. 50 ടൺ വരെയുള്ള ഖനനത്തിന് പ്രത്യേകാനുമതി വേണ്ട. ഇത്തരത്തിലുള്ള നടപടികളിലൂടെ കളിമണ്ണ് ശേഖരിച്ച് മൺപാത്ര വ്യവസായത്തെ സംരക്ഷിക്കാൻ സാധിക്കണം. പല സ്ഥലങ്ങളിലും പാരിസ്ഥിതിക പ്രശ്നങ്ങൾ വരുന്നുണ്ട്. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഈ രംഗത്ത് പ്രവർത്തിക്കുന്ന ജനങ്ങളുമായുള്ള സമ്പർക്കത്തിലൂടെ ഇതിന് പരിഹാരം കാണാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

നെൽവയലുകളെയാണ് പ്രധാനമായും ഖനനത്തിന് വിധേയമാക്കുന്നത്. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്ക് പ്രതികൂലമാകാതിരിക്കാൻ ഈ ഖനനത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. കളിമൺ ഖനന നിയമപ്രകാരം വയലുകളിൽ/കൃഷി ഭൂമിയിൽ ഖനനം ചെയ്യുന്നതിന് ചില നിയന്ത്രണങ്ങളുണ്ട്. എങ്കിലും മറ്റ് സ്ഥലങ്ങളിൽനിന്നും ഖനനം ചെയ്യാൻ സാധിക്കും. അതിനുള്ള നടപടികൾ സ്വീകരിക്കാം.

## 5. പുറമ്പോക്ക് ഭൂമിക്ക് പട്ടയം

ശ്രീ. ബി. ഡി. ദേവസ്സി: സർ, തൃശ്ശൂർ ജില്ലയിലെ വിവിധ വകുപ്പുകൾക്ക് കീഴിലുള്ള പുറമ്പോക്ക് ഭൂമിയിൽ കാലങ്ങളായി താമസിച്ചുവരുന്ന ആയിരക്കണക്കിന് കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷകളിൽ നടപടികൾ ഇനിയും പൂർത്തീകരിച്ചിട്ടില്ല. വീട്ടുനമ്പരും വൈദ്യുതി കണക്ഷനും മറ്റും ലഭിച്ചിട്ടുള്ള ഈ കുടുംബങ്ങൾ പട്ടയം ലഭിക്കാത്തതുമൂലം നിരവധി ബുദ്ധിമുട്ടുകൾ നേരിടുകയാണ്. വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ളതും അതാത് വകുപ്പുകളുടെ വികസനത്തിന് ആവശ്യമില്ലാത്തതുമായ പുറമ്പോക്ക് സ്ഥലങ്ങളിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് ഓരോ വകുപ്പും അനുമതി നൽകേണ്ടതുണ്ട്. ഇതിനായി മുൻ വർഷങ്ങളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വിവിധ വകുപ്പുമന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ യോഗങ്ങൾ ചേർന്നിരുന്നു. എങ്കിലും നാളിതുവരെ ഇതിനായുള്ള നടപടികൾ പൂർത്തീകരിച്ചിട്ടില്ല. ആയതുകൊണ്ട് തൃശ്ശൂർ ജില്ലയിലെ പതിനായിരത്തോളം വരുന്ന മലയോര കർഷകർക്കും പുളിയിലപ്പാറയിലെ 116 കുടുംബങ്ങൾക്കും വിവിധ വകുപ്പുകൾക്കുകീഴിലുള്ള പുറമ്പോക്കുകളിലെ പതിനയ്യായിരത്തോളംവരുന്ന താമസക്കാർക്കും പട്ടയം നൽകുന്നതിനുള്ള അടിയന്തരനടപടികൾ സ്വീകരിക്കണമെന്നും ഇതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് യോഗം വിളിച്ചുചേർക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ബി. ഡി. ദേവസ്സി ഇവിടെ ഉന്നയിച്ച സബ്മിഷന് ലഭ്യമായ മറുപടി അനുസരിച്ച്, തൃശ്ശൂർ ജില്ലയിൽ ചാവക്കാട്, ചാലക്കുടി താലൂക്ക് ഒഴികെ, കനാൽ പുറമ്പോക്കുകളിൽ താമസിക്കുന്നവരുടെ എണ്ണം കൃത്യമായി കണക്കാക്കിയിട്ടില്ലാത്തതാണ്. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ചാവക്കാട് താലൂക്കിൽ 8 പേരും ചാലക്കുടി താലൂക്കിൽ 232 പേരും കനാൽ പുറമ്പോക്കിൽ താമസിക്കുന്നു. റിപ്പോർട്ട് ചെയ്ത കണക്കുകൾ പ്രകാരം 1800-ഓളം മലയോര കർഷകർക്കും പട്ടയം നൽകാനുണ്ട്. ചാവക്കാട് താലൂക്കിൽ ഉദ്ദേശം 40 സെന്റ് ഭൂമി 8 പേർ കൈവശം വച്ചുവരുന്നു. മറ്റു താലൂക്കുകളിൽ വ്യക്തമായ കണക്കുകൾ ലഭ്യമല്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെയും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെയും വ്യവസ്ഥകൾ പ്രകാരം നദീതടങ്ങൾ, അരുവികൾ, കനാലുകൾ, കായലുകൾ, തടാകങ്ങൾ, ജലസംഭരണികൾ, നീർത്തടങ്ങൾ, നീരുറവകൾ തുടങ്ങിയ മുഴുവൻ ജലസ്രോതസ്സുകളും അവയുമായി ബന്ധപ്പെട്ട പുറമ്പോക്ക് ഭൂമികളും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽത്തന്നെ നിക്ഷിപ്തമാക്കിയിട്ടുള്ളതാണ്. അങ്ങനെയുള്ള പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് ഭൂമി നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുവാദവും ബന്ധപ്പെട്ട നടപടിക്രമങ്ങളും പാലിക്കേണ്ടതുണ്ട്.

തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിൽ പരിയാരം വില്ലേജിൽ സ്ഥിതി ചെയ്യുന്ന പെരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതിക്കായി വൈദ്യുതി വകുപ്പിന് അനുവദിച്ച 544 ഏക്കർ വനഭൂമിയിൽ വൈദ്യുതി വകുപ്പിന്റെ ഉപയോഗത്തിനു ശേഷമുള്ള ഭൂമിയിൽ 1977-നുമുമ്പായി 116 കുടുംബങ്ങൾ കയ്യേറി താമസിക്കുന്നുണ്ട്. പ്രസ്തുത കുടുംബങ്ങൾക്ക് കൈവശാവകാശ രേഖകൾ നൽകുന്നതുമായി ബന്ധപ്പെട്ട സംയുക്തപരിശോധനാ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം വനഭൂമി പതിച്ചുനൽകുന്നതിന് അത്രയും അളവ് റവന്യൂ ഭൂമി കണ്ടെത്തി കേന്ദ്രസർക്കാരിന്റെ അനുവാദം വാങ്ങേണ്ടതായിട്ടുണ്ട്. എത്രയും പെട്ടെന്ന് ഭൂമി കണ്ടെത്തി കേന്ദ്ര സർക്കാരിനെ അറിയിച്ച് അനുവാദം വാങ്ങി ഭൂമി പതിച്ചു നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ആവശ്യപ്പെട്ടിരിക്കുന്നതുപോലെ വിവിധ വകുപ്പുകളെ യോജിപ്പിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം വിളിച്ചുചേർക്കാൻ ആവശ്യമായ സൗകര്യംകൂടി ഏർപ്പാട് ചെയ്യുന്നതാണ്.

## 6. റീ-സർവ്വേ

ശ്രീ. വി. ജോയി: സർ, വർക്കല നിയോജകമണ്ഡലത്തിലെ റീ-സർവ്വേ അപേക്ഷകളുമായി ബന്ധപ്പെട്ടുള്ളതാണ് എന്റെ സബ്മിഷൻ. അവിടെ പുതിയ താലൂക്ക് 2014-ൽ ആരംഭിച്ചതാണ്. പക്ഷെ റീ-സർവ്വേയുമായി ബന്ധപ്പെട്ട് പതിനായിരത്തോളം അപേക്ഷകൾ അവിടെ കെട്ടിക്കിടക്കുകയാണ്. സാധാരണക്കാരന് ഒരു ലോൺ എടുത്ത് വിവാഹം തുടങ്ങിയ ഒരു ആവശ്യവും നിറവേറ്റാൻ കഴിയാത്ത അവസ്ഥയാണുള്ളത്. നിലവിൽ റീ-സർവ്വേ, എൽ.ആർ.എം. ജോലിക്കായി ഒരൊറ്റ തസ്തികപോലും കഴിഞ്ഞ രണ്ട് വർഷമായി അവിടെ അനുവദിക്കപ്പെട്ടിട്ടില്ല. ഫീൽഡ് ജോലിക്കാരായും ചെയിൻമാന്മാരായും ആരെയും അവിടെ നിയമിച്ചിട്ടില്ല. പ്രത്യേകിച്ചും, ജീവനക്കാരുടെ അപര്യാപ്തതമൂലം വിഴിഞ്ഞം മുതൽ കൊല്ലം വരെയുള്ള ദേശീയ ജലപാതയുടെ കനാലിന്റെ അതിർത്തി നിർണ്ണയിക്കുന്നതിന് സാധിക്കുന്നില്ല. വർക്കല ബൈപ്പാസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്താനും സാധിക്കാത്ത ഒരവസ്ഥയാണ് നിലവിലുള്ളത്. പട്ടയത്തിന്റെ കാര്യമാണെങ്കിൽ പറയാതെ നിവൃത്തിയില്ല. ധാരാളംപേർക്ക് പട്ടയം കൊടുക്കാനുണ്ട്. ഈ വക കാര്യങ്ങളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കാനും റീ-സർവ്വേ പ്രവർത്തനങ്ങൾ പുനരാരംഭിക്കാനും അദാലത്തുകൾ നടത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, വർക്കല താലൂക്കിൽ ഉൾപ്പെട്ടുവരുന്ന 12 വില്ലേജുകളിലും റീ-സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആകെ 11660 അപേക്ഷകൾ റീ-സർവ്വേ അപാകതകൾ പരിഹരിക്കുന്നതിനായി താലൂക്കിൽ ലഭ്യമായിട്ടുള്ളതിൽ 6511 അപേക്ഷകളിൽ നടപടി പൂർത്തീകരിച്ചിട്ടുള്ളതും ബാക്കിയുള്ള 5149 അപേക്ഷകളിൽ വില്ലേജ് തിരിച്ച് നടപടി പൂർത്തീകരിച്ചുവരുകയുമാണ്. നിലവിൽ ലഭ്യമായ സർവ്വേയർമാരെ നിയോഗിച്ച് ഫീൽഡ് പരിശോധന നടത്തിയും ഇനം മാറ്റത്തിനായുള്ള അപേക്ഷകളിൽ മുൻ റിക്കോർഡുകൾ, ജില്ലാ സർവ്വേ സൂപ്രണ്ട്, സർവ്വേ സൂപ്രണ്ടിന്റെ കാര്യാലയം എന്നിവിടങ്ങളിൽനിന്നും ശേഖരിച്ചും റിക്കോർഡുകൾ തയ്യാറാക്കി ഫയലുകളിന്മേൽ നടപടി പൂർത്തീകരിച്ചുവരുന്നു. കുടിശ്ശിക ഫയലുകൾ ത്വരിതഗതിയിൽ തീർപ്പാക്കുന്നതിനായി സർവ്വേയർമാരുടെ യോഗം 4-7-2016-ന് വിളിച്ചുചേർക്കുകയും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. ശേഷിക്കുന്ന ഫയലുകളിൽ സത്വര നടപടികൾ സ്വീകരിച്ച് ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വർക്കല നിയോജകമണ്ഡല പരിധിയിൽ ലക്ഷംവീട് കോളനിക്ക് പട്ടയം ലഭിക്കുന്നതിനായി 5 അപേക്ഷകൾ ലഭ്യമായതിൽ നടപടികൾ നടന്നുവരുന്നു. ഭൂമി പതിവുമായി ബന്ധപ്പെട്ട് ലഭിച്ച 68 അപേക്ഷകളിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭ്യമാക്കേണ്ട 13 അപേക്ഷകളും പതിവ് ലിസ്റ്റിൽ ചേർക്കേണ്ടതുൾപ്പെടെ പട്ടയം നൽകുന്നതിലേയ്ക്കായി ലാൻഡ് അസൈൻമെന്റ് കമ്മിറ്റിയിൽ പാസ്സാക്കുന്നതിലേയ്ക്കുള്ള 11 അപേക്ഷകളും നിലവിലുണ്ട്. നിലവിലെ ലാൻഡ് അസൈൻമെന്റ് കമ്മിറ്റിയുടെ കാലാവധി കഴിഞ്ഞതിനാൽ പുതിയ കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചശേഷം ലഭ്യമായ അപേക്ഷകളിൽ പട്ടയം നൽകുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ശേഷിക്കുന്ന 44 അപേക്ഷകളിൽ റവന്യൂ തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

നാവായിക്കുളം വില്ലേജ് പരിധിയിൽ നൈനാംകോണം കോളനി പ്രദേശം ഉൾപ്പെടെ 12 ഏക്കർ 91 സെന്റ് സ്ഥലം മിച്ചഭൂമി അന്നത്തെ കൈവശക്കാരെ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുവെങ്കിലും ടി ഭൂമി സംബന്ധിച്ച് കോടതിക്കേസ്സുകൾ നിലവിലുള്ളതിനാൽ ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

## 7. പുനരധിവാസ കോളനികളിലെ ശോച്യാവസ്ഥ

ശ്രീ. ആർ. രാമചന്ദ്രൻ: സർ, 2004 ഡിസംബർ 24-നുണ്ടായ സുനാമി ദുരന്തത്തെത്തുടർന്ന് എല്ലാം നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ സർക്കാർ നിർമ്മിച്ചുനൽകിയ കോളനികൾ ഇന്ന് വാസയോഗ്യമല്ലാതായി മാറിയിരിക്കുകയാണ്. അന്ന് അവ നിർമ്മിക്കുന്നതിന് ഭൂമി സർക്കാർ നൽകുകയും വീട് വിവിധ ഏജൻസികൾ നിർമ്മിക്കുകയും ചെയ്തിരുന്ന പ്രക്രിയ ആയിരുന്നു നടന്നിരുന്നത്. അതുകൊണ്ടുതന്നെ വേണ്ടത്ര നിലവാരമില്ലാത്ത നിലയിലാണ് വീടുകളുടെ നിർമ്മാണപ്രവർത്തനം നടന്നിട്ടുള്ളത്. ജനവാസത്തിന് സഹായിക്കുന്ന തരത്തിലുള്ള യാതൊരു സംവിധാനങ്ങളും പൂർണ്ണമായ അളവിൽ അവിടെ ഒരുക്കിയിരുന്നില്ല. മതിയായ കക്കൂസ് ഉണ്ടായിരുന്നില്ല, കുടിവെള്ളവും വൈദ്യുതിയും എത്തിയിരുന്നില്ല. ഇന്ന് ആ വീടുകളെല്ലാം തകർന്ന് വാസയോഗ്യമല്ലാതായി, ആളുകൾ വാടകവീടുകളിലേയ്ക്ക് ഒഴിഞ്ഞുപോകേണ്ട ദുരവസ്ഥയാണ് നിലനിൽക്കുന്നത്. ബന്ധപ്പെട്ട അധികാരികളുടെ മുൻപിൽ ചെല്ലുമ്പോൾ ഒറ്റത്തവണ സഹായമെന്ന നിലയിലാണ് ഈ വീടുകൾ നിർമ്മിച്ചുനൽകിയിട്ടുള്ളത് എന്നുപറയുകയാണ്. ഫണ്ടില്ല എന്ന കാരണത്താൽ അതിന്റെ മെയിന്റനൻസ് ഉൾപ്പെടെയുള്ള

കാര്യങ്ങൾ നിർവ്വഹിക്കുന്നതിനോ കുടിവെള്ളം എത്തിക്കുന്നതിനോ വൈദ്യുതി എത്തിക്കുന്നതിനോ സാധ്യമാകാത്ത അവസ്ഥ നിലനിൽക്കുകയാണ്. അതുകൊണ്ട് എനിക്കുള്ള അഭ്യർത്ഥന, ഒരു പ്രത്യേക പാക്കേജുണ്ടാക്കി ആ വീടുകളുടെ മെയിന്റനൻസ് നടപടികൾ നടത്തുകയും റോഡുകൾ, കുടിവെള്ളം, വൈദ്യുതി എന്നിവ എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്നുള്ളതാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട കരുനാഗപ്പള്ളി എം.എൽ.എ. സബ്മിഷനിലൂടെ ഉന്നയിച്ച വസ്തുത ശരിയാണ്. അവിടത്തെ സ്ഥിതി വളരെ പ്രയാസകരമാണ്. 2004-ലെ സുനാമി ദുരന്തത്തിൽ വീടും വസ്തുവകകളും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി രൂപം കൊടുത്തതാണ് സുനാമി പുനരധിവാസ പദ്ധതി. കേരളത്തിലെ കടൽത്തീര പ്രദേശമുള്ള ഒൻപത് ജില്ലകളിൽ സുനാമി പുനരധിവാസ പദ്ധതി പ്രകാരം ഭൂരിപക്ഷം വീടുകളുടെയും ഫ്ലാറ്റുകളുടെയും നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുള്ളതാണ്. ടി കോളനികളിൽ പലയിടങ്ങളിലും കുടിവെള്ളക്ഷാമം, ഡ്രെയിനേജ് സംവിധാനത്തിലെ പോരായ്മ, സെപ്റ്റിക് ടാങ്ക് കവിഞ്ഞൊഴുകൽ, മഴക്കാലത്തെ വെള്ളക്കെട്ട് എന്നിവ ഉണ്ടാകുന്നുവെന്നും അവ സുനാമി ഫണ്ടുപയോഗിച്ച് പരിഹരിക്കണമെന്നും ആവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിക്കുന്നുണ്ട്. ഇതിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടി ജല അതോറിറ്റിയുമായി ചേർന്ന് സ്വീകരിച്ചുവരുന്നതായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ അറിയിച്ചിട്ടുണ്ട്. സുനാമി പുനരധിവാസ പദ്ധതി ഒരു തുടർപദ്ധതിയല്ല. ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കി ഗുണഭോക്താക്കൾക്ക് കൈമാറുന്നതോടുകൂടി ഈ പദ്ധതിയുടെ പ്രവർത്തനം പൂർത്തിയാകേണ്ടതാണ്. തുടർന്നുണ്ടാകുന്ന നവീകരണ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തുന്നില്ല. അത്തരം പാർപ്പിടങ്ങളിലും ചുറ്റുപാടുകളിലും പിൽക്കാലത്ത് ആവശ്യമായിവരുന്ന നവീകരണ പ്രവർത്തനങ്ങൾ ഗുണഭോക്താക്കൾതന്നെ വഹിക്കേണ്ടതാണ്. അനന്തകാലത്തേയ്ക്ക് അത്തരം സ്ഥലങ്ങളിലെ അറ്റകുറ്റപ്പണികൾ സർക്കാർ നടത്തുന്നത് ആശാസ്യമല്ല. അതാത് കോളനികളിൽ ഗുണഭോക്തൃ സമിതികളുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയോ അല്ലാതെയോ ചെയ്തു തീർക്കുന്ന കാര്യം പരിഗണിക്കപ്പെടേണ്ടതാണ്. മറ്റു പദ്ധതികൾ എന്തെങ്കിലും ഉണ്ടെങ്കിൽ അത്തരം പദ്ധതികൾപ്രകാരം അറ്റകുറ്റപ്പണികൾ നടത്താൻ കഴിയുമോ എന്നുള്ള കാര്യവും പരിശോധിക്കാവുന്നതാണ്. എന്നാൽ വീട് നിർമ്മാണവുമായി ബന്ധപ്പെട്ട സംഗതികളിൽ 21-3-2013-ലെ 1642/2013 നമ്പർ സർക്കാർ ഉത്തരവ്

പ്രകാരമുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി ഒന്നാംഗഡു വാങ്ങിയതിനുശേഷം ഫണ്ടിന്റെ അപര്യാപ്തതമൂലം പുര മൊത്തം പൂർത്തിയാക്കാൻ കഴിയാത്തവർക്ക് രണ്ടാം ഗഡു ലഭിച്ചുകഴിഞ്ഞാൽ വാസയോഗ്യമായ വീട് പൂർത്തിയാക്കാൻ കഴിയുമെന്ന എഗ്രിമെന്റ് വയ്ക്കുന്ന മുറയ്ക്ക് രണ്ടാം ഗഡുവായ ഒരു ലക്ഷം രൂപ കൂടി നൽകുന്നതിന് 22-6-2016-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

## 8. ആറന്മുള സുരക്ഷാക്രമീകരണം

ശ്രീമതി വീണാ ജോർജ്ജ്: സർ, കഴിഞ്ഞ ദിവസം ആറന്മുളയിൽ വള്ളം മറിഞ്ഞുണ്ടായ ദുരന്തത്തിന്റെ പശ്ചാത്തലത്തിലാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഞായറാഴ്ച വള്ളസദ്യയ്ക്ക് എത്തിയ ചെങ്ങന്നൂർ കീഴ്ച്ചേരിമേൽ പള്ളിയോടം മറിഞ്ഞ് കാണാതായ രണ്ടുപേരുടെ മൃതദേഹം ഇന്നലെ അർദ്ധരാത്രിയിലും ഇന്ന് പുലർച്ചയിലുമായി കണ്ടുകിട്ടിയിട്ടുണ്ട്. വളരെ സുപ്രധാനമായ ഒരു കാര്യം, ഇത്തവണത്തെ വള്ളസദ്യയ്ക്ക് ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ളത് 450 പള്ളിയോടങ്ങളാണ്. ഇനിയും രജിസ്റ്റർ ചെയ്യപ്പെടാം. അതായത് ഏതാണ്ട് 30,000 പേർ പമ്പയാറ്റിലൂടെ ആറന്മുള ക്ഷേത്രക്കടവിലെത്തും. കഴിഞ്ഞ സീസണിൽ ഏതാണ്ട് 50,000-നും 60,000-നും ഇടയ്ക്ക് ആളുകൾ പമ്പയാറ്റിലൂടെ വള്ളസദ്യയ്ക്കായി ആറന്മുള ക്ഷേത്രക്കടവിലെത്തിയിരുന്നു. സർക്കാരിന്റേതായി ഒരു സുരക്ഷാ ക്രമീകരണങ്ങളും അവിടെയില്ല. കഴിഞ്ഞ ദിവസം അപകടമുണ്ടായപ്പോഴും കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നിവിടങ്ങളിൽനിന്നുള്ള മുങ്ങൽ വിദഗ്ദ്ധരുടെ ടീമിന്റെ സേവനം അഭ്യർത്ഥിക്കുകയും അവർ എത്തുകയുമാണ് ചെയ്തത്. അതും നാലും അഞ്ചും മണിക്കൂർ കഴിഞ്ഞാണ് എത്തിയത്. നേവിയുടെ ടീമെത്തിയപ്പോൾ അർദ്ധരാത്രിയായി. പിറ്റേദിവസമാണ് തിരച്ചിൽ തുടങ്ങിയത്. ഇന്നലെ പള്ളിയോട സേവാസംഘത്തിന്റെ മുങ്ങൽ വിദഗ്ദ്ധരാണ് ഈ മൃതദേഹങ്ങൾ ഫ്ലോട്ട് ചെയ്യുന്നതായി അർദ്ധരാത്രി പതിനൊന്നരയ്ക്കും പുലർച്ചെ രണ്ടരയ്ക്കും കണ്ടെത്തിയത്. ഏതാണ്ട് 80 ദിവസം നീണ്ടുനിൽക്കുന്ന വള്ളസദ്യയാണ് അവിടെയുള്ളത്. പിന്നെ ഉത്രട്ടാതി ജലമേളയുണ്ട്. ലക്ഷക്കണക്കിനാളുകൾ വന്നുപോകുന്ന സ്ഥലമാണ്. അവിടെ സർക്കാരിന്റെ സുരക്ഷാ ക്രമീകരണങ്ങൾ അടിയന്തരമായി ഉണ്ടാക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്നതിനുമുൻപ്, മരണപ്പെട്ട രണ്ടുപേരും ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ എം.എൽ.എ.യുടെ നിയോജകമണ്ഡലത്തിൽപ്പെട്ടവരാണ്. അദ്ദേഹവും ഒരു മിനിട്ട് സംസാരിക്കാൻ അവസരം നൽകണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. അത് അനുവദിക്കുകയാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട ചെങ്ങന്നൂർ പട്ടണത്തിലെ കീഴ്ച്ചേരിമേൽ എന്ന സ്ഥലത്താണ് രണ്ട് ചെറുപ്പക്കാർ ദാരുണമായ അന്ത്യത്തിന് വിധേയരായത്. അവരുടെ കുടുംബത്തെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കണം. പത്ത് ലക്ഷം രൂപയെങ്കിലും ആ കുടുംബത്തെ സഹായിക്കുന്നതിന് അനുവദിക്കണമെന്നുള്ള അഭ്യർത്ഥനയുണ്ട്. ആലപ്പുഴ ജില്ലയിൽ ഇനി അങ്ങോട്ട് വള്ളംകളിയുടെ കാലമാണ്. എന്നാൽ യാതൊരു സുരക്ഷാ സംവിധാനവും അവിടെയില്ല. സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി ഓരോ വള്ളംകളിയെയും സ്പോട്ട് ചെയ്ത് മുങ്ങൽ വിദഗ്ദ്ധരും ലൈഫ് ജാക്കറ്റുകളുമടക്കം സുരക്ഷിതത്വ സംവിധാനം ഏർപ്പെടുത്തുന്നതിന് ജില്ലാ ഭരണകൂടത്തെ ചുമതലപ്പെടുത്തണമെന്നു കൂടി അഭ്യർത്ഥിക്കുകയാണ്. ലക്ഷക്കണക്കിന് ശബരിമല തീർത്ഥാടകർ വരുന്ന ചെങ്ങന്നൂരിലും ഇതുപോലെ അപകടസാദ്ധ്യത എല്ലാ വർഷവും ഉള്ളതാണ്. അതുകൊണ്ട് ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ടും ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഉണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാന്യയായ ആറന്മുള എം.എൽ.എ. ശ്രീമതി വീണാ ജോർജ്ജും ബഹുമാന്യനായ ചെങ്ങന്നൂർ എം.എൽ.എ. ശ്രീ. കെ. കെ. രാമചന്ദ്രൻ നായരും ഇവിടെ ഉന്നയിച്ച വിഷയത്തെ സംബന്ധിച്ച് ഗവൺമെന്റിന് സാധ്യമാകുന്ന കാര്യങ്ങളാണ് പറയാൻ ഉദ്ദേശിക്കുന്നത്. പത്തനംതിട്ടയിലെ ആറന്മുളയിൽ പമ്പാനദിയിൽ 17-7-2016-ന് ഉച്ചയോടുകൂടി പള്ളിയോടം മറിഞ്ഞ് രണ്ടുപേരെ കാണാതായിരുന്നു. അവരെ കണ്ടെത്തുന്നതിനുള്ള തിരച്ചിൽ പ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കുകയുണ്ടായി. നേവി ഉൾപ്പെടെയുള്ള സേനകളുടെ സേവനം തിരച്ചിലിനായി പ്രയോജനപ്പെടുത്തി. തോട്ടപ്പുഴശ്ശേരിക്കര ഭാഗത്ത് എൺപതിലധികം ആളുകൾ സഞ്ചരിച്ച പള്ളിയോടം തിരിക്കാൻ ശ്രമിക്കുമ്പോൾ കാറ്റടിച്ച് മറിഞ്ഞാണ് അപകടം സംഭവിച്ചതെന്നാണ് റിപ്പോർട്ട്. മറിഞ്ഞ പള്ളിയോടത്തിൽ നിന്ന് രക്ഷപ്പെട്ടവരും രക്ഷപ്പെടുത്തിയവരും പമ്പാനദിയുടെ ഇരു കരകളിലുമായി നിലയുറപ്പിച്ചതിനാൽ വള്ളത്തിലുള്ളവരുടെ യഥാർത്ഥ കണക്ക് കണ്ടെത്തിയത് വൈകിയാണ്. പള്ളിയോട സേവാസംഘം അറിയിച്ചതനുസരിച്ചാണ് രക്ഷാ പ്രവർത്തനങ്ങൾ ആരംഭിച്ചത്. റവന്യൂ, പോലീസ്, അഗ്നിശമനസേന എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനങ്ങൾ നടന്നുവരികയായിരുന്നു. 18-7-2016 രാവിലെ മുതൽ നേവിയും തിരച്ചിലിൽ പങ്കെടുക്കുന്നുണ്ടായിരുന്നു. 18-7-2016 രാത്രി പന്ത്രണ്ട് മണിയോടെ ഒരു മൃതദേഹവും ഇന്ന് വെളുപ്പിന് രണ്ട് മണിയോടെ മറ്റൊരു മൃതദേഹവും കണ്ടെത്തിയിട്ടുണ്ട്. ദുരന്തം

എന്ന നിർവ്വചനത്തിൽ മുങ്ങിമരണം വരുന്നതല്ല. ആറന്മുളയിൽ സർക്കാരിന്റെ സുരക്ഷാ ക്രമീകരണങ്ങൾ ഒന്നുംതന്നെയില്ലായെന്നും പത്തനംതിട്ട ജില്ലയിൽ ഒരു ഡൈവിംഗ് ടീം ആവശ്യമാണെന്നുമാണ് ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടിരിക്കുന്നത്. പത്തനംതിട്ടയ്ക്ക് 50 ലക്ഷം രൂപ 2013-2015 കാലഘട്ടത്തിൽ ദുരന്ത ലഘൂകരണത്തിനായി നൽകിയിട്ടുണ്ട്. ഈ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഇനിയും നൽകിയിട്ടില്ല. പൂർണ്ണവിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമായതിനുശേഷം പുതിയ പ്രൊപ്പോസൽ നൽകുന്ന മുറയ്ക്ക് കൂടുതൽ തുക അനുവദിക്കാവുന്നതാണ്. അപ്പോൾ ബഹുമാനപ്പെട്ട അംഗം പറഞ്ഞിരിക്കുന്ന കാര്യംകൂടി പരിശോധിച്ച് സാധ്യമായ കാര്യങ്ങൾ ചെയ്യാവുന്നതാണ്. അവിടെനിന്ന് പ്രിൻസിപ്പൽ സെക്രട്ടറിക്ക് ജില്ലാ കളക്ടർ അയച്ചിരിക്കുന്ന റിപ്പോർട്ടിൽതന്നെ ഇത്തരമൊരു ടീം ഉണ്ടാകേണ്ടതിന്റെ ആവശ്യത ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിനെ സംബന്ധിച്ച് തുടർന്ന് ആലോചിക്കാവുന്നതാണ്.

ബഹുമാന്യനായ അംഗം ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ ഇവിടെ ചൂണ്ടിക്കാണിച്ച നഷ്ടപരിഹാരം സംബന്ധിച്ച വിഷയത്തിൽ ഇതിന് സമാശ്വാസ തുകയെന്ന രീതിയിൽ നൽകാൻ കഴിയുന്ന സംഖ്യയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് സഹായം നൽകാനായിരിക്കും സാധിക്കുക.

## 9. താൽക്കാലിക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. മോൻസ് ജോസഫ്: സർ, ജലവിഭവവകുപ്പിൽ 20-5-1983 മുതൽ എച്ച്.ആർ. സർവ്വീസിൽ ജോലി ചെയ്തുവന്ന 16-1-2013-ൽ എസ്.എൽ.ആർ. ആയി നിയമിക്കപ്പെട്ട ഏതാണ്ട് 900-ത്തോളം ആളുകളുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് മന്ത്രിയായിരുന്ന ശ്രീ. പി.ജെ. ജോസഫ് സാറും ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ ശ്രീ. കെ.എം. മാണി സാറും മാനുഷിക പരിഗണനയോടെ ഈ വിഷയമെടുക്കുകയും 2013-ൽ ഇവരെ എസ്.എൽ.ആർ. ആയി നിയമിക്കുകയും ചെയ്തു. ഇപ്പോൾ അവർ പെൻഷൻ പറ്റുമ്പോൾ മറ്റ് ആനുകൂല്യങ്ങളൊന്നുമില്ല. സാധാരണക്കാരായ, 32 വർഷത്തിലധികം സർവ്വീസ് ചെയ്ത ഇവർക്ക് ഒരു പരിഗണന കൊടുക്കുന്നതിനുവേണ്ടി ആവശ്യപ്പെട്ടിട്ടുള്ളത് വർക്കർ ഗ്രേഡ് II ആക്കുക എന്നുള്ളതാണ്. ഇതുസംബന്ധിച്ച ഒരു ഫയൽ ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. സമാന സ്വഭാവമുള്ള മറ്റു വകുപ്പുകളിലെല്ലാം ഇങ്ങനെയുള്ള ആളുകളെ വർക്കർ ഗ്രേഡ്- II ആക്കിയിട്ടുണ്ട്. അധികം സാമ്പത്തിക ബാദ്ധ്യത വരാതെ, ഇവർക്ക് സഹായം കിട്ടുന്ന ഒരു കാര്യമെന്നുള്ള നിലയിൽ ഗവൺമെന്റ് ഇക്കാര്യം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. 900-ത്തോളം ആളുകൾ

എസ്.എൽ.ആർ. ആയി നിയമിക്കപ്പെട്ടപ്പോൾ സാങ്കേതിക കാരണങ്ങളാൽ അതിൽ ഉൾപ്പെടാതെ വന്ന ഏതാണ്ട് 100-ഓളം ആളുകളുണ്ട്. ഗവൺമെന്റ് നിർദ്ദേശിച്ചതനുസരിച്ച് പത്തുവർഷത്തെ സർവ്വീസും 500 പ്രവർത്തി ദിവസങ്ങളും അവർക്കുണ്ടായിരുന്നെങ്കിലും സാങ്കേതികമായ കാരണങ്ങളാൽ ഉൾപ്പെടാതെ വന്നു. അത് വീണ്ടും പരിശോധിക്കുന്നതിന് ഗവൺമെന്റ് നിർദ്ദേശം കൊടുക്കുകയും അതനുസരിച്ച് 100-150 പേരുടെ ഫയൽ ഇപ്പോൾ ഗവൺമെന്റിൽ വന്നിരിക്കുകയുമാണ്. മാനുഷിക പരിഗണനയോടെ ഈ പ്രശ്നം ഗവൺമെന്റ് കണക്കിലെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ജലവിഭവ വകുപ്പിന്റെ കീഴിൽ വരുന്ന വാട്ടർ അതോറിറ്റിയിൽ വിവിധ വിഭാഗങ്ങളിൽപ്പെട്ടവരെ പമ്പ് ഓപ്പറേറ്റർമാരായി സ്ഥിരപ്പെടുത്തിയപ്പോൾ 10 പേരെ വിട്ടുപോയി, അവർ ഹൈക്കോടതിയിൽ പോയി, കോടതി അത് പരിഗണിക്കുവാനുള്ള നിർദ്ദേശം കൊടുത്തു. ഗവൺമെന്റ് ഈ പത്തുപേരുടെ കാര്യത്തിൽ മാനുഷികമായ പരിഗണന തീർച്ചയായും കൊടുക്കേണ്ടതാണ്. ആ കാര്യത്തിലും ഗവൺമെന്റ് തീരുമാനമെടുക്കുമ്പോൾ ഈ കുടുംബങ്ങളെക്കൂടി സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പിന്റെ തന്നെ കീഴിൽ വരുന്ന ഹൈഡ്രോളജി വിഭാഗത്തിൽ 10 വർഷമായി ജോലി നോക്കുന്ന ഒബ്സർവർ, ഒബ്സർവർ അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിൽപ്പെടുന്നവരും പിരിച്ചുവിടൽ ഭീഷണി നേരിടുന്നതായി ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്. അവരെ ഉപയോഗിച്ചാണ് ഈ ജോലി മുഴുവൻ ചെയ്തു കൊണ്ടിരിക്കുന്നത്. ഇവർ ഇല്ലെങ്കിൽ വേറെ ആളുകളെ അവിടെ ജോലിക്ക് ആവശ്യമായിവരും. 10 വർഷക്കാലമായി നിൽക്കുന്ന പാവപ്പെട്ട കുടുംബങ്ങളിൽപ്പെട്ടവരും പരിചയസമ്പന്നരായവരുമായ ഇവരെ ഒഴിവാക്കി ഒരു പരിചയവുമില്ലാത്ത പുതിയ ആളുകളെ പഠിപ്പിച്ചുകൊണ്ടുവരുന്നതിനേക്കാളും, ആ ജോലി എന്തായാലും തുടരേണ്ടതായി വരുമെന്നതിനാൽ അവരെ നിലനിർത്തി പോകാൻ കഴിയുന്ന സാഹചര്യമുണ്ടാകണം. ഇതിൽ പാർട്ടിയോ മറ്റു വ്യത്യാസങ്ങളോ ഒന്നുമില്ല. എല്ലാം പാവപ്പെട്ടവരായ ആളുകളാണ്, അവരെ സംരക്ഷിക്കാൻ കഴിയുന്ന വിധത്തിലുള്ള സാഹചര്യമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഉദ്യോഗസ്ഥതലത്തിൽ നെഗറ്റീവായ അപ്രോച്ചാണ് ഈ ഫയലിന്മേൽ സ്വീകരിക്കുക. അതുകൊണ്ട് മാനുഷിക പരിഗണനയോടെ, പോസിറ്റീവായ ഒരു അപ്രോച്ചോടുകൂടി ബഹുമാന്യനായ ശ്രീ. മാത്യു ടി. തോമസ് ഈ വിഷയം പരിഗണിക്കുകയും ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു യോഗം വിളിച്ചുചേർക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, പ്രത്യേക സീസണുകളിൽ അത്യാവശ്യ ജോലികൾ ചെയ്യാനാണ് എച്ച്. ആർ., സി.എൽ.ആർ. തൊഴിലാളികളെ നിയമിക്കുന്നത്. നിശ്ചിതമാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട്, അവരുടെ സീനിയോറിറ്റികൂടി നോക്കിയാണ് സി.എൽ.ആർ.-ൽനിന്ന് എസ്.എൽ. ആർ. ആയി അവരെ നിയമിക്കുക. 1990-ൽ ഉണ്ടായ ഉത്തരവ് പ്രകാരം ഓഫ് സീസൺ കാലത്ത് റെഗുലർ തൊഴിലാളികൾ ചെയ്യുന്ന എല്ലാ ജോലികളും ഇവർ ചെയ്യേണ്ടതായിട്ടുണ്ട്. ഈ വിഭാഗം തൊഴിലാളികൾക്കുവേണ്ടി വകുപ്പിൽ പ്രത്യേക തസ്തികകളൊന്നും ഇന്നേവരെ സൃഷ്ടിക്കപ്പെട്ടിട്ടില്ല. അതുകൊണ്ടുതന്നെ ഇവർ സർവ്വീസ് ചട്ടങ്ങളുടെ കീഴിൽവരുന്ന ജീവനക്കാരല്ല. അവർക്ക് പ്രത്യേക വ്യവസ്ഥകൾ ഇപ്പോൾ നിലവിലില്ല. 2012-ൽ പൊതുമരാമത്ത് വകുപ്പിൽ ഉണ്ടായ ഉത്തരവ് പ്രകാരം, ഇങ്ങനെയുള്ള തൊഴിലാളികളുടെ ദിവസവേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ജലവിഭവവകുപ്പിൽ സ്റ്റാഫ് ഇൻഡക്സ് തയ്യാറാക്കി, ഈ ലിസ്റ്റിന് സർക്കാർ അംഗീകാരം നേടിയിട്ടില്ലാത്തതിനാൽ അതിന്റെ ആനുകൂല്യം ഇവർക്ക് ലഭിക്കാതെ പോയിട്ടുണ്ട്. സ്റ്റാഫ് ഇൻഡക്സ് അംഗീകരിക്കാനുള്ള നടപടികൾ പൊതുമരാമത്തു വകുപ്പിൽ ത്വരിതഗതിയിൽ നടന്നുവരികയാണ്. 2013-ലെ ഉത്തരവ് പ്രകാരം എസ്.എൽ.ആർ. തൊഴിലാളികൾ അവരുടെ സേവനം അവസാനിപ്പിക്കേണ്ട പ്രായം 58 വയസ്സെന്ന് നിജപ്പെടുത്തിയിട്ടുണ്ട്. ജോലി ചെയ്യുന്ന ദിവസത്തെ ശമ്പളം മാത്രമാണ് ഇവർക്ക് നൽകുന്നത്. അവർ കരാർ അടിസ്ഥാനത്തിലാണ്. അതുകൊണ്ട് അവർ പമ്പ് ഓപ്പറേറ്റർ ആണെങ്കിലും അസിസ്റ്റൻഡ് ഒബ്സർവർ ആണെങ്കിലും ഒബ്സർ ആണെങ്കിലും ഇപ്പോൾ അവരെ സ്ഥിരപ്പെടുത്താൻ നിയമത്തിൽ വ്യവസ്ഥ ഇല്ലെന്നതാണ് ഏറ്റവും വലിയ പരിമിതി. സമാന സ്വഭാവത്തിൽ ജോലി ചെയ്യുന്ന മറ്റു വകുപ്പുകളിലെ ജീവനക്കാർ കൂടുതൽ സുരക്ഷിതരാണെന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ. മോൻസ് ജോസഫിന്റെ നിരീക്ഷണം സർക്കാർ പ്രത്യേകമായി പരിശോധിക്കുന്നതാണ്. മറ്റു വകുപ്പിൽ സമാന തൊഴിലാളികൾക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ ഇവർക്ക് കൊടുക്കാൻ കഴിയുമോ എന്നത് പ്രത്യേകം പരിശോധിക്കുന്നതാണ്. അതിനാവശ്യമായ ചർച്ചകൾ ഉദ്യോഗസ്ഥതലത്തിൽ യോഗം കൂടിയോ, അല്ലാതെയോ നടത്തി തീർച്ചയായും കൊടുക്കാൻ കഴിയുന്ന എല്ലാ മാനുഷിക പരിഗണനകളും കൊടുത്ത് നിലവിലിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം ചെയ്യാവുന്ന എല്ലാ സഹായങ്ങളും നൽകുന്നതാണ്.

## 10. വിദ്യാഭ്യാസ വായ്പ തിരിച്ചടവ്

ശ്രീ. പി. സി. ജോർജ്: സർ, വിദ്യാഭ്യാസ വായ്പ പഠിക്കാൻവേണ്ടി എടുത്തു പോയി എന്നതിന്റെ പേരിൽ പീഡിപ്പിക്കപ്പെടുന്ന ആയിരക്കണക്കിന് വിദ്യാർത്ഥികൾക്കും അവരുടെ മാതാപിതാക്കൾക്കും വേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കാൻവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കാർഷിക വായ്പയെടുത്താൽ അത് കർഷകന്റെ കയ്യിൽ കിട്ടുന്നുണ്ട്, തിരിച്ചടച്ചില്ലെങ്കിൽ നീ മേടിച്ച കാശാണ് കൊടുക്കണ്ടേ എന്നുചോദിക്കാം. ബാങ്കിൽ നിന്നു ലോണെടുത്താൽ നമ്മുടെ കയ്യിൽ പണം വരും. അത് തിരിച്ചടയ്ക്കാത്തതിനാൽ കുടിശ്ശികയാകുന്നതാണ്. വിദ്യാഭ്യാസ വായ്പയുടെ പ്രത്യേകത എന്താണ്? വിദ്യാഭ്യാസ വായ്പയ്ക്ക് അപേക്ഷിച്ചാൽ പകുതിയേ അനുവദിക്കാറുള്ളൂ. അനുവദിച്ചാൽത്തന്നെ ആ പൈസയിൽ വിദ്യാർത്ഥിയോ വിദ്യാർത്ഥിയുടെ മാതാപിതാക്കളോ തൊടുന്നില്ല, നേരെ വിദ്യാഭ്യാസ സ്ഥാപനത്തിലേക്ക് ആ തുക ചെല്ലുകയാണ്. അത് അടച്ചില്ലെന്നുപറഞ്ഞ് പീഡിപ്പിക്കുന്നതിന് കണക്കുവേണ്ടേ? ഇന്നലെ എസ്.ബി.ടി.-യുടെ പ്രമേയം വന്നപ്പോൾ എനിക്ക് ആ പ്രമേയത്തെ അനുകൂലിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നെങ്കിലും മിണ്ടാതിരുന്നതിന്റെ കാരണം ലോണെടുത്ത വിദ്യാർത്ഥികളോടും മാതാപിതാക്കളോടും ഏറ്റവും വലിയ ക്രൂരത പ്രവർത്തിക്കുന്നത് എസ്.ബി.ടി.-യാണ് എന്നതുകൊണ്ടാണ്. വളരെ മോശമായ പെരുമാറ്റം. ധനകാര്യ വകുപ്പുമന്ത്രിയോട് നന്ദിയുണ്ട്, 100 കോടി രൂപ അങ്ങ് മാറ്റിവച്ചു. എങ്ങനെ സംരക്ഷിക്കാൻ കഴിയുമെന്ന് നമുക്ക് പരിശോധിക്കണ്ടേ? നമുക്കറിയാം 2015 മാർച്ച് 31-നും 2016 മാർച്ച് 31-നും മുൻപായി വിവിധ ബാങ്കുകൾ നടത്തിയ തീവ്രപ്രവർത്തനങ്ങളുടെ ഫലമായി 2012 വരെ നൽകിയിട്ടുള്ള വിദ്യാഭ്യാസ വായ്പയിൽ 90 ശതമാനവും തിരിച്ചടച്ചുകഴിഞ്ഞു. അത് കഴിഞ്ഞിട്ടും 2013 മാർച്ച് 31 വരെ ബാങ്കിൽനിന്നും നൽകിയിട്ടുള്ളതും, കോഴ്സ് പൂർത്തീകരിച്ച് ജോലി ലഭിക്കാതെ വന്നിട്ടുള്ളതുമായ വിദ്യാർത്ഥികളിൽനിന്ന് ഇപ്പോൾ തുക തിരിച്ചുപിടിക്കുന്നതിനായി വിവിധ ബാങ്കുകൾ തികച്ചും അന്യായമായ മാർഗ്ഗങ്ങൾ സ്വീകരിച്ചുവരികയാണെന്നതാണ് എന്റെ സങ്കടം. ബാങ്കുകൾ സ്വീകരിച്ചുവരുന്ന അന്യായ നടപടികളിൽ ഏറ്റവും പ്രധാനപ്പെട്ടത് രക്ഷിതാക്കളുടെ പേരിലുള്ള വസ്തുക്കളിൽ നടപ്പിലാക്കുന്ന റവന്യൂ റിക്കവറി നടപടികളാണ്. ഇപ്രകാരം റവന്യൂ റിക്കവറി വരുന്ന രക്ഷിതാക്കൾക്ക് തുടർന്ന് വില്ലേജ് ഓഫീസുകളിൽനിന്ന് കരമൊടുക്ക് രസീത് വാങ്ങുന്നതിനോ, കൈവശാവകാശ സർട്ടിഫിക്കറ്റ് വാങ്ങുന്നതിനോ, ടി ആധാരങ്ങൾ ഏതെങ്കിലും സഹകരണ ബാങ്കിൽ പണയപ്പെടുത്തി ലോൺ വാങ്ങുന്നതിനോ അനുവാദമില്ല. അതെല്ലാം തടയപ്പെടുകയാണ്. വിദ്യാഭ്യാസ വായ്പയുടെ റവന്യൂ റിക്കവറി നടപടികളിൽ ജില്ലാ കളക്ടർമാർ ഒപ്പിടരുതെന്ന്

ഉത്തരവു നൽകിയേ മതിയാകൂ. ആ ഉത്തരവിലൂടെ വിദ്യാഭ്യാസ വായ്പയിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾ പൂർണ്ണമായും ഒഴിവാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. വിദ്യാഭ്യാസ വായ്പയിന്മേലുള്ള റവന്യൂ റിക്കവറി നടപടികളും ജപ്തി നടപടികളും നിർത്തൽ ചെയ്യാൻ ഈ ഗവൺമെന്റ് ഉത്തരവ് കൊടുക്കണ്ടേ? യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഉത്തരവ് കൊടുത്തു. ആ ഉത്തരവ് എങ്ങനെ പ്രതിഫലിച്ചു എന്നതിലേക്ക് ഞാൻ കടക്കുന്നില്ല. 2012 മാർച്ച് 31 വരെ നൽകിയ വിദ്യാഭ്യാസ വായ്പകൾ എഴുതിത്തള്ളിയാൽ എന്താണ് കുഴപ്പം? മല്ല്യയുടെ 6000 കോടി രൂപ എവിടെപ്പോയി? ബാങ്കുകാർ ചോദിക്കുന്നില്ലല്ലോ, പാവപ്പെട്ട കുഞ്ഞുങ്ങൾ പഠിച്ചു പാസ്സായി ജോലി കിട്ടാതെ, ശമ്പളം കിട്ടാതെ അവർ എങ്ങനെ ഈ പണം തിരിച്ചടയ്ക്കും? അതിനെപ്പറ്റി സംസാരിക്കാൻ ഇവിടെ ആളില്ല. എന്തൊരു മര്യാദകേടാണ് കാണിക്കുന്നത്. ജനങ്ങളെ കുത്തിപ്പിഴിയുകയാണ്. അമ്മയുടെ കെട്ടുതാലി പറിക്കുന്ന ഗുണ്ടാ സംഘങ്ങൾ, റിലയൻസ് കമ്പനി ഗുണ്ടകളുമായി ഇറങ്ങിയിരിക്കുകയാണ്. എനിക്ക് ഒരു വിദ്യാഭ്യാസ വായ്പയുമില്ല. ഇത് എന്റെ സ്വന്തം കാര്യമല്ല. കേരളത്തിലെ ബഹുഭൂരിപക്ഷം പാവപ്പെട്ട മാതാപിതാക്കളുടെ വേദനിക്കുന്ന അനുഭവമാണ് ഞാൻ ഈ സഭയിൽ പറയുന്നത്. തമിഴ്നാട് ഗവൺമെന്റിന്റെ വിദ്യാഭ്യാസനയം മാതൃകയാക്കാൻ എന്തുകൊണ്ട് ഡോ. ടി.എം. തോമസ് ഐസക്കിന് കഴിയുന്നില്ല. വിദ്യാഭ്യാസ വായ്പയെടുത്ത രക്ഷിതാക്കളുടെ പക്കൽനിന്നും ബാങ്കുകൾ സ്വീകരിച്ചിട്ടുള്ള ആധാരങ്ങൾ, സ്വർണ്ണപ്പണയ ഉരുപ്പടികൾ, ചെക്കുകൾ ഇവ തിരികെ നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കണം. വിദ്യാഭ്യാസ വായ്പയെടുത്ത രക്ഷിതാക്കൾക്ക് ലഭിക്കുന്ന പെൻഷൻ, തൊഴിലുറപ്പ് വേതനം ഇവയിൽനിന്നും ബാങ്കുകൾ തുക ഈടാക്കുന്ന നടപടിയിലേക്ക് പോകുകയാണ്. ഇത് അവസാനിപ്പിക്കേണ്ടേ? ഒന്നാലോചിച്ചു നോക്കണം. റിസർവ് ബാങ്കും, സെൻട്രൽ ഗവൺമെന്റും നൽകുന്ന നിർദ്ദേശങ്ങൾ ബാങ്കുകൾ പാലിക്കുന്നില്ല, ഇത് സമ്മതിക്കാൻ പറ്റുകയില്ല, വിദ്യാഭ്യാസ വായ്പയെടുത്തവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പരിഹാരമാർഗ്ഗം നിർദ്ദേശിക്കാനും കർഷക കടാശ്വാസ കമ്മീഷൻ മാതൃകയിൽ വിദ്യാഭ്യാസ വായ്പാ ആശ്വാസ കമ്മീഷൻ രൂപീകരിക്കണം. അങ്ങ് 100 കോടി രൂപ മാറ്റിവച്ചതിൽ നന്ദിയുണ്ട്. കേരളത്തിലെ ജനങ്ങൾ അങ്ങയെ ബഹുമാനിക്കും. ആ 100 കോടി രൂപ ഉപയോഗിച്ചുകൊണ്ട് എഴുതിത്തള്ളാൻ പറ്റുന്നത് എഴുതിത്തള്ളണം. അതുപോലെതന്നെ റവന്യൂ റിക്കവറി നടപടികൾ മുഴുവൻ സ്റ്റേ ചെയ്യാനുള്ള ഉത്തരവ് ശ്രീ. പിണറായി ഗവൺമെന്റ് കൊടുക്കണം. അങ്ങനെ വിദ്യാഭ്യാസ ലോണെടുത്ത പാവപ്പെട്ട വിദ്യാർത്ഥികളേയും അവരുടെ മാതാപിതാക്കളേയും സംരക്ഷിക്കാനുള്ള ശക്തമായ നടപടികൾ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, കേരളത്തിലെ പതിനായിരക്കണക്കിന് കുടുംബങ്ങളെ അലട്ടുന്ന വളരെ ഗൗരവമുള്ള പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം പി. സി. ജോർജ് സഭയിൽ സബ്മിഷനായി കൊണ്ടുവന്നിട്ടുള്ളത്. വിദ്യാഭ്യാസ വായ്പയെന്നുപറയുന്നത് ഇപ്പോൾ ലോകമെമ്പാടും അംഗീകരിക്കുന്ന ഒരു രീതിയാണ്. പക്ഷേ പാശ്ചാത്യരാജ്യങ്ങളും നമ്മുടെ രാജ്യവും തമ്മിലുള്ള വ്യത്യാസം, അവിടെ വായ്പയെടുത്ത് പഠിച്ചുകഴിഞ്ഞാൽ ഒന്നോ രണ്ടോ വർഷത്തിനുള്ളിൽ ജോലികിട്ടും. പലപ്പോഴും കുട്ടികൾ ഗ്രാഡ്യുവേഷൻ കഴിഞ്ഞാൽ ഒന്നുരണ്ടു വർഷം പണിയെടുത്ത് വായ്പ തിരിച്ചടച്ചിട്ടാണ് പോസ്റ്റ് ഗ്രാഡ്യുവേഷന് പോകുന്നത്. പക്ഷേ ഇവിടത്തെ പ്രത്യേകത, പതിനഞ്ച് വർഷം മുമ്പ് 10-ാം ക്ലാസ് പാസ്സായ ഒരാൾക്ക് ഒരു ജോലികിട്ടണമെങ്കിൽ പതിനഞ്ച് വർഷംവരെയും പ്രീഡിഗ്രി കഴിഞ്ഞ ആളാണെങ്കിൽ പതിനാല് വർഷവും ഡിഗ്രി കഴിഞ്ഞ ഒരാൾക്ക് എട്ടോ ഒൻപതോ വർഷംവരെയും കാത്തിരിക്കണമായിരുന്നു. പ്രൊഫഷണൽ കോഴ്സ് പാസ്സായവർക്ക് അന്ന് ഒരു വർഷത്തിനുള്ളിൽ ജോലി കിട്ടുന്ന സ്ഥിതി വിശേഷമുണ്ടായിരുന്നു. ഇന്നിപ്പോൾ ഈ വെയിറ്റിംഗ് പീരീഡ് വർദ്ധിച്ചിരിക്കാനാണ് സാദ്ധ്യത. അതിനാൽ വിദ്യാഭ്യാസം കഴിഞ്ഞ് പണം തിരിച്ചടയ്ക്കാനുള്ള വരുമാനം, വിദ്യാഭ്യാസത്തിലൂടെ നേടിയ ജോലിയിൽനിന്നും കിട്ടുന്നില്ലെന്നതാണ് ഇവിടത്തെ പ്രതിസന്ധിയുടെ അടിസ്ഥാനം. നമ്മളിവിടെ സ്വീകരിച്ചിട്ടുള്ള നടപടികളിൽ ഒന്ന്, 2015-ൽ എസ്.ബി.ടി. ചെയ്തതിനെതിരായി കേരള നിയമസഭ ഒരു പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തു. എന്നാൽ ഇത് റിസർവ് ബാങ്കിന്റെ അംഗീകാരത്തോടെ നടക്കുന്ന പരിപാടിയാണെന്നും ബാങ്കിന്റെ ദൈനംദിന പ്രവർത്തനത്തിന്റെ ഭാഗമായിട്ടുള്ളതാണെന്നും അതിനാൽ കേന്ദ്ര സർക്കാർ ഇടപെടില്ലെന്നുമുള്ള ഔപചാരികമായ മറുപടി കേന്ദ്ര സർക്കാർ കേരള സർക്കാരിന് അയച്ചുതരികയാണ് ചെയ്തത്. അതിനുശേഷം നമ്മൾ മുൻകയ്യെടുത്ത് ഒരു നടപടി സ്വീകരിച്ചിരുന്നു. 2004 മുതൽ 2009 വരെയുള്ള കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പയെടുക്കുകയും വിദ്യാഭ്യാസത്തെത്തുടർന്ന് ജോലി ലഭിക്കാത്തതുമായ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ കാലത്തെ പലിശബാധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതാണെന്ന് 2012-2013-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ വിവിധ സർക്കാർ ഉത്തരവുകളിലായി 10-4-2016 വരെ ബി.പി.എൽ. വിഭാഗത്തിൽ പെട്ടവരുടെ വിദ്യാഭ്യാസ വായ്പകളിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾ മരവിപ്പിക്കുന്നതിനുള്ള മോറട്ടോറിയം സർക്കാർ നടപ്പാക്കുകയുണ്ടായി. ഇതിനായി വിവിധ ജില്ലാ കളക്ടർമാരിൽനിന്നും ലഭ്യമായ പ്രൊപ്പോസലുകൾക്ക് ഫണ്ട് അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതുകൂടാതെ കേന്ദ്ര സർക്കാരും നടപടി

സ്വീകരിക്കുകയുണ്ടായി. 2014-2015-ലെ കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനപ്രകാരം 1-4-2009 വരെ വിദ്യാഭ്യാസ വായ്പയെടുത്ത നാലരലക്ഷം രൂപ വരെ വാർഷിക കുടുംബവരുമാനമുള്ളവരുടെ 31-12-2013 വരെയുള്ള വായ്പാകുടിശ്ശികയുടെ പലിശ ഏറ്റെടുക്കുന്നതിനുള്ള ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചു. ഇപ്രകാരം കേന്ദ്രസർക്കാരിന്റെ പലിശ സബ്സിഡിക്ക് അപേക്ഷിച്ചവരുടെ വിദ്യാഭ്യാസ വായ്പകളിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾ മരവിപ്പിക്കുന്നതിനുള്ള മൊറട്ടോറിയം ഏറ്റവുമൊടുവിൽ 8-12-2015 മുതൽ 31-5-2016 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. ഇതാണ് ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള രണ്ട് പ്രധാനപ്പെട്ട നടപടികൾ. ഇപ്പോഴത്തെ സ്ഥിതിവിശേഷം സർക്കാരിന്റെ കയ്യിലോ പൊതുമണ്ഡലത്തിലോ ആർക്കൊക്കെയാണ് വായ്പ, എത്ര രൂപ മൊത്തം വായ്പാത്തുകയുണ്ട്, ഏതൊക്കെ ബാങ്കുകളിലാണ് എന്നതിനെക്കുറിച്ച് ഒരു ധാരണയുമില്ല. അതുകൊണ്ട് അടിയന്തരമായി ബാങ്കേഴ്സ് ലെവൽ കമ്മിറ്റിയുടെ യോഗം വിളിക്കുകയും ആ യോഗത്തിൽ ഇതിന്റെ വലിപ്പമെത്രയാണെന്ന് പരിശോധിക്കുകയും ചെയ്യും. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ മാനേജരുമായി സംസാരിച്ചപ്പോൾ ഏതാണ്ട് പതിനായിരം കോടി രൂപ കേരളത്തിൽ ഔട്ട്സ്റ്റാന്റിംഗായിട്ടുണ്ടെന്നാണ് അറിയുവാൻ കഴിഞ്ഞത്. നിജസ്ഥിതി കൃത്യമായി പരിശോധിക്കാം. അതിനുശേഷം അവരുടെ മുന്നിൽ വയ്ക്കാൻപോകുന്ന നിർദ്ദേശമിതാണ്. ഒന്ന്, ജോലി കിട്ടുന്നതുവരെ വായ്പാതിരിച്ചടവിന് നിർബന്ധിക്കുകയോ അതിന്റെ മേൽനടപടിയോ ഒന്നും ഉണ്ടാകുവാൻ പാടില്ല. പലപ്പോഴും അവർക്ക് കിട്ടുന്ന ജോലി ഗ്രേ ജോലികളായിരിക്കും. നേഴ്സിംഗ് പാസ്സായ ഒരാൾക്ക് വിദേശത്തോ സർക്കാർ ജോലിയോ കിട്ടുന്നുവെങ്കിൽ അയാൾക്ക് വായ്പ തിരിച്ചടയ്ക്കാൻ കഴിയും. പക്ഷേ ഇവിടത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ ജോലി ലഭിക്കുന്ന ഒരു ഉദ്യോഗാർത്ഥിക്കാണെങ്കിൽ കിട്ടുന്ന ശമ്പളംവച്ച് എങ്ങനെ വായ്പ തിരിച്ചടയ്ക്കാൻ കഴിയും? അങ്ങനെകിട്ടുന്ന ശമ്പളത്തിന്റെ ഒരു പത്തോ ഇരുപത്തോ ശതമാനത്തിന് അപ്പുറത്തേയ്ക്ക് തിരിച്ചടവിന് നിർബന്ധിക്കാൻ പാടില്ല. അതിന് സന്നദ്ധമാണെങ്കിൽ ഈ കാലയളവിൽ അവരുടെ പലിശയുടെ ബാധ്യതയ്ക്ക് സർക്കാരിൽനിന്നും ധനസഹായം നൽകുന്നതിനായി 100 കോടി രൂപ മാറ്റിവച്ചിരിക്കുന്നു. അതുസംബന്ധിച്ച് ഒരു സ്കീമുണ്ടാക്കണമെന്ന കാര്യം ബാങ്കുകളോട് സംസാരിക്കാനിരിക്കുകയാണ്. അതിന്റെയടിസ്ഥാനത്തിൽ മൊറട്ടോറിയം ദീർഘിപ്പിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും. ബാങ്ക് വായ്പകൾ എഴുതിത്തള്ളാൻ കഴിയില്ല. ഇങ്ങനെയുള്ള നടപടികളേ സർക്കാറിന് സ്വീകരിക്കാൻ കഴിയൂ. ശ്രീ. പി. സി. ജോർജ് ഇവിടെ അവതരിപ്പിച്ച സബ്മിഷൻ വളരെ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. ഏറ്റവും മുന്തിയ പരിഗണന നൽകി അടുത്തമാസംതന്നെ ഇതിന്റെ മേൽനടപടികൾ സ്വീകരിക്കും.

## 11. ജാതി സർട്ടിഫിക്കറ്റ്

ശ്രീ. സി. കെ. ശശീന്ദ്രൻ : സർ, പട്ടികജാതി പട്ടിവർഗ്ഗ ജന വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് കിട്ടുന്നതിനുള്ള തടസ്സങ്ങൾ ലഘൂകരിക്കുന്നതിനും സർട്ടിഫിക്കറ്റ് ലഭിച്ചവർക്കുപോലും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഉൾപ്പെടെ നിഷേധിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. കേരളത്തിലെ എല്ലാ ജില്ലകളിൽനിന്നും ആന്ധ്രാപ്രദേശ്, തമിഴ്നാട്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നും താമസിക്കുന്നവരാണ് വയനാട്ടിൽ പട്ടികജാതി ജനവിഭാഗങ്ങളിലെ മഹാ ഭൂരിപക്ഷവും. ഇവർക്ക് സർട്ടിഫിക്കറ്റ് കിട്ടാൻ ജൻമ സ്ഥലത്തുനിന്നും രേഖകൾ ഹാജരാക്കേണ്ടതായിട്ടുണ്ട്. കുടിയേറിയ കാലഘട്ടത്തി ലുണ്ടായിരുന്ന തലമുറകളെല്ലാം മരിച്ചുപോയി. ഇപ്പോൾ ജീവിച്ചിരിക്കുന്നവർക്ക് മാതാപിതാക്കളുടെ ജൻമസ്ഥലവുമായി യാതൊരു ബന്ധവുമില്ല, രേഖകൾ കിട്ടാൻ പ്രയാസവുമാണ്. അതിനാൽ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയണം. 1950-ൽ ആണ് ഒരു പ്രസിഡൻഷ്യൽ ഓർഡർ ഇതു സംബന്ധിച്ച് പുറത്തിറക്കിയത്. 1950-നു ശേഷം കുടിയേറിപ്പാർത്തവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കുമെങ്കിൽപോലും യാതൊരു വിധ ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 256 ആദികർണ്ണാടക കുടുംബങ്ങളും 354 ബാക്കിട കുടുംബങ്ങളും തോട്ടം മേഖലയിൽ ജോലി ചെയ്യുന്നുണ്ട്. ആദികർണ്ണാടക കർണ്ണാടകത്തിൽനിന്ന് കുടിയേറിപ്പാർത്തവരും ബാക്കിട വിഭാഗം കാസർഗോഡ്നിന്നും മംഗലാപുരത്തുനിന്നും വന്നവരുമാണ്. ഇവർക്കൊന്നും രേഖകൾ ഹാജരാക്കാൻ കഴിയുന്നില്ല. ജാതി സർട്ടിഫിക്കറ്റ് ലഭിക്കാത്തതിന്റെ ഫലമായി ഉന്നത വിദ്യാഭ്യാസത്തിന് സീറ്റ് കിട്ടുന്നില്ലെന്നതുൾപ്പെടെ നിരവധി പരാതികൾ അവിടത്തെ എം.എൽ.എ. എന്ന നിലയ്ക്ക് എനിക്ക് ലഭിക്കുന്നുണ്ട്. അതിൽ ഒരു പരാതി സബ്മിഷനിലൂടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 1979-ലും 1986-ലും കേരള ഗവൺമെന്റ് രണ്ട് ഉത്തരവുകൾ ഇതുസംബന്ധിച്ച് ഇറക്കിയിട്ടുണ്ട്. അതിലെല്ലാം അവ്യക്തത തുടരുകയാണ്. അതുകൊണ്ട് കിർത്താഡ്സിനെ കൊണ്ട് പഠനം നടത്തി കുടിയേറ്റക്കാലം പരിഗണിക്കാതെ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നും ഉന്നത വിദ്യാഭ്യാസത്തിന് നിരവധി പട്ടികജാതി വിദ്യാർത്ഥികൾ ഇപ്പോൾ പ്രയാസപ്പെടുന്നതിനാൽ തടസ്സങ്ങൾ ഒഴിവാക്കി ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ അടിയന്തരപ്രാധാന്യത്തോടെ ഇടപെടണമെന്നമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, ശ്രീ. സി. കെ. ശശീന്ദ്രൻ ഉന്നയിച്ച പ്രശ്നം വളരെ പ്രധാനപ്പെട്ടതും വളരെ സങ്കീർണ്ണവുമായ കാര്യമാണ്. ഇതുവരെ പരിഹരിക്കാൻ കഴിയാത്ത കുറെ പ്രശ്നങ്ങൾ ഇതിന്റെ ഭാഗമായിട്ടുണ്ട്. സംസ്ഥാനത്ത് കുടിയേറി താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ

വിഭാഗക്കാർക്ക് സമുദായ സാക്ഷ്യപത്രം നൽകുന്നതുസംബന്ധിച്ച് 12-2-1986-ലെ സർക്കാർ ഉത്തരവുപ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിൽ കുടിയേറി താമസിക്കുന്നവർക്ക് സമുദായ സാക്ഷ്യപത്രം നൽകുന്ന കാര്യത്തിൽ കേന്ദ്രസർക്കാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ 12-2-1986-ലെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഈ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 1950-ലെ പ്രസിഡൻഷ്യൽ ഉത്തരവ് നിലവിൽ വരുന്നതിനുമുമ്പ് ഈ സംസ്ഥാനത്ത് സ്ഥിര താമസമാക്കുകയും അവർ മുമ്പ് താമസിച്ചിരുന്ന സംസ്ഥാനത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ ലിസ്റ്റിൽ അവരുടെ ജാതി/സമുദായം ഉൾപ്പെടുകയും അതേ ജാതി/സമുദായം കേരള സംസ്ഥാനത്തെ പട്ടികജാതി/ പട്ടികവർഗ്ഗ ലിസ്റ്റിലും ഉൾപ്പെടുകയും ചെയ്താൽ മാത്രമേ അവർക്ക് പട്ടികജാതി/പട്ടികവർഗ്ഗ സമുദായ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും പലവിധ ജോലികൾക്കായി 1950-നുമുമ്പുതന്നെ കുടിയേറിപ്പാർത്തവർക്ക് 1950-നുമുമ്പ് അവർ ഇവിടെ സ്ഥിരതാമസമാക്കിയതിന്റെ രേഖകളും സ്വന്തം സംസ്ഥാനത്ത് താമസിച്ചതിന്റെ രേഖകളും ഇല്ലാതെ വന്നതുകൊണ്ട് ഇവിടെ ജാതി സർട്ടിഫിറ്റ് ലഭിക്കുന്നതിൽ തെളിവുകൾ നൽകുന്നതിലെ ബുദ്ധിമുട്ട് നേരിടുന്ന കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം വിഭാഗങ്ങളുടെ പരാതി വരുന്ന സമയങ്ങളിൽ കിർത്താഡ്സ് മുഖേന നരവംശശാസ്ത്രപരമായ തെളിവുകൾ ശേഖരിച്ച് പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നത്. എന്നാൽ 1950-നുമുമ്പ് സംസ്ഥാനത്ത് കുടിയേറിപ്പാർത്തതിന് തെളിവുകൾ നൽകുന്നവരുടെ കാര്യത്തിൽ നിലവിൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് യാതൊരു തടസ്സവുമില്ല. ഇതാണ് ഈ സബ്മിഷന്റെ മറുപടിയായി സൂചിപ്പിക്കാനുള്ളത്. എന്നാൽ ഇതിന്റെ ഭാഗമായി വ്യക്തിപരമായി ചിലർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പോയി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അനുമതി വാങ്ങുന്നുണ്ട്. അതിന് അനുകൂലമായ നിലപാടാണ് സർക്കാർ പലപ്പോഴും സ്വീകരിക്കാറുമുള്ളത്.

## 12. അഭിഭാഷക ക്ഷേമനിധി

ശ്രീമതി പി. അയിഷാ പോറ്റി : സർ, അഭിഭാഷക ക്ഷേമനിധിയിൽ അംഗങ്ങളായ കേരളത്തിലെ അഭിഭാഷകർക്ക് 5 ലക്ഷം രൂപയാണ് ഇപ്പോൾ പരമാവധി തുകയായി അവരുടെ പ്രാക്ടീസ് നിർത്തുമ്പോൾ കിട്ടുന്നത്. ഇത് തീരെ അപര്യാപ്തമായ തുകയാണ്. ചുരുങ്ങിയത് പത്ത് ലക്ഷം രൂപയായി അത് ഉയർത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇപ്പോൾ വാല്യേഷനുള്ള കേസ്സുകളിൽ ലീഗൽ ബെനിഫിറ്റ് ഫണ്ടിലേക്ക് ഒരു ശതമാനം തുക അടയ്ക്കണം. ഇത് നല്ലൊരു തുക വരും. ഈ തുകയിൽ 30 ശതമാനം 4800-ഓളം മാത്രം അംഗങ്ങളുള്ള അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ ക്ഷേമനിധിയിലേക്കു ബാക്കി 70 ശതമാനത്തിന്റെ

പകുതി മാത്രം ഇരുപത്തിരണ്ടായിരത്തിലധികം അംഗങ്ങളുള്ള അഭിഭാഷക ക്ഷേമ നിധിയിലേയ്ക്കും കൊടുക്കുന്നു. ഈ അനുപാതത്തിലെ പൊരുത്തക്കേട് പരിഹരിക്കണം. അഭിഭാഷക ക്ഷേമനിധിയിലേക്ക് നേരത്തെ 50 ശതമാനമെന്നാണ് പ്രൊപ്പോസൽ കൊടുത്തിരുന്നത്. അത് നടപ്പിലായിട്ടില്ല. അഭിഭാഷക ക്ഷേമനിധിയിലേക്ക് അർഹമായ വിഹിതം, അതായത്, ലീഗൽ ബെനിഫിറ്റ് ഫണ്ടിൽനിന്നും 50 ശതമാനമെങ്കിലും നൽകാനുള്ള തീരുമാനമുണ്ടാകണം. അതുപോലെ എൻറോൾ ചെയ്ത് പ്രാക്ടീസ് ആരംഭിക്കുന്ന ജൂനിയർ അഭിഭാഷകരുടെ സ്ഥിതി വളരെ കഷ്ടമാണ്. അവർക്ക് ഒന്നു പിടിച്ചുകയറുന്നതുവരെ രണ്ട് വർഷത്തേയ്ക്ക് പ്രതിമാസം 3000 രൂപ വച്ചെങ്കിലും സ്റ്റൈപന്റ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഗവൺമെന്റിന്റെ പരിഗണനയിലുള്ള ഒരു വിഷയമാണ് അഡ്വക്കേറ്റ് പി. അയിഷാ പോറ്റി ഇവിടെ ഉന്നയിച്ചത്. ഞാൻ പ്രാക്ടീസ് ചെയ്യുന്ന സമയത്ത് 5 ലക്ഷം രൂപയാണ് ക്ഷേമപദ്ധതിയിൽനിന്ന് കൊടുത്തത്. അഭിഭാഷകരുടെ ക്ഷേമനിധി നിലവിൽ 5 ലക്ഷം രൂപയാണ്. ഇത് പത്ത് ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ട്. അതിന് കേരള അഡ്വക്കേറ്റ് വെൽഫെയർ ഫണ്ട് ആക്ട് 1950 ഭേദഗതി ചെയ്യേണ്ടതുണ്ട്. അതിനായുള്ള ഒരു കരട് ഭേദഗതി ബിൽ ഇതിനോടകം തയ്യാറാക്കിയിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ബിൽ അവതരിപ്പിച്ച് പാസ്സാക്കാൻ സാധിക്കുമെന്നാണ് വിശ്വസിക്കുന്നത്. നിലവിൽ ലീഗൽ ബെനിഫിറ്റ് ഫണ്ടിൽനിന്ന് ആനുപാതികമായ തുക അഭിഭാഷക ക്ഷേമനിധിയിലേക്ക് ലഭിക്കുന്നില്ല എന്നതാണ് സബ്മിഷനിൽ ഉന്നയിച്ച രണ്ടാമത്തെ കാര്യം. കേരള കോർട്ട് ഫീസും വ്യവഹാര സലയും ആക്ടിന്റെ 76-ാം വകുപ്പ് പ്രകാരം ഈടാക്കുന്ന കോർട്ട് ഫീയുടെ പോയിന്റ് അഞ്ച് (0.5) ശതമാനം തുക ലീഗൽ ബെനിഫിറ്റ് ഫണ്ടിലേക്ക് മാറ്റേണ്ടതാണ്. അതിന്റെ 50 ശതമാനം അഭിഭാഷക ക്ഷേമനിധിയിലേക്കും 30 ശതമാനം അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധിയിലേയ്ക്കും 20 ശതമാനം കോടതികളുമായി ബന്ധപ്പെട്ട മറ്റ് ആവശ്യങ്ങൾക്കും വിനിയോഗിക്കേണ്ടതാണ്. എന്നാൽ അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധിയിലേയ്ക്ക് 30 ശതമാനം തുക ആദ്യം നീക്കിവച്ചശേഷം ബാക്കിയുള്ള തുകയുടെ 50 ശതമാനം മാത്രമേ അഭിഭാഷക ക്ഷേമനിധിയിലേയ്ക്ക് വരുന്നുള്ളൂ. 50:30:20 എന്ന രീതിയിൽ വീതിക്കേണ്ടതിനുപകരം 30 ശതമാനം നീക്കി വച്ചതിനുശേഷം ബാക്കിയുള്ള തുകയുടെ 50 ശതമാനം വീതിക്കുമ്പോൾ

യഥാർത്ഥത്തിൽ 50:30:20 എന്ന തോതിനേക്കാൾ കുറവായിരിക്കും അഭിഭാഷക സമിതിയിലേക്ക് സംഖ്യ വരുന്നത് എന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം നിയമവകുപ്പ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

എൻറോൾ ചെയ്തതുമുതൽ രണ്ടുവർഷക്കാലം യഥാർത്ഥ പ്രാക്ടീസ് ചെയ്യുന്ന ചില വിഭാഗങ്ങളിൽപ്പെട്ട ജൂനിയർ അഭിഭാഷകർക്ക് നിലവിൽ വാർഷിക സ്റ്റൈപന്റ് നൽകുന്നതിനുള്ള ചില പദ്ധതികൾ നിലവിലുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും പിന്നോക്ക വിഭാഗങ്ങൾക്കും ഇതിന്റെ ഗുണം കിട്ടുന്നുണ്ട്. എന്നാൽ മുന്നോക്കസമുദായത്തിലെ പാവപ്പെട്ടവർക്കുകൂടി ഇത് ലഭ്യമാകേണ്ടതാണ്. ഈ പദ്ധതികൾ സംയോജിപ്പിച്ച് എല്ലാ വിഭാഗത്തിലുംപെട്ട ജൂനിയർ അഭിഭാഷകർക്ക് സ്റ്റൈപന്റ് നൽകുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നതിനെപ്പറ്റി സർക്കാർ പരിശോധിക്കുകയാണ്. ഞാൻ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുമായി ബഡ്ജറ്റിനു മുമ്പുതന്നെ ഇക്കാര്യം സംസാരിച്ചതാണ്. പക്ഷെ അതിന്റെ ഭാഗമാക്കാൻ കഴിഞ്ഞില്ല. എന്തായാലും പോസിറ്റീവായിട്ടുള്ള സമീപനമായിരിക്കും അദ്ദേഹത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്നതെന്ന് വിശ്വസിക്കുന്നു. ഇത് ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ട്.

## 13. കുഴിമണ്ണ സി.എച്ച്.സി.-യിലെ അടിസ്ഥാന സൗകര്യങ്ങൾ

ശ്രീ. പി. കെ. ബഷീർ: സർ, എന്റെ മണ്ഡലത്തിലെ കുഴിമണ്ണ പഞ്ചായത്തിലെ പി.എച്ച്.സി. 26-2-2016-ലെ സർക്കാർ ഉത്തരവുപ്രകാരം സി.എച്ച്.സി.യായി ഉയർത്തിയിരുന്നു. വളരെയധികം പോരായ്മകളുണ്ടെങ്കിലും എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽനിന്നും അവിടത്തെ അടിസ്ഥാന സൗകര്യങ്ങൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി വളരെ മോശമാണെന്നറിയാം. എങ്കിലും അടിയന്തരമായി അവിടെ രണ്ട് ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 26-2-2016-ലെ ഉത്തരവുപ്രകാരം മലപ്പുറം ജില്ലയിലെ അരീക്കോട് ബ്ലോക്ക് പഞ്ചായത്തിലെ കുഴിമണ്ണ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കുഴിമണ്ണ പി.എച്ച്.സി.-യെ സി.എച്ച്.സി.-യായി ഉയർത്തിയിട്ടുണ്ട്. ഈ ആരോഗ്യകേന്ദ്രത്തിന് ഒരേക്കർ സ്ഥലവും നിലവിൽ രണ്ട് കെട്ടിടങ്ങളും ക്വാർട്ടേഴ്സുകളുമൊക്കെയുണ്ട്. അരീക്കോട് ബ്ലോക്ക് പഞ്ചായത്തിൽ പുതുതായി പദവി ഉയർത്തിയ കുഴിമണ്ണ

സി.എച്ച്.സി. കൂടാതെ ഓമാനൂർ, എടവണ്ണ എന്നീ സി.എച്ച്.സി.-കളും പദവി ഉയർത്തിയ ഉർങ്ങാട്ടിരി സി.എച്ച്.സി.-യും നിലവിലുണ്ട്. കുഴിമണ്ണ സി.എച്ച്.സി.-യിൽ നിന്ന് ഓമാനൂർ സി.എച്ച്.സി.യിലേക്ക് 8 കി.മീ. ദൂരമുണ്ട്. ഉർങ്ങാട്ടിരി - എടവണ്ണ എന്നീ സി.എച്ച്.സി.-കളിലേക്ക് 25 കിലോമീറ്ററോളം ദൂരവുമുണ്ട്. കുഴിമണ്ണ സി.എച്ച്.സി.-യിൽനിന്നും ഏകദേശം 10 കിലോമീറ്ററോളം ദൂരത്തായി അരീക്കോട് താലൂക്കാശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. ഒരു ബ്ലോക്ക് പഞ്ചായത്തിലെ ഒരു ആശുപത്രിയിൽ സ്പെഷ്യാലിറ്റി ആരംഭിക്കുക എന്ന രീതിയിൽ ഒരു സി.എച്ച്.സി. ഉണ്ടാകുക എന്ന ധാരണ പ്രകാരമാണ് താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടുള്ളത്. എന്നാൽ പദവി ഉയർത്തിയ പല സാമൂഹ്യാരോഗ്യകേന്ദ്രങ്ങളിലും സി.എച്ച്.സി.കളിൽ പ്രത്യേകിച്ച് സി.എച്ച്.സി. പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കുകയോ പലയിടത്തും അടിസ്ഥാന സൗകര്യങ്ങളൊരുക്കുകയോ ചെയ്തിരുന്നില്ല. ഇപ്പോൾ ഗവൺമെന്റിന്റെ നയമനുസരിച്ച് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇവിടെ ഭൗതിക സൗകര്യങ്ങൾ ഏറെക്കുറെയുണ്ട്, തസ്തിക സൃഷ്ടിക്കാൻ ഉറപ്പായും ഘട്ടംഘട്ടമായി നടപടി സ്വീകരിച്ചുവരികയാണ്.

## 14. നെടുങ്ങോലം താലൂക്കാശുപത്രി

ശ്രീ. ജി. എസ്. ജയലാൽ : സർ, ചാത്തന്നൂർ മണ്ഡലത്തിൽ പരവൂർ മുനിസിപ്പാലിറ്റിയിലുള്ള നെടുങ്ങോലം താലൂക്ക് ആശുപത്രിയുമായി ബന്ധപ്പെട്ടാണ് ഞാൻ സബ്മിഷൻ അവതരിപ്പിക്കുന്നത്. കഴിഞ്ഞ നിയമസഭയിലും നിരവധി തവണ ഈ വിഷയം ഞാൻ അവതരിപ്പിച്ചതാണെങ്കിലും യാതൊരു പ്രയോജനവും ഉണ്ടായില്ല. 2010-ൽ താലൂക്ക് ആശുപത്രിയായി ഉയർത്തിയ ഒരു ആശുപത്രിയുടെ ഗതികേടിനെക്കുറിച്ചാണ് ഞാൻ പറയുന്നത്. കഴിഞ്ഞ 6 വർഷമായി ഒരു തസ്തികപോലും അനുവദിക്കപ്പെടാത്ത ഒരു ആശുപത്രിയാണിത്. അവിടെ 1500-ൽ അധികം രോഗികളാണ് ദിവസേന ഒ.പി.യിൽ വരുന്നത്. ഡോക്ടർമാരുടെ കുറവുമൂലം അവിടെ ചികിത്സ നടക്കാത്ത സ്ഥിതിയാണ്. എൻ.എച്ച്.എം. സ്കീം അനുസരിച്ചുള്ള ഡോക്ടർമാരുടെ സഹായമാണ് ലഭിച്ചുകൊണ്ടിരുന്നത്. ഇപ്പോൾ ഡോക്ടർമാരെ കിട്ടാത്തതിനാൽ 12 മണിക്കൂർ കാഷ്വാലിറ്റി അടച്ചിട്ടിരിക്കുകയാണ്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയ്ക്ക് വിവിധ ഫണ്ടുകളുപയോഗിച്ച് 11 കോടി രൂപയുടെ അടിസ്ഥാനസൗകര്യവികസനം ഉറപ്പാക്കി. അതിന്റെ ഫലമായി ഉണ്ടായിട്ടുള്ള ലേബർ റൂമുകൾ, ഓപ്പറേഷൻ തീയറ്റർ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉദ്ഘാടനം ചെയ്തുവെങ്കിലും വർഷങ്ങളായി ഇത് പൂട്ടിയിട്ടിരിക്കുകയാണ്. അവിടെ വമ്പിച്ച ജനകീയ പ്രക്ഷോഭമുണ്ടാകുകയാണ്. അടുത്തകാലത്തായി മൂന്ന് ക്രൈം കേസുകൾ

ആ ആശുപത്രിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടുകൊണ്ട് ഉണ്ടായിരിക്കുകയാണ്. രോഗികളുടെ കൂട്ടിരിപ്പുകാരും ഒ.പി.യിൽ വരുന്ന രോഗികളും അവിടത്തെ ജീവനക്കാരും തമ്മിലുള്ള പ്രശ്നം ക്രമസമാധാനപ്രശ്നമായി മാറി. ജീവനക്കാർ ഒരുഭാഗത്ത് സമരം, ജനങ്ങൾ മറ്റൊരുഭാഗത്ത് സമരം. അങ്ങനെ വലിയ സമരം അതുമായി ബന്ധപ്പെട്ടുകൊണ്ട് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. 2016-17-ലെ ബഡ്ജറ്റിൽ ഈ പറയുന്ന നിർദ്ദേശങ്ങളെല്ലാം ഉണ്ടായിട്ടുണ്ട്. പക്ഷെ ഒരു മണിക്കൂർ പോലും ആ ആശുപത്രി പ്രവർത്തിപ്പിക്കാൻ കഴിയാത്ത സാഹചര്യമാണ് ഇപ്പോഴുള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. തൊട്ടടുത്ത മന്ത്രിസഭായോഗങ്ങളിൽ ഇത്തരം കാര്യങ്ങൾ അടിയന്തരമായി ഏറ്റെടുത്ത് താലൂക്ക് ആശുപത്രിക്കാവശ്യമായ തസ്തികകൾ പൂർണ്ണമായും സൃഷ്ടിക്കാനുള്ള നടപടിയെടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ 66 കിടക്കകളാണുള്ളത്. പ്രതിദിനം 900 ഒ.പി. അവിടെ വരുന്നുണ്ട്. ഗൈനക്കോളജി, പീഡിയാട്രിക്, ഓർത്തോ, ഡെർമറ്റോളജി മുതലായ സ്പെഷ്യാലിറ്റി വിഭാഗങ്ങളുടെ സേവനവും ജെറിയാട്രിക് ഒ.പി. ബ്ലഡ് സ്റ്റോറേജ് സെന്റർ തുടങ്ങിയ സംവിധാനങ്ങളൊക്കെയുണ്ട്. 24 മണിക്കൂർ കാഷ്വാലിറ്റി സംവിധാനവും ഇപ്പോൾ ലഭ്യമാണ്. ലേബർ റൂം, ഓപ്പറേഷൻ തീയറ്റർ, ഐ.സി.യു. തുടങ്ങിയവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത ആശുപത്രിയിൽ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുകയാണ് വേണ്ടത്. ഇക്കാര്യം ഇവിടെ ഏറെക്കുറെ എല്ലാ അംഗങ്ങളും ഉന്നയിക്കുന്ന പൊതുവിഷയമായി വരുകയാണ്. കേരളത്തിലെ ആശുപത്രികളിൽ തസ്തികകൾ സൃഷ്ടിക്കുക എന്നുള്ളത് ഭാരിച്ച ഉത്തരവാദിത്തമായി ഗവൺമെന്റിന്റെ മുമ്പാകെ വന്നിട്ടുണ്ട്. പക്ഷെ തസ്തികകൾ സൃഷ്ടിച്ചേ മതിയാവുകയുള്ളൂ. ജനകീയ ചികിത്സ ഉറപ്പുവരുത്തുക എന്ന നയത്തിന്റെ ഭാഗമായി ഇതുപോലുള്ള ആശുപത്രികളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുമാത്രമേ രോഗികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയുള്ളൂ. ഈ ആശുപത്രിയിൽ തസ്തിക സൃഷ്ടിക്കാൻ ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുന്നുണ്ട്. നേരത്തെയുള്ള ഒരു പ്രൊപ്പോസൽ നിലവിലുണ്ട്. അത് ഗൗരവമായി പരിഗണിക്കും. 9 ഡോക്ടർമാരുടെ തസ്തികകളിൽ 3 എണ്ണം ഒഴിഞ്ഞുകിടക്കുകയാണ്. സിവിൽ സർജൻ, ജൂനിയർ കൺസൾട്ടന്റ്, അസിസ്റ്റന്റ് സർജൻ എന്നീ തസ്തികകളിൽ ഓരോന്നുവീതമാണ് ഒഴിവുള്ളത്. അസിസ്റ്റന്റ് സർജന്മാരിൽനിന്ന് സിവിൽ സർജന്മാരുടെ പ്രൊമോഷൻ ഇപ്പോൾ നടത്തുന്നുണ്ട്.

ഇത് പൂർത്തീകരിക്കുന്ന മുറയ്ക്ക് സിവിൽ സർജന്റെ തസ്തികയിൽ നിയമനം നടത്തുന്നതാണ്. അതുപോലെ നിലവിലുള്ള ജൂനിയർ കൺസൾട്ടന്റ്, പീഡിയാട്രിക് തസ്തികകളിലേയ്ക്ക് സ്ഥലംമാറ്റത്തിലൂടെ ഒരു ഡോക്ടറെ നിശ്ചയിച്ചിട്ടുണ്ട്. അസിസ്റ്റന്റ് സർജന്റെ ഒഴിവുള്ള തസ്തികകളിലേക്ക് ഇപ്പോൾ പഠനാവധി കഴിഞ്ഞുവരുന്ന ഡോക്ടർമാരിൽനിന്നും നിയമനം നടത്താനുള്ള തീരുമാനം ഗവൺമെന്റ് എടുത്തിട്ടുണ്ട്. ആ തീരുമാനമനുസരിച്ച് നിയമനം നടത്തുന്നതാണ്. തസ്തിക സൃഷ്ടിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഉറപ്പായും തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

12.00 Noon]

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## 15. അസംസ്കൃത കന്നുകാലി മാംസ വിൽപ്പന

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, മലയാളികളിൽ സസ്യഭക്ഷണവും മാംസഭക്ഷണവും കഴിക്കുന്നവർ ധാരാളമുണ്ട്. മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നതുപോലെ മാംസഭക്ഷണവും മറ്റ് സംസ്ഥാനങ്ങളിൽ നിന്നാണ് പ്രധാനമായും ഇവിടെ വന്നുകൊണ്ടിരിക്കുന്നത്. നേരത്തെ വർത്തമാന പത്രങ്ങളിലും അതുപോലെത്തന്നെ ദൃശ്യ/ശ്രാവ്യ മാധ്യമങ്ങളിലും "സുനാമി ഇറച്ചി" എന്ന പേരിൽ വളരെ ഭീതിയുണ്ടാക്കുന്ന വാർത്തകൾ വന്നിരുന്നു. ചത്ത മൃഗങ്ങളുടെ മാംസവും ചീഞ്ഞ മാംസവുമെല്ലാം നമ്മുടെ മാർക്കറ്റിൽ എത്തുന്നുണ്ട് എന്ന് പ്രചരിച്ചിരുന്നു. മലയാള മനോരമ ചാനലിൽ ഇത് പ്രോസസ്സ് ചെയ്യുന്ന സ്ഥലത്തെ ഭീകരമായ സ്ഥിതി ഗതിയെക്കുറിച്ചുള്ള വാർത്തകൾ പുറത്തുവന്നിട്ടുണ്ട്. ഇത്തരം സാഹചര്യം കണക്കിലെടുത്ത് ജീവിതശൈലീരോഗങ്ങൾക്കൊണ്ട് പൊറുതിമുട്ടുന്ന നമ്മുടെ സംസ്ഥാനത്ത് ഇനിയൊരപകടം വരാത്തവിധം അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 അനുസരിച്ച് മൃഗങ്ങളെ കശാപ്പ് ചെയ്യുന്നതിനും മാംസം വിൽക്കുന്നതിനും കർശന നിയമ വ്യവസ്ഥയുണ്ട്. ഭക്ഷ്യ സുരക്ഷാ നിയമത്തിൽ 'സുനാമി ഇറച്ചി' എന്ന് നിർവ്വചിച്ചിരുന്നില്ല. എന്നാൽ 'സുനാമി ഇറച്ചി'യെന്നാണ് ഇങ്ങനെ വരുന്ന മാംസത്തിന് സാധാരണയായി പറഞ്ഞുകേൾക്കുന്നത്. കയറ്റുമതിക്കായി നക്ഷത്രനിലവാരമുള്ള ഹോട്ടലുകളിലേക്കുള്ള ഇറച്ചിക്കോഴിയും മാംസവും ഉപയോഗിക്കുമ്പോൾ അവയിൽ

നിശ്ചിത നിലവാരമുള്ള മാംസം എടുത്തതിനുശേഷം മിച്ചംവരുന്ന ഭക്ഷ്യയോഗ്യമായ മാംസവും മറ്റും മറ്റ് ആവശ്യങ്ങൾക്കായി കൊണ്ടുപോകാറുണ്ട്. ഇതിനെ 'സുനാമി ഇറച്ചി' എന്ന പേരിലാണ് വിശേഷിപ്പിക്കുന്നത്. എന്നാൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കശാപ്പ് ചെയ്തതിനുശേഷമുള്ള മൃഗാവശിഷ്ടങ്ങളും രോഗം ബാധിച്ചും അല്ലാതെയും ചത്ത മൃഗങ്ങളുടെ ഇറച്ചിയും 'സുനാമി ഇറച്ചി' എന്നപേരിൽ സംസ്ഥാനത്ത് എത്തിക്കുന്നുണ്ടെന്ന ചില മാധ്യമങ്ങളിലൂടെയുള്ള വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ തമിഴ്നാട്ടിൽനിന്ന് തീരെ വൃത്തിഹീനമായ സാഹചര്യത്തിൽ അറവ് നടത്തി ഇത്തരം മാംസ ഭാഗങ്ങൾ ഇവിടെ കൊണ്ടുവരാൻ ശ്രമിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് മാംസം ഉപയോഗിക്കുന്ന ഹോട്ടലുകൾക്കും റെസ്റ്റോറന്റുകൾക്കും ബേക്കറികൾക്കും മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ഉടമകൾ ഭക്ഷണം തയ്യാറാക്കുന്നതിനാവശ്യമായ മത്സ്യവും മാംസവും വാങ്ങുമ്പോൾ ആരിൽ നിന്നാണോ വാങ്ങുന്നത് അവരുടെ ബില്ലും ബന്ധപ്പെട്ട കാര്യങ്ങളും രജിസ്റ്ററിൽ എഴുതി സൂക്ഷിക്കാൻ കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഫുഡ് സേഫ്റ്റി ഓഫീസർമാർ കർശന പരിശോധന നടത്തിവരുന്നുണ്ട്. ഇതുവരെയുള്ള പരിശോധനകളിൽ 'സുനാമി ഇറച്ചി' ഉപയോഗിച്ചതായി കണ്ടെത്തിയിട്ടില്ല. എന്നാൽ നേരത്തെ ചില കേസ്സുകൾ രജിസ്റ്റർ ചെയ്തിരുന്നു. അതിന്റെ പ്രോസിക്യൂഷൻ നടപടികൾ ഇപ്പോൾ നടക്കുകയാണ്. അന്യസംസ്ഥാനങ്ങളിൽനിന്നുവരുന്ന മാംസത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് കർശനമായ പരിശോധന നടത്തും. ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെ നടന്നുവരുന്ന ഒരു പൊതുതാൽപ്പര്യ ഹർജിയിൽ മൃഗങ്ങളെ കശാപ്പ് ചെയ്യുന്നതും വിൽപ്പന നടത്തുന്നതും വൃത്തിയും വെടിപ്പുമുള്ള കേന്ദ്രങ്ങളിലായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെ വകുപ്പുകൾ പ്രകാരം കടുത്ത കുറ്റമാണിത്. ഏതായാലും ഫുഡ് സേഫ്റ്റി വിഭാഗം കർശനമായ പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അതിനാവശ്യമായ നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇത്തരത്തിൽ വൃത്തിഹീനമായ മാംസം കണ്ടെത്തിയാൽ അത് നിരോധിക്കാൻ ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

ഫുഡ് സേഫ്റ്റി വിഭാഗത്തിൽ ജീവനക്കാരുടെ എണ്ണം കുറവായിരുന്നു. അതുകൊണ്ട് പരിശോധനയ്ക്ക് ചെറിയ ബുദ്ധിമുട്ടുകൾ അനുഭവിച്ചിരുന്നു. ഇപ്പോൾ 120 വേക്കൻസികൾ അടിയന്തരമായി ഫിൽ ചെയ്യുന്നതിന് പി.എസ്.സി. ലിസ്റ്റിൽ നിന്ന് നിയമനം ആരംഭിച്ചിട്ടുണ്ട്. നവംബർ മാസത്തോടുകൂടി 120 പേർ കൂടി ഈ സ്റ്റാഫിലേക്ക് വരും. ചെക്ക്പോസ്റ്റിൽ കടുത്ത പരിശോധന നടത്തുന്നതിനുള്ള സംവിധാനംകൂടി ഏർപ്പാടാക്കിക്കൊണ്ട് ഇത്തരത്തിൽ വൃത്തിഹീനമായ മാംസം കേരളത്തിലേക്ക് വരുന്നത് കർശനമായി തടയാൻ തീരുമാനിച്ചിട്ടുണ്ട്.

## 16. വടകര ജില്ലാ ആശുപത്രിക്ക് കെട്ടിടം

ശ്രീ. സി. കെ. നാണു: സർ, വടകര താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി പ്രഖ്യാപിച്ചത് ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ്. അന്ന് ശ്രീമതി ടീച്ചർ അഞ്ച് കോടി രൂപ പുതിയ കെട്ടിടത്തിന് പ്രഖ്യാപിക്കുകയുണ്ടായി. അതിന്റെ പ്രവൃത്തി ആരംഭിച്ചിട്ട് ഏതാണ്ട് അഞ്ച് വർഷത്തോളമായി. ഇതുവരെ കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടില്ല. കെട്ടിടത്തിന്റെ സ്ട്രക്ച്ചർ മാത്രമാണ് പൂർത്തിയാക്കാൻ സാധിച്ചതെന്നാണ് അന്വേഷണത്തിൽ എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. ഫ്ലോറിംഗ്, ഇലക്ട്രിക്കൽ, പ്ലംബിംഗ്, അലുമിനിയം ഫാബ്രിക്കേഷൻ, പെയിന്റിംഗ്, പോർച്ച്, ഡ്രെയിനേജ് എന്നീ പ്രവൃത്തികൾ നടന്നിട്ടില്ല. ഇതിനുപുറമെ മുൻ എം.പി. ശ്രീ. പി. രാജീവ്, തന്റെ എം.പി. ഫണ്ടിൽനിന്നും നാല്പത്തിയഞ്ച് ലക്ഷം രൂപ മോർച്ചറി നിർമ്മാണത്തിന് അനുവദിച്ചിരുന്നു. അതിന്റെ പ്രവൃത്തിയും ഇതുവരെ പൂർത്തിയായിട്ടില്ല. ജില്ലാ ആശുപത്രിയായി വികസിപ്പിച്ച ഈ ആശുപത്രി കെട്ടിടത്തിന്റെയും മോർച്ചറിയുടെയും നിർമ്മാണം കഴിയുന്നതുംവേഗം പൂർത്തിയാക്കണം. പ്രസ്തുത ആശുപത്രി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ടെണ്ടർ എടുത്തവർക്ക് കർശന നിർദ്ദേശം നൽകിയാൽ മാത്രമേ നിർമ്മാണം നല്ല നിലയിൽ കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട ശ്രീ. സി. കെ. നാണു അവർകൾ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. അദ്ദേഹം സൂചിപ്പിച്ചതുപോലെ വടകര താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി പ്രഖ്യാപിക്കുകയുണ്ടായി. 2010 ഫെബ്രുവരി 9-നാണ് പ്രസ്തുത ആശുപത്രി നിർമ്മാണത്തിന് 500 ലക്ഷം രൂപയുടെ ഭരണാനുമതിയും 560 ലക്ഷം രൂപയുടെ സാമ്പത്തികാനുമതിയും നൽകിയത്. 2012 ഡിസംബർ 29-ന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ വർക്ക് ഏൽപ്പിച്ചിരുന്നു. തുടക്കംമുതൽ ഇതുവരെ പ്രസ്തുത വർക്കിനായി ആറര വർഷമാണ് കടന്നുപോയത്. എട്ട് നിലകളുള്ള കെട്ടിടമായിട്ടാണ് വിഭാവനം ചെയ്തിരുന്നത്. പക്ഷേ തുക കുറവായിരുന്നു. ശ്രീ. സി. കെ. നാണു സൂചിപ്പിച്ചതുപോലെ രണ്ട് നിലകളുടെ എൺപത് ശതമാനം സ്ട്രക്ച്ചറൽ വർക്ക് മാത്രമേ ഇപ്പോൾ നടന്നിട്ടുള്ളൂ. കെട്ടിടങ്ങൾ പൊളിച്ചുമാറ്റാൻ വളരെ പ്രയാസമുണ്ടായതിനാൽ കാലതാമസമുണ്ടായി. എട്ട് നിലകളും പണിതാൽ മാത്രമേ പ്രസ്തുത കെട്ടിടം ഉപയോഗയോഗ്യമാകുകയുള്ളൂ. അതിനാൽ വീണ്ടും തുക ആവശ്യമായി വന്നു. അങ്ങനെ 2016 ഫെബ്രുവരി 15-ന് പതിമൂന്ന് കോടി എഴുപത് ലക്ഷം രൂപയ്ക്ക് നബാർഡ് സഹായത്തോടെ

ഭരണാനുമതി നൽകിയിരിക്കുകയാണ്. സാങ്കേതികാനുമതിയും വളരെ വേഗം നൽകും. ആശുപത്രികെട്ടിടത്തിന്റെ പണി വേഗം പൂർത്തിയാക്കണം. അതിന് ടെണ്ടർ നടപടികൾ നടത്തണം. ഇത് വളരെ മാതൃകാപരമായ ആശുപത്രിയായി മാറ്റുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുമെന്ന് സൂചിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട രാജ്യസഭാ എം.പി.-യായിരുന്ന ശ്രീ. പി. രാജീവിന്റെ പ്രാദേശിക വികസന ഫണ്ടിൽനിന്നും മോർച്ചറി നിർമ്മാണത്തിന് നാൽപ്പത്തിയഞ്ച് ലക്ഷം രൂപ അനുവദിച്ചിരുന്നു. വടകര നഗരസഭയാണ് അതിന് നേതൃത്വം നൽകുന്നത്. പ്രസ്തുത ആശുപത്രിയുടെ നിർമ്മാണം ചീരൻസ് സ്ട്രക്ച്ചറൽ ആന്റ് ഫൗണ്ടേഷൻ ട്രിവാൻഡ്രം എന്ന സ്ഥാപനത്തെ ഏൽപ്പിച്ചു. നേരത്തെയുള്ള വർക്കും അവർ തന്നെയാണ് ചെയ്തത്. ഫയൽ പരിശോധിച്ചപ്പോൾ അവർ നന്നായി വർക്ക് ചെയ്തതായി എനിക്ക് തോന്നിയില്ല. നല്ല സ്ഥാപനമാണെങ്കിൽ വർക്ക് ഇങ്ങനെ ഇഴയേണ്ട കാര്യമില്ല. ഏതായാലും എഗ്രിമെന്റ് വച്ചിട്ടുണ്ട്. മോർച്ചറിയുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. എത്രയുംവേഗം പ്രസ്തുത വർക്കുകൾ പൂർത്തീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ ഇനിയും കാലവിളംബം വരാതെ ഗവൺമെന്റ് ശ്രദ്ധിക്കുന്നതാണ്.

## 17. വൈദ്യുതി വിതരണ സ്തംഭനം

ശ്രീ. സി. എഫ്. തോമസ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ ചങ്ങനാശ്ശേരി ടൗണിന് സമീപത്തുള്ള പായിപ്പാട്, തൃക്കൊടിത്താനം, വാഴപ്പള്ളി, മാടപ്പള്ളി, കുറിച്ചി എന്നീ അഞ്ച് പഞ്ചായത്തുകളിൽ തുടർച്ചയായി വൈദ്യുതി മുടങ്ങാറുണ്ട്. ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ അങ്ങേക്ക് ഒരു നിവേദനം നൽകിയിരുന്നു. അതിന്റെയടിസ്ഥാനത്തിൽ അങ്ങ് അത്യാവശ്യമായി റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. പക്ഷേ ആ റിപ്പോർട്ട് ഇവിടെ എത്തിക്കാണുമെന്ന് എനിക്ക് തോന്നുന്നില്ല. അതുകൊണ്ടാണ് ഞാൻ ഇക്കാര്യം വീണ്ടും സബ്മിഷനായി കൊണ്ടുവരുന്നത്. പ്രധാനപ്പെട്ട വിദ്യാഭ്യാസ കേന്ദ്രവും നാല് കോളേജുകളും നാൽപ്പതോളം സ്കൂളുകളുമൊക്കെ നിലകൊള്ളുന്ന ഏറ്റവും വലിയ ഒരു വാണിജ്യകേന്ദ്രമാണിത്. ഇവിടെ എല്ലാ വിഭാഗത്തിലുമുള്ള ആളുകൾ കഷ്ടപ്പെടുകയാണ്. പകൽ സമയത്ത് എട്ടുംപത്തും പ്രാവശ്യമാണ് വൈദ്യുതി മുടക്കമുണ്ടാകുന്നത്. ചങ്ങനാശ്ശേരി ടൗൺ സെക്ഷനിൽ ഇരുപത്തിനാലായിരം കൺസ്യൂമേഴ്സാണുള്ളത്. ആയതിനാൽ ചങ്ങനാശ്ശേരിയിലുള്ള ജനങ്ങളെ ഈ ബുദ്ധിമുട്ടിൽനിന്ന് രക്ഷിക്കാനായി ഇത്രയും വലിയൊരു സെക്ഷനെ ബൈഫർക്കേറ്റ് ചെയ്യാൻ അങ്ങ് നടപടി സ്വീകരിക്കണം. ഏഴായിരം കൺസ്യൂമേഴ്സുള്ള സ്ഥലത്തും ഇരുപത്തിനാലായിരം കൺസ്യൂമേഴ്സുള്ള സ്ഥലത്തും ഒരേ സ്റ്റാഫ് സ്ട്രെങ്ത്താണുള്ളത്.

കൺസ്യൂമേഴ്സിന്റെ വർദ്ധനവിനനുസരിച്ച് ആനുപാതികമായി ജീവനക്കാരെ നിയമിക്കാനുള്ള നടപടി സ്വീകരിക്കണം. ഇതൊരു ന്യായയുക്തമായ ഡിമാന്റാണെന്ന് തോന്നുന്നു. ആയതിനാൽ ജനങ്ങൾക്കുവേണ്ടി അങ്ങ് ഇക്കാര്യങ്ങൾ അത്യാവശ്യമായി നടപ്പിലാക്കണം. ഇതിൽ അടിയന്തര നടപടികളും ദീർഘകാല നടപടികളും സ്വീകരിക്കുകയും പെട്ടെന്ന് ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കുകയും വേണം.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ, കഴിഞ്ഞ കുറച്ചുമാസങ്ങളായി ചങ്ങനാശ്ശേരി ടൗണിലും, പായിപ്പാട്, തൃക്കൊടിത്താനം, മാടപ്പള്ളി, വാഴപ്പള്ളി, കുറിച്ചി എന്നീ പ്രദേശങ്ങളിലും വൈദ്യുതി തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചെത്തിപ്പുഴ 66 കെ.വി. സബ്സ്റ്റേഷനിൽനിന്നും തൃക്കൊടിത്താനം 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നുമുള്ള 11 കെ.വി. ഫീഡറുകൾ മുഖേനയാണ് ഇപ്പോൾ ൗണിൽ വൈദ്യുതി ലഭ്യമാക്കുന്നത്. ഇടതിങ്ങിനിൽക്കുന്ന റബ്ബറുൾപ്പെടെയുള്ള മരങ്ങൾക്കിടയിലൂടെയാണ് ഈ ഫീഡറുകൾ കടന്നുപോകുന്നത്. ഏപ്രിൽ-മെയ് മാസങ്ങളിലായി, കാലവർഷത്തിനു മുൻപേ, ഫീഡറുകൾ ഓഫ് ചെയ്ത് ചെയ്യേണ്ടതായ അറ്റകുറ്റപ്പണികൾ തെരഞ്ഞെടുപ്പ് മുൻപിൽ കണ്ട് പൂർത്തീകരിക്കാത്തതിനെത്തുടർന്ന് വൈദ്യുതി തടസ്സങ്ങൾ കൂടുതലായി അനുഭവപ്പെടുന്നുണ്ട്. കൂടാതെ കെ.എസ്.ടി.പി. ഏറ്റെടുത്തു നടത്തുന്ന റോഡ് വികസന പ്രവർത്തികൾ ചങ്ങനാശ്ശേരി ഭാഗത്ത് പുരോഗമിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി റോഡിന് ഇരുവശത്തുമുള്ള വൈദ്യുതി ലൈനുകളും ട്രാൻസ്ഫോർമർ ഉൾപ്പെടെയുള്ള മറ്റ് പ്രതിഷ്ഠാപനങ്ങളും മാറ്റി സ്ഥാപിച്ചുവരികയാണ്. ഇത് ചങ്ങനാശ്ശേരി, തൃക്കൊടിത്താനം, കുറിച്ചി ഭാഗങ്ങളിൽ അധികമായി വൈദ്യുതി തടസ്സത്തിന് കാരണമാകുന്നുണ്ട്. കെ.എസ്.ടി.പി. തന്നെ നേരിട്ട് നിർവ്വഹിക്കുന്ന ഈ പ്രവർത്തികൾ സെപ്റ്റംബർ 2017-ഓടുകൂടി പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. റെയിൽവേയുടെ പാത ഇരട്ടിപ്പിക്കൽ പ്രവർത്തികൾ ഈ ഭാഗത്ത് പുരോഗമിച്ചുവരുന്നുണ്ട്. തൃക്കൊടിത്താനത്തു നിന്നുള്ള റെയിൽവേ ഫീഡർ ഈ ഭാഗത്ത് റെയിൽ മുറിച്ചുകടക്കുന്നതിനാൽ റെയിൽവേയുടെ ജോലികളുമായി ബന്ധപ്പെട്ട് ലൈൻ ഓഫ് ചെയ്യേണ്ടിവരുന്നതും വൈദ്യുതി തടസ്സത്തിന് കാരണമാകുന്നുണ്ട്. പ്രദേശത്തെ വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കുന്നതിനായി തൃക്കൊടിത്താനം സബ്സ്റ്റേഷനിൽ നിന്നും ചങ്ങനാശ്ശേരി ടൗണിലേക്കുള്ള ഫാത്തിമാപുരം ഫീഡറിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിയിരിക്കുകയാണ്. ഈ ഫീഡർ റെയിൽ മുറിച്ച് കടക്കുന്നതിനുള്ള അനുമതി ലഭിക്കാത്തതിനെത്തുടർന്ന് ഭാഗികമായി മാത്രമേ ചാർജ് ചെയ്തിട്ടുള്ളൂ. റെയിൽവേയുടെ അനുമതി ലഭ്യമാക്കി മേൽപ്പടി ഫീഡർ പൂർണ്ണമായും ചാർജ് ചെയ്തു കഴിഞ്ഞാൽ ലോഡ് ക്രമീകരണം, ബാക്ക് ഫീഡിംഗ്

എന്നിവവഴി ചങ്ങനാശ്ശേരി ടൗൺ പ്രദേശത്തെ വൈദ്യുതി തടസ്സം ഒരു പരിധിവരെ പരിഹരിക്കാനാകും. ചിങ്ങവനത്ത് ടെസിൽ-ന്റെ സ്ഥലത്ത് ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ കെ.എസ്.ഇ.ബി. തയ്യാറാക്കിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയും. കുറിച്ചി പ്രദേശത്ത് പ്രസ്തുത സബ്സ്റ്റേഷനിൽനിന്നും വൈദ്യുതി ലഭ്യമാക്കാവുന്നതും ഇതുമൂലം നിലവിലുള്ള വൈദ്യുതി തടസ്സത്തിന്റെ തോത് കുറയ്ക്കാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുകയാണ്.

ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിന്റെ കീഴിൽ വരുന്ന ഓഫീസുകളിൽ ഫീൽഡ് ജീവനക്കാരുടെ എണ്ണത്തിൽ കാര്യമായ കുറവില്ല. ജീവനക്കാരുടെ അഭാവംമൂലം വൈദ്യുതി തടസ്സങ്ങൾ പരിഹരിക്കുന്നതിന് ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വൈദ്യുതി തടസ്സങ്ങൾ എത്രയുംവേഗം പരിഹരിക്കണമെന്നും മുൻകൂട്ടി നിശ്ചയിച്ച പ്രവർത്തികൾ പത്രമാധ്യമങ്ങളിലൂടെ പൊതുജനത്തെ മുൻകൂട്ടി അറിയിക്കണമെന്നും കഴിയുന്നത്ര ബാക്ക് ഫീഡിംഗ് ചെയ്ത് വൈദ്യുതി ലഭ്യമാക്കി പൊതുജനത്തിനുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരമാവധി കുറയ്ക്കുന്നതിനും ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ബൈഫർക്കേഷന്റെ കാര്യം പറഞ്ഞു, നേരത്തെ പ്രായോഗികമല്ലാത്ത ചില ബൈഫർക്കേഷനൊക്കെ നടന്നതായിട്ടാണ് ഒറ്റനോട്ടത്തിൽ ശ്രദ്ധയിൽപ്പെട്ടത്. 7500 കൺസ്യൂമേഴ്സുള്ളത് ബൈഫർക്കേറ്റ് ചെയ്തിരിക്കുന്നു, 27000 കൺസ്യൂമേഴ്സുള്ളത് ബൈഫർക്കേറ്റ് ചെയ്തിട്ടില്ല എന്നുപറഞ്ഞു. അത് പരിശോധിക്കാം. പരിശോധിച്ച് അവശ്യം വേണ്ടയിടങ്ങളിലെല്ലാം പുതിയ സെക്ഷൻ ഓഫീസുകൾ എങ്ങനെ ക്രമീകരിക്കാൻ സാധിക്കുമെന്നുള്ളത് വൈദ്യുതി ബോർഡ് ആലോചിച്ച് ആവശ്യമായിട്ടുള്ള കാര്യങ്ങൾ ചെയ്യുന്നതാണ്.

സെക്ഷൻ ഓഫീസിലെ ജീവനക്കാരുടെ എണ്ണം സംബന്ധിച്ച് യൂണിയനുകളുമായി ഒരു ധാരണ ഉണ്ടാക്കിയിട്ടുള്ളതാണ്. സ്വാഭാവികമായും അതിൽ മാറ്റം വരുത്തുമ്പോൾ എല്ലാവരുമായിട്ട് ആലോചിക്കേണ്ടതുണ്ട്. അത് ആലോചിച്ച് പരിഗണിക്കാവുന്നതാണ്.

## 18. മാലിന്യ നിർമ്മാർജ്ജനം

ശ്രീ. ഒ. രാജഗോപാൽ: സർ, നേമം മണ്ഡലത്തിലാണ് തിരുവല്ലം പരശുരാമ ക്ഷേത്രം സ്ഥിതിചെയ്യുന്നത്. അവിടെയാണ് ആഗസ്റ്റ് രണ്ടാം തീയതി പതിനായിര കണക്കിന് ആളുകൾ പങ്കെടുക്കുന്ന വാർഷിക വാവുബലി നടക്കുന്നത്. നഗരത്തെ മുഴവൻ ബാധിക്കുന്ന, വളരെ ഗൗരവമായി എടുക്കേണ്ട ഒരു പ്രശ്നമുണ്ട്. കരമനയാറ്, കിള്ളിയാറ്, പാർവ്വതീപുത്തനാർ എന്നീ മൂന്ന് പ്രധാനപ്പെട്ട നദികളാണ് അവിടെയുള്ളത്. ഈ നഗരത്തിലെ ഹോട്ടലുകൾ, ഹോസ്റ്റലുകൾ, ഹോസ്പിറ്റലുകൾ

എന്നിവിടങ്ങളിൽ നിന്നുള്ള എല്ലാ മാലിന്യങ്ങളും ഒഴുകുന്നത് ഈ നദികളിൽ കൂടിയാണ്. ഇതെല്ലാം കൂടി വന്ന് ഈ ക്ഷേത്രത്തിന്റെ ചുറ്റുവട്ടത്ത് തളംകെട്ടി നിൽക്കും. അത് കടലിലേക്ക് ഒഴുക്കിവിടാനുള്ള സംവിധാനം പണ്ടുണ്ടായിരുന്നു. അത് ഇടയ്ക്കിടയ്ക്ക് അടഞ്ഞുപോകുന്നുണ്ട്. അതിന് സ്ഥിരമായി എന്തെങ്കിലുമൊരു സംവിധാനം ചെയ്യേണ്ടത് വളരെ അത്യാവശ്യമാണ്. വാർഷിക ബലി മാത്രമല്ല എല്ലാ ആഴ്ചയിലും എല്ലാ ദിവസവും അവിടെ ബലിപൂജകൾ നടക്കുന്നുണ്ട്. ക്ഷേത്രത്തിന്റെ ചുറ്റുപാടുകൾ ശുദ്ധീകരിക്കേണ്ടത് ആ ക്ഷേത്രത്തിൽ വരുന്ന ആളുകളുടെ മാത്രം ആവശ്യമല്ല, നഗരത്തിന്റെ മുഴുവൻ ആവശ്യമാണ്. അതുകൊണ്ട് ഈ മാലിന്യങ്ങൾ നദികളിലേക്ക് വലിച്ചെറിയാതെ, ഈ പ്രശ്നത്തിന് സ്ഥായിയായ പരിഹാരം കണ്ടെത്താൻ സർക്കാർ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, കർക്കിടക വാവിനോടനുബന്ധിച്ചുള്ള ബലിതർപ്പണം നടക്കുന്ന ക്ഷേത്രമാണ് തിരുവല്ലം പരശുരാമ ക്ഷേത്രം. അതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഗവൺമെന്റ് മുൻകൈ എടുത്ത് കഴിഞ്ഞ 4-ാം തീയതി ഒരു യോഗം വിളിച്ചുകൂട്ടുകയുണ്ടായി. ബഹുമാനപ്പെട്ട എം.എൽ.എ.-യും ദേവസ്വം ബോർഡ് പ്രസിഡന്റും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ആ യോഗത്തിൽ പങ്കെടുത്തിട്ടുണ്ടായിരുന്നു. ഇപ്രാവശ്യത്തെ ബലിതർപ്പണ ചടങ്ങുകൾ വളരെ ഫലപ്രദമായി നടത്തുന്നതിന് വേണ്ടിയുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. ഈ വർഷം മുതൽ വളരെ തിരക്കുള്ള സ്ഥലങ്ങളിൽ സുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി പോലീസ് സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്, പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നുണ്ട്, വൈദ്യ സഹായത്തിനുവേണ്ടി 108 ആംബുലൻസ് അടക്കമുള്ള ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള കാര്യങ്ങളും ചെയ്യുന്നുണ്ട്. തിരക്ക് നിയന്ത്രിക്കുന്നതിനുവേണ്ടി ഭക്തജനങ്ങൾക്ക് 10 ദിവസം മുൻപുതന്നെ ടിക്കറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ഒ. രാജഗോപാൽ: ബേസിക്കായിട്ടുള്ള കാര്യങ്ങളെക്കുറിച്ചാണ് ഞാൻ പറഞ്ഞത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: ബേസിക്കായിട്ടുള്ള കാര്യങ്ങൾ തന്നെയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം മന്ത്രിയെന്നുള്ള നിലയിൽ ഞാൻ ആദ്യമായി ഒപ്പുവച്ചത് തിരുവല്ലം പരശുരാമ ക്ഷേത്രത്തിന് അധികം ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള ഫയലിലാണ്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി ഗവൺമെന്റ് ദേവസ്വം ബോർഡിന്റെയും ഭക്തജനങ്ങളുടെയും സഹായത്തോടുകൂടി ശുചീകരണമടക്കമുള്ള എല്ലാ കാര്യങ്ങളും ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## 19. ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലെ തസ്തികകൾ

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കേരളത്തിലെ ഹയർ സെക്കണ്ടറി തലത്തിലുള്ള അദ്ധ്യാപകരുടെ തസ്തികനിർണ്ണയവുമായി ബന്ധപ്പെട്ട അതിപ്രധാനമായ ഒരു വിഷയമാണ് ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. 2014-15-ൽ കേരളത്തിൽ രണ്ട് കാറ്റഗറികളിലായി 226 ഹയർ സെക്കണ്ടറിയില്ലാത്ത സ്കൂളുകളിൽ 274 ബാച്ചുകളും ഹയർ സെക്കണ്ടറി സ്കൂളുകളിൽ 426 ബാച്ചുകളും ഉൾപ്പെടെ മൊത്തം 700 ബാച്ചുകൾ സർക്കാർ അനുവദിക്കുകയുണ്ടായി. കേരളത്തിൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം സാർവ്വത്രികമാക്കുക എന്നുള്ള യു.ഡി.എഫ്. ഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമായിട്ടാണ് ഇപ്രകാരം ചെയ്തത്. ഏകദേശം മൂവായിരത്തോളം അദ്ധ്യാപകർ ഇപ്പോഴും ശമ്പളം കിട്ടാതെ ജോലി ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ അദ്ധ്യാപകരൊക്കെ മാനേജ്മെന്റ് സ്കൂളുകളിൽ വലിയ ഡൊണേഷനും ക്യാപിറ്റേഷൻ ഫീസുമൊക്കെ നൽകിയാണ് ജോലിയിൽ കയറിയിട്ടുള്ളത്. ഇവർ വളരെയധികം പ്രയാസപ്പെട്ടുകൊണ്ടാണ് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. ശമ്പളം കിട്ടാത്തതുകൊണ്ട് ഹോളിഡെയ്സിൽ കൂലിപ്പണിക്ക് പോകുന്ന അദ്ധ്യാപകരെ എനിക്ക് അറിയാം. അങ്ങനെയുള്ള അദ്ധ്യാപകരുടെ നിരന്തരമായ മുറവിളികൾക്കുശേഷം 11-4-2016-ാം തീയതിയിലെ 77/2016-ാം നമ്പർ പ്രകാരം ഒരു ആന്റിസിപ്പേറ്ററി ഇൻ പ്രിൻസിപ്പിൾ, ഈ പോസ്റ്റ് ക്രിയേറ്റ് ചെയ്യാൻ ഗവൺമെന്റ് തീരുമാനിക്കുകയുണ്ടായി. പോസ്റ്റ് ക്രിയേഷൻ നടത്തുന്നതിന് അടിയന്തരമായി ഡിപ്പാർട്ടുമെന്റിന്റെ കയ്യിൽനിന്നും ഫിക്സേഷൻ ലിസ്റ്റ് വാങ്ങി എത്രയുംവേഗം പോസ്റ്റ് നിർണ്ണയിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അപേക്ഷിക്കുവാനുള്ളത്. ഒരു കാര്യം കൂടി പറയാനാഗ്രഹിക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ലബ്ബാ കമ്മീഷൻ എന്നുപറയുന്ന ഒരു കമ്മീഷൻ നിയമിക്കപ്പെടുകയുണ്ടായി. ഈ കമ്മീഷന്റെ അടിസ്ഥാനത്തിൽ, 1990-91-ൽ നായനാർ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് ഹയർസെക്കണ്ടറി വിദ്യാഭ്യാസം കേരളത്തിൽ ആരംഭിക്കുന്നതും 1998-ലാണ് സാർവ്വത്രികമാകുന്നതും. എന്നാൽ ഇപ്പോഴും ബാലാരിഷ്ടതകൾ തീരാതെ ഈ ഹയർസെക്കണ്ടറി ഡിപ്പാർട്ടുമെന്റ് മുന്നോട്ട് പോകുകയാണ്. ഇതിൽ ജൂനിയർ, സീനിയർ എന്നുപറയുന്ന പ്രൈമറി മുതൽ കോളേജ്, സർവ്വകലാശാലകൾ വരെയുള്ള അദ്ധ്യാപകരുടെ കൂട്ടത്തിൽ ഇപ്പോഴും ഒരേ ക്വാളിഫിക്കേഷനുള്ള ആളുകൾ രണ്ടു കാറ്റഗറികളിലായി ജൂനിയർ സീനിയറായി ജോലി ചെയ്യുന്ന ഒരു വിഭാഗം ഹയർസെക്കണ്ടറി മാത്രമാണ്. ഈ

അപാകത പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ലബ്ബാ കമ്മീഷൻ മുന്നോട്ടു വച്ചിട്ടുണ്ട്. അതുപോലെ അടിച്ചുവാരാനും ബെല്ലടിക്കാനും ക്ലറിക്കൽ ജോലിക്കു പോലും ആളില്ലാത്ത ഏക വിഭാഗവും ഹയർ സെക്കണ്ടറിയാണ്. സപ്പോർട്ടിംഗ് സ്റ്റാഫിനെ നിയമിക്കുന്നതടക്കമുള്ള കാര്യങ്ങൾ ലബ്ബാ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിലൊക്കെ ഗവൺമെന്റിന്റെ അടിയന്തരമായ ശ്രദ്ധ ഉണ്ടാകണമെന്നഭ്യർത്ഥിക്കുന്നു. ഇത്രയധികം ഹയർ സെക്കണ്ടറി സ്കൂളുകളുണ്ടെങ്കിലും രണ്ട് ജില്ലകൾക്ക് ഒരു ആർ.ഡി.ഡി. ഓഫീസാണ് ഇപ്പോഴുള്ളത്.

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്....ഇത് മൂന്നാമത്തെ വിഷയമാണ്...യെസ്.... ശ്രീ. ടി. വി. ഇബ്രാഹിം ദയവായി സഹകരിക്കൂ......ദയവായി സഹകരിക്കൂ...........

ശ്രീ. ടി. വി. ഇബ്രാഹിം: എല്ലാ ജില്ലകളിലും ഓരോ ആർ.ഡി.ഡി. ഓഫീസുകൾ സ്ഥാപിക്കണം. ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനം ഗവൺമെന്റിന്റെയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2014-15, 2015-16 അദ്ധ്യയന വർഷങ്ങളിൽ സംസ്ഥാനത്ത് പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിലും ബാച്ചുകളിലും താൽക്കാലികമായി ഗസ്റ്റ് അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തണമെന്നാണ് സർക്കാർ നിശ്ചയിച്ചിരുന്നത്. സ്ഥിരം അദ്ധ്യാപക തസ്തിക സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് 2014-15, 2015-16 അദ്ധ്യയന വർഷങ്ങളിൽ സംസ്ഥാനത്ത് പുതുതായി ഹയർ സെക്കണ്ടറി അനുവദിച്ച സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും തസ്തികകൾ സൃഷ്ടിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന്, നിലവിലുള്ള മാനദണ്ഡങ്ങളനുസരിച്ച് സ്കൂൾതല വിഷയാടിസ്ഥാനത്തിലുള്ള തസ്തിക നിർണ്ണയം പൂർത്തിയാക്കി വിശദമായ ശിപാർശ സർക്കാരിന് സമർപ്പിക്കാൻ ഹയർ സെക്കണ്ടറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യം വിശദമായി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. 2001-ലെ സ്പെഷ്യൽ റൂൾസ് പ്രകാരം യോഗ്യരായ ജൂനിയർ അദ്ധ്യാപകർക്ക് സീനിയർ തസ്തികയിൽ തസ്തികമാറ്റംവഴി ഇപ്പോൾ നിയമനം നൽകിവരുന്നുണ്ട്. ജൂനിയർ അദ്ധ്യാപകരെ തസ്തികമാറ്റം വഴിമാത്രം സീനിയർ തസ്തികയിൽ നിയമിക്കാനേ നിലവിൽ വ്യവസ്ഥയുള്ളൂ. ജൂനിയർ അദ്ധ്യാപകരുടെ പ്രൊമോഷൻ സർക്കാരിന്റെ പരിഗണനയിൽ ഇപ്പോൾ ഇല്ല.

## 20. അനൗദ്യോഗികാംഗങ്ങളുടെ പിരിച്ചുവിടൽ

ശ്രീ. എ. പി. അനിൽ കുമാർ: സർ, തൊഴിൽ വകുപ്പിനുകീഴിലുള്ള 16 ക്ഷേമനിധി ബോർഡുകൾ, കോർപ്പറേഷനുകൾ, കമ്പനികൾ എന്നിവയൊക്കെ ഒരുമിച്ച് ഒരു ഉത്തരവിലൂടെ നിയമാനുസൃതമല്ലാതെ പിരിച്ചുവിട്ട നടപടി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. സംസ്ഥാനത്ത് തൊഴിലും നൈപുണ്യവും വകുപ്പ് 15-7-2016-ൽ ഇറക്കിയ ഉത്തരവിന്റെ കോപ്പിയാണ് എന്റെ കൈവശമുള്ളത്. തൊഴിൽ വകുപ്പിനുകീഴിലുള്ള കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡ് തുടങ്ങിയ പതിനാറോളം ബോർഡുകളിലെ അനൗദ്യോഗികാംഗങ്ങളെയാണ് ഒരു ഉത്തരവിലൂടെ പിരിച്ചുവിട്ടിരിക്കുന്നത്. ഇത്തരം ക്ഷേമനിധി ബോർഡുകളിൽ അനൗദ്യോഗികാംഗങ്ങളെ വയ്ക്കുന്നതിന് സംസ്ഥാന നിയമസഭ പാസ്സാക്കിയ നിയമങ്ങൾ ഇന്ന് നിലവിലുണ്ട്. ആ മാനദണ്ഡങ്ങളൊക്കെ പൂർണ്ണമായി തെറ്റിച്ചു കൊണ്ടാണ് സർക്കാർ ഈ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. മുൻകാലങ്ങളിലൊന്നും ഇത്തരം നടപടികൾ ഒരു ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ശ്രീ. ഉമ്മൻചാണ്ടി, ശ്രീ. വി.എസ്. അച്ചുതാനന്ദൻ, ശ്രീ. എ. കെ. ആന്റണി ഇവരുടെയൊക്കെ നേതൃത്വത്തിലുള്ള ഗവൺമെന്റുകൾ ഉണ്ടായിരുന്നപ്പോഴും ഈ ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ട്. ആ ബോർഡുകളെല്ലാം കാലാവധി പൂർത്തീകരിച്ചതിനുശേഷമാണ് പിരിച്ചുവിട്ടത്. അതിൽനിന്നും വ്യത്യസ്തമായി, യാതൊരു ആലോചനയും കൂടാതെയാണ് നിലവിലുള്ള അനൗദ്യോഗികാംഗങ്ങളെ പിരിച്ചുവിട്ടത് എന്നതിന്റെ തെളിവാണ്, ഭവനം ഫൗണ്ടേഷൻ, സാമൂഹ്യസുരക്ഷാ ക്ഷേമനിധി ബോർഡ് മറ്റുചില ബോർഡുകൾ തുടങ്ങിയവ. നിലവിലുള്ള അനൗദ്യോഗികാംഗങ്ങളുള്ള ബോർഡുകളെ പിരിച്ചുവിട്ടതോ തെറ്റ്, അനൗദ്യോഗികാംഗങ്ങൾ ഇല്ലാത്ത ബോർഡുകൾപോലും പിരിച്ചുവിട്ടുവെന്നുപറയുമ്പോൾ ഇതിൽ ഒരു ആലോചനയും ഉണ്ടായിട്ടില്ല. രാഷ്ട്രീയതാൽപ്പര്യംവച്ച് ഏതാനും ബോർഡുകൾ ഒരുമിച്ച് പിരിച്ചുവിട്ട സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്. അനൗദ്യോഗികാംഗങ്ങളെ വയ്ക്കുന്ന കാര്യത്തിൽ നിയമത്തിൽ വ്യക്തമായ മാനദണ്ഡങ്ങളുണ്ട്. ആ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് അനൗദ്യോഗികാംഗങ്ങളെ വയ്ക്കുന്നതും അവരെ ഡിസ്ക്വാളിഫൈ ചെയ്യുന്നതും. അത്തരത്തിൽ എല്ലാ മാനദണ്ഡങ്ങളും കാറ്റിൽ പറത്തിക്കൊണ്ടുള്ള ഒരു ഉത്തരവാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. എന്റെ കൈവശമുള്ളത് മിനിമം വേജസ് റൂൾസ് 1950 ആണ്. മിനിമം വേജസ് ബോർഡുമായി ബന്ധപ്പെട്ട് അതിലെ ഒരു പോയിന്റ് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിൽ അനൗദ്യോഗികാംഗങ്ങളെ ഡിസ്ക്വളിഫൈ ചെയ്യുന്നതിന് മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങളാണ് പറയുന്നത് :

(i) If he is declared to be of unsound mind by a Competent Court; or

(ii) if he is an undischarged insolvent; or

(iii) if before or after the commencement of the Act, he has been convicted of an offence involving moral turpitude.

അതായത് ഒരു അംഗത്തെ പിരിച്ചുവിടുന്നതിന് മതിയായ കാരണങ്ങൾ നിയമത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. കേരള സ്മോൾ പ്ലാന്റേഷൻ വർക്കേഴ്സ് വെൽഫയർ ബോർഡ്, കേരള അബ്കാരി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ് തുടങ്ങിയ ബോർഡുകളൊക്കെ ഡിസ്ക്വാളിഫൈ ചെയ്യുണമെങ്കിൽ വ്യക്തമായ നിയമങ്ങളുണ്ട്. ഇത് നിയമസഭ പാസ്സാക്കിയ നിയമങ്ങളാണ്. ഈ നിയമങ്ങൾ നിലവിലുള്ളപ്പോൾ അതൊന്നും നോക്കാതെ ഇതൊക്കെ പിരിച്ചുവിട്ടതിന്റെ താൽപ്പര്യം എന്താണെന്ന് മനസ്സിലാകുന്നില്ല. എന്തിനാണ് ഇത്ര ധൃതിപിടിക്കുന്നത്? മുൻകാല കീഴ് വഴക്കങ്ങൾകൂടി പരിഗണിച്ചുകൊണ്ട് ഈ ഉത്തരവ് പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ ഉത്തരവ് കോടതിയിൽ ചോദ്യംചെയ്താൽ ഇത് തള്ളിക്കളയേണ്ടിവരും. അതുകൊണ്ട് നിയമാനുസൃതമല്ലാതെ അനൗദ്യോഗികാംഗങ്ങളെ പിരിച്ചുവിട്ട ഈ ഉത്തരവ് പിൻവലിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>): സർ, കേരളത്തിൽ ക്ഷേമനിധി ബോർഡുകൾ ഒരെണ്ണംപോലും പിരിച്ചുവിട്ടിട്ടില്ല. അനൗദ്യോഗികാംഗങ്ങളുടെ കാലാവധി നിയമാനുസൃതം അവസാനിപ്പിക്കുന്നതിനാണ് ഉത്തരവ്. ക്ഷേമനിധി ബോർഡുകളിലെ അനൗദ്യോഗികാംഗങ്ങളെ തീരുമാനിക്കാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. അനൗദ്യോഗിക പ്രതിനിധികളെ നാമനിർദ്ദേശം ചെയ്യുന്ന കാര്യത്തിൽ സർക്കാർ നിയമാനുസൃതം നടപടികൾ സ്വീകരിക്കും.

## VI മേശപ്പുറത്തുവച്ച കടലാസുകൾ

<u>ചട്ടം 47(2) അനുസരിച്ചുള്ള കടലാസുകൾ</u>

1. വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. പി. ജയരാജൻ</u>): സർ, താഴെപ്പറയുന്ന കടലാസുകൾ മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരളനിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 261, 1765 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരളനിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 3062, പതിമൂന്നാം സമ്മേളനത്തിലെ 2792, പതിനഞ്ചാം സമ്മേളനത്തിലെ 2986 പതിനാറാം സമ്മേളനത്തിലെ 2683 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

3. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ധനകാര്യവും കയറും വകുപ്പുമന്ത്രിക്കു വേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരളനിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 3818, പതിനാറാം സമ്മേളനത്തിലെ 75 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

4. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരളനിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 2377 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

5. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരളനിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 743 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

6. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരളനിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 3698 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

7. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, താഴെപ്പറയുന്ന കടലാസ്സുകൾ തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരളനിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 3503, പന്ത്രണ്ടാം സമ്മേളനത്തിലെ 1484, 3284, 3292 പതിനാലാം സമ്മേളനത്തിലെ 2789, പതിനഞ്ചാം സമ്മേളനത്തിലെ 1477, പതിനാറാം സമ്മേളനത്തിലെ 2865 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

8. പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരളനിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 991 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

9. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരളനിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 2629 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

## VII ക്രമപ്രശ്നം

### 1. വാർഷിക പ്രവർത്തന റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്നതിലെ കാലതാമസം

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, പ്രധാനപ്പെട്ട ഒരു കാര്യമാണ് ഈ ക്രമപ്രശ്നത്തിലൂടെ ഞാൻ ഉന്നയിക്കുന്നത്.

നിയമസഭാനടപടികളുടെ ചട്ടം 236(6) പ്രകാരമുള്ളത് ഞാൻ വായിക്കാം. 'The Annual Performance Report on the Expenditure of the Budget allocation of a year shall be laid on the Table not later than four months after the completion of the financial year' എന്നാണ് പറയുന്നത്. ഒരു വർഷത്തെ ബഡ്ജറ്റ് വിഭജനത്തിന്റെ ചെലവിന്മേലുള്ള വാർഷിക റിപ്പോർട്ട് ആ സാമ്പത്തിക വർഷം പൂർത്തിയായതിനുശേഷം നാല് മാസങ്ങൾ കഴിയുന്നതിനുമുമ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്നാണ് ചട്ടം അനുശാസിക്കുന്നത്. സർക്കാരിന്റെ വിവിധ വകുപ്പുകൾക്കാവശ്യമുള്ള തുക എങ്ങനെ ചെലവാക്കണമെന്നുള്ള തീരുമാന മെടുക്കുന്നത് നിയമസഭയാണ്. അതിനുള്ള അക്കൗണ്ടബിലിറ്റി കാരണമാണ് 2010 ഏപ്രിൽ മാസം ഭേദഗതി ചെയ്ത് മേൽപ്പറഞ്ഞ വകുപ്പുകൂടി ഈ ചട്ടത്തിൽ ഉൾക്കൊള്ളിച്ചത്. എന്നാൽ ചട്ടം നിലവിൽ വന്നിട്ട് ആറ് വർഷമായെങ്കിലും മേശപ്പുറത്തുവയ്ക്കുന്ന കടലാസ്സുകൾ, പേപ്പറുകൾ തുടങ്ങിയവയുടെ റിപ്പോർട്ട് ആറ് വർഷം പഴക്കമുള്ളതാണ് എന്നതാണ് ഇന്ന് കാണുന്ന സ്ഥിതിവിശേഷം. ഈ ഒരു സെഷനിൽ കിട്ടിയ വാർഷിക റിപ്പോർട്ടുകളുടെ ഉദാഹരണങ്ങൾതന്നെ ഞാൻ പറയാം. 2009-10-ലെ കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ വാർഷിക റിപ്പോർട്ടാണ് 11-7-2016-ൽ മേശപ്പുറത്ത് വച്ചിട്ടുള്ളത്; 2011-12-ലെ കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ വാർഷിക റിപ്പോർട്ടാണ് 13-7-2016-ൽ മേശപ്പുറത്ത് വച്ചിട്ടുള്ളത്; 2012-13-ലെ കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷന്റെ വാർഷിക റിപ്പോർട്ടാണ് 11-7-2016-ൽ മേശപ്പുറത്ത് വച്ചിട്ടുള്ളത്; 2012-13-ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിന്റെ വാർഷിക റിപ്പോർട്ടാണ് 17-7-2016-ൽ മേശപ്പുറത്ത് വച്ചിട്ടുള്ളത്. സാധാരണ ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം ധനാഭ്യർത്ഥനയുടെ വിശദമായ ചർച്ച നടക്കുന്ന ജൂൺ-ജൂലായ് മാസങ്ങളിൽ കഴിഞ്ഞ വർഷം എങ്ങനെ എക്സ്പെൻഡീച്ചർ വന്നു എന്നുള്ള റിപ്പോർട്ടുകളാണ് നൽകുന്നത്. അതിനുപകരം വിവിധകാരണങ്ങളാൽ 6-7 വർഷങ്ങൾ കഴിഞ്ഞ് റിപ്പോർട്ട് ചെയ്യുമ്പോൾ അത് പഠിച്ചുകൊണ്ട് തീരുമാനങ്ങൾ എടുക്കാനുള്ള ഒരു ഡിലെയാണ് ഉണ്ടാകുന്നത്. ഇതുപോലുള്ള റിപ്പോർട്ടുകൾ അഞ്ചോ ആറോ വർഷങ്ങൾ ഡിലെ ആക്കുന്നത് ശരിയായ കീഴ്വഴക്കമല്ല. 2011-12-ൽ കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ വാർഷിക പ്രവർത്തന റിപ്പോർട്ടിലെ ഒരു കാര്യം തന്നെ ഞാൻ ഉദാഹരണമായി പറയാം. ഏതോ ഒരു കാര്യത്തിൽ 19-ാം നമ്പർ ഐറ്റത്തിനുവേണ്ടി കൊടുത്തിരിക്കുന്ന മറുപടി, 'പദ്ധതിയുടെ നടത്തിപ്പിനായി 2011-12 സാമ്പത്തിക വർഷത്തിൽ 15 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു;

നടപ്പുവർഷം ചെലവഴിക്കുന്നതിനായി തുകയൊന്നും അനുവദിച്ചിട്ടില്ലെന്നും 12 ലക്ഷം രൂപ പ്രവർത്തനാവശ്യത്തിന് ചെലവാക്കിയിട്ടുണ്ടെന്നും' ഇപ്പോൾ പറഞ്ഞിരിക്കുകയാണ്. നല്ല തീരുമാനങ്ങൾ വരണമെങ്കിൽ കാലാനുസൃതമായിട്ടുള്ള ഇതുമായി മുന്നോട്ടുപോകുമ്പോൾ ഈ വരുന്ന ബഡ്ജറ്റ് മുതൽ വാർഷിക റിപ്പോർട്ടുകൾ അടുത്ത വർഷം കറക്ടായിത്തന്നെ വരണമെന്നുള്ള ഒരു റൂളിംഗ് അങ്ങ് നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്, അതിൽ യാതൊരു വിയോജിപ്പുമില്ല, അഭിപ്രായ വ്യത്യാസവുമില്ല. ഒരു വർഷത്തെ ബഡ്ജറ്റ് വിഭജനത്തിന്റെ അലോക്കേഷൻ ചെലവിന്മേലുള്ള വാർഷിക പ്രവർത്തന റിപ്പോർട്ട് സാമ്പത്തിക വർഷം പൂർണ്ണമായതിനുശേഷം 4 മാസങ്ങൾ കഴിയുംമുമ്പ് മേശപ്പുറത്ത് വയ്ക്കണമെന്നാണ് നിയമസഭാ നടപടിചട്ടം 236(6) അനുശാസിക്കുന്നത്. നടപ്പുസമ്മേളനത്തിൽ സഭയുടെ മുമ്പാകെ സമർപ്പിച്ച പ്രവർത്തന റിപ്പോർട്ടുകളിൽ പലതും 2014-15 വർഷത്തെയും അതിനുമുമ്പുള്ള വർഷങ്ങളിലേതുമാണ്. 2014-15 സാമ്പത്തിക വർഷത്തെ റിപ്പോർട്ടുകൾ ചട്ടമനുസരിച്ച് 2015 ജൂലൈ മാസത്തിനകം സമർപ്പിക്കേണ്ടതാണ്. ഇതാണ് ശ്രീ. കെ. എസ്. ശബരീനാഥന്റെ ക്രമപ്രശ്നം. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം അതത് സാമ്പത്തിക വർഷം പൂർത്തിയായതിനുശേഷം 4 മാസത്തിനകം റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. എന്നാൽ മുൻ സർക്കാരിന്റെ കാലയളവിലെ റിപ്പോർട്ടുകൾ ഒരുവർഷത്തോളം കഴിഞ്ഞതിനു ശേഷമാണ് മേശപ്പുറത്ത് വച്ചതെന്നാണ് ശ്രീ. കെ. എസ്. ശബരീനാഥൻ ചൂണ്ടിക്കാട്ടിയത്. ഭാവിയിൽ ഇത് ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലെന്ന നിലയിൽ ബഹുമാനപ്പെട്ട അംഗം ഇക്കാര്യം ഉയർത്തിയത് നല്ല പ്രവണതയാണ്. ഭാവിയിൽ ഇക്കാര്യത്തിൽ വീഴ്ച സംഭവിക്കാതിരിക്കാൻ എല്ലാ വകുപ്പുമേധാവികൾക്കും നിർദ്ദേശം നൽകാൻ ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെടുന്നതാണ്.

## റൂളിംഗ്

മി. സ്പീക്കർ: ചട്ടം 303 പ്രകാരം ബഹുമാനപ്പെട്ട അംഗം കെ.എസ്. ശബരീനാഥൻ ഇവിടെ ഉന്നയിച്ചത് വളരെ പ്രസക്തമായ കാര്യമാണ്. നിയമസഭ ചർച്ച ചെയ്ത് പാസ്സാക്കിയ ധനാഭ്യർത്ഥനകളുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ ഓരോ വർഷവും ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങുന്ന വാർഷിക പ്രവർത്തന റിപ്പോർട്ട് (Annual Performance Report) നിയമസഭാ നടപടിചട്ടം 236(6) പ്രകാരം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിൽ മിക്ക

വകുപ്പുകളും അമാന്തം കാണിക്കുന്നുവെന്ന കാര്യമാണ് ക്രമപ്രശ്നത്തിലൂടെ ഉന്നയിക്കപ്പെട്ടിട്ടുള്ളത്. നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമായ വിവരങ്ങൾ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ ഈ ഉപചട്ടം നിലവിൽ വന്ന 2010-11 വർഷം മുതലുള്ള വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ഇനിയും സമർപ്പിക്കാത്ത വകുപ്പുകൾ അവശേഷിക്കുന്നുവെന്ന വസ്തുതയാണ് കാണാൻ കഴിയുന്നത്. ബഹുമാനപ്പെട്ട നിയമവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ഇക്കാര്യത്തിൽ നൽകിയ വിശദീകരണം ചെയർ മുഖവിലയ്ക്കെടുക്കുന്നു. ഇക്കാര്യത്തിൽ നാളിതുവരെ പെന്റിംഗ് ആയിട്ടുള്ള വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുവാൻ സമയബന്ധിതമായ നടപടികൾ അതത് വകുപ്പുകൾ സ്വീകരിക്കുമെന്ന് ചെയർ കരുതുന്നു. ഇക്കാര്യത്തിൽ ആവശ്യമായ മേൽനോട്ടം പാർലമെന്ററികാര്യ വകുപ്പ് കൈക്കൊള്ളേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു.

## 2. 12-7-2016, 13-7-2016 എന്നീ തീയതികളിലെ ക്രമപ്രശ്നങ്ങളിന്മേലുള്ള റൂളിംഗ്

മി. സ്പീക്കർ: 12-7-2016-ന് പുതുക്കിയ ബഡ്ജറ്റിനെ സംബന്ധിച്ച പൊതു ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. എം. സ്വരാജ് ബൈബിൾ വചനം ഉദ്ധരിച്ചുകൊണ്ട് നടത്തിയ പരാമർശം സംബന്ധിച്ച് 13-7-2016-ന് ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ, പ്രസ്തുത പരാമർശം പ്രതിപക്ഷത്തിനാകെ അപമാനകരമാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഒരു ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി. ബൈബിൾവചനം ഉദ്ധരിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് ശ്രീ. എം. സ്വരാജ് ചട്ടം 258 പ്രകാരം 14-7-2016-ന് നടത്തിയ വ്യക്തിപരമായ വിശദീകരണത്തിൽ, പ്രസ്തുത വിഷയം ഏതെങ്കിലും അംഗങ്ങളെ ആക്ഷേപിക്കാനായി ഉദ്ദേശിച്ചുകൊണ്ടല്ല അവതരിപ്പിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുകയുണ്ടായി. ബഹുമാനപ്പെട്ട അംഗത്തിന്റെ വിശദീകരണം ചെയർ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള തുടർനടപടികൾ ആവശ്യമാണെന്ന് ചെയർ കരുതുന്നില്ല.

13-7-2016-ന് അടിയന്തരപ്രമേയാവതരണവേളയിൽ വാക്കൗട്ട് പ്രസംഗത്തിനിടയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പരാമർശത്തെത്തുടർന്ന് ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നടത്തിയ പരാമർശം പിൻവലിക്കണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് ഉച്ച ഭാഷിണിയിലൂടെയല്ലാത്ത പരാമർശങ്ങളൊന്നുംതന്നെ രേഖയിലുണ്ടാകില്ലെന്ന് ചെയർ അറിയിക്കുകയുണ്ടായി. പ്രതിഷേധം പ്രകടിപ്പിക്കുന്നതിലേയ്ക്കായി ശ്രീ. വി. ഡി. സതീശൻ ചില പരാമർശങ്ങൾ നടത്തുകയുണ്ടായി. ഇക്കാര്യങ്ങളെല്ലാം ചെയർ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി. അൺപാർലമെന്ററിയായ എല്ലാ പ്രയോഗങ്ങളും സഭാരേഖയിൽ നിന്നും നീക്കം ചെയ്തിട്ടുള്ളതായി അറിയിക്കുന്നു.

ബഹുമാനപ്പെട്ട അംഗങ്ങൾ പ്രസംഗമദ്ധ്യേ സഭയിൽ പാലിക്കേണ്ട മിതത്വം സംബന്ധിച്ചും അംഗങ്ങളുടെ പൊതുവെയുള്ള പെരുമാറ്റത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചും മുൻകാലങ്ങളിൽ ചെയറിന്റെ ഭാഗത്തുനിന്നും വിശദമായ റൂളിംഗുകൾ ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും പുതിയ അംഗങ്ങളുടെകൂടി അറിവിലേയ്ക്കായി വീണ്ടും ചെയറിന് ആവർത്തിക്കുവാനുള്ളത്, സഭാംഗങ്ങൾ പരസ്പര ബഹുമാനത്തോടും സഭയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്ന തരത്തിലുമായിരിക്കണം സഭാപ്രവർത്തനങ്ങളിൽ ഭാഗമാകേണ്ടത്. എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും ഇക്കാര്യം നിഷ്കർഷയോടെ പാലിക്കുമെന്ന് ചെയർ വിശ്വസിക്കുന്നു.

## VIII ചട്ടങ്ങൾക്കുള്ള ഭേദഗതികളുടെ പരിഗണന

2016 ഫെബ്രുവരി 8-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 3/2016/മ.ഉ.വ. നമ്പരായി വിജ്ഞാപനം ചെയ്ത (എസ്.ആർ.ഒ. നമ്പർ 121/2016) " 2016-ലെ കേരള മത്സ്യവിത്ത് ചട്ടങ്ങൾ"ക്കുള്ള ഭേദഗതികളുടെ പരിഗണന

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

1. 9-ാം ചട്ടത്തിന്റെ 2-ാം ഉപചട്ടത്തിൽ " (ഡി) പ്രാദേശിക മത്സ്യവിത്ത് കേന്ദ്രമോ സംസ്ഥാന മത്സ്യവിത്ത് കേന്ദ്രമോ ആവശ്യപ്പെടുന്ന മറ്റ് വിവരങ്ങൾ" എന്നീ വാക്കുകൾ ഒഴിവാക്കുക.

2. II-ാം ചട്ടത്തിന്റെ 2-ാം ഉപചട്ടത്തിൽ " (ഡി) ബന്ധപ്പെട്ട പ്രാദേശിക മത്സ്യവിത്ത് കേന്ദ്രം ആവശ്യപ്പെടുന്ന മറ്റ് രേഖകൾ " എന്നീ വാക്കുകൾ ഒഴിവാക്കുക.

3. 12-ാം ചട്ടത്തിന് ചുവടെ ചേർക്കുന്ന ക്ലിപ്ത നിബന്ധന ചേർക്കുക. " എന്നാൽ യഥാസമയം അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാത്തവർക്ക് 250 രൂപ പിഴ ഈടാക്കി അപേക്ഷ നൽകാൻ 30 ദിവസത്തെ സമയംകൂടി അനുവദിക്കാവുന്നതാണ്."

4. 18-ാം ചട്ടം പൂർണ്ണമായും റദ്ദാക്കുക; ശേഷിച്ചവ പുനരക്കം ചെയ്യുക. കേരള മത്സ്യവിത്ത് ആക്ട് 2014-മായി ബന്ധപ്പെട്ട് ഇറക്കിയിട്ടുള്ള റൂളുകൾ യഥാർത്ഥത്തിൽ ഡെലിഗേറ്റഡ് ലെജിസ്ലേഷന്റെ അന്തസ്സത്തയ്ക്കും സ്പിരിറ്റിനും എതിരാണ്. ആക്ടിന് വിരുദ്ധമായ രീതിയിലാണ് റൂൾ പുറപ്പെടുവിച്ചിട്ടുള്ളത്. എക്സസീവ് പവറാണ് ഉപയോഗിച്ചിട്ടുള്ളത്. അതിൽ ഒന്ന്, ചട്ടം 9-ൽ മത്സ്യവിത്ത് ഫാമുകളുടെയും ഹാച്ചറികളുടെയും രജിസ്ട്രേഷനെക്കുറിച്ച് വ്യക്തമായി പറഞ്ഞിട്ടുണ്ട്. രജിസ്റ്റർ ചെയ്യുന്നതിനുള്ള ഓരോ അപേക്ഷയോടുംകൂടി വിവരിക്കുന്ന രേഖകൾ ഉൾപ്പെടുത്തേണ്ടതാണ്.

(എ) ലൊക്കേഷൻ, പ്ലാൻ, സൈറ്റ് പ്ലാൻ

(ബി) ഉടമസ്ഥാവകാശരേഖ, പാട്ടത്തിനെടുത്തതാണെങ്കിൽ പാട്ടക്കാരൻ/ഉടമസ്ഥന്റെ മാനേജരുടെ തിരിച്ചറിയൽ കാർഡ് എന്നിവ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ

(സി) മത്സ്യവിത്ത് ഫാം അല്ലെങ്കിൽ ഹാച്ചറിയുടെ പദ്ധതിരേഖ

അതിനുശേഷം (ഡി) ആയി ചേർത്തിട്ടുള്ളത് "പ്രാദേശിക മത്സ്യവിത്ത് കേന്ദ്രമോ സംസ്ഥാന മത്സ്യവിത്ത് കേന്ദ്രമോ ആവശ്യപ്പെടുന്ന മറ്റ് വിവരങ്ങൾ" എന്നാണ്. മറ്റ് വിവരങ്ങൾ എന്നുള്ളത് ഓപ്പണായി ഇടാൻ കഴിയില്ല. 'ഉൾപ്പെടുന്നവ', 'മുതലായവ' എന്നീ വാക്കുകൾ ആക്ടിൽ ചേർത്താൽ ഏതുവേണമെങ്കിലും കൂട്ടിച്ചേർക്കാം. അതുകൊണ്ട് 'മറ്റ് വിവരങ്ങൾ' എന്നുചേർത്തിട്ടുള്ള (ഡി) ഒഴിവാക്കണം, അത് ആക്ടിന് വിരുദ്ധമാണ്.

അതുപോലെ, മത്സ്യവിത്ത് ഫാമുകൾ/ഹാച്ചറികൾ ലൈസൻസ് നൽകൽ. അതിലും (ഡി) യിൽ പറയുന്നത്, "ബന്ധപ്പെട്ട പ്രാദേശിക മത്സ്യവിത്ത് കേന്ദ്രം ആവശ്യപ്പെടുന്ന മറ്റ് രേഖകൾ " എന്നാണ്. കൃത്യമായി ഇന്നയിന്ന രേഖകൾ വേണമെന്നു പറഞ്ഞതിനുശേഷം മറ്റ് രേഖകൾ ആവശ്യപ്പെടാമെന്നുപറഞ്ഞാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ മത്സ്യകൃഷിക്ക് ഏത് രേഖകൾ ആവശ്യപ്പെടാനും ഹരാസ് ചെയ്യാനും താമസം ഉണ്ടാക്കുവാനും മറ്റ് പ്രശ്നങ്ങൾ ഉണ്ടാക്കുവാനും ഇടയാകുമെന്നുള്ളതു കൊണ്ട് അത് നീക്കം ചെയ്യണമെന്നുള്ളതാണ് അടുത്ത ഭേദഗതി.

മത്സ്യവിത്ത്/ഹാച്ചറി ലൈസൻസ് പുതുക്കൽ എന്ന ഭാഗത്ത് "സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് ഒരു മാസം മുമ്പ് മത്സ്യവിത്ത് ഫാമിന്റെയും ഹാച്ചറിയുടെയും ലൈസൻസ് പുതുക്കുന്നതിനുള്ള ഓരോ അപേക്ഷയും നിലവിലുള്ള ലൈസൻസിനോടൊപ്പം ഫാം നമ്പർ 9-ൽ ബന്ധപ്പെട്ട പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിൽ സമർപ്പിക്കേണ്ടതും അത്തരത്തിലുള്ള അപേക്ഷകൾ ലഭിച്ച് 30 ദിവസത്തിനുള്ളിൽ പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിന് ഒരു പുതിയ ലൈസൻസ് അനുവദിക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് ലൈസൻസ് പുതുക്കി നൽകാവുന്നതാണ്" എന്ന് കൃത്യമായി പറയുന്നുണ്ട്. അത്തരത്തിൽ നൽകാൻ കഴിയാത്ത ആളുകൾക്ക് ഫൈനോടുകൂടി കൊടുക്കാനുള്ള അവസരം എല്ലാ ആക്ടുകളും റൂളുകളും പരിശോധിച്ചാൽ കാണാവുന്നതാണ്. അതുകൊണ്ട് 12-ാം ചട്ടത്തിന്, " എന്നാൽ യഥാസമയം അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാത്തവർക്ക് 250 രൂപ പിഴ ഈടാക്കി

അപേക്ഷ നൽകാൻ 30 ദിവസത്തെ സമയംകൂടി അനുവദിക്കാവുന്നതാണ്." എന്ന നിബന്ധനകൂടി ചേർക്കുക എന്നതാണ് ഭേദഗതി. 250 രൂപ എന്നുള്ളത് എന്റെ അഭിപ്രായത്തിൽ പറഞ്ഞതല്ല. ഇവിടെ പട്ടികയിൽ ലൈസൻസ് പുതുക്കുന്നതിനുള്ള ഫീസായി പറഞ്ഞിട്ടുള്ളത് 250 രൂപയാണ്. അതുകൊണ്ട് ഫൈനായി 250 രൂപ നൽകിയാൽ ലൈസൻസ് പുതുക്കി നൽകുന്നതിനുള്ള അവസരമുണ്ടാകും. അതുപോലെ തന്നെ ഏറ്റവും പ്രധാനപ്പെട്ടതാണ് " 18-ാം ചട്ടം പൂർണ്ണമായും റദ്ദാക്കുക" എന്ന എന്റെ ഭേദഗതി. ഈ വകുപ്പിൽ പ്രത്യേകമായ സാഹചര്യങ്ങളിൽ മത്സ്യവിത്ത് സാമ്പിളുകൾ ശേഖരിക്കുവാൻ മത്സ്യവിത്ത് ഇൻസ്പെക്ടർക്കുള്ള അധികാരത്തെ കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. അതിൽ മത്സ്യവിത്തിന്റെ സാമ്പിളുകൾ പരിശോധനയ്ക്കായി ഇനി പറയുന്ന സാഹചര്യങ്ങളിൽ ശേഖരിക്കുമ്പോൾ ആക്ടിലെ 23-ാം വകുപ്പ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽനിന്നും മത്സ്യവിത്ത് ഇൻസ്പെക്ടറെ ഒഴിവാക്കാവുന്നതാണ്. അതായത് മത്സ്യവിത്തുകൾ അപകടകരമാംവിധം അസുഖങ്ങൾ ബാധിച്ചവയാണെന്ന പരാതിയിൽ, മത്സ്യവിത്ത് സാമ്പിളുകൾ ശേഖരിക്കുമ്പോൾ സാധാരണ പരിശോധനയിൽ മത്സ്യവിത്തുകൾ അസുഖം ബാധിച്ചവയാണെന്ന് ബോധ്യപ്പെടുന്ന സംഗതിയുണ്ടായാൽ ആക്ടിലെ 23-ാം വകുപ്പിൽ പറയപ്പെടുന്ന സംഗതികൾ ഒന്നും രണ്ടും വകുപ്പുകൾ എടുത്തുകളയാമെന്ന് പറഞ്ഞിട്ടുണ്ട്. ആക്ടിന് വിരുദ്ധമായി ആക്ടിന്റെ വകുപ്പുകൾ എടുത്തുകളയാൻ യാതൊരു കാരണവശാലും റൂളിന് അധികാരമില്ല. ഡെലിഗേറ്റഡ് പവർ കൊടുത്തിട്ടുള്ള, അസംബ്ലി പാസ്സാക്കിയ ഒരു നിയമത്തിലെ ഇന്നയിന്ന വകുപ്പുകൾ എടുത്തുകളയണമെന്ന് പറയാൻ ഒരു എക്സിക്യൂട്ടീവിനും അധികാരമില്ല. അത് എക്സസ്സീവ് പവറാണ്. അതിനെ സംബന്ധിച്ച് കൂടുതൽ വിവരിക്കേണ്ടതില്ല. 'Delegated Legislation cannot alter or be contracted to this statute authorizing it' എന്നതിൽനിന്നും ഇത് വളരെ വ്യക്തമാണ്. കോടതി വിധികളുണ്ട്. സ്റ്റാറ്റ്യൂട്ട് വളരെ കൃത്യമായുണ്ട്. Interpretation of Statute-ലും വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട്. 18-ാം വകുപ്പിൽ കൂട്ടിച്ചേർത്തിട്ടുള്ളത് ആക്ടിന് വിരുദ്ധമാണ്. അതൊരു വാചകം മാത്രമല്ല, ആക്ടിലെ 5 വകുപ്പുകളും എടുത്തുകളയുകയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. 23-ാം വകുപ്പിൽ മത്സ്യവിത്ത് ഇൻസ്പെക്ടർ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ (1), (2), (3), (4), (5) സബ്ഹെഡുകളിലായി ഒന്നരപ്പേജ് വരുന്ന ആക്ടിലെ കാര്യങ്ങൾ മുഴുവൻ എടുത്തുമാറ്റിയിരിക്കുകയാണ്. തികച്ചും ആക്ടിന് വിരുദ്ധമായി, ആക്ടിൽ പറഞ്ഞിട്ടുള്ള നാലഞ്ച് ക്ലോസ്സുകൾ എടുത്തുകളഞ്ഞിരിക്കുകയാണ്. എക്സിക്യൂട്ടീവിന് യാതൊരു അധികാരവുമില്ലാത്തതുകൊണ്ട് അതൊരിക്കലും അനുവദിക്കാൻ പാടില്ല എന്നുള്ളതാണ്

എന്റെ ഭേദഗതി. ഇത് നിയമസഭയോടും നിയമസഭ പാസ്സാക്കിയിട്ടുള്ള നിയമത്തോടും കാണിക്കുന്ന എക്സിക്യൂട്ടീവിന്റെ കടന്നുകയറ്റമാണ്. യാതൊരു കാരണവശാലും നിയമപരമായി അതംഗീകരിച്ചു കൊടുക്കാൻ കഴിയില്ല. അത് ഭേദഗതി ചെയ്യണമെന്നതാണ് എന്റെ ഭേദഗതി.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ വിശദീകരിച്ചതിൽ കുറച്ച് തെറ്റിദ്ധാരണയുണ്ടെന്ന് തോന്നുന്നു. മത്സ്യവിത്ത് നിയമവുമായി ബന്ധപ്പെട്ട ചട്ടം തയ്യാറാക്കിയതിൽ മത്സ്യവിത്ത് ഫാമുകളുടെയും ഹാച്ചറികളുടെയും രജിസ്ട്രേഷൻ, ലൈസൻസ് കൊടുക്കൽ, പുതുക്കൽ ഈ മൂന്നുകാര്യങ്ങളിലാണ് അദ്ദേഹം ചില മാറ്റങ്ങൾ വേണമെന്നാവശ്യപ്പെട്ടിരിക്കുന്നത്. 9-ാം ചട്ടത്തിൽ 2-ാം ഉപചട്ടം (ഡി)-യിൽ പറയുന്നത് പ്രാദേശിക വിത്ത് കേന്ദ്രമോ സംസ്ഥാന വിത്ത് കേന്ദ്രമോ ആവശ്യപ്പെടുന്ന മറ്റ് വിവരങ്ങൾ; ആ മറ്റ് വിവരങ്ങളിൽ അദ്ദേഹം കുറെ ആശങ്ക ഉന്നയിച്ചു കൊണ്ടാണ് ഭേദഗതി ചെയ്യണമെന്നാവശ്യപ്പെട്ടത്. ആ ആശങ്കയ്ക്ക് അടിസ്ഥാനമില്ല. ചെറിയ ഫാമുകളുടെയും വിത്തുകളുടെയും കാര്യത്തിൽ ഇത് പറയുന്നില്ല. വലിയ ഫാമുകളോ ഹാച്ചറികളോ വന്നാൽ അതിന് പാരിസ്ഥിതികാഘാത പഠനം നടത്തേണ്ടതുണ്ട്. അതാവശ്യമുള്ളിടത്തുമാത്രം അത്തരം വിവരങ്ങൾ എന്നുദ്ദേശിച്ചു കൊണ്ടാണ് മറ്റ് വിവരങ്ങൾ എന്നുപറഞ്ഞിട്ടുള്ളത്. ചെറിയ ഫാമുകൾക്ക് ഇത് ബാധകമല്ല. അതുകൊണ്ട് അദ്ദേഹത്തിന്റെ ആശങ്ക ഇവിടെ നിലനിൽക്കുന്നില്ല. അതുകൊണ്ടുതന്നെ അദ്ദേഹം നിർദ്ദേശിച്ച ഭേദഗതി അംഗീകരിക്കുന്നില്ല.

രണ്ടാമത് ചട്ടത്തിൽ പറഞ്ഞിരിക്കുന്നത് ഫാമുകൾക്ക് ലൈസൻസ് കൊടുക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടാണ്. ആക്കാര്യത്തിലും ഇതുതന്നെയാണ് പറയാനുള്ളത്. ചെറിയ ഹാച്ചറികൾക്കും ഫാമുകൾക്കും ഇത് ബാധകമല്ല. വലിയ ഫാമുകളോ ഹാച്ചറികളോ വന്നാൽ പാരിസ്ഥിതികാഘാത പ്രശ്നം വരുന്നതുകൊണ്ട് അതുകൂടി പരിഗണിക്കണമെന്ന ഉദ്ദേശ്യം മാത്രമെയുള്ളൂ. അതുകൊണ്ട് ഇവിടെയും ആശങ്കയ്ക്ക് അടിസ്ഥാനമില്ല. അതുകൊണ്ടുതന്നെ ഭേദഗതി അംഗീകരിക്കുന്നുമില്ല.

മൂന്നാമത് പറഞ്ഞിരിക്കുന്നത് അപേക്ഷ സമർപ്പിക്കുമ്പോൾ 250 രൂപ പിഴ ഈടാക്കി വീണ്ടുമൊരു 30 ദിവസംകൂടി നൽകണമെന്നതാണ്. ഹാച്ചറികളുടെ കാര്യത്തിൽ സമയബന്ധിതമായാണ് കാര്യങ്ങൾ ചെയ്യേണ്ടത്. നിലവിൽ അപേക്ഷ ലഭിച്ചാൽ 30 ദിവസത്തിനകംതന്നെ ലൈസൻസ് നൽകണമെന്നതാണ് വ്യവസ്ഥ. ഈ 30 ദിവസത്തിനകം കൊടുക്കേണ്ട സമയക്ലിപ്തത അവിടെ

ആവശ്യമുള്ളതുകൊണ്ടാണ്. അദ്ദേഹം പറയുന്നത് ഈ 30 ദിവസം കഴിഞ്ഞ് 30 ദിവസം കൂടി വേണമെന്നാണ്. ഹാച്ചറികളെ സംബന്ധിച്ച് അറിയാത്തതുകൊണ്ടാണോ പറഞ്ഞതെന്ന് എനിക്കറിയില്ല. ഇക്കാര്യങ്ങൾ ടൈം ബൗണ്ടാകണം. അനന്തമായി നീട്ടിക്കൊണ്ടുപോകുന്നത് ഇതിന്റെ സമയം നഷ്ടപ്പെടാനിടവരുത്തും. അതുകൊണ്ടു തന്നെ ഈ ഭേദഗതി ഹാച്ചറിയുടെ കാര്യത്തിൽ പ്രായോഗികമല്ല. അതിനാൽ ആ ഭേദഗതിയും അംഗീകരിക്കുന്നില്ല.

നാലാമതായി പറഞ്ഞത് 18-ാം ചട്ടം പൂർണ്ണമായും റദ്ദാക്കുക എന്നതാണ്. അതിനകത്ത് അദ്ദേഹം തെറ്റിദ്ധരിപ്പിക്കുന്ന കാര്യങ്ങൾ ധാരാളമായി പറഞ്ഞു. കുറെ ക്ലോസ്സുകൾ എടുത്തുകളഞ്ഞു, പ്രിൻസിപ്പൽ ആക്ടിന് വിരുദ്ധമായി ചട്ടങ്ങൾ വന്നു എന്നിങ്ങനെയുള്ള വാദങ്ങൾ ഉന്നയിക്കുകയുണ്ടായി. അങ്ങനെ പ്രിൻസിപ്പൽ ആക്ടിന് വിരുദ്ധമായി ഒരു ചട്ടവും ഇവിടെ വച്ചിട്ടില്ല. വ്യവസ്ഥകൾ എടുത്തു കളഞ്ഞിട്ടുമില്ല. ആകെ ഇവിടെ പറഞ്ഞിട്ടുള്ളത് 23-ാം വകുപ്പിൽ മത്സ്യവിത്ത് ഇൻസ്പെക്ടർ അനുവർത്തിക്കേണ്ട നടപടികളെക്കുറിച്ച് പറഞ്ഞകൂട്ടത്തിൽ 23 (എ) 'ആരിൽനിന്നാണോ സാമ്പിൾ എടുക്കാനുദ്ദേശിക്കുന്നത് അയാൾക്ക് അപ്പോൾത്തന്നെ അങ്ങനെയുള്ള ഉദ്ദേശ്യമറിയിക്കുന്ന രേഖാമൂലമുള്ള ഒരു നോട്ടീസ് നൽകേണ്ടതും' എന്നുപറയുന്ന വ്യവസ്ഥ മാത്രമാണ് റദ്ദാക്കാൻ ഉദ്ദേശിച്ചത്, എന്നുവച്ചാൽ ഹാച്ചറികളിൽ കുഞ്ഞുങ്ങൾക്ക് രോഗം ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉടനടി അതിന്റെ സാമ്പിളെടുത്ത് പരിശോധിക്കുക എന്നുള്ളതാണ് വ്യവസ്ഥ. ഇമ്മാതിരി രോഗംവരുന്ന ഘട്ടങ്ങളിൽ നോട്ടീസ് കൊടുത്തുള്ള നടപടിക്രമമാണ് നമ്മൾ ഒഴിവാക്കുന്നത്. കാരണം രോഗബാധിതമാകുന്ന ഹാച്ചറികളിൽ അടിയന്തരമായി ഇടപെടുകയെന്നതാണ് പ്രധാനം. പ്രിൻസിപ്പൽ ആക്ടിൽ ഇതിന്റെ ഉദ്ദേശ്യശുദ്ധിയാണ് വിശദീകരിക്കുന്നത്. ആ ഉദ്ദേശ്യശുദ്ധി ഇഫക്ടീവായി പ്രയോജനത്തിൽ വരുത്താനാണ് ശ്രമിക്കുന്നത്. വീണ്ടും അതിനൊരു കാലതാമസം വരുത്താൻ പാടില്ല. നോട്ടീസ് നൽകി, അതിന് മറുപടി വാങ്ങി അപ്പോഴേയ്ക്കും ഫാമിലെ മുഴുവൻ കുഞ്ഞുങ്ങളും ചാവുക മാത്രമല്ല നമ്മുടെ സംസ്ഥാനത്തെ മറ്റ് ഫാമുകളെയും അത് ബാധിക്കും. അതുകൊണ്ട് ഉദ്ദേശ്യശുദ്ധിയാണ് പ്രധാനം. പ്രിൻസിപ്പൽ ആക്ടിന് വിരുദ്ധമായി ഒരു ചട്ടവും ഇവിടെ ഉണ്ടാക്കിയിട്ടില്ല. ഉദ്ദേശ്യശുദ്ധിയെ മാനിക്കേണ്ടതുണ്ട്. ഉടനടി ഇടപെടുക എന്ന ലക്ഷ്യം വച്ചുകൊണ്ട് (എ) എന്നുള്ള ക്ലോസ്സ് സസ്പെൻഡ് ചെയ്യുന്നത് ഈ പരിശോധനയുടെ ഘട്ടത്തിലാണ്. അതുകൊണ്ട് അദ്ദേഹം അവതരിപ്പിച്ചിട്ടുള്ള ഒരു ഭേദഗതിയും അംഗീകരിക്കാൻ കഴിയില്ല.

<u>മി. സ്പീക്കർ:</u> ശ്രീ. എം. ഉമ്മർ, താങ്കളുടെ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഉമ്മർ: സർ, ആക്ട് കൃത്യമായി പറഞ്ഞിരിക്കുകയാണ്. ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി ഇക്കാര്യത്തിലൊന്ന് ഇടപെടുന്നത് നന്നായിരിക്കും.

മി. സ്പീക്കർ: മിനിസ്റ്റർ കൃത്യമായ മറുപടി പറഞ്ഞുകഴിഞ്ഞു. താങ്കൾ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോയെന്നു പറഞ്ഞാൽ മതി.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ എന്റെ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നു. അത് ഞാൻ വിവരിക്കുകയാണ്. ആക്ട് മാറ്റാൻ എക്സിക്യൂട്ടീവിന് അധികാരമുണ്ടോയെന്നുള്ളതാണ് ഇവിടത്തെ പ്രശ്നം.

മി. സ്പീക്കർ: ഫിഷറീസ് വകുപ്പുമന്ത്രി ഗവൺമെന്റിന്റെ നിലപാട് പറഞ്ഞു കഴിഞ്ഞു. ഇനി ഒരു ചർച്ചയില്ല.

ശ്രീ. എം. ഉമ്മർ: സർ, ബഹുമാനപ്പെട്ട മിനിസ്റ്റർ തെറ്റിദ്ധരിച്ചതാണ്. എക്സിക്യൂട്ടീവിന് നിയമസഭയുടെ അധികാരം കൊടുത്തിട്ട് നാളെ നിയമം മാറ്റുന്നതിന് പ്രത്യേക സാഹചര്യമുണ്ടെന്നുള്ള നിലയിൽ നിയമസഭയെക്കാൾ വലിയ ഒരു അധികാരം എക്സിക്യൂട്ടീവിന് കൊടുക്കാൻ സാധിക്കുമോ? നിരവധി കോടതി വിധികളുണ്ട്. അതുകൊണ്ടാണിവിടെ പറഞ്ഞത്. ഞാൻ എന്റെ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച ഭേദഗതികൾ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി:

അനുകൂലിക്കുന്നവർ:

1. ശ്രീ. പാറക്കൽ അബ്ദുല്ല
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. എ. പി. അനിൽ കുമാർ

8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. വി. റ്റി. ബൽറാം
11. ശ്രീ. പി. കെ. ബഷീർ
12. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
13. ശ്രീ. പി. സി. ജോർജ്
14. ശ്രീ. ഹൈബി ഈഡൻ
15. ശ്രീ. ടി. വി. ഇബ്രാഹിം
16. ശ്രീ. കെ. സി. ജോസഫ്
17. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
18. ശ്രീ. സി. മമ്മൂട്ടി
19. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
21. ശ്രീ. രമേശ് ചെന്നിത്തല
22. ശ്രീ. റോഷി അഗസ്റ്റിൻ
23. ശ്രീ. കെ. എസ്. ശബരീനാഥൻ
24. ശ്രീ. എൻ. ഷംസുദ്ദീൻ
25. ശ്രീ. വി. ഡി. സതീശൻ
26. ശ്രീ. സണ്ണി ജോസഫ്
27. ശ്രീ. സി. എഫ്. തോമസ്
28. ശ്രീ. പി. ടി. തോമസ്
29. ശ്രീ. പി. ഉബൈദുള്ള
30. ശ്രീ. എം. ഉമ്മർ
31. ശ്രീ. എം. വിൻസെന്റ്

<u>പ്രതികൂലിക്കുന്നവർ</u> :

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. സി. കെ. ഹരീന്ദ്രൻ
17. ശ്രീ. ജെയിംസ് മാത്യു
18. ശ്രീ. ജി. എസ്. ജയലാൽ
19. ശ്രീ. ഇ. പി. ജയരാജൻ
20. ശ്രീ. വി. ജോയി
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. ഒ. ആർ. കേളു

23. ശ്രീ. സി. കൃഷ്ണൻ
24. ശ്രീ. കെ. കുഞ്ഞിരാമൻ
25. ശ്രീ. കോവൂർ കുഞ്ഞുമോൻ
26. ശ്രീ. മാത്യു ടി. തോമസ്
27. ശ്രീ. കെ. ജെ. മാക്സി
28. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
29. ശ്രീ. മുഹമ്മദ് മുഹസിൻ പി.
30. ശ്രീ. എം. മുകേഷ്
31. ശ്രീ. ഡി. കെ. മുരളി
32. ശ്രീ. മുരളി പെരുനെല്ലി
33. ശ്രീ. സി. കെ. നാണു
34. ശ്രീ. യു. ആർ. പ്രദീപ്
35. ശ്രീ. എ. പ്രദീപ് കുമാർ
36. ശ്രീ. കെ. ഡി. പ്രസേനൻ
37. ശ്രീമതി യു. പ്രതിഭ ഹരി
38. ശ്രീ. പുരുഷൻ കടലുണ്ടി
39. ശ്രീ. പി. ടി. എ. റഹീം
40. ശ്രീ. എം. രാജഗോപാലൻ
41. ശ്രീ. കെ. രാജൻ
42. ശ്രീ. എസ്. രാജേന്ദ്രൻ
43. ശ്രീ. ആർ. രാജേഷ്
44. ശ്രീ. റ്റി. വി. രാജേഷ്
45. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

46. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
47. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
48. ശ്രീ. കാരാട്ട് റസാഖ്
49. ശ്രീ. എസ്. ശർമ്മ
50. ശ്രീ. എ. കെ. ശശീന്ദ്രൻ
51. ശ്രീ. സി. കെ. ശശീന്ദ്രൻ
52. ശ്രീ. പി. കെ. ശശി
53. ശ്രീ. ഐ. ബി. സതീഷ്
54. ശ്രീ. ബി. സത്യൻ
55. ശ്രീ. എ. എൻ. ഷംസീർ
56. ശ്രീ. എം. സ്വരാജ്
57. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
58. ശ്രീ. പി. തിലോത്തമൻ
59. ശ്രീ. തോമസ് ചാണ്ടി
60. ശ്രീ. പി. ഉണ്ണി
61. ശ്രീമതി വീണാ ജോർജ്ജ്
62. ശ്രീ. കെ. വി. വിജയദാസ്
63. ശ്രീ. ഇ. കെ. വിജയൻ
64. ശ്രീ. പിണറായി വിജയൻ
65. ശ്രീ. എൻ. വിജയൻ പിള്ള

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | : | 31 |
| പ്രതികൂലിക്കുന്നവർ | : | 65 |
| നിക്ഷപക്ഷത പാലിക്കുന്നവർ | : | ആരുമില്ല. |

<u>മി. സ്പീക്കർ:</u> ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

# IX നിയമനിർമ്മാണകാര്യം

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ): സർ,ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. നിയമസഭയുടെ അയോഗ്യതകൾ നീക്കം ചെയ്യൽ ഭേദഗതി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് ഞങ്ങൾ മൂന്നുപേർ വിയോജിപ്പ് എഴുതി അറിയിച്ചിട്ടുണ്ട്. പ്രതിപക്ഷ ഉപനേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. ഉമ്മൻ ചാണ്ടി എന്നിവരാണ് മറ്റ് രണ്ടുപേർ. ഇതിൽ ഞാൻ മാത്രമാണ് ചർച്ചയിൽ പങ്കെടുക്കുന്നത്. മറ്റ് രണ്ടുപേരും ചർച്ചയിൽ പങ്കെടുക്കുന്നില്ല എന്നറിയിച്ചിട്ടുണ്ട്.

ഓഫീസ് ഓഫ് പ്രോഫിറ്റ് എന്ന കൺസപ്റ്റ് ആരംഭിച്ചത് പതിനാറാം നൂറ്റാണ്ടിലാണ്. പതിനാറാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ രാജാവും കോമൺസും തമ്മിലുള്ള കോൺഫ്ലിക്റ്റാണ് ഇത്തരമൊരു കൺസപ്റ്റിലേക്ക് നയിച്ചത്. ബ്രിട്ടീഷ് ഹൗസ് ഓഫ് കോമൺസിന്റെ ചരിത്രത്തിൽ King and Commons തമ്മിലുള്ള കോൺഫ്ലിക്റ്റാണ് ഇത്തരം വിവാദപരമായ കാര്യങ്ങളിലേയ്ക്ക് നയിച്ചിട്ടുള്ളത്. രാജാവ് സർക്കാർ പദവികൾ നൽകി എം.പി.-മാരെ സ്വാധീനിക്കുന്ന ഒരു കാലമുണ്ടായിരുന്നു. ഇതിന്റെ ഫലമായി എം.പി.-മാരിൽ പലർക്കും തങ്ങളുടെ പാർലമെന്ററി പ്രവർത്തനത്തിൽ താല്പര്യം കുറയുകയും രാജാവ് നൽകുന്ന പദവിയുടെ പിന്നാലെ പോകുകയും ചെയ്യുന്ന ഒരു സാഹചര്യം ഉണ്ടായിരുന്നു. ബ്രിട്ടീഷ് പാർലമെന്റ് ഇക്കാര്യം ഗൗരവപൂർവ്വം പരിശോധിച്ചശേഷം ഒരു പുതിയ നിയമം പാസ്സാക്കി. രാജാവ് നൽകുന്ന സ്ഥാനവും ആനുകൂല്യവും പറ്റുന്നവർക്ക്

എം.പി. സ്ഥാനവും നഷ്ടപ്പെടും എന്നുള്ളതായിരുന്നു ആ നിയമം. പതിനാറാം നൂറ്റാണ്ടിലെ ആ നിയമമാണ് പിന്നീട് 'ഓഫീസ് ഓഫ് പ്രോഫിറ്റ്' എന്ന കൺസപ്റ്റിലേയ്ക്ക് മാറിയത്. അടിസ്ഥാനപരമായി എം.പി.മാർ എന്നുള്ളത് പബ്ലിക് ഡ്യൂട്ടിയും പേഴ്സണൽ ഇന്ററസ്റ്റും തമ്മിലുള്ള ഒരു കോൺഫ്ലിക്റ്റാണ്. എന്നാൽ വളരെ വർഷങ്ങളായി ലോകത്തെമ്പാടും ഈ കൺസപ്റ്റിനെപ്പറ്റിയുള്ള ചർച്ചകൾ വ്യാപകമായി നടന്നിട്ടുണ്ട്. നിരവധി കോടതി വിധികളും ഇതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുണ്ട്. ഓഫീസ് ഓഫ് പ്രോഫിറ്റിനെ സംബന്ധിച്ച് ഒരു നിയമത്തിലും ഒന്നും പറയുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഇതിനായി ഒരു ഡെഫനിഷൻ പ്രത്യേകമായി സൂചിപ്പിക്കുന്നില്ല. ആർട്ടിക്കിൾ 191 1. (a) പ്രകാരം, The Constitution says that holding an office of profit under the Government, disqualifies a person from being chosen and for being a Member of the Legislature. ഈ പർട്ടിക്കുലർ ഓഫീസ് ഓഫ് പ്രോഫിറ്റാണോ ഗവൺമെന്റ് നൽകുന്നതെന്ന് പരിശോധിക്കാൻവേണ്ടി സുപ്രീംകോടതി ധാരാളം ടെസ്റ്റുകൾ പറയുന്നുണ്ട്. ആ ടെസ്റ്റുകൾ പരിശോധിച്ചിട്ടാണ് ഗവൺമെന്റ് ഒരു എം.എൽ.എ.-ക്കോ ഒരു എം.പി.-ക്കോ നൽകുന്ന പദവി ഓഫീസ് ഓഫ് പ്രോഫിറ്റാണോ എന്ന് തീരുമാനിക്കുന്നത്. (1) Does the Government make any appointment 2. Does the Government have power to terminate the appointment 3. Does the Government pay remuneration (4) Does the holder of the office perform the functions for the Government (5) Does the Government have control over the performance of the duty. ഓഫീസ് ഓഫ് പ്രോഫിറ്റ് നൽകുന്ന ഒരു വ്യക്തിയെ ഗവൺമെന്റ് അപ്പോയിന്റ് ചെയ്യുന്നതാണോ, ഗവൺമെന്റ് റെമ്യൂണറേഷൻ നൽകുന്നുണ്ടോ, ഗവൺമെന്റിനുവേണ്ടി ഡ്യൂട്ടി പെർഫോം ചെയ്യുന്നുണ്ടോ, പെർഫോം ചെയ്യുന്നതിനകത്ത് ഗവൺമെന്റിന് കൺട്രോൾ ഉണ്ടോ എന്നീ അഞ്ച് ടെസ്റ്റുകളുടെ അടിസ്ഥാനത്തിലാണ് സുപ്രീംകോടതിയുടെ വിധി പ്രകാരം ഒരു എം.എൽ.എ.യോ എം.പി.-യോ ഗവൺമെന്റ് നൽകുന്ന ഒരു സ്ഥാനം വഹിക്കുന്നുണ്ടെങ്കിൽ അത് ഓഫീസ് ഓഫ് പ്രോഫിറ്റാണോ എന്നു തീരുമാനിക്കുന്നത്. ഈ അഞ്ച് ടെസ്റ്റുകളിൽ ഏതെങ്കിലുമൊന്നുണ്ടെങ്കിലും അതിനെ ഓഫീസ് ഓഫ് പ്രോഫിറ്റായി നമുക്ക് വിലയിരുത്താൻ കഴിയുന്നതാണ്. ഇതിന്റെ അവതരണാനുമതി നിഷേധിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നടത്തിയ പരാമർശങ്ങളിൽ ഒരു പ്രധാനപ്പെട്ട കാര്യം പറഞ്ഞു. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 191 (i) (a) അനുസരിച്ച് 'Disqualification' ഇല്ലാതാക്കുമ്പോൾ സുപ്രീംകോടതിയുടെ പ്രത്യേക

വിധിയിലുണ്ട് 'to do such exercise with due caution and care'. ഇത് വളരെ ഗൗരവതരമായ കാര്യമാണ്. വളരെ ശ്രദ്ധാപൂർവ്വം ചെയ്യേണ്ട ഒരു കാര്യമാണ്. കാരണം, ഇതുപോലെയുള്ള ഓഫീസ് ഓഫ് പ്രോഫിറ്റിലേയ്ക്ക് നിയോഗിച്ചിട്ടുള്ള സന്ദർഭങ്ങളിൽ സുപ്രീംകോടതിയുടെ ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. സുപ്രീംകോടതിയുടെ ഇടപെടൽ ധാരാളം കേസ്സുകളിലുണ്ടായിട്ടുണ്ട്. ഇന്ന് ഇന്ത്യയിലെ പല സംസ്ഥാനങ്ങളിൽ, പ്രത്യേകിച്ച് നോർത്ത്-ഈസ്റ്റ് സംസ്ഥാനങ്ങളിൽ മന്ത്രിമാരുടെ എണ്ണം തീരുമാനിക്കുന്നത് ഭരണഘടനയുടെ 91 -ാം ഭേദഗതി പ്രകാരം കൊണ്ടുവന്ന നിബന്ധന പ്രകാരമാണ്. നിയമപരമായി പ്രത്യേക നിബന്ധന വച്ചിട്ടുണ്ട്. നോർത്ത് ഈസ്റ്റ് സംസ്ഥാനങ്ങളിലെ അസംബ്ലി അംഗങ്ങളുടെ എണ്ണം അറുപതായിരിക്കുമ്പോൾ പലയിടത്തും മന്ത്രിമാരുടെ എണ്ണം പന്ത്രണ്ടാണ്. അവിടെ ബാക്കി എം.എൽ.എ.-മാരെ മുഴുവൻ പാർലമെന്ററി സെക്രട്ടറിമാരായി നിയമിക്കും. പാർലമെന്ററി സെക്രട്ടറിമാരായി നിയമിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മന്ത്രിയുടെ പദവിയാണ് അവർക്ക് ലഭിക്കുന്നത്. പ്രത്യേകിച്ച് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ മിക്കവാറും എല്ലാ സംസ്ഥാനങ്ങളിലും പത്തും പതിനഞ്ചുംപേർ പാർലമെന്ററി സെക്രട്ടറിമാരാണ്. ഡൽഹി അസംബ്ലിയിൽ ഈയടുത്ത സമയത്താണ് ഇരുപത്തിയൊന്നോളം ആളുകൾ പാർലമെന്ററി സെക്രട്ടറിമാരായി മന്ത്രിയുടെ പദവി അലങ്കരിച്ചിരുന്നത്. അവരുടെ അയോഗ്യത നീക്കിക്കൊണ്ടുള്ള ബില്ലിന് രാഷ്ട്രപതി അനുമതി നിഷേധിച്ചതിനാൽ അവർക്ക് അംഗത്വം നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകും. അവർ വീണ്ടും നിയമസഭയിലേക്ക് മത്സരിക്കേണ്ട സാഹചര്യം വന്നുചേർന്നിരിക്കുകയാണ്. ഇത് തെളിയിക്കുന്നത് അസംബ്ലി പാസ്സാക്കുന്ന ഈ നിയമം absolute അല്ല എന്നാണ്. 'It should be done with restrain, it should be done with caution and care'. ഏതുസമയത്തും ജുഡീഷ്യറിക്ക് ഇതിൽ ഇടപെടാനുള്ള അവകാശവും അധികാരവും നിലനിൽക്കുന്നു എന്ന കാര്യം നമ്മളാരും മറന്നുപോകരുത്. ഒരു ജുഡീഷ്യൽ റിവ്യൂ ഈ കാര്യത്തിൽ എപ്പോഴും ഉണ്ടാകുന്നുണ്ട് എന്നുള്ള കാര്യം ലെജിസ്ലേറ്റേഴ്സായിട്ടുള്ള നമ്മൾ മറക്കാൻ പാടില്ല. അസംബ്ലിക്ക് ആർട്ടിക്കിൾ 191(1)(a) അനുസരിച്ച് അയോഗ്യത മറികടക്കാനുള്ള അവകാശമുണ്ടെങ്കിൽപ്പോലും നമ്മൾ ഇതുചെയ്യുമ്പോൾ വളരെ ഗൗരവപരമായ അവധാനത കാണിക്കേണ്ടത് അത്യാവശ്യമാണ്. ലോകത്തെ എല്ലാ ജനാധിപത്യ രാജ്യങ്ങളിലും തെരഞ്ഞെടുക്കപ്പെടുന്നവരെ ഓഫീസ് ഓഫ് പ്രോഫിറ്റ് സ്വീകരിക്കുന്നതിൽനിന്നും വിലക്കിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾ തങ്ങളുടെ പാർലമെന്ററി പ്രവർത്തനങ്ങൾ വ്യക്തിപരമായ നേട്ടങ്ങൾകൊണ്ട് തടസ്സപ്പെടുത്തരുത് എന്നുതന്നെയാണ് അടിസ്ഥാനപരമായ ഉദ്ദേശ്യം. ജനപ്രതിനിധികളെ മറ്റ് സ്ഥാനമാനങ്ങളാൽ influence ചെയ്യരുതെന്നതാണ്

ഏറ്റവും പ്രധാനപ്പെട്ട കാര്യം. ജനങ്ങൾ തെരഞ്ഞെടുക്കുന്ന ജനപ്രതിനിധികൾ പാർലമെന്റിലാണെങ്കിലും നിയമസഭയിലാണെങ്കിലും അവർ ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കാൻ ബാധ്യസ്ഥരാണ്. അവരുടെ ആദ്യത്തെ കമ്മിറ്റ്മെന്റ് ജനങ്ങളോടാണ്. ജനങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുന്ന ഒരാൾക്ക് ഗവൺമെന്റ് മറ്റൊരു സ്ഥാനം കൊടുത്ത് അവരുടെ പ്രാഥമികമായ ഉത്തരവാദിത്വത്തിൽനിന്ന് വ്യതിചലിപ്പിക്കുന്നത് ഭരണഘടനയുടെ സ്പിരിറ്റിനുതന്നെ എതിരാണ്. ജനപ്രതിനിധികൾക്ക് ജനങ്ങളോടുള്ള കമ്മിറ്റ്മെന്റാണ് ഏറ്റവും പ്രധാനപ്പെട്ടത്. സർക്കാർതന്നെ ജനപ്രതിനിധികൾക്ക് ജനങ്ങളോടുള്ള കമ്മിറ്റ്മെന്റ് ഇല്ലാതാക്കാനുള്ള ശ്രമമാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. ജനങ്ങളോടുള്ള തങ്ങളുടെ ഉത്തരവാദിത്വം ഭംഗിയായി നിറവേറ്റുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ടത്.

1.00 PM]

ഇന്ത്യയിലും ഇത് വളരെയേറെ ചർച്ച ചെയ്യപ്പെട്ട ഒരു വിഷയമാണിത്. രാഷ്ട്രീയരംഗത്ത് വളരെ കൗതുകമുണ്ടാക്കിയ ഒരു പദമാണ് 'Office of Profit'. ഭരണഘടനയുടെ അർട്ടിക്കിൾ 102, 191 എന്നീ രണ്ട് വകുപ്പുകളാണ് ഒരു അംഗത്തിന് അയോഗ്യത കൽപ്പിക്കുന്നതിനെപ്പറ്റി പ്രത്യേകമായി പറയുന്നത്. കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിലെ ഡിസ്കഷൻ എടുത്തുനോക്കിയാൽ അതിനകത്തും ഇതിനെപ്പറ്റി വലിയ പരാമർശങ്ങളില്ലെന്ന് കാണാൻ കഴിയും. തെരഞ്ഞെടുക്കപ്പെടുന്ന ഒരാളിനെ അയോഗ്യനാക്കുന്നത് ആർട്ടിക്കിൾ 102, 191 എന്നീ വകുപ്പുകളുപയോഗിച്ചാണ്. അതുകൊണ്ടുതന്നെ ഈ കാര്യത്തിലെടുക്കുന്ന നടപടികൾ വളരെ ഗൗരവപൂർവ്വം കാണേണ്ട ഒരു കാര്യമാണ്. കേരള നിയമസഭ പാസ്സാക്കാനായി ഇപ്പോൾ കൊണ്ടുവന്ന ഈ നിയമത്തിലേക്ക് വന്നാൽ, ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റ് പ്രസംഗത്തെയാണ് ഞാൻ ആദ്യമായി പരാമർശിക്കുന്നത്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് കഴിവതും രണ്ടുവർഷത്തേക്ക് മാറ്റിവയ്ക്കണമെന്നാണ് ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. എന്നാൽ ജൂലൈ 13-ാം തീയതി ബഡ്ജറ്റ് ചർച്ചയ്ക്ക് മറുപടി പറഞ്ഞപ്പോൾ മുൻനിലപാട് അദ്ദേഹം തിരുത്തി. തസ്തിക സൃഷ്ടിക്കുന്നതിന് നിരോധനമേർപ്പെടുത്തിയ ശേഷം ഒരു പ്രത്യേക വ്യക്തിക്കുവേണ്ടി ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ തസ്തികയും അനുബന്ധ തസ്തികകളും സൃഷ്ടിക്കുന്നതിനുള്ള ബുദ്ധിമുട്ട് കണക്കിലെടുത്തായിരിക്കാം ഡോ. ടി. എം. തോമസ് ഐസക് തന്റെ മുൻനിലപാടിൽനിന്ന് പിൻവലിഞ്ഞത്. എന്തിനാണ് ഇപ്പോൾ ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്? ഈ ഗവൺമെന്റ് അധികാരത്തിൽവന്ന ശേഷമുള്ള ആദ്യ നിയമസഭാ സമ്മേളനമാണിത്. പതിനാലാം

നിയമസഭയുടെ ആദ്യത്തെ സമ്മേളനമാണ് നടക്കുന്നത്. ആദ്യത്തെ സമ്മേളനത്തിൽ ജനങ്ങളെ ബാധിക്കുന്ന കാര്യങ്ങളാണ് സഭയിൽ കൊണ്ടുവരേണ്ടത്. ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട നിയമനിർമ്മാണങ്ങൾക്കുവേണ്ടിയാണ് നമ്മളെയൊക്കെ നിയമസഭയിലേക്ക് തെരഞ്ഞെടുത്തുവിട്ടത്. മാർക്സിസ്റ്റ് പാർട്ടിക്കകത്തുള്ള ആഭ്യന്തര കലാപം അവസാനിപ്പിക്കാൻവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഒരു ബില്ലാണിത്. തെരഞ്ഞെടുപ്പുകാലത്ത് ശ്രീ. വി. എസ്. അച്ചുതാനന്ദൻ, ശ്രീ. പിണറായി വിജയൻ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ തുടങ്ങി മൂന്ന് നേതാക്കന്മാരുടെ പടംവച്ചാണ് നിങ്ങൾ വോട്ട് പിടിച്ചത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ തെരഞ്ഞെടുപ്പിൽ മത്സരിച്ചില്ല. ശ്രീ. വി. എസ്. അച്ചുതാനന്ദന് മുഖ്യമന്ത്രിയാകാൻ അർഹതയുണ്ടെന്നും യോഗ്യതയുണ്ടെന്നും പ്രചരിപ്പിച്ചുകൊണ്ട്, അദ്ദേഹത്തെ ഉയർത്തിപ്പിടിച്ചുകൊണ്ടായിരുന്നു ഇടതുമുന്നണി തെരഞ്ഞെടുപ്പിൽ വോട്ടുപിടിച്ചത്. തെരഞ്ഞെടുപ്പ് കഴിഞ്ഞ് ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയായി. അത് അവരുടെ പാർട്ടിയുടെ കാര്യമാണ്. പക്ഷേ പാർട്ടിക്കകത്തുള്ള ആഭ്യന്തരകലാപം അവസാനിപ്പിക്കുവാനും ശ്രീ. വി. എസ്. അച്ചുതാനന്ദന് സ്ഥാനം കൊടുത്ത് അദ്ദേഹത്തെ ഇപ്പോൾ സാന്ത്വനപ്പെടുത്തുവാനുമുള്ള ശ്രമമാണിത്. ഈ കാര്യത്തിൽ പോളിറ്റ് ബ്യൂറോ വരെ ഇടപെടുകയാണ്. കേരള നിയമസഭയുടെ ചരിത്രമെടുത്താൽ 1979-ലും 1983-ലും 2012-ലും ഇത്തരം Office of Profit-നെ സംബന്ധിച്ചുള്ള നിയമനിർമ്മാണങ്ങൾ വന്നിട്ടുണ്ട്. അന്നെല്ലാം ഇത്തരം നിയമങ്ങളെ സി.പി.ഐ.(എം) നഖശിഖാന്തം എതിർത്തിട്ടുണ്ട്. ഈ നിയമസഭയുടെ ചരിത്രത്തിൽ 1969-ലൊഴികെ ഒരിക്കലും Office of Profit-നെ സി.പി.ഐ.(എം) അനുകൂലിച്ചിട്ടില്ല, Office of Profit-ന്റെ അടിസ്ഥാനത്തിൽ കൊണ്ടുവന്ന അയോഗ്യതകൾ നീക്കം ചെയ്യൽ നിയമത്തിന് അനുകൂലമായി ഒരു അംഗവും പ്രസംഗിച്ചിട്ടില്ല. 1983-ൽ അന്ന് എം.എൽ.എ. ആയിരുന്ന ടി.എച്ച്. മുസ്തഫയെ ഖാദി ബോർഡ് വൈസ് ചെയർമാനായി നിയമിക്കാൻ ഗവൺമെന്റ് തീരുമാനിച്ചു. അദ്ദേഹത്തിന്റെ അയോഗ്യത നീക്കാൻവേണ്ടി നിയമം കൊണ്ടുവന്നപ്പോൾ ഇപ്പോഴത്തെ സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറിയായ ശ്രീ. കോടിയേരി ബാലകൃഷ്ണൻ അന്നുപറഞ്ഞത് ഞാനിവിടെ വായിക്കാം - "എനിക്ക് മുസ്തഫയോട് ചോദിക്കാനുള്ളത് എന്തിനാണ് ഈ നാണക്കേടിന് നിൽക്കുന്നത്. ഇനി ഒരു കാർ വേണം. എന്തെല്ലാം അധികാരങ്ങളാണ് നിങ്ങൾക്ക് വേണ്ടത്. മുസ്തഫേ, നിങ്ങൾ ധീരനായതുകൊണ്ട് ഇത് കിട്ടി. ബഹുമാനപ്പെട്ട മണിമംഗലത്ത് കുറ്റ്യാനി എം.എൽ.എ. നിങ്ങൾക്കും ധൈര്യമായി നിൽക്കാം. നിങ്ങൾക്കും ഇതുപോലെയുള്ളത് കിട്ടും. നാണക്കേടിനുവേണ്ടി കോൺഗ്രസ് (ഐ)-യുടെ വൃത്തികെട്ട രാഷ്ട്രീയം നടപ്പാക്കുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു ബില്ലാണിത്. ഈ ബിൽ നിയമസഭ പാസ്സാക്കാൻ പാടില്ല"

എന്നൊക്കെയാണ്. 1983-ൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതാണിത്, ഞാൻ പറഞ്ഞതല്ല. ഒരു വ്യക്തിയുടെ താല്പര്യത്തിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന നിയമമാണെന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ അന്ന് പറഞ്ഞത്. സി.പി.ഐ.(എം)-ന്റെ വൃത്തികെട്ട രാഷ്ട്രീയം നടപ്പാക്കാൻ വേണ്ടി കൊണ്ടുവന്നിരിക്കുന്ന ബില്ലാണോ ഇത് എന്നാണ് എനിക്ക് ശ്രീ. ഇ. പി. ജയരാജനോട് ചോദിക്കാനുള്ളത്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, അപ്പോൾ അങ്ങ് പറഞ്ഞുവരുന്നത് അന്ന് കൊണ്ടുവന്നത് വൃത്തികെട്ട രാഷ്ട്രീയ ഉദ്ദേശ്യത്തോടു കൂടിയുള്ള ബില്ലായിരുന്നു എന്നാണോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ നിയമസഭയുടെ ചരിത്രത്തിൽ ഞങ്ങൾ നേരത്തെയും അയോഗ്യതകൾ നീക്കംചെയ്യൽ നിയമങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ഞങ്ങൾ മാത്രമല്ല, ഇന്ത്യയിലെ എല്ലാ നിയമസഭകളിലും ഭരിക്കുന്ന പാർട്ടികൾ കൊണ്ടുവന്നിട്ടുണ്ട്. അത് തെറ്റാണെന്നുള്ള നിലപാട് ഞങ്ങൾക്കില്ല. പക്ഷേ അന്ന് ഞങ്ങൾ കൊണ്ടുവന്ന നിയമത്തെ നിങ്ങൾ എതിർത്തു പ്രസംഗിച്ചുവെന്നാണ് പറയുന്നത്. അങ്ങ് തെറ്റിദ്ധരിക്കണ്ട. ഞാൻ എൻ.സി.പി.യെ പറ്റിയല്ല പറഞ്ഞത്. അന്ന് സി.പി.ഐ.(എം) എടുത്ത നിലപാടിനെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ 1983-ലെ പ്രസംഗമാണ് ഞാൻ ഇവിടെ വായിച്ചത്. ഇനി ധാരാളം പേരുടെ പ്രസംഗമുണ്ട്, എല്ലാം ഞാൻ വായിക്കുന്നില്ല. 2012-ൽ ഈ ഭേദഗതി വേളയിൽ, ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട നിയമനിർമ്മാണത്തിന് സമയംകിട്ടാതെ സ്വാർത്ഥ താൽപ്പര്യങ്ങൾക്കുവേണ്ടിയുള്ള നിയമനിർമ്മാണം എന്നായിരുന്നു നിങ്ങളുടെ വിമർശനം. 2016-ൽ കൊണ്ടുവന്നിരിക്കുന്ന ഈ നിയമഭേദഗതി ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ടതാണോ? മലമ്പുഴയിൽനിന്നുള്ള എം.എൽ.എ.യായി ശ്രീ. വി. എസ്. അച്യുതാനന്ദനെ തെരഞ്ഞെടുത്തു. അദ്ദേഹം എം.എൽ.എ. ക്വാർട്ടേഴ്സിൽ ജനങ്ങളുടെ താല്പര്യം സംരക്ഷിച്ചുകൊണ്ട് അവിടെ ഇരിക്കുകയാണ്. എനിക്ക് അധികാരത്തോട് ഒരു താല്പര്യവുമില്ലെന്ന് അദ്ദേഹം പരസ്യമായി പറഞ്ഞിട്ടുണ്ട്. അങ്ങനെയൊരു സാഹചര്യത്തിൽ 'അച്യുതാനന്ദൻ ബിൽ' എന്ന പേരിൽ ഒരു ബിൽ ഇവിടെ അവതരിപ്പിക്കേണ്ട ആവശ്യമെന്താണ്. മുല്ലപ്പെരിയാർ പ്രശ്നത്തിലും മുഖ്യമന്ത്രിയുടെ നിയമോപദേഷ്ടാവ് എം. കെ. ദാമോദരൻ, സാന്റിയാഗോ മാർട്ടിനുവേണ്ടിയും ക്വാറി മാഫിയകൾക്കുവേണ്ടിയും വക്കാലത്ത് ഏറ്റെടുത്തപ്പോഴും അതിനെതിരായി പ്രതികരിച്ച ശ്രീ. വി. എസ്. അച്യുതാനന്ദന്റെ വായ അടപ്പിക്കാൻ, അദ്ദേഹത്തെ നിശബ്ദനാക്കാൻ കൊണ്ടുവന്നിരിക്കുന്ന ഒരു ബില്ലായി മാത്രമേ നമുക്ക് ഇതിനെ കാണാൻ കഴിയുകയുള്ളൂ. ഈ സന്ദർഭത്തിൽ Deoro Laxman Anand Vs Keshev Lexman Borker AIR 1958 Bombay, 319 എന്ന കേസിലെ സുപ്രീം കോടതിയുടെ

പരാമർശം ഇവിടെ പ്രസക്തമാണെന്ന് ഞാൻ കരുതുന്നു - "The underling object of Article 191(1)(a) is to secure the independence of the Members of Parliament or a State Legislature and to ensure that the Parliament and the State Legislature does not consist of persons who have received favours or benefits from the executive Government and who consequently, being under an obligation to the executive, might be amenable to its influence. Obviously the provision has been made in order to eliminate or reduce the risk of conflict between duty and self interest among the Legislators." തെരഞ്ഞെടുക്കപ്പെട്ട പാർലമെന്റ് അംഗങ്ങളും നിയമസഭാംഗങ്ങളും അവരുടെ ഔദ്യോഗിക ഡ്യൂട്ടി ചെയ്യുന്നതിനുപകരം സ്വാർത്ഥ താല്പര്യങ്ങൾക്കുവേണ്ടി ഗവൺമെന്റ് വച്ചു നീട്ടുന്ന അധികാരപദവികൾ എടുക്കുമ്പോഴുണ്ടാകുന്ന conflict-നെപ്പറ്റിയും അതുണ്ടാക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ചുമാണ് ഈ വിധിയിൽ സുപ്രധാനമായി ചൂണ്ടിക്കാണിക്കുന്നത്. നിയമസഭാ സാമാജികരായിട്ടുള്ള ആളുകൾ ഇത്തരം സ്ഥാനങ്ങൾ എടുക്കുന്നതിനെ സംബന്ധിച്ചുള്ള വ്യക്തമായ നിലപാടുകളാണ് കോടതി ഈ കാര്യത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. ഈ നിയമ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത് ഒരു നിയമസഭാംഗത്തിന് കൂടുതൽ ആദായകരമായ ഒരു പദവി നൽകുന്നതിനും കൂടുതൽ സാമ്പത്തിക ലാഭമുണ്ടാക്കുന്ന സ്ഥാനം നൽകാനുമാണ്. ഗവൺമെന്റ് നൽകുന്ന ശമ്പളത്തിൽ കൂടുതലായ സാമ്പത്തിക ലാഭം വ്യവസ്ഥ ചെയ്തിരിക്കുന്ന സ്ഥാനങ്ങൾ സ്വീകരിക്കുമ്പോൾ മാത്രമേ Office of Profit-ന്റെ പ്രശ്നം ഉദിക്കുന്നുള്ളൂ. സമ്പദ്ഘടനയുടെമേൽ കരിമേഘങ്ങൾ നിൽക്കുന്നുവെന്നാണ് ബഡ്ജറ്റ് പ്രസംഗത്തിൽ ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത്. ഈ കരിമേഘങ്ങൾ നിൽക്കുമ്പോൾ 25 പേഴ്സണൽ സ്റ്റാഫുകളും വീടും കാറും ഒരു മന്ത്രിയുടെ എല്ലാ സൗകര്യങ്ങളോടുംകൂടിയ പുതിയ ഒരു പദവി സൃഷ്ടിക്കേണ്ട എന്ത് അടിയന്തര സാഹചര്യമാണ് കേരളത്തിലുണ്ടായിട്ടുള്ളത്.

ഇവിടെ U.C. Raman Vs. P.T.A. Rahim എന്ന സുപ്രീംകോടതിയുടെ പരാമർശംകൂടി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. This Court has given categorical clarification on more than one occasion that "an office of profit" is an office which is capable of yielding a profit or pecuniary gain. The word "profit" has always been treated equivalent to a substitute from the term "pecuniary gain". The very context in which the word profit has been used after the word "office of" shows that not all the offices are disqualified but only those which yield pecuniary gain as profit other than mere compensatory allowances, to the holder of the office. Compensatory allowance എന്നുപറഞ്ഞാൽ എന്താണ്? "Compensatory allowance" means "any sum of money payable to the holder of an office by the way of daily allowance such allowance not exceeding the amount of

daily allowance to which Member of Parliament is entitled under the Salary, Allowances and Pension of Members of Parliament Act, 1954 (30 of 1954), any conveyance allowance, house rent allowance or travelling allowance for the purpose of enabling him to recoup any expenditure incurred by him in performing the functions, of that office". ഇതാണ് compensatory allowance-ന്റെ നിർവചനം. U.C. Raman Vs. P.T.A. Rahim എന്ന കേസിൽ സുപ്രീംകോടതി പറഞ്ഞത് compensatory allowance മാത്രമാണെങ്കിൽ office of profit ഇവിടെ വരുന്നില്ല. അങ്ങനെ ചെയ്താൽ പോരായിരുന്നോ ശ്രീ. എ. കെ. ബാലൻ, നിങ്ങൾ എന്തിനാണ് ഇങ്ങനെയൊരു നിയമനിർമ്മാണം ഇവിടെ നടത്തുന്നത്. Compensatory allowance മാത്രം കൊടുത്താൽ മതിയായിരുന്നുവെങ്കിൽ ഇവിടെ നിയമനിർമ്മാണത്തിന്റെ ആവശ്യമില്ലായിരുന്നു. Compensatory allowance കൊടുത്ത് നിർത്തണമായിരുന്നെങ്കിൽ ഈയൊരു പ്രശ്നം ഇവിടെയുണ്ടാകില്ല. 1959-ലെ പാർലമെന്റ് അയോഗ്യത നീക്കം ചെയ്യൽ ആക്ടിലെ രണ്ടാം വകുപ്പിൽ കോമ്പൻസേറ്ററി അലവൻസിന്റെ നിർവ്വചനം നൽകിയത് ഞാൻ വായിച്ചു. ഇതുപ്രകാരം ഒരു അംഗത്തിന് ഇരട്ടപ്പദവി നൽകുന്ന സാഹചര്യത്തിൽ അദ്ദേഹത്തിന് കോമ്പൻസേറ്ററി അലവൻസ് നൽകിയാൽ അത് Office of profit ന്റെ പരിധിയിൽ വരില്ല. ശ്രീ. വി. എസ്. അച്ചുതാനന്ദന് കാർ, വീട്, ഡെയിലി അലവൻസ്, പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ കൊടുക്കണമായിരുന്നുവെങ്കിൽ നിങ്ങൾക്ക് ഈ നിയമം കൊണ്ടുവരാതെതന്നെ ചെയ്യാമായിരുന്നു. ശ്രീ. പി.ടി.എ. റഹീമിനും ശ്രീ. കെ.വി. അബ്ദുൾ ഖാദറിനും ചെയ്തതുപോലെ.

ശ്രീ. പി. ടി. എ. റഹീം : സർ, ഹജ്ജ് കമ്മിറ്റി ചെയർമാൻ സ്ഥാനം ഈ പെർവ്യൂവിന് പുറത്താണെന്ന് സെൻട്രൽ ആക്ടിൽ പറഞ്ഞിട്ടുണ്ട്. വാദം അവിടെ അതായിരുന്നില്ല. സംസ്ഥാന നിയമസഭതന്നെ നിയമം പാസ്സാക്കണമെന്നുള്ളതായിരുന്നു. ഈ ആനുകൂല്യം വാങ്ങണമെന്നില്ല, ആനുകൂല്യത്തിന് അർഹതയുണ്ടായാൽ മതി. ഞാൻ ഒരു ആനുകൂല്യവും വാങ്ങാത്തതുകൊണ്ടാണ് സുപ്രീം കോടതി എന്നെ ഒഴിവാക്കിയത്. നിങ്ങൾ എനിക്കും ശ്രീ. കെ. വി. അബ്ദുൾ ഖാദറിനും എതിരായി എല്ലായിടങ്ങളിലും പടപൊരുതുന്നുവെന്നുള്ളത് ഒരു വസ്തുതയാണ്.

ശ്രീ. രമേശ് ചെന്നിത്തല : സർ, അദ്ദേഹം പറഞ്ഞതുതന്നെയാണ് ഞാനും പറഞ്ഞത്. ഇതിനകത്ത് കോമ്പൻസേറ്ററി അലവൻസ് വാങ്ങുന്നതിനെപ്പറ്റി നിർവ്വചിച്ചിട്ടുണ്ട്. ഇവിടെ കോമ്പൻസേറ്ററി അലവൻസ്, ദിനബത്ത, യാത്രാബത്ത, വീട്ടുവാടക എന്നിവയെല്ലാം ഉൾക്കൊള്ളും. അത് പോരായിരുന്നോ? ഇതിനുപരിയായ ആനുകൂല്യം ഒരംഗത്തിന് നൽകുന്ന സാഹചര്യത്തിൽ മാത്രമേ office of profit എന്ന വിഷയം ഉയർന്നുവരികയുള്ളൂ. ശ്രീ. വി. എസ്. അച്ചുതാനന്ദന് പേഴ്സണൽ സ്റ്റാഫ് ഉൾപ്പെടെയുള്ള അധിക ആനുകൂല്യം നൽകുന്നതിനുവേണ്ടിയാണ് ഈ നിയമ ഭേദഗതി കൊണ്ടു വന്നത്.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ :സർ, ഫിനാൻഷ്യൽ പൊസിഷനാണ് ഇവർ inherit ചെയ്തിരിക്കുന്നത്. അതുവച്ചിട്ടെങ്കിലും ഇത് ഒഴിവാക്കിക്കൂടെ? എന്താണ് നിങ്ങളുടെ അഭിപ്രായം?

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, അങ്ങ് 22 മിനിട്ട് എടുത്തു. ഇനി എത്ര സമയം കൂടി വേണം?

ശ്രീ. രമേശ് ചെന്നിത്തല : സർ, ഞാൻ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിക്കും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്കും എനിക്കും വേണ്ടിയാണ് സംസാരിക്കുന്നത്. അങ്ങേയ്ക്കറിയാമല്ലോ ഇതിന് സമയപരിധില്ലായെന്നുള്ളത്. എന്നാലും അത്രക്ക് സമയം എടുക്കില്ല.

സാമ്പത്തിക പ്രതിസന്ധിയുടെ കാർമേഘങ്ങൾ ഉരുണ്ടുകൂടുന്ന ഒരു സംസ്ഥാനത്ത് എം.എൽ.എ. എന്ന നിലയിൽ എല്ലാ ആനുകൂല്യങ്ങളും കിട്ടുന്ന ഒരു വ്യക്തിക്ക് എന്തിനാണ് ഇത്രയും വലിയ ആനുകൂല്യം കൊടുക്കുന്നത്. സി.പി.ഐ.(എം)-ന്റേത് തെറ്റായ രാഷ്ട്രീയമാണോ? നാണക്കേടിനുവേണ്ടി കോൺഗ്രസ് (ഐ) വൃത്തികെട്ട രാഷ്ട്രീയം കളിക്കുന്നുവെന്ന് പറഞ്ഞ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അദ്ദേഹം ഇപ്പോൾ ഈ സഭയിലില്ല, ഇപ്പോഴെങ്കിലും പുറത്ത് ഇതിനെപ്പറ്റി അദ്ദേഹം പറയുമെന്ന് കരുതുകയാണ്. ഞങ്ങൾ ചീഫ് വിപ്പായി ശ്രീ. പി. സി. ജോർജിനെ വച്ചപ്പോൾ അത് ഇരട്ടപ്പദവിയാണെന്നും അതിനാൽ അയോഗ്യത നീക്കം ചെയ്യൽ നിയമം പാസ്സാക്കണമെന്നുമുള്ള അഭിപ്രായം ഉയർന്നുവന്നു. അന്ന് അത് ഒഴിവാക്കുന്നതിനുവേണ്ടി ഓർഡിനൻസ് പുറപ്പെടുവിച്ചു. പ്രതിപക്ഷ നേതാവിന്റേത് ഇരട്ട പദവിയാണെന്ന് പറഞ്ഞുകൊണ്ട് ഒരു വ്യക്തി ആ സമയത്ത് ഗവർണ്ണർക്ക് പരാതി കൊടുത്തു. ഇത് നീക്കാൻവേണ്ടി ഓർഡിനൻസ് കൊണ്ടുവന്നു. ഇതുസംബന്ധിച്ച് 12-11-2011-ലെ ദേശാഭിമാനി പത്രത്തിൽ ശ്രീ. വി. എസ്. അച്യുതാനന്ദൻ ഒരു പ്രസ്താവന നൽകിയിരുന്നു. അദ്ദേഹം പറഞ്ഞ വാചകം ഞാൻ വായിക്കാം. 'ശ്രീ. പി.സി. ജോർജ് രാജിവച്ച് ജനവിധി തേടണം-വി. എസ്.' എന്ന തലക്കെട്ടോടുകൂടി വന്ന പത്രവാർത്തയാണ്. "ശ്രീ. പി. സി. ജോർജ് ഇരട്ട പദവി വഹിക്കുന്നതിനാൽ രാജിവച്ച് ജനവിധി തേടുകയാണ് വേണ്ടതെന്ന് പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദൻ പറഞ്ഞു. പ്രതിപക്ഷ നേതാവ് പ്രത്യേക പദവിയാണ്. യു.പി.എ. ചെയർപേഴ്സൺ ശ്രീമതി സോണിയാഗാന്ധി ഇരട്ടപ്പദവി വിവാദത്തിൽപ്പെട്ട് രാജിവച്ചപ്പോൾ അന്നത്തെ പ്രതിപക്ഷ നേതാവ് ശ്രീ. എൽ. കെ. അദ്വാനിക്കെതിരെ ഇത്തരം ആരോപണം ഉന്നയിച്ചിരുന്നില്ല. "ആരോപണം ഉയരുന്ന സാഹചര്യം വന്നാൽ രാജിവച്ച് ജനവിധി തേടാൻ സ്വാഭാവികമായും ഞാൻ തയ്യാറാണ്." ശ്രീ. വി. എസ്. അച്യുതാനന്ദൻ, അങ്ങേക്കെതിരായി ഇപ്പോൾ ആരോപണം വന്നിരിക്കുന്നു. അങ്ങ് എം.എൽ.എ. സ്ഥാനം രാജിവയ്ക്കണമെന്ന് ഞാൻ പറയുന്നില്ല. ഇങ്ങനെ അങ്ങ് പറഞ്ഞിട്ടുണ്ടെങ്കിൽ മാന്യതയോർത്ത് രാജിവയ്ക്കാൻ തയ്യാറാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

ശ്രീ. പി. സി. ജോർജ് : സർ, പ്രതിപക്ഷ നേതാവ് ഇത്രയും വികാരം കൊള്ളണമോ? വയസ്സ് 94 ആയി, കേരള സംസ്ഥാനത്ത് 65-70 വർഷമായി പൊതുപ്രവർത്തന പാരമ്പര്യമായി നിറഞ്ഞുനിൽക്കുന്ന ആളാണ് സഖാവ് വി. എസ്. അച്ചുതാനന്ദൻ. അദ്ദേഹം കേരള സംസ്ഥാനത്തിന്റെ ഏത് പ്രശ്നങ്ങളിലും ഇടപെടുന്ന ആളാണ്. ഇടപെടുന്നത് മുഴുവനും ശരി പക്ഷത്തുനിന്നാണെന്ന് കേരളത്തിലെ ജനങ്ങൾ കരുതുന്നു. കമ്മ്യൂണിസ്റ്റ്, കോൺഗ്രസ് പാർട്ടികൾ എന്തും കരുതിക്കോട്ടെ; സാധാരണക്കാരായ ജനങ്ങൾ കരുതുന്നത് അദ്ദേഹം ശരിയുടെ പക്ഷത്താണെന്നാണ്. അങ്ങനെ ശരിയുടെ പക്ഷത്തുനിൽക്കുന്ന സഖാവ് വി. എസ്. അച്ചുതാനന്ദന് ഒരു സ്ഥാനം കൊടുക്കുന്നതിൽ കോൺഗ്രസ് പാർട്ടിക്ക് ഇത്രമാത്രം വിഷമം വരേണ്ട ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. ഞാൻ ഉദാഹരണം ചൂണ്ടിക്കാണിക്കാം. സഖാവ് വി. എസ്. അച്ചുതാനന്ദൻ ഈയടുത്ത കാലത്ത് കേരളത്തിലെ എട്ട് ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചും വിഴിഞ്ഞം പദ്ധതിയെപ്പറ്റിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ചീഫ് സെക്രട്ടറിക്കും കത്ത് കൊടുത്തു. കത്ത് കൊടുത്തുവെന്ന് അദ്ദേഹം പറഞ്ഞിട്ടില്ല, കത്ത് കിട്ടിയെന്ന് മുഖ്യമന്ത്രിയും ചീഫ് സെക്രട്ടറിയും പറഞ്ഞിട്ടില്ല. പക്ഷെ, ചീഫ് സെക്രട്ടറിക്ക് കത്ത് കിട്ടിയതായി പോസ്റ്റൽ ഡിപ്പാർട്ടുമെന്റിന്റെ രേഖയുമുണ്ട്. അത് മൂന്നും എന്റെ കയ്യിലുണ്ട്. ഞാനത് പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നില്ല. കെ.പി.സി.സി. പ്രസിഡന്റായിരുന്ന ആളാണ് അങ്ങ്. ഇത്രയും പ്രായമായ ശ്രീ. വി. എസ്. അച്ചുതാനന്ദനെ കടന്നാക്രമിക്കുന്നത് നിർത്തണമെന്നാണ് എന്റെ അഭ്യർത്ഥന. അദ്ദേഹം ശരിയുടെ പക്ഷത്തുനിന്ന് പ്രവർത്തിക്കുന്ന ഒരാളായതുകൊണ്ട് കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഏത് സ്ഥാനം അദ്ദേഹത്തിന് കൊടുത്താലും കേരളത്തിലെ സാധാരണക്കാരായ ജനം അനുകൂലിക്കുമെന്നാണ് എന്റെ അഭിപ്രായം. താങ്കൾ അത് അംഗീകരിക്കണം.

ശ്രീ. രമേശ് ചെന്നിത്തല : സർ, അങ്ങ് തെറ്റിദ്ധരിക്കരുത്. അദ്ദേഹം മുഖ്യമന്ത്രിയായി ഇരിക്കണമെന്ന് ആഗ്രഹിച്ച ആളാണ് ഞാൻ. അദ്ദേഹം മുഖ്യമന്ത്രിയായിരിക്കുമെന്നും ഒരു വർഷമെങ്കിലും ഒരു ടേമെങ്കിലും അദ്ദേഹത്തിന് കൊടുക്കുമെന്നുമാണ് ഞാൻ കരുതിയത്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) : സർ, ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയാകില്ലെന്ന് തെരഞ്ഞെടുപ്പുകാലത്ത് അങ്ങ് വിചാരിച്ചില്ലേ; മുഖ്യമന്ത്രിയായി ശ്രീ. ഉമ്മൻ ചാണ്ടി വരുമെന്നോ യു.ഡി.എഫ്.-ന് തുടർഭരണം ഉണ്ടാകുമെന്നോ അന്നേ അങ്ങ് പ്രതീക്ഷിച്ചിട്ടില്ല.

ശ്രീ. രമേശ് ചെന്നിത്തല : സർ, ഭരണം കിട്ടിയാൽ ആര് മുഖ്യമന്ത്രിയാകുമെന്ന് ഞങ്ങൾ തീരുമാനിക്കും.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : സർ, ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായി വരില്ലെന്നും തുടർഭരണം ഉണ്ടാകില്ലെന്നും അന്നേ അങ്ങ് ഉറപ്പാക്കിയിരുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ശ്രീ. പി. സി. ജോർജ് പറഞ്ഞിടത്താണ് ഞാൻ നിൽക്കുന്നത്. ശ്രീ. വി. എസ്. അച്യുതാനന്ദനെ അങ്ങനെ മടക്കിക്കെട്ടി ഒരു മൂലയിൽ ഇരുത്തേണ്ടതല്ല. ഉയർത്തിക്കാണിക്കപ്പെടേണ്ട ഒരാളാണ് അദ്ദേഹം. കാരണം വളരെ പ്രായം ചെന്ന ആളാണ് അദ്ദേഹം. അദ്ദേഹത്തിനുമുമ്പിൽ ചെറിയ ഒരു സ്ഥാനം ഇട്ടുകൊടുത്ത് അദ്ദേഹത്തെ ആക്ഷേപിക്കാൻ ശ്രമിക്കുന്നുവെന്നാണ് പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട കാര്യം. ഇത്രയും ഉന്നതസ്ഥാനത്തിരിക്കുന്ന അദ്ദേഹത്തിന് ഈ സ്ഥാനം വലിയ പ്രശ്നമാണോ; അദ്ദേഹത്തെ കൊച്ചാക്കുകയല്ലേ? അദ്ദേഹത്തെ ഉയർത്തിക്കാണിക്കണം, അങ്ങനെ ഉയർത്തിക്കാണിക്കുന്നതിനുപകരം അദ്ദേഹം ഒരു സ്ഥാനമോഹിയാണെന്ന് വരുത്തിത്തീർക്കുന്നതിനുവേണ്ടി നടത്തിയ ഗൂഢാലോചനയുടെ ഫലമല്ലേ എന്നാണ് അങ്ങ് ചോദിക്കേണ്ടത്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഞാൻ ഇവിടെ കാണുന്നത് ഭരണകക്ഷിയും പ്രതിപക്ഷവുംകൂടി പാവം ശ്രീ. വി. എസ് അച്യുതാനന്ദനെ നക്കിത്തിന്നുന്നതാണ്. അദ്ദേഹം പോയി ജീവിക്കട്ടെ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ വർത്തമാനത്തിൽ എന്തൊരു സ്നേഹമാണ്. അതിനകത്തും മുള്ളാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ശ്രീ. പി. സി. ജോർജിന് അദ്ദേഹത്തോട് സ്നേഹമുണ്ടെന്നറിയാം. ഈരാറ്റുപേട്ടയിൽ വന്നപ്പോൾ ഒരു വാചകത്തിലാണ് അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചത്. അതുകൊണ്ട് അങ്ങേക്ക് അദ്ദേഹത്തോട് താല്പര്യമുണ്ടെന്ന് എനിക്കറിയാം. ഉപകാരസ്മരണയാണ് ഇപ്പോൾ പ്രകടിപ്പിക്കുന്നത്. അത് നല്ല കാര്യമാണ്. അതിനെ ഞാൻ എതിർക്കുകയല്ല. ശ്രീ. വി. എസ്. അച്യുതാനന്ദൻ എന്ന കേരളത്തിന്റെ മുൻമുഖ്യമന്ത്രി സമുന്നതനായ നേതാവാണ്. അദ്ദേഹത്തെപ്പറ്റി ഒരാക്ഷേപവും ഞാൻ പറഞ്ഞിട്ടില്ല.

ഏത് പാർട്ടിയാണെങ്കിലും മുഖ്യമന്ത്രിയെ തീരുമാനിക്കുന്നത് തെരഞ്ഞെടുപ്പ് കഴിഞ്ഞാണ്. എന്നാൽ ഇവിടെ അദ്ദേഹത്തെ ഉയർത്തിക്കാട്ടിക്കൊണ്ടാണ് തെരഞ്ഞെടുപ്പിൽ മത്സരിച്ചത്. അദ്ദേഹം ഒരിക്കൽക്കൂടി മുഖ്യമന്ത്രിയാകുമെന്ന ഒരു ധാരണ കൊടുത്തു. തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ആലുവ മണപ്പുറത്ത് കണ്ട പരിചയംപോലും സി.പി.ഐ.(എം) നേതാക്കന്മാർ അദ്ദേഹത്തോട് കാണിച്ചില്ല. എന്നിട്ടിപ്പോൾ അദ്ദേഹത്തിന് എന്തോ വലിയ പദവി കൊടുക്കാൻ പോകുന്നുവെന്നാണ് പറയുന്നത്. കെ. കരുണാകരന്റെ ഗതികേട് വരില്ലായെന്ന് ശ്രീ. എ. കെ. ബാലൻ

കഴിഞ്ഞ ദിവസം പറഞ്ഞു. കെ. കരുണാകരൻ ഒരു സ്ഥാനത്തിന്റെ പിന്നാലെയും പോയിട്ടില്ല. കെ. കരുണാകരൻ മുഖ്യമന്ത്രിസ്ഥാനം ഒഴിഞ്ഞിട്ട് ബോർഡിന്റെയോ കോർപ്പറേഷന്റെയോ ഭരണ പരിഷ്കാര കമ്മീഷന്റെയോ ചെയർമാനാകാൻവേണ്ടി ആരുടെ മുമ്പിലും ഭിക്ഷാ പാത്രവുമായി പോയിട്ടില്ല. കേരളത്തിലെ ഏറ്റവും സമുന്നതനായ നേതാവാണ് കെ. കരുണാകരൻ.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അദ്ദേഹത്തിന് ആ പാർട്ടിയിൽനിന്നും കുറച്ചുകാലമെങ്കിലും വിട്ടുനിൽക്കേണ്ടി വന്നില്ലേ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അങ്ങേക്കും പാർട്ടി വിടേണ്ടിവന്നില്ലേ? അങ്ങും കോൺഗ്രസ് പാർട്ടി വിട്ട ആളല്ലേ; അതൊക്കെ വേണ്ടിവരും. രാഷ്ട്രീയത്തിൽ ചിലപ്പോൾ പാർട്ടി വിടേണ്ടിവരും. കെ. കരുണാകരൻ മുഖ്യമന്ത്രിയായതിനുശേഷം ഒരു കോർപ്പറേഷന്റേയോ ബോർഡിന്റേയോ ഭരണപരിഷ്കാര കമ്മീഷന്റേയോ ചെയർമാനാകാൻ പോയില്ല. അച്ചുതമേനോനും പി. കെ. വാസുദേവൻ നായരും പോയില്ല. കെ.എസ്.ആർ.ടി.സി. ബസ്സിലെ കമ്പിയിൽ തൂങ്ങിനിന്നുപോകുന്ന പി. കെ. വാസുദേവൻ നായരെ ഞാൻ കണ്ടിട്ടുണ്ട്. എനിക്ക് ഒരു ധനകാര്യ കോർപ്പറേഷന്റെയും ചെയർമാനാകണമെന്ന് സി.പി.ഐ. നേതൃത്വത്തോട് അദ്ദേഹം പറഞ്ഞില്ല. അതാണ് ഇവിടെ നോക്കേണ്ടത്. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ പതനം ഭയാനകമായ ഒരു പതനമാണ്.

കേരള രാഷ്ട്രീയത്തിന് ധാരാളം സംഭാവനകൾ ചെയ്ത നേതാവാണ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ. സമരപോരാട്ടങ്ങൾക്ക് നേതൃത്വം കൊടുത്ത ആളാണ് അദ്ദേഹം. ഞങ്ങൾ ആലപ്പുഴയിൽ സ്കൂളിൽ പഠിക്കുമ്പോൾ ശ്രീ. വി. എസ്. അച്ചുതാനന്ദൻ സമരപോരാളിയായി അവിടെവന്ന് പ്രസംഗിച്ചതും പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുത്തതും ഞാൻ ഓർക്കുന്നു. അദ്ദേഹത്തെ കേവലം ഒരു ഭരണപരിഷ്കാര കമ്മിറ്റി ചെയർമാനാക്കി തരംതാഴ്ത്തിയത് ഉചിതമായ ഒരു നടപടിയല്ല. ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ തീരുമാനിക്കണം ഇത് സ്വീകരിക്കണമോ വേണ്ടയോ എന്ന്. അധികാര ദുർമോഹിയും പദവിയോടുള്ള കടുത്ത ആഗ്രഹമുള്ള ആളായും അങ്ങയെ ചരിത്രം നാളെ വിധി എഴുതാതിരിക്കട്ടെ എന്നാണ് എനിക്ക് പറയാനുള്ളത്.

കേരളത്തിൽ മൂന്ന് ഭരണപരിഷ്കാര കമ്മീഷനുകളുണ്ടായിട്ടുണ്ട്. ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെയും എം. കെ. വെള്ളോടിയുടെയും ഇ. കെ. നായനാരുടെയും കാലത്താണ് മൂന്ന് ഭരണപരിഷ്കാര കമ്മീഷനുകൾ ഉണ്ടായിരുന്നത്. ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ കാലത്തെ ഭരണപരിഷ്കാര കമ്മീഷനാണ് ഏറ്റവും നല്ല കമ്മീഷൻ. ആ കമ്മീഷനിലെ അംഗങ്ങളെ ഓർക്കുമ്പോൾ എനിക്ക് അഭിമാനം തോന്നുന്നു. വളരെ പ്രധാനപ്പെട്ട ആളുകളാണ് ആ കമ്മീഷനിലുണ്ടായിരുന്നത്. സെക്രട്ടേറിയറ്റിലെ

പഴയ കെട്ടിടത്തിൽ പൊടിപിടിച്ച ഫയലുകൾക്കിടയിൽ ഈ റിപ്പോർട്ടുകൾ ഇപ്പോഴുമുണ്ട്. സെക്രട്ടേറിയറ്റിലെ പൊടിപിടിച്ച ഷെൽഫുകളിൽ അന്ത്യവിശ്രമം കൊള്ളുന്ന എത്ര ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ടുകളുണ്ട്. ശ്രീ. വി. എസ്. അച്യുതാനന്ദന്റെ റിപ്പോർട്ടിന്റെ സ്ഥിതിയും ഇതുതന്നെയായിരിക്കും. ഇത് ചരിത്രത്തോട് ചെയ്യുന്ന ഏറ്റവും വലിയ അനീതിയാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ പിളർപ്പുണ്ടായപ്പോൾ മുപ്പത്തിരണ്ട് ആളുകളോടൊപ്പം കൗൺസിൽ മീറ്റിംഗിൽനിന്നും ഇറങ്ങിവന്ന ഒരാളായിരുന്നു ശ്രീ. വി. എസ്. അച്യുതാനന്ദൻ.

ശ്രീ. പി. കെ. ബഷീർ: സർ. ശ്രീ. വി. എസ്. അച്യുതാനന്ദൻ ഭരണ പരിഷ്കാര കമ്മീഷന്റെ ചെയർമാനായാൽ മുഖ്യമന്ത്രിക്ക് നേരിട്ട് റിപ്പോർട്ട് സമർപ്പിക്കാൻ പാടില്ല, ഗവൺമെന്റിന്റെ കാര്യങ്ങളിൽ ഇടപെടാൻ പാടില്ല എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, അതുകൊണ്ടാണല്ലോ ഈ സ്ഥാനം കൊടുക്കാൻ തീരുമാനിച്ചത്. സർക്കാരിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ ഇടപെടാനോ സർക്കാരിന്റെ നടപടികളെ നിയന്ത്രിക്കാനോ അഭിപ്രായം പറയാനോ അധികാരമില്ലാത്ത ഒരു സ്ഥാനം ശ്രീ. വി. എസ്. അച്യുതാനന്ദന് നൽകുന്നതുവഴി അദ്ദേഹത്തിന്റെ വായ അടപ്പിക്കുക എന്നുള്ള തന്ത്രമാണ് പോളിറ്റ് ബ്യൂറോയ്ക്കും സംസ്ഥാന കമ്മിറ്റിക്കുമുള്ളത്. കേരള രാഷ്ട്രീയത്തിൽ ഏറ്റവും സമുന്നതനായ ഒരു വ്യക്തിയെ ഈ സ്ഥാനത്തേയ്ക്ക് എത്തിക്കുന്നു എന്നുള്ളതിൽ സി.പി.ഐ.(എം)-ന് മറുപടി പറയേണ്ടിവരും.

അദ്ദേഹത്തെപ്പറ്റി കോടതികൾ തന്നെ പറഞ്ഞുകൊണ്ടിരിക്കുകയാണ്. സുപ്രീംകോടതിയിലെ രണ്ട് വിധികളിലാണ് ശ്രീ. വി. എസ്. അച്യുതാനന്ദനെതിരായി ഇപ്പോൾ വിമർശനമുണ്ടായത്. അദ്ദേഹം കോടതികളെ രാഷ്ട്രീയത്തിനുവേണ്ടി ഉപയോഗിക്കുന്നുവെന്ന് രണ്ട് കേസ്സുകളിലും പറഞ്ഞിരിക്കുന്നു. അത് അദ്ദേഹം തീരുമാനിക്കേണ്ട കാര്യമാണ്. രാഷ്ട്രീയത്തിൽ അങ്ങനെയുള്ള പക വച്ചുപുലർത്തുന്ന സമീപനം ഒരിക്കലും ശരിയല്ല. അത് അദ്ദേഹം തീരുമാനിക്കണം. ഏതായാലും ഇത്തരമൊരു നിയമനിർമ്മാണം സംസ്ഥാനതാല്പര്യങ്ങൾക്ക് വിരുദ്ധമാണ്. മാർക്സിസ്റ്റ് പാർട്ടിക്കകത്തുള്ള ആഭ്യന്തര കലാപത്തിന്റെയും ആഭ്യന്തര യുദ്ധത്തിന്റെയും പരിസമാപ്തിക്കുവേണ്ടി പോളിറ്റ്ബ്യൂറോയുടെ നിർദ്ദേശാനുസരണം കൊണ്ടുവന്നിട്ടുള്ള ഈ നിയമ ഭേദഗതി സംസ്ഥാനത്തെ ജനങ്ങളുടെ താല്പര്യത്തിനോ പൊതുതാല്പര്യത്തിനോ യോജിച്ചതല്ല എന്നുള്ളതുകൊണ്ട് ഞാൻ ഇതിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

ശ്രീ. വി. റ്റി. ബൽറാം: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ (ഫിനാൻസ് ബിൽ ഒഴിച്ചുള്ള) ആദ്യത്തെ നിയമനിർമ്മാണമാണിത്. ഈ നിയമസഭയുടെ ആദ്യത്തെ നിയമനിർമ്മാണം തന്നെ ഭരണകക്ഷിയിലെ രാഷ്ട്രീയ തർക്കങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഒരു വൃഥാ വ്യായാമമാകുന്നത് നിയമസഭയോടും തെരഞ്ഞെടുത്ത ജനങ്ങളോടുമുള്ള അനാദരവാണെന്നുള്ള കാര്യത്തിൽ സംശയമില്ല. പതിനാറാം നൂറ്റാണ്ടുമുതലുള്ള പശ്ചാത്തലം പ്രതിപക്ഷ നേതാവ് ഇവിടെ വിശദീകരിച്ചു. സമയക്കുറവുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഈ നിയമം അവതരിപ്പിക്കുന്നതുകൊണ്ട് consolidated funds of the state-ന് പുതിയതായി ചെലവൊന്നും ഉണ്ടാകുന്നില്ലായെന്ന് statement of objects and reasons-ൽ കൃത്യമായി പറയുന്നുണ്ട്. ഈ നിയമം മാത്രമായി എടുക്കുകയാണെങ്കിൽ ഒരുപക്ഷേ ഇത് അയോഗ്യത നീക്കുന്ന നിയമമായതുകൊണ്ട് ചെലവുണ്ടാകുന്നില്ലെന്ന് വേണമെങ്കിൽ വാദിക്കാം. പക്ഷേ അതൊരു സാങ്കേതികമായ വാദം മാത്രമാണ്. ഇതിന്റെ ശരിയായ objects and reasons എന്തൊക്കെയാണെന്ന് കേരളത്തിലെ ഏത് കൊച്ചുകുട്ടിക്കും അറിയാം. ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദന്റെ ഭാഷയിൽ പറഞ്ഞാൽ അരി ആഹാരം കഴിക്കുന്ന മുഴുവൻ മലയാളികൾക്കും അറിയാം. ബഹുമാന്യനായ കേരളത്തിന്റെ മുൻ മുഖ്യമന്ത്രിയും മലമ്പുഴ എം.എൽ.എ.യുമായ ശ്രീ. വി. എസ്. അച്ചുതാനന്ദന് ഒരു പദവി നൽകുന്നതിനുള്ള നിയമനിർമ്മാണമാണിത്. സ്വാഭാവികമായും അത്തരത്തിലുള്ള ഒരു പദവിയിലേക്ക് ഒരു എം.എൽ.എ. ആയ വ്യക്തി കടന്നുവരുമ്പോൾ അതുകൊണ്ട് ഒരു ചെലവും ഉണ്ടാകുകയില്ലെന്നുള്ളതാണ് സർക്കാരിന്റെ വാദമെങ്കിൽ അതും ഈ കേരളത്തിലെ ഒരാളും വിശ്വസിക്കാൻ പോകുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഇതുകൊണ്ട് ചെലവുണ്ടാകുന്നുണ്ട്. ഒരു മന്ത്രിയെ തീറ്റിപ്പോറ്റുന്നതിനുവേണ്ടി എത്രത്തോളം ചെലവ് പൊതുഖജനാവിന് ഉണ്ടാകുന്നുവോ അത്രത്തോളം ചെലവ് ഈ പുതിയ പദവിയുടെ സൃഷ്ടികൊണ്ട് ഉണ്ടാകുന്നുണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം. അതുകൊണ്ട് സുതാര്യത വാഗ്ദാനം ചെയ്ത് അധികാരത്തിൽ വന്ന ഗവൺമെന്റ് ഈ കാര്യത്തിൽ സുതാര്യതയില്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. മുരളീധരൻ)

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതുതന്നെ വലിയ ധൂർത്ത് പ്രദർശിപ്പിച്ചു കൊണ്ടാണ്. സ്ഥാനം ഏറ്റെടുക്കുന്നതിനുമുമ്പുതന്നെ പരസ്യം നൽകി എന്റെ തല, എന്റെ ഫുൾ ഫിഗർ എന്ന മട്ടിലുള്ള പരസ്യം രാജ്യവ്യാപകമായി നൽകുന്നതിനു വേണ്ടി ഏതാണ്ട് മൂന്നരക്കോടി രൂപയാണ് ഈ ഗവൺമെന്റ് ചെലവഴിച്ചത്.

ചോദ്യരൂപത്തിൽ ഞാനിത് ഉന്നയിച്ചപ്പോൾ മറുപടിയായി ലഭിച്ചത്, അച്ചടി മാധ്യമങ്ങളിലൂടെയുള്ള പരസ്യത്തിനുവേണ്ടി 2,52,69,991 (രണ്ട് കോടി അമ്പത്തി രണ്ട് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയൊന്ന്) രൂപയും ദൃശ്യമാധ്യമങ്ങളിലൂടെ പരസ്യം നൽകുന്നതിനുവേണ്ടി 1,03,50,000 (ഒരു കോടി മൂന്ന് ലക്ഷത്തി അമ്പതിനായിരം) രൂപയും കൂടി ആകെ മൂന്ന് കോടി അമ്പത്തിയാറ് ലക്ഷത്തോളം രൂപയും ഈ പരസ്യത്തിനായി ചെലവഴിച്ചിട്ടുണ്ട് എന്നാണ്. പരസ്യം കൊടുക്കുന്നതിനുവേണ്ടിയുള്ള തീരുമാനം എടുത്തത് നിയുക്ത മുഖ്യമന്ത്രിയാണെന്നാണ് നൽകിയിരിക്കുന്ന വിശദീകരണം. ആ സാങ്കേതികത്വം അംഗീകരിക്കപ്പെടാമെന്നുള്ളത് ഞാനും സമ്മതിക്കുകയാണ്. പക്ഷേ സാങ്കേതികത്വത്തിനപ്പുറം ഒരു ധാർമ്മികതയുണ്ടല്ലോ. ഒരു ഭാഗത്ത്, ഖജനാവിൽ വരുമാനമില്ല, കാലിയാണ്, കടക്കെണിയിലാണ് എന്നുള്ള രാഷ്ട്രീയാരോപണങ്ങൾ ഉന്നയിക്കുകയും മറുഭാഗത്ത് ഇത്തരത്തിലുള്ള പരസ്യങ്ങളും സെൽഫ് പ്രൊമോഷനുമൊക്കെയായി ഖജനാവിലെ പണം ധൂർത്തടിക്കുകയും ചെയ്യുന്നതിലെ ധാർമ്മികത കമ്മ്യൂണിസ്റ്റ് പാർട്ടിക്കും അതിന്റെ ഗവൺമെന്റിനും മനസ്സിലാകുന്നില്ലെങ്കിൽ പിന്നെ നമ്മൾ എത്ര പറഞ്ഞിട്ടും കാര്യമില്ല. രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഇങ്ങനെ പരസ്യം കൊടുക്കുന്നതു കൊണ്ട് പ്രതീക്ഷിക്കപ്പെടുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്നുള്ള ചോദ്യത്തിന് മറുപടിയായി ലഭിച്ചത്, അഴിമതിക്കും പക്ഷപാതത്തിനും സ്വജനപക്ഷപാതത്തിനും എതിരായ ജനവിധിയുടെ പ്രതീകമായതും അങ്ങേയറ്റം ദുർബ്ബലരും പാർശ്വവൽക്കരിക്കപ്പെടുന്നതുമായ പൗരന്റെ അവകാശങ്ങൾക്ക് മുന്തിയ പരിഗണന നൽകുന്നതുമായ ഒരു പുതിയ സർക്കാർ അധികാരമേറ്റതുവഴി കേരള സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള പ്രതിഛായ സംബന്ധിച്ച് ഇതര സംസ്ഥാനങ്ങളിലെ ജനങ്ങളിലും അവിടത്തെ മലയാളികളിലും അവബോധം സൃഷ്ടിക്കാനും അതുവഴി സംസ്ഥാനത്തിന് നേട്ടങ്ങളുണ്ടാക്കാനുമാണ് ഈ പരസ്യം കൊണ്ടുദ്ദേശിക്കുന്നത് എന്നാണ്. ഇത്തരത്തിലുള്ള ഒരു ദീർഘവീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ ഇമേജ് വർദ്ധിപ്പിക്കുന്നതിനും കേരളത്തിന്റെ അഭിമാനം ഇതര സംസ്ഥാനങ്ങൾക്കുമുമ്പിൽ ഉയർത്തിപ്പിടിക്കുന്നതിനും വേണ്ടിയാണ് ഖജനാവിൽനിന്ന് കോടിക്കണക്കിന് രൂപ ചെലവഴിക്കുന്നതെങ്കിൽ, ആ യുക്തി എത്ര പേർക്ക് ഉൾക്കൊള്ളാൻ സാധിക്കുമെന്നത് ഞാൻ ജനങ്ങൾക്ക് വിടുകയാണ്. ഇന്ത്യയിലെ പ്രധാന നഗരങ്ങളായ ഡൽഹി, മുംബൈ, ബാംഗ്ലൂർ, കോയമ്പത്തൂർ, മധുര, തിരുച്ചിറപ്പള്ളി ഇവിടെയൊക്കെ പരസ്യങ്ങൾ കൊടുക്കാറുണ്ട്. പക്ഷെ, കൊൽക്കത്തയിൽ മാത്രം അതില്ല. കേരളത്തിന്റെ പ്രതിച്ഛായ സംബന്ധിച്ച് ആശങ്കകളുള്ള മലയാളികളും തദ്ദേശീയരുമായ ആളുകൾ ഇല്ലാത്ത ഒരിടം ഇന്ന് ഇന്ത്യയിൽ കൊൽക്കത്ത മാത്രമാണ്, ബംഗാൾ മാത്രമാണ് എന്ന തിരിച്ചറിവിലേയ്ക്ക് കമ്മ്യൂണിസ്റ്റ് പാർട്ടി എത്തുന്നുണ്ടെങ്കിൽ, 40 വർഷത്തോളം അവിടെ അടക്കിഭരിച്ചവർക്ക് ആ സംസ്ഥാനത്തെക്കുറിച്ചുള്ള ഇന്നത്തെ വിലയിരുത്തലുകൾ എന്താണെന്നുള്ളതിന്റെ സൂചന കൂടിയാണത്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇത്തരത്തിലുള്ള ധൂർത്തിന്റെ തുടർച്ചയായിട്ടാണ് ഈ പറയുന്ന നിയമനിർമ്മാണവും ഇതിനുശേഷമുള്ള കാര്യങ്ങളും കടന്നുവരുന്നത്. രാവിലെ ശ്രീ. വി. ഡി. സതീശൻ

അവതരിപ്പിച്ച അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട പരാമർശങ്ങളിൽ വിവരാവകാശ നിയമത്തെക്കുറിച്ച്, അത് അട്ടിമറിക്കുന്നതിനെക്കുറിച്ച് നല്ല രീതിയിലുള്ള ചർച്ച ഇവിടെ നടക്കുകയുണ്ടായി. ബഹുമാന്യനായ മുഖ്യമന്ത്രി പറയുന്നു, 'ഇത് അപ്രായോഗികമാണ്, ചീഫ് സെക്രട്ടറിക്ക് വിവരങ്ങൾ മുഴുവൻ ശേഖരിച്ച് ബന്ധപ്പെട്ട ആളുകൾക്ക് നല്കുന്ന കാര്യത്തിൽ വലിയ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. അതിന്റെ ക്ലാരിഫിക്കേഷൻ മാത്രമാണ് കോടതിയിൽനിന്ന് ചോദിച്ചത് എന്നാണ്.' അത് അദ്ദേഹംതന്നെ ഇവിടെ വിശദീകരിച്ചു. അദ്ദേഹത്തിന്റെ വിശദീകരണം ഒട്ടും തൃപ്തികരമായിരുന്നില്ല എന്ന കാര്യം ഭരണപക്ഷത്തുള്ള സുഹൃത്തുക്കൾപോലും മൗനത്തോടുകൂടിയാണെങ്കിലും അംഗീകരിക്കുമെന്ന് എനിക്കുറപ്പുണ്ട്. പതിവുരീതിയിൽനിന്ന് വിഭിന്നമായിട്ടുള്ള പെർഫോമൻസാണ് അദ്ദേഹത്തിന് ഇന്നവിടെ കാഴ്ചവയ്ക്കേണ്ടിവന്നത്. 48 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട ഓർഡറുകൾ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾ ഇറക്കണം. ക്യാബിനറ്റ് 'ഒരു കാര്യം തീരുമാനിച്ചതിനുശേഷം' എന്ന് ചട്ടത്തിൽ പറയുമ്പോൾ വിവരാവകാശനിയമം പറയുന്നത് '30 ദിവസത്തിനകം അതിന് മറുപടി കൊടുത്താൽ മതിയെന്നാണ്'. അപ്പോൾ രണ്ട് ദിവസത്തിനകം ബന്ധപ്പെട്ട വകുപ്പുകൾക്ക് ഓർഡർ ഇറക്കാം. ആ ഓർഡർ എന്താണെന്നുള്ളത് ബന്ധപ്പെട്ട ചോദ്യകർത്താവിന് വിവരം ശേഖരിച്ചുനല്കാൻ ചീഫ് സെക്രട്ടറിയുടെ ഓഫീസിന് വീണ്ടും 28 ദിവസം കിടക്കുകയാണ്. എന്നിട്ടാണ് അത് അപ്രായോഗികമാണെന്ന പേരുപറഞ്ഞുകൊണ്ട്, അത്തരത്തിലുള്ള ഒരു പുകമറ സൃഷ്ടിച്ചുകൊണ്ട്, കോടതിയിലേയ്ക്ക് വലിച്ചിഴയ്ക്കുകയും ഈ വിവരങ്ങൾ നല്കാതിരിക്കാൻ എന്തെങ്കിലുമൊക്കെ സാധ്യതകളുണ്ടോ പഴുതുകളുണ്ടോ എന്ന് ആലോചിക്കുകയും ചെയ്യുന്ന സമീപനം ഗവൺമെന്റ് സ്വീകരിക്കുന്നത്. മുൻകാല ഭരണപരിഷ്കാര കമ്മീഷനുകളുടെ റിപ്പോർട്ടുകൾ ഞാൻ വായിക്കുകയുണ്ടായി. ആദ്യത്തെ ഭരണപരിഷ്കാര കമ്മീഷൻ രൂപീകൃതമായത് 1957-ലാണ്. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടായിരുന്നു അതിന്റെ ചെയർമാൻ. അന്ന് ഒരു ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിക്കേണ്ടതിന്റെ അനിവാര്യതയുണ്ടായിരുന്നു. കാരണം കേരള സംസ്ഥാനം ആദ്യമായി രൂപീകൃതമാകുകയാണ്. അതുവരെ മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നീ നിലകളിൽ വിഭജിക്കപ്പെട്ടു കിടന്നിരുന്ന സ്ഥലമാണ്. അഡ്മിനിസ്ട്രേറ്റീവ് മെഷിനറിക്ക് ഒരു ഏകീകൃത രൂപം കൈവന്നിട്ടില്ല. നിയമങ്ങൾപ്പോലും ഏകീകരിക്കപ്പെട്ടിട്ടില്ലായിരുന്നു. ഒരു ഏകീകൃതമായ ഒരു കൾച്ചർ ഡെവലപ്പ് ചെയ്യുവന്നിട്ടില്ല. അതുകൊണ്ടുതന്നെ ഒരു ഭരണപരിഷ്കാര കമ്മീഷന്റെ അനിവാര്യത അന്ന് ബോധ്യപ്പെട്ടിരുന്നു.

1965-ൽ എം. കെ. വെള്ളോടി ഐ.സി.എസ്.-ന്റെ നേതൃത്വത്തിലാണ് രണ്ടാമത്തെ ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചത്. അന്നും പഞ്ചായത്തുകളെ ശക്തിപ്പെടുത്തുന്നതടക്കമുള്ള കാര്യങ്ങളാണ് ആ റിപ്പോർട്ടിൽ ചർച്ചചെയ്തത്. മൂന്നാമത്തെ ഭരണപരിഷ്ക്കാര കമ്മീഷൻ രൂപീകൃതമാകുന്നത് 1997-ലാണ്. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ. കെ. നായനാർ ആയിരുന്നു അതിന്റെ ചെയർമാൻ. 1997-ൽ ഈ ഭരണപരിഷ്കാര കമ്മീഷൻ രൂപീകൃതമാകുമ്പോൾ അന്നത്തെ ഗവൺമെന്റിലെ മന്ത്രിയാണ് ഇന്ന്

മുഖ്യമന്ത്രി സ്ഥാനത്ത് ഇരിക്കുന്നത്. ഇ. കെ. നായനാർ മുഖ്യമന്ത്രിയും ശ്രീ. പിണറായി വിജയൻ മന്ത്രിയുമായിട്ടുള്ള കാലത്താണ് മൂന്നാമത്തെ ഭരണപരിഷ്കാര കമ്മീഷൻ രൂപീകൃതമാകുന്നതും 2000-ലാണ് അതിന്റെ ആദ്യ റിപ്പോർട്ട് സമർപ്പിക്കുന്നതും. ആ റിപ്പോർട്ടിലെ ചാപ്റ്റർ 3-ൽ ' Transparency and Right to Information'-നെക്കുറിച്ചാണ് പറയുന്നത്. 'Right to Information Act' എന്നാണ് മൂന്നാമത്തെ ഭരണപരിഷ്കാര കമ്മീഷൻ നിർദ്ദേശം നല്കിയിട്ടുള്ളത്. Transparency-യെക്കുറിച്ചും Right to Information-നെക്കുറിച്ചും വളരെ നല്ല ഭാവനാപൂർണ്ണമായിട്ടുള്ള വാദങ്ങളും സങ്കല്പങ്ങളുമാണ് നൽകിയിട്ടുള്ളത് എന്ന ദീർഘദർശനത്തോടുകൂടിയാണ് ആ കമ്മീഷൻ റിപ്പോർട്ടിനെ നമുക്ക് കാണാൻ സാധിക്കുന്നത്. Transparency-യെക്കുറിച്ച് പറയുന്നത്, .....'Transparency is the best form of audit. Transparency implies that every decision is taken on accepted and published norms and criteria, based on the principle of fairness and equity and such decision making is visible to everyone. Transparency throws open the process of decision making and allows verification by the ordinary citizen'. അതിനുശേഷം അതിൽ തന്നെ പറയുന്നു, 'Transparency is not merely confined to the limited act of lifting the curtains.' നേരത്തെ ഇവിടെ സംസാരിച്ചപ്പോൾ ഇരുമ്പുമറകളെക്കുറിച്ചു പറഞ്ഞു. ആ ഇരുമ്പുമറകൾ നീക്കം ചെയ്യുക എന്നതുമാത്രമല്ല, 'it is a pro-active process of reaching out of the people and making them understand what has been opened out.' എങ്ങനെയൊക്കെയാണ് ഭരണരംഗത്ത് സുതാര്യത കൊണ്ടുവരുന്നത് എന്നതിനെക്കുറിച്ച് പൊതുസമൂഹത്തെ ബോധ്യപ്പെടുത്താൻവേണ്ടി pro-active ആയിട്ടുള്ള സ്വമേധയാ ഏറ്റെടുക്കേണ്ടതായ ഒരു ഉത്തരവാദിത്വമാണ് എന്നാണ് ഇ.കെ. നായനാരുടെ നേതൃത്വത്തിലുള്ള ഭരണപരിഷ്കാര കമ്മീഷൻ ഇവിടെ നിർദ്ദേശരൂപത്തിൽ വച്ചിരിക്കുന്നത്. Right to Information Act നടപ്പാക്കപ്പെടുന്നത് 2005-ലാണ്. അതിനും 5 വർഷം മുൻപ് ഇ.കെ. നായനാരുടെ നേതൃത്വത്തിൽ നല്കിയ ഈ കമ്മീഷന്റെ റിപ്പോർട്ടിലെ അന്തഃസത്തയ്ക്ക് വിരുദ്ധമായിട്ടുള്ള ഒരു സമീപനമാണ് ദൗർഭാഗ്യവശാൽ അദ്ദേഹത്തിന്റെ ക്യാബിനറ്റിലെ മന്ത്രി കൂടിയായിരുന്ന ഇന്നത്തെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇന്നത്തെ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സഖാവ് ഇ.കെ. നായനാരോടുപോലും അനാദരവ് കാണിക്കുന്ന സർക്കാരായി ഇന്നത്തെ സർക്കാർ മാറുകയാണ്.

ഇവിടെ ഭരണപരിഷ്കാര കമ്മീഷന്റെ പ്രസക്തിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. അത്തരത്തിലുള്ള ഒരു ഭരണപരിഷ്കാര കമ്മീഷന് നേതൃത്വം നല്കാൻ ഇപ്പോൾ നിർദ്ദേശിക്കപ്പെടുന്ന വ്യക്തിക്ക് കഴിയണമെന്നുള്ളതാണ് നമ്മുടെയൊക്കെ ആഗ്രഹം. പുതിയ തലമുറയിലെ ജനപ്രതിനിധിയും ചെറുപ്പക്കാരനുമെന്ന നിലയിൽ ഞാൻ പറയാൻ ആഗ്രഹിക്കുന്നത് പുതിയ ആശയങ്ങളെ ഉൾക്കൊണ്ടുകൊണ്ടാണ് ഈ

പരിഷ്കാരങ്ങളൊക്കെ വരേണ്ടത് എന്നാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ കാലഹരണപ്പെട്ട നേതാവാണെന്ന് ഞാൻ ഒറ്റയടിക്ക് ആക്ഷേപിക്കുന്നില്ല. അപ്പുറത്തിരിക്കുന്ന മറ്റു പലരേക്കാളും പുതിയ തലമുറയുടെ രാഷ്ട്രീയത്തെ സെൻസ് ചെയ്യാൻ കഴിയുന്ന, അതിലിടപെടാൻ കഴിയുന്ന ഒരു രാഷ്ട്രീയ നേതാവ് തന്നെയാണ് അദ്ദേഹം. മറ്റു പലരേക്കാളും യുവത്വം അദ്ദേഹത്തിനുണ്ടെന്ന കാര്യം ഞാൻ അംഗീകരിക്കുകയാണ്. അദ്ദേഹത്തെപ്പോലുള്ള ഒരു വന്ദ്യവയോധികനെ ഇത്രയും വലിയൊരു ഉത്തരവാദിത്വം ഏല്പിച്ച് ബുദ്ധിമുട്ടിപ്പിക്കുന്നത് ശരിയാണോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. പി. ടി. തോമസ്: സർ, പൊളിറ്റ് ബ്യൂറോ മെമ്പർ ശ്രീ. പ്രകാശ് കാരാട്ട് തിരുവനന്തപുരത്ത് നടത്തിയ ഒരു പത്രസമ്മേളനത്തിൽ, എന്തുകൊണ്ടാണ് വി.എസ്.-നെ മുഖ്യമന്ത്രിയായി പരിഗണിക്കാത്തതെന്ന് ചോദിച്ചപ്പോൾ, 'അനാരോഗ്യമാണ് മുഖ്യഘടകം' അതുകൊണ്ടാണ് അദ്ദേഹത്തെ മുഖ്യമന്ത്രിയാക്കാത്തത് എന്നാണ് വ്യക്തമാക്കിയത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. റ്റി. ബൽറാം: സർ, തീർച്ചയായും, ആ ദിവസങ്ങളിലെ ചർച്ചകളൊക്കെ നമ്മൾ കണ്ടിട്ടുള്ളതാണ്.

ശ്രീ. പി. സി. ജോർജ്: സർ, ഇന്നും ഈ നിയമസഭയിൽ വന്നിട്ടുപോയ മനുഷ്യനാണ്. അനാരോഗ്യമെന്നു പറയരുത്. ശ്രീ. പി. ടി. തോമസും ശ്രീ. വി. എസ്. അച്ചുതാനന്ദനും കൂടി പിടിച്ചാൽ ശ്രീ. പി. ടി. തോമസ് തോല്ക്കും; ശ്രീ. വി.എസ്. അച്ചുതാനന്ദനേ ജയിക്കൂ. അരമണിക്കൂർ തറയിൽ കുത്തിയിരുന്ന മനുഷ്യനാണ്.

ശ്രീ. പി. ടി. തോമസ്: സർ, പാർട്ടിയെ നിരവധി വർഷക്കാലം നയിച്ച ബഹുമാന്യനായ സഖാവാണ്. ശ്രീ. പ്രകാശ് കാരാട്ടിനെ ഉദ്ധരിക്കുക മാത്രമാണ് ഞാൻ ചെയ്തത്. എനിക്ക് അങ്ങനെയൊരു അഭിപ്രായവുമില്ല.

മി. ചെയർമാൻ: ഈ സഭയിലെ എല്ലാ അംഗങ്ങളും പൂർണ്ണ ആരോഗ്യവാന്മാരാണ്. ....യെസ്........ ബഹുമാനപ്പെട്ട അംഗം സംസാരിക്കൂ.....

ശ്രീ. വി. റ്റി. ബൽറാം: ആ കാലത്തെ ചർച്ചകൾ നമ്മൾ എല്ലാവരും കണ്ടതാണ്. ബഹുമാന്യനായ ശ്രീ. വി. എസ്. അച്ചുതാനന്ദനുമായി മീഡിയാ വൺ ചാനലിന്റെ മാധ്യമപ്രവർത്തകനായ ശ്രീ. ഗോപീകൃഷ്ണൻ നടത്തിയ ഒരു ഇന്റർവ്യൂവിന്റെ ക്ലിപ്പിംഗ് ഇപ്പോഴും സമൂഹമാധ്യമങ്ങളിൽ വൈറലായിരിക്കുകയാണ്.

അത് ഇടതുപക്ഷ അനുഭാവികൾ തന്നെ പ്രചരിപ്പിക്കുന്നുണ്ട്. ആ മാധ്യമ പ്രവർത്തകന്റെ മുഖത്തടിക്കുന്ന തരത്തിലുള്ള ചുട്ട മറുപടിയാണ് ബഹുമാന്യനായ വി. എസ്. നൽകിയത്. ഞങ്ങളോട് കളിച്ചാൽ ഇങ്ങനെയിരിക്കും, എന്നിങ്ങനെയുള്ള പ്രചരണത്തോടുകൂടിയാണ് സൈബർ സഖാക്കൾ അത് ഫെയ്സ് ബുക്കിലൂടെ പ്രചരിപ്പിക്കുന്നത്. മീഡിയാ വൺ ചാനലിലെ ഇന്റർവ്യൂ എനിക്ക് ഒന്നുകൂടി കേൾക്കാൻ അവസരമുണ്ടായി. ആ ഇന്റർവ്യൂവിൽ, ഒരു അവസരവാദിയായിട്ടാണ് നിങ്ങൾ ഇപ്പോൾ എന്നെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നതെന്നാണ് ബഹുമാനപ്പെട്ട വി. എസ്. പറയുന്നത്. സ്ഥാനം കിട്ടാൻവേണ്ടി ഒരു അവസരവാദിയെപ്പോലെ ശത്രുക്കളുടെ മുൻപിൽ കീഴടങ്ങിയെന്ന നിലയിൽ വ്യാഖ്യാനം നടത്തുന്നതിനുള്ള ശ്രമമാണ് നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. സത്യസന്ധനായ ഒരു പത്രപ്രവർത്തകനെന്ന നിലയിൽ നിങ്ങളെ പെടുത്താനേ കഴിയുകയില്ല. തികച്ചും വഞ്ചകനായ ഒരാൾക്കല്ലാതെ അങ്ങനെയുള്ള ചോദ്യം ചോദിക്കാൻ കഴിയില്ല എന്നൊക്കെ പറഞ്ഞ് ആ പാവം മാധ്യമപ്രവർത്തകന്റെ വായ് അടപ്പിക്കുന്ന തരത്തിൽ ബഹുമാന്യനായ ശ്രീ. വി. എസ്. അച്ചുതാനന്ദൻ പ്രതികരിക്കുകയുണ്ടായി. എന്തു ചോദിച്ചപ്പോഴാണ് എന്ന് ഓർക്കണം.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ബില്ലിനെ കുറിച്ചുള്ള ചർച്ചയാണ്. നിങ്ങൾ ബില്ലിനെക്കുറിച്ചുള്ള കാര്യങ്ങൾ സംസാരിക്കണം.

<u>ശ്രീ. വി. റ്റി. ബൽറാം</u>: സർ, ബില്ലിനെക്കുറിച്ചുള്ള ചർച്ചയിൽ ഇതും പറയാം. പുതിയ അംഗമായതുകൊണ്ട് അറിയാത്തതാണ്. ഏതെല്ലാം സാഹചര്യത്തിലാണ് ആ പരാമർശം വന്നത് എന്നുള്ളതിനെക്കുറിച്ച് അതിൽ ഇല്ല. ടി. പി. വധത്തെക്കുറിച്ചും എസ്.എൻ.സി. ലാവലിനെക്കുറിച്ചും പി.ബി.-യിലേക്ക് പ്രവേശനത്തിനുവേണ്ടി വീണ്ടും ശ്രീ. വി. എസ്. അച്ചുതാനന്ദൻ ആഗ്രഹിക്കുന്നുവോ; അതിനുവേണ്ടി പാർട്ടിക്ക് കീഴടങ്ങിക്കൊണ്ടിരിക്കുകയാണോ എന്നൊക്കെയാണ് മാധ്യമപ്രവർത്തകൻ ചോദിച്ചത്. അതിനാണ് അന്നത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അദ്ദേഹത്തെ ഇങ്ങനെയൊക്കെ ആക്ഷേപിച്ചത്. ഏതായാലും ഇപ്പോൾ കാര്യങ്ങൾ എവിടെ എത്തിനിൽക്കുവെന്നുള്ളത് നമുക്കെല്ലാം കാണാൻ സാധിക്കുന്നുണ്ട്. ഇവിടെ ബഹുമാന്യനായ പി. സി. ജോർജ് പറഞ്ഞതുപോലെ അദ്ദേഹത്തെ ആക്ഷേപിക്കാനോ യോഗ്യതയെ ചോദ്യം ചെയ്യാനോ ഞാൻ ആളല്ല. എന്റെയൊക്കെ പ്രായത്തേക്കാൾ എത്രയോ കൂടുതൽ കാലം രാഷ്ട്രീയത്തിൽ പ്രവർത്തനപരിചയം കൂടിയുള്ള അദ്ദേഹം ഏത് ഉന്നത പദവിക്കും അർഹനാണ് എന്നുതന്നെയാണ് എന്റെ അഭിപ്രായം. ഒരു പർപ്പസിനുവേണ്ടി സംസ്ഥാനത്തിന്റെ ചെലവിൽ മുന്നോട്ടുപോകുമ്പോൾ അക്കാര്യങ്ങൾ

യഥാവിധി നടക്കുമോ; വിചാരിച്ച ഔട്ട്പുട്ട് അതിൽനിന്നും കിട്ടുമോ എന്നുള്ള ആശങ്ക ഈ നാട്ടിലെ ടാക്സ് പെയേഴ്സിന് മുഴുവനുമുണ്ട്. മാർക്സിസ്റ്റ് പാർട്ടിയുടെ ആഭ്യന്തര തർക്കങ്ങൾ തീർക്കാൻവേണ്ടി ഇത്തരത്തിൽ വലിയൊരു ബാധ്യത സംസ്ഥാനത്തിന്റെ പൊതുഖജനാവിനുമേൽ അടിച്ചേൽപ്പിക്കപ്പെടുന്ന ഒരു സാഹചര്യം ഒഴിവാക്കപ്പെടാൻ ബഹുമാന്യനായ വി. എസ്. അച്യുതാനന്ദൻ കൂടി ആഗ്രഹിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. എന്തൊക്കെ പറഞ്ഞാലും ഇതിന്റെ ഭാഗമായി ഒരുപാട് ബാധ്യതകൾ ക്രിയേറ്റ് ചെയ്യപ്പെടുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ ബില്ലിന് 1951 മുതൽ മുൻകാല പ്രാബല്യമാണ് നൽകുന്നത്. മുൻകാല പ്രാബല്യം നൽകി ശ്രീ. വി. എസ് അച്യുതാനന്ദനെ ആദരിക്കേണ്ടത് ഈ ബില്ലിലൂടെയല്ല; മറിച്ച് മുൻകാല പ്രാബല്യത്തോടുകൂടി അദ്ദേഹത്തെ സി.പി.ഐ. (എം.) പോളിറ്റ് ബ്യൂറോയിൽ തിരിച്ചെടുത്തുകൊണ്ടാണ്. അങ്ങനെയാണ് അപ്പുറത്തിരിക്കുന്ന ആളുകൾക്ക് അദ്ദേഹത്തോട് ആദരവ് എന്തെങ്കിലുമുണ്ടെങ്കിൽ ചെയ്യേണ്ടത് എന്നാണ് എനിക്ക് തോന്നുന്നത്. അങ്ങനെ എടുക്കാൻ അവർ തയ്യാറാകില്ല. ...... (ബഹളം)

മി. ചെയർമാൻ: ഒരു അംഗം സംസാരിക്കുമ്പോൾ നിങ്ങൾക്ക് അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ അത് നിങ്ങളുടെ ഭാഗത്തുനിന്നും സംസാരിക്കുമ്പോൾ അതിനെക്കുറിച്ച് മറുപടി പറയാം. ദയവായി ശ്രദ്ധിക്കുക.

ശ്രീ. വി. റ്റി. ബൽറാം: സർ, സി.പി.ഐ. (എം.) പോളിറ്റ് ബ്യൂറോ രണ്ടു വിഭാഗമായി തിരിഞ്ഞിരിക്കുകയാണ്. ബി.ജെ.പി. എന്നുപറയുന്നത് ഫാസിസ്റ്റ് സംഘടനയേ അല്ലെന്നാണ് ശ്രീ. പ്രകാശ് കാരാട്ടിന്റെ നേതൃത്വത്തിലുള്ള ഒരു വിഭാഗം വാദിച്ചുകൊണ്ടിരിക്കുന്നത്. ബി.ജെ.പി. ഫാസിസ്റ്റ് സംഘടന തന്നെയാണ്, അതിനെ ചെറുക്കാൻവേണ്ടി കോൺഗ്രസ് പോലുള്ള ഒരു മതേതര പ്രസ്ഥാനവുമായി കൂട്ടുകൂടുക എന്നത് സി.പി.ഐ. (എം)-ന്റെ ധർമ്മമാണ് എന്നുള്ള നിലയിൽ ശ്രീ. സീതാറാം യെച്ചൂരി പറയുന്നു. ഈ രീതിയിലുള്ള രണ്ടുവിഭാഗങ്ങൾ സി.പി.ഐ. (എം)-ന്റെ പോളിറ്റ് ബ്യൂറോയിൽ ഉണ്ടാകുമ്പോൾ ഇവിടെനിന്നും ശ്രീ. വി. എസ്. അച്യുതാനന്ദൻ വീണ്ടും പോളിറ്റ് ബ്യൂറോ മെമ്പറായാൽ ഏത് ഭാഗത്തുചെന്ന് നിൽക്കും എന്നുള്ളതിനെക്കുറിച്ച് അവർക്ക് കൃത്യമായിട്ടുള്ള അറിവുണ്ട്.

ശ്രീ. ആർ. രാജേഷ്: സർ, പോയിന്റ് ഓഫ് ഓർഡർ.. സംഘ് പരിവാർ ആർ.എസ്.എസ്. ഫാസിസ്റ്റ് സംഘടനയാണെന്ന കാര്യത്തിൽ സി.പി.ഐ. (എം)-ന് വ്യത്യസ്തമായ അഭിപ്രായമില്ല. ശ്രീ. വി. റ്റി. ബൽറാം ഇവിടെ തെറ്റിദ്ധരിപ്പിക്കാൻവേണ്ടി

നടത്തുന്ന ശ്രമമാണ്. സി.പി.ഐ. (എം)-ന്റെ മുൻ അഖിലേന്ത്യാ സെക്രട്ടറി ആർ.എസ്.എസ്. ഫാസിസ്റ്റ് സംഘടനയല്ല എന്ന നിലയിൽ പറഞ്ഞത് രേഖയിലുണ്ടാകാൻ പാടില്ല. അത് ശരിയല്ല, വസ്തുതാ വിരുദ്ധമാണ്.

മി. ചെയർമാൻ: അത് പരിശോധിച്ച് ചെയ്യുന്നതാണ്.*

ശ്രീ. വി. റ്റി. ബൽറാം: അദ്ദേഹം വാക്കുകൾ വളച്ചൊടിക്കുകയാണ്. നിലവിലുള്ള അഖിലേന്ത്യാ ജനറൽ സെക്രട്ടറിയല്ല പറഞ്ഞത്, മുൻ അഖിലേന്ത്യാ ജനറൽ സെക്രട്ടറിയായ ശ്രീ. പ്രകാശ് കാരാട്ടാണ് പറഞ്ഞത്. ആർ.എസ്.എസ്.നെയല്ല പറഞ്ഞത് ബി.ജെ.പി. ഗവൺമെന്റിനെക്കുറിച്ചാണ് പറഞ്ഞത്. അത് തമ്മിൽ സാങ്കേതികമായ വ്യത്യാസമുണ്ടെന്ന് വ്യാഖ്യാനിക്കാം. പക്ഷെ രണ്ടും അടിസ്ഥാനപരമായി ഒന്നുതന്നെയാണെന്ന് ആർക്കാണ് അറിയാത്തത്? ബി.ജെ.പി. ഗവണ്മെന്റ് ഫാസിസ്റ്റ് അല്ലായെന്ന് വെള്ളപൂശുന്നത് മുൻ അഖിലേന്ത്യാ സെക്രട്ടറിയും ഇപ്പോഴത്തെ പോളിറ്റ് ബ്യൂറോ മെമ്പറുമായ ശ്രീ. പ്രകാശ് കാരാട്ട് ആണ്. അതിലേക്ക് നയിച്ച കാരണങ്ങളെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാം. പത്രങ്ങളിലൊക്കെ അതിനെക്കുറിച്ച് വായിച്ചതാണ്. എൻ.ഡി.ടി.വി. ചാനലിനെതിരെ കേന്ദ്ര സർക്കാർ നടപടിയെടുക്കാൻ തുനിയുമ്പോൾ ആ ചാനലും അതിന്റെ ഉടമസ്ഥനായ പ്രണോയ് റോയിയുമായിട്ടുള്ള ബന്ധം എന്തൊക്കെയാണെന്ന് എല്ലാപേർക്കും അറിയാം. അതിന്റെ പേരിൽ ബി.ജെ.പി. ഗവൺമെന്റിന്റെ പ്രീതി നേടുന്നതിനുവേണ്ടി, നരേന്ദ്ര മോദിയുടെ പ്രീതി നേടുന്നതിനുവേണ്ടി ബംഗാളിലെ യൂണിറ്റിനെ തള്ളിപ്പറയുകയും അവർ എടുത്ത രാഷ്ട്രീയ സമീപനത്തെ തള്ളിപ്പറയുകയും ചെയ്യുന്ന സമീപനമാണ് ശ്രീ. പ്രകാശ് കാരാട്ട് എടുത്തത്. ശ്രീ. സീതാറാം യെച്ചൂരി അത് തിരുത്തുന്നതിൽ നമുക്ക് സന്തോഷമേയുള്ളൂ. ഞാൻ വിഷയത്തിലേക്ക് തിരിച്ചുവരികയാണ്. ഇത്തരത്തിൽ സംസ്ഥാനത്തിന് അധികച്ചെലവ് ഉണ്ടാക്കുന്ന ഈ പുതിയ തസ്തിക ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ തലയിൽ കെട്ടിവച്ച് അദ്ദേഹത്തെ വീണ്ടും മോശക്കാരനാക്കുന്ന സമീപനം ദൗർഭാഗ്യകരമായി പോയി എന്നാണ് എനിക്ക് പറയാനുള്ളത്. ശ്രീ. വി.എസ്. അച്ചുതാനന്ദനെ തെരുവിലിട്ട് വലിച്ചിഴച്ച് അദ്ദേഹത്തെ അപമാനിക്കുകയാണ് ഭരണപക്ഷത്തുള്ള ആളുകൾ ചെയ്യുന്നത്. ഞങ്ങൾ അദ്ദേഹത്തോടൊപ്പമാണ്. അദ്ദേഹത്തിന്റെ പ്രായത്തെയും ഔന്നത്യത്തെയും അദ്ദേഹത്തെ കേരളരാഷ്ട്രീയത്തിൽ ഏത് തലത്തിലാണ് അടയാളപ്പെടുത്തപ്പെടേണ്ടത് എന്നതിനെക്കുറിച്ചും ഞങ്ങൾക്കൊരു കാഴ്ചപ്പാടുണ്ട്. ഒരിക്കലും നടപ്പിലാക്കാൻ കഴിയാത്ത ഒരു ഭരണപരിഷ്കാര കമ്മീഷന്റെ തലവനായിട്ടല്ല അറിയപ്പെടേണ്ടത്; മറിച്ച് കേരളത്തിൽ ഏറ്റവും കൂടുതൽ ജനകീയ പ്രശ്നങ്ങൾ ഉയർത്തി മുന്നോട്ടുവന്ന ഒരു രാഷ്ട്രീയ നേതാവായിട്ടാണ്, ഒരു ഭരണാധികാരിയായിട്ടാണ് അദ്ദേഹം അറിയപ്പെടേണ്ടത്.

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം നിലനിർത്താൻ തീരുമാനിച്ചു.

<u>ശ്രീ. ആർ. രാജേഷ്:</u> അധിക ബാധ്യതയെക്കുറിച്ച് വാചാലനാകുമ്പോൾ പാണക്കാട് കുടപ്പനകുന്ന് തറവാട്ടിൽ അഞ്ചാം മന്ത്രിയെ പ്രഖ്യാപിച്ചപ്പോൾ കോൺഗ്രസ് പാർട്ടി എന്താണ് ഒറ്റയക്ഷരം മിണ്ടാതിരുന്നത്?

<u>ശ്രീ. വി. റ്റി. ബൽറാം:</u> അഞ്ചാം മന്ത്രി എന്നുള്ളതല്ല, കേരളത്തിൽ 21 മന്ത്രിമാരെ നിയമിക്കാൻ ഭരണഘടനാപരമായ അധികാരം ഉണ്ട്. 140 അംഗങ്ങളുള്ള നിയമസഭയുള്ള ഒരു സംസ്ഥാനത്ത് 21 മന്ത്രിമാർ വരെയാകാം. അന്ന് 20 മന്ത്രിമാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ടാണ് ഇരുപത്തിയൊന്നാമത്തെ മന്ത്രിയെ തീരുമാനിച്ചത്. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. എം. സ്വരാജ്:</u> സർ, ഇരുപത്തിയൊന്നാമത്തെ മന്ത്രി ഭരണ ഘടനാപരമായി ശരിയായ കാര്യമാണെന്ന് പറഞ്ഞു. നിങ്ങൾ ഇവിടെ പരാമർശിക്കുന്ന ഭരണപരിഷ്കാര കമ്മീഷൻ അദ്ധ്യക്ഷൻ വന്നാൽ അത് ഭരണഘടനാ വിരുദ്ധമാണോ?

<u>ശ്രീ. വി. റ്റി. ബൽറാം :</u> അല്ല. അങ്ങനെയൊന്നും ഞങ്ങൾ പറഞ്ഞിട്ടില്ലല്ലോ. നിങ്ങൾ ഇപ്പോൾ പറഞ്ഞുവച്ചിരിക്കുന്ന പ്രിമൈസിൽ നിന്നുകൊണ്ടാണ് ഞങ്ങൾ പറയുന്നത്. കേരളത്തിന് ഇനിയൊന്നും താങ്ങാൻ സാധിക്കുകയില്ല, ഞങ്ങൾ മന്ത്രിമാരുടെ എണ്ണം കുറയ്ക്കുകയാണ്, സ്റ്റാഫിന്റെ എണ്ണം കുറയ്ക്കുകയാണ്, ഇതിന്റെയൊക്കെ കാരണം കേരളത്തിൽ കഴിഞ്ഞ ഗവൺമെന്റ് ഖജനാവിന് ഉണ്ടാക്കിവച്ച ബാധ്യതയാണെന്നുപറയുന്നത് നിങ്ങളുടെ രാഷ്ട്രീയ പ്രചരണമാണ്. അതിന്റെ മുനയൊടിയുന്ന സമീപനമാണ് ഇപ്പോൾ കാണുന്നത് എന്നുള്ളതാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

<u>ശ്രീ. കെ. രാജൻ:</u> ആദ്യത്തെ ദിവസം കേരള നിയമസഭയിൽ പ്രസംഗിച്ച ആദരണീയനായ വി. എസ്. അച്ചുതാനന്ദന്റെ പ്രസംഗം നടക്കുമ്പോൾ അദ്ദേഹം നാല് മിനിട്ട് കൂടുതലെടുത്തുവെന്നുകണ്ട് കേരളത്തിൽ ഇതുവരെ കാണാത്തവിധം ബഹളമുണ്ടാക്കുകയും ശ്രീ. എ. കെ. ബാലൻതന്നെ ഇടപെട്ട് ആ നാല് മിനിട്ട് സി.പി.ഐ. (എം)-ന്റെ പൂളിൽനിന്നും തിരിച്ചുവാങ്ങിക്കുകയും ചെയ്ത നിങ്ങൾ ശ്രീ. വി. എസ്. അച്ചുതാനന്ദനെ ഇപ്പോൾ ഇങ്ങനെ ആരാധിക്കുന്നതിന്റെ പിന്നിലെ താൽപ്പര്യമൊക്കെ ഇത് കേൾക്കുന്ന ഏത് മലയാളിക്കും മനസ്സിലാകും. ഇത് മനസ്സിലാകാത്ത പൊട്ടന്മാരാണ് ഇവിടെ ഇരിക്കുന്നതെന്ന് വിചാരിക്കരുത്.

<u>ശ്രീ. വി. റ്റി. ബൽറാം:</u> സർ, ബില്ലിന്റെ കാര്യത്തിൽ നമുക്ക് എത്ര ദീർഘമായി വേണമെങ്കിലും സംസാരിക്കാം. എന്നാൽ മറ്റ് ചർച്ചകളിൽ കൃത്യമായ സമയം നിശ്ചയിച്ചുകൊണ്ട് സമയ റെസ്ട്രിക്ഷൻ വേണമെന്ന് ബഹുമാനപ്പെട്ട

ചെയറാണ് പറഞ്ഞത്. അത് അന്ന് സംസാരിച്ചിരുന്ന പ്രതിപക്ഷ അംഗങ്ങൾക്ക് ബാധകമാക്കുകയും അപ്പുറത്തുള്ള ആളുകൾക്ക് ബാധകമാക്കാതിരിക്കുകയും ചെയ്ത ഇരട്ടത്താപ്പിനെക്കുറിച്ച് ചൂണ്ടിക്കാണിച്ചു. ചെയർതന്നെ ഇടപെട്ട് അതിന് പരിഹാരം കാണുകയും ചെയ്തു. ചെയറിന്റെ റൂളിംഗിനെതിരായി നമുക്ക് സംസാരിക്കാൻ അധികാരമില്ലായെന്ന് ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ബഹുമാനപ്പെട്ട മെമ്പർ കഴിഞ്ഞ നിയമസഭയിലെ അംഗമായിരുന്നു. ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദനെതിരായി ഇല്ലാത്ത അഴിമതിയുടെ പേരിൽ കേസ് എടുത്തപ്പോൾ അതിനെ പ്രോൽസാഹിപ്പിക്കാൻ നിങ്ങളും കൂട്ടുനിന്നില്ലേ?

ശ്രീ. വി. റ്റി. ബൽറാം: ഒരു വ്യക്തി ഏതെങ്കിലും മേഖലയിൽ ബഹുമാന്യനാണ് എന്നുള്ളതുകൊണ്ട് അദ്ദേഹത്തെ എല്ലാ അർത്ഥത്തിലും നമുക്ക് അംഗീകരിക്കാൻ സാധിക്കുമോ? ലയണൽ മെസ്സി ഏറ്റവും വലിയ ഫുട്ബോൾ കളിക്കാരനാണ്. അർജന്റീന എന്നുപറയുന്ന രാജ്യത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹം അഭിമാനതാരമാണ്. പക്ഷെ അവിടെ ലയണൽ മെസ്സിക്കെതിരെ ടാക്സ് വെട്ടിപ്പിന് കേസ് എടുത്തിരിക്കുകയാണ്. ഏതെങ്കിലും മേഖലയിൽ ബഹുമാനിക്കുന്നുണ്ട് എന്നുള്ളതുകൊണ്ട് ആ വ്യക്തിയെ മുഴുവനായി ഉൾക്കൊള്ളുകയും അദ്ദേഹം ചെയ്യുന്നതൊന്നും ചോദ്യം ചെയ്യപ്പെടാൻ പാടില്ലായെന്നുമുള്ള സമീപനം സ്വീകരിക്കുന്നത് ശരിയല്ല.

ശ്രീ. ഷാഫി പറമ്പിൽ : സർ, അങ്ങേക്ക് പ്രശ്നം മനസ്സിലായിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. നിങ്ങൾപോലും ബഹുമാന്യനായ ശ്രീ. വി.എസ്. അച്ചുതാനന്ദനെ അനുമോദിച്ച് സംസാരിക്കുന്നത് അവർക്ക് ഇഷ്ടപ്പെടുന്നില്ല. അങ്ങ് അത് അവസാനിപ്പിക്കണമെന്നാണ് അവർ പറഞ്ഞതിന്റെ അർത്ഥം. അത് അങ്ങേക്ക് മനസ്സിലായിട്ടുണ്ടോ?

ശ്രീ. വി. റ്റി. ബൽറാം: ഗവൺമെന്റിന്റെ മുഖമുദ്രയാകുന്നത് ഇരട്ടപ്പദവിയും ഇരട്ടചങ്കും ഇരട്ടനീതിയുമാണ്. ഈ രീതിയിൽ ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ അതിന്റെ ഭാരം താങ്ങേണ്ടിവരുന്നത് കേരളത്തിലെ ഖജനാവിൽ നിന്നാണെന്നുള്ള കാര്യം ഞാൻ വീണ്ടും ആവർത്തിക്കുന്നു. ബഹുമാന്യനായ വി.എസ്. അച്ചുതാനന്ദനിൽ അവർക്കില്ലാത്ത പ്രതീക്ഷ എനിക്കുണ്ട്. അദ്ദേഹത്തിന്റെ ധാർമ്മികതയിൽ ഞാൻ ഇപ്പോഴും വിശ്വസിക്കുകയാണ്. അദ്ദേഹം ഇവർക്കിട്ട് പണിയുമോയെന്ന് ഞാൻ സംശയിക്കുകയാണ്. അദ്ദേഹത്തെ മുഖ്യമന്ത്രിയാക്കാത്തതിന്റെ പ്രതിഷേധം അദ്ദേഹം

വരും ദിവസങ്ങളിൽ പ്രകടിപ്പിക്കുമെന്നുതന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ബില്ലൊക്കെ പാസ്സാക്കി ശ്രീ. വി. എസ്. അച്ചുതാനന്ദനെ ഭരണപരിഷ്കാര കമ്മിഷന്റെ ചെയർമാനാക്കി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ, സംസ്ഥാനത്തിന് ഭാരമുണ്ടാക്കിക്കൊണ്ട് എനിക്ക് ഇത്തരം പദവിയുടെ ഒന്നും ആവശ്യമില്ലായെന്ന് അദ്ദേഹം പറയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ശ്രീ. വി.എസ്. അച്ചുതാനന്ദന്റെ ധാർമ്മികത ശ്രീ. എം. കെ. ദാമോദരന്റെ ധാർമ്മികതയെക്കാൾ ഉയർന്നുനിൽക്കുന്നുവെന്നാണ് ഞാൻ കരുതുന്നത്. എം.കെ. ദാമോദരൻ പോലും പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവി എനിക്ക് വേണ്ടായെന്നുപറഞ്ഞ് ഒഴിഞ്ഞു മാറുമ്പോൾ അതിനേക്കാൾ ധാർമ്മികതയുള്ള വ്യക്തിതന്നെയാണ് സഖാവ് വി.എസ്. എന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്. ഈ ബിൽ നിയമമായി ഭരണ പരിഷ്കാര കമ്മീഷന്റെ ചെയർമാനായി സഖാവ് വി.എസിനെ ഗവൺമെന്റ് പ്രഖ്യാപിക്കുമ്പോൾ, എനിക്ക് ഈ പദവി വേണ്ടായെന്ന് മുഖ്യമന്ത്രിയുടെയും പാർട്ടിയുടെയും മുഖത്ത് നോക്കി പറയാനുള്ള ആർജ്ജവം കേരളത്തിലെ ജനങ്ങൾക്കുവേണ്ടി സഖാവ് വി.എസ്. കാണിക്കുമെന്നുതന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അദ്ദേഹം ഒരു അവസരവാദിയല്ല എന്ന അദ്ദേഹത്തിന്റെ തന്നെ വാക്കുകളോട് നീതി പുലർത്താൻ സാധിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീ. എസ്. ശർമ്മ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബില്ലിൽ ഭരണനിർവ്വഹണത്തിന്റെ വിവിധ വശങ്ങളെ സംബന്ധിച്ച് പഠനം നടത്തുന്നതിനും അത് മെച്ചപ്പെടുത്തുന്നതിന് നടപടികൾ നിർദ്ദേശിക്കുന്നതിനുമായി സംസ്ഥാന സർക്കാർ യഥാസമയം രൂപീകരിക്കുന്ന വിദഗ്ദ്ധരുടെ ഒരു സംഘം എന്നുള്ള നിലയിലാണ് ഭരണപരിഷ്കാര കമ്മീഷനെ വിവക്ഷിക്കുന്നത്. ഭരണ പരിഷ്കാര കമ്മീഷനെന്നുള്ള ആശയം കേരള സംസ്ഥാനത്തിന്റെ രാഷ്ട്രീയ ഭരണ ചരിത്രത്തിൽ ആദ്യത്തെ ഒരു ആശയമല്ല. 1956 നവംബർ 1-ാം തീയതിയാണ് ഐക്യകേരളം രൂപംകൊണ്ടത്. അതിനുശേഷം 1957-ൽ ഏകീകൃത കേരള നിയമസഭയിലേക്ക് തെരഞ്ഞെടുപ്പ് നടന്നു. അതിനുമുമ്പ് മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നീ പ്രദേശങ്ങളുണ്ടായിരുന്നു. പിന്നീട് തിരുവിതാംകൂറും കൊച്ചിയും സമന്വയിപ്പിച്ച് തിരുക്കൊച്ചിയായി. തിരുക്കൊച്ചിയിലെ ഭരണസംവിധാനത്തിൽ

രാജവാഴ്ചയുടെ സ്വാധീനമായിരുന്നു, മലബാർ പ്രദേശത്ത് കോളനിവൽക്കരണത്തിന്റെ സ്വാധീനവും. വ്യത്യസ്ത രൂപത്തിലും വ്യത്യസ്ത തലങ്ങളിലും വ്യത്യസ്ത ഭരണ സംവിധാനങ്ങളിലൂടെ പിന്നിട്ട ഒരു ചരിത്രത്തിന്റെ ഉൽപ്പന്നമായി, ജനാധിപത്യ വികസനത്തിന്റെ ഒരു മുഖമായിരുന്ന 1957-ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിലൂടെ ഒന്നാം കേരള നിയമസഭ രൂപീകരിക്കപ്പെട്ടത്. കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഭൂരിപക്ഷം ലഭിച്ചു. കേരള സംസ്ഥാനത്തിന്റെ ആദ്യത്തെ മുഖ്യമന്ത്രി എന്നുള്ള നിലയിൽ മഹാനായ സഖാവ് ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് തെരഞ്ഞെടുക്കപ്പെട്ടു. അന്ന് ആ ഗവൺമെന്റ് ഭരണപരിഷ്കാര കമ്മീഷനെ നിയോഗിച്ച് പ്രവർത്തനങ്ങൾ പരിശോധിച്ചു. മുഖ്യമന്ത്രി ഭരണപരിഷ്കാര കമ്മിഷന്റെ ചെയർമാനായി പ്രവർത്തിച്ചു. നിരവധി റെക്കമെന്റേഷൻസ് വന്നു. അന്നത്തെ ഭരണപരിഷ്ക്കാര കമ്മിഷനിൽ ചർച്ച ചെയ്യപ്പെട്ട പ്രധാനപ്പെട്ട ഒരു വിഷയമായിരുന്നു വിദ്യാഭ്യാസ പരിഷ്ക്കാരം. ആധുനിക കേരളത്തിന്റെ വളർച്ചയിൽ പ്രധാന പങ്കുവഹിച്ചതായിരുന്നു ചരിത്രത്തോളം പ്രാധാന്യമുള്ള, സമഗ്രമായ വിദ്യാഭ്യാസ പരിഷ്കാര ബിൽ. അത് ഇന്നും പിൻതുടരുന്നു. കേരള നിയമസഭയിൽ വിദ്യാഭ്യാസ വകുപ്പ് ഇന്നും പിൻതുടരുന്ന ആ നിയമത്തിന്റെ ഹൃദയത്തിലും ഘടനയിലും നിന്നുകൊണ്ട്, കാലോചിതമായ ചില ഭേദഗതികൾ പിൽക്കാലത്ത് വന്നിട്ടില്ലായെന്നല്ല, പക്ഷേ അതിന്റെ അടിത്തറ ഈ രൂപത്തിൽ വളർന്നുവന്നിട്ടുള്ളതാണ്. ഭരണപരിഷ്കാര കമ്മീഷനെ ഏതോ ഒരു കാര്യത്തിനുവേണ്ടി എന്തോ ഒരാവശ്യത്തിന് തൽക്കാലത്തേയ്ക്ക് തട്ടിക്കൂട്ടുന്നവെന്നുള്ള വ്യാഖ്യാനം ചരിത്രപരമായ നിഷേധവും തെറ്റും അസംബന്ധവും അടിസ്ഥാനരഹിതവുമായ വാദഗതിയാണ്. അതാണ് പ്രതിപക്ഷം ഉന്നയിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. പി. ടി. തോമസ്</u>: 1957-ൽ പത്രാധിപൻ കെ. സുകുമാരന്റെ പ്രസംഗം .......(മൈക്ക് ഓഫ്)................ അങ്ങ് ഓർക്കുന്നുണ്ടോ ?

<u>ശ്രീ. എസ്. ശർമ്മ</u>: 1957-ലെ കാര്യമല്ലേ? അന്ന് എനിക്ക് രണ്ടു വയസ്സേകാണുകയുള്ളൂ. വേറെയൊന്നും അക്കാലത്തെക്കുറിച്ച് എനിക്ക് അറിയില്ല. പത്രാധിപർ സുകുമാരന്റെ പ്രസംഗങ്ങളൊക്കെ ഞാൻ വായിച്ചിട്ടുണ്ട്. അങ്ങ് ഓർക്കുന്നുണ്ടോയെന്ന് ചോദിച്ചതുകൊണ്ടാണ് അങ്ങനെ പറഞ്ഞത്. ഇവിടെ പ്രസക്തമായ ഒരു ചോദ്യം, അന്നത്തെ ഗവൺമെന്റിനെ ഭരണഘടനാവിരുദ്ധമായി പിരിച്ചുവിട്ട ഒരു രാഷ്ട്രീയ നേതൃത്വമല്ലേ ഇന്ത്യയിലെ കോൺഗ്രസ് നേതൃത്വം. ഞങ്ങൾ ഭരണപരിഷ്ക്കാര കമ്മിഷനെ കൊണ്ടുവന്നു. ആധുനിക കേരളത്തിന്റെ നിർമ്മിതിയിൽ ചരിത്രപരമായ സവിശേഷതകളെന്ത്, ഭൂതകാലത്തെ ബ്രിട്ടീഷ് മലബാർ പ്രദേശം, കൊച്ചി തിരുവിതാംകൂർ സമന്വയം, ഏകീകൃത കേരളം, പുതിയ

കേരളം, മാറിയ സാഹചര്യം, മാറ്റം, വളർച്ച, പുരോഗതി ഇതിനെയെല്ലാം സൂക്ഷ്മമായി നിരീക്ഷിക്കണം, അതിനാണ് ഭരണപരിഷ്കാര കമ്മീഷനെ 1957-ൽ കൊണ്ടുവന്നത്. അതുകഴിഞ്ഞ്, ഒരിക്കൽപോലും നിങ്ങൾക്ക് അങ്ങനെ ഒരു ഭരണപരിഷ്കാര കമ്മീഷനെ കൊണ്ടുവരേണ്ടി വന്നിട്ടില്ല. നിങ്ങൾ അങ്ങനെ ആലോചിച്ചിട്ടുമില്ല. 1996-ൽ സഖാവ് നായനാരുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് മുഖ്യമന്ത്രിയായ നായനാർ ചെയർമാനായി ഭരണ പരിഷ്കാര കമ്മീഷൻ വീണ്ടും വന്നു. 1994-ൽ നമ്മളിൽ പലരും ഈ നിയമസഭയിലുണ്ടായിരുന്നല്ലോ. ബഹുമാന്യരായ ആ അംഗങ്ങൾ ഓർക്കുന്നുണ്ടാകും വെളുപ്പാൻകാലംവരെ ഈ നിയമസഭയിലിരുന്നു ചർച്ച ചെയ്തു. 1994-ലെ ഭരണഘടനാ ഭേദഗതി അനുസരിച്ച് പഞ്ചായത്ത് രാജ് ആക്ട് പാസാക്കി. ഞാൻ അതിന്റെ സെലക്ട് കമ്മിറ്റിയിലുണ്ടായിരുന്ന ആളാണ്. ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ സഞ്ചരിച്ചു. പുറത്തുനിന്ന് പ്രത്യേകിച്ചൊന്നും പഠിക്കാനുണ്ടായിരുന്നില്ല. എല്ലാം ഇവിടെനിന്നുതന്നെയാണ് പഠിക്കേണ്ടിവന്നത്. പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ചുള്ള നിയമം പാസ്സായി. അതിന്റെ പ്രയോഗത്തെസംബന്ധിച്ച് പ്രശ്നമുണ്ടായിരുന്നു. അപ്പോഴാണ് 1996-ലെ എൽ.ഡി.എഫ്. ഗവൺമെന്റ് വന്നത്. അധികാരവും സമ്പത്തും ജനങ്ങളിലേക്ക് എന്നുള്ള ആശയത്തിന്റെ അടിസ്ഥാനത്തിൽ എട്ടാം പദ്ധതി, ജനകീയ പദ്ധതി എന്നുള്ള ആശയം വച്ചത്.

2.00 PM]

ഇത്തരമൊരു ആശയം മുന്നോട്ടുവച്ച് അതിന്റെ പ്രയോഗത്തിലേക്ക് പോകുന്ന സന്ദർഭത്തിൽ ശ്രീ. വി. റ്റി. ബൽറാം പറഞ്ഞതുപോലെ 1997-ൽ ഭരണപരിഷ്കാര കമ്മീഷനെ നിയമിച്ചു. അങ്ങനെ നിയമിച്ച ഭരണ പരിഷ്കാര കമ്മീഷൻ റിപ്പോർട്ടിന്റെ റെക്കമെന്റേഷൻസിന്റെ ഭാഗമാണ് ലോക്കൽ അഡ്മിനിസ്ട്രേഷൻ ട്രൈബ്യൂണൽ. ഞങ്ങൾ അന്ന് നിയമസഭയിൽ ഉറക്കമിളച്ചിരുന്ന് ബില്ലിനെക്കുറിച്ച് ചർച്ച ചെയ്തപ്പോൾ ലോക്കൽ അഡ്മിനിസ്ട്രേഷൻ ട്രൈബ്യൂണൽ ഞങ്ങളുടെ ആരുടെയും തലയിൽ വന്നില്ലല്ലോ; ഒരിക്കലും വന്നിരുന്നില്ല. അതുപോലെ കോടതി സ്വഭാവത്തോടു കൂടിയ ലോക്കൽ അഡ്മിനിസ്ട്രേഷൻ ഓംബുഡ്സ്മാൻ അന്ന് ഭരണപരിഷ്കാര കമ്മീഷൻ റെക്കമെന്റ് ചെയ്തതാണ്. അതിൽ ബംഗാളിൽ നിന്നുള്ള പ്രശസ്തനായ ഡോ. സെൻ-ന്റെ സംഭാവന വളരെ വിലപ്പെട്ടതായിരുന്നു. ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ട് പരിശോധന എന്നുപറയുന്നത് ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ അലമാരിക്കകത്ത് പൊടിതട്ടാൻ വേണ്ടിമാത്രം എടുത്തുനോക്കുന്ന ഒന്നല്ല. അതിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ ലോക്കൽ അഡ്മിനിസ്ട്രേഷൻ

ട്രൈബ്യൂണൽ രൂപീകരിച്ചു, ലോക്കൽ അഡ്മിനിസ്ട്രേഷൻ ഓംബുഡ്സ്മാൻ രൂപീകരിച്ചു. കേരളത്തെ നവീകരിക്കുന്നതിൽ അധികാരവും സമ്പത്തും ജനങ്ങളിലേക്ക് എന്നുള്ള ആശയം സാക്ഷാത്കരിക്കപ്പെടുന്നതിനായി പ്രായോഗികമായി അഭിമുഖീകരിക്കേണ്ടി വന്ന പച്ചയായ സത്യങ്ങളെ ചർച്ച ചെയ്ത് പരിഹാരം കാണുന്നതിനുവേണ്ടി രാഷ്ട്രീയവും ഭരണപരവുമായ ഇടപെടൽ എല്ലാക്കാലത്തും ഇടതുപക്ഷ രാഷ്ട്രീയം സ്വീകരിച്ചിട്ടുണ്ട്. അത് ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ മുഖമുദ്രയാണ്. ഇപ്പോൾ ഇ-ഫയലിംഗ് സിസ്റ്റം നിലവിൽവന്നു. ഇൻഫർമേഷൻ ടെക്നോളജി അല്ലേ നമ്മളെ നയിക്കുന്നത്; ആധുനിക ലോകത്ത് ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ മഹത്തായ നേട്ടങ്ങൾ കൈവരിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ഇന്നത്തെ മാറിയ സാഹചര്യമുണ്ട്. 1957-ലെ സാഹചര്യമല്ല ഇന്നുള്ളത്. 1967-ലെയോ, 1970-ലേയോ, 1977-ലേയോ, 1980-ലേയോ സാഹചര്യമല്ല ഇന്നുള്ളത്. ഇന്നത്തെ മാറിയ ലോകം, വലിയ പ്രാധാന്യമുള്ള, ശാസ്ത്രത്തിന് മുന്തിയ പരിഗണനയുള്ള, പരീക്ഷണ നിരീക്ഷണങ്ങളുടെ സങ്കേതമായി ലോകം വികസിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ മാറ്റത്തിന്റെ....... ഇറിഗേഷൻ സെക്രട്ടറിയുടെ ഓഫീസിൽനിന്നും ഒരു ഫയൽ ഒപ്പിട്ട് തൊട്ടടുത്തുള്ള പി.ഡബ്ല്യു.ഡി. സെക്രട്ടറിയുടെ ഓഫീസിലെത്താൻ മൂന്നുമാസം വരെ എടുക്കുമായിരുന്നു. ഒരു മുറിയുടെ വ്യത്യാസം മാത്രമേയുള്ളൂ. മൂന്നുമാസം കഴിയുമ്പോഴാണ് ഫയൽ വരുന്നത്. ആ സിസ്റ്റം മാറി. ഇപ്പോൾ ഒന്ന് പ്രസ്സ് ചെയ്താൽ മതി, ഫയൽ അവിടെയെത്തും. അത്രമാത്രമേയുള്ളൂ. ആ വളർച്ചാമാറ്റമുണ്ടായിട്ടും ആ നേട്ടം അർഹതപ്പെട്ട ജനങ്ങൾക്ക് അനുഭവവേദ്യമാകാൻ കഴിയത്തക്കവിധത്തിൽ പങ്കുവഹിക്കുന്നില്ല എന്ന പരിമിതിയും പോരായ്മകളുമുണ്ട്. ഇതെല്ലാം പരിശോധിക്കപ്പെടണ്ടേ? മാറിയ ലോകം വളരുകയും വികസിക്കുകയും ചെയ്യുന്ന ലോകത്തിന്റെ മാറ്റവും വളർച്ചയും വികസനവും കണക്കിലെടുത്തുകൊണ്ട് മുന്നോട്ടുപോകുമ്പോൾ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ജനാധിപത്യ കോടതിയുടെ മുമ്പിൽ ആധുനിക കേരളത്തിന്റെ നിർമ്മിതിയിൽ ഭരണപരിഷ്കാര കമ്മീഷൻ എന്നുള്ള ആശയം മുമ്പോട്ടുവച്ചിരുന്നു. ആ മാനിഫെസ്റ്റോ അടിസ്ഥാനമാക്കി കൊണ്ടുള്ള പച്ചയായ സത്യങ്ങളുടെ തിരിച്ചറിവാണ് ഈ ഭരണപരിഷ്കാര കമ്മീഷൻ. ഈ കമ്മീഷന് കേരളത്തിലെ ജനാധിപത്യ കോടതി മാൻഡേറ്റ് നൽകിയിട്ടുണ്ട്. പ്രശ്നങ്ങളെ വ്യക്തിപരമായി അടർത്തി അതിന്റെയടിസ്ഥാനത്തിൽ കാര്യങ്ങൾ വിശകലനം ചെയ്ത് ഈ കമ്മീഷന്റെ സദുദ്ദേശ്യത്തെ രാഷ്ട്രീയ ദുരുദ്ദേശ്യമാക്കി തീർക്കാനുള്ള പ്രതിപക്ഷത്തിന്റെ നടപടി വിലപ്പോകില്ല എന്നകാര്യം ഞാൻ ഈയവസരത്തിൽ വ്യക്തമാക്കുകയാണ്. എന്തിനാണ് അങ്ങനെ കാണുന്നത്? മഹാനായ ലെനിൻ പറയുന്നത് ലോകത്ത് തനിക്ക് ലഭിക്കാവുന്നതിൽ വച്ച്

ഏറ്റവും വലിയ പദവി ഏതെന്ന് ചോദിച്ചാൽ ഒരു കമ്മ്യൂണിസ്റ്റ് ആകുക എന്നതായിരിക്കും തന്റെ മറുപടി എന്നാണ്. അതാണ് കമ്മ്യൂണിസ്റ്റുകാർ. അതുകഴിഞ്ഞേ മുഖ്യമന്ത്രിയുള്ളൂ, മന്ത്രിമാരുള്ളൂ, പ്രതിപക്ഷനേതാവുള്ളൂ, എം.എൽ.എ.-മാരുള്ളൂ. ഒരു കമ്മ്യൂണിസ്റ്റ് എന്നുള്ള നിലയിൽ ഈ രാജ്യത്തിന്റെ പോരാട്ട ചരിത്രത്തിൽ ദേശീയ പ്രസ്ഥാനത്തിലും സ്വാതന്ത്ര്യ പ്രസ്ഥാനത്തിലും ഉത്തരവാദ പ്രക്ഷോഭ സമരത്തിലും രാജ്യത്തിന്റെ മുന്നേറ്റത്തിന്റെ ധാരയിലും തൊഴിലാളി കർഷക ബഹുജന പ്രസ്ഥാനങ്ങളെ സംഘടിപ്പിച്ച് മുമ്പോട്ടുപോകുന്നതിൽ ഏഴ് പതിറ്റാണ്ടിലധികം കാലം നിർവ്വഹിച്ച ത്യാഗസുരഭിലമായ ഒരു വിപ്ലവ ജീവിതത്തിന്റെ വ്യക്തിത്വമായ മഹാനായ ശ്രീ. വി. എസ്. അച്യുതാനന്ദനെ ആക്ഷേപിക്കാനോ അധിക്ഷേപിക്കാനോ മുതിരുന്നത് ചരിത്രത്തോട് ചെയ്യുന്ന അനീതിയായിരിക്കും. അതുകൊണ്ട് ഈ ബില്ലിലൂടെ കേരള സമൂഹത്തിന് ഇടതുപക്ഷ ജനാധിപത്യപ്രസ്ഥാനം ഭരണപരിഷ്കാരത്തിലൂടെ നൽകാൻ ഉദ്ദേശിക്കുന്ന മാനവികതയ്ക്കും സദുദ്ദേശ്യത്തിനും വളർച്ചയ്ക്കും തടസ്സം നിൽക്കുന്ന വിധത്തിലുള്ള തെറ്റായ രൂപത്തിലുള്ള വാദഗതികൾ ഉന്നയിക്കരുത്. അത് തികച്ചും ചരിത്രത്തോട് ചെയ്യുന്ന തെറ്റായിരിക്കും.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, പ്രതിപക്ഷത്തിലെ പല പ്രധാനപ്പെട്ടയാളുകളും ശ്രീ. വി. എസ്. അച്യുതാനന്ദനു വേണ്ടി വാദിക്കുന്നതായി കാണുന്നവർക്ക് തോന്നും. നമുക്ക് തോന്നുകയില്ല. കഴിഞ്ഞ ഗവൺമെന്റ് ശ്രീ. വി. എസ്. അച്യുതാനന്ദനെതിരെയും അദ്ദേഹത്തിന്റെ മകനെതിരെയും എത്ര അടിസ്ഥാനരഹിതമായ വിജിലൻസ് കേസ്സുകളാണെടുത്തത്; അപ്പോൾ സന്തോഷാശ്രുക്കളാണോ മുതലക്കണ്ണീരാണോ ഇവിടെ ഒഴുക്കിയിട്ടുള്ളത്?

<u>ശ്രീ. എസ്. ശർമ്മ</u>: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെടുത്ത നടപടികളെന്തെല്ലാമാണെന്ന് ഈ സഭ കണ്ടതാണ്. കോടതി പരിശോധിച്ചതാണ്. നിയമസഭാ കമ്മിറ്റി തന്നെ പരിശോധനയ്ക്ക് വിധേയമാക്കിയതാണ്. ഒരു കാര്യം ഉറപ്പായി, ഉന്നയിക്കപ്പെട്ടിരുന്ന കാര്യം അടിസ്ഥാനപരമായി തെറ്റായിരുന്നുവെന്നുള്ളത് സ്ഥാപിക്കപ്പെടുകയുണ്ടായി. പിന്നീടത് പ്രൊസീഡ് ചെയ്യാൻ അന്നത്തെ ഗവൺമെന്റിനു പോലും കഴിഞ്ഞില്ല. ഉന്നയിക്കപ്പെട്ടിട്ടുള്ള ആക്ഷേപത്തെ അടിസ്ഥാനമാക്കി സ്വീകരിച്ചുവന്നിരുന്നതിൽ കോടതി ഇടപെട്ടതും പിന്നീടത് പ്രൊസീഡ് ചെയ്യാൻ അന്നത്തെ ഗവൺമെന്റിന് കഴിയാതെ പോയതിന്റെയും അടിസ്ഥാനത്തിൽ നോക്കുമ്പോൾ ആ ഗവൺമെന്റ് സ്വീകരിച്ച നടപടി തെറ്റായിരുന്നുവെന്ന് ബോദ്ധ്യം വരും. ഞാൻ കൂടുതൽ സംഭാഷണത്തിന് മുതിരുന്നില്ല. ഭരണ പരിഷ്കാര കമ്മീഷൻ എന്നത് പുതിയ ആശയമല്ല. അതിന് ആധുനിക കേരളത്തിന്റെ ചരിത്രത്തോളം പഴക്കമുണ്ട്. അതാണ് ഓരോ ഘട്ടത്തിലും വരുന്ന മാറ്റങ്ങൾ. എൽ.ഡി.എഫ്. പഠന

കോൺഗ്രസ്സിലൂടെ ചർച്ചനടത്തി ഉയർന്നുവന്ന അഭിപ്രായങ്ങളെ സ്വാംശീകരിച്ച് വ്യത്യസ്ത തലങ്ങളിൽ സ്വീകരിക്കേണ്ട ഭരണപരമായ നടപടിക്രമങ്ങൾക്ക് ഒരു മാൻഡേറ്റ് ലഭിക്കുന്നതിനുവേണ്ടി അംഗീകരിച്ചിട്ടുള്ള ഒരു വീക്ഷണമാണ്. ആ വീക്ഷണം കേരളത്തിലെ ജനാധിപത്യ കോടതി അംഗീകരിച്ചുകഴിഞ്ഞു. ജനങ്ങൾ അംഗീകരിച്ചുകഴിഞ്ഞാലും അംഗീകരിക്കാത്തവർ, കണ്ടറിഞ്ഞിട്ട് മനസ്സിലാക്കാത്തവർ കൊണ്ടറിയുന്ന അവസ്ഥയിലേക്ക് മാറുന്ന സ്ഥിതി വന്നുചേരുകയാണ്. അതുകൊണ്ട് നമ്മെ സംബന്ധിച്ചിടത്തോളം ഇത് സദുദ്ദേശ്യത്തോടുകൂടികണ്ട് ഈ നാടിന്റെ വളർച്ചയും ഭൂതകാലത്ത് ഇതുപോലെ കമ്മീഷനുകൾ രൂപീകരിക്കപ്പെട്ട സന്ദർഭത്തിൽ നൽകിയ സംഭാവനകളും മാറ്റങ്ങളും കണക്കിലെടുത്തുകൊണ്ട് ഈ ബിൽ ഏകകണ്ഠമായി പാസ്സാക്കിക്കൊടുക്കുന്നതിന് പ്രതിപക്ഷവുംകൂടി സഹകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ശ്രീ. വി.റ്റി. ബൽറാം അവതരിപ്പിച്ച 1 (എ) ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. ശ്രീ. എസ്. ശർമ്മ വളരെ സൗമ്യനായ ഭരണകക്ഷി എം.എൽ.എ.-യാണ്. അദ്ദേഹം ഇവിടെ കഥയറിയാതെ ആട്ടം കാണുകയായിരുന്നു. സംസ്ഥാന ഗവൺമെന്റ് ഒരു ഭരണ പരിഷ്കാര കമ്മീഷൻ രൂപീകരിക്കുന്നതിനെ സംബന്ധിച്ച് ബിൽ അവതരിപ്പിച്ച ശ്രീ. എ. കെ. ബാലൻ ഒന്നും പറഞ്ഞില്ല. അങ്ങനെയൊരു തീരുമാനം ക്യാബിനറ്റ് എടുത്തിട്ടില്ല എന്നാണ് ശ്രീ. എ.കെ. ബാലൻ പറഞ്ഞത്. ഒരു എം.എൽ.എ. അതിന്റെ ചെയർമാനാകുന്നത് അയോഗ്യതയുണ്ടാകാതിരിക്കുന്നതിനുള്ള ബിൽ മാത്രമാണിത്. ശ്രീ. എസ്. ശർമ്മ ഒന്നും രണ്ടും മൂന്നും കമ്മീഷനുകളെ ചൂണ്ടിക്കാണിച്ചുകൊണ്ട് വലിയ മാറ്റങ്ങളുടെ മുന്നോടിയായി കമ്മീഷൻ വരാൻ പോകുന്നു എന്നാണ്. ഭരണ പരിഷ്കാര കമ്മീഷൻ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് ശ്രീ. എ. കെ. ബാലൻ പറയണം. തീരുമാനിച്ചിട്ടില്ല. തീരുമാനിക്കാത്തതുകൊണ്ടാണ് ധനകാര്യ മെമ്മോറാണ്ടത്തിൽ തുക വകയിരുത്തിയിട്ടില്ല എന്ന് അങ്ങ് പറഞ്ഞത്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ശ്രീ. വി. എസ്. അച്ചുതാനന്ദനെ അദ്ധ്യക്ഷനാക്കി ഒരു ഭരണപരിഷ്കാര കമ്മീഷനെ ഉണ്ടാക്കുമെന്ന് ആരെങ്കിലും ഇവിടെ പറഞ്ഞിട്ടുണ്ടോ; നിങ്ങൾ എന്തുകൊണ്ടാണ് ആ പേരുപറഞ്ഞ് ഇവിടെ ചർച്ച നടത്തിയത്?

ശ്രീ. കെ. സി. ജോസഫ്: സർ, ആരും പറയേണ്ട ശ്രീ. എ. കെ. ശശീന്ദ്രൻ. നമുക്കെല്ലാവർക്കും അറിയാമല്ലോ; യാഥാർത്ഥ്യങ്ങൾ മൂടിവയ്ക്കരുത്. ഇവിടെ ഇരിക്കുന്ന 141 എം.എൽ.എ.-മാർക്കും ജനങ്ങൾക്കുമറിയാം ഈ ബില്ലിന്റെ ഉദ്ദേശ്യമെന്താണ് എന്ന്. ഈ ബില്ലിന്റെ ഉദ്ദേശ്യം രാഷ്ട്രീയമായ ഒരു അക്കോമഡേഷൻ അല്ലേ; ഇതാരും പറഞ്ഞില്ലെങ്കിലും മനസ്സിലാകുമല്ലോ. ശ്രീ. എസ്. ശർമ്മ പറഞ്ഞതുപോലെ ഒരു നാലാം ഭരണപരിഷ്കാര കമ്മീഷനെക്കുറിച്ച്

തീരുമാനമൊന്നും എടുത്തിട്ടില്ല. ശ്രീ. എസ്. ശർമ്മ തെറ്റിദ്ധരിക്കരുത്. ഇവിടെ ബില്ലിന്റെ പർപ്പസ് ലിമിറ്റഡാണ്. ഒരു കമ്മീഷനുണ്ടായാൽ ഒരു എം.എൽ.എ. അതിന്റെ ചെയർമാനാകുന്നത് അയോഗ്യതയാകാൻ പാടില്ല. ഞാൻ ചോദിക്കട്ടെ, ഒന്നാമത്തെയും മൂന്നാമത്തെയും കമ്മീഷന്റെ ചെയർമാൻമാർ ആരായിരുന്നു; അന്നത്തെ മുഖ്യമന്ത്രിമാരായ ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടും ഇ. കെ. നായനാരുമായിരുന്നു. ഇപ്പോഴത്തെ മുഖ്യമന്ത്രി മോശക്കാരനാണോ; ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാൻ അദ്ദേഹം ആയാൽ പോരേ; ഇവിടത്തെ കീഴ്വഴക്കം അതല്ലേ; അദ്ദേഹമാണ് ചെയർമാനാകുന്നതെങ്കിൽ ഈ ബില്ലിന്റെ ആവശ്യമുണ്ടാകുന്നില്ല. നിങ്ങൾ പറയാതെ പറയുന്നത് ഈ ബിൽ നിങ്ങൾക്കുള്ള ഒരു പൊളിറ്റിക്കൽ അക്കോമഡേഷനുവേണ്ടിയാണെന്നാണ്. കഴിഞ്ഞ കാലങ്ങളിൽ സമാനമായിട്ടുള്ള ഈ ബിൽ അവതരിപ്പിച്ചപ്പോഴൊക്കെ സി.പി.ഐ.(എം) എം.എൽ.എ.മാർ, സി.പി.ഐ.(എം.) നേതാക്കന്മാർ, പി. കരുണാകരൻ എം.എൽ.എ. ഉൾപ്പെടെ നടത്തിയ പ്രസംഗങ്ങളുടെ പകർപ്പ് എന്റെ കയ്യിലുണ്ട്. എന്താണ് പറഞ്ഞത്; "രാഷ്ട്രീയ അഴിമതിയുടെ മുഖമുദ്രയാണ് ഈ ബിൽ.'' ആ വാദമാണ് ഞാൻ ആവർത്തിക്കുന്നത്. ഈ ബിൽ രാഷ്ട്രീയമായ അഴിമതിക്കാരുടെ മുദ്രയാണ്. ഇതിൽ ധാർമ്മികതയില്ല. ഈ ബിൽ ഈയവസരത്തിലെങ്കിലും ദയവായി പിൻവലിക്കാനോ അല്ലെങ്കിൽ ഞങ്ങളുടെ അമെന്റ്മെന്റ് സ്വീകരിച്ചുകൊണ്ട് സർക്കുലേറ്റ് ചെയ്യാനോ തയ്യാറാകണം.

<u>ശ്രീ. എം. സ്വരാജ്:</u> ഇവിടെ വളരെ പ്രധാനപ്പെട്ട ഒരു ബില്ലിന്റെ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം സംസാരിക്കുകയാണ്. പക്ഷെ അദ്ദേഹത്തോടൊപ്പമുള്ള ആരും ഇവിടെ കാണുന്നില്ല. പ്രത്യേകിച്ച് പുതിയ തലമുറയിലെ ഊർജ്ജസ്വലരായി പ്രവർത്തിക്കുന്ന ചെറുപ്പക്കാർ. അങ്ങ് സംസാരിക്കുന്നത് കേൾക്കാൻ ഇഷ്ടമില്ലാത്തതുകൊണ്ടോ; അങ്ങ് പറയുന്ന കാര്യങ്ങളോട് യോജിപ്പില്ലാത്തതു കൊണ്ടോ അവർ ബോധപൂർവ്വം വിട്ടുനിന്നതാണോ എന്നറിയാൻ ചോദിക്കുന്നതാണ്.

<u>ശ്രീ. എ. എൻ. ഷംസീർ:</u> ഇവിടെ ശ്രീ. വി. എസ്. അച്ചുതാനന്ദനെതിരെ രൂക്ഷമായ ഭാഷയിൽ വിമർശനങ്ങൾ നടത്തി. ഞങ്ങളെല്ലാം സഹിഷ്ണുതയോടെ കേട്ടുനിന്നു. ഞങ്ങൾ പറയുന്ന മറുപടി കേൾക്കാനായി അങ്ങയുടെ ഭാഗത്തുള്ള യുവനിരയുടെ മനസ്സ് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പാകപ്പെടുത്തിയെടുക്കണം. സഹിഷ്ണുത പുതുതലമുറയെ പഠിപ്പിക്കാൻ അങ്ങും അങ്ങയുടെ പാർട്ടിയും തയ്യാറാകണമെന്നുള്ളതാണ്.

<u>ശ്രീ. കെ. സി. ജോസഫ്:</u> ആ സഹിഷ്ണുത അങ്ങോട്ട് പറഞ്ഞാൽ മതി. പതിമൂന്നാം കേരള നിയമസഭയിലെ പല ചർച്ചകളിലും മുഖ്യമന്ത്രി ഉത്തരം പറയാൻ എഴുന്നേറ്റപ്പോൾ അത് കേൾക്കാതെ ഇറങ്ങിപ്പോയവരാണ് അവിടിരിക്കുന്ന പലരും. ചർച്ചയിൽ പങ്കെടുക്കുകയും മുഖ്യമന്ത്രി എഴുന്നേൽക്കുമ്പോൾ ഇറങ്ങിപ്പോകുകയുമായിരുന്നു.

എന്തായിരുന്നു നടന്നതെന്ന് ശ്രീ. മാത്യു ടി. തോമസിനോട് ചോദിക്കണം. ഇത് വിപ്ലവകരമായ നിയമമാണെന്ന് ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ ഒരു കാര്യം ഞാൻ ആവർത്തിക്കുകയാണ്, ഇന്ത്യയിലെ നിയമസഭകളിൽ ഉണ്ടായ വലിയ നിയമ നിർമ്മാണമായിരുന്ന 1957-ലെ ഗവൺമെന്റ് അവതരിപ്പിച്ച, ലോകത്ത് ആദ്യമായി ബാലറ്റിലൂടെ ഭരണത്തിൽ വന്ന കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് കൊണ്ടുവന്ന ആദ്യനിയമം ഭൂപരിഷ്കരണ നിയമമെന്ന് നിങ്ങൾ കൊട്ടിഘോഷിക്കുന്നു.

<u>ശ്രീ. എം. സ്വരാജ്:</u> സർ, പോയിന്റ് ഓഫ് ഓർഡർ. അങ്ങ് ഇവിടെ പരാമർശിച്ച, ലോകത്തിൽ ആദ്യമായി ബാലറ്റ് പേപ്പറിലൂടെ അധികാരത്തിൽ വന്ന ഗവൺമെന്റാണ് കേരളത്തിലേതെന്ന്. അത് വസ്തുതാപരമായി തെറ്റാണ്. 1953-ൽ ഗയാനയിലാണ് ലോകത്തിൽ ആദ്യമായി ബാലറ്റ് പേപ്പറിലൂടെ ഒരു ഗവൺമെന്റ് അധികാരത്തിൽ വന്നത്. അതിനുമുമ്പ് 1948-ൽ സാൻ മാറിനോ എന്ന രാജ്യത്തും അധികാരത്തിൽ വന്നിട്ടുണ്ട്. അത് Partito Socialista Sammarinese എന്ന ഒരു സഖ്യകക്ഷികൂടി ചേർന്നതായതുകൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടി തനിച്ചുവന്നുവെന്ന് പറയാറില്ല. പക്ഷെ ഗയാനയിലാണ് ലോകത്തിൽ ആദ്യമായി ബാലറ്റ് പേപ്പറിലൂടെ അധികാരത്തിൽ വന്നിട്ടുള്ളത്. അങ്ങ് പറഞ്ഞത് തെറ്റാണ്.

<u>ശ്രീ. കെ. സി. ജോസഫ്:</u> എന്റെ അറിവില്ലായ്മകൊണ്ട് പറഞ്ഞത് സദയം ക്ഷമിക്കണം. 2016-ലെ പിണറായി വിജയൻ ഗവൺമെന്റിന്റെ ഒന്നാമത്തെ നിയമമായി മാറിയത് ഈ അഴിമതിയുടെ കറ പുരണ്ട രാഷ്ട്രീയ നിയമമാണ്. ഈ നിയമത്തിന് ഇത്ര അത്യാവശ്യം എന്തായിരുന്നു; സംസ്ഥാന ഗവൺമെന്റ് ഇതുസംബന്ധിച്ച് തീരുമാനമെടുത്തപ്പോൾ ഇത് നിയമമാക്കാമായിരുന്നു. ഇതിന്റെ പിന്നിലുള്ള എല്ലാ കഥകളും നമുക്ക് അറിയാവുന്നതല്ലേ; രാഷ്ട്രീയമായ ചർച്ചകൾ, പി.ബി. ചർച്ചകൾ, സി.സി.യിലെ ചർച്ചകൾ തുടങ്ങിയവയെല്ലാം കഴിഞ്ഞ് ശ്രീ. അച്യുതാനന്ദന് ഒരു അക്കോമഡേഷനുവേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നത്, ഈ ഗവൺമെന്റിനുമേലുള്ള വലിയൊരു കരിനിഴലാണ്. ഈ ഗവൺമെന്റിന് തുടക്കം പാളിപ്പോകുന്നില്ലേയെന്ന് നിങ്ങൾ ആലോചിക്കണം. മുഖ്യമന്ത്രിക്ക് സെക്രട്ടറിയും മാധ്യമ ഉപദേഷ്ടാവായി ശ്രീ. ജോൺ ബ്രിട്ടാസും ലീഗൽ അഡ്വൈസറും ശാസ്ത്രസാങ്കേതിക ഉപദേഷ്ടാവുമുണ്ട്. ഗവൺമെന്റിന് പി.ആർ.ഡി.യും ഐ. ആന്റ് പി.ആർ.ഡി. സെക്രട്ടറിയുമുണ്ട്. ഗവൺമെന്റിനെ ഉപദേശിക്കാനായി ഭരണഘടനാപരമായി എ.ജി.യും ലാ സെക്രട്ടറിയുമുണ്ട്. സയൻസ് ആന്റ് ടെക്നോളജി കമ്മിറ്റിയും അതിന് ചെയർമാനുമുണ്ട്. അതിനുപുറമെ ഇങ്ങനെയുള്ള അധിക തസ്തികകൾ ഉണ്ടാക്കിയത് എന്തിനുവേണ്ടിയാണ്? നിങ്ങൾ തുടക്കം മുതൽ രാഷ്ട്രീയ അക്കോമഡേഷന്റെ പാതയിലേയ്ക്ക് പോകുകയാണ്. ഒരു എം.എൽ.എ.-യെ അദ്ധ്യക്ഷനാക്കേണ്ട ആവശ്യമുണ്ടോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. മുഖ്യമന്ത്രിയാണ് ചെയർമാനെങ്കിൽ

ബില്ലിന്റെ ആവശ്യമില്ലല്ലോ; ബഹുമാനപ്പെട്ട വി. എസ്. അച്യുതാനന്ദന് എന്ത് കോൺട്രിബ്യൂട്ട് ചെയ്യാൻ സാധിക്കും; ശ്രീ. എസ്. ശർമ്മ പറഞ്ഞതുപോലുള്ള പുതിയ കാഴ്ചപ്പാടും ഐ.ടി. രംഗത്തെ വിപ്ലവകരമായ മാറ്റങ്ങളുമൊക്കെ ഉൾക്കൊള്ളാനുള്ള ശേഷി ബഹുമാനപ്പെട്ട വി. എസ്. അച്യുതാനന്ദന് ഉണ്ടാകുമോ? പുതിയ മാറ്റങ്ങൾ പ്രതിഫലിപ്പിക്കുന്ന ഒരു കമ്മീഷനാണ് നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ ശ്രീ. എം. സ്വരാജിനെപ്പോലുള്ള ചെറുപ്പക്കാർ വരട്ടെ.

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): ശ്രീ. എം. സ്വരാജ് ഇതിൽ അംഗമാകണമെങ്കിലും ഈ ഭേദഗതി പാസ്സാക്കണം.

ശ്രീ. കെ. സി. ജോസഫ്: ഈ ബിൽ അധാർമ്മികമാണെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ബിൽ രാഷ്ട്രീയ അഴിമതിയുടെ ഒരു ഭാഗമാണ്. ധനകാര്യ മെമ്മോറാണ്ടം ബില്ലിൽ ഇല്ലെന്ന് ഈ ബിൽ അവതരിപ്പിച്ചപ്പോൾ പറഞ്ഞതാണ്. ഈ ബിൽ ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാൻ എന്ന ആദായകരമായ ജോലി വഹിക്കുന്നതിന് എം.എൽ.എ.-മാർക്ക് ഇന്നുള്ള തടസ്സം ഒഴിവാക്കാനാണ്. ഓഫീസ് ഓഫ് പ്രോഫിറ്റ് നൽകിയാൽ കമ്മീഷൻ ചെയർമാൻ പദവി എന്നർത്ഥം. അതിനു പുറമെ ഒരു എം.എൽ.എ.-ക്ക് ശമ്പളവും ആനുകൂല്യവും ഉണ്ടാകില്ലേ; അങ്ങനെ ആദായമുള്ള ഒരു ജോലിയാണ് നിങ്ങൾ ഒരു എം.എൽ.എ.-യെ ഏൽപ്പിക്കാൻ പോകുന്നതെങ്കിൽ അക്കാര്യം ധനകാര്യ മെമ്മോറാണ്ടത്തിൽ പറയണ്ടേ; അത് പറയുന്നില്ലല്ലോ? 2012-ലെ ബിൽ അവതരിപ്പിച്ചപ്പോൾ ബഹുമാന്യനായ എ. കെ. ബാലൻ നടത്തിയ പ്രസംഗം ഞാൻ വായിക്കാം. "ഒരു വ്യക്തിക്കുവേണ്ടി മാത്രം ബിൽ അവതരിപ്പിക്കുന്ന ചരിത്രത്തിലെ ആദ്യ സംഭവമാണിത്". അങ്ങനെ ആയിരുന്നോ; ആ ബിൽ കൊണ്ടുവന്നത് ശ്രീ. പി. സി. ജോർജിനുവേണ്ടി മാത്രമായിരുന്നില്ല. അന്നത്തെ പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. വി. എസ്. അച്യുതാനന്ദനുവേണ്ടി കൂടിയാണ്. 1977-ൽ കെ. കരുണാകരന്റെ കാലത്താണ് കേരളത്തിൽ ആദ്യമായി പ്രതിപക്ഷ നേതാവിന് ക്യാബിനറ്റ് റാങ്ക് കൊടുക്കുന്നത്. 1957-ൽ പി. ടി. ചാക്കോയ്ക്ക് പ്രതിപക്ഷനേതാവെന്ന നിലയിൽ ക്യാബിനറ്റ് റാങ്ക് ഉണ്ടായിരുന്നില്ല. 1977-ൽ കെ. കരുണാകരൻ മുഖ്യമന്ത്രിയായപ്പോൾ പ്രതിപക്ഷ നേതാവിന് ക്യാബിനറ്റ് റാങ്ക് കൊടുത്തു. 2012 വരെ ആരും ചോദ്യം ചെയ്തില്ല. 2012-ൽ ശ്രീ. പി. സി. ജോർജിനെ ചീഫ് വിപ്പ് ആക്കിയപ്പോൾ ശ്രീ. സെബാസ്റ്റ്യൻ പോൾ തടസ്സവാദം ഉന്നയിക്കുകയും കോടതിയിൽ കേസ്സിന് പോകുകയും ചെയ്തു. ആ തടസ്സവാദം മറികടക്കാൻവേണ്ടിയാണ് അന്ന് നിയമം കൊണ്ടുവന്നത്. അല്ലാതെ ആരെയും ഉദ്ദേശിച്ചായിരുന്നില്ല. ക്യാബിനറ്റ് പദവി വഹിക്കുന്ന ശ്രീ. പി. സി. ജോർജിന്റെയും ശ്രീ. വി. എസ്. അച്യുതാനന്ദന്റെയും അയോഗ്യത ഒഴിവാക്കാൻ വേണ്ടിയാണ് നിയമം കൊണ്ടുവന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): അതിന്റെ ആപ്ലിക്കേഷനിലുള്ള തെറ്റാണ് ഞാൻ പറയുന്നത്. ബഹുമാനപ്പെട്ട പി. സി. ജോർജിന് ചീഫ് വിപ്പാകാൻ വേണ്ടിയാണ് അന്ന് കൊണ്ടുവന്നത്. തെറ്റില്ല. ഇപ്പോൾ ശ്രീ. വി. എസ്. അച്യുതാനന്ദനുവേണ്ടിയാണെന്ന് ഇവിടെ ഔദ്യോഗികമായി പറഞ്ഞില്ല. ഏതൊരു എം.എൽ.എ.-യ്ക്കും മെമ്പറാകാൻ വേണ്ടിയാണെന്നാണ് ഉദ്ദേശിക്കുന്നത്. അത്തരത്തിൽ ഇതിൽ വൈരുദ്ധ്യമില്ലാതിരിക്കെ എന്തിനാണ് ഈ ബില്ലിനെ എതിർക്കുന്നത്?

ശ്രീ. കെ. സി. ജോസഫ്: വൈരുദ്ധ്യമില്ലേ? കേരളത്തിൽ എല്ലാ കാലത്തും പ്രതിപക്ഷ നേതാവ് ഉണ്ടായിരുന്നു. പക്ഷെ പ്രതിപക്ഷനേതാവായ ഇ.എം.എസ്.-ന് ക്യാബിനറ്റ് റാങ്ക് കൊടുത്തത് 1977-ൽ കെ. കരുണാകരനായിരുന്നു. അതുകഴിഞ്ഞ് 2012 ആയപ്പോഴേയ്ക്കും ശ്രീ. പി. സി. ജോർജ് ക്യാബിനറ്റ് റാങ്കുള്ള ചീഫ് വിപ്പായി വന്നു. അത് ചോദ്യം ചെയ്യപ്പെട്ടു. ചോദ്യം ചെയ്തപ്പോൾ അയോഗ്യത മാറ്റാൻവേണ്ടി അന്ന് നിയമം കൊണ്ടുവന്നു. അതിന്റെ കൂടെ അയോഗ്യത ഉണ്ടാകുമെന്ന് സംശയിക്കപ്പെട്ടിരുന്ന പ്രതിപക്ഷ നേതാവിനും സംരക്ഷണം കൊടുത്തു. ഇന്ന് അങ്ങനെയല്ല. ഇന്ന് പ്രത്യേകമായ താൽപര്യം മുന്നിൽ കണ്ടുകൊണ്ട്, ആദായകരമായി കാണുന്ന ഒരു തസ്തിക വഹിക്കുന്നതിന് ഒരു എം.എൽ.എ.-യ്ക്കുള്ള അയോഗ്യത നീക്കാനുള്ള ഈ ബിൽ അങ്ങ് പിൻവലിക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. ഇത് അധാർമ്മികമാണ്. ഇത് ഈ ഗവൺമെന്റിന് ചേർന്നതല്ല. ഈ സർക്കാരിന്റെ ആദ്യത്തെ ബിൽ ഇതാകാൻ പാടില്ലായിരുന്നു. ദയവായി ഈ ബിൽ പിൻവലിക്കാനുള്ള രാഷ്ട്രീയമര്യാദ ശ്രീ. എ. കെ. ബാലൻ കാണിക്കണം. അതുപോലെതന്നെ ഈ ബിൽ പിൻവലിച്ച് ധനകാര്യ മെമ്മോറാണ്ടത്തിലുള്ള വ്യവസ്ഥ ഉൾപ്പെടുത്തി ഈ ബിൽ മടക്കിക്കൊണ്ടുവരുന്നതാണ് നിയമപരമായി നല്ലത്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 2 (ബി) ഭേദഗതിയെ ഞാൻ പിന്താങ്ങുന്നു. മൂന്നുപേർക്കുവേണ്ടിയാണ് സംസാരിക്കുന്നതെന്നു പറഞ്ഞാണ് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് അദ്ദേഹത്തിന്റെ വിയോജനക്കുറിപ്പ് ഇവിടെ അവതരിപ്പിച്ചത്. പ്രതിപക്ഷ നേതാവ് എന്നുള്ള നിലയിലും, ശ്രീ. ഉമ്മൻ ചാണ്ടി, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി എന്നിവർക്കുവേണ്ടിയുമാണ് സംസാരിക്കുന്നതെന്ന് അദ്ദേഹം തുടക്കത്തിൽ പറഞ്ഞു. അദ്ദേഹം തന്റെ പ്രസംഗത്തിൽ പറഞ്ഞതിന്റെ നേർവിപരീതമായ കാര്യങ്ങളാണ് ബഹുമാന്യരായ അംഗങ്ങളെന്നുള്ള നിലയിൽ ശ്രീ. വി. റ്റി. ബൽറാം, ശ്രീ. കെ. സി. ജോസഫ് എന്നിവർ ഈ ബില്ലുമായി ബന്ധപ്പെട്ട് സംസാരിച്ചത്. പ്രതിപക്ഷ നേതാവിന്റെ പ്രസംഗം വളരെ ആകാംക്ഷയോടു

കൂടിയാണ് കേട്ടിരുന്നത്. 16-ാം നൂറ്റാണ്ട് മുതലുള്ള ഒട്ടനവനധി കാര്യങ്ങൾ പറഞ്ഞുവെങ്കിലും ആ പ്രസംഗത്തിൽനിന്നും ഒരു കാര്യം വ്യക്തമാണ്, നേരെചൊവ്വേ ഒരു ഗവൺമെന്റ് പോകുന്നതിലുള്ള ബുദ്ധിമുട്ടും അസൂയയും അദ്ദേഹത്തിന്റെ വാക്കുകളിൽ വളരെ വ്യക്തമാകുന്നുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതിന് നേരെ വിപരീതമായി ഭരണ പരിഷ്കാര കമ്മീഷന്റെ ശിപാർശകളുൾപ്പെട്ട ബുക്കും പിടിച്ചുകൊണ്ടാണ് ശ്രീ. വി. റ്റി. ബൽറാം അദ്ദേഹത്തിന്റെ പ്രസംഗം നടത്തിയത്. ഭരണ പരിഷ്കാര കമ്മീഷനുകൾ കൊടുത്തിട്ടുള്ള ശിപാർശകളൊക്കെയും പൊടിപിടിച്ചു കിടക്കുകയാണ്, അവിടെ ഇരിക്കുന്ന ആളുകൾക്കൊക്കെ ജലദോഷം ഉണ്ടാകുന്നു. അതുകൊണ്ട് ഒരു കാരണവശാലും ഭരണ പരിഷ്കാര കമ്മീഷനെ നിയോഗിക്കാൻ പാടില്ലെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത്. അങ്ങനെ നിയോഗിച്ചാൽ അത് കൂടുതൽ ആളുകൾക്ക് ജലദോഷത്തിനും പനിക്കും കാരണമാകും. അതുകൊണ്ട് ഒരു കാരണവശാലും ഇനി ഒരു ഭരണ പരിഷ്കാര കമ്മീഷനെ നിയോഗിക്കരുതെന്നും അദ്ദേഹം പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ തന്നെ എം.എൽ.എ.യായ ശ്രീ. വി. റ്റി. ബൽറാം ഭരണ പരിഷ്കാര കമ്മീഷൻ നടത്തിയിട്ടുള്ള മികച്ച ശിപാർശകൾ ഊന്നിക്കൊണ്ടാണ് പ്രസംഗവുമായി മുന്നോട്ടു പോയത്. ഇതിൽനിന്നെല്ലാം തികച്ചും വ്യത്യസ്തമായിട്ടാണ് ശ്രീ. കെ. സി. ജോസഫ് പ്രസംഗിച്ചത്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒറ്റ സങ്കടം മാത്രമേയുള്ളൂ. ഒന്നാം ഭരണ പരിഷ്കാര കമ്മീഷന്റെ ചെയർമാനായത് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്. നമ്പൂതിരിപ്പാടും മൂന്നാമത്തെ ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാൻ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ.കെ. നായനാരുമായിരുന്നു. രണ്ടാമത്തെ ഭരണ പരിഷ്കാര കമ്മീഷനിൽ മാത്രമാണ് വ്യത്യസ്തമായൊരു ചെയർമാൻഷിപ്പ് വന്നത്. മുഖ്യമന്ത്രിയെ എന്തുകൊണ്ട് ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാനാക്കുന്നില്ല എന്നുപറഞ്ഞ അദ്ദേഹത്തിന്റെ വാക്കുകളിൽ ഒളിഞ്ഞിരിക്കുന്ന അമ്പ് എന്താണെന്ന് ഈ സഭയ്ക്ക് വ്യക്തമായ കാര്യമാണ്. ഇതൊന്നും നന്നാക്കാൻ വേണ്ടി പറയുന്ന കാര്യങ്ങളല്ല. ഭരണ പരിഷ്കാര കമ്മീഷൻ നടത്തിയിട്ടുള്ള ശിപാർശകളുടെ മികവ് രേഖകൾ പരിശോധിച്ചാൽ വളരെ വ്യക്തമായി മനസ്സിലാകും. ഭരണ പരിഷ്കാര കമ്മീഷന്റെ പ്രവർത്തനങ്ങളെ എങ്ങനെ കൂടുതൽ മികവുറ്റതാക്കാം എന്ന ചർച്ചയായിരുന്നു ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ഭാഗത്തുനിന്നോ ശ്രീ. കെ. സി. ജോസഫിന്റെ ഭാഗത്തുനിന്നോ ശ്രീ. വി. റ്റി. ബൽറാമിന്റെ ഭാഗത്തുനിന്നോ ഉണ്ടായതെങ്കിൽ ഈ സഭയിൽ നടന്ന പ്രസംഗങ്ങൾ കുറച്ചുകൂടി മികവുറ്റതാകുമായിരുന്നു. മറിച്ച് തികച്ചും രാഷ്ട്രീയമായ ഒരായുധം എന്ന നിലയിൽ മാത്രമാണ് ഈ അമെന്റ്മെന്റിനെ അവർ കാണുന്നത്. 1951-ൽ ആണ് ആദ്യമായി

നമ്മുടെ നിയമസഭ ഈ ആക്ട് പാസ്സാക്കുന്നത്. അതിനുശേഷം നിരവധി അമെന്റ്മെന്റുകൾ വന്നു. കഴിഞ്ഞ സഭയുടെ കാലത്തും അയോഗ്യത നീക്കം ചെയ്യലുമായി ബന്ധപ്പെട്ട് അമെന്റ്മെന്റുകൾ വരികയും നിയമസഭയ്ക്കകത്ത് ഗൗരവകരമായ ചർച്ചകളുണ്ടാകുകയും ചെയ്തു.

ഓരോ അംഗങ്ങളും അവരുടെ പ്രസംഗങ്ങളിലൊക്കെയും ശ്രീ. വി. എസ്. അച്യുതാനന്ദന്റെ പേരുപറഞ്ഞ് അദ്ദേഹത്തെ ഒളിഞ്ഞുനിന്ന് ആക്രമിക്കുന്നതിനു വേണ്ടിയാണ് ശ്രമിച്ചിട്ടുള്ളത്. ഏറ്റവും നിരാശാജനകമായിട്ടുള്ള ഒരു പെർഫോമൻസാണ് ഈ ബില്ലുമായി ബന്ധപ്പെട്ട് ബഹുമാന്യരായ അംഗങ്ങൾ ഈ സഭയിൽ നടത്തിയിട്ടുള്ളത്. ഒളിഞ്ഞും തെളിഞ്ഞും പ്രതിപക്ഷ നേതാവിനെ സ്നേഹരൂപേണ ആക്രമിക്കുന്നതിനുവേണ്ടി നടത്തിയ ശ്രമങ്ങൾ ഈ സഭയുടെ അന്തസ്സിന് ചേരുന്നതാണെന്ന് ഒരു കാരണവശാലും ഞാൻ ധരിക്കുന്നില്ല. ആഭ്യന്തര കുഴപ്പങ്ങളുണ്ടാക്കി എങ്ങനെയെങ്കിലും സ്വന്തം പേര് പുറത്തുകാണിക്കുന്നതിനുള്ള ശ്രമങ്ങളാണ് പലരും നടത്തുന്നത്. ഭരണ പരിഷ്കാര കമ്മീഷനുമായി ബന്ധപ്പെട്ട് നടത്തിയ ഒട്ടനവധി ഗൗരവതരമായ ശിപാർശകളുണ്ട്. അതിൽ പലപ്പോഴും പെടാതെ പോയത്, ബ്രിട്ടീഷുകാർ ഉപേക്ഷിച്ചുപോയതും ഇന്ത്യൻ പൗരൻമാരെ രണ്ടാംതരം പൗരൻമാരായി കുറച്ചു കാണിക്കുന്നതിനുംവേണ്ടി അവർ മനഃപൂർവ്വം നടത്തിയ നിയമങ്ങൾ നമ്മുടെ രാജ്യത്തിന്റെ നിയമങ്ങളുടെ ഭാഗമായി മാറിയിട്ടുണ്ട് എന്നതാണ്. അതിലൊന്നാണ് കാക്കി. കാക്കി എന്നവാക്കിന്റെ അർത്ഥം വൃത്തികെട്ടത് എന്നുതുടങ്ങി ഒട്ടനവധി വിശദീകരണങ്ങളുണ്ട്. സായിപ്പൻമാരായ പോലീസുകാർക്ക് വെള്ള വസ്ത്രം കൊടുത്തപ്പോൾ ഇന്ത്യാക്കാരായ പട്ടാളക്കാർക്കും പോലീസുകാർക്കും കാക്കി വസ്ത്രം കൊടുക്കാൻ അവർ ശ്രമിച്ചു. വൈകാരികമായ ബന്ധമാണ് കാക്കിയോടുള്ളത് എന്നുപറഞ്ഞ് അതും ഇട്ടുനടക്കുമ്പോൾ അതിന്റെ അർത്ഥമെന്താണെന്ന തിരിച്ചറിവ് നമുക്ക് പലപ്പോഴും ഉണ്ടാകാതെ പോകുന്നുണ്ട്. ഭരണ പരിഷ്കാര കമ്മീഷനുമായി ബന്ധപ്പെട്ട് 750-ഉം 800-ഉം ഒക്കെ പേജുകളുള്ള ശിപാർശകളാണ് പലപ്പോഴും ഉണ്ടായിട്ടുള്ളത്. അതിൽ ഏറ്റവും ഗൗരവതരവും ശ്രദ്ധേയവുമായി വന്നത്, ത്രിതല പഞ്ചായത്തുകളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് കമ്മീഷൻ നടത്തിയിട്ടുള്ള ശിപാർശകളാണ്. അതിൽ കമ്മീഷൻ പറയുന്ന ഗൗരവകരമായ ഒരു ശിപാർശ, "Like the First Committee, the Second Committee also favoured the direct recruitment of the middle level" എന്നു തുടങ്ങുന്ന ആ പാരഗ്രാഫ് അവസാനിക്കുമ്പോൾ, "Finally the Committee felt that the efficiency of a department should not be judged by the quantum of money spent but the

output measured in relation to input" എന്നുപറഞ്ഞ് തുടങ്ങുന്ന ശിപാർശകൾ. രണ്ടാമത്തെ ഭരണ പരിഷ്കാര കമ്മിറ്റിയുമായി ബന്ധപ്പെട്ട് ഗൗരവതരമായ ശിപാർശകൾ ഉണ്ടായിട്ടുണ്ട്. മൂന്നാം ഭരണ പരിഷ്കാര കമ്മീഷനുമായി ബന്ധപ്പെട്ട് അന്നത്തെ മുഖ്യമന്ത്രി ഇ. കെ. നായനാർ ചെയർമാനായ കമ്മിറ്റി നടത്തിയ ശിപാർശകളും ഏറെ ശ്രദ്ധേയമാണ്. ഒരു സംശയവും വേണ്ട. ഭരണ പരിഷ്കാര കമ്മീഷനുമായി ബന്ധപ്പെട്ട് ഇന്ന് നമ്മളെടുക്കുന്ന, ചർച്ച ചെയ്യുന്ന നിലപാടുകൾ - നിലവിലുള്ള കാലഘട്ടത്തിനനുസൃതമായി ഒരുപാട് മാറ്റങ്ങൾ ആവശ്യമുണ്ട് എന്നിരിക്കെ അത്തരം വിഷയങ്ങളെ സംബന്ധിച്ച് ഗൗരവതരമായ ചർച്ചകൾ പല വേദികളിലുമുണ്ടാകണം. ഇവിടെ സൂചിപ്പിക്കപ്പെട്ട വിദ്യാഭ്യാസം, ആരോഗ്യം, മാൻപവർ, അൺഎംപ്ലോയ്മെന്റ്, മാറിമാറി വരുന്ന കാലവസ്ഥ തുടങ്ങി പല മേഖലകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നമുക്ക് നയങ്ങളുണ്ടാകുന്നില്ല. നമ്മുടെ സംസ്ഥാനമാണ് രാജ്യത്തിന് പല നിയമനിർമ്മാണ വേദികളിലും മാതൃകയാകുന്നത്. കേരളം ഏതൊക്കെ മേഖലകളിൽ മെച്ചപ്പെട്ട നേട്ടം കൈവരിച്ചിട്ടുണ്ടോ ആ നേട്ടങ്ങളുടെയൊക്കെയും അടിസ്ഥാനമെന്നുപറയുന്നത് ഇത്തരം ഗൗരവതരമായിട്ടുള്ള ശിപാർശകളും നിർദ്ദേശങ്ങളുമാണ്. അതിനെയൊക്കെ കുറഞ്ഞതാണ്, മോശമാണ് എന്ന നിലയിൽ പരിഗണിക്കുകയോ വിലയിരുത്തുകയോ ചെയ്യുന്നത് ശരിയല്ല. ഗൗരവകരമായ ചർച്ചകൾ ഉണ്ടാകേണ്ട വേദികളിൽ അത്തരം ചർച്ചകൾ ഉണ്ടാകാതെ പോകുന്നു എന്നുള്ളത് നമ്മളെ സംബന്ധിച്ചിടത്തോളം ഒരു കുറവുതന്നെ എന്നുള്ള നിലയിൽ വേണം പരിഗണിക്കാൻ.

കെ.ഇ.ആർ. പരിഷ്കരിക്കുന്നതടക്കം ഭരണ പരിഷ്കാര കമ്മീഷന്റെ മുൻപിലേക്ക് വരേണ്ട ഗൗരവകരമായ പ്രശ്നങ്ങളുണ്ട്. സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ മാത്രം പ്രൊമോഷൻ കൊടുക്കുന്നത് ഉചിതമാണോ, ആളുകളുടെ സർവ്വീസും ജോലിയിലുള്ള ക്വാളിറ്റിയും പ്രൊമോഷൻ കൊടുക്കുന്ന അവസരങ്ങളിൽ പരിഗണിക്കേണ്ടതല്ലേ എന്ന ചോദ്യമടക്കം വരേണ്ടതുണ്ട്. ഇന്ന് പല സംഘടനകളും വളരെ ശക്തമാണ്. സംഘടനാപരമായിത്തന്നെ അത്തരം ശിപാർശകളും നിർദ്ദേശങ്ങളുമുണ്ടായാൽ, ഒരു മന്ത്രിയുടെ ഇടപെടലുണ്ടായാൽ പൊളിറ്റിക്കൽ എക്സിക്യൂട്ടീവിന്റെ ഭാഗത്തുനിന്ന് ഒരു ആക്ഷനുണ്ടായാൽ, ആ ആക്ഷനുകളെ ചെറുത്ത് തോൽപ്പിക്കുന്നതിനുവേണ്ടി കൂട്ടായി അവർ നടത്തുന്ന ആക്രമണങ്ങളുണ്ട്. അതിന് ട്രേഡ് യൂണിയനൊന്നും ബാധകമല്ല. എല്ലാ ആളുകളും അത്തരം കാര്യങ്ങളിൽ ഒന്നിച്ചുനിന്ന് പൊളിറ്റിക്കൽ എക്സിക്യൂട്ടീവിനെ ചെറുത്തുതോൽപ്പിക്കുന്ന നയസമീപനങ്ങളുണ്ടാകുമ്പോൾ ജനാധിപത്യ സംവിധാനങ്ങളിൽ ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ടുപോകുന്നു എന്നുള്ളതാണ്

ഏറ്റവും പ്രസക്തമായ കാര്യം. ജനാധിപത്യ സംവിധാനങ്ങളിൽ ജനങ്ങളുടെ വിശ്വാസം നിലനിർത്തുക എന്നത് ഏറ്റവും അടിസ്ഥാനപരമായ കാര്യമാണ്. ജനങ്ങൾക്ക് എന്ന് ഈ ജനാധിപത്യ സംവിധാനങ്ങളിലുള്ള വിശ്വാസം നഷ്ടപ്പെടുന്നുവോ അന്ന് ലോകത്തിലെ തന്നെ ഏറ്റവും വലിയ ജനാധിപത്യരാജ്യമെന്ന് അഭിമാനിക്കുന്ന ഇന്ത്യാ രാജ്യത്തിന്റെ നിലനിൽപ്പുതന്നെ കുഴപ്പത്തിലാകും. ഭരണ പരിഷ്കാര കമ്മീഷനുകൾ കാലാനുസൃതമായി പരിഷ്കരിക്കുകയും രൂപീകരിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ഗൗരവതരമായ ചർച്ചക്ക് വിധേയമാക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ഗൗരവകരമായ ഒരു കമ്മിറ്റി എന്നുള്ള നിലയിൽ അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ ഇതിനോട് സഹകരിക്കുകയും പിന്തുണ അർപ്പിക്കുകയും ചെയ്യേണ്ട ആളുകൾ അക്കാര്യങ്ങളിൽ നിന്നെല്ലാം മുഖം തിരിഞ്ഞു നിന്ന് രാഷ്ട്രീയ ആയുധമായി ഇതിനെ കാണുകയും ചെയ്യുന്നതിനോട് നമുക്കൊരിക്കലും യോജിക്കാൻ കഴിയുകയില്ല. ബഹുമാന്യനായ അംഗം ശ്രീ. പി. സി. ജോർജ് ഒരു പ്രസംഗത്തിൽ ഇടപെട്ടുകൊണ്ടുപറഞ്ഞത് അര മണിക്കൂർ നേരം തലകുത്തിനിന്ന് തന്റെ കരുത്ത് തെളിയിക്കുന്ന ആളാണ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ എന്നാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദനെ പോലൊരാൾക്ക് കരുത്തു തെളിയിക്കാൻ അര മണിക്കൂർ തലകുത്തി നിൽക്കേണ്ട ആവശ്യമുണ്ട് എന്ന് വിശ്വസിക്കുന്ന ആളല്ല ഞാൻ. സഖാവ് വി. എസ്. അച്ചുതാനന്ദന്റെ കരുത്ത് എന്താണെന്ന് ഈ കേരള ജനത തിരിച്ചറിഞ്ഞതാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദനെ ഇത്തരം വാക്പ്രയോഗങ്ങൾ കൊണ്ട് ബുദ്ധിമുട്ടിക്കരുത്, ആക്ഷേപിക്കരുത് എന്നാണ് ബഹുമാന്യനായ ശ്രീ. പി. സി. ജോർജിനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എത്രയോ കാലം മുൻപ് നമ്മൾ ട്രാൻസ്പരൻസിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പറയുന്നുണ്ട്. ഇതിനകത്ത് ട്രാൻസ്പരൻസിയുടെ പ്രശ്നങ്ങളൊന്നുമില്ല. വിവരാവകാശ നിയമം നമ്മുടെ രാജ്യം പാസ്സാക്കിയിട്ട് വളരെക്കുറച്ച് നാളുകളെയായിട്ടുള്ളൂ. വിവരാവകാശത്തിന്റെ പരിധിയിൽ വരുന്ന അല്ലെങ്കിൽ വിവരാവകാശവുമായി ബന്ധപ്പെട്ട് ഒരു മറുപടി കൊടുത്തില്ല എന്നുള്ളതുകൊണ്ട്, ഗവൺമെന്റിനെ ആക്ഷേപിക്കുന്നതിനുള്ള ഒരു വടിയായി ആ വിഷയം പോലും ഈ ബില്ലിൽ ഉൾപ്പെടുത്തി ചർച്ചചെയ്യാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ഒരു ഗവൺമെന്റിന്റെ മുന്നോട്ടുള്ള പോക്കിന് എന്താണ് സഹായകരമായത്, ആ വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുപകരം ഗവൺമെന്റിനെ ആക്രമിക്കുകയും മോശമാക്കുകയും ചെയ്യുന്നതിനുവേണ്ടി പ്രതിപക്ഷം സ്വീകരിക്കുന്ന നിലപാടുകൾ ഏറെ വിമർശനാത്മകമാണ്. പ്രതിപക്ഷം കൂടി ഈ ബില്ലിന് അനുകൂലമായ നിലപാട് സ്വീകരിക്കേണ്ടതായിരുന്നു. ആരാണ് എന്നുള്ളതിനെ സംബന്ധിച്ച് ബഹുമാന്യനായ മന്ത്രി ബിൽ അവതരിപ്പിച്ചപ്പോൾ വ്യക്തമാക്കിയിട്ടില്ല. അതു

വി. എസ്. അച്ചുതാനന്ദൻ ആകട്ടെ, ആരുമാകട്ടെ, ഭരണപരിഷ്കാര കമ്മീഷൻ ഉണ്ടാകേണ്ടത്, ഒരു ജനാധിപത്യ രാജ്യത്തിന്റെ ആവശ്യമാണ്, നാടിന്റെ ആവശ്യമാണ് പ്രതിപക്ഷത്ത് ഇരിക്കുന്നവരുടെ കൂടി ആവശ്യമാണെന്ന് മനസ്സിലാക്കി ഒരു കേരള മോഡൽ ഉണ്ടാക്കുന്നതിന് സഹകരിക്കേണ്ട പ്രതിപക്ഷം അതിന് വിരുദ്ധമായി തികച്ചും ബാലിശമായ രാഷ്ട്രീയ ചർച്ചകളിൽ ഇത്തരം കാര്യങ്ങൾ കൊണ്ടെത്തിക്കുന്നു എന്നത് ഏറെ ഖേദകരമാണ്. എല്ലാവരുംകൂടി ഒന്നിച്ച് ഈ വിഷയത്തെ കാണണമെന്നും, ഐക്യത്തോടു കൂടി ഈ ബിൽ പാസ്സാക്കണമെന്നുമുള്ള അഭ്യർത്ഥനയോടുകൂടി നിർത്തുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സാർ, 14-7-2016-ലാണ് ഈ ബിൽ അവതരിപ്പിച്ചത്. അന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മാണിസാറും ശ്രീ. ജോസഫും അഡ്വക്കേറ്റ് എം. ഉമ്മറും പ്രധാനപ്പെട്ട കുറേ ക്രമപ്രശ്നങ്ങൾ ഉന്നയിച്ചിരുന്നു. ആ ക്രമപ്രശ്നങ്ങൾക്ക് അവർക്ക് ബോധ്യംവരാവുന്ന വിധത്തിൽ മറുപടി പറഞ്ഞെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഇത് ഭരണഘടനാ വിരുദ്ധമാണ്, ഫിനാൻഷ്യൽ മെമ്മോറാണ്ടം ഇല്ല, ഉദ്ദേശ്യകാരണങ്ങൾ ഈ ബില്ലിൽ പറഞ്ഞിട്ടില്ല, 1951 മുതൽ മുൻകാല പ്രാബല്യം കൊടുക്കുന്നത് ശരിയല്ല ഇതൊക്കെയായിരുന്നു ക്രമപ്രശ്നത്തിന്റെ ഉള്ളടക്കം. ആ ക്രമപ്രശ്നം നിലനിൽക്കില്ലെന്ന് ഗവൺമെന്റ് വ്യക്തമാക്കിയതാണ്. അത് ചെയർ റൂൾ ചെയ്യുകയും ചെയ്തു. അതിൽ വലിയ പ്രസക്തിയില്ലെന്നു തോന്നിയിട്ടാണ് സബ്ജക്ട് കമ്മിറ്റിയിൽ ബഹുമാന്യരായ രമേശ് ചെന്നിത്തലയും പി. കെ. കുഞ്ഞാലിക്കുട്ടിയും ഉമ്മൻചാണ്ടിയും വിയോജനക്കുറിപ്പ് എഴുതിയത്. അതിൽ പറയുന്നത് മൂന്ന് കാര്യങ്ങളാണ്; ഒന്ന് ഇത് ബഡ്ജറ്റ് പ്രസംഗത്തിന്റെ അന്തസ്സത്തയ്ക്ക് വിരുദ്ധമാണ്, രണ്ട്, ഇത് ദുർവിനിയോഗമാണ്, മൂന്ന്, ഇത് സ്വാർത്ഥ താൽപ്പര്യങ്ങൾക്കുവേണ്ടിയാണ്. ഈ വിയോജനക്കുറിപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ കുറെ കാര്യങ്ങൾ സൂചിപ്പിച്ചുകഴിഞ്ഞു. ഇവിടെ സമയം കുറവായതുകൊണ്ട് വളരെ വിശദമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇത് ബഡ്ജറ്റിന്റെ അന്തസ്സത്തയ്ക്ക് നിരക്കാത്തതാണ് എന്ന് വിയോജനക്കുറിപ്പിൽ വന്നതോടുകൂടി ഈ ബഡ്ജറ്റിന്റെ ഉള്ളടക്കത്തിൽ ഒരു അന്തസ്സത്തയുണ്ടെന്ന് സമ്മതിക്കുവാൻ നിർബന്ധിക്കപ്പെട്ടല്ലോ. ബഡ്ജറ്റിന്റെ ഉള്ളടക്കത്തെ സംബന്ധിച്ച് പ്രതിപക്ഷ നേതാവ് ആശങ്കപ്പെടേണ്ട ആവശ്യമില്ല. അതിൽ എന്തെങ്കിലും ആശയക്കുഴപ്പമുണ്ടായിരുന്നുവെങ്കിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുമായിരുന്നു. ഇത് ക്യാബിനറ്റിന്റെ അംഗീകാരത്തോടു

കൂടിയാണ് ഈ സഭയിൽ സമർപ്പിച്ചത്. ബഡ്ജറ്റിന്റെ കാര്യത്തിൽ ഡോ. തോമസ് ഐസക്കിന് ഇല്ലാത്ത ഒരു താൽപ്പര്യം, ആശങ്ക ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് ഉണ്ടാകേണ്ട കാര്യമില്ല. ബഡ്ജറ്റിന്റെ ഉള്ളടക്കത്തെ സംബന്ധിച്ച് അദ്ദേഹം നല്ല അഭിപ്രായമാണ് പറഞ്ഞത്. രണ്ടാമത്, ഇത് ദുർവിനിയോഗം ചെയ്യാൻ വേണ്ടിയുള്ള ഒരു ബില്ലാണെന്നാണ് പറഞ്ഞത്. ഒരു കാര്യം ഞാൻ പറയാം, ഞങ്ങൾ എങ്ങനെ വിചാരിച്ചാലും യു.ഡി.എഫ്. കാട്ടിയ ദുർവിനിയോഗത്തിന്റെ നൂറിൽ ഒന്നിൽപ്പോലും എത്താൻ അഞ്ചുവർഷംകൊണ്ട് കഴിയില്ല. സാമ്പത്തിക രംഗത്തെ അച്ചടക്കം എങ്ങനെയായിരിക്കണമെന്ന് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആദ്യംതന്നെ തെളിയിച്ചു. അത് ഈ പൊതുസമൂഹം അംഗീകരിച്ചു. യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ 21 മന്ത്രിമാരും, ഒരു ചീഫ് വിപ്പുമുൾപ്പെടെ 22 ക്യാബിനറ്റ് റാങ്കുള്ള ആൾക്കാരാണ് ഉണ്ടായിരുന്നത്. അത് ഞങ്ങൾ 19 ആക്കി ചുരുക്കി. ഓരോ മന്ത്രിമാർക്കും 32 പേഴ്സണൽ സ്റ്റാഫുകളുണ്ടായിരുന്നു. അത് 25 ആക്കി ചുരുക്കി. ഞാൻ ഒരു കണക്ക് രാവിലെയെടുത്തു, ശമ്പളം, ഡി.എ., ടി.എ. ഇനത്തിൽ മാത്രം ഇതിന്റെ ഭാഗമായി 40 കോടി രൂപയാണ് ഗവൺമെന്റിന് ലാഭം കിട്ടാൻ പോകുന്നത്. മൂന്ന് മന്ത്രിമാർ വേണ്ട എന്നുവച്ചതോടുകൂടി 90 പേഴ്സണൽ സ്റ്റാഫുകളാണ് ഇല്ലാതാകുന്നത്. ബാക്കിയുള്ള 19 മന്ത്രിമാർ, 31-32 പേഴ്സണൽ സ്റ്റാഫുകളെ 25 ആയി ചുരുക്കിയതിന്റെ ഭാഗമായി 100 എണ്ണം അതിലും വെട്ടിക്കുറവ് വരുത്തി. മിനിമം 40 കോടി രൂപ ഈ ഇനത്തിൽ ഗവൺമെന്റിന് കിട്ടുകയാണ്. ടി.എ., ഡി.എ., ശമ്പളം ഇവയുടെ കണക്ക് മാത്രമാണ് ഞാൻ പറഞ്ഞത്. ബാക്കിയുള്ളതുകൂടി കൂട്ടിയാൽ ഇതിലും കൂടും. വിമാനയാത്ര സംബന്ധിച്ച് മന്ത്രിമാർ എക്സിക്യൂട്ടിവ് ക്ലാസ്സ് വേണ്ടെന്നുവച്ചു. ബഹുമാനപ്പെട്ട ശശി തരൂരിന്റെ ഭാഷയിൽ പറഞ്ഞാൽ cattle class, കന്നുകാലി ക്ലാസ്സ്, അനുമതി. വീട് മോടിപിടിപ്പിക്കേണ്ട എന്നുതീരുമാനിച്ചു, വിദേശയാത്രകൾ പരമാവധി കുറയ്ക്കാൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി എത്രകോടി രൂപയാണ് ലാഭിക്കാൻ പോകുക? അതിന്റെ അഞ്ചിലൊന്നുപോലും വരില്ല ഈ കമ്മീഷന്റെ ചെലവ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ പത്രപ്പരസ്യം കൊടുത്തത് 150 കോടി രൂപയ്ക്കാണ്. അതിൽ 25 കോടി രൂപ കൊടുക്കാൻ ബാക്കിയാണ്. ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി പരസ്യവും, പന്തലും, ഭക്ഷണവും കൂടി 16 കോടി രൂപയാണ്. ചായ സൽക്കാരം 1,77,00,000 രൂപയാണ്, അത് കുറച്ച് കുറഞ്ഞിട്ടുണ്ട്. മന്ത്രിമാരുടെ വാടകക്കെട്ടിടം മോടിപിടിപ്പിക്കൽ 37,93,000 രൂപയാണ്, വീട് അറ്റകുറ്റപ്പണി 26,15,00,000 രൂപയാണ്, ഈ തുക കൊണ്ട് ഓരോ വീട് ഉണ്ടാക്കിക്കൊടുക്കാം. അവിടെ കർട്ടൻ ഇട്ടത് 36,16,000.

വിദേശയാത്ര ഗവൺമെന്റ് തലത്തിൽ പോയത് 205 എണ്ണം, ബാക്കി കണക്ക് എനിക്ക് കിട്ടിയിട്ടില്ല. 44,15,00,000 രൂപയാണത്. ഒരു മന്ത്രിയോട് വിദേശത്തു വച്ച് ചോദിച്ചത് എപ്പോഴാണ് ഇനി കേരളത്തിലേക്ക് പോകുന്നത് എന്നാണ്. ഡി.എ., ശമ്പളം, മന്ത്രിമാർ 22 ആള് വരുമല്ലോ, 220,76,00,000 രൂപ. ആകെ 460 കോടി രൂപയുടെ അധിക സാമ്പത്തിക ബാധ്യതയാണ് ഈ ഖജനാവിന് വരുത്തിയത്. അതിന്റെ ഇരുപ്പത്തിയഞ്ചിലൊന്നുപോലും വേണ്ട ഈ കമ്മീഷൻ പ്രാവർത്തികമായാൽ ഉണ്ടാകുന്ന ചെലവ്. ഈ ഘട്ടത്തിൽ ഇവർ പാവപ്പെട്ടവരെ മറന്നു, പെൻഷൻ കുടിശ്ശിക 1074 കോടി രൂപ കൊടുക്കാൻ ബാക്കി, കരാറുകാർക്ക് കുടിശ്ശിക 1632 കോടി രൂപ, ചെലവഴിച്ചു എന്നുവരുത്താൻ വേണ്ടി ഇലക്ട്രോണിക്സ് ലഡ്ജർ പോസ്റ്റിംഗ് 1431 കോടിരൂപ. ക്ഷേമനിധിയിൽനിന്നും വായ്പയെടുത്ത ഇനത്തിൽ 1365 കോടി രൂപയും നെൽകൃഷിക്കാർക്ക് നെല്ല് സംഭരിച്ച ഇനത്തിൽ ബാക്കി 332 കോടി രൂപയും കടാശ്വാസ ധനസഹായം കൊടുക്കാൻ 9732 എണ്ണവും ഇപ്പോഴും കുടിശ്ശികയായിട്ടുണ്ട്. ഞങ്ങൾ വരുമ്പോൾ എസ്.സി./എസ്.ടി./ ഒ.ഇ.സി. വിഭാഗങ്ങൾക്കുള്ള സ്കോളർഷിപ്പ് ഇനത്തിൽ 169 കോടി രൂപ കൊടുക്കാൻ ബാക്കിയുണ്ടായിരുന്നു. മൊത്തത്തിലുള്ള കണക്കെടുത്തപ്പോൾ എസ്.സി. വിഭാഗങ്ങളുടെ വീടുകൾക്കുള്ള കുടിശ്ശിക 312 കോടി രൂപയും എസ്.ടി. വിഭാഗങ്ങളുടെ വീടുകൾക്കുള്ള കുടിശ്ശിക കൊടുത്തുതീർക്കാൻ 730 കോടി രൂപയും കടം എഴുതി തള്ളാൻ 77 കോടി രൂപയും ആവശ്യമായിവരുന്നു. ഇത്തരമൊരു ഘട്ടത്തിലാണ് ഒരു ബദൽ നയം ഉയർത്തിപ്പിടിച്ചുകൊണ്ട് അവിശ്വസനീയമായിട്ടുള്ള ഒരു ബഡ്ജറ്റിൽ 12,000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിച്ചത്. കേരളം രക്ഷപ്പെട്ടുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതിന് ഭരണ രംഗത്ത് സമൂലമായിട്ടുള്ള ഒരു മാറ്റം അനിവാര്യമാണ്. ഇന്നത്തെ ബ്യൂറോക്രാറ്റിക് ഘടന അടിമുടി മാറ്റേണ്ടിയിരിക്കുന്നു. അതിനാണ് ഭരണപരിഷ്കാര കമ്മീഷന്റെ ആവശ്യകത. ഇവിടെ കമ്മീഷന്റെ രൂപീകരണം വരുന്നില്ല. അത് നേരത്തെ പറഞ്ഞ കാര്യമാണ്. ഈ സഭയിലുള്ള ഒരു മെമ്പർ ഭരണപരിഷ്കാര കമ്മീഷൻ ചെയർമാനായാലുണ്ടാകുന്ന നിയമതടസ്സം മാറ്റുന്നതിനുവേണ്ടി മാത്രമുള്ള ഒരു നിയമമാണിത്. ഇതിന്റെ ഭാഗമായി രൂപംകൊള്ളുന്ന കമ്മീഷനുണ്ടാകുന്ന ചെലവുകളും മറ്റും പരിശോധിച്ചിട്ടില്ല. ഇതിന്റെ ഭാഗമായി ഒരു പുതിയ നിയമം വേണോ അതോ എക്സിക്യൂട്ടീവ് ഓർഡർ മതിയോ എന്ന് പിന്നീട് നിയമവകുപ്പുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്. അതിനെ സംബന്ധിച്ച് ഒരു ആശങ്കയും വേണ്ട, എത്രമാത്രം തുക അതിനുവേണ്ടി ചെലവഴിക്കുന്നുവോ അതിന്റെ ഇരട്ടി റിട്ടേൺസ് ഈ സമൂഹത്തിന് കിട്ടുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട. സ്വാർത്ഥ

താൽപര്യമാണ് ഇതിന്റെ പിന്നിലുള്ളതെന്നാണ് ഈ വിയോജനക്കുറിപ്പിൽ പറയുന്നത്. അങ്ങനെയൊരു താൽപര്യവുമില്ല. ശ്രീ. പി. സി. ജോർജിനെ ചീഫ് വിപ്പാക്കുന്നതിന്റെ ഭാഗമായി നിയമനിർമ്മാണം നടത്തിയപ്പോൾ എന്താണോ നിങ്ങളുടെ മനസ്സിലുണ്ടായിരുന്നത് അത്തരം താൽപര്യങ്ങളൊന്നും ഞങ്ങൾക്കില്ല. കൂടാതെ 1979-ൽ ഇതേ രൂപത്തിലുള്ള ഒരു നിയമം നിങ്ങൾ കൊണ്ടുവന്നത്, മുസ്ലീം ലീഗിന്റെ എം.എൽ.എ. ആയിരുന്ന ശ്രീ ഇ. അഹമ്മദിനെ സിഡ്കോയുടെ ചെയർമാനാക്കാനായിരുന്നു. അന്ന് അദ്ദേഹത്തെ ചെയർമാനാക്കണമെങ്കിൽ ഈ നിയമം ഭേദഗതി ചെയ്തേ പറ്റൂ എന്നുണ്ടായിരുന്നു. ആ സ്വാർത്ഥതാൽപര്യവും ഞങ്ങൾക്കില്ല. ബഹുമാനപ്പെട്ട സോണിയാ ഗാന്ധി യു.പി.എ.-യുടെ ചെയർപേഴ്സണായപ്പോൾ അവർക്ക് ക്യാബിനറ്റ് റാങ്ക് നൽകുന്നതിനായി നിയമനിർമ്മാണം നടത്തി, ആ താൽപര്യവും ഞങ്ങൾക്കില്ല. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് കുറെ കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കാനുണ്ട്. അതിലേക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഒരു കൺസെൻസ്സോടുകൂടിയാണോ ഇതിനെപ്പറ്റി അഭിപ്രായം പറയുന്നത്. ശ്രീ. വി. റ്റി. ബൽറാം പറഞ്ഞത് ഇങ്ങനെയൊരു നിയമം ആവശ്യമാണെന്നും പക്ഷെ വി. എസ്. അച്യുതാനന്ദനെപ്പോലെ ഒരാൾ വേണമോ എന്നുമാണ് അദ്ദേഹത്തിന്റെ ആശങ്ക. ശ്രീ. കെ. സി. ജോസഫാണെങ്കിൽ ഈ ബിൽ പരിഗണനാ സ്റ്റേജിൽത്തന്നെ പിൻവലിക്കണമെന്നാണ് പറഞ്ഞത്. അതിന് കടകവിരുദ്ധമായിട്ടായിരുന്നു ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തലയുടെ അഭിപ്രായം. യഥാർത്ഥത്തിൽ കേരളത്തിൽ ഒരു ഭരണ നവീകരണം ആവശ്യമല്ലേ? ഈ ബില്ലിന്റെ തുടർച്ചയാണ് മറ്റേത് എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഭരണപരിഷ്ക്കാരം കേരളത്തിൽ അനിവാര്യമാണ്. ആ ബില്ലിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട എസ്. ശർമ്മ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ ഭരണവ്യവസ്ഥ നടപ്പാക്കുന്ന ബ്യൂറോക്രസി കൊളോണിയൽ കാലഘട്ടത്തിന്റെ തുടർച്ചയാണ്. ഇവിടത്തെ സാമൂഹിക സാഹചര്യങ്ങൾക്കനുസരിച്ച് നമ്മുടെ ഭരണവ്യവസ്ഥ രൂപപ്പെടുത്തിയാൽ മാത്രമെ ജനങ്ങളുടെ ആഗ്രഹ അഭിലാഷങ്ങൾക്കനുസൃതമായ ഒരു ഭരണ സംവിധാനം നമുക്കുണ്ടാക്കുവാൻ സാധിക്കുകയുള്ളൂ. പിൽക്കാലത്ത് ഭരണഘടന വിഭാവന ചെയ്യുന്ന പല സ്ഥാപനങ്ങളും ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നതിനുള്ള സംവിധാനമായി രൂപപ്പെടുത്താൻ പരിശ്രമങ്ങൾ പലതും നടന്നുവെങ്കിലും പൂർണ്ണമായും വിജയിപ്പിക്കാൻ നമുക്ക് കഴിഞ്ഞില്ല. കുറച്ചെങ്കിലും ഈ ദിശയിൽ നേട്ടമുണ്ടാക്കിയത് കേരളമാണ്. അതിന് പ്രധാനപ്പെട്ട കാരണം കേരളത്തിലെ അദ്ധ്വാനിക്കുന്നവന്റെ രാഷ്ട്രീയ പാർട്ടിയായ കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ അധികാരത്തിൽ വന്നു എന്നതാണ്.

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഭരണപരിഷ്കാര നടപടികൾ ബഹുദൂരം മുന്നോട്ടുപോയിട്ടുണ്ട്. പഞ്ചായത്ത് രാജ് സംവിധാനം രാജ്യവ്യാപകമായി നിയമംമൂലം നടപ്പാക്കിയിട്ടുണ്ടെങ്കിലും കേരളത്തിൽ ഉണ്ടായതുപോലെയുള്ള ഫലപ്രദമായ ത്രിതല പഞ്ചായത്ത് സംവിധാനം മറ്റ് സംസ്ഥാനങ്ങളിൽ രൂപപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. ജനകീയാസൂത്രണംപോലുള്ള മൗലികമായ പരിഷ്കാരങ്ങൾ രാജ്യത്തിനു തന്നെ മാതൃകയായിരുന്നു. കേരളത്തിലെ മറ്റൊരു സവിശേഷത ഭൂപരിഷ്കരണവുമായി ബന്ധപ്പെട്ടതാണ്. രാജ്യത്തെ ഇതര സംസ്ഥാനങ്ങളിലും ഇനിയും സമഗ്രമായ ഭൂപരിഷ്കരണം നടപ്പിലാക്കിയിട്ടില്ലെന്നുള്ളത് നമ്മൾ കാണണം. സാർവ്വത്രിക വിദ്യാഭ്യാസം കേരളത്തിന്റെ ഭൗതിക സാഹചര്യങ്ങളെ ക്രിയാത്മകമായി പരിവർത്തനം ചെയ്തിട്ടുണ്ട്. സമൂഹത്തിലെ ഉയർന്ന തട്ടിലുള്ള ഒരു വിഭാഗത്തിന് മാത്രം പ്രാപ്തമായിരുന്ന വിദ്യാഭ്യാസ മേഖല, പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസ മേഖല സാധാരണക്കാർക്കുകൂടി പ്രാപ്തമാക്കാൻ കേരളത്തിലെ വിദ്യാഭ്യാസ പരിഷ്കരണ നിയമത്തിന് കഴിഞ്ഞു. ആരോഗ്യ മേഖലയിലും പൊതുവിതരണ മേഖലയിലും ഇന്ത്യയ്ക്ക് മാതൃകയാണ് കേരളം. കേരളത്തിലെ സ്റ്റാറ്റ്യൂട്ടറി റേഷൻ സംവിധാനം ഇത്തരത്തിലുള്ള ഒരു പുതിയ ചുവടുവയ്പായിരുന്നു. ഇതര സംസ്ഥാനങ്ങളിൽ ഇത് നടപ്പാക്കിയിരുന്നില്ല. സാമൂഹികക്ഷേമ രംഗങ്ങളിൽ കേരളത്തിന് പുരോഗതി കൈവരിക്കാൻ കഴിഞ്ഞത് ഭരണരംഗത്ത് കാലാകാലങ്ങളായി കൊണ്ടുവന്നിട്ടുള്ള സമഗ്ര പരിഷ്കാരങ്ങളിലൂടെയായിരുന്നു. അവയ്ക്കെല്ലാം ആധാരമായത് മുൻ ഭരണപരിഷ്കാര കമ്മീഷനുകളുടെ നിർദ്ദേശങ്ങളും അവ മുന്നോട്ടുവച്ച ആശയങ്ങളുമായിരുന്നു. ഇതിന് മുമ്പത്തെ ഭരണപരിഷ്കാര കമ്മീഷൻ 1997-ൽ ഇ. കെ. നായനാർ അദ്ധ്യക്ഷനായി സമർപ്പിച്ചതായിരുന്നു. അധികാര വികേന്ദ്രീകരണത്തിന് ആധാരമായ ആശയങ്ങൾ രൂപപ്പെട്ടത് ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരുന്നു. അതുകഴിഞ്ഞ് ഇപ്പോൾ രണ്ട് പതിറ്റാണ്ട് പൂർത്തിയാകുകയാണ്.

വിവരസാങ്കേതികവിദ്യയുടെ കുതിച്ചുചാട്ടം അതിനുശേഷം സംഭവിച്ച പ്രധാന പുരോഗതിയാണ്. വിവരസാങ്കേതിക വിദ്യയുടെ വ്യാപനത്തിനുശേഷം രണ്ട് പതിറ്റാണ്ടിനിടയിൽ ലോകം ഒരുപാട് മാറിയിട്ടുണ്ട്. മാറിയ കാലഘട്ടത്തിന്റെ രീതികൾക്കനുസരിച്ച് നമ്മുടെ ജീവിതരീതികളിൽ സമൂലമായ മാറ്റവും സംഭവിച്ചു. ഇതോടൊപ്പം നമ്മുടെ ഭരണസംവിധാനവും കാലോചിതമായി പരിഷ്കരിച്ച് മുന്നോട്ടു പോകേണ്ടത് അനിവാര്യമാണ്. പൊതുജനങ്ങളുടെ ആവശ്യങ്ങൾ ഒരു അപേക്ഷയുടെ രൂപത്തിൽ സർക്കാരിലേക്ക് സമർപ്പിക്കപ്പെട്ടുകഴിഞ്ഞാൽ അതൊരു ഉത്തരവായി ജനങ്ങളിലേക്ക് എത്തിക്കുന്നതിന് മാസങ്ങളുടെ കാലതാമസമുണ്ടാകുന്നു. ഒരു

വർഷത്തേക്കുള്ള പദ്ധതികൾ ബഡ്ജറ്റിൽ അവതരിപ്പിക്കപ്പെടുമ്പോൾ അതാത് വർഷംതന്നെ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ നമുക്ക് കഴിയുന്നില്ല. നമ്മുടെ ഭരണരീതിയും ഉദ്യോഗസ്ഥ സംവിധാനവും ഇപ്പോഴും മാറിയിട്ടില്ല. പല തട്ടുകളിലായി വിന്യസിക്കപ്പെട്ട നിലവിലുള്ള ഉദ്യോഗസ്ഥ സംവിധാനം തങ്ങളിലർപ്പിതമായ ജോലി നിർവ്വഹിക്കുന്നതിൽ പരാജയപ്പെടുകയാണ്. ഫയലുകൾ ഒരേ ആവശ്യത്തിന് പല ഉദ്യോഗസ്ഥന്മാർ കണ്ട് ദിവസങ്ങളെടുത്ത് പോകേണ്ട സ്ഥിതിയാണുള്ളത്.

കമ്പ്യൂട്ടർവൽക്കരണം എല്ലാ ഓഫീസുകളിലും നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഒരു ഓഫീസിൽനിന്നും ഏതെങ്കിലുമൊരു റിപ്പോർട്ട് ലഭിക്കണമെങ്കിൽ കമ്പ്യൂട്ടറോ, വിവരസാങ്കേതികവിദ്യയോ ഇല്ലാത്ത കാലത്ത് അനുഭവപ്പെട്ട അതേ കാലതാമസം ഇപ്പോഴുമുണ്ടാകുന്നു. സ്വകാര്യ മേഖലയിൽ വിവരസാങ്കേതിക വിദ്യയുടേയും പുതിയ മാനേജ്മെന്റ് തന്ത്രങ്ങളുടേയും ഫലമായി കാര്യക്ഷമത വർദ്ധിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ സംവിധാനങ്ങളിൽ ഇപ്പോഴും കാലഹരണപ്പെട്ട ചില രീതികൾ പിന്തുടരുകയാണ്. അതുമൂലം സ്വകാര്യ മേഖലയെക്കാൾ കാര്യപ്രാപ്തിയും മതിപ്പും കുറഞ്ഞ ഒരു സംവിധാനമായി സർക്കാർ മേഖല വിലയിരുത്തപ്പെടുകയാണ്. പൊതുമേഖലാ കമ്പനികൾ കമ്പോളത്തിൽ സ്വകാര്യമേഖലാ കമ്പനികളുമായി മത്സരിച്ച് പരാജയപ്പെടുന്ന സ്ഥിതിയുമുണ്ട്. ഒരു സ്വകാര്യ കമ്പനിയേക്കാൾ കൂടുതൽ സുരക്ഷിതത്വവും സംരക്ഷണവും സർക്കാർ കമ്പനികൾക്കുണ്ടായിട്ടും ഈ സ്ഥിതി സംജാതമാകുന്നത് പരിശോധിക്കപ്പെടേണ്ടതാണ്. മുകളിൽപ്പറഞ്ഞ നിരവധി കാര്യങ്ങൾക്കുപുറമെ പുതിയ ലോകം ആവശ്യപ്പെടുന്ന ഒട്ടനവധി പരിഷ്കാരങ്ങൾ നമ്മുടെ സമൂഹത്തിന് ഇന്ന് ആവശ്യമാണ്. ഇത് രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ കാലഘട്ടത്തിന്റെ ആവശ്യകതയാണ്. സമഗ്രമായ ഭരണപരിഷ്കാരങ്ങളെ സംബന്ധിച്ച് പഠിച്ച് നിർദ്ദേശം സമർപ്പിക്കുന്ന ഒരു കമ്മീഷനെ നിയമിക്കാൻ ഗവൺമെന്റ് തീരുമാനിച്ചത് ഈ പശ്ചാത്തലത്തിലാണ്. കരളെടുത്ത് കാണിച്ചാലും ചെമ്പരത്തിപ്പൂവാണെന്ന് പറയുന്ന ഒരു സമീപനമാണ് പ്രതിപക്ഷത്തിനുള്ളത്. ഞാനൊരു കാര്യം കൂടി പറയാം. ഇവർ ഇന്ദിരാഗാന്ധിയെ തള്ളിപ്പറഞ്ഞിട്ടുണ്ട്. ഇന്ദിരാഗാന്ധി ഭാരതയക്ഷിയെന്നും പറഞ്ഞ് എ. കെ. ജി. സെന്ററിൽ വന്നിട്ടുണ്ട്. അതിന്റെ കൂടെനിന്ന കുറച്ച് ആൾക്കാരെ ഇപ്പോൾ ഇവിടെയുള്ളൂ.

പിന്നെയാണ് 5 കൊല്ലം ഭരിക്കാൻ ശ്രീ. എ. കെ. ആന്റണിയെ ചുമതലപ്പെടുത്തിയത്. മൂന്നരക്കൊല്ലം ഭരിച്ചപ്പോൾ പുകച്ചുചാടിച്ചു. കെ. കരുണാകരനെ കുത്തിനോവിച്ചതു പോലുള്ള ഒരനുഭവം കോൺഗ്രസ്സിലെ മറ്റൊരു നേതാവിനും ഉണ്ടാകില്ല. ആ അനുഭവമെല്ലാം വച്ചുകൊണ്ട് ഇവിടെ സി.പി.ഐ. (എം)-ഉം ശ്രീ. വി. എസ്.

അച്ചുതാനന്ദനും തമ്മിൽ രണ്ട് ധ്രുവമാണെന്ന് പറയുന്നു. ശ്രീ. വി. എസ്. അച്ചുതാനന്ദനെ സമാധാനിപ്പിക്കാൻവേണ്ടി, സന്തോഷിപ്പിക്കാൻവേണ്ടി വായിൽ കുറച്ച് പഞ്ചസാര വച്ചുകൊടുക്കുന്നു എന്ന ധാരണയിൽ പ്രതിപക്ഷം പറയണ്ട, അങ്ങനെയുള്ള പഞ്ചസാരകളിൽ വിധേയനാകുന്ന ആളല്ല അദ്ദേഹം. അതുകൂടി മനസ്സിലാക്കണം. ഇവിടെയുള്ള ഈ വിയോജനക്കുറിപ്പിനോട് യോജിക്കാൻ കഴിയില്ല. പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുവന്ന പരാമർശങ്ങളെല്ലാം കേരളത്തിന്റെ പൊതുതാല്പര്യത്തിന് വിരുദ്ധമാണ്. കൂടുതൽ കാര്യങ്ങളിലേക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഈ ബില്ലിന്റെ മറ്റ് ഘട്ടങ്ങളിലേക്ക് കടക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കറോട് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സംസ്ഥാനത്തിന് അധിക സാമ്പത്തിക ഭാരമുണ്ടാക്കുന്നതും സംസ്ഥാനം ഭരിക്കുന്ന മാർക്സിസ്റ്റുപാർട്ടിയുടെ ആഭ്യന്തര പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുംവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഈ 'വി. എസ്. അച്ചുതാനന്ദൻ ബിൽ' പാസ്സാക്കുന്നതിനോട് ഞങ്ങൾക്ക് സഹകരിക്കാൻ കഴിയില്ല. ഈ രക്തത്തിൽ ഞങ്ങൾക്ക് പങ്കില്ല. അതുകൊണ്ട് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കംചെയ്യൽ) ഭേദഗതി ബിൽ പാസ്സാക്കുന്നതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ ബഹിഷ്കരിച്ചു.

മി. സ്പീക്കർ: ശ്രീ. വി. റ്റി. ബൽറാം, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ? ശ്രീ. വി. റ്റി. ബൽറാം നോട്ട് ഇൻ ദി സീറ്റ്.

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ .........

ശ്രീ. വി. റ്റി. ബൽറാം അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എസ്. ശർമ്മ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എസ്. ശർമ്മ: ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കംചെയ്യൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ .........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

വകുപ്പ് തിരിച്ചുള്ള പരിഗണന

2-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കേണ്ട അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ .........

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിക്കേണ്ട അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ .........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കംചെയ്യൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കംചെയ്യൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ .........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## X അവകാശലംഘന പ്രശ്നം

മി. സ്പീക്കർ: 28-6-2016-ന് ശ്രീ. കെ. സി. ജോസഫ്, എം.എൽ.എ. അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ടുനൽകിയ നോട്ടീസിന്റെ ചർച്ചാവേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയെ തെറ്റിദ്ധരിപ്പിച്ചു എന്നുകാണിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ. കെ. സി. ജോസഫ്, എം.എൽ.എ. ഉന്നയിച്ച അവകാശലംഘന പ്രശ്നം ചെയറിന്റെ പരിഗണനയിലാണ്.

## XI മുഖ്യമന്ത്രിയുടെ പ്രമേയം

സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നതുസംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേക്ക് പിരിയാവുന്നതാണ്.

## XII അവലോകനം

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം 2016 ജൂൺ 2 മുതൽ ജൂലായ് 19 വരെ രണ്ട് ഘട്ടമായി നടന്നു. ഒന്നാം ഘട്ടത്തിൽ ജൂൺ 2-ന് അംഗങ്ങളുടെ സത്യപ്രതിജ്ഞയും ജൂൺ 3-ന് സ്പീക്കർ തെരഞ്ഞെടുപ്പുമായിരുന്നു. പ്രതിപക്ഷനേതാവിനെയും അന്ന് പ്രഖ്യാപിക്കുകയുണ്ടായി.

രണ്ടാംഘട്ടത്തിൽ ജൂൺ 24 മുതൽ ജൂലായ് 19 വരെ 13 ദിവസം സഭാ സമ്മേളനം നടന്നു. ജൂൺ 24-ന് ബഹുമാനപ്പെട്ട ഗവർണർ ശ്രീ. പി. സദാശിവം നയപ്രഖ്യാപന പ്രസംഗം നടത്തുകയുണ്ടായി. ജൂൺ 28, 29, 30 എന്നീ തീയതികളിൽ നയപ്രഖ്യാപനത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച നടന്നു. ജൂൺ 29-ന് ഡെപ്യൂട്ടി സ്പീക്കറെ തെരഞ്ഞെടുക്കുകയുണ്ടായി. ജൂലായ് 8-ന് 2016-17 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റും വോട്ട് ഓൺ അക്കൗണ്ടും അവതരിപ്പിച്ചു. ജൂലായ് 11, 12, 13 എന്നീ തീയതികളിൽ ബഡ്ജറ്റിന്മേലുള്ള പൊതുചർച്ചയും ജൂലായ് 14-ന് വോട്ട് ഓൺ അക്കൗണ്ടിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കംചെയ്യൽ) ഭേദഗതി ബില്ലിന്റെ അവതരണവും ചർച്ചയും നടന്നു. ഇന്ന് (ജൂലായ് 19-ന്) പ്രസ്തുത ബിൽ സഭ പാസ്സാക്കുകയും ചെയ്തു. ജൂലായ് 18-ന് വോട്ട് ഓൺ അക്കൗണ്ട് സംബന്ധിച്ച ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കുകയും 2016-ലെ കേരള ധനകാര്യ ബിൽ സഭയിൽ അവതരിപ്പിക്കുകയുമുണ്ടായി.

ഈ സമ്മേളനത്തിൽ മൊത്തം 4706 ചോദ്യങ്ങൾക്കുള്ള നോട്ടീസ് അനുവദിച്ചതിൽ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ 300-ഉം നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ 2453-ഉം ആയിരുന്നു. ഇവയിൽ നക്ഷത്രചിഹ്നമിട്ട 38 ചോദ്യങ്ങൾക്ക് സഭാതലത്തിൽ മറുപടി നൽകിയിട്ടുണ്ട്. ഇതുകൂടാതെ രണ്ട് അടിയന്തര ചോദ്യങ്ങൾക്കും സഭാതലത്തിൽ ഉത്തരം പറഞ്ഞിട്ടുണ്ട്. ചട്ടം 50 അനുസരിച്ചുള്ള 7 അടിയന്തര പ്രമേയത്തിനുള്ള നോട്ടീസുകളും ചട്ടം 62 അനുസരിച്ചുള്ള 20 ശ്രദ്ധ ക്ഷണിക്കൽ നോട്ടീസുകളും ചട്ടം 304 അനുസരിച്ചുള്ള 115 സബ്മിഷൻ നോട്ടീസുകളും സഭാതലത്തിൽ ഉന്നയിക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയെ കുറിച്ചുള്ള ധവളപത്രമുൾപ്പെടെ 531 പേപ്പറുകളും വിവിധ നിയമസഭ കമ്മിറ്റികളുടെ 2 റിപ്പോർട്ടുകളും സഭയിൽ അവതരിപ്പിക്കുകയുണ്ടായി. ഈ സമ്മേളനത്തിൽ അനൗദ്യോഗിക അംഗങ്ങൾ നോട്ടീസ് നൽകിയ 2 ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ സഭാതലത്തിൽ വന്നിട്ടുണ്ട്. ആയത് രണ്ടിനും പുതിയ അംഗങ്ങൾക്കാണ് അവസരം ലഭിച്ചത് എന്നുള്ള കാര്യം ചെയർ സന്തുഷ്ടിയോടെ ഓർക്കുന്നു. ചട്ടം 300 അനുസരിച്ച് ബഹുമാനപ്പെട്ട മന്ത്രി ഒരു സ്റ്റേറ്റ്മെന്റ് നടത്തിയിട്ടുണ്ട്. ചട്ടം 130 അനുസരിച്ച് എസ്.ബി.ടി.-യെ എസ്.ബി.ഐ.-യിൽ ലയിപ്പിക്കുന്നതു സംബന്ധിച്ച് സഭ ചർച്ച ചെയ്യുകയും പ്രസ്തുത നടപടിക്കെതിരെയുള്ള ഒരു പ്രമേയം പാസ്സാക്കുകയും ചെയ്തു. സംസ്ഥാനത്തെ നാല് സ്വകാര്യ സ്കൂളുകൾ ഏറ്റെടുക്കുന്നതിനായി ചട്ടം 23 പ്രകാരമുള്ള ഒരു സ്റ്റാറ്റ്യൂട്ടറി പ്രമേയവും സഭ പാസ്സാക്കി. മത്സ്യവിത്ത് ചട്ടത്തിലെ ചില വകുപ്പുകളുടെ ഭേദഗതിക്കുള്ള ഒരു നോട്ടീസും സഭ പരിഗണിക്കുകയുണ്ടായി.

മുൻ സ്പീക്കർ ടി. എസ്. ജോൺ ഉൾപ്പെടെ 6 മുൻ അംഗങ്ങളുടെയും കാവാലം നാരായണ പണിക്കരുടെയും നിര്യാണം സംബന്ധിച്ച് സഭയിൽ റഫറൻസ് നടത്തുകയുണ്ടായി. ആകെ 15 ദിവസം നീണ്ടുനിന്ന ഒന്നാം സമ്മേളനം വിജയകരമായി പൂർത്തിയാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. നാല്പത്തിനാല് പുതിയ അംഗങ്ങളുടെ സാന്നിധ്യം ഈ സഭയെ കൂടുതൽ ചലനാത്മകമാക്കുകയുണ്ടായി. ഉപചോദ്യങ്ങൾ ചോദിക്കുവാൻ പുതിയ അംഗങ്ങൾക്ക് കൂടുതൽ അവസരം കിട്ടുന്നതരത്തിൽ നടപ്പാക്കിയ മാനദണ്ഡത്തിലും സഭയുടെ സമ്മേളന സമയം പരമാവധി കൃത്യതയോടെ പാലിക്കുന്നതിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഉൾപ്പെടെയുള്ള എല്ലാവരുടെയും നിസ്സീമമായ സഹകരണമാണ് ചെയറിന് ലഭിച്ചത്. ആയതിന് ചെയർ നന്ദി രേഖപ്പെടുത്തുന്നു. അതോടൊപ്പം സഭയുടെ ഈ സമ്മേളനം വിജയകരമായി പൂർത്തിയാക്കുന്നതിന് ചെയറിനോട് സഹകരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട കക്ഷിനേതാക്കൾ, ബഹുമാനപ്പെട്ട അംഗങ്ങൾ, പത്ര-ദൃശ്യ മാധ്യമ പ്രതിനിധികൾ, നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാർ, വിവിധ വകുപ്പുകളിലെ ജീവനക്കാർ ഉൾപ്പെടെ എല്ലാവർക്കും ചെയർ ആത്മാർത്ഥമായി നന്ദി രേഖപ്പെടുത്തുന്നു. എല്ലാവർക്കും ചെയർ ഊഷ്മളമായ ഓണാശംസകൾ നേരുന്നു.

ഓർഡർ..... ഓർഡർ.... സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നു.

(സഭ ദേശീയഗാനാലാപനത്തോടെ ഉച്ചയ്ക്കുശേഷം 3.00 മണിക്ക് അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.)